ഡോ.സുവര്ണ്ണ നാലപ്പാട്ട്

സാമവേദം (പൂർവ്വാർച്ചിക-ഛന്ദാർച്ചിക)

ആഗ്നേയകാണ്ഡം പ്രപാഠകം 1 അർദ്ധം 1
അദ്ധ്യായം 1 ദശകം 1
1. അഗ്ന ആയാഹി വീതയേ ഗൃണാനോഹവ്യദാതയേ
നി ഹോതാ സത്സി ബർഹിഷി
അഗ്നേ, പ്രകാശിക്കുന്നവനും സർവ്വവ്യാപിയും സർവ്വഗുണവാനും സർവ്വഹ

വ്യവും തരുന്നവനുമായ നീ യജ്ഞത്തിൽ ഹോതാവിനെപ്പോലെ ബഹുമാനിതനായ സത്തുക്കളായ ഞങ്ങളുടെ ഉള്ളിലും പുറത്തും ഇരിക്കുന്നു. ആയാഹി -വരിക.

2. ത്വം അഗ്നേ യജ്ഞാനാം ഹോതാ വിശ്വേഷാം ഹിതാഃ
ദേവേഭിർ മാനുഷേ ജനേ
അഗ്നേ, അവിടുന്ന് യജ്ഞങ്ങൾക്ക് ഹോതാവാണ്. വിശ്വത്തിന് ഹിതകാരിയാണ്. ദേവന്മാരും മനുഷ്യരുമുൾപ്പെട്ട ജനങ്ങൾക്കെല്ലാം ഹിതകാരിയാണ്.

3. അഗ്നിം ദൂതം വൃണീമഹേ ഹോതാരം വിശ്വവേദസം
അസ്യ യജ്ഞസ്യ സുക്രതും
(ഈശ്വര)ദൂതനായ അഗ്നിയെ ഞങ്ങൾ ആരാധിക്കുന്നു. ഹോതാവും വിശ്വവേദസ്സും (പ്രപഞ്ചത്തെ പ്രകാശിപ്പിച്ചവന്)വേദജ്ഞനും യജ്ഞത്തിന്റെ സുക്രതുവുമായ അഗ്നിയെ വന്ദിക്കുന്നു.

4. അഗ്നിർ വൃത്രാണി ജങ്ഘനദ് ദ്രവിണസ്യൂർവിപന്മയാ
സമിദ്ധഃശുക്ര ആഹുതഃ
അഗ്നി ദ്രവിണരെ ചൂഴ്ന്നിരിക്കുന്ന സർവ്വകളങ്കങ്ങളും നീക്കി ശുദ്ധീകരിച്ച് ശുക്രമായി(പ്രകാശിക്കുന്ന വെളുത്തനിറം)സമിത്ത് ആഗൂതി ചെയ്യവേ, സമൃദ്ധമായി ഉയരട്ടെ.

5.പ്രേഷ്ഠം വോ അതിഥിംസ്തുഷേ മിത്രമിവ പ്രിയം
അഗ്നേ രഥം ന വേദ്ധ്യം
ശ്രേഷ്ഠനായ അതിഥിയും സുഹൃത്തിനെപ്പോലെ പ്രിയനുമായ അഗ്നിയെ സ്തുതിക്കുന്നു.രഥത്തെ അരുളുന്ന പ്രകാശവാനേ, രഥത്തെ വേധിക്കരുതേ.

6. ത്വം നോ അഗ്നേ മഹോഭിഃപാഹി വിശ്വസ്യാ അരാതെഃ
ഉത ദ്വിഷോ മർത്ത്യംസ
ലോകത്തിലെ ശത്രുക്കളിൽനിന്ന് മഹത്തായ അഗ്നേ, സംരക്ഷിക്കുക. മനുഷ്യരുടെ വിദ്വേഷത്തിൽനിന്നും സംരക്ഷിക്കുക.

7.ഏഹ്യൂഷൂ ബ്രവാണി തേഗ്ന ഇത്ഥേതരാ ഗിരഃ
ഏഭിർവേധസി ഇന്ദുഭിഃ
(വേധസി - വർദ്ധാസ എന്ന് പാഠഭേദം) നിനക്കായി ഞാൻ ഇഹവും പരവുമായ ഗീരുകൾ അർപ്പിക്കുന്നു. അവ (നിന്റെ പ്രശസ്തി) ഇന്ദുമണ്ഡലത്തെയും വേധിച്ച് വ്യാപിക്കുന്നു (ഇന്ദുവെപ്പോലെ വർദ്ധിക്കുന്നു)

8. ആ തേ വത്സോ മനോ യമത് പരമാർച്ചിത് സധസ്താത്
അഗ്നേത്വാം കാമയേ ഗിരാ

സ്നേഹിക്കുന്ന പുത്രനെ(കുട്ടി,വത്സം)പോലെ നിന്നെ അർച്ചിക്കുന്നു. എന്റെ മനസ്സിൽ നിന്റെ ജ്ഞാനം ഞാന് സ്വീകരിക്കുന്നു, അഗ്നേ,ഗീരുകളിലൂടെ ഞാൻ നിന്നെ (നിന്നിലെ ജ്ഞാനത്തെ)കാമിക്കുന്നു.

9. ത്വാമഗ്നേ പുഷ്കരാ ദഗ്ധ്യഥർവ്വാ നിരമന്ഥത
മൂർദ്ധ്നൌ വിശ്വസ്യ വാഘതഃ
അഗ്നേ, നീ മന്ഥനം ചെയ്ത് (കടഞ്ഞ്) പുഷ്കര(ഹൃദയപുഷ്കര)ത്തിലെ ജ്ഞാനസാരം എടുക്കുന്നു (മനനക്രിയ) പ്രപഞ്ചത്തിന്റെ മൂർദ്ധാവില് (ജ്ഞാനിയെ) നിന്നെപ്പോലെ ഇരുത്തുന്നു.

10. അഗ്നേ വിവസ്വദാഭരാസ്മഭ്യമൂതയേ മഹേ
ദേവീഹ്യസിതോ ദൃശേ (ദേവോ -പാഠഭേദം)
അഗ്നേ മഹത്തും വാസയോഗ്യവുമായ ഈ ഗൃഹം (ഭൂമി)ഞങ്ങളുടെ രക്ഷക്കായി നീ തന്നു. നിനക്കു സദൃശമായി മറ്റൊരു ദേവി (പ്രകാശദേവത) മറ്റൊന്നില്ല, ഞങ്ങൾക്ക് മാർഗ്ഗദർശിയായിട്ട്.

ഭാഷ്യം
ആദ്യദശകത്തിന്റെ ഋഷിമാർഃ- 1,2,4,7,9 ഭരദ്വാജൻ,
3. മേധാതിഥി
5 ഉശനസ്സ്.
6. സുദീതിപുരുമീഢന്മാരും മറ്റുള്ളവരും
8 വത്സൻ.
10 വാമദേവൻ.
ദേവത അഗ്നി . ഛന്ദസ്സ് ഗായത്രി . 2 ശംഖുമതിപിപീലികാഗായത്രി
5 വിരാട്ഗായത്രി
സ്വരം ഷഡ്ജം
ആദ്യത്തെ രണ്ടുമന്ത്രം ഭരദ്വാജനെന്ന ഗുരുവിന്റേതാണ്. ഇദ്ദേഹം വരിക എന്ന് ആവാഹിക്കുന്ന അഗ്നി, ശരീരാന്തർഭാഗത്തും പ്രപഞ്ചാന്തർഭാഗത്തും അതിനെല്ലാം അതീതമായും ഇരിക്കുന്ന ഊർജ്ജദേവതയാണ്. ഗുരു ശിഷ്യനെന്ന അഗ്നിയേയും ശിഷ്യൻ ഗുരുവെന്ന അഗ്നിയേയും പരമമായി അഗ്നി (അഗ്നിർവൈ വാക്)എന്ന വാഗ്ദേവതയേയും ഒന്നായി ആവാഹിക്കുന്നു. ആയാഹി-വരിക എന്നത് ഭാഷയില് ഈശ്വരനേയും അതിഥിയേയും സൂര്യചന്ദ്രാദിതേജസ്സുകളേയും ശിഷ്യാദികളേയും എല്ലാം സ്വാഗതം ചെയ്യുന്നതാണ്. ധ്യാനസമാധിയിൽ സ്വാത്മചൈതന്യത്തെ ബ്രഹ്മാത്മൈക്യരൂപത്തില് ആവാഹിക്കലുമാണ്. സർവ്വജീവജാലങ്ങൾക്കും ഹിതകാരിയായ ഊർജ്ജരൂപത്തെയാണ് ഋഷി സ്വാഗതം ചെയ്യുന്നത്. (അഹിതകാരിയെയല്ല) ഇപ്രകാരം, സർവ്വഭൂതഹിതകാരിയായി ഈശ്വരരൂപത്തിൽ അവതരിച്ച ഗുരുവെ മൂന്നാം സൂക്ത

ത്തിൽ വിശ്വാമിത്രപുത്രനായ മേധാതിഥി വന്ദിക്കുന്നു. നാലാമത്തെ സൂക്ത ത്തിൽ ഋഷി ഭരദ്വാജന് അരണി കടഞ്ഞ് അഗ്നിയെ ഉജ്വലിപ്പിക്കവേ, യജ്ഞാ ഗ്നിയെ അഭിസംബോധന ചെയ്ത് ആവാഹിക്കുന്നു. ഇത് ഒരു യജ്ഞക്രിയ യോടു ചേർന്ന സൂക്തമാണ്. 1, 2 എന്നിവ പരമാണു,പരമഗുരു,സ്വാത്മാവ് ,സർവ്വാത്മാവ് എന്നിങ്ങനെ ധ്യാനത്തിലൂടെ ജീവാത്മപരമാത്മൈക്യഭാവമാണ്. മൂന്നാമത്തേത് ഗുരുവന്ദനവും നാലാമത്തേത് യജ്ഞാഗ്നി ആവാഹനവും . അഞ്ചാം സൂക്തം ഭൃഗുഗോത്രത്തിലെ ഉശനസ്സ്(ശുക്ര)ഉച്ചരിക്കുന്നു. അതിഥി, മിത്രം, രാഥസ്സ് (രഥം)എന്ന ഐശ്വര്യം തരുന്നവനും അതിനെ ഹരിക്കുന്ന വനും- ഇപ്രകാരമുള്ള ചക്രവർത്തിയെ യജ്ഞശാലയിലേക്ക് സ്വീകരിക്കുന്നു. അദ്ദേഹത്തിലിരിക്കുന്ന അഗ്നിയെ അതിഥിദേവോ ഭവഃഎന്ന സങ്കല്പത്തോടെ ആദരിക്കുന്നു. ആറാം സൂക്തം ക്ഷത്രിയചക്രവർത്തിമാരായ സുദീതി, പുരുമീ ഢൻ എന്നിവരും മറ്റു രാജാക്കന്മാരും(പരിവാരം) അഗ്നിതുല്യനായ ഗുരുവോ ടും യജ്ഞാഗ്നിയോടും ഉപാസനാമൂർത്തിയോടും പരദേവതയോടും അഭ്യ ർത്ഥിക്കുന്നതാണ്. പാഹി എന്ന പ്രാർത്ഥന ഇവിടെ കാണുന്നുണ്ട്. കാമാദി ശത്രുക്കളിൽനിന്നും മനുഷ്യശത്രുക്കളിൽനിന്നും (ഇതരരാജാക്കന്മാർ) തത്വോപ ദേശരൂപേണ സംരക്ഷിക്കുന്നത് ഗുരുവാണ്.

ഇതിന്ന് ഭരദ്വാജന്റെ മറുപടിഃ- നിനക്കുവേണ്ടി -ഇഹപരസുഖാർത്ഥിയായ രാജാവ് അഥവാ ശിഷ്യന് അവ ലഭിക്കാനായി- ഇഹപരപ്രധാനമായ ഗീരുകൾ (വാക്കുകൾ,ഗീതങ്ങൾ,സ്തോമങ്ങൾ,സ്തുതികൾ) ഗാനം ചെയ്ത് അഗ്നിയിൽ സമർപ്പിക്കുന്നു. ആ പ്രശസ്തിഗീതങ്ങളാൽ നിന്റെ പ്രശസ്തി ഇന്ദുമണ്ഡലം (പിതൃക്കളുടെ വാസസ്ഥാനം. പിതൃക്കളേക്കാളും പ്രശസ്തനാ വാൻ അനുഗ്രഹം)കടന്ന് വ്യാപിക്കുന്നതാണ്. നാൾക്കുനാള് ചന്ദ്രനെപ്പോലെ വർദ്ധിക്കും. വർദ്ധമാനമാവും.

അഞ്ചാം സൂക്തം വത്സന്റേതാണ്. വത്സഗോത്രം, പുത്രൻ,കുട്ടി, ശിഷ്യൻ മുതലായ അർത്ഥത്തിലെടുക്കാം വത്സപദം. പുത്രൻ സ്നേഹാദരപൂപ്പ്വം പിതാവിൽനിന്ന് ജ്ഞാനം സ്വീകരിക്കുന്നപോലെ, ചക്രവർത്തി ഗുരുവിന്റെ ജ്ഞാനത്തെ മനസാ സ്വീകരിക്കുന്നു. ശിഷ്യൻ ഗുരുവെ കാമിക്കുന്നു എന്നതിന ർത്ഥം ഗുരുവിന്റെ ജ്ഞാനത്തെ ഗീരുകളിലൂടെ ലഭിക്കാനാഗ്രഹിക്കുന്നു എന്നാണ്. ശിഷ്യപ്പെടാനാഗ്രഹിക്കുന്നു.

ഒമ്പതാം സൂക്തം ഭരദ്വാജന്റെ മറുപടിയാണ്. യജ്ഞാഗ്നി,ശിഷ്യർ, പുത്രർ, രാജാവ്, ഇവരോടെല്ലാമാണ് ഈ സൂക്തം. ഈശ്വരനെ മനുഷ്യൻ സ്വഹൃദയ ത്തിൽ സാക്ഷാത്കരിക്കുന്നത് രണ്ട് അരണി കടഞ്ഞ് മന്ഥക്രിയയില് അഗ്നി എടുക്കുന്നതുപോലെയാണ്. ഗുരുവാക്യം ശ്രവിച്ച് അതിനെ മനനം ചെയ്യലാ ണ് മന്ഥക്രിയ. ഇപ്രകാരമെടുക്കുന്ന ജ്ഞാനം സ്വന്തം ഹൃദയപുഷ്കരത്തിൽ മറഞ്ഞിരിക്കുന്ന ആത്മജ്ഞാനം തന്നെയാണ് . അപ്രകാരം സ്വയം സ്വാത്മാ വെ മനനത്താൽ കടഞ്ഞെടുത്ത സർവ്വജ്ഞന്റെ (ജ്ഞാനി)സ്ഥാനം വിശ്വത്തി

ന്റെ മൂർദ്ധാവിലാണ്. ശിഷ്യനെ ആ സ്ഥാനത്തേക്ക് ഉയർത്തുന്നു എന്ന് ഗുരു പറയുന്നു.
ഒമ്പതാമത്തെ സൂക്തത്തിൽ അഥർവ്വനാമം വരുന്നു. ആദ്യമായി അഗ്നി കട ഞ്ഞെടുത്ത്, യജ്ഞസമ്പ്രദായം തുടങ്ങിവെച്ചതും സോമം ഹോമിച്ചതും ആദിമ ഗോത്രവർഗ്ഗക്കാരായ അഥർവ്വന്മാരാണ്. അഗ്നിയുടെ ദൂതൻ(messenger) എന്ന് ആദിഗുരുവായി അഥർവ്വനെയാണ് കരുതുന്നത്. നരവംശശാസ്ത്രം ഇത് ശരി വെക്കുന്നുണ്ട്. പണ്ഡിറ്റ് ജയദേവവിദ്യാലങ്കാർ ,ദേവീചന്ദ് എന്നിവർ അഥർവ്വ നെന്നതിന് അഹിംസ എന്ന് അർത്ഥം പറഞ്ഞിട്ടുണ്ട്. പ്രാകൃതഹിംസാരൂപ മായ യജ്ഞസമ്പ്രദായങ്ങളിൽനിന്ന് പിന്മാറി ,അഹിംസാരൂപമായ സോമ യാഗം, സാമസംഗീതം ഇവ ആദ്യമായി തുടങ്ങിവെച്ച മനുഷ്യവർഗ്ഗമെന്ന് അർത്ഥം വരും.
പത്താംസൂക്തം വാമദേവന്റേതാണ്. ഋഷി വാമദേവനെന്നത് വാമമാർഗ്ഗ ത്തിലൂടെ ആരാധന തുടങ്ങിയ വ്യക്തിയുടെ നാമം . വാമ എന്നാൽ സുന്ദരി. ത്രിപുരസുന്ദരി. ദേവി. മഹഛബ്ദം ഈ സൂക്തത്തിൽ വരുന്നതുകൊണ്ട് ശാരദാതിലകതന്ത്രപ്രകാരമുള്ള ശിവശക്തിസാമരസമായ അർദ്ധനാരീശ്വരൻ. ഗൃഹാദികളായ സംസാരജീവിതത്തിന് ഉപയുക്തമായ വസ്തുക്കൾ, വാസ്തു, ധനം, ശരിയായ മാർഗ്ഗദർശിത്വം ഇവ തന്നതിനാണ് വാമദേവന് ഇവിടെ ഗുരുവെ സ്തുതിക്കുന്നത്.(ഇഹസുഖം)

ദശകം 2.

1. നമസ്തേ അഗ്ന ഓജസേ ഗൃണന്തി ദേവ കൃഷ്ടയഃ
   അമൈരമിത്രമർദ്ദയ
   അഗ്നേ നമസ്തേ. ഓജസ്വികളായവർ ഓജസ്വിയായ ദേവനെ കൃഷ്ടം(ബലം)തന്നതിനാൽ പാടിപ്പുകഴ്ത്തുന്നു. നിന്റെ ബലത്താൽ ശത്രുക്കളെ അമർച്ച ചെയ്താലും
2. ദൂതം വോ വിശ്വവേദസം ഹവ്യവാഹമർത്ത്യം
   യജിഷ്ഠമൃഞ്ജസേ ഗിരാ
   അഗ്നേ, വിശ്വവേദസ്സായ(ഈശ്വര)ദൂതാ,ഹവ്യം വഹിക്കുന്നവനേ, മനുഷ്യർക്ക് യജ്ഞ(കർമ്മ)ഫലം തരുന്ന നിന്നെ ഗീരുകളാൽ സ്തുതിക്കുന്നു
3. ഉപ ത്വാ ജാമയോ ഗിരോ ഭേദിശതീർഹവിഷ്കൃതഃ
   വായോരനീകേ അസ്ഥിരൻ
   ഞങ്ങളുടെ(ഉപാസകരുടെ)ഗീരുകൾ നിന്റെ ഗുണങ്ങളെ അഭിവ്യക്തമാക്കുന്നു. നിന്നിൽത്തന്നെ സ്ഥാനം പിടിക്കുന്നു.നിന്നെ അറിയുന്നു. നീ

വായുപോലെ അശ്ഥിരമായി സർവ്വവ്യാപിയായി എല്ലാത്തിലും ഇരിക്കുന്നു.

4. ഉപത്വാഗ്നേ ദിവേദിവേ ദോഷാവസ്തർധിയാ വയം
   നമോ ഭരന്ത ഏമസി
   അഗ്നേ, എല്ലാ ദിവസവും ,ദിനം ദിനം തോറും, ദോഷങ്ങളില്ലാത്ത ഞങ്ങളുടെ ധീ (ബുദ്ധി)കൊണ്ട് നിന്നെ ഉപാസിക്കട്ടെ. നമസ്തേ. ഞങ്ങളുടെ ഈ ആദരവുനിറഞ്ഞ സ്തോത്രങ്ങൾ അർപ്പിക്കപ്പെട്ട നിന്നെ പൂരിപ്പിക്കട്ടെ.
5. ജരാബോധതദ്വിവിഡ്ഢി വിശേവിശോ യജ്ഞിയായ
   സ്തോമം രുദ്രായ ദൃശീകം
   ദൃശ്യനായ രുദ്രന് യജ്ഞത്തിൽ സ്തോമം അർപ്പിക്കുന്നു. സർവ്വർക്കും ഹൃദയത്തിലിരുന്ന് സ്തുതികളാലറിയപ്പെടുന്നവനും ദുർജ്ജനങ്ങളെ ശിക്ഷിക്കുന്നവനുമാണ് അവൻ.
6. പ്രതി ത്വം ചാരുമദ്ധ്വരം ഗോപീഥായ പ്ര ഹൂയസേ
   മരുദ്ഭിരഗ്ന ആ ഗഹി
   ഓരോരോ മനോഹരമായ ക്ഷേത്രത്തിലും(ഗൃഹം,ശരീരം)യജ്ഞത്തിലും ഗോപ്യമായിരുന്നു (ഗോപിയായി മറഞ്ഞിരുന്ന്)അവയെ(ജീവാത്മാക്കളെ) സംരക്ഷിക്കുന്നവനേ,മരുത്തുക്കളോടുകൂടിയ അഗ്നേ, നിന്നെ എന്റെ ഹൃദയത്തിലേക്ക് ഞാനിതാ ക്ഷണിക്കുന്നു(ആവാഹിക്കുന്നു).
7. അശ്വം ന ത്വാ വാരവന്തം വരുദ്ധ്യാ അഗ്നിം നമോഭിഃ
   സമ്രാജന്ത മദ്ധ്വരാണാം
   സാമ്രാജ്യത്തിന്റെ അന്തം(സീമ)വരെയുള്ള അദ്ധ്വരങ്ങളില് (ക്ഷേത്രങ്ങളിലെല്ലാം)ഒരു മഹാശ്വം പോലെ വസിക്കുന്ന, സഞ്ചരിക്കുന്ന ,ഹേ,അഗ്നേ, നിനക്ക് വന്ദനം,നമസ്കാരം.
8. ഔർവ്വഭൃഗുവച്ഛുചിമപ്നവാനയദാ ഹുവേ
   അഗ്നിം സമുദ്രവാസസം
   ശുചിയായി(ശുദ്ധി, അഗ്നി)ഹൃദയത്തിലിരിക്കുന്ന , സമുദ്രവസ്ത്രം ധരിച്ച, അഗ്നിയെ ഞാൻ ജ്ഞാനികളായ ഔർവ്വ,ഭൃഗു,ശുചികളായി നമസ്കരിക്കുന്നു.
9. അഗ്നിമിന്ധാനോ മനസാ ധിയം സചേതമർത്ത്യഃ
   അഗ്നിമിന്ധോ വിവസ്വതി
   മനുഷ്യൻ അഗ്നിയെ മനസ്സില് ജ്വലിപ്പിച്ചിട്ട് ചൈതന്യരൂപമായ ധീ (ബുദ്ധി)നേടുന്നു. ആ അഗ്നിയെ എന്നിൽ സൂര്യതേജസ്സായി , ജ്ഞാനികളുടെ മദ്ധ്യത്തിലിരിക്കുന്ന എന്റെ ഹദയത്തിൽ ഞാന് ദർശിക്കുന്നു.
10. ആദിത് പ്രത്നസ്യ രേതസോ ജ്യോതിഃ പശ്യന്തി വാസരം
    പരോയദിധ്യതേ ദിവി.

ജ്യോതിസ്സിന്റെ രേതസ്സ് (ബീജം)ആയി, ദിനംതോറും സൂര്യനെ ജനങ്ങൾ ദർശിക്കുന്നു. പശ്യന്തി(ദർശിതം- കാണപ്പെട്ടത്)ആയ ഈ ജ്യോതിസ്സ് അതിന്നും പരമായതിൽനിന്നാണ്(അവ്യക്തം) ചൈതന്യം നേടുന്നത്.

ഭാഷ്യം

രണ്ടാം ദശകത്തിന്റെ ഋഷിമാർഃ- 1.ആയു ങ് ക്ഷ്വാഹി(ഐക്ഷ്വാകി) 2. വാമദേവൻ 3. 8,,9 പ്രയോഗ 4. മധുഛന്ദസ്സ് 5, 7 ശുനശേഫൻ, 6 മേധാതിഥി 10 വത്സൻ.

ദേവത അഗ്നി, ഛന്ദസ്സ് ഗായത്രി സ്വരം ഷഡ്ജം.

ഒന്നാമത്തെ സൂക്തത്തിൽ വരുന്ന ഓജസ്സ് ,കൃഷ്ടം എന്നീ പദങ്ങൾ- കൃഷ്ടം തള്ളവിരലാണ്. ഓജസ്സ് ശില്പശാസ്ത്രം ആദ്യമായി സൃഷ്ടിച്ച ഹരി,ശ്രീകൃഷ്ണന്റെ പൂർവ്വജന്മം)ശില്പികൾ(കാരുക്കള്) അഥവാ പഞ്ചജനം ഓജസ്സിന്റെ സന്തതികളാണ്. പൃശ്നിക്കും സുതപസ്സിനും ജനിച്ച മഹാവിഷ്ണുവിന്റെ അവതാരമായി ഓജസ്സ് അറിയുന്നു. ഒന്നാം ദശകത്തിന്റെ അവസാനം ഗൃഹനിർമ്മിതിയെകുറിച്ച് പരാമർശം വരികയും ചെയ്യുന്നു.അതിന് തൊട്ട സൂക്തം ഓജസ്സിനെ പറയുന്നു. തള്ളവിരലില്ലാതെ ശില്പവിദ്യ സാധിക്കില്ല. ആദ്യമായി തള്ളവിരലുപയോഗിച്ച ആദിമമനുഷ്യൻ പണിയായുധങ്ങളും മറ്റും ഉപയോഗിച്ച് കൃഷി,നിർമിതി ഇവ തുടങ്ങി . ഇവകളാൽ ഓജസ്സ് വർദ്ധിച്ചു. അന്നവും (കൃഷി)ആയുസ്സും ഓജസ്സും ബലവും കൂടി. ആയോധനകല വശത്താക്കിയ ക്ഷത്രിയകുലം കർഷക,കാരുകുല ങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞുവന്നു. ആയു(ആയുസ്സ്)ജീവിതകാലം(lifespan). അയസ്സ്(ലോഹം)ഉപയോഗം ,ആയുസ് എന്ന ചന്ദ്രവംശരാജാവ് ഇവയെ ആധാരമാക്കിയും അർത്ഥം പറയാം. ഇവിടെ ഋഷി ആയുസ്സാണ് സൂക്തദ്രഷ്ടാവ്. ങ്,ക്ഷ്വാ ,ഹി എന്നീ വർണ്ണാക്ഷരങ്ങളുമുണ്ട് അദ്ദേഹത്തിന്റെ നാമത്തിൽ. കവർഗ്ഗത്തിലെ പഞ്ചമമാണ് ങ. അതിനോട് ഉ,ആ എന്നീ സ്വരം ചേർന്ന കൂട്ടക്ഷരം ക്ഷ്വാ. ഇത് മനുഷ്യന്റെ ഒരു അക്ഷരനിർമ്മിതിയാണ്. (ഭാഷാനിർമ്മിതിയിലെ ഒരു ചുവട്) ഹ ശ്വാസവും നാദവും ചേർന്ന മഹാപ്രാണമാണ്.ഇ ശക്തിവാചകം. ആയു എന്ന ചന്ദ്രവംശിയും ഇക്ഷ്വാകു എന്ന സൂര്യവംശിയും ചേർന്ന സങ്കരവംശമാണ് ഈ ഋഷി. ഇവരുടെ ആദ്യസൂക്തത്തെ തുടർന്ന് നേരത്തേ ഗൃഹനിർമ്മിതിയെ കുറിച്ച് സൂക്തം പാടിയ വാമദേവൻ തന്നെ ഒരു സൂക്തം ദർശിച്ച് സ്തുതിക്കുന്നു. ഇപ്രകാരം ഒരു ആശയനൈരന്തര്യം ഈ സൂക്തങ്ങളിൽ കാണാം.

3,8,9 എന്നിവ ഋഷിപ്രയോഗമാണ്.ദോഷരഹിതമായ ബുദ്ധിയെ ദിനംപ്ര തി അഭ്യാസം കൊണ്ട് വളർത്തിയെടുക്കൽ, മുമ്പുള്ള ജ്ഞാനികൾ(ഔ ർവ്വനും ഭൃഗുവും ശുചിയും അപ്നവാനും) ചെയ്തപോലെ ഹൃദയ ത്തിൽ നിഷ്ഠാപൂർവ്വം അതിനെ പ്രതിഷ്ഠിക്കൽ, സദ്സംഗം കൊണ്ട് മനസ്സ്,ബുദ്ധി എന്നിവയെ ശുദ്ധമാക്കി സദാ ഹൃദയത്തില് ബ്രഹ്മാത്മൈ ക്യം നേടൽ എന്നിവയാണ് ഈ 3 സൂക്തങ്ങളില് പറഞ്ഞ പ്രയോഗവി ധി. നാലാം സൂക്തം ഈ വിധി അനുഷ്ഠിക്കുന്ന വിശ്വാമിത്രപുത്രൻ

മധുച്ഛന്ദസ്സിന്റേതാണ്.അഞ്ചാം സൂക്തം വിശ്വാമിത്രനാൽ സംരക്ഷിക്കപ്പെട്ട് വിശ്വാമിത്രശിഷ്യനും പുത്രതുല്യനുമായിത്തീർന്ന ശുനശേഫന്റേതും. ആറാമത്തേത് മേധാതിഥി . ഏഴ് വീണ്ടും ശുനശേഫൻ.
ശുനശേഫൻ ദുർജ്ജനശിക്ഷകനും മഹാശ്വം പോലെ(അശ്വമേധം) സർവ്വദിക്കിലും എത്തുന്നവനും നീണ്ടവാലുകൊണ്ട് കൊതുകിനെയെന്നപോലെ ശത്രുക്കളെ ആട്ടിയകറ്റുന്നവനുമായിട്ടാണ് വിശ്വാമിത്രരൂപമായ അഗ്നിയെ കാണുന്നത്. രുദ്രനെന്ന് അതിനെ ശുനശേഫൻ വിളിക്കുന്നു (രോദിപ്പിക്കുന്നവൻ) മേധാതിഥിയാകട്ടെ, ഓരോ വാസ്തുഗൃഹവും (ശരീരവും) മനോഹരമായും , അതിൽ മറഞ്ഞ്(ഗോപി)ഇരിക്കുന്ന പ്രാണനോടു കൂടിയ ആത്മാവ് (ഗോപികാസമേതനായ കൃഷ്ണ) ആയും അഗ്നിയെ സങ്കല്പിക്കുന്നു. യജ്ഞപുരുഷനാണ് വിഷ്ണു. പത്താം സൂക്തത്തില്റെ ഋഷി വത്സൻ സൂര്യനിൽനിന്നുള്ള സർവ്വസൃഷ്ടിയും പരാമർശിക്കുന്നു.അതോടൊപ്പം ദൃശ്യമായ സൂര്യതേജസ്സിനെ അതിനതീതവും അവ്യക്തവും ആയ പരയിൽനിന്ന് ഉണ്ടായതെന്ന് പറയുന്നു. ചത്വാരിംശമായ വാക്കിനെയാണ് അഗ്നിയെന്ന് വിളിക്കുന്നത്. ഇപ്രകാരം ജീവസൃഷ്ടി, വാക് സൃഷ്ടി,അർത്ഥസൃഷ്ടിസമന്വയം .പ്രകൃതിയിലെ സർവ്വഊർജ്ജവും പ്രക്രിയകൾക്കുവേണ്ട ഓജസ്സും മനുഷ്യന്റെ സർവ്വകർമ്മോർജ്ജവും ഒരേ പരാശക്തിയിൽനിന്ന്, പരബ്രഹ്മത്തിൽനിന്ന് വരികയാൽ ഏകസ്വരൂപമായി ഈ ഋഷിമാരാല് പ്രകീർത്തിക്കപ്പെടുന്നു.
മരുത്ത്എന്നപദം മേധാതിഥി ഉപയോഗിക്കുന്നു. 49 മരുത്തുകള് (7x7) ഇന്ദ്രന്റെ സുഹൃത്തുക്കളാണ്. അവ ആന്തരവും ബാഹ്യവുമായി സർവ്വത്ര പ്രാണസഞ്ചാരത്താല് ചലനം, സൃഷ്ടി,ക്രിയ, എന്നിവ നടത്തുന്ന ശക്തികളാണ്. ഉള്ളിൽ പ്രാണായാമം, യോഗം, എന്നിവയാൽ മരുത്തുകളെ നിയന്ത്രിച്ച് മനുഷ്യൻ ഓജസ്സ് നേടുന്നു. അതുപോലെ പ്രകൃതിയുമായി (ബാഹ്യം)സംയമപൂർവ്വം ജീവിച്ചാലേ വർഷം ,അന്നം, ജീവൻ, ആയുസ്സ്, ഇവ തരുന്ന കാലവർഷക്കാറ്റുകളെന്ന മരുത്തുകളെ അറിയാനും നിയന്ത്രിക്കാനും കഴിയൂ. ഈ പവമാനൻ അഥവാ മരുത്തിന്റെ നിയന്ത്രണമുള്ള ദേവനായി ചാരുശരീരങ്ങളിൽ ഗോപീരമണനായിരിക്കുന്ന ഗുരുവായി ഗുരുപവനപുരമായ ശരീരത്തിൽ മേധാതിഥി സാക്ഷാത്കരിക്കുന്നു.
ഈ സൂക്തത്തിലെ സമുദ്രമെന്ന പദത്തെ ഹൃദയാന്തർഭാഗത്തിരിക്കുന്ന അന്തരിക്ഷമെന്നു മാത്രമാണ് ദേവീചന്ദ് വ്യാഖ്യാനിക്കുന്നത്. സമുദ്രം ആന്തരം മാത്രമല്ല,ബാഹ്യവുമാണ്. നാലുസമുദ്രത്തിലും തരംഗരൂപമായി പര,പശ്യന്തി,മദ്ധ്യമ,വൈഖരിയായി വ്യാപിക്കുന്ന ശബ്ദോർജ്ജതരംഗങ്ങളുമുണ്ട്. ഇപ്രകാരമുള്ള ബാഹ്യവും ആന്തരവുമായ സമുദ്രാന്തർഗതമായ അഗ്നിയുടെ വ്യാപനശീലം ആദ്യം ഗ്രഹിച്ചത് സമുദ്രതീരവാസികളായ മനുഷ്യരായിരിക്കണം. ഭൃഗുക്കളുടെ വാസസ്ഥാനം ഇന്ത്യയുടെ പടിഞ്ഞാറേ തീരമാണ്. സമുദ്രവാസസ്സുകളായ (വെള്ളവസ്ത്രം ധരിച്ച് ജലവസ്ത്രം ധരിച്ച് സമുദ്രതീരത്ത് വസിക്കുന്നവർ)ഭൃഗുവംശക്കാരുടെ നാമങ്ങൾ തന്നെയാണ് ഇവിടെ പറയുന്നതും. സ്വാമി തുളസീരാമന്റെ

ഭാഷ്യത്തിൽ , ജ്ഞാനികൾ ഔർവ്വാദികളെന്ന് അർത്ഥം പറഞ്ഞിട്ടുണ്ട്. അപ്നവാനെന്നാൽ യജുർവേദികൾ.കർമ്മകാണ്ഡം പിന്തുടരുന്നവരെന്നും.സമുദ്രതീരവാസികളും ,സമുദ്രസഞ്ചാരികളും ചതുർവ്വേദികളും ജ്ഞാനികളുമായ ഭൃഗുവംശം എന്നാണ് അനുയോജ്യമായ അർത്ഥം. ഭൃഗുക്കളും വിശ്വാമിത്രഗോത്രക്കാരും തമ്മിലുള്ള രക്തബന്ധം പ്രസിദ്ധവുമാണ്. സദ്സംഗം മുതലായി അനേകം കർമ്മവിധികള് ഈ ദശകത്തിൽ പറഞ്ഞിട്ടുണ്ട്. ആയുസ്സും യശസ്സും ഇഹപരസുഖവും കാംക്ഷിക്കുന്നവരുടെ രീതികളാണ് പറഞ്ഞിരിക്കുന്നത്.

ദശകം 3

1. അഗ്നിം വോ വൃധന്ത മധ്വരാണാം പുരൂത്തമക
   അഛാ നപ്ത്രേ സഹസ്വതേ
   അധ്വരങ്ങളെ വർദ്ധിപ്പിക്കുന്ന പുരൂത്തമനായ അഗ്നി സർവ്വവ്യാപിയും ശുദ്ധവുമായി സദാ നമ്മിലിരിക്കുന്നു. (കൂടെ).
2. അഗ്നിസ്തിഗ്മേന ശോചിഷാ യം സദ് വിശ്വം ന്യാദത്രിണം
   അഗ്നിർനോ വംസതേ രയിം
   അഗ്നി തന്റെ തിഗ്മത്താൽ(പ്രകാശിക്കുന്ന രശ്മീസമൂഹം കൊണ്ട്, പ്രഭകൊണ്ട്) സർവ്വവിശ്വത്തേയും കീഴടക്കുന്നു,നിയന്ത്രിക്കുന്നു. അഗ്നിമാത്രമാണ് നമുക്ക് രയി തരുന്നത്.
3. അഗ്നേ മൃദ്ധമഹാം അസ്യയ ആ ദേവയൂം ജനം
   ഇയേഥബർഹിരാസദം
   അഗ്നി മഹത്തും ദയാലുവുമാണ്. ദൈവജനങ്ങളാൽ പ്രാപ്യനാണ്. ഇവിടെ ഹൃദയത്തിൽ (യജ്ഞവേദിയിൽ)വന്നിരിക്കുക.
4. അഗ്നേ രക്ഷാണോ അംഹസഃപ്രതിസ്മ ദേവരീഷതഃ
   തപിഷ്ഠൈരജരോ ദഹ
   അഗ്നേ, സർവ്വദോഷത്തിൽനിന്നും രക്ഷിക്കുക. തപിച്ച് (തപിഷ്ഠമായ) അജരമായ(ജരയില്ലാത്ത -നിത്യകൈശോരമായ)ദഹനശേഷിയാർന്ന്, ഉള്ളിലും പുറത്തുമുള്ള ദോഷങ്ങളെ (ത്രിദോഷം) നശിപ്പിക്കുക.
5. അഗ്നേ യുങ് ക്ഷ്വാ ഹിയേ തവാശ്വാസോ ദേവ സാധവം
   അഹം വഹന്ത്യാം ശവഃ
   അഗ്നേ, യുങ്(യോഗം) എന്ന് യോഗത്താൽ സർവ്വേന്ദ്രിയങ്ങളേയും കടിഞ്ഞാണിട്ട് നിയന്ത്രിച്ച് അശ്വത്തെപ്പോലെ നിർത്തുക. അവ ഞങ്ങളെ സാധുവായ ലക്ഷ്യത്തിലേക്ക് നയിക്കട്ടെ.
6. നി ത്വാ നക്ഷ്യ വിശ്പതേ ദ്യുമന്തം ധീമഹേ വയം
   സുവീരമഗ്ന ആഹൂത
   വിശ്വപതിയും, സർവ്വസുവീരന്മാരും തങ്ങളുടെ ധീ കൊണ്ട് ഉപാസിക്കുന്നവനുമായ അഗ്നേ, നിന്നെ(ഞങ്ങൾ) ഉപാസിക്കുന്നു.
7. അഗ്നിർമൂർദ്ധാ ദിവഃകകുത്പതിഃ പൃഥിവ്യാ അയം
   അപാം രേതാംസി ജിന്വതി.
   അഗ്നി മൂർദ്ധാവ്, ഭൂമിയുടെ ഭർത്താവും മൂർദ്ധാവില് ധരിച്ചവനുമായ സൂര്യനെപ്പോലെ പ്രപഞ്ചത്തിന്റെ മൂർദ്ധാവ്. ആപസ്സ് അവ

ന്റെ രേതസ്സ്. (ബീജം) അവൻ സർവ്വബീജവും സർവ്വ കർമ്മവും അറിയുന്നു.

8. ഇമമൂഷു ത്വമസ്മാകം സനിം ഗായത്രം നവ്യാംസം
   അഗ്നേ ദേവേഷു പ്ര വോചഃ
   സർവ്വരേയും പഠിപ്പിക്കുന്ന (ഗുരു)അഗ്നേ, പ്രവാചകനായ അവിടുത്തേക്ക് ഞങ്ങളുടെ ഈ ഗായത്രം അർപ്പണം.
9. തം ത്വാ ഗോപവനോ ഗിരാ ജനിഷ്ഠദഗ്നേ അംഗിരസ
   പാവക ശ്രുധീ ഹ
   ഇന്ദ്രിയനിഗ്രഹം ചെയ്ത ഉപാസകർ നിന്നെ ഗീരുകളിൽക്കൂടി അഭിവ്യക്തമാക്കുന്നു. അജ്ഞാനം നീക്കി ധീ തെളിയിക്കുന്നവനേ എന്റെ ഗീരുകൾ ശ്രവിച്ചാലും.
10. പരി വാജപതിഃകവിരഗ്നിർവാവ്യാന്യക്രമീത്
    ദധദ്രത്നാനി ദാശുഷേ
    വാജത്തിന്റെ (ബലം, വിവേകം)പതേ, രത്നങ്ങൾ ദാനശീലർക്ക് കൊടുക്കുന്നവനേ, കവിയായ അഗ്നേ, ഞങ്ങളുടെ (കാവ്യം,ഹവ്യം)സ്വീകരിക്കുക.
11. ഉദു ത്യം ജാതവേദസം ദേവം വഹന്തി കേതവഃ
    ദൃശേ വിശ്വായ സൂര്യം
    വിശ്വത്തിന്റെ നന്മക്കായി ,ജ്ഞാനികളായ ഋഷിമാർ വേദത്തെ (അഗ്നിയായി) ഉള്ളിൽ ജനിപ്പിച്ച് സൂര്യതേജസ്വികളായി നിർമ്മലരായി,കേതു (പതാക)വഹിച്ചു. (വഴി കാട്ടി മുന്നിൽ നടന്നു).
12. കവിം അഗ്നിം ഉപസ്തൂഹി സത്യധർമ്മാണാമധ്വരേ
    ദേവമമീവചാതനം
    സത്യധർമ്മങ്ങളുടേതായ ഈ ജീവിതയജ്ഞത്തില് സത്യധർമ്മരൂപമായി, കവിയായിരിക്കുന്ന അഗ്നിയെ വാഴ്ത്തുക. ഇഹപരക്ലേശങ്ങൾ (രോഗങ്ങൾ) ആ പ്രകാശവാൻ നശിപ്പിക്കുന്നു.
13. ശംനോ ദേവീരഭിഷ്ടയേ ശം നോ ഭവന്തു പീതയേ
    ശംയോരഭിസ്രവന്തു നഃ
    സർവ്വാഭീഷ്ടവും നേടി മംഗളമുണ്ടാവട്ടെ. സർവ്വദാഹവും ശമിച്ച് മംഗളമുണ്ടാവട്ടെ. നമുക്കു ചുര്റും സർവ്വവും (സർവ്വാഭീഷ്ടവും)മഴ പോലെ സ്രവിക്കട്ടെ (വർഷിക്കട്ടെ).
14. കസ്യ നൂനം പരിണസി ധിയോ ജിന്വസി സത്പതേ
    ഗോഷാതാ യസ്യ തേ ഗിരഃ
    സത്തുക്കളുടെ പതേ, ഏതെല്ലാം ന്യൂനമായി (കുറഞ്ഞ്)ഇരിക്കുന്നുവോ, അതെല്ലാം പൂരിപ്പിച്ചാലും. (നിറച്ചാലും) നിന്നിലേക്കുള്ള ഈ ഗീരുകൾ ഇന്ദ്രിയജയം നേടിയവന്റേതാകയാൽ.

ഭാഷ്യം

ഋഷിമാർഃ- 1.പ്രയോഗഃ 2, 5 ഭരദ്വാജൻ. 3, 10 വാമദേവൻ, 4, 6 വസിഷ്ഠൻ. 7 വിരൂപന് 8 ശുനശേഫൻ. 9 ഗോപവനൻ.11 പ്രസ്കണ്വൻ, 12 മേധാതിഥി 13 സിന്ധുദ്വീപൻ,അംബരീഷൻ,ത്രിതാ ആപ്തനെന്നിവർ.

ദേവത അഗ്നി. ഛന്ദസ്സ് 1. വിരാട് ഗേയാത്രി, 2- 14വരെ ഗായത്രി
സ്വരം ഷഡ്ജം

ഭരദ്വാജന്റെ രണ്ടു സൂക്തത്തിലും ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച് കടിഞ്ഞാണിട്ട് നിർത്തി രയി തരുന്ന യോഗാത്മകമായ അർത്ഥമുണ്ട്. അശ്വികളുടെ ലക്ഷ്യത്തിലേക്കുള്ള സഞ്ചാരം, അതിന്നുമുമ്പ് ഇന്ദ്രിയജയം നേടിയിട്ടാണ്. രയി വേദത്തിൽ രാത്രി, വെള്ളി, ചന്ദ്രൻ എന്ന് അർത്ഥമാണ്. അമൃതം, രജതം, ഭൂമിയുടെ (രാത്രിയിൽ സൂര്യന് പ്രകാശിക്കാത്ത) അർദ്ധഭാഗം, സ്വപ്നസുഷുന്നെല്ലാം അർത്ഥമുള്ള പദമാണ്.അഞ്ചാംസൂക്തത്തിൽ രണ്ടാം ദശകത്തിലെ ഒന്നാംസൂക്തഋഷിനാമം (യുങ് ക്ഷ്വാഹി) ഉപയോഗിക്കുന്നു. ആയുർബലത്തിനായി പ്രാണനിയന്ത്രണാദികൾ, സമുദ്രസഞ്ചാരത്തിനായി കാറ്റിന്റെ ഗതിയറിയൽ ഇവയും സൂചിതം. വാമദേവന്റെ(3, 10) രണ്ടു സൂക്തത്തിലും മഹാനും ദയാലുവുമായ അതിഥിയെ സ്വീകരിച്ചിരുത്തി ഹവ്യാദി നൽകി പ്രീതിപ്പെടുത്തി പകരം വാജപേയം (ബലവും വിവേകവും) രത്നങ്ങളെന്നിവ ചോദിക്കുന്നതായി കാണുന്നു. വസിഷ്ഠന്റെ നാലാം സൂക്തം തപിഷ്ഠനായ അഗ്നിയെ വാർദ്ധക്യമകന്നവനായി, ത്രിദോഷങ്ങളകറ്റി വാജീകരണം നടത്തുന്നവനായിട്ടാണ് കാണുന്നത്.(ആയുർവ്വേദപരം) ആറാം സൂക്തത്തിലെ ധീമഹേ , വിശ്പതേ, സുവീരം മുതലായ പദങ്ങളാൽ വിശ്വപതിയായ അഗ്നിയെ സുവീരമായ ധീയാലാണ് ആവാഹിക്കുന്നത്. (ശരീരമനോബുദ്ധികളുടെ ആരോഗ്യം) വിരൂപന്റെ ഏഴാം സൂക്തം അഥർവ്വാംഗിരസുകളുടെ മാതൃകയില് അഗ്നിയെ ശിരോധാരണം ചെയ്തിരിക്കുന്നു.ഭൂമിയുടെ ഭർത്താവായ ശ്രീനാരായണന് (സൂര്യനാരായണൻ), പ്രപഞ്ചഭർത്താവായ ബ്രഹ്മപുരുഷന് എന്നിവരെ തുലനം ചെയ്യുന്നുമുണ്ട്. വിശ്വരൂപവർണ്ണന(ഗീത)യിലെ ചില ആദിപ്രരൂപങ്ങൾ വിരൂപന്റെ സൂക്തത്തിലുണ്ട്. ശുനശേഫൻ തനിക്ക് പ്രവചനം ചെയ്ത വിശ്വാമിത്രഗുരുവിന്റെ കർശനമായ ഗായത്രമാണ് ഗുരുവിനും അഗ്നിക്കുമായി അർപ്പിക്കുന്നത്

ഒമ്പതാംസൂക്തം ഗോപവനന്റേതാണ്. ആദ്യത്തെ അഗ്നിയെ അംഗിരസ്സെന്ന് ഗോപവനൻ വിളിക്കുന്നു (അംഗിരസഗോത്രം,അഥർവ്വാംഗിരസം) ഗീരുകൾ (സ്തുതി,കീർത്തനം,സാമഗാനം)ആണ് അഗ്നിയെ വ്യക്തമാക്കുന്നതിന് ഉപാസകൻ ഉപയോഗിക്കുന്നത്. വേദത്തിൽ സാമവേദമായ സ്രീകൃഷ്ണന് അഥര്വ്വാംഗിരസപരമ്പരയിലെ ശിഷ്യനും പ്രധാനഗുരുക്കന്മാരിലൊരാളുമാണ്. (ഉപനിഷദ്വചനം)പ്രസ്കണ്വന്മാർ കാണ്വശാഖയാണ്. കാണ്വഭരദ്വാജ ഗോത്രക്കാർ ദുഷ്യന്തനുശേഷം ഒന്നായി ലയിച്ചു.പ്രാസ്കണ്വസൂക്തത്തിൽ ഭാരതചക്രവർത്തിമാരും അവരുടെ ഗുരുപരമ്പരകളും വിശ്വനന്മക്കായി ജ്ഞാനം ഉള്ളിൽ ജ്വലിപ്പിച്ച് മുന്നില് പതാക വഹിച്ച് വേദത്തെ സൃഷ്ടിച്ച് ആ ജ്ഞാനം ലോകമെങ്ങും വ്യാപിപ്പിക്കാൻ സഞ്ചരിച്ചതിന്റെ ദിഗ്വിജയസൂചന കാണാം. സൈന്ധവ,സരസ്വതി,ഹരപ്പൻ,മെഹ്ർഗാർഹ് കാലത്തെ ലിപിസഞ്ചയത്തിൽ ഈ പതിവിന്റെ തെളിവുകളുമുണ്ട്. ഇതേ സൂക്തം യജുർവേദ(7-41, 8-41,   33-37)ത്തിലും ഋഗ്വേദത്തിലും (1.50.1)ആവർത്തിച്ചിട്ടുണ്ട്. മേധാതിഥിയാകട്ടെ, ഭരതവംശന്മാരായ (വിശ്വാമിത്രനും കൌശികഗോത്രമാണ്. ഭരതവംശജനയിതാവാണ്) ഈ വിശ്വസഞ്ചാരികള് സത്യം,ധ

ർമ്മം എന്നിവ ചേർന്ന കർമ്മങ്ങളും വാക്കുകളും കൊണ്ട് പ്രസിദ്ധരാണെന്നും ചൂണ്ടിക്കാട്ടുന്നു. (ഐഹോൾശാസനം ഇതിന്റെ ഒരാവർത്തനമാണ്). പതിമൂന്നാം ശ്ലോകം സിന്ധുദ്വീപനും അംബരീഷനും അടക്കമുള്ള പ്രസിദ്ധരായ ഭാരതദേശചക്രവർത്തിമാരും കണ്വഗോത്രക്കാരായ ത്രിതആപ്തർഷിമാരും ചേർന്നു പാടുന്നതാണ്. സർവ്വജീവജാലങ്ങൾക്കും ജലം, അന്നം, ആരോഗ്യം,ആയുസ്സ് ഇവ തന്ന് സർവ്വാഭീഷ്ടവും ലഭിക്കാനാണ് ഇവർ സൂക്തം പാടുന്നത്. ധർമ്മിഷ്ഠരായ ചക്രവർത്തിമാരുടെ കീഴില് ഭൂമി അപ്രകാരം സർവ്വസമ്പദ്പ്രദാത്രിയായി വിളങ്ങും. അവളെ സർവ്വാഭീഷ്ടദായിനിയായ ദേവി എന്ന് വിളിക്കുന്നു.
ശം മംഗളം. മംഗളദായിനിയായ മംഗളരൂപിണിയായ വിദ്യ എന്ന ഭുവനേശിയെ പ്രാർത്ഥിക്കുന്നു. സ്രവിക്കുക (സ്രയന്തു) എന്നത് സ്ത്രൈണമാണ്. സൃഷ്ടിസ്ഥിതിസൂചകമാണ്. വർഷകനായ ഋഷഭനായി രുദ്രനേയും കാണുന്നു (സംഹാരകനായല്ല). പതിനാലാം സൂക്തം ഉശനസ്സ് അഥവാ ഭൃഗുവംശക്കാരുടേതാണ്.ഇന്ദ്രിയനിഗ്രഹം ചെയ്തവർക്കുവേണ്ടിയാണ് തന്റെ സൂക്തമെന്ന് എന്തിനാണ് ശുക്രാചാര്യർ ഇവിടെ എടുത്തുപറയുന്നത്. മഹാബലി, പ്രഹ്ലാദൻ,വൃഷപർവ്വാവ് മുതലായവര്ക്കു വേണ്ടിയാണ്. അവരുടെ ദാനം, ധർമ്മം, സത്യം ഇവയുടെ പ്രശസ്തികൂടി ഉയർത്തിപ്പിടിക്കന്നതിനാണ്. കസ്യ എന്നത് ആർക്കുവേണ്ടി എന്ന് ചോദ്യമായി വ്യാഖ്യാനിക്കാം. കസ്യ എന്നത് സുഖമെന്ന അർത്ഥത്തിലും പറയാം. ക എന്നാൽ ബ്രഹ്മം. കസ്യ ബ്രഹ്മസുഖം, ബ്രഹ്മാനന്ദം എന്ന നിധിക്കുവേണ്ട്. ഏതെല്ലാം സുഖങ്ങളിൽ കുറവുവരുന്നുവോ അവയെല്ലാം (ഇഹപര) വീണ്ടും വീണ്ടും നിറക്കുന്നതിനാണ് സൂക്തം. അന്നവും, ജലവും ,വിദ്യയും, വിവേകവും ബ്രഹ്മസുഖവും എല്ലാം. അത്തരം പൂരണം ചെയ്യുന്ന പൂർണ്ണമായ ബുദ്ധിശക്തി ഇന്ദ്രിയജയമുള്ളവന്നു മാത്രമേ ലഭിക്കുകയുള്ളു എന്ന് നിഗൂഢാർത്ഥം.

ദശകം 4

1. യജ്ഞായജ്ഞാ വോ അഗ്നയേ ഗിരാഗിരാ ച ദക്ഷസേ
പ്രപ്ര വലമമൃതം ജാതവേദസം പ്രിയം മിത്രം ന ശംസിഷം
ഓരോരോ യജ്ഞത്തിലും ആ അഗ്നിയെ സ്തോത്രം സ്തോത്രമായി സ്തുതിക്കുക. ദക്ഷനും വേദത്തെ ജനിപ്പിച്ചവനും പ്രിയനും മിത്രവുമായ അനശ്വരനായ അഗ്നിയെ അമൃതവാണികളെക്കൊണ്ട് പാടുക.

2. പാഹി നോ അഗ്ന ഏകയാപാഹ്യ3തദ്വിതീയയാ
പാഹി ഗീർഭിസ്തി സൃഭി രൂർജ്ജപതേ പാഹി ചതസൃഭിക് വസോ
അഗ്നേ, ഞങ്ങളെ ഏകത്താൽ(ഋക്ക്)സംരക്ഷിച്ചാലും. രണ്ടാമത്തേതിനാൽ (യജുസ്സ്)സംരക്ഷിച്ചാലും. ഞങ്ങളെ മൂന്നിനാലും (ഋക്,യജുസ്സ്,സാമം) സംരക്ഷിക്കുക. നാലിനാലും (ഋക്,യജുസ്സ്,സാമം,അഥർവ്വം)സംരക്ഷിക്കുക. ഊർജ്ജത്തിന്റെ പതിയായ അഗ്നേ രക്ഷിക്കുക.

3. ബൃഹദ്ഭിരഗ്നേ അർച്ചിഭിഃശുക്രേണ ദേവ ശോചിസാ
ഭരദ്വാജേ സമിധാ നോ യവിഷ്ഠ്യ മേവത് പാവകദീദിഹി

ബൃഹത്തായി വളർന്ന അഗ്നേ, അർച്ചിസ്സുകളാല് വളർന്ന നിന്നെപ്പോലെ വെളുത്ത പ്രകാശത്തോടെ, വീര്യത്തോടെ, ശുദ്ധിയോടെ, ജ്ഞാനാഗ്നി ഉള്ളിൽ ജ്വലിപ്പിച്ചവര് രശ്മീസമൂഹങ്ങളോടെ ശോഭിക്കുന്നു.

4. ത്വേ അഗ്നേ സ്വാഹുതപ്രിയാസഃ സന്തു സുരയഃ
യന്താരോ യേ മഘവാനോ ജനാനാമൂർവ്വം ദയന്തഗ്നേനാം
അഗ്നേ,ആഹുതി ചെയ്യുന്ന സജ്ജനങ്ങൾ നിനക്ക് പ്രിയരാവട്ടെ. മഘവാന്മാരും ജനങ്ങളുടെ (ജനതയുടെ)അംഗങ്ങളെ സംരക്ഷിക്കുന്നവരും(നിനക്ക് പ്രിയരാവട്ടെ) . വേദവും യജ്ഞാഗ്നിയും അവർക്കേവർക്കും പ്രിയമാവട്ടെ.

5. അഗ്നേ ജരിതർവിശ്പതിസ്തപാനോ ദേവരക്ഷസഃ
അഗ്നോഷിവാൻ ഗൃഹപതേ മഹാം അസി ദിവസ്വായുർദുരോണായുഃ
പ്രപഞ്ചപതിയായ അഗ്നേ, ഗൃഹപതിയായ അഗ്നേ, ദുശ്ചിന്തകളെല്ലാം ദഹിപ്പിച്ചുതരിക. ആകാശം,രാപ്പകലുകൾ,എന്നിവയെ സംരക്ഷിക്കുന്നവനേ, നീ ബലവാനായി ആയുഷ്മാനായിരിക്കുക.

6. അഗ്നേ വിവസ്വദുഷസശ്ചിത്രം രാധോ അമർത്ത്യ
ആ ദാശുഷേ ജാതവേദോ വഹം ത്വമദ്യം ദേവാം ഉഷർബുധഃ
ഉഷസ്സിനെ വ്യാപിച്ച് ബോധമായിരിക്കുന്ന അഗ്നേ, ഞങ്ങൾക്ക് വിവിധങ്ങളായ രാധസ്സ് (ഐശ്വര്യം,ആനന്ദം,സുഖം)തരിക. ജ്ഞാനം,സുഖം, ബോധവത്തായി ഉണർന്ന ഇന്ദ്രിയങ്ങള് എന്നിവ ഓരോ ഉഷസ്സിലും , ജാതവേദസ്സേ ,തരിക.

7. ത്വം നശ്ചിത്ര ഊത്യാ വസോ രാധാംസി ചോദയ
അസ്യരാധസ്ത്വമഗ്നേ രഥീരസി വിദാഗാധം തു ചേ തു നു
സർവ്വവും ഇരിക്കുന്ന നീ, വിസ്മയകരമായി ഞങ്ങൾക്ക് രാധസ്സുകളെ തന്ന് പ്രചോദിപ്പിക്കുന്നു. ലോകത്തിലെ ഐശ്വര്യത്തിന്റെ രഥം തെളിക്കുന്ന നീ ഞങ്ങൾക്ക് വിശ്രമവും ഞങ്ങളുടെ തലമുറകൾക്ക് സുരക്ഷയും നൽകുന്നു.

8. ത്വമിത് സപ്രഥാ അസ്യഗ്നേ ത്രാതൠതഃകവിഃ
ത്വാം വിപ്രാസഃ സമിധാനദീദിവ ആ വിവാസന്തി വേധസാ
അഗ്നേ,പ്രസിദ്ധനും ധർമ്മിഷ്ഠനും സർവ്വവ്യാപിയും കവിയും പ്രകാശവാനുമായ നീ സംരക്ഷിക്കുക. ത്രാതാവായ നിന്നെ സത്യവാക്കുകളായ കവികൾ ൠതത്താല് (സത്യമായ സ്തോത്രം) പാടി സ്തുതിക്കുന്നു.

9. ആനോ അഗ്നേ വയോവൃദ്ധം രയിം പാവകശംശ്യം
രാശ്വാചന ഉപമാതേ പുരുസ്പൃഹും സുനീതി സുയശസ്തരം
രയിയും ആയുസ്സും തരുന്ന പരിശുദ്ധമായ അഗ്നേ, ഭുവനസ്രഷ്ടാവും വയോവൃദ്ധനുമായ അവിടുന്ന് ഞങ്ങൾക്ക് സുനീതിയും സുയശസ്സും അരുളിക്കൊണ്ട് എഴുന്നള്ളുക.

10. യോ വിശ്വാ ദയതേ വസുഹോതാ മന്ദ്രോ ജനാനാം
മഘോർന പാത്രാ പ്രഥമാന്യസ്മൈ പ്രസ്തോമായന്ത്വഗ്നയേ
പ്രപഞ്ചത്തിന് കർമ്മഫലമായി സർവ്വധനവും രത്നവും തരുന്ന (ജ്ഞാനം)അഗ്നേ, അങ്ങേക്ക് പാത്രം നിറഞ്ഞ്കവിയുന്ന സോമത്തോടൊപ്പം ഈ പ്രഥമവും തേൻ പോലെ മധുരിക്കുന്നതും മന്ദ്രസ്ഥായിയിലുള്ളതുമായ സ്തോമങ്ങളും (സാമഗാനങ്ങൾ) അർപ്പിക്കുന്നു.

ഭാഷ്യം

ഋഷിമാർഃ- 1,3, ശംയു. 2,5,8 ,9 ഭർഗ്ഗൻ, 4 വസിഷ്ഠൻ, 6 പ്രാസ്കണ്വൻ, 7 തൃണപാണി, 10 സൌഭരി.
ദേവത അഗ്നി. ഛന്ദസ്സ് ബൃഹതി. സ്വരം മദ്ധ്യമം.
ശംയുവിന്റെ 2 സൂക്തങ്ങളിലായി, ദക്ഷൻ,ശുക്രൻ,ഭരദ്വാജനെന്നീ നാമങ്ങളും ഛന്ദനാമമായ ബൃഹതിയും വരുന്നു. ഇതുവരെയുള്ള സൂക്തങ്ങളുടെ ഛന്ദസ്സ് ഗായത്രിയും അതിന്റെ വകഭേദങ്ങളും സ്വരം ഷഡ്ജമായിരുന്നു. ഇവിടെ ഛന്ദസ്സ് ബൃഹതിയും സ്വരം മദ്ധ്യമവുമാണ്. ദേവീചന്ദ് പുരുഷാർത്ഥിനീ പുരുഷേ എന്നർത്ഥത്തില് ഭരദ്വാജന് പുരുഷാർത്ഥി എന്നർത്ഥമേ കൊടുത്തിട്ടുള്ളു ഗ്രിഫിത്ത് ഭരദ്വാജഗോത്രത്തിലെ ഋഷി എന്ന് പറഞ്ഞിരിക്കുന്നത് കൂടുതൽ അനുയോജ്യമാണ്. ഭരജ്വാജി എന്നാൽ അമരകോശപ്രകാരം ഒരിനം കാട്ടുപരുത്തിയാണ്. പരുത്തികൊണ്ടുള്ള വെള്ളവസ്ത്രം ധരിക്കുന്നവർ അഥവാ ഭാരദ് വാജി(സി)കൾ എന്ന് ജകാരം സകാരമായി ഭാരത് വാസികളാണ് കിട്ടുക. ഭാരദ്വാജികളാണ് ഭാരതവാസികളെന്ന് കാണാം. രാമായണകാലത്തുതന്നെ ഭാരതത്തിൽ പരുത്തിത്തോട്ടങ്ങൾ ഭരതവംശികളായ രാജാക്കന്മാര് വളർത്തിയിരുന്നതിന്ന് വാത്മീകിരാമായണം തെളിവുണ്ട്..ദക്ഷൻ അഥവാ തച്ചന് എന്ന ശില്പി , അസുരഗുരുവും ഗ്രഹവുമായ ശുക്രൻ, എന്നിങ്ങനെ പുരാണ പ്രസിദ്ധമായ നാമങ്ങളുള്ളതാണ് ശംയുവിന്റെ സൂക്തം.
ഭർഗ്ഗന് നാലുവേദങ്ങളേയും , ഗൃഹപതിയും പ്രപഞ്ചപതിയുമായി രണ്ടു വിധം അഗ്നികളേയും, കാലത്തേയും , ധർമ്മസംരക്ഷകനും വയോവൃദ്ധനുമായി, പ്രപഞ്ചസ്രഷ്ടാവായ അഗ്നിയേയും പരാമർശിക്കുമ്പോൾ, വേദജ്ഞാനം, യജ്ഞജ്ഞാനം,ഗാർഹപത്യാഗ്നിസംരക്ഷണം, പ്രപഞ്ചോല്പത്തി, ധർമ്മോല്പത്തി, കാലോല്പത്തി,നാദോല്പത്തി ഇവയേയും സൂചിപ്പിക്കുന്നു. പ്രാസ്കണ്വനും തൃണപാണിയും രാധസ്സ് എന്ന പദം ഉപയോഗിക്കുന്നത് ശ്രദ്ധേയമാണ്. സൌഭരിമഹർി പുരാണപ്രസിദ്ധനും വൈദികരാജർഷിയുമായ മാന്ധാതാവിന്റെ അമ്പതുപുത്രമാരെ വിവാഹം കഴിച്ച(50 വർണ്ണാക്ഷരമാതൃക) ആദിമവൈദികഋഷിയാണ്. അദ്ദേഹം താനർപ്പിക്കുന്ന സുധാസമമായ സ്തോത്രത്തെ പ്രഥമവും മന്ദ്രധ്വനിയില് പാടപ്പെട്ടതുമായ ആദിമസാമഗാനമെന്ന് വിശേഷിപ്പിക്കുന്നതും സ്രദ്ധേയമാണ്. മദ്ധ്യമസ്വരത്തിൽ, മന്ദ്രധ്വനിയിൽ, ബൃഹത്സാമം ആദ്യമായി പാടപ്പെട്ടത് മാന്ധാതാവിന്റെ കാലത്ത് അദ്ദേഹത്തിന്റെ ജാമാതാവായ സൌഭരിമഹർഷിയാലാണ് എന്നാണ് ധരിക്കേണ്ടത്.

ദശകം 5

1. ഏനാ വോ അഗ്നിം നമസോർജ്ജാ നപാതമാ ഇവേ
പ്രിയം ചേതിഷ്ഠമരതിം സ്വദ്ധ്വരം വിശ്വസ്യ ദൂതമമൃതം

ഞാൻ അഗ്നിയാണ്. നമസ്കരിക്കപ്പെടേണ്ട ശക്തനാണ്. സർവ്വർക്കും പ്രിയ (മിത്രം)നാണ്. ജ്ഞാനം കൊടുക്കുന്നതിനാൽ സ്തുതിക്കപ്പെടേണ്ട പ്രഭുവാണ്. ലോകമെന്ന തറവാട്ടില് എല്ലാവർക്കും കർമ്മഫലം കൊടുക്കുന്നവനാണ്. അമൃതത്വത്തിന്റെ ദൂതനാണ്.

2. ശേഷേ വനേഷു മാതൃഷു സം ത്വാ മർത്താസ ഇന്ധനേ
അതന്ദ്രോ ഹവ്യം വഹസി ഹവിഷ്കൃത ആദിദ്ദേവേഷു രാജസി
ശേഷത്തിൽ,വനങ്ങളിൽ,അമ്മമാരിൽ, സർവ്വത്തിലും ,മനുഷ്യരിലെല്ലാം വിറകായി സദാ ഉണർന്നിരിക്കുന്ന നീ ഹവ്യം വഹിക്കുന്നു. ഹവിസ്സ് സൃഷ്ടിക്കുന്നു. സർവ്വ രാജാക്കന്മാരിലും വെച്ച് നീ ആദിദേവനായിരിക്കുന്നു.

3. അദർശി ഗാതുവിത്തമോ യസ്മിൻവ്രതാന്യാദധുഃ
ഉപോഷു ജാതമാര്യസ്യ വർദ്ധനമഗ്നിം നക്ഷന്തു നോ ഗിരഃ
ദർശിക്കാനാവാത്തത്(സത്യം) ഗാനമെന്ന ധനമുള്ളവനും അതിനെ വ്രതശുദ്ധിയോടെ അർപ്പിക്കുന്നവരുമായവർക്ക് ദർശനീയമാവുന്നു. അതിനാൽ ഞങ്ങളുടെ ഗീരുകള് (സ്തുതികൾ) അവനിൽ എത്തിച്ചേർന്ന് ആര്യന്മാരില് അഗ്നി ജനിപ്പിച്ച് വർദ്ധിപ്പിക്കട്ടെ.

4. അഗ്നിരുക്ഥേ പുരോഹിതോ ഗ്രാവാണോ ബർഹിരദ്ധ്വരേ
ഋചായാമി മരുതോ ബ്രഹ്മണസ്പതേ ദേവോ അവോ വരേണ്യം
ഉക്ഥത്തിൽ,(പറയപ്പെട്ട വാക്കിൽ) അഗ്നി പുരോഹിതനായിത്തീരുന്നു(ആദ്യം ജനിച്ചവൻ, മുമ്പിൽ നടക്കുന്നവൻ, നേതാവ്).അവന്റെ വാക്കുകൾ അദ്ധ്വരത്തില് (യജ്ഞം) അഗ്നി വർദ്ധിപ്പിക്കുന്ന കുശപ്പുല്ലുകളായി പ്രചോദിപ്പിക്കുന്നു. ഋക്കുകൾ അറിയുന്നവരായ മരുത്തുക്കളേ, ബ്രഹ്മണസ്പതേ,ഏറ്റവും വരേണ്യമായത് (ശ്രേഷ്ഠമായ വാക്കുകൾ)മാത്രം സ്രവിപ്പിക്കുക.

5. അഗ്നിമീഡിത്വാവസേ ഗാഥാഭിഃശീരശോചിഷം
അഗ്നിം രായേ പുരുമീഢശ്രുതം നരോഗ്നിഃസുദീയതേഛർദ്ദിഃ
അഗ്നിയെ സ്തുതിച്ച് ഐശ്വര്യത്തിനും രക്ഷക്കുമായി ഗാഥകൾ പാടുക. അവന്റെ കീർത്തി അളവറ്റതാണ്. അഗ്നിയെ ശ്രുതിയിൽ ധാരാളം സ്തുതിച്ചിരിക്കുന്നു. നരന്മാരേ, അഗ്നിയാണ് ഏറ്റവും സുരക്ഷിതമായ ഗൃഹം(ക്ഷേത്രം).

6. ശ്രുതീശ്രുത് കർണ്ണാ വഹ്നിഭിർദേവേരഗ്നേ സയാവഭിഃ
ആ സീദതുബർഹിഷി മിത്രോ അര്യമാ പ്രാതര്യാവദിരദ്ധ്വരേ
കേൾക്കുവാന് കര്ണ്ണങ്ങളും ധരിക്കുവാന് ബുദ്ധിയുമുള്ളവരേ, കേട്ടാലും .അഗ്നിയും ചൈതന്യരൂപമായ ദേവന്മാരുടെ അഗ്നിയും നിങ്ങളിൽത്തന്നെയാണുള്ളത്. പ്രാതകാലത്തും അദ്ധ്വരങ്ങളിലും നിങ്ങളിലിരിക്കുന്ന ആ പുല്ലുകളെ(ദർഭ എന്ന ഇന്ധനം)ജ്വലിപ്പിച്ച് മിത്രൻ,അര്യമാവ് ഇവരെ നിങ്ങളുടെ ഉള്ളിൽത്തന്നെ വർദ്ധമാനമാക്കുക.

7. പ്ര ദൈവോദാസോ അഗ്നിർദ്ദേവ ഇന്ദ്രോ ന മജ്മനാ
അനു മാതരം പൃഥിവീം വിവാവൃതേ തസ്ഥൌ നാകസ്യ ശർമ്മണി
ഓരോരോ ദൈവദാസനിലും (സൂര്യദാസൻ)ഇരിക്കുന്ന സൂര്യാഗ്നിയായ ദേവൻ ഇന്ദ്രനായി, ഭൂമിയിലെങ്ങും ഓരോരോ അമ്മയിലും അനാവൃതമായി അതുവഴി നാകത്തിന്റെ (സ്വർഗ്ഗം)ശർമ്മം (ആനന്ദം, മോക്ഷം) തരുന്നു

8. അധജ്മോ അധ വാ ദിവോ ബൃഹതോ രോചനാദധി
അയാ വർദ്ധസ്വ തന്വാ മമാ ജാതാ സുക്രതോ പുണ
നീ ഭൂമിക്കു താഴെയും സ്വർഗ്ഗത്തിനുപരിയും നിന്റെ അനുപമസൌന്ദര്യതേജ സ്സോടെ ബൃഹത്തായി വ്യാപിച്ചിരിക്കുന്നു. മനോഹരമായ ഈ പ്രപഞ്ചം,സൃഷ്ടിച്ച അഗ്നേ, നിന്റെ വേദവാണികളാൽ എന്റെ ജനിക്കാനിരിക്കുന്നവരെ(വരും തലമുറകളെ)സുക്രതുക്കളാക്കി വീണ്ടും വീണ്ടും വർദ്ധിപ്പിച്ചാലും.

9.കാം യമാനോ വനാത്വം യന്മാതൃരജഗാന്നപഃ
ന തത്തേ അഗ്നേ പ്രമൃഷേ നിവർത്തനം യദ് ദൂരേ സന്നിഹാഭുവഃ
ആനന്ദിക്കുന്ന പ്രപഞ്ചങ്ങളെ സൃഷ്ടിക്കാന് ഒരുങ്ങുന്ന നീ മാതൃപ്രകൃതിയുടെ രജസ്സുപോലുള്ള അണുക്കളെ (അന്നപാനാദികളിൽനിന്ന് ഉണ്ടായവ)നിയന്ത്രിച്ചു. അഗ്നേ, നിന്റെ അറിയാനാവാത്ത സർവ്വക്രിയകളും ഞങ്ങൾക്ക് മനസ്സിലായിട്ടില്ല. നീ എങ്ങനെ മാതൃപ്രകൃതി(matter)യിൽനിന്ന് ദൂരമായി ഇരുന്നിട്ടും (അന്യം, വ്യത്യസ്തം) അതിൽ മുഴുവനും വ്യാപ്തമായിരിക്കുന്നു, അതിനെ എങ്ങനെ സൃഷ്ടിക്കുന്നു.

10. നിത്വാമഗ്നേ മനുർഭുവേ ജ്യോതിർജനായ ശരവതേ
ദീദേഥ കണ്വഋതജാത ഉക്ഷിതോ യം നമസ്യന്തി കൃഷ്ടയഃ
അഗ്നേ, നിത്യവും മനനം ചെയ്ത ഞാൻ ജ്യോതിരൂപമായ നിന്നെ ദർശിക്കുന്നു. ശാശ്വതനും സർവ്വജനപൂജിതനും ആയ നീ നിന്റെ പ്രകാശം ഋതത്തിൽനിന്ന് ഉദിച്ച കണ്വനായ എന്നിൽ ചൊരിഞ്ഞു. ഞാൻ നമസ്കരിക്കപ്പെടേണ്ടവനാണെന്ന് കൃഷ്ടരാല് പറയപ്പെട്ടു.

ഭാഷ്യം
ഋഷിമാർ:- 1. വസിഷ്ഠൻ.2. ഭർഗ്ഗൻ, 3.7 സൌഭരി 4. മനു 5. സുദീതി പുരുമാഢൻ, 6 പ്രാസ്കണ്വൻ. 8 . മേധാതിഥി, മേധ്യാതിഥി 9 വിശ്വാമിത്രന് 10 കണ്വൻ.
ദേവത 1,7,9,10 അഗ്നി, 8 ഇന്ദ്രൻ.ഛന്ദസ്സ് ബൃഹതി.
ഒന്നാംസൂക്തം വസിഷ്ഠന്റേതാണ്. ഇതിൽ വസിഷ്ഠന് ഒരു ദ്രഷ്ടാവ്. . അഥവാ അമൃതത്വത്തിന്റെ ദൂതനെന്ന പ്രവാചകന്റെ സ്വരത്തിൽ തന്റെ ബ്രഹ്മാത്മതന്മയതയെ ആവിഷ്കരിക്കുന്നു. ഭഗവദ്ഗീതയില് കൃഷ്ണന് ഈ ഭാഷയില് സംസാരിക്കുമ്പോള് അമൃതത്വത്തിന്റെ ദൂതനായല്ല, അമൃതത്വമായിത്തന്നെയാണ് ആ തന്മയീഭാവം പ്രകടമാവുന്നത്. ഭർഗ്ഗന്റെ സൂക്തം ഊർജ്ജം(അഗ്നി)സർവ്വദ്രവ്യത്തിലും സദാ സർവ്വസാക്ഷിയായിരിക്കയും സർവ്വം സൃഷ്ടിക്കയും ചെയ്യുന്ന രാജാധിരാജനായ ആദിദേവനാണ് (ആദി മുതൽവന്). ഭൂമിയെ സംബന്ധിച്ചേടത്തോളം ഈ സ്ഥാനം സൂര്യദേവനാണ്. (സൂര്യനാരായണൻ).
3,7 സൂക്തം മാന്ധാതാവിന്റെ ജാമാതാവ് സൌഭരിയുടേത്. അദൃശ്യമായ ബ്രഹ്മം വ്രതശുദ്ധിയും കീർത്തനം പാടി സ്തുതിക്കുന്ന സ്വഭാവവുമുള്ളവരായ ആര്യജനങ്ങളിൽജനിച്ച് ,അഭിവ്യക്തമായി, അഭിവൃദ്ധി പ്രാപിച്ച് തലമുറകളിലേക്ക് പകരുന്നു എന്ന് കാണാം. ആര്യന്മാരെന്നാൽ വ്രതശുദ്ധിയുള്ള സാമഗായകരെന്ന് (വേദജ്ഞർ) അർത്ഥം. അത്തരം വ്യക്തികൾ വർദ്ധിച്ച് ലോകമെങ്ങും ഈശ്വരചൈതന്യം ദർശനീയമാവട്ടെ, ദർശനക്ഷമ

തയുള്ള പിൻഗാമികൾ(ശിഷ്യർ) ഉണ്ടാവട്ടെ എന്ന പ്രാർത്ഥനയാണ് സൂര്യ നിലിരിക്കുന്ന ശക്തിയായ സൂര്യഗായത്രിയെ ഉപാസിക്കുന്ന ഓരോ ദൈവ ദാസനും ദൈവദാസിയും ചെയ്യുന്നത്.ഓരോ യജ്ഞവും മഴയായി ,ജലമായി, രേതസ്സായി ഓരോ അമ്മയിലും (മൃഗ,പക്ഷി,മാനവജാതിയിലും സസ്യജാതിയിലുമുള്ള അമ്മ) അഭിവ്യക്തമായി പുതിയ ജീവാത്മാക്കളായി ആനന്ദവും മോക്ഷവും തരുന്നു. സൌഭരി കാളിന്ദിഹ്രദത്തിൽ തന്റെ കൂടെ വസിക്കുന്ന മത്സ്യങ്ങൾക്ക് സഖാവായി അവരുടെ വംശനാശം കണ്ട് പരിതപിക്കയും വംശനാശം വരുത്തിയ ഗരുഡനെ ശപിക്കയും ചെയ്ത കഥ ചേർത്തുവെച്ചുവായിച്ചാല് പരിസ്ഥിതി ,പ്രകൃതിസംരക്ഷണ ത്തിൽ ഋഷിമാരുടെ പങ്ക് വ്യക്തമാകും. നാലാം സൂക്തം തന്റെ പുരോ ഹിതനായി അഗ്നിയെ വരിച്ച് തനിക്കും തന്റെ പ്രജകൾക്കും തലമുറ കൾക്കും വരേണ്യമായ വാക്കുകള് മാത്രം ശ്രവിപ്പിക്കാന് പ്രാർത്ഥിക്കുന്ന മനുവി ന്റേതാണ്. മനുവംശത്തിന്റെ ധർമ്മനിഷ്ഠ പ്രസിദ്ധമാണ്. വൈവ സ്വതമനുവിന് വിവസ്വാൻ അഥവാ സൂര്യനെന്ന അഗ്നി (മുന്നിൽ നടന്ന വഴികാട്ടി, പുരോഹിതൻ) നൽകിയ ഉപദേശമാണ് ഞാനിപ്പോള് നിനക്കു തരുന്നതെന്ന ഗീതയിലെ ശ്രീകൃഷ്ണവാക്യം ഇതോടു ചേർത്തുവെച്ച് വായിക്കുക.(ഗ്രിഫിത്ത് ദൈവദാസനെന്ന പദം ദിവോദാസനെന്ന കാശിരാജാവ് എന്ന് കരുതുന്നു)
സുദീതിപുരുമീഢന്മാരുടെ നാമം (കവിമുദ്ര, ഋഷിമുദ്ര) ചേർന്നതാണ് അഞ്ചാം സൂക്തം. അഗ്നിമീളേ പുരോഹിതം എന്നത് അഗ്നിമീഡേ (ളകാരം ഡകാരമായി) ആവുന്നതിന്റെ നിയമം ഭാസ്കരരായന്റെ വരിവസ്യാരഹ സ്യഭാഷ്യത്തിലുണ്ട്. ശ്രുതിയിൽ ധാരാളം സ്തുതിക്കപ്പെട്ടവനെന്നതിനാല് അവർക്ക് (ഈ ഋഷിമാർക്ക്)മുമപേ ശ്രുതി (വേദം)ഉണ്ട് എന്നർത്ഥം.ഇവർ ചക്രവർത്തിപരമ്പരയാമ്. അവനവനിലും ബ്രഹ്മാണ്ഡത്തിലും പുല്ലുകളി ൽപോലും സമമായി പ്രവേശിച്ച ഊർജ്ജത്തെ അറിഞ്ഞ് ഉജ്വലിപ്പിച്ച് സൂ ര്യതേജസ്വികളാവുന്നതിനാണ് ആറാം സൂത്രത്തിൽ പ്രസ്കണ്വന് ഉദ്ബോധി പ്പിക്കുന്നത്. ആര്യമാ, മിത്രനെന്ന് രണ്ടു പദം സൂര്യപര്യായമാണ്. ഈ പര്യായം കൊടുത്തത് ആര്യന്മാരും അവരുടെ മിത്രങ്ങളും സർവ്വരും ബുദ്ധി,ശ്രോത്രശക്തി, മനനശേഷി ഇവകളോടുകൂടി വർദ്ധിക്കട്ടെ എന്ന ദ്വയാർത്ഥത്തിലാണ്. ഈശ്വരനിരിക്കുന്നത് നമ്മുടെ ഉള്ളിലാണെന്ന ബോധം ഉണ്ടാക്കുന്നതിനും ആ സാന്നിദ്ധ്യം പുല്ലിലും കൂടി ഉണ്ട് എന്ന് ചിന്തിപ്പി ക്കാനുമാണ് ശ്രമം.മേധാതിഥി,മേധ്യാതിഥിമാരുടെ എട്ടാം സൂക്തവും ഭൂമിക്കുതാഴെയും മുകളിലും (ത്രിഭുവനങ്ങൾക്കും ഉപരി)വ്യാപിച്ച അണ്ഡകടാഹത്തിന്റെ സോന്ദര്യലഹരിയിലാണ് പാടപ്പെടുന്നത്.
ഇപ്രകാരമൊരു ത്രിപുരസുന്ദരിയെ സൃഷ്ടിച്ച വേദവാക്ക് എന്ന അഗ്നി (ജ്ഞാനാഗ്നി) വരാനിരിക്കുന്ന എല്ലാ തലമുറകളേയും സുക്രതുക്കളാക്കണ മെന്നാണ് പ്രാർത്ഥന. വിശ്വാമിത്രന്റെ സൌന്ദര്യബോധത്തിലും ലഹരി യിലും (എട്ടാം സൂക്തം)ഇന്നത്തെ ഭൌതികശാസ്ത്രജ്ഞരെപ്പോലെ ശാസ്ത്രീ യമായി മനനം ചെയ്യുന്ന ഒരാൾ ചോദിച്ചുപോകുന്ന ഒരു ശാസ്ത്രപ്രശ്ന ത്തിന്റെ സൌന്ദര്യം കാണാതെ പോയാൽ നമ്മുടെ ഗവേഷണം അർത്ഥ ശൂന്യമാവും. അനേകം വികസ്വരങ്ങളായ അണ്ഡകടാഹങ്ങളും (Expanding

multiverse) അതീവ സൂക്ഷ്മമായ പരമാണുജാലവും ഒരുപോലെ സൃഷ്ടിച്ച് നിയന്ത്രിച്ച് ഇരിക്കുന്ന അഗ്നി എന്ന ഊർജ്ജത്തിന്റെ ക്രിയാശക്തി ഞങ്ങൾക്ക് പൂർണ്ണമായി ഇതുവരെ മനസ്സിലായിട്ടില്ല, ഞങ്ങളതിന് യത്നിച്ചുകൊണ്ടിരിക്കയാണ് എന്നാണിവിടെ ഋഷിവാക്യം. ഇത് ഇന്നത്തെ ശാസ്ത്രജ്ഞർക്കും ബാധകമാണ്. ദ്രവ്യപ്രകൃതിയിൽനിന്ന് അന്യവും അതീതവുമായ പരബ്രഹ്മശക്തി ദ്രവ്യപ്രകൃതിയെ സൃഷ്ടിക്കുന്നു, അതിൽ സർവ്വവ്യാപിയായിരിക്കുന്നു എന്ന ശാസ്ത്രസത്യത്തെയാണ് വിശ്വാമിത്രൻ ഇവിടെ പരാമർശിക്കുന്നത്. അവസാനസൂക്തത്തിൽ കണ്വനെന്ന ഋഷിമുദ്രയുണ്ട്. ഇത് ആദ്യസൂക്തത്തിൽ വസിഷ്ഠനെന്നപോലെ ഞാന് ദർശിച്ചു എന്ന് പറയുന്ന ഋഷിവാക്യമാണ്. നിത്യം മനനം ചെയ്യുന്ന, വ്രതശുദ്ധവും ഋതവും(സത്യം) ഉള്ള വ്യക്തിയിലേ ജ്യോതിർദർശനം സംഭവിക്കൂ എന്ന് കണ്വന്റെ വാക്കുകളിലുണ്ട്. ഈ യോഗദർശനമാണ് ഉത്കൃഷ്ടവ്യക്തികളാല് ഒരാളെ നമസ്കരിക്കപ്പെടേണ്ടവനാക്കി മാറ്റുന്നത്. അല്ലാതെ പണമോ മറ്റ് ലൌകികവസ്തുക്കളോ അല്ല.

പ്രപാഠകം 1 അർദ്ധം 2
ദശകം 6.

1. ദേവോ വോ ദ്രവിണോദാഃ പൂർണ്ണാ വിവഷ്ട്വാസിചം
   ഉദ്വാസിഞ്ചധ്വരാമുപ വാ പൃണദ്ധ്വമാദിദ്വോ ദേവ ദാഹതേ
   സമ്പൂർണ്ണമായി സമർപ്പിച്ച് ഉപാസിക്കുന്നവർക്ക് ദ്രവിണം നൽകുന്ന ദേവാ, ഹൃദയപാത്രം നിറച്ച് ഒഴുക്കുക. വീണ്ടും വീണ്ടും നിറക്കുക. ദാഹിച്ചവന്ന് ദേവൻ അതിവേഗം (ശമനജലം)നൽകുന്നു.
2. പ്രൈതു ബ്രഹ്മണസ്പതിഃപ്ര ദേവ്യേ തു സൂനൃതാ
   അഛാ വീരം നയം പങ് ക്തികാധസം ദേവായജ്ഞം നയന്തു നഃ
   അസത്യം ഒട്ടും കലരാത്ത ബ്രഹ്മണസ്പതിയുടെ വാക്കിലും ബ്രഹ്മണസ്പതിയിലും നാം എത്തിച്ചേരട്ടെ. ദേവന്മാർ നമ്മുടെ (ജീവിത)യജ്ഞത്തെ പങ്ക്തി,രാധസ്സുകളോടെ നയിച്ച് ശുഭ്രമായ ഫലവും വീരന്മാരായ തലമുറകളേയും തരട്ടെ
3. ഊർദ്ധ്വം ഊ ഷ് ഠ ണ ഊതയേ തിഷ്ഠാദേവോ ന സവിതാ
   ഊർദ്ധ്വോ വാജസ്യ സനിതാ യദഞ്ജിഭിവധിദ്ഭിർ വിഹ്വയാമഹേ
   സവിതാവിനെപ്പോലെ എല്ലാത്തിനും മുകളിൽ, സ്ഥിരപ്രതിഷ്ഠ നേടട്ടെ. ഞങ്ങൾ നിന്റെയും ജ്ഞാനികളുടേയും കൃപയാൽ അത്യുന്നതശക്തി (ആത്മശക്തി) പ്രാപിക്കട്ടെ.
4. പ്രയോ രായേ നിനീഷതി മർത്തോ ലസ്തേ വസോ ദാശത്
   സവീരം ദത്തേ അഗ്നഉക്ഥശംസിതാത്മനാസഹസ്രപോഷിണം
   സർവ്വവ്യാപിൻ,ശാശ്വതധനം ആഗ്രഹിക്കുന്ന മനുഷ്യൻ പൂർണ്ണമായി നിന്നില് സമർപ്പിക്കുന്നു. അഗ്നേ, ഉക്ത്ഥം (വേദവാണി)അനുശാസിക്കപ്പെട്ട വീരപുത്രനെ നീ (അവർക്ക്) കൊടുക്കുന്നു.   ആയിരമായിരം ജനങ്ങളെ പോഷിപ്പിച്ച് സംശിച്ച് (പഠിപ്പിച്ച്) അവരുടെ ശാസ്താവ് (ശാസിതാവ്, ഗുരു) ആകുന്നു.
5. പ്ര വോ യഹ്വം പുരൂണാം വിശാം ദേവയനീനാം
   അഗ്നിർ സൂക്തേഭിർവചോഭിര് വൃണീമഹേയംസമിദന്യ ഇന്ധതേ
   അനേകം വേദസൂക്തങ്ങളാലും വചസ്സുകളാലും ഞങ്ങൾ അഗ്നിയെ സ്തുതിക്കു

ന്നു. അഗ്നി തന്റെ ഉപാസകരേയും മറ്റുള്ളവരേയും (അന്യർ,ഉപാസകരല്ലാത്തവർ) അനുഗ്രഹിക്കുന്നവനാണ്.

6. അയമഗ്നിഃസുവീര്യസ്യേശേ ഹി സൌഭഗസ്യ
രായ ഈശോ സ്വപത്യസ്യ ഗോമത ഈശോ വൃത്രഹതാനാം
ഈ അഗ്നി സുവീര്യം,ഈശിത്വം, സൌഭഗം, രാജത്വം, ശത്രുക്കളേയും രോഗങ്ങളേയും ഹനിക്കുന്ന ഈശ്വരത്വം ,സ്വജനനായകത്വം ഇവയോടു ചേർന്നവനാണ്.

7. ത്വമഗ്നേ ഗൃഹപതിസ്ത്വം ഹോതാ നോ അദ്ധ്വരേ
ത്വം പോതാ വിശ്വവാര പ്രചേതാ യക്ഷിയാസി ച വാര്യം
അഗ്നേ, നീ ഗൃഹപതിയാണ്. നീ അദ്ധ്വരത്തിൽ ഹോതാവാണ്. നീ പോതാവും വിശ്വവാരയും പ്രചേതസ്സുമാണ്. എന്തെല്ലാം ഐശ്വര്യം നീ തരുന്നുവോ അതെല്ലാം നിന്റേതു മാത്രമാണ്.

8. സഖായസ്ത്വാ വവൃമഹേ മർത്താസ ഊതയേ
അപാം നപാതം സുഭഗം സുദാസസം സുപ്രതൂർത്തിമനേഹസം
അഗ്നേ,നിന്റെ സഖാക്കളായ ഞങ്ങൾ,മനുഷ്യർ,നിന്നെ വരിക്കുന്നു.നീ ഞങ്ങളുടെ ധർമ്മസംരക്ഷകനാണ്. സുഭഗനും ഉയർന്ന കർമ്മം മാത്രം ചെയ്തവനും ദോഷം നശിപ്പിക്കുന്നവനുമായ നീ ആനന്ദമൂർത്തിയും അജയ്യനുമാണ്.

ഭാഷ്യം ഋഷിമാർഃ- 1, 7 വസിഷ്ഠൻ. 2,3,5 കണ്വൻ. 4 സൌഭരി, 6 ഉത്ക്കീലൻ. 8 വിശ്വാമിത്രൻ. ദേവത- 1, 4- 8 അഗ്നി .2 ബ്രഹ്മണസ്പതി. 3 യൂപം ഛന്ദസ്സ് ബൃഹതി. സ്വരം മദ്ധ്യമം.

രണ്ടാമത്തെ സൂക്തത്തിലെ പംക്തിരാധസം- ദേവീചന്ദ് ഇതിനെ 5 കർമ്മേന്ദ്രിയം, 5 ഋത്വിക്ക് എന്ന് പറയുന്നു. ഗ്രിഫിത്ത് ധാന്യം, കഞ്ഞി,ഉറതൈർ, അരിമാവ്,പാല് എന്ന് 5 സോമദ്രവ്യമായി കരുതുന്നു. ഗ്രിഫിത്ത് ജീവിതയജ്ഞത്തെ ബാഹ്യലൌകികാർത്ഥത്തിലാണ് ആത്മീയാർത്ഥത്തിലല്ല കാണുന്നത്. രാധസമെന്ന വാക്കിനോട് ചേർന്നാണ് പാങ് ക്തം എന്ന പദം ഇവിടെ വരുന്നത്. പഞ്ചജനങ്ങളുടേയും പഞ്ചഭൂതങ്ങളുടേയും പാംക്തം കൊണ്ടുള്ള രാധസ്സാണ് പറയപ്പെട്ടത്. ഐതരേയോപനിഷത്തിൽ ഈ പാംക്തങ്ങളെ വിശദമാക്കിയിട്ടുണ്ട്. (സുധാസിന്ധു -മധുമതി -ഐതരേയോപനിഷത്ത്ഭാഷ്യം ഡിസി ബുക്സ് 2003)

മൂന്നാം സൂക്തം ദേവത യൂപമാണ്. ഊർദ്ധ്വമെന്ന വാക്കിന് സായണന് യൂപമെന്ന് അർത്ഥം പറയുന്നു.യജ്ഞപശുവെ ബന്ധിച്ച യൂപം(തൂണ്) എന്നർത്ഥത്തിലല്ല ഇത്. ശൈവാഗമത്തിലുള്ളതുപോലെ സർവ്വജീവജാലങ്ങളും യജ്ഞപശുക്കളാണ്. അവരെല്ലാം ഭൂമിയോട് (യൂപത്തിന്റെ കീഴറ്റം) ബന്ധിതരാണ്. യൂപത്തിന് ഭൂമി, ഭുവർ,സുവർല്ലോകമെന്ന 3 ലോകങ്ങളേയും കടന്നുനിൽക്കുന്ന രാജഗോപുരസ്ഥാനമാണ്. ഭൂമിയിലുള്ള പശുക്കള്ക്ക് സ്വർല്ലോകത്തിന്റെ സിംബലായ സൂര്യനാണ് ഊർജ്ജ(വീര്യ)ധാതാവ്. ഭൂർഭുവർസ്വർല്ലോകോപരിയുള്ള മഹർലോകാദികളില് പ്രതിഷ്ഠ നേടാന് ഹിരണ്മയപാത്രത്താല് മൂടിയ സൂര്യദ്വാരം കടന്നുപോകണം. സവിതാവ് അതിനാൽ ദൃഷ്ടമായ യൂപഭാഗത്തിന്റെ ഊർദ്ധ്വഭാഗമാണ്.അഞ്ചാം സൂക്തത്തിൽ കണ്വന് തുടർന്ന് സൂര്യന് തന്നെ ഉപാസിച്ചാലും ഇല്ലെങ്കിലും സർവ്വജീവജാലങ്ങൾക്കും തന്റെ ഊർജ്ജം പകരുന്നവനാണെന്ന് എടുത്തുപറയുന്നു. സർവ്വത്യാഗത്തിലൂടെ സർവ്വർക്കും ഒരുപോലെ ഹിതകാരികളും നേതാക്കളും ആയി വിദ്യ പകരുന്ന ഗുരു സൂര്യതുല്യനാണ്. (സൌഭരിസൂക്തം 4 ഈ സൂര്യഗുണം പറയുന്നു) ഈ വിധഗുണങ്ങൾ നിറഞ്ഞ ഉൽക്കീലനെന്ന അഗ്നിയെ പരാമർശിക്കുന്നു. ദ്രവിണൻ, പൂർണ്ണം, ഗൃഹപതി, ഹോതാവ് ,പോതാ, വിശ്വവാര,പ്രചേതസ്സ്, യക്ഷി, വാര്യം മുതലായ പദപ്രയോഗങ്ങൾ ശ്രദ്ധേയമാണ്. ബോധായനെന്നതിന്റെ ദ്രാവിഡശബ്ദമാ

ണ് പോതായനൻ. തമിഴിലും മലയാളിനമ്പൂതിരി ബ്രാഹ്മണർക്കിടയിലും വസിഷ്ഠന്റെ ഈ പ്രാചീനദ്രാവിഡവേദവാണി (പോതായൻ)ഇന്നും പ്രചാര ത്തിലുണ്ട്.

വാരം എന്നാൽ തൊഴില് അഥവാ കഴകം. ദിനംപ്രതി ,വാരം തോറും ഓരോ വ്യക്തിയും ഈശ്വരാർത്ഥമായി അനുഷ്ഠിക്കുന്നവയും അല്ലാത്തവയുമായ അനേകം കർമ്മങ്ങളുണ്ട്.സാമാന്യമായി ഇവയെല്ലാം വാരത്തിൽപ്പെടും. എന്നാൽ വിശേഷമായി, ദേവാലയത്തിൽ ഈശ്വരാർത്ഥം ചെയ്യുന്ന സേവനകർമ്മങ്ങ ളാണ് വാരങ്ങൾ. പ്രപഞ്ചത്തിൽ (വിശ്വത്തിൽ)ചെയ്യപ്പെടുന്ന സർവ്വകർമ്മവും വിശ്വവാര എന്ന ശക്തിയുടേതാണ്. അവയെല്ലാം ശക്തിസ്വരൂപമായ ഊർജ്ജ ദേവതയിൽത്തന്നെ ചെന്നുചേരുന്നു. അർപ്പിക്കപ്പെടുന്നു. അതിനാലാണ് ആദ്യ സൂക്തത്തിൽത്തന്നെ ഇതേ ഋഷി നമ്മുടെ പാത്രം നിറച്ച് വീണ്ടും വീണ്ടും ആ അഗ്നി (ഊർജ്ജ)ദേവതയിൽത്തന്നെ ആവർത്തിച്ചുസമർപ്പിക്കുന്ന പൂർണ്ണാഹൂതിയെ പരാമർശിച്ചത്. വിശ്വവാര വസിഷ്ഠഗോത്രത്തിൽ (വസിഷ്ഠഗോത്രം പരാശരന്മാരുടേയും ശക്തിപുത്രനായ പരാശരന്റേയും വ്യാസന്റേയും ഗോത്ര മാണ്) പിറന്ന ഋഷികയാണ്. വാക്ക് അഥവാ സരസ്വതി എന്ന അഗ്നിയെയാണ് ഇവിടെ പത്മാവതിയക്ഷിരൂപമായി പറയുന്നത്. ഭരതമുനിയും സരസ്വതിയെ ഇപ്രകാരം യക്ഷിരൂപമായി പറഞ്ഞിരിക്കുന്നു. സംഘകാലത്തെ ചിലപ്പതികാര വും ഇതേ രീതി ആവർത്തിക്കുന്നു. പനച്ചിക്കാട്ട് സരസ്വതിക്ഷേത്രത്തിലും ജല നിർഝരികളോടു ബന്ധപ്പെട്ട് (സരസ്വതീസ്രോതസ്സ്) സർവ്വൈശ്വര്യവും വാക്കും തരുന്ന സരസ്വതി,യക്ഷിബന്ധം കാണാം. വിദ്യ യക്ഷന്മാരിലും ഗന്ധർവ്വന്മാരി ലും ഇരിക്കുന്നതായി ഉപനിഷത്തുകളും പുരാണങ്ങളും പറയുന്നു.. ജലപാത ങ്ങളോടടുത്ത് കാണുന്നതും ജലത്തിലുള്ളതുമായ വിദ്യാദേവതകളുടെ മേധയായി സരസ്വതിയെ വേദം പറയുന്നുണ്ട്. അവൾ ഗന്ധർവ്വന്മാരിലിരിക്കുന്ന മേധ എന്ന് ഉപനിഷത്തുക്കളിലും വിളിക്കപ്പെടുന്നു. ശ്രീവിദ്യോപാസനയുടെ വൈദി കമായ വേരുകൾ ഇതിലെല്ലാം കാണാനാവും. വിശ്വാമിത്രന് കർമ്മ(യജ്ഞ)സം രക്ഷണത്തിനായി വരിക്കുന്ന അഗ്നി (സൂക്തം 8) വസിഷ്ഠശിഷ്യനായ ശ്രീരാ മനാണ്.

ദശകം 7

1. ആ ജൂഹോതാ ഹവിഷാ മർജ്ജയദ്ധ്വം നിഹോതാരം ഗൃഹപതിം ദധിദ്ധ്വം ഇഡസ്പദേ നമസാ രാതഹവ്യം സപർവ്വതാ യജതം പസ്ത്യാനം
   ഹവിസ്സാൽ നിത്യവും ഹോതാവും ഗൃഹപതിയും ഇഡസ്പതിയുമായ തിനെ ആരാധിക്കുക. പൂർണ്ണസമര്പ്പണം ചെയ്യുക. നമസ്കാരത്താലും യജനത്താലും നമുക്ക്(അവൻ)പൂർണ്ണഫലം തരുന്നു.
2. ചിത്ര ഇച്ഛിതോസ്തരുണസ്യ വക്ഷയോനയോ മാതരാവന്വേതി ധാതവേ അനൂധാ യദജീജനദധാ ചിദാ വവക്ഷത് സദ്ധ്യോ മഹിം ദൂത്യാം3ചരൻ
   അമ്മയുടെ മാറിലുറങ്ങുന്ന കുഞ്ഞിനെപ്പോലെ ശാന്തമായി (അവൻ)ലോകമാ കെ വ്യാപിക്കുന്നു. ശക്തിയാൽ (അവൻ)സദാ തരുണമാണ്. വിശ്വത്തെ നിലനിർത്തുന്ന അവന്റെ ശക്തി വിചിത്രമാണ്.. ആ ശക്തിക്ക് (അവൻ) സൂര്യനെന്ന അഗ്നിയേയോ ,സർവ്വജീവനും അമ്മയായ ഭൂമിയേയോ ആശ്രയിക്കുന്നില്ല.അവനിൽനിന്നാണ് സർവ്വപ്രപഞ്ചത്തിനും ചിദ്(ചൈതന്യം, ഊർജ്ജം,വെളിച്ചം) ലഭിക്കുന്നത്. ആ ചിത്തിനാൽ (കുഞ്ഞിനെപ്പോലെ ശാന്തമായി)സർവ്വത്ര വ്യാപിക്കുന്നു.
3. ഇദം ത ഏകംപര ഉ ച ഏകം തൃതീയേന ജ്യോതിഷം സം വിശസ്വ സംവേശനസ്തന്വേ3 ചാരുരേധി പ്രിയോ ദേവാനാം പരമേ ജനിത്രേ
   നിന്റെ ഒരു അഭിവ്യക്തരൂപം ഈ ദൃശ്യലോകം. മറ്റൊന്ന് സൂര്യലോകം.

മൂന്നാമത്തേതായ ജ്യോതിഷത്താൽ (ജ്യോതിസ്സാൽ)സർവ്വവിശ്വവും നീ വ്യാപിച്ചിരിക്കുന്നു.ഈ മൂന്നാമത്തേതിനാല് സംവേശനം ചെയ്ത് പ്രസരിച്ച നീ (expanding)ആ പരമമായ ജനിത്രത്തിൽ (ജന്മഗൃഹത്തിൽ)വാഴുന്ന സർവ്വ പ്രകാശവാന്മാർക്കും (ദേവന്മാരും പൌരാണികഋഷിമാരുടെ ആത്മാക്കളാകുന്ന നക്ഷത്രങ്ങളും) പ്രിയങ്കരമാണ്.

4. ഇമം സ്തോമമർഹതേ ജാതവേദസേ രഥമിവ സം മഹേമാ മനീഷയാ
   ഭദ്രാ ഹി നഃപ്രമതിരസ്യ സംസദ്ധ്യഗ്നേ മാരിഷാ മാ വയം തവ
   ജാതവേദസ്സായ അഗ്നേ, മനീഷയാൽ രഥം പോലെ മനോഹരമായി സൃഷ്ടിച്ച ഈ സേതോമങ്ങൾ നിനക്കായി അർപ്പിക്കുന്നു. നിന്റെ സംസദിൽ(പരിഷത്ത്, സദ്സംഘം)നിന്റെ സഖ്യത്തിൽ ഞങ്ങൾക്ക് സദാ ഭദ്രം (സർവ്വതോഭദ്രം) മാത്രം ലഭിക്കുന്നു.
5. മൂർദ്ധ്നിം ദിവോ അരതിം പൃഥിവ്യാ വൈശ്വാനരമൃത ആജാതമഗ്നിം
   കവിം സമ്രാജമതിഥിം ജനാനാമാസന്തഃപാത്രം ജനയന്ത ദേവാഃ
   ദിവത്തിന്റെ മൂർദ്ധാവില് ,ഭൂമിയുടെ പ്രഭുവായി,വൈശ്വാനരമായി , കവിയും സാമ്രാട്ടും അതിഥിയും ജനങ്ങളിൽവെച്ച് ആദ്യനും പ്രശംസാപാത്രവും ആയി ജനിച്ച അഗ്നിയെജ്ഞാനികൾ വാഴ്ത്തുന്നു.
6. വി ത്വദാപോ ന പർവ്വതസ്യ പൃഷ്ഠാദുക്ഥേഭിരഗ്നേ ജനയന്തദേവാഃ
   തം ത്വാ ഗിരഃ സുഷ്ഠുതയോ വാജയന്ത്യാർജ്ജിം ന ഗിര്വ്വവാഹോജിഗ്യുരശ്വാഃ
   ജലം പർവ്വതപൃഷ്ഠങ്ങളിൽനിന്നെന്ന പോലെ ജ്ഞാനികള് നിന്നാല് പ്രചോദിതരായി വർദ്ധിച്ച് പ്രവർത്തിക്കുന്നു.ഉത്തമാശ്വങ്ങൾ ഒറ്റ ഗീരു(വാക്ക്) കൊണ്ട് തന്നെ യുദ്ധം ജയിക്കുന്നു. അതുപോലെ ഞങ്ങളുടെ സൃഷ്ടികളായ നിന്നെ കീർത്തിച്ച ഗീരുകള് ഞങ്ങളെ ജയിപ്പിക്കുന്നു.
7. ആ വോ രാജാനമദ്ധ്വരസ്യ രുദ്രം ഹോതാരം സത്യയജം രോദസ്യോഃ
   അഗ്നിം പുരാ തനയിത്നോരചിതാദ്ധ്വിരണയരൂപമവസേ കൃണുദ്ധ്വം
   അദ്ധ്വരാവസാനം ഇടിവെട്ടുപോലെ മൃത്യുവന്ന് പുരങ്ങളെ ദഹിപ്പിക്കും മുമ്പേ രക്ഷക്കായി, അദ്ധ്വരത്തിന്റെ രാജാവും ഹോതാവും സത്യയജസ്സും രോദസ്സും രുദ്രനുമായഅഗ്നിയുടെ ഹിരണ്യരൂപം ധ്യാനിക്കുക.
8. ഇന്ധേ രാജാ സമര്യോ നമോഭിര്യസ്യ പ്രതീകമാഹുതം ഘൃതേന നരോ ഹവ്യേഭിരീഡതേ സബാധ അഗ്നിരഗ്രമുഷസാമശോചി
   പ്രകാശസ്വഭാവിയും ഘൃതത്താൽ ആഹൂതി ചെയ്യുമ്പോള് പ്രതീകഭാവത്തിൽ വർദ്ധിക്കുന്നവനും മനുഷ്യഹൃദയങ്ങളില് (ജ്ഞാന)പ്രകാശമായിരിക്കുന്നവനും (ഹൃദയാർപ്പണഹവ്യത്താല് ജ്ഞാനരൂപേണ വർദ്ധിക്കുന്നു) ഉഷസ്സുതോറും പ്രകാശം ചൊരിയുന്നവനുമായ അഗ്നിയെ ഉപാസിക്കുക.
9. പ്ര കേതുനാ ബൃഹതാ യാത്യഗ്നിരാ രോദസി വൃഷഭോ രോരവീതി
   ദിവശ്ചിദന്താദുപമാനദാനഡപാമുപസ്ഥേ മഹിഷോവവർദ്ധഃ
   ബൃഹത്തായ ജ്ഞാനാഗ്നിയുടെ കേതു (കൊടി)അഭിവ്യക്തമാകുന്നു. ആ വൃഷഭസ്വരം ഭൂമിയിലും നഭസ്സിലും രോദിക്കുന്നു(രണ്ടിനേയും പിളർക്കുന്നു). ദിവത്തിന്റെ (പ്രകാശലോകങ്ങളുടെ)സീമകളിൽനിന്നാണ് അവന് നമ്മുടെ ഹൃദയത്തിൽ പ്രവേശിച്ചത്. അനേകം കർമ്മങ്ങൾക്കിടയില് ആ മഹത്ത് (മഹിഷം)വർദ്ധിക്കുന്നു.
10. അഗ്നിം നരോ ദീധിതി ഭിരരത്യോർഹസ്തച്യുതം ജനയതപ്രശസ്തം
    ദൂരേദൃശം ഗൃഹപതിമഥവ്യും
    നരന്മാരേ, ശക്തമായ കൈകൾ,ജ്ഞാനം ഇവകൊണ്ട് ,(ഇവകളാകുന്ന) അരണി ഉപയോഗിച്ച് ബുദ്ധികൊണ്ടും മനസ്സുകൊണ്ടും പ്രശസ്തമായ

അഗ്നിയെ അച്യുതമായി മനസ്സിൽ ജനിപ്പിച്ച് അറിഞ്ഞാലും. ആ അഗ്നി ദൂരദൃക്കും, ഗൃഹപതിയും ആയി ഹൃദയത്തിൽ തന്നെ ഉണ്ട്.

ഭാഷ്യം

ഋഷിമാർഃ- 1 ശ്വാവാശ്വനും വാമദേവനും 2. ഉപസ്ഥൂതനും വാർഷ്ടിഹവ്യനും , 3. ബൃഹദുക്തൻ, 4 കുത്സൻ, 5, 6, ഭരദ്വാജൻ, 7 വാമദേവൻ,,8, 10. വസിഷ്ഠൻ. 9 ത്രിശിരസ്സ് , ത്വാഷ്ടൻ,
ദേവത അഗ്നി. ഛന്ദസ്സ് ത്രിഷ്ഠുപ്പ്-1,3,5-9
ജഗതി 2, 4.
ത്രിപാദ്വിരാട് ഗായത്രി 10.
സ്വരം- 1,3,4-9 ധൈവതം 2,4 നിഷാദം 10 ഷഡ്ജം ഇവിടെ ഇതുവരെ ഉപയോഗിച്ചിട്ടില്ലാത്ത സ്വരങ്ങളും ഛന്ദസ്സുകളും ഇതുവരെ പേരു പറഞ്ഞിട്ടില്ലാത്ത ചില ഋഷിമാരും പ്രത്യക്ഷപ്പെടുന്നു. ആദ്യമന്ത്രത്തിലെ ഇഡ എന്ന പദം കുണ്ഡലിനിയുടെ താന്ത്രികാരാധന വൈദികകാലത്തുണ്ടായിരുന്നതിനെ സൂചിപ്പിക്കുന്നു. ദ്രാവിഡമായ ളകാരവും ഡകാരവും പരസ്പരം മാറ്റാവുന്നതും (ഉച്ചാരണത്തിൽ)അഭേദവുമാകയാൽ ഇഡസ്പതിയാണ് ഇളസ്പതി അഥവാ ഭൂമിയുടെ ഭർത്താവ്(വിഷ്ണു)ചന്ദ്രപുത്രനായ ബുധൻ ഇളസ്പതിയും ബുധപുത്രനായ പുരൂരവസ്സ് ഐളനുമാണ്. മുൻസൂക്തത്തിൽ പറഞ്ഞ യക്ഷസംബന്ധമായ കാര്യങ്ങള് ശ്രദ്ധിച്ചാല് കുവേരന്റെ (കുബേര) അമ്മയായ ഇഡവിഡ (ഇളബിള)ഭൂമിയും (വിഡ-വിദ്ധ-വിച്ച-വിജ്ജ,വാക് എന്ന വിദ്യ)വിഡ വാക്കുമാണെന്ന് കാണാം. അഗസ്ത്യൻ മൈത്രാവരുണിയും വസിഷ്ഠസഹോദരനുമാണെന്ന് പ്രസിദ്ധമാണ്. (വ്യാസന്റെ പൂർവ്വികനുമാണ്) വൈദികതാന്ത്രികസമ്പ്രദായങ്ങളുടെ വേര് ഒന്നു തന്നെയാണെന്ന് അർത്ഥം.
ദശകം 2, ശുനശേഫൻ ഋഷിയായ 5ആം സൂക്തം തദ്വിവിഡ്ഢി വിശേ വിശോ എന്ന പദങ്ങളുപയോഗിക്കുന്നു. ഈ ദശകത്തിലെ ഒമ്പതാം സൂക്തത്തിലെ ത്രിശിരസ്സായ ത്വാഷ്ടന്റെ (വിശ്വരൂപ)ഢപാന്തമായ വർണ്ണങ്ങളെ ശ്രീവിദ്യോപാസനയിൽ കാണുക., ഏഴാം സൂക്തത്തിൽ വാമദേവന് പറഞ്ഞ സംഹാരരുദ്രനായ മൃത്യുദേവന് ഋഷഭവും മഹിഷവും വാഹനമാണ്. ഈ രണ്ടു പദവും 9ആം സൂക്തത്തിൽ ത്രിശിരസ്സ് ഉപയോഗിക്കുന്നുണ്ട്. 8, 10 സൂക്തങ്ങളില് സ്വാത്മാവിലിരിക്കുന്ന ജ്ഞാനശക്തിയെയാണ് പ്രതീകരൂപത്തിൽ വസിഷ്ഠന് ഉപാസിക്കാന് പറയുന്നത്. കർമ്മം,ജ്ഞാനം, അരണിയാൽ യജ്ഞാഗ്നിജ്വലനം, ബുദ്ധി,മനസ്സ് ഇവയിൽ ദൂരദൃക്കായി ,പ്രഗത്ഭമായി, സ്വഹൃദയത്തിൽ സ്വക്ഷേത്ര(സ്വഗൃഹ)ത്തിലിരിക്കുന്ന പ്രജ്ഞാശക്തിയെ (ഇഛാജ്ഞാനക്രിയാശക്തി)യാണ് മനുഷ്യൻ താന്തികമായും വൈദികമായും ,യോഗം,ഭക്തി ഇവകളാലും ഉജ്വലമാക്കുന്നത്.ബാഹ്യലോകത്തിലും ആന്തരലോകത്തിലും പ്രവർത്തിക്കുന്ന ഊർജ്ജം ഒരേ ഒന്നിന്റെ നാനാവിധമായ അഭിവ്യക്തിയാണെന്ന് തിരിച്ചറിഞ്ഞാലേ ബ്രഹ്മജ്ഞാനം ലഭിക്കൂ. അത്തരം ബ്രഹ്മജ്ഞാനികളുടെ സദ്സംഗം ലഭിക്കാൻ ഓരോ വ്യക്തിയും പ്രയത്നിക്കുന്നത് അഭ്യുദയ,നിഃശ്രേയസങ്ങൾക്ക് കാരണമായിത്തീരുന്നു..

ദശകം 8

1. **അബോധ്യഗ്നിഃസമിധാ ജനാനാം പ്രതി ധേനുമിവായതീമുഷാസം**
   യഹ്വാ ഇവ പ്രാവയാമുജ്ജിഹാനാഃപ്ര ഭാനവഃസസ്രതേ നാമമഛഃ
   സമിത്തിനാൽ ജനങ്ങള്തോറും അഗ്നി ബോധിക്കപ്പെടുന്നു. ഓരോ പുതിയ ഉഷസ്സിലും ധേനുക്കൾതോറും പാലു ചുരത്തപ്പെടുന്നു. പ്രാണനെ ഉയർത്തുന്ന ക്രിയയാൽ അഗ്നി ഓരോ യോഗിയിലും മനുഷ്യനിലും ഉണരുന്നു. പക്ഷിക

ൾ ഉയർന്നു പറക്കുംപോലെ സ്വതന്ത്രമായി ഓരോരോ സൂര്യരശ്മിയും സ്ര വിച്ച് ഉയർന്ന് നാകത്തെ (സ്വർഗ്ഗം) കടന്നുപോകുന്നു.

2. പ്ര ഭൂർജയന്തം മഹാം നിപോധാം മൂരൈരമൂരം പൂരാം ദർമ്മാണാം നയന്തം ഗീഭിർവ്വണാ ധിയം ധാ ഹരിശ്മശ്രും ന വർമ്മണാ ധനർച്ചിം
സൂര്യന്റെ സുവർണ്ണരശ്മികളാകുന്ന ശ്മശ്രുക്കളാല് (ഹരിശ്മശ്രും) വർമ്മം അഥവാ കവചം ധരിച്ച് ശക്തനായി നമ്മെ നയിക്കുന്നവനും ,ഭൂമിയുടെ ജയന്തനും (ജയിച്ചവൻ,ഭൂഭർത്താവ്, ഇന്ദ്രപുത്രനായ ജയന്തൻ, മഹാവിഷ്ണു) മഹത്തും വിപത്തുക്കളെ നീക്കി, അമരത്വം അരുളുന്നവനും എങ്ങും (സർവ്വ ചരാചരഹൃദയത്തിലും) നിറഞ്ഞതുമായ അവനെ ഗീരുകളാലും ധീയാലും അറിഞ്ഞ് സ്തുതിക്കുക.

3. ശുക്രം തേ അന്യധ്വജതം തേ അന്യദ്വിഷ്ഠരൂപേ അഹനിദ്യൌരിവാസി വിശ്വാ ഹി മായാ അവസി സ്വധാവൻഭദ്രാ തേ പൂഷന്നീഹരാതിരസ്തു
നിന്റെ വെളുത്ത(ശുക്ര)ശുദ്ധരൂപം ജ്ഞാനമാണ്. ധ്വജരൂപം കർമ്മമാണ്. ഒന്ന് അഹസ്സും ദ്യോവും. മറ്റേത് രാത്രിയും ഭൂമിയും. നീ സൂര്യസദൃശമാണ്. അന്നം,ജീവൻ,ഇവ തന്ന് പ്രപഞ്ചത്തിന്റെ അപൂർവ്വശക്തികളെ പോഷിപ്പിക്കുന്നു. നിന്റെ സ്വധാമം ഇവിടെ ഭദ്രം തരുന്നു.

4. ഇഡാമഗ്നേ പുരുദംസം സനിം ഗോഃശശ്വതം ഹവമാനായ സാധ സ്യാന്നാഃസൂനുസ്തനയോ വിജ്ഞാവാഗ്നേ സാ തേ സുമുനിർഭൂത്വസ്മേ
ഇഡ(ള)യിലെ(യുടെ)അഗ്നി ഇഡ(ള)ക്ക് അനേകം ഐശ്വര്യം ,ഗോക്കൾ, വാക്ക്, ജ്ഞാനം എന്നിവയെ ഹവനം ചെയ്യുന്നവർക്ക് ശാശ്വതമായി നൽകുന്നു. ഞങ്ങൾക്ക് ജ്ഞാനവും വാക്കും കർമ്മവും പോഷിപ്പിക്കാന് അനേകം മക്കളേയും പേരക്കുട്ടികളേയും തരുന്നു.

5. പ്ര ഹോതാ ജാതോ മഹാന്നഭോവിന്നൃഷത്മാ സീദദപാംവ്വിവർത്തേ ദധധ്യോ ധായി വയാംസി യന്താ വസൂനി വിധതേ തനൂപാഃ
മഹാനഭസ്സിൽ മുഴുവന് വ്യാപ്തമായിരുന്ന് ,സർവ്വത്തേയും പ്രവർത്തിപ്പിക്കുന്ന അതേ ചൈതന്യം വിവർത്തരൂപമായി ഓരോ ജീവിയിലും ഹോതാവിലും അതാത് കർമ്മഫലം തരാനായി ഇരിക്കുന്നു. ഓരോരോ ശരീരിയും ഉപാസകനും ഇച്ഛിക്കുന്ന ധനവും അന്നവും മറ്റെല്ലാ വസ്തുക്കളും അപ്രകാരം നമ്മിൽത്തന്നെ ഇരുന്ന് നമുക്ക് നൽകുന്നു.

6. പ്ര സാമ്രാജ്യമസുരസ്യ പ്രശസ്തം പുംസഃകൃഷ്ടീനാമനുമാദ്യസ്യഃ ഇന്ദ്രസ്യേവ പ്രതവമസ്കൃതാനിം വന്ദദ്വാരാ വന്ദമാനാ വിവഷ്ടു
മനുഷ്യരേ, നിങ്ങൾ എപ്രകാരം പ്രശസ്തപുരുഷനായ സൂര്യന്റെ ആകർഷണശക്തി, ജീവൻ പ്രദാനം ചെയ്യുന്ന കർമ്മം, തന്റെ സാമ്രാജ്യം(സൌരയൂഥം)സൃഷ്ടിച്ച് നിലനിർത്തുന്ന വിധം, എന്നിവ അറിയുന്നുവോ അതുപോലെത്തന്നെ ജീവനും ശക്തിയും അരുളുന്നവന്റെ (സൂര്യനും അതീതമായ പുരുഷന്റെ)ഗുണകർമ്മങ്ങളും അറിഞ്ഞ് അതിനെ വന്ദനം പാടിക്കൊണ്ട് വന്ദിക്കുവിൻ.

7. അരണ്യോർനിഹിതോജാതവേദാ ഗർഭ ഇവേത്സുഭൂതോ ഗർഭിണിഭിഃ ദിവേദിവ ഇനസ്യോ ജാഗൃവദ്ഭിർഹ വിഷ്മദ് ഭിര് മനുഷ്യേഭിരഗ്നിഃ
സുഭൂതമായ ഒരു ബീജം എപ്രകാരം ഒരു ഗർഭിണി ശ്രദ്ധാപൂർവ്വം സംരക്ഷിക്കുമോ അതുപോലെ രണ്ട് അരണികളുടെ ഉള്ളില്, (സ്ത്രീപുരുഷന്മാർ, ഗുരുശിഷ്യന്മാർ)വേദത്തിന്റെ ജനയിതാവായി, അഗ്നി മറഞ്ഞിരിക്കുന്നു, അവയ്ക്കിടയിൽ അവന് ജനിക്കുന്നു. ശ്രദ്ധാലുവായ മനുഷ്യന് മനസ്സിനും ബുദ്ധിക്കും മദ്ധ്യത്തിൽ ,ദിനംപ്രതി, ജാഗ്രതയോടുകൂടി ക്രിയ,ഭക്തി എന്നീ ഹവിസ്സുകൾക്കിടയില് ആ ജ്ഞാനാഗ്നിയെ ജനിപ്പിച്ച് സംരക്ഷിക്കുന്നു.

8. സനാദഗ്നേ മൃണസി യാതുധാനാന്നത്വാ രക്ഷാംസി പൃതനായുജിഗ്യുഃ
അനു ദഹ സഹമൂരാന് ദയാദോ മാ തേ ഹോത്യാമൃക്ഷത ദൈവ്യായാഃ
അനാദികാലമായി നീ യാതുധാനനിൽനിന്ന് സംരക്ഷിക്കുന്നു. യുദ്ധത്തിൽ നിന്നെ ജയിക്കാൻ തിന്മകൾക്ക് സാദ്ധ്യമല്ല. പച്ചമാംസം തിന്നുന്നവരെ ദഹിപ്പിക്കുന്ന നിന്റെ ദിവ്യാസ്ത്രങ്ങളുടെ മൂർച്ചയുള്ള അഗ്രത്തിൽനിന്ന് അവരാരും രക്ഷ പ്രാപിച്ചിട്ടില്ല.

ഭാഷ്യം

ഋഷിമാർഃ- 1. ബുധനും ഗവിഷ്ഠിരനും 2. വത്സപ്രീ. 3. ഭരദ്വാജൻ. 4-7 വിശ്വാമിത്രന്. 6. വസിഷ്ഠൻ. 8 പായു.

ദേവത-1,2,4--8 അഗ്നി. 1,3 പൂഷാവ് ഛന്ദസ്സ് ത്രിഷ്ഠുപ്പ്. സ്വരം ധൈവതം. ഉജ്ജിഹാനം എന്ന പദം ആദ്യസൂക്തം ഉപയോഗിക്കുന്നു. ഈ പദം രാമായണകാലത്ത് ഒരു ജനപദനാമമാണ്. ഉജ്ജയിനിപദം ഇതിന്റെ തദ്ഭവമാണ്. ഉഡ്ഡിയാണം (ഒഡ്യാണം)എന്ന പദവും യോഗശക്തികൊണ്ട് കുണ്ഡലിനിയുടെ ഉണർച്ചയും സൂചനയാവാം. വാക്കിനെ കാമധേനു(കാമദുക്ക്) വായും സൂര്യരശ്മിയായും (സൂര്യദേവത)പ്രാണനിലെ ഊർജ്ജശക്തിയായും സ്വതന്ത്ര (സ്വഛന്ദ)സഞ്ചാരം ചെയ്ത് സർവ്വവ്യാപിയായും സർവ്വാതീതമായും ഇരിക്കുന്ന ശക്തിയായും പറയുന്നു. സൂര്യന്റെ സ്വരസുവർണ്ണരശ്മികളെ ഹരിയുടെ (നരഹരി)ശ്മശ്രുക്കളായി അഥവാ നൃസിംഹത്തിന്റെ സട പോലെ (ഹിരണ്യശ്മശ്രു,ഹിരണ്യകേശം)കവച(വത്മ)രൂപത്തിൽ പറയുന്നു. നാരായണകവചം, ദേവീകവചം മുതലായ വാക്,വർണ്ണധ്വനികവചങ്ങളും സൂചിതം.വത്സപ്രീയാണ് രണ്ടാം സൂക്തഋഷി. വത്സം അഥവാ വച്ചം വാകാടകമാണ്. അവിടത്തെ കന്നുകുട്ടി (വാഗ്ധേനുവിന്റെ പാലു കുടിച്ച കുട്ടി) ഹിരണ്യപുത്രനും മാഹിഷ്മതിയുടെ അധിപനുമായ പ്രഹ്ലാദനെന്ന നൃസിംഹശിഷ്യൻ.മഹാബലിയുടെ പിതാമഹൻ. എട്ടാം സൂക്തം പായുവിന്റേയാണ്. പായുവിലിരിക്കുന്ന വായു അപാനനാണ്. പഞ്ചഭൂതനിർമ്മിതമായ (യാതു ജാതു അഥവാ അരക്ക്)സർവ്വത്തേയും സനാദം(നാദത്തോടുകൂടി) ദഹിപ്പിക്കുന്ന അന്നപാനവായുവെയാണ് ഇവിടെ പരാമർശിക്കുന്നത്. പച്ചമാംസം പോലും അത് ദഹിപ്പിക്കുന്നു. ആ മൃത്യു പച്ചമാംസം ഭക്ഷിക്കുന്ന രാക്ഷസന്മാരെ ഒന്നടങ്കം അനാദികാലമായി സംഹരിക്കുന്ന നൃസിംഹമൂർത്തിയാണ്. ശ്രീരാമനാണ്. സൂര്യനാരായണന്റെ നാനാവിധമായ വിവർത്തരൂപമാണ് ജഗത്ത് എന്ന അഞ്ചാം സൂക്തത്തിലെ വത്സപ്രീയുടെ ആശയമാണ് ശങ്കരാചാര്യരുടെ വിവർത്തവാദത്തിലുമുള്ളത്. അത് അദ്വൈതത്തിനു വിരുദ്ധമല്ല. ഉപോൽബലകമാണ് എന്ന് വരിവസ്യാരഹസ്യഭാഷ്യത്തില് ഭാസ്കരരായൻ പറയുന്നുമുണ്ട്.

ദശകം 9.

1. അഗ്ന ഓജിഷ്ഠ മാ ഭര ദ്യുമ്നമസ്തഭ്യാമധ്രിഗോ
പ്ര നോ രായേ പനീയസേ രത്സി വാജായ പന്ഥാം
അഗ്നേ,ഓജിഷ്ഠമായി ,അജയ്യമായ പാതയിലൂടെ ഞങ്ങൾക്ക് പൂർണ്ണമായ പ്രകാശം കൊണ്ടുവരിക. ഞങ്ങൾക്കായി ആ ശക്തമായ വിജയപന്ഥാവ് ഒരുക്കിത്തരിക.
2. യദിവീരോ അനു ഷ്യാദഗ്നിമിന്ധീത മർത്ത്യഃ
ആജൂഹ്വദ്ധവ്യ മാനുഷക് ശർമ്മഭക്ഷീത ദൈവ്യം
അഗ്നിയെ ആരാധിച്ച് അഗ്നിയിൽ സർവ്വം സമർപ്പിക്കുന്ന മനുഷ്യരായ വീരന്മാർ വീരത്വത്തോടൊപ്പം ശർമ്മവും നേടി (മോക്ഷം,ശാന്തി) ദൈവ്യം (ദൈവീകമായത്) ഭക്ഷിക്കുന്നു.ദേവാന്നമാകുന്നു.

3. ത്വേഷസ്തേ ധൂമമൃണ്വതി ദിവി സമഛുക്ര ആതതഃ
സൂരോ ന ഹി ദ്യുതാ ത്വം കൃപാ പാവക രോചസേ
അഗ്നേ,നിന്റെ അമർത്ത്യശക്തി ഞങ്ങള് സൂര്യനിലൂടെ ദർശിക്കുന്നു.ആ പ്രകാശം സ്വർഗ്ഗത്തെ കടന്ന് വ്യാപിക്കുന്നു. ദിക്കുകളിൽ ധൂമമായി, ശുക്രമായി (വെളുത്ത്)സൂര്യനെന്നപോലെ പ്രകാശിക്കുന്ന കൃപയും പ്രഭയും കാണുന്നു.

4. ത്വം ഹി ക്ഷൈതവദ്യശോഗ്നേ മിത്രോ ന പത്യസേ
ത്വം വിചർഷണേ അവോവസോ പുഷ്ടിം ന പുഷ്യസി
നീ മാത്രമാണ് പുഷ്യനെപ്പോലെ ഭൂമിയിൽ സർവ്വത്തിനും പതി. നീ സർവ്വദൃക്കും സർവ്വജ്ഞനും സർവ്വർക്കും വാസസ്ഥാനവും സർവ്വത്തേയും(അന്നത്താലും ജ്ഞാനത്താലും)പുഷ്ടമാക്കുന്ന (പുഷ്ടി തരുന്ന) പുഷ്യവുമാണ്.

5. പ്രാതരഗ്നിഃപുരുപ്രിയോ വിശ സ്തവതാതിഥിഃ
വിശ്വേയസ്മിന്നമർത്ത്യം ഹവ്യം മർത്താസ ഇന്ധതേ
പ്രാതകാലത്ത് അഗ്നിയെ ആരാധിക്കുക. മർത്ത്യരേ, അവൻ എല്ലാവർക്കും പ്രിയമിത്രമാണ്. വിശ്വവ്യാപിയാണ്. സ്തവം കൊടുക്കേണ്ട അതിഥിയാണ്. മർത്ത്യരുടെ സർവ്വക്രിയയും വിറകായി, ഹവ്യമായി, ആ അമർത്ത്യത്തില് ചെന്നുചേരുന്നു.

6. യദ് വാഹിഷ്ഠം തദഗ്നയേ ബൃഹദർച്ച വിഭാവസോ
മഹിഷീവ ത്വദ്രയിസ്ത്വദ്വാജാ ഉദീരതേ
ഏറ്റവും ഉന്നതവും ഹവിസ്സിനെ വഹിക്കുന്നവനും , ബൃഹത്തായ പ്രകാശവും സകലർക്കും വിഭുവും വിളക്കുമായ അഗ്നേ, ഞാൻ നിനക്കുവേണ്ടി നിന്റെ പട്ടമഹിഷിയെപ്പോലെ (വിശ്വസാമ്രാട്ടിന്റെ ധർമ്മപത്നി) നിന്നെ ദ്രവിപ്പിക്കുന്ന (അലിയിക്കുന്ന) വാക്കുകള് (വേദഗാനങ്ങൾ) പറയുന്നു(പാടുന്നു).

7. വിശോവിശോ വോ അതിഥിം വാജയന്തഃ പുരുപ്രിയം
അഗ്നിം വോ ദുര്യ വചഃസ്തുഷേ ശൂഷസ്യ മന്മഭിഃ
സർവ്വർക്കും പ്രിയമായ .സർവ്വത്തിലുമിരിക്കുന്ന ആ അഗ്നിയെ യജിക്കുവിൻ. വിശ്വവ്യാപിയായ അഗ്നിക്കായി ,എന്റെ വേദവചസ്സുകൾ ഞാന് അർപ്പിക്കുന്നു.

8. ബൃഹദ്വയോ ഹി ഭാനവേർച്ചാ ദേവായാഗ്നയേ
യം മിത്രം ന പ്രശസ്തയേ മർത്താസോ ദധിരേ പുരഃ
ഏതൊരു പ്രകാശവാനായ അഗ്നിദേവന്, സർവ്വർക്കും മിത്രമാണോ ,എല്ലാവർക്കും (സൂര്യരൂപത്തിൽ, ആത്മരൂപത്തിൽ)ദർശനീയമോ അവന്നായി ആയുസ്സിന്റെ ബൃഹദ്ഭാഗം നീക്കിവെച്ച് പ്രശസ്തി പാടുക.(ബൃഹദ് വയസ്സ് എന്നാൽ ആയുഷ്കാലം മുഴുവനും)

9. അഗന്മ വൃത്രഹന്തം ജ്യേഷ്ഠമഗ്നിമാനവം
യ സ്മ ശ്രുതർവന്നാർക്ഷ്യേ ബൃഹദനീകഃഇധ്യതേ
വൃത്രഹന്താവും ജ്യേഷ്ഠനും മാനവരിൽവെച്ച് ആദ്യനുമായ അഗ്നിയെ അറിയുക. സർവ്വശ്രുതിയും അവനാല് പ്രകാശിപ്പിക്കപ്പെട്ടു. അർക്ഷങ്ങളുടെ (പഞ്ചേന്ദ്രിയ,ദശേന്ദ്രിയങ്ങൾ, പത്തുദിക്കിലെ അക്ഷരേഖകൾ)മദ്ധ്യത്തിൽ നടക്കുന്ന യുദ്ധത്തില് അവന് ദർശനീയനായി ഭവിക്കുന്നു.

10. ജാതഃപരേണ ധർമ്മണാ യത് സവൃദ്ധിഃസഹാഭുവഃ
പിതാ യത് കശ്യപസ്യാഗ്നിഃ ശ്രദ്ധാ മാതാ മനുഃകവിഃ

ധർമ്മം ,തപഃശക്തി, ഇവകളാൽ അവന് സവൃദ്ധി പ്രാപിച്ച് അഭി വ്യക്തമാകുന്നു (ജനിക്കുന്നു). ഭുവനസമേതം (അന്തരീക്ഷസഹിതം-പഞ്ചേന്ദ്രിയത്തോടുകൂടിയ ശരീരം) നാം കർമ്മങ്ങള് അനുഷ്ഠിക്ക ണം. കാരണം.മനസ്സിന്റെ പിതാവ് ജ്ഞാനം സ്വീകരിക്കുന്ന ശക്തി നാം തന്നെയാണ്. വിശ്വാസത്തോടുകൂടിയ ശ്രദ്ധയാണ് അമ്മ. മനു (മനസ്സ് ഉദിച്ച ആദ്യമനുഷ്യന്)ആണ് കവി (ഋഷി) അഥവാ വേദസ്ര ഷ്ടാവ്.

ഭാഷ്യം

ഋഷിമാർഃ-1 ഗയആത്രേയൻ, 2 വാമദേവന് 3, 4 ഭരദ്വാജൻ, 5 മുക്ത വാഹാദ്വിത 6 വസുയവആത്രേയ 7, 9 ഗോപവനൻ, 8 പുരുരാ ത്രേയൻ, 10 വാമദേവന്,കശ്യപൻ, മാരീചൻ, മനുവൈവസ്വതൻ.

ദേവത അഗ്നി. ഛന്ദസ്സ് അനുഷ്ഠുപ്പ് സ്വരം ഗാന്ധാരം

ആത്രേയർ ആയുർവ്വേദവിചക്ഷണരാണ്. 1, 6, 8 സൂക്തങ്ങള് ആത്രേ യരുടേതാണ്. ആദ്യത്തേതിൽ ഓജസ്സിന്റെ രാജപാതയിലൂടെയാണ് സ്വാസ്ഥ്യവിജയയാത്ര.ആറാമത്തേതിൽ സ്നേഹമയിയായ പത്നി പതിയെ ശാന്തമാക്കാൻ ,ആർദ്രചിത്തനാക്കാന് പാടുന്ന സാമഗാന (രാഗ)ചികിത്സാമാർഗ്ഗം. എട്ടാമത്തേതിൽ സർവ്വർക്കും മിത്രമായ ആത്മരൂപത്തിൽ ആയുഷ്കാലം മുഴുവനും രോഗികൾക്കായി ഉഴി ഞ്ഞു വെച്ച വൈദ്യന്റെ ആയുർവ്വേദചികിത്സാമാർഗ്ഗം.

രണ്ടാം സൂക്തം വാമദേവന്റേതാണ്. ദേവാന്നമാകുന്ന വീരന്മാരുടെ ശർമ്മത്തെ പ്രതിപാദിക്കുന്നു.ഇന്ത്യയിലാകെ വീരക്കല്ലുകളുണ്ട്. വീര ന്മാർ അഥവാ വല്ലഭവംശത്തിന് ശർമ്മവും വർമ്മവും പ്രസിദ്ധമാ ണ്. മൂഷകവംശകാവ്യത്തിലും ചരിത്രരേഖകളിലും പറയുന്ന ഈ രണ്ടു ശർമ്മ,വർമ്മനാമവും വേദത്തിലുമുണ്ട്. വീരന്മാരായ ബ്രഹ്മ ക്ഷത്രവംശത്തിന്റെ നാമങ്ങളാണിവ.ദശകം 8 സൂക്തം 2ൽ, ഹരിശ്മ ശ്രുക്കളുടെ വത്മം (പടച്ചട്ട)ധരിച്ച വീരന്മാരെയും ദശകം 9 സൂക്തം 2ൽ ശർമ്മം (മോക്ഷം)നേടിയ വീരന്മാരെയും പ്രതിപാദിച്ചു. ഇത്തരം സാമ്പ്രദായികാർത്ഥം വേദകാലം മുതലുള്ളതാണ് എന്നതറിയാതെ ചരിത്രത്തെ ഐതിഹ്യമാക്കുന്നവർ ഇത് ശ്രദ്ധിക്കണം.സിംഹനാമം ക്ഷത്രിയരുപയോഗിക്കുന്നതും മൌര്യ,ഗുപ്ത,വിജയനഗരകാലത്തെല്ലാം സിംഹചിഹ്നവും നൃസിംഹമൂർത്തിയും ആരാധിക്കപ്പെടുന്നതും ഹരി ശ്മശ്രുക്കളുടെ പടച്ചട്ടയണിയുകഎന്ന വൈദികവാക്കിന്റെ തുടർച്ച യാണ്.ട്രൈബൽ,വനവാസി,ഗിരിജനസമ്പ്രദായപ്രകാരം കാട്ടിലെ രാജാവായ സിംഹമാണ് നാട്ടിലെ രാജാവായ നൃസിംഹവും.

തിഥിനോക്കാതെ എന്നും ആരാധിക്കേണ്ട ഈശ്വരനെ സൂര്യാരാധന , അതിഥിപൂജ, പഞ്ചമഹായജ്ഞവിധി ഇവയിലൂടെ സദാ ആരാധിക്കു ന്ന പ്രായോഗികവിധിയിലൂടെ നടപ്പാക്കി.ഒമ്പതാം സൂക്തത്തിൽ അഗ്നിയാൽ പ്രകാശിപ്പിക്കപ്പെട്ട വാക്കിനെ (സൃഷ്ടിക്കപ്പെടുക) അഗ്നി യുടെ സ്തുതിക്കായി, അഗ്നിക്കുതന്നെ ഗോപവനൻ സമർപ്പിക്കുന്നു. ഒമ്പതാം സൂക്തത്തിൽ ജീവിതായോധനമദ്ധ്യത്തില് പഞ്ചേന്ദ്രിയ,വിഷ യാദികൾക്കും പഞ്ചകർമ്മങ്ങൾക്കും ഇടയില് അറിയപ്പെടുന്ന അഗ്നി യേയും , 10 ദിക്കുകൾക്കിടയിലെ ഗ്രഹയുദ്ധത്തിനു മദ്ധ്യേ ദൃശ്യമാ കുന്ന സൂര്യാഗ്നിയേയും ഒരഭേദരൂപകാലങ്കാരത്തിൽ അവതരിപ്പിക്കു ന്നു. സപ്തർഷികളുടെ പ്രപിതാമഹൻ കശ്യപൻ,പുത്രൻ മരീചി, എന്നീ പൌരാണികഋഷിമാരും മനനശീലനായ ആദ്യമനുഷ്യമനസ്സ്

വൈവസ്വതമനുവും വാമദേവനും പത്താം സൂക്തം പാടുന്നു. ദാനവവംശം,ജൈവലോകം, മാനവവംശം, അജൈവദ്രവ്യപ്രപഞ്ചം ,സൌരയൂഥം,അണ്ഡകടാഹം,ഇവക്കതീതമായ ധ്വനിവർണ്ണാന്വിതമായ സൂക്ഷ്മലോകം- എല്ലാത്തിന്റേയും ആരംഭം, നിലനില്പ്, അവസാനം, അനാദിമദ്ധ്യാന്തസ്വഭാവം ഇവയെക്കുറിച്ചെല്ലാം ഈ പൌരാണികർ അന്നേ ചിന്തിച്ചിരുന്നു എന്നതാണ് ആധുനികരായ നാം ഗ്രഹിക്കേണ്ട സത്യം. മനുഷ്യമസ്തിഷ്കത്തിന്റെ വികാസചരിത്രം മുഴുവനും ഈ വൈദികചിന്തകളിൽ ആവിഷ്കൃതമാണ്.

ദശകം 10.

1. സോമം രാജാനം വരുണമഗ്നിമന്വാരഭാമഹേ
   ആദിത്യം വിഷ്ണും സൂര്യം ബ്രഹ്മാണം ച ബൃഹസ്പതി
   സോമൻ, രാജാവായ വരുണൻ, ആദിത്യൻ, വിഷ്ണു, സൂര്യൻ, ബ്രഹ്മൻ, ബൃഹസ്പതി - സർവ്വജ്ഞാനപ്രകാസത്തോടുംകൂടി, അഭേദമായി, അദ്വയമായിരിക്കുന്ന അഗ്നിയെ സ്തുതിക്കുന്നു.
2. ഇത ഏത ഉദാരുഹന്തിവഃ പൃഷ്ഠാന്യാരുഹൻ
   പ്രഭ്രജയോയഥാ പഥോദ്ധ്യാമംഗിരസോ യയുഃ
   എപ്രകാരം ഭൂമിയുടെ പൃഷ്ഠത്തിലെ വിജയികളായ മർത്ത്യര് പ്രകര്ഷേണ (സംസാരത്തിൽ)ഭ്രമണം ചെയ്ത് മുക്തി നേടുന്നുവോ, അതുപോലെ അംഗിരസർ(ആത്മരസം നുകരുന്ന യോഗികൾ) ആനന്ദത്തിന്റെ (മോക്ഷത്തിന്റെ) പരമോച്ചപദം പ്രാപിക്കുന്നു.
3. രായേ അഗ്നേ മഹേത്വാ ദാനായാ സമിധീമഹി
   ഈഡിഷ്വാ ഹിമഹേ വൃഷം ദ്യാവാ ഹോത്രായ പൃഥിവീ
   അഗ്നേ, ആത്മാനന്ദവർഷം പൊഴിക്കുന്നവനേ, ഞങ്ങൾ നിന്നെ (അകത്തും പുറത്തും)ആത്മാർപ്പണത്തോടെ (ആനന്ദ)ധനത്തിനായി ഉജ്വലിപ്പിക്കുന്നു.ദ്യാവാപൃഥ്വികൾ ആ അഗ്നിക്കുള്ള അഗ്നിഹോത്രമാണ്. ആ അഗ്നിയെ ആരാധിക്കുക
4. ദധന്വേ വായദിമനുവോചദ് ബ്രഹ്മേതി വേരുതത്
   പരി വിശ്വാനി കാര്യാ നേമിശ്ചക്രമിവാഭുവത്
   ബ്രഹ്മത്തെ ലക്ഷ്യമാക്കി ശിഷ്യർ ബ്രഹ്മസംബന്ധമായ വാക്കുകള് ഗുരുവിൽനിന്ന് കേൾക്കുന്നു. ഈ വിശ്വം മുഴുവനും അവന്റെ കാവ്യമാണ്. അവനുള്ള കാവ്യമാണ്. ചക്രത്തിന്റെ നേമിയിലെന്നപോലെ ഭുവനജ്ഞാനം മുഴുവനും അവനിലിരിക്കുന്നു.
5. പ്രത്യഗ്നേ ഹരസാഹരഃ ശൃണാഹി വിശ്വതസ്പരി
   യാതുധാനസ്യ രക്ഷസോ ബലം ത്യുസ്തവീര്യം
   ഓരോരോ അഗ്നിയിലും ഹരനാൽ(ധാർമ്മിരരോഷം) ഹരിക്കപ്പെട്ട് അവന്റെ ശക്തി ഇരിക്കുന്നുണ്ട്. ആ ശക്തികൊണ്ട് യാതുധാനരുടെ രാക്ഷസബലം അസ്തവീര്യമാകുന്നു.
6. ത്വമഗ്നേ വസൂംയിഹ രുദ്രാം ആദിത്യാം ഉത
   യജാ സ്വദ്ധ്വരം ജനം മനുജാതം ധൃതപൃഷം
   അഗ്നേ, വസുക്കളും രുദ്രരും ആദിത്യരും യജിക്കുന്നവരും ജ്ഞാനികളും മനുവംശത്തിലുള്ള സർവ്വ മനുഷ്യരും നിന്റെ മിത്രങ്ങളായിരിക്കട്ടെ.
   ഭാഷ്യം
   ഋഷിഃ-1. അഗ്നിസ്താപസഃ 2. വാമദേവൻ. 3. കാശ്യപൻ,അസിതൻ,

ദേവലന്. 4 സോമാഹൂതി ഭാർഗ്ഗവൻ.5. പായു 6 പ്രസ്കണ്വൻ. ഛന്ദസ്സ് അനുഷ്ഠുപ്പ്. സ്വരം ഗാന്ധാരം.
വസുക്കൾ 8 പേർ(അഷ്ടവസു). 24 വർഷം ബ്രഹ്മചര്യം പാലിച്ചവരെ വസുക്കളെന്ന് വിളിക്കുന്നു. രുദ്രന്മാർ (ഏകാദശം 11 പേർ) 36 വർഷം ബ്രഹ്മചര്യം പാലിച്ചവരാണ്. ആദിത്യന്മാർ 12 പേർ(ദ്വാദശാദിത്യ)48 വർഷം ബ്രഹ്മചര്യം പാലിച്ചവരാണ്. 8, 11, 12 പേരും കൂടി 31 പേർ. ഇന്ദ്രനും (മഴ,മരുത്ത്, ഇടി, മിന്നൽ ഇവയുടെ ദേവത) പ്രജാപതിയും (യജ്ഞത്തിന്റേയും പ്രജകളുടേയും ദേവത) കൂടി ചേർന്ന് 33 ദേവഗണം. ഇവരെല്ലാം ത്രിമൂർത്തിശക്തികളിൽ പെടുന്നു. (ത്രിമൂർത്തികളില്ഏകീഭവിക്കുന്നു)ഈ അദ്വൈതം ദർശിച്ച എട്ടാമത്തെ ശക്തി അഗ്നിതാപസന്(തപസ്വിയിലിരിക്കുന്ന അഗ്നി) എന്ന അവതാരപുരുഷൻ.

പ്രപാഠകം 2 അർത്ഥം 1.

ദശകം 1.

1. പുരുത്വാദാശിവാം വാചേതിരഗ്നേ തവസ്ഥിമാ
   തോദസ്യേവ ശരണ ആ മഹസ്യ
   അനേകവിധമായ മംഗളം (ശിവം)ആനന്ദം തരുന്ന അഗ്നേ, ദിനം പ്രതി ഞങ്ങൾ സ്മരിക്കുന്നു,കീർത്തിക്കുന്നു. അഗ്നി വിശ്വസ്രഷ്ടാവും പ്രകാശവാനും ദോഷഹന്താവും സർവ്വവ്യാപിയും മഹത്തും ഏകവും സർവ്വജ്ഞവും വേദത്തിന്റെ പ്രഭുവും സർവ്വപ്രചോദകനുമാണ്. ആ അഗ്നിയെ ശരണം പ്രാപിക്കുന്നു.
2. പ്ര ഹോത്രേ പുണ്യം വചോഗ്നയേ ഭരതാ ബൃഹത്
   വിപാം ജ്യോതീംഷി ബിഭ്രതേ ന വേധസേ
   ഓരോരോ(അഗ്നി)ഹോത്രത്തിലും പുണ്യമായ(വേദ)വചസ്സുകളാൽ, ബൃഹത്തായി വളർന്ന ഭരതന്മാരുടെ വംശം (ഭരതവംശം) അഗ്നിയെ പാടുവിൻ,(പാടി പ്രകീർത്തിക്കുവിൻ). പ്രലയ(വിപത്)കാലത്തും ജ്യോതിസ്സുകളുടെ ഭ്രമണത്തിൽ (ഭ്രമണരൂപമായ ജ്യോതിസ്സുകളുടെ രൂപത്തിൽ) ആ വേധസ്സായ ബ്രഹ്മദേവന്റെ ജ്ഞാനം നഷ്ടമാവുന്നില്ല.
3. അഗ്നേ വാജസ്യ ഗോമതഈശാനഃ സഹസോ യഹോ
   അസ്മേ ദേഹി ജാതവേദോ മഹിശ്രവഃ
   അഗ്നേ നീ സർവ്വ പ്രപഞ്ചങ്ങൾക്കും വാക്കിനും സൂര്യരശ്മികൾക്കും ഇന്ദ്രിയങ്ങൾക്കും അന്നത്തിനും ഐശ്വര്യത്തിനും ജ്ഞാനത്തിനും ഈശനാണ്. ആ ബലമെല്ലാം, ജാതവേദസ്സേ, ഞങ്ങൾക്കും അരുളുക.
4. അഗ്നേ യജിഷ്ഠോ അധ്വരേ ദേവാം ദേവയതേ യജ
   ഹോതാമന്ദ്രോ വിരാജസ്യതി സ്രിധഃ
   അഗ്നേ, യജിക്കുന്നവനേ, യജ്ഞത്തിലെ ദേവന്മാരും ദേവയജ്ഞം ചെയ്യുന്നവരും ഹോതാവും ജ്ഞാനിയും ചക്രവർത്തിയുമായ നീ മന്ദ്രധ്വനിയാൽ ഞങ്ങളുടെ (കാമാദി)ശത്രുക്കളെ അകറ്റുക.
5. ജജ്ഞാനഃ സപ്തമാതൃഭിർമേധാമാശാസത ശ്രിയേ
   അന്യം ധ്രുവോ രയീണാം ചികേതദാ
   ജ്ഞാനിയും ഒരിക്കലും മാറ്റമില്ലാത്തവനുമായ അഗ്നി സപ്തമാ

തൃക്കളോടും ,അവരുടെ മേധയോടും കൂടി ,സർവ്വശക്തികളേയും ശാസിച്ച് നിയന്ത്രിച്ച്, അമർത്ത്യമായ(ദൈവീകം) ശ്രീയായി (ശ്രീവിദ്യ) അഭിവ്യക്തമാവുന്നു. ആ ഏകചൈതന്യം മാത്രമാണ് സർവ്വൈശ്വര്യത്തിന്റേയും ധ്രുവം (അചഞ്ചലമായ ഔന്നത്യം)

6. ഉത സ്യാ നോ ദിവാ മതിരദിതിരൂത്യാഗമത്
   സാ ശന്താതാ മയസ്കരദപസ്ത്രിധഃ
   അവന്റെ സ്ഥിരമായി പ്രകാശിക്കുന്ന ധീ (മതി,മനസ്സ്) നമ്മിലേക്ക് ദിനവും , നമ്മുടെ സംരക്,ണത്തിനായി, ഒഴുകിയെത്തുന്നു. ശാന്തതയും ആത്മീയാനന്ദവും തരുന്നവനേ മനസ്സിന്റെ ശത്രുക്കളെ അകറ്റിയാലും.
7. ഈഡിഷ്വാഹ്വി പ്രതിവ്യാ3യജസ്വ ജാതവേദസം
   ചരിഷ്ണുധൂമമഗൃഭീതശോചിഷം
   ജാതവേദസ്സും സർവ്വവ്യാപിയും സർവ്വസ്രഷ്ടാവും ശാശ്വതവുമായ അഗ്നിയെ ഉപാസിക്കുക. അഭയമായി ചരിക്കുന്ന അഗ്നിയിൽ സർവ്വാർപ്പണം ചെയ്ത് പ്രകാശിച്ച് ധൂമമായി ഉയരു ക
8. ന തസ്യ മായയാ ച ന രിപുരീശിതമമർത്ത്യഃ
   യോ അഗ്നയേ ദദാശ ഹവ്യദാതയേ
   ആരും തങ്ങളുടെ മായകൊണ്ട് അവനെ ജയിക്കാമെന്ന് കരുതരുത്. ഈശ്വരന് മനുഷ്യൻ ശത്രുവല്ല. (മനുഷ്യരിൽ ശത്രുക്കൾ അവന്നില്ല.)ഹവ്യം നൽകി ആശ്രയിച്ചവന് അഗ്നി സർവ്വജ്ഞാനം നൽകുന്നു.
9. അപ ത്യം വൃജിനം രിപും സ്തേനമഗ്നേ ദുരാദ്ധ്യം
   ദവിഷ്ഠമസ്യ സത്പതേ കൃധീസുഗമം
   ധർമ്മിഷ്ഠരുടെ പ്രഭുവായി, ശത്രുക്കളായ കള്ളന്മാരെ ദൂരേക്ക് അകറ്റുന്ന അഗ്നി ധർമ്മിഷ്ഠരുടെ സത്പതിയായി അവർക്ക് സുഗമമായ പാത കാണിച്ചുകൊടുക്കുന്നു.
10. ഋഷ്യഗ്നേ നവസ്യ മേ സ്തോമസ്യ വീര വിശ്പതേ
    നി മായിനസ്തപസാ രക്ഷസോ ദഹ
    വീരനായ അഗ്നേ , സർവ്വരേയും പോഷിപ്പിക്കുന്നവനേ, ലോകത്തിന്റെ പ്രഭോ, വീരന്മാരുടെ (വീരനായ എന്റെ) സ്തോമം കേട്ട് എന്നിലവശേഷിച്ച എല്ലാ ദോഷങ്ങളും നിന്റെ തപസ്സാൽ (ചൂടുകൊണ്ട്) ദഹിപ്പിച്ച് സംരക്ഷിക്കുക.
    ഭാഷ്യം
    ഋഷിമാർഃ- 1 ദീർഘതമസ്സ് . 2, 4 വിശ്വാമിത്രൻ, 3 ഗൌതമന് 5 ത്രിതന് 6 ഇരിംബിഠി 7,8,9 വിശ്വമനാ വൈയശ്വൻ, 9 ഋജിഷ്വാ ഭാരദ്വാജൻ.
    ദേവത 1,4,7-10 അഗ്നി. 5 പവമാനൻ 6 അദിതി ഛന്ദസ്സ് ഉഷ്ണിക്ക്. സ്വരം ഋഷഭം
    ത്രിതന്റെ അഞ്ചാമത്തെ സൂക്തം അതിപ്രധാനമായ ഒന്നാണ്. സപ്തസ്വരമാതൃക്കളും അഷ്ടമിയായ സരസ്വതിയും ചേർന്ന് ആപസ്സിലും(ജലം) വൃക്ഷങ്ങളിലും മേധ എന്ന അപ്സരസ്സിനെ സോമത്താലും സാമത്താലും ആരാധിക്കുന്ന ശ്രീവിദ്യാസമ്പ്രദായം വൈദികമാണ് എന്നും ഇതിനെ കാണിക്കുന്ന സീലുകൾ, ബിസി 3700-3500 കാലത്തുതന്നെ സൈന്ധവ-സരസ്വതി-ഹരപ്പകാലത്ത് ഇന്ത്യയിലെ ജനത ഉപയോഗിച്ചിരുന്നു എന്നതും ചൂണ്ടിക്കാട്ടേണ്ട

ത് അത്യാവശ്യമാണ്. സംസ്കൃതിയുടെ പഴക്കം വേദത്തിന്റെ പഴക്കം ഇവ നിർദ്ധാരണം ചെയ്യാനിത് സഹായകമാണ്. ഭാരത വംശം അഥവാ ഭാരതീയരുടെ വംശം വിശ്വാമിത്രഋഷിയുടെ രണ്ടാം സൂക്തത്തിൽ ചൂണ്ടിക്കാണിക്കപ്പെടുന്നു.

ദശകം 12.

1. പ്ര മംഹിഷ്ഠായ ഗായത ഋതാവ്നേ ബൃഹതേ ശുക്രശോചിഷേ ഉപസ്തുതാസോ അഗ്നയേ
   ഉപാസകരേ, മഹത്തും ഋതവും ബൃഹത്തും ശുക്രവും പ്രകാശിക്കുന്നതുമായ അഗ്നിക്കായി ഗാനം ചെയ്യുക.
2. പ്ര സോ അഗ്നേ തവോതിഭിഃസുവീരാഭിസ്തരതി വാജകർമ്മഭിഃ യസ്യ ത്വം സഖ്യമാവിഥ
   അഗ്നേ, നിന്നെ സഖിയായി ആരു വരിച്ചുവോ, അവൻ നിന്റെ സുവീരമായ കർമ്മങ്ങളാലും വാജകർമ്മങ്ങളാലും സർവ്വപ്രതിബന്ധവും തരണം ചെയ്യുന്നു.
3. തംഗൂർധയാ സ്വർണ്ണരം ദേവാസോ ദേവമരതിം ദധന്വിരേ ദേവത്രാ ഹവ്യമൂഹിഷേ
   അഗ്നിയുടെ സ്തവം പാടുക. സർവ്വത്തേയും അവനാണ് നയിക്കുന്നത്. വിദ്വാന്മാർ അവനെ അറിയുന്നു. സർവ്വവ്യാപിയായ അവൻ ബലവും സ്വരവും ജ്ഞാനവും അന്നവും ജ്ഞാനത്തെ അന്വേഷിക്കുന്ന ഉപാസകർക്ക് നൽകുന്നു.
4. മാ നോ ഹൃണിഥാ അതിഥിം വസുരഗ്നിഃ പുരുഷശസ്ത ഏഷഃ യഃ സുഹോതാസ്വധ്വരഃ
   അഗ്നി അതിഥിയെപ്പോലെ ആദരിക്കേണ്ട വസു (രത്നം)ആണ്. ശസ്താവ്(ഗുരു) ആയ പുരുഷനെപ്പോലെ സുഹോതാവും സ്വയം അദ്ധ്വരവുമാണ്. (യജ്ഞപുരുഷനാണ്). അവനെ ദ്വേഷിക്കരുത്.
5. ഭദ്രോ നോ അഗ്നിരാഹുതോ ഭദ്രാരാതിഃസുഭഗ ഭദ്രോ അധ്വരാഃ ഭദ്രാ ഉത പ്രശസ്തയഃ
   നന്നായി ഉപാസിക്കപ്പെട്ട അഗ്നി ഭദ്രം തരട്ടെ. അഗ്നേ, ഞങ്ങളുടെ ഭദ്രമായ കർമ്മങ്ങൾ, സുഭഗവും ഭദ്രവുമായ അദ്ധ്വരങ്ങൾ, ഭദ്രങ്ങളായ നിന്റെ പ്രശസ്തികൾ എന്നിവ ഞങ്ങൾക്ക് ഭദ്രം തരട്ടെ.
6. യജിഷ്ഠം ത്വാ വവൃമഹേദേവംദേവത്രാ ഹോതാരമമർത്ത്യം അസ്യ യജ്ഞസ്യ സുക്രതും
   അഗ്നേ,നീ സർവ്വം തരുന്നവനും ദേവന്മാരുടെ ദേവനും അമൃതത്വം ഹോതാവിന് തരുന്നവനും യജ്ഞത്തെ സുക്രതുവാക്കുന്നവനുമാണ്. നിന്നെ ഞങ്ങൾ യജിക്കുന്നു.
7. തദഗ്നേ ദ്യുമ്നമാ ഭര യത്സാസാഹാ സദനേകം ചിദുത്രിണം മന്യും ജനസ്യ ദൂഢ്യം
   അഗ്നേ,നിന്റെ ഐശ്വര്യം ,പ്രതാപം, ശോഭ,എന്നിവയാൽ ഞങ്ങളുടെ ഗൃഹങ്ങളിലെ ഓരോ ദോഷവും പാപവും അകലട്ടെ.
8. യദ്വാ ഉ വിശ്പതിഃശിതഃസുപ്രീതോ മനുഷോ വിശേ വിശ്വേദഗ്നിഃ പ്രതിരക്ഷാംസി സേധതി
   എപ്പോഴെപ്പോൾ പ്രപഞ്ചത്തിന്റെ പതിപ്പായ അഗ്നി സുപ്രീ

തനായി മനുഷ്യന്റെ ആത്മാവിലാവേശിച്ച് പ്രകാശം ചൊരിഞ്ഞ് അഭിവ്യക്തമാകുന്നുവോ അപ്പോഴപ്പോൾ ആ മനുഷ്യന്റെ രാക്ഷസീയ(മൃഗീയ)അഭിനിവേശങ്ങൾ നശിപ്പിക്കപ്പെടുന്നു.
ഭാഷ്യം
ഋഷിമാർഃ- 1, 4 പ്രയോഗോ ഭാർഗ്ഗവ 2,3, 5-7 സൌഭരി,
4. പ്രയോഗോഭാർഗ്ഗവ,സൌഭരികാണ്വൻ. വിശ്വമനസ്സ്.
ദേവത അഗ്നി. ഛന്ദസ്സ് കുകുബുഷ്ണിക്ക്. സ്വരം ഋഷഭം
വിശ്വമനസ്സായി വളർന്ന ഒരു മനുഷ്യമനസ്സുതന്നെയാണ് ഈശ്വരമനസ്സ്. അതിൽ സ്വാർത്ഥപരമായ കാമങ്ങളില്ല. സർവ്വ ചരാചരങ്ങളുടേയും സുഖത്തിനുവേണ്ടിയുള്ള ചിന്ത,വാക്ക്, കർമ്മം ഇവകളാല് അത്തരം വൈയക്തികമനസ്സുകള് കോടി സൂര്യതേജസ്സോടെ ജ്വലിക്കുമ്പോഴാണ്,. ആ യോഗാഗ്നിയാൽ ഒരു ഈശ്വരാവതാരമെന്നോ പ്രവാചകനെന്നോ മറ്റുള്ളവർക്ക് അഭിവ്യക്തമാകുന്നത്.
ആഗ്നേയകാണ്ഡം ഇവിടെ അവസാനിക്കുന്നു.

ഐന്ദ്രകാണ്ഡം

അദ്ധ്യായം 1

ദശകം 1.

1. തദ്വോ ഗായ സുതേ സതാപുരുഹൂതായ സത്വനേ
   ശം യദ്ഗവേ ന ശാകിനേ
   എല്ലാവരും ഒത്തുചേർന്ന് അഗ്നിയെ സ്തുതിച്ച് പാടുക. അവൻ ശാശ്വതൻ. സർവ്വരാലും ആരാദ്ധ്യൻ. രാജാവിനെപ്പോലെ ഭൂമിക്ക് ആനന്ദം തരുന്നവന്.
2. യസ്തേ നൂനം ശതക്രതവിന്ദ്ര ദ്യുമ്നിതമോ മദഃ
   തേന നൂനം മദേമദേഃ
   പ്രകാശിക്കുന്നവനേ, ശതക്രതുവായ ഇന്ദ്രാ, നിന്റെ അത്യുന്നതമായ ആനന്ദമദം കൂടുംതോറും ഞാനും ആനന്ദമദം കൊള്ളട്ടെ.
3. ഗാവ ഉപ വദാവടേ മഹീ യജ്ഞസ്യ രപ്സുദാ
   ഉഭാ കർണ്ണാ ഹിരണ്യയാ
   വാക്കുകളേ, അവനിലേക്കെത്തി,നിങ്ങളുടെ ലക്ഷ്യം (അർത്ഥം, ഉദ്ദേശം) അഭിവ്യക്തമാക്കുക (പ്രകാശിപ്പിക്കുക)യജ്ഞത്തിന് ഭൂമിയും വാനവും ജലവും സൌന്ദര്യമണക്കട്ടെ. വാക്കുകൾ ഇരുകർണ്ണങ്ങളേയും സുവർണ്ണമാക്കട്ടെ. (ജ്ഞാനം,കർമ്മം എന്നീ രണ്ടു കർണ്ണികകളേയും സുവർണമാക്കട്ടെ)
4. അരമശ്വായ ഗായത ശ്രുതകക്ഷാരം ഗവേ
   അരമിന്ദ്രസ്യ ധാമ്നേ
   തന്റെ കക്ഷയിൽ (സ്വക്ഷേത്രം, ഭ്രമണവീഥി, ഹൃദയക്ഷേത്രം)ശ്രുതിയെ (വേദത്തെ) നിലനിർത്തുന്നവരേ, ഈ അശ്വ

ത്തിനായി സ്തുതി (വേദമന്ത്രം)പാടുക. ഇന്ദ്രിയങ്ങളുടെ ജേതാവായ ഇന്ദ്രന്റെ ധാമത്തിൽ ആത്മബലത്തോടെ പാടുക.

5. തമിന്ദ്രം വാജയാമസി മഹേ വൃത്രായ ഹന്തവേ
സ വൃഷാ വൃഷഭോ ഭൂവത്
മഹത്തായ വൃത്രനെ ഹനിച്ച ഇന്ദ്രനെന്ന അശ്വത്തിന് സ്തുതി. ഋഷഭരൂപിയായ ആ വർഷകന് ഭുവനത്തിന് സർവ്വൈശ്വര്യവും വർഷിക്കുന്നു.
6. ത്വമിന്ദ്ര ബലാദധി സഹസോ ജാത ഓജസഃ
ത്വം സന്വൃഷൻ വൃഷേദസി
ഇന്ദ്രാ, നീ ബലം ,ക്ഷമ, ബുദ്ധി, ശോഭ ഇവയാൽ അഭിവ്യക്തമാകുന്നു. നിന്റെ സഹജാതനാണ് ഓജസ്സ്. സ്വയം വൃഷഭ(ഋഷഭ)മാകയാൽ നീ വർഷിക്കുന്നു.
7. യജ്ഞ ഇന്ദ്രമവർദ്ധയദ്യദ്ഭൂമിം വ്യവർത്തയത്
ചക്രാണ ഓപശം ദിവി
യജ്ഞവും ജ്ഞാനവും ചേർന്ന ശക്തിയെ നിശ്ചയദാർഢ്യത്തോടെ ഇന്ദ്രൻ ഭൂമിയില് വർദ്ധിപ്പിക്കുന്നു. അപ്രകാരം ദിവത്തിൽ (നഭസ്സിൽ)വിവർത്തിക്കുന്ന (ധർമ്മ-കാല)ചക്രം പ്രവർത്തിപ്പിക്കുന്നു.
8. യദിന്ദ്രാഹം യഥാത്വമീശീയ വസ്വ ഏക ഇത്
സ്തോതാ മേ ഗോസഖാ സ്യാത്
ഇന്ദ്രാ, രാജാവും ഈശനുമായ നീ എപ്രകാരം ധനം, ജ്ഞാനം, ശക്തി എന്നിവയെ നിയന്ത്രിച്ചുനിർത്തുന്ന ഏകനാണോ, അപ്രകാരം സ്തോതാവും ഗോസഖാവുമായ ജ്ഞാനം അവയെ (വികാരം,പ്രാണൻ,ഇന്ദ്രിയം,ആത്മാവ് എന്നിവയെ)നിയന്ത്രിച്ചിട്ട് നിന്റെ സ്തോത്രം പാടാനുള്ള അർഹത നേടി.
9. പന്യം പന്യമിത് സാകാര ആ ധാവത മധ്യായ
സോമം വീരായ ശൂരായ
ജ്ഞാനികളേ, അധ്യയനം ചെയ്ത് ഒന്നൊന്നായി ഉത്കൃഷ്ടാനന്ദങ്ങൾ നേടുക. വീരനും ശൂരനുമായ അവനാൽ പ്രചോദിതരായി, സോമം ഒഴുകുന്നു(സോമത്തിന്റെ മൂലം അവനാണ്).
10. ഇദം വസോ സുതമന്ധഃപിബാസുപൂർണ്ണമുദരം
അനാഭയിത്രരിമാതേ
ആത്മൻ, തൃപ്തിയാവോളം ഉദരം നിറയുവോളം പ്രയത്നിച്ചു നേടിയ ഈ ആനന്ദം നുകരുക. അത് ഞങ്ങൾ നിനക്ക് അർപ്പിക്കുന്നു.
ഭാഷ്യം
ഋഷിഃ-1. ശംയു ബാർഹസ്പത്യൻ. 2,4,5 ശ്രുതകക്ഷൻ, 3 ഹര്യതഃപ്രാഗാഥ 6. ഇന്ദ്രമാതരോ ദേവജാമയ 7, 8 ഗോഷൂക്ത്വശ്വസൂക്തിനൌ 9, 10 മേധാതിഥി ആംഗിരസ, പ്രിയമേധകാണ്വ.
ദേവത ഇന്ദ്രൻ, ഛന്ദസ്സ് ഗായത്രി. സ്വരം ഷഡ്ജം

മൂന്നാം സൂക്തത്തിലെ രപ്സുദാ എന്ന പദം അർത്ഥമറിയാത്ത പദമാണെന്ന് ഗ്രിഫിത്ത്. യജുർവ്വേദം (33-19)ന്റെ ഭാഷ്യത്തിൽ ദയാനന്ദമഹർഷി ഈ പദത്തെ സൌന്ദര്യം തരുന്നതെന്ന് അർത്ഥം പറയുന്നു. (രപ്സു രൂപം ദത്തസ്തേ) സൌന്ദര്യലഹരിയാണ് ഈ ദശകത്തിൽ മദശബ്ദം കൊണ്ട് പറയുന്നത്. സംഗീതാത്മകമായ സാമഗാനത്തിന്റെ സൌന്ദര്യലഹരിയാണ് കർണ്ണങ്ങളിലൂടെ കേട്ട് ആനന്ദം അനുഭവിക്കുന്നത്. അതുകൊണ്ടുതന്നെ നാലാം സൂക്തത്തിലെ ശ്രുതകക്ഷാരം എന്ന പദം ശ്രദ്ധേയമാണ്. ഗ്രിഫിത്ത് ശ്രുതകക്ഷനെന്ന ഋഷി എന്ന അർത്ഥം മാത്രമേ പറയുന്നുള്ളു. ശ്രുതകക്ഷന്മാരായ എല്ലാ മനുഷ്യരുമാണ് 2,4,5 സൂക്തങ്ങളുടെ അനുഭവമുണ്ടായ ഋഷിമാർ.ഹൃദയത്തിൽ വേദം ദർശിച്ച് പാടുന്ന ജ്ഞാനിയായ ഋഷികവി എന്ന് അർത്ഥം. ഗോ അഥവാ ഗാവ എന്ന പദത്തിന്റെ നാനാർത്ഥങ്ങളെല്ലാം വിചിന്തനം ചെയ്യണം. വാഗ്ദേവി,ഭൂമിദേവി, പശു, കാമധേനു, ഒഴുകുന്ന നദികൾ, സൂര്യരശ്മികൾ ഇവയെല്ലാം ഗോപദത്തിന്റെ അർത്ഥമാണ്. പശുക്കൾ ഗോകുലത്തിലും രശ്മികൾ സൂര്യനിലും നദികൾ സമുദ്രത്തിലും വാക്കുകൾ(ഗീരുകൾ) ഈശ്വരനിലും ചെന്നുചേരുന്നു. ഇതുപോലെ അശ്വപദത്തിനും കുതിര, അശ്വിനീകുമാരന്മാർ, അശ്വിന്യാദിനക്ഷത്രസമൂഹം, ഇരട്ടകളായി സദാ സഞ്ചരിക്കുന്ന കാലവർഷക്കാറ്റുകള് (തെക്കുപടിഞ്ഞാറൻ,വടക്കുകിഴക്കൻ) അവക്കൊത്തു സഞ്ചരിക്കുന്ന സമുദ്രയാനികൾ ഇങ്ങനെ വ്യത്യസ്താർത്ഥങ്ങൾ. ഈ പ്രപഞ്ചത്തെ മുഴുവന് അശ്വമായും വിഷ്ണുവിനെ അശ്വമായും ഇന്ദ്രനെ (മരുത്തുക്കളോടും കാലവർഷത്തോടുമൊത്ത് വരുന്ന) അശ്വമായും വേദങ്ങൾ കാണുന്നു. ഗോസൂക്തം,അശ്വസൂക്തം എന്നിവ മേല്പറഞ്ഞ എല്ലാ അർത്ഥങ്ങളിലും വ്യാഖ്യാനിക്കാവുന്നതാണ്. ഋഷഭരാശിയിലാണ് (ഇടവം) ഇടവപ്പാതി മുതൽ (കാർത്തികനക്ഷത്രം) ശ്രീലങ്ക,തെക്കൻസമുദ്രതീരം എന്നിവിടങ്ങളില് വർഷകനായി കാലവർഷം എത്തുന്നത്. അതിനാൽ ഋഷഭരൂപിയായി ഇന്ദ്രനെന്ന കാലാശ്വത്തെ കരുതുന്നു.

ദശകം 2

1. ഉദ്ഘേദഭി ശ്രുതാമഘം വൃഷഭം നര്യാപസം
   അസ്താരമേഷി സൂര്യ
   മഘവാൻ, നീ മാത്രമാണ് ശ്രുതിയിൽ ഉദ്ഘോഷിക്കപ്പെട്ട വൃഷഭം. എല്ലാവരിലും വെച്ച് കീർത്തിമാൻ, ദോഷങ്ങളെ (അജ്ഞാനം)അസ്തമിപ്പിക്കുന്ന സൂര്യൻ.
2. യദദ്ധ്യ കച്ച വൃത്രഹന്നുദകം അഭിസൂര്യ
   സർവ്വം തദിന്ദ്ര തേ വശേ
   ഉദകംകൊണ്ട്(ജലം)വൃത്രനെ ഹനിച്ചവനായ ഹേ, സൂര്യാ, സർവ്വവും നിന്റെ വശഗമായിരിക്കുന്നു.
3. യ ആനയത് പരാവതഃസുനീതീ തുർവ്വശം യദും
   ഇന്ദ്രഃസനോയുവാ സഖാ
   ഇന്ദ്രാ , നീ ഞങ്ങളുടെ യുവാവായ സഖാവ്. പാതയിൽനിന്ന് വ്യതിചലിച്ച (കാമങ്ങൾക്ക് അടിമപ്പെട്ട) തുർവ്വശു,യദുക്കളെ എല്ലാം സുനീതിയുടെ പാതയിലേക്ക് (തിരിച്ചു)കൊണ്ടുവന്നാലും.
4. മാ ന ഇന്ദ്രാഭ്യാ 3ദിശഃസൂരോ അക്തപർഷ്വായ മത്
   ത്വാ യുജാ വനേമ തത്
   ഏതുദിശയിൽനിന്നും ആക്രമിക്കാവുന്ന (കാമക്രോധാദി)ശത്രുക്കളെ (ഞങ്ങളുടെ അജ്ഞതനീക്കി), ഞങ്ങളിലേക്ക് അടുപ്പിക്കരുതേ. നിന്നോടു ചേർന്ന് നിന്റെ സുഹൃത്തുക്കളായ ഞങ്ങൾ ശത്രുക്കളെ ജയിക്കട്ടെ..

5. ഐന്ദ്ര സാനസിം രയിം സജിത്വാനം സദാസഹം
വർഷിഷ്ഠ മൂതയേ ഭര
ഇന്ദ്രാ, എനിക്ക് തുല്യമായി (സമമായി) വിതരണം ചെയ്യുക. ഇഹപരധനം തരിക. അത് വികാരങ്ങളെ അടക്കാനും അക്രമങ്ങളെ സഹിക്കാനും (അനീതി കളെ) ശക്തി തരുന്നു.

6. ഇന്ദ്രം വയം മഹാദനുഇന്ദ്രമർഭ ഹവാമഹേ
യുജം വൃത്രേഷു വജ്രിണം
ഇന്ദ്രാ, വൃത്രനെ വജ്രത്താൽ ജയിച്ച നിന്നെ ടെറുതും വലുതുമായ എല്ലാ ആയോധനത്തിലും മഹാധനവാനായ നിന്നെ ഞങ്ങൾ സഹായത്തിന് വിളിക്കുന്നു.

7. അപിബത്ക്കദ്രുവഃ സുതമിന്ദ്രഃ സഹസ്രബാഹവേ
തത്രാദരിഷ്ട പൌംസ്യം
ആയിരം കൈകളെക്കൊണ്ട് ശത്രുവിനെ അടക്കുവാൻ രാജാവ് യോഗ്യനായ ഗുരുവിൽനിന്ന് അഗാധമായ(ആഴമുള്ള)ജ്ഞാനം നേടി (കുടിച്ച്) പുരുഷത്വം വർദ്ധിപ്പിക്കണം.

8. വയമിന്ദ്ര ത്വായവോഭി പ്ര നോനുമോ വൃഷൻ
വിദ്ധി ത്വാ3 സ്യനോവസു
ഇന്ദ്രാ,ജ്ഃാനത്തിനായി, ആനന്ദദാതാവായ അങ്ങയെ ഞങ്ങൾ വണങ്ങുന്നു. വൃഷാവായ നീ ഞങ്ങളുടെ ഈ വികാരം(അനുഭൂതി) അറിയുന്നു.

9. ആ ധാ യേ അഗ്നിമിന്ധതേ സ്തൃണന്തി ബർഹിരാംഷക്
യേഷാമിന്ദ്രോ യുവാ സഖാ
ആത്മജ്ഞാനപ്രചോദകരായ മഹാത്മാക്കളും അവരുടെ നിത്യയൌവന യുക്തനും അമരനുമായ സഖാവും വേഗത്തിൽ ഈ ശരീരത്തിന്റെ (സംസാരജീവിതത്തി ന്റെ) കെട്ടുകൾ പൊട്ടിക്കുന്നു.

10. ഭിന്ധി വിശ്വാ അപദ്വിഷഃ പരിബാധോ ജഹീമൃധഃ
വസുസ്പാർഹ തദാ ഭര
ഞങ്ങളുടെ ശത്രുക്കളെ ഓടിക്കുക. ബാധകളായ ആ ഉപദ്രവികളെ (ദോഷം) അടക്കുക. ഞങ്ങൾ ആഗ്രഹിക്കുന്ന ആത്മായധനത്താല് ഞങ്ങളെ പൂരിപ്പി ക്കുക. (നിറക്കുക)

ഭാഷ്യം

ഋഷിമാർഃ- 1,2 സുകക്ഷൻ,ശ്രുതികക്ഷൻ. 3 ഭരദ്വാജൻ. 4 ശ്രുതകക്ഷൻ. 5, 6 മധു ഛന്ദസ്സ് . 7,9 (ഋഷി പറഞ്ഞിട്ടില്ല). 8 വസിഷ്ഠൻ. 10 ത്രിശോകൻ. ദേവത ഇന്ദ്ര ൻ, വിഷ്ണു,സൂര്യൻ എന്നിവർ.1, 2 സൂക്തങ്ങളില് ഇവര് ഏകമായിരിക്കുന്നു. വജ്രത്തിൽ ഉദക(ഫേന)രൂപമായിരുന്ന് വൃത്രവധം നടത്തിയത് വിഷ്ണുവാണ്. (സൂര്യനാരായണൻ)അജ്ഞാനാന്ധകാരം നീക്കുന്ന പരമഗുരുവായി ആ വിഷ്ണു വെത്തന്നെ പറയുന്നു.മൂന്നാമത്തെ സൂക്തത്തിൽ പാതയിൽനിന്ന് വ്യതിചലിച്ച രണ്ടു പരമ്പരകളെ തിരിച്ച് നേരായ പാതയിലേക്ക് കൊണ്ടുവരാനുള്ള അഭ്യ ർത്ഥന കാണാം. തുർവ്വശുക്കളും യദുക്കളുമാണ് ഇവർ. തുർവ്വശുപദത്തിന് അർത്ഥം - തുർവ്വിം ഹിംസായാം (ഹിംസയുടെ പാതയിലേക്ക് പോയവർ, സ്വീകരിച്ചവർ)എന്നാണ്. ദൂരവാസികളായ ബന്ധുജനങ്ങൾ ഹിംസാമാർഗ്ഗം സ്വീക രിച്ചപ്പോൾ, അവരെ വീണ്ടും പഴയ സമ്പ്രദായത്തിലേക്ക് തിരിച്ചു കൊണ്ടു വരാനാണ് പ്രാർത്ഥന. യദുക്കളും തുർവ്വശുക്കളും പൂരുവംശത്തിന്റെ ശാഖക ളാണ്.അവരും പൂരുവിന്റെ സഹോദരന്മാരാണ്. ഭരതവംശം തന്നെയാണ്. ഇവരിൽ വടക്കുപടിഞ്ഞാറെ അതിർത്തിയില് വിന്യസിക്കപ്പെട്ട യോദ്ധാക്കളാണ്

തുർവ്വശുവംശം. പുറത്തുനിന്നുള്ള ആക്രമങ്ങളെ തടയാനാണ് ഇത്. പല കാരണങ്ങളാൽ ഇവര് അതിർത്തിക്കപ്പുറമുള്ള ഹിംസാസമ്പ്രദായം പഠിച്ച് വ്രാത്യരായി. മാനവഗുരുക്കന്മാർ പല കാലങ്ങളില് അവരെ പരമമാർഗ്ഗത്തിലേക്ക് തിരിച്ചുകൊണ്ടുവന്നതായി പുരാണങ്ങളിലുണ്ട്.. യദു യദുവംശസ്ഥാപകനായി നരരൂപത്തിൽ ആദ്യമുണ്ടായ വംശസ്ഥാപകനായ അവകാരമെന്ന് പണ്ഡിത് ജവലപ്രസാദ്. ഇതിനെ ദേവീചന്ദ് നിരസിക്കുന്നത് വേദകാലത്ത് അവതാരമില്ല എന്ന് പറഞ്ഞുകൊണ്ടാണ്. അവതാരമെന്ന് പറഞ്ഞാലും ഇല്ലെങ്കിലും വംശസ്ഥാപകനായ യദുനാമം വേദത്തിലുണ്ട്. സർവ്വഈശ്വരലക്ഷണങ്ങളോടും കൂടി നരരൂപത്തിലവതരിച്ച് ഗുരുക്കന്മാരും ഋഷിമാരും പ്രചോദകരായ വേദവംശപിതാക്കളും വേദം പരാമർശിക്കുന്നുമുണ്ട്.

ഗ്രിഫിത്ത് തുർവ്വശുയദുക്കളെ രണ്ട് ആര്യന് ട്രൈബുകളെന്ന് പറയുന്നു.അവർ പുറത്തുനിന്ന് വന്നവരെന്ന വിശ്വാസത്തിലാണിത്. യയാതിക്ക് ഭൃഗുവംശത്തിലെ ശുക്രമുനിയുടെ പുത്രിയായ ദേവയാനിയില് ജനിച്ചവരാകയാൽ ഇവർ ബ്രാഹ്മണ സ്ത്രീയിൽ ഗുരുപരമ്പരയിൽ, ക്ഷത്രിയരാജപരമ്പരയിലെ പുരുഷനു ജനിച്ച ബ്രഹ്മക്ഷത്രരാണ്.യയാതിക്ക് അസുരരാജാവ് വൃഷപർവ്വാവിന്റെ പുത്രി ശർമ്മിഷ്ഠയിൽ ജനിച്ച പൂരുചക്രവർത്തിയുടെ സഹോദരന്മാരും. അതിനാൽ പുറത്തുനിന്ന് വന്നവരല്ല, ആര്യദ്രാവിഡഭേദം അവരിലുണ്ടായിരുന്നുമില്ല. ശുക്രപുത്രിയായ ദേവയാനിയുടെ യദുതുർവ്വശുകുലം ഭൃഗുകച്ഛം മുതല് തെക്കോട്ടു നീണ്ടു കിടക്കുന്ന ദക്ഷിണാപഥത്തിലെ കൃഷ്ണന്മാരുടെ വംശമാണ്.വൃഷപർവ്വാവെന്ന അസുരരാജാവാകട്ടെ, ഈ കറുത്ത ദക്ഷിണാപഥക്കാരുടം രാജാവും. വംശീയവ്യത്യാസം പോലും ഇവർ തമ്മിലില്ല. കേരള,ചോള,പാണ്ഡ്യവംശം ഇവരുടെ വംശമാണ്. മദ്ധ്യേന്ത്യയിലും ദക്ഷിണേന്ത്യയിലും ഉത്തരേന്ത്യയിലും വടക്കുപടിഞ്ഞാറെ പ്രവിശ്യകളിലും യദുതുർവ്വശുപൂരുവംശം കുലസംഘമായി ഭരിച്ചുപോന്നു.
നിത്യയൌവനയുക്തനെന്നത് വിഷ്ണുവിന്റെ വിശേഷണമാണ്. ഇന്ദ്രനെന്നത് ചക്രവർത്തിനാമവും 100 യാഗം കഴിച്ച ശതക്രതുവിന്റേതുമാണ്. ശ്രീകൃഷ്ണന്റേത് യദുവംശമാണ്.അത് ഭൃഗുക്കളുടെ ഗുരുപരമ്പരയാണ്. യാദവർക്ക് ദത്താത്രേയനും തുർവ്വശുക്കൾക്ക് ദുർവ്വാസാവും (ഇരുവരും ആത്രേയരാണ്) കുലഗുരു.
7, 9 സൂക്തങ്ങൾക്ക് ഋഷി പറഞ്ഞിട്ടില്ല. ആയിരം കൈകളുള്ള കാർത്തവീര്യാർജ്ജുനനെന്ന യാദവരാജാവിന്റെ പുത്രനായ മൂഷകവംശസ്ഥാപകനെ സംരക്ഷിക്കാനായി ദത്താത്രേയഗുരുവിനെ സമീപിക്കുന്നതിന്റെ സിംബലാണ് 7ആം സൂക്തം. കേരളം,മാഹിഷ്മതി എന്ന് രണ്ട് രാജ്യങ്ങളിലെ രാജാക്കന്മാരെല്ലാം ഈ രാജാവിൽനിന്നാണ് ഉണ്ടായത്.സംസാരബന്ധനം പൊട്ടിക്കാൻ (ഇന്ദ്രപുത്രനായ ബാലിയുടെ വാലിൽ കുടുങ്ങിയ കാർത്തവീര്യന്റെ) വിഷ്ണു പരശുരാമരൂപത്തിൽ അവതരിച്ച പരാമർശം 9ആം സൂക്തത്തിലും കാമാം. ഇത് യദു, ഭൃഗുവംശങ്ങളുടെ പ്രശസ്തി പറയുകയാണ്.. ത്രിദോഷങ്ങളും കാമാദിശത്രുക്കളും അടക്കി ആത്മീയവും ഭൌതികവുമായ ധനം സർവ്വലോകത്തിനും കൊടുക്കാനും ജ്ഞാനദൃഷ്ടി തെളിയിച്ച് ധാർമ്മികമായ അഹിംസാമാർഗ്ഗം (സാത്വികം) കാണിക്കാനുമാണ് ഗുരുക്കന്മാർ വേദവചനം വർഷിച്ചത്.

ദശകം 3

1. ഇഹേവ ശൃണ്വ ഏഷാം കശാ ഹസ്തേഷു യദ്വദാന്
   നി യാമം ചിത്രമൃഞ്ജതേ
   ഞങ്ങൾ (രണ്ടുപേർ) പറയുമ്പോൾ, ഇരുവരും ഒരുമിച്ചു കേൾക്കുന്നു. ഹസ്ത

ത്തിന്(കൈകൾക്ക്) തൊട്ടടുത്തെന്നപോലെ കേൾവി. വാക്ക് ചിത്രമായ (വിചിത്ര) കർമ്മങ്ങള് ചെയ്യുന്നവരുടെ കൈകളിലാണ് (സുരക്ഷിതമായി വർദ്ധിക്കുന്നത്)

2. ഇമ ഉത്വാ വിചക്ഷതേ സഖായ ഇന്ദ്രസോമിനഃ
   പൃഷ്ഠാവന്തോ യഥാ പശും
   ഇന്ദ്രാ, ആത്മകാക്ഷികളായ സഖാക്കൾ നിന്നെ നോക്കുന്നു. സോമത്തോടുകൂടി. വൈക്കോൽ കയ്യിലുള്ളവര് പശുവിനെ നോക്കുന്നതുപോലെ.
3. സമസ്യ മന്യവേ വിശോ വിശ്വാ നമന്ത കൃഷ്ടയഃ
   സമുദ്രായേവ സിന്ധവഃ
   സമസ്തമനുഷ്യരും ലോകങ്ങളും ആകർഷിക്കുന്ന ആ ഉത്തമപുരുഷനെ നമിക്കുന്നു. സിന്ധുക്കൾ സമുദ്രത്തെയെന്നപോലെ അവനില് ചേരുന്നു(അവനാൽ ആകൃഷ്ടരായിട്ട്)
4. ദേവാനാമിദവോ മഹന്തദാ വൃണീമഹേ വയം
   വൃഷ്ണാമസ്മഭ്യമൂതയേ
   ഞങ്ങൾ മഹത്തുക്കളായ ,ചൈതന്യമുള്ളവരായ, ഈ ഗുരുക്കന്മാരെ (പൂർവ്വികരെ) വരിക്കുന്നു. അവരുടെ ആനന്ദജ്ഞാനവൃഷ്ടി(വൃഷണത്താൽ)കൊണ്ട് ഞങ്ങൾ സംരക്ഷിക്കപ്പെടട്ടെ.
5. സോമാനാം സ്വരണം കൃണുഹി ബ്രഹ്മണസ്പതേ
   കക്ഷീവന്തം യ ഔശിജഃ
   സോമത്താൽ സ്വരണം ചെയ്യുക. ബ്രഹ്മണസ്പതേ, കക്ഷീവാന് ബലം തരിക.
6. ബോധന്മനാ ഇദസ്തു നോ വൃത്രഹാ ഭൂര്യാസുതിഃ
   ശ്രുണോ തു ശക്രം ആശിഷം
   ഞങ്ങളുടെ മനസ്സുകൾക്ക് വൃത്രഹന്താവായ ,ആനന്ദരൂപമായവൻ ബോധം അരുളട്ടെ. ഞങ്ങളുടെ ഗാനങ്ങൾ ശക്രാ, കേൾക്കുക. ആശിസ്സുകൾ തരിക.
7. അധ്യ തോ ദേവ സവിതഃ പ്രജാപത്സാ വിസകസൌഭഗം
   പരാ ദുഃഷ്വപ്ത്യം സുവ
   സവിതാവേ,പ്രജാപതേ, ഞങ്ങൾക്ക് സൌഭഗം തരിക. ദുഃസ്വപ്നം അകറ്റി പരമായ സ്വർല്ലോകസുഖവും തരിക.
8. ക്വദസ്യ വൃഷഭോ യുവാ തുവിഗ്രീവോ അനാനതഃ
   ബ്രഹ്മാ കസ്തം സപര്യതി
   എവിടെയാണ് യുവാവായ ആ വൃഷഭം. അനേകം തരുന്ന ഉന്നതമായ പിടിച്ച കഴുത്തുള്ള (വളഞ്ഞുകൊടുക്കാത്ത) ആ ബ്രഹ്മം എവിടെ പര്യയം (സഞ്ചാരം) ചെയ്യുന്നു.
9. ഉപഹ്വരേ ഗിരീണാം സംഗമേ ച നദീനാം
   ധിയാ വിപ്രോ അജായത
   ഏകാന്തമായ ഗിരിഗുഹകളിലും നദീസംഗമങ്ങളിലും ധീ കൊണ്ട് വിപ്രന്മാർ ജനിച്ചു.
10. പ്ര സമ്രാജം ചർഷണീനാമിന്ദ്രം സ്തോതാ നവ്യം ഗീർഭിഃ
    നരം നൃഷാഹം മംഹിഷ്ഠം
    സർവ്വർക്കും സാമ്രാട്ടായ ഇന്ദ്രാ , നവ്യമായ ഗീരുകളാൽ സ്തോതാക്കള് സ്തുതിക്കുന്നു. നരന്മാരിൽവെച്ച് നൃപനായ മംഹിഷ്ഠമായ എന്റെ പുതിയ ഗീരുകളാൽ സന്തുഷ്ടനാവുക.

ഭാഷ്യം
ഋഷിമാർഃ-കണ്വോ ധൌരഃ 2 ത്രിശോകൻ. 3, 9 വത്സഃകാണ്വൻ. 4 കുസീദി

കാണ്വൻ, 5 മേധാതിഥി 6 ശ്രുതകക്ഷ 7 ശ്യാവാശ്വൻ. 8 പ്രഗാഥഃകാണ്വൻ. 10 ഇരിംബിഠി
ദേവതഃഇന്ദ്രൻ,ഛന്ദസ്സ്-ഗായത്രി,സ്വരം ഷഡ്ജം.
ഈ ദശകം പ്രധാനമായും കണ്വന്മാരുടേതാണ്. രണ്ടുപേരെന്നത് ഒരു മിഥുനം. പതിപത്നി,ഗുരുശിഷ്യസംവാദം. വിചിത്രകർമ്മങ്ങള് ചെയ്ത് പുകള് പെറ്റവരുടെ വാക്ക് അനേകം പേർ ശ്രദ്ധിക്കുന്നു. വേദകാലത്ത് വിചിത്രകർമ്മമെന്നാൽ, വേദശാസ്ത്രാവഗാഹം, ധർമ്മിഷ്ഠത ഇവയായിരുന്നു. (ഇന്നത്തെ കാലത്ത് അങ്ങനെയല്ല). അപ്രകാരമുള്ള രണ്ടുപേർ ഒന്നിച്ചുചേരുമ്പോള് ശക്തി കൂടും. അനേകം പേരുടെ സഭയിൽ ആ ശക്തി പലമടങ്ങ് വർദ്ധിക്കും. ജ്ഞാനികളുടെ സഭയിലെ സംവാദങ്ങള് കൊണ്ട് എല്ലാവർക്കും ജ്ഞാനം കരതലാമലകം പോലെ സസിദ്ധിക്കാനുള്ള അവസരം ലഭിക്കുന്നു. ഹസ്തമെന്നത് കന്നിരാശിയിലെ നക്ഷത്രസമൂഹം. പിതൃക്കളെ ആരാധിക്കുന്നവർക്ക് പിണ്ഡസ്വീകാരത്തിനുള്ള പൂർവ്വികരുടെ കൈകൾ. ഇതുരണ്ടും ജ്ഞാനികളായി വളരാൻ തലമുറകളെ പ്രേരിപ്പിക്കുന്നു. ആത്മാന്വേഷികളായ ശിഷ്യന്മാർ ഗുരുവിനെ നോക്കുന്നത്, ഈശ്വരനെ അന്വേഷിക്കുന്നത് വൈക്കോൽ (സമിത്ത്) കയ്യിലേന്തി പശുവിനെ നോക്കി ജ്ഞാനപ്പാലു ചുരത്താനഭ്യർത്ഥിക്കുന്ന പോലെയാണ്. ഈ ഉപമ അർത്ഥവത്താണ്. കാമധേനുവായ സരസ്വതിയുടെ സ്തനങ്ങൾ ചുരത്തുന്ന സംഗീതസാഹിത്യാദി വാക്ക് എന്ന അഗ്നിക്കാണ് ഈ കർമ്മനിഷ്ഠ. കൃഷ്ടമെന്നതിന് അംഗുഷ്ഠം അഥവാ തള്ളവിരലെന്ന് അർത്ഥമുണ്ട്. എന്തിനാണ് ഈശ്വരനെ അംഗുഷ്ഠത്തോട് ഉപമിക്കുന്നത്.

അംഗുഷ്ഠമാത്രമാണ് പരമപുരുഷൻ. അംഗുഷ്ഠമാണ് പുരുഷനെ അളക്കുന്ന മാത്ര. അത് പ്രവർത്തിപ്പിക്കാന് സാധിച്ചപ്പോഴാണ് വിചിത്രമായ കർമ്മശേഷിയും ഭാഷാ(വാക്ക്)ശേഷിയും മനുഷ്യന് ലഭിച്ചത്.സർവ്വജീവജാലവും ഒടുവില് ഒന്നായി ലയിച്ചുചേരുന്ന നാദലയസിന്ധു എന്ന മഹാസിന്ധുവിനെ എല്ലാ നദികളുമെന്ന പോലെ പ്രാപിക്കുന്നു.ആ സാഗരത്തെ എല്ലാ സിന്ധുക്കളും നമിക്കുന്നു,അതിലേക്ക് ഒഴുകുന്നു. സിന്ധു എന്ന പദം ഇവിടെ ഒരു പ്രത്യേകനദിയുടെ നാമമല്ല, സമുദ്രപര്യായവുമല്ല, സിന്ധവ എന്ന് ബഹുവചനമായി എല്ലാ നദികളേയും സൂചിപ്പിച്ചാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് ശ്രദ്ധിക്കണം. എല്ലാ നദികളും സമുദ്രത്തെ ചേരുന്നു എന്ന് സമുദ്രതീരവാസികളായ മനുഷ്യരാണ് എഴുതുന്നത്, മദ്ധ്യേഷ്യയിലുള്ളവരല്ല. വേദം ഉണ്ടായത് എവിടെയാണെന്നതിന് ഇതും മറ്റൊരു തെളിവാണ്.സൈന്ധവസംസ്കൃതി അനേകം നീർച്ചാലുകൾ,അരുവികൾ,നദികൾ ചേർന്ന് സമുദ്രത്തിലേക്ക് ഒഴുകുന്ന ഇന്ത്യാഉപഭൂഖണ്ഡത്തിലെ സംസ്കാരമെന്നല്ലാതെ സിന്ധു എന്ന ഒറ്റ നദീതീരത്തുണ്ടായ സംസ്കാരമെന്ന അർത്ഥമില്ല.നാലാം സൂക്തത്തില് വൃഷ്ണി എന്ന് ശ്രീകൃഷ്ണന്റെ യാദവകുലത്തിന്റെ ഒരു പൂർവ്വപ്രപിതാമഹനേയും വൈഷ്ണവരേയും സ്മരിക്കുന്നുണ്ട്.
ആദ്യസൂക്തത്തിൽ കയ്യിലെ കശാവ് എന്ന പദം കാണാം. സാരഥിയുടെയോ നായാട്ടുകാരന്റേയോ കയ്യിലെ ചമ്മട്ടിയാണ് കശാവ്. ഇതുകൊണ് അശ്വത്തെ നേർവഴി നടത്തുന്നു. ഗുരുനേർവഴിക്ക് നയിക്കുന്നത് വാക്കുകൊണ്ടും, പ്രാണനിയന്ത്രണം കൊണ്ടുമാണ്. പ്രാണനിയന്ത്രണം(പ്രാണായാമം)കൊണ്ട് മനോ,വാക്, കായങ്ങളെ നേർവഴി നടത്താനാണ് പറഞ്ഞിരിക്കുന്നതെന്ന് പണ്ഡിറ്റ് ജയദേവ വിദ്യാലങ്കാർ.ആറാം സൂക്തത്തിലെ കക്ഷീവാനും ഔശിജനും ഋഷിമാരാണ്. ഇത് ഗ്രിഫിത്തും ചൂണ്ടിക്കാട്ടിയിട്ടുണ്ട്.സ്വന്തം കക്ഷ്യ(ഭ്രമണപഥം)വിട്ട് വഴി മാറാത്തവരാണ് ജ്യോതിർഗോളങ്ങൾ. ധർമ്മമാർഗ്ഗത്തില് നിന്ന് വ്യതിചലിക്കാത്ത മനുഷ്യര് അപ്രകാരമാണ്. പ്രാണചലനം (വായുചലനം) ഇപ്രകാരം നിശ്ടിതകക്ഷ്യകളിൽ

നടന്നാലേ , പ്രാണനിയന്ത്രണം കൊണ്ട് സ്വരചലനം (സ്വരണം) സാധിച്ച് മനോഹരമായി സാമഗാനം പാടാനാവുകയുള്ളു. ഋഷിനാമമുദ്ര കൂടി ചേർത്ത് ശ്ലേഷാർത്ഥത്തിലാണ് കക്ഷീവാന്റെ രചന. അതിനുള്ള ബലം തരാൻ ബ്രഹ്മണസ്പതിയോടാണ് അഭ്യർത്ഥിക്കുന്നത്. അപ്രകാരം മനോഹരഗാനം പാടിയ ശ്രുതകക്ഷന്റെതാണ് തൊട്ടടുത്ത സൂക്തമെന്നത് അർത്ഥത്തില് നൈരന്തര്യം ഉണ്ടാക്കുന്നത്. ചിദാനന്ദരൂപമായ ബോധം ഉണ്ടാവാനാണ് ശ്രുതകക്ഷന്റെ ഗാനങ്ങൾ ഈശ്വരനിലർപ്പിക്കുന്നത്.ഇഹപരസുഖം തരാനും ദുഃസ്വപ്നനാശനത്തിനും സൌഭാഗ്യത്തിനും സൌന്ദര്യത്തിനും സർവ്വോപരി ബ്രഹ്മാത്മൈക്യബോധത്തിനുമാണ് സാമഗായകര് സ്തോത്രം പാടുന്നത്.

ആറാം സൂക്തം ബ്രഹ്മത്തെ യുവാവും പ്രാണായാമത്തിൽ കഴുത്ത് സമമായി ഉയർത്തി പിടിച്ച സുഗ്രീവവും , വായുവിനെപ്പോലെ സഞ്ചാരിയുമായ ദാനശീലനായ ഋഷഭം(കാള) എന്ന് പറയുന്നു.സൈന്ധവസംസ്കൃതിയിലെ സീലുകളിൽ കാണുന്ന കാള ഈ വൈദികഋഷഭമാണ്.ആ പരമയോഗിയായ ഋഷഭം ഏകാകിയായി ഗിരികളിലും ഗുഹകളിലും നദീതീരങ്ങളിലും യോഗചര്യ കൊണ്ട് ധീ (ബുദ്ധി) നേടി ബോധി തെളിഞ്ഞ് അവിടെയെല്ലാം വിപ്രരെ ജനിപ്പിച്ചു എന്ന് 9ആം സൂക്തപരാമർശം.കന്നുകാലികളെ മേച്ചും നായാടിയും നടന്ന ആദിമമനുഷ്യവർഗ്ഗം ഋഷിമാരായി രൂപാന്തരപ്പെട്ടതും, അവരുടെ ആദിമവാസസ്ഥാനങ്ങളും പറയുന്നു. ആ വർഗ്ഗക്കാരിൽനിന്നുതന്നെയാണ് ആദിമബ്രഹ്മജ്ഞാനികളായ ബ്രാഹ്മണഗുരുക്കന്മാരും ജനിച്ചതെന്ന് വേദത്തിന് അറിയാം. അവരുടെ ഇടയിൽത്തന്നെയാണ് ക്ഷത്രിയരും സമ്രാട്ടുകളായ നരേന്ദ്രന്മാരും ജനിച്ചതെന്ന് പത്താം സൂക്തവും പറയുന്നു. പത്താം സൂക്തം ഇരിംബിഢിയുടേതാണ്. ഇ എന്ന വർണ്ണത്തിനുമുമ്പ് മഹാപ്രാണമായ ഹ ചേർത്താല് ഹിരിംബിഡി. ഹ്രീം (ഹിരിം) എന്നത് ശക്തിമന്ത്രം. രകാരം ഡകാരമായി ഉച്ചരിക്കുന്നവർ ഇതിനെ ഹിഡിംബിഡി എന്നാക്കി. ഹിഡിംബി എന്ന ഭീമസേനപത്നിനാമം ഇങ്ങനെ ഉണ്ടായി. ഹിഡിംബിപുത്രനും (ഘടോത്കചൻ) പുലസ്ത്യവർഗ്ഗക്കാരനായ അഗസ്ത്യനെപ്പോലെ കുടത്തിൽനിന്ന് ജനിച്ചു. പുല സ്ത്യവർഗ്ഗക്കാരൻതന്നെയാണ്. കുടമെന്നത് കേരളത്തിലെ മലബാറിന്റെ പഴയ നാമവുമാണ്.

പ്രപാഠകം 2 അർദ്ധം 2

ദശകം 4

1. അപാദു ശിപ്രയന്ധസഃ സുദക്ഷസ്യ പ്രഹോഷിണഃ
   ഇന്ദോരിന്ദ്രോ .യവാശിരഃ
   ഒന്നിൽനിന്ന് ഒന്നിലേക്ക് മാറിമാറി (രാശിമാറി) സഞ്ചരിക്കുന്നവൻ സുദക്ഷനും എടുക്കുന്നത്രതന്നെ കൊടുക്കുന്നവനുമാണ്. യവധാന്യം ശിരസ്സായി ഇന്ദുവിൽനിന്ന് ഇന്ദ്രന് ജനിക്കുന്നു.
2. ഇമാ ഉ ത്വാ പുരുവസോഭി പ്രനോനുനവുർഗ്ഗിരഃ
   ഗാവോ വത്സം ന ധേനവ
   ധാരാളം വസു(രത്നം)ക്കളോടുകൂടിയ നിന്നിലേക്ക് ഈ ഗീരുകൾ എത്തുന്നു. നീ വത്സങ്ങളിലേക്ക് (കന്നുകുട്ടികൾ) ധേനു (അമ്മപ്പശു, കാമധേനു) എന്നപോലെ കുനിയുന്നു.(താഴ്ന്നുവരുന്നു)
3. അത്രാഹ ഗോരമന്വത നാമ ത്വഷ്ടുരപീച്യം
   ഇത്ഥ്യാ ചന്ദ്രമസോ ഗൃഹേ
   ചന്ദ്രമസ്സിന്റെ ഗൃഹത്തില് (മണ്ഡലം. ചന്ദ്രവംശം എന്നുമാവാം) സൂര്യപ്ര

കാശത്തിന്റെ അംശം പോലെ നമ്മിലും ആനന്ദമയമായി ഈശ്വരപ്രകാശം ഇരിക്കുന്നു.

4. യദിന്ദ്രോ അനയദ്രിതോ മഹീരപോ വൃഷന്തമഃ
തത്ര പൂഷാഭവത് സചാ
ആ ഇന്ദ്രന് ഏറ്റവും മഹത്തായ ആനന്ദജലം വർഷിക്കുമ്പോള് നമ്മുടെ പൂഷാവായി (പോഷകൻ)ഭവിക്കുന്നു.

5. ഗൌർധയതി മരുതാംശ്ചവസ്യുമർത്താ മഘോനാം
യുക്താബഹ്വി രഥാനാം
സർവ്വമരുത്തുക്കളുടേയും അമ്മയായ ആ ഗോവ്, മനുഷ്യരുടെ ബുദ്ധി, സർവ്വത്തിന്റേയും ജീവന് എന്നിവയെ മഹത്താക്കി യോജിപ്പിച്ച് അനേകം രഥങ്ങൾ തീർത്ത് ഉയർത്തുന്നു.

6. ഉപനോ ഹരിഭിഃ സുതം യാഹി മദാനാം പതേ
ഉപനോ ഹരിഭിഃസുതം
സർവ്വാനന്ദത്തിനും പതിയായവനേ, സുതന്മാരായ ഞങ്ങളുടെ ഹരിയും(വിദ്യ) ആസ്വദിച്ചാലും. സുതന്മാരായ ഞങ്ങളുടെ വിദ്യ ആസ്വദിച്ചാലും.

7. ഇഷ്ടാ ഹോത്രാ അസൃക്ഷതേന്ദ്രം വൃധന്തോ അദ്ധ്വരേ
അഛാവ ഭൃഗമോജസാ
ഇഷ്ടമായ ഈ യജ്ഞം ഹോതാക്കൾ,അനുഭൂതിപൂർവ്വം ഓജസ്സോടുകൂടി അവഭൃതം(സ്നാനം)വരെ നടത്തുന്നു.

8. അഹമിദ്ധി പിതൃഷപരി മേധാമൃതസ്യ ജഗ്രഹ
അഹം സൂര്യ ഇവാ ജനി
പിതാവായ ഈശ്വരനിൽനിന്ന് അമൃതമായ മേധ എനിക്ക് സിദ്ധിക്കട്ടെ. ഞാൻ സൂര്യനെപ്പോലെ പുനർജ്ജനിക്കട്ടെ.

9. രേവതീർനഃസധമാദ ഇന്ദ്രേ സന്തു തുവിവാജാഃ
ക്ഷുമന്തോ യാഭിർമദേന
സത്തുക്കളായ ജ്ഞാനേന്ദ്രിയങ്ങൾ, ഇന്ദ്രാശ്വമായി (രേവതിയെപ്പോലെ) ബലവും ആനന്ദവും ആർജ്ജിക്കട്ടെ. ആത്മാനന്ദത്താൽ ഇന്ദ്രിയങ്ങള് ആനന്ദിക്കുന്നു.

10. സോമഃ പൂഷാ ച ചേതതുർവിശ്വാസാം സുക്ഷിതീനാം
ദേവത്രാ രഥ്യോർഹിതാ
സോമൻ പൂഷാവായി സർവ്വത്തിലും നിറഞ്ഞിരിക്കുന്നു. വിശ്വാസപൂർവ്വം ചേതസ്സിനേയും ഭൂമിയിലെ ജീവിതത്തേയും കാക്കുന്നു. ദേവന്മാർക്ക് (ജ്ഞാനികൾ) അനേകം ഹിതകരമായ രഥ്യ(വഴി)കൾ തീർത്തുകൊടുക്കുകയാല് ആരാധിക്കപ്പെടുന്നു.

ഭാഷ്യം

ഋഷിമാർഃ-1 ശ്രുതകക്ഷൻ.2 മേധാതിഥി. 3. ഗൌതമൻ. 4 ഭരദ്വാജൻ. 5 ബിന്ദുവും പുരുദക്ഷനും 6, 7 ശ്രുതകക്ഷനും സുകക്ഷനും 8 വത്സകാണ്വൻ. 9 ശുനശ്ശേഫൻ. 10 ശുനശ്ശേഫനും വാമദേവനും .

ദേവത ഇന്ദ്രൻ. .സൂക്തം അഞ്ചിന് ദേവത മരുത്ത്. ഛന്ദസ്സ് ഗായത്രി. സ്വരം ഷഡ്ജം.

ആദ്യസൂക്തത്തിൽ യവത്തിന്റെ ശിരസ്സ് അഥവാ ധാന്യക്കതിര് എന്ന് കൃഷി സംബന്ധമായ പദം കാണാം. സസ്യവളർച്ചക്ക് ചന്ദ്രനാണ് കാരണം. ധാന്യശിരസ്സ് ഭാരം കൊണ്ട് കുനിയുന്നു. (സൂക്തം 2) രാജാവ് (ഇന്ദ്രൻ) അതിനെപ്പോലെ ദാനശീലനും വിനയാന്വിതനുമാണ്. പ്രജകളിൽനിന്ന് എടുത്തതെല്ലാം അത്രതന്നെയോ പതിന്മടങ്ങോ അവർക്ക് തിരിച്ചുകൊടുക്കുന്ന ധർമ്മശീലനാണ്. ധർമ്മമേഘമാണ്. അതുപോലെ ജ്ഞാനിയും താൻ അദ്ധ്യയനം

ചെയ്ത് പഠിച്ചതെല്ലാം മനനം കൊണ്ട് പതിന്മടങ്ങ് വർദ്ധമാനമാക്കി, ശിഷ്യ രിലേക്ക് എത്തിക്കുന്നു. ഭക്ഷിച്ച അന്നത്തെ സത്താക്കി, രസമാക്കി, ഗർഭസ്ഥ ശിശുവിന് പോഷണം നൽകുന്ന അമ്മയെപ്പോലെയാണ് ഈശ്വരൻ.
ഒന്നിൽനി ന്ന് ഒന്നിലേക്കുള്ള സഞ്ചാരം ഒരു ജൈവശരീരത്തിൽനിന്ന് മറ്റൊന്നിലേക്ക് ആത്മാവ് യാത്ര ചെയ്യലുമാണ്. പുതിയ ഒരാത്മാവിന്റെ ജനനം ഈ ക്രമ ത്തിലാണ്.



ഈ ചക്രം ആവർത്തിക്കുന്നത് സൂര്യചന്ദ്രന്മാരും ഭൂമിയും തമ്മിലുള്ള അനാദിബന്ധം കൊണ്ടാണ്. ആത്മാവിനെ സമുദ്രത്തിന്റെ ഇരുകരയും തൊട്ടുകൊണ്ട് സഞ്ചരിക്കുന്ന മഹാമത്സ്യരൂപമായി ഉപനിഷത്തുകൾ വിശേഷിപ്പിക്കുന്നുണ്ട്. ശിപ്ര(ക്ഷിപ്ര)നദിയുടെ ഇരുകര തൊടുന്നതും രണ്ട് ജൈവശരീരങ്ങളെ ബന്ധിപ്പിക്കുന്നതും സംസാരനിർവ്വാണങ്ങളില് പ്രവർത്തി ക്കുന്നതും അതേ ആത്മാവിന്റെ തന്നെ പുനർജ്ജനിസിംബലുകളാണ്.
സൂര്യപ്രകാശമാണ് ചന്ദ്രമണ്ഡലത്തെ പ്രകാശിപ്പിക്കുന്നതെന്ന ശാസ്ത്രസത്യവും മൂന്നാംസൂക്തത്തിലുണ്ട്.
അഞ്ചാം സൂക്തം പ്രാണങ്ങൾ അഥവാ മരുത്തുക്കള് ദേവതയായി ബിന്ദുവും പുരുദക്ഷനും ഋഷിമാരായി പാടപ്പെടുന്നു.മരുത്തുക്കൾ 49 പേർ, ബിന്ദു ചേർന്ന് 50. ഈ 50 വർണ്ണാക്ഷരങ്ങളെയും പ്രാണചലനം കൊണ്ട് മനുഷ്യ ജീവി ഉണ്ടാക്കുന്നു. ബിന്ദുയുക്തമായ ശ്രീവിദ്യാചക്രം ഇത് സൂചിപ്പിക്കുന്നു. സർവ്വ പ്രാണങ്ങൾക്കും അമ്മയായ ഗോവാണ് (രശ്മി, ധേനു നാനാർത്ഥം) വാഗ്ദേവി,സരസ്വതി.അവൾ പ്രാണങ്ങളെ ,ഇന്ദ്രിയങ്ങളെ,യോഗം ചെയ്ത് (സംയോജനം) രഥരൂപമായി(അനേകവിധം ജൈവ,അജൈവശരീരം രഥരൂ പം.)പ്രാണനെ ഉയർത്തുന്നു. (ഉദ്ഗാനം ചെയ്യുന്നു).കുണ്ഡലിനീശക്തിയുടെ ഉണർച്ചയിലാണ് ജീവന് മഹത്തായ ബൌദ്ധികകാര്യങ്ങൾക്കുള്ള ശക്തി നേടുന്നത്. ഇതിനെ തുടർന്ന് രണ്ട് സൂക്തം ശ്രുതകക്ഷൻ, സുകക്ഷൻ എന്നി വരുടേതാണ്. പ്രാണശ്രുതിസംബന്ധവും നേരായ ഭ്രമണപഥത്തിൽമാത്രം പ്രാണ സഞ്ചാരം നടക്കുന്നതിലെ സൂചിപ്പിക്കുന്നതുമാണ് ഇവരുടെ സൂക്തങ്ങളും

ഋഷിനാമവും.ആറാം സൂക്തം ഉപനോ ഹരിഭി സുതെ എന്ന് രണ്ട് പ്രാവശ്യം ആവർത്തിച്ചും യാഹി മദാനാം പതേ എന്നു വിളിച്ചും ഗാനരൂപത്തിലാണ്. ഹരി എന്നപദം ഹ്രീം, ഹരിഹര പദങ്ങളുടെ സമന്വയമായ പൂർണ്ണശക്തി യാണ്.ഹരിയുടെ സുതന്മാർ(ഹരിജനം)അഥവാ ഹരിവംശക്കാർ (വൈഷ്ണവർ) എന്ന് സർവ്വാനന്ദത്തിന്റേയും നാഥനായ ഹരിയുടെ ആരാധകര്സ്വയം കരുതുന്നു. ഹരി യജ്ഞപുരുഷനാണ്. ഓജസ്സും അനുഭൂതിയും ഉള്ളവരാണ് സാമഗാനപ്രിയരായ ഹരിജനങ്ങൾ. അവർ തുടക്കം മുതല് അവഭൃതസ്നാനം വരെ ആനന്ദപൂർവ്വം ആചരിച്ച് നടത്തുന്നു. യജ്ഞമെന്നത് അവരുടെ ജീവിതയജ്ഞം തന്നെയാണ്.

വത്സകാണ്വനെന്ന എട്ടാം സൂക്തത്തിന്റെ ഋഷി ആ പരമഗുരുവായ സർവ്വേശ്വരന്റെ വത്സനായി(പുത്രൻ, ശിഷ്യൻ, കന്നുകുട്ടി) ഗുരുമുഖത്തുനിന്ന് അമൃതമായ മേധ (സാരസ്വതം)എന്ന സിദ്ധി നേടി സൂര്യതേജസ്സോടെ പുനർജ്ജനിക്കാന് (ദ്വിജനാവാൻ)എത്തിയ പുതിയ ആത്മാവാണ്.ആത്മാനന്ദം ഉള്ളവന്റെ ഇന്ദ്രിയങ്ങൾ അരോഗദൃഢഗാത്രമായിരിക്കയാല് നിത്യാനന്ദമനുഭവിക്കുന്നു. സാത്വികമായി ഇന്ദ്രിയങ്ങളെ നിഷ്ഠാപൂർവ്വം അഭ്യസിപ്പിച്ചാല് അവ ഇന്ദ്രാശ്വങ്ങളെപ്പോലെ ബലം (വാജി എന്ന വാക്കിൽനിന്ന് വാജീകരണം എന്ന ആയുർവ്വേദക്രമം), ആനന്ദം ഇവ നേടുന്നു.ഇരേവതി (രേവതി) എന്ന പദത്തിൽനിന്നാണ് ഐരാവതമെന്ന ഇന്ദ്രവാഹനത്തിന്റെ നാമപദം ഉത്ഭവിക്കുന്നത്.ഐരാവതം ആനയാണ്. എന്നാൽ രേവതി, അശ്വതി(അശ്വം)ക്ക് കൂട്ടായി ഇരട്ടയായിരിക്കുന്ന സംവത്സരാദിയിലെ അശ്വിനികുമാരന്മാർ എന്ന ഇരട്ടക്കുതിരകളുടെ അഥവാ മരുത്ഗണങ്ങളുടെ ദേവതയാണ്.ആറാം സൂക്തം രേവതി എന്ന രാഗത്തിൽ പാടാവുന്നതുമാണ്. അതിനാൽ ഒമ്പതാം സൂക്തത്തിന്റെ ആദിയില് രേവതി എന്ന രാഗമുദ്ര ഉചിതമായിരിക്കുന്നു. ചന്ദ്രവേല അനുസരിച്ചാണ് വർഷപാതം.വർഷപാതമനുസരിച്ചാണ് സസ്യവളർച്ചയും അന്നം ഉല്പാദനവും.കാലാവസ്ഥ, ഭക്ഷണം, പോഷണം, ജൈവസമ്പത്തി, ആയുസ്സ്, അനേകവിധമായ ഇഷ്ടപ്പെട്ട ഉപജീവനമാർഗ്ഗങ്ങള് എന്നിങ്ങനെ സർവ്വവും ഇവിടെ പരാമർശിതമാണ്.

ദശകം 5

1. പാന്തമാ വോ അന്ധസ ഇന്ദ്രമഭിപ്രഗായത
   വിശ്വാസാഹം ശതക്രതും മംഹിഷ്ഠം ചർഷണീനാം
   നമ്മുടെ അന്നത്തെ സംരക്ഷിക്കുന്ന ആ ഇന്ദ്രന്റെ പ്രശസ്തി പാടുക. വിശ്വം മുഴുവനും കീഴടക്കിയ ശതക്രതുവാണവൻ. ജ്ഞാനികളാൽ അവന്റെ മഹത്ക്രിയകൾ വാഴ്ത്തപ്പെടുന്നു.
2. പ്ര വ ഇന്ദ്രായ മാദനം ഹര്യശ്വായ ഗായത
   സഖായഃ സോമപാവ്നേ
   സോമത്താൽ പാവനനായി, സർവ്വാനന്ദാനുഭൂതിയും നൽകുന്ന സഖാവും ഹര്യശ്വനുമായ ഇന്ദ്രന്നുവേണ്ടി നമുക്ക് (കീർത്തിച്ച്) പാടുക.
3. വയമുത്വാ തദിദർത്ഥാ ഇന്ദ്ര ത്വായന്തഃ സഖായാഃ
   കണ്വാ ഉക്ഥേഭിർജരന്തേ
   നിന്റെ സഖാക്കളായ ജ്ഞാനികൾ, ഇന്ദ്രാ, നിന്നെ വേദവാക്കാൽ പ്രശംസിച്ച് പാടുന്നു. നിന്നെ ആവാഹിച്ച് ആരാധിച്ച് പാടുന്നു.
4. ഇന്ദ്രായമദ്വനേ സുതം പരിഷ്ടോഭന്തു നോ ഗിരഃ
   അർക്കമർച്ചന്തു കാരവഃ
   എന്റെ ഈ യജ്ഞത്തിൽ ഇന്ദ്രനുവേണ്ടി സുതര് (മക്കൾ, പ്രജകൾ) ആരാധിച്ച് സ്തോഭങ്ങളോടെ ഗീരുകൾ പാടട്ടെ. കാരുക്കള് (പഞ്ചജനങ്ങളായ നാഗവംശികൾ,ദക്ഷന്മാർ) അർക്കം അർച്ചിക്കട്ടെ.

5. അയം ത ഇന്ദ്ര സോമോ നിപൂതോ അധി ബർഹിഷി
ഏഹിമസ്യ ദ്രവാ പിബ
ഈ സോമം നിറഞ്ഞു വഴിയുന്നത്, ഇന്ദ്രാ, നിനക്കുവേണ്ടിയാണ്. ഈ ദ്രവം കുടിച്ച് ആനന്ദിക്കുക.
6. സുരൂപകൃത്നുമൂതയേ സുദുഘാമിവ ഗോദുഹേ
ജൂഹൂമസി ദ്യവിദ്യവി
സുദുഘയായ പശു തന്റെ കറവുകാരനെ വിലിക്കുന്നതുപോലെ, സുരൂപ കൃത്തുക്കളായ ഞങ്ങള് , ഞങ്ങളുടെ വിദ്യക്ക് ഫലം തരുന്ന നിന്നെ വിളിക്കുന്നു.
7. അഭിത്വാ വൃഷഭാ സുതേ സുതം സൃജാമി പീതയേ
തൃപ്താ വ്യശ്നുഹീ മദം
ഹേ,വൃഷഭാ, വരിക. ജ്ഞാനവും ആനന്ദവും തന്നവനേ, അവ മക്കൾ നിനക്കായി സ്രവിപ്പിക്കുന്നു (സൃഷ്ടിക്കുന്നു). ഇത് കുടിച്ച് തൃപ്തനായി ആനന്ദമദം കൊള്ളുക
8. യ ഇന്ദ്ര ,മസേഷ്വാ സോമശ്ചമൂഷു തേ സുതഃ
പിബേതസ്യ ത്വമീശിഷേ
ചമസത്തിലും (കപാലത്തിനുള്ളിലെ മസ്തിഷ്കമെന്നും അർത്ഥം) നാഡി കളിലും ശേഖരിച്ച ജ്ഞാനവും ആനന്ദവും നിനക്കു മാത്രമുള്ളതാണ്. അവ യുടെ ഈശനായ നീ അവ കുടിച്ചാലും.
9. യോഗേ യോഗേ തവസ്തരം വാജേ വാജേ ഹവാമഹേ
സഖായ ഇന്ദ്രമൂതായ
ഓരോരോ യോഗത്തിലും ഓരോരോ വാജത്തിലും (ജ്ഞാനാന്വേഷണം, യജ്ഞം) ഞങ്ങൾ നിന്നെ ഓർക്കുന്നു. വിളിക്കുന്നു. സഖാവായ ഇന്ദ്രനെ പാടുന്നു.
10. ആ ത്വേതാ നി ഷീദതേന്ദ്രമഭിപ്രഗായത
സഖായഃ സ്തോതവാഹസഃ
വരിക. ഇന്ദ്രനെ സ്തുതിച്ച് പാടുന്ന ഗാനങ്ങളുമായി ഇവിടെ വന്നിരുന്ന് പാടുക. സഖാവായ അവൻ സ്തോമ(ഭ)ങ്ങളെ വഹിക്കുന്നവനാണ്.

ഭാഷ്യം

ഋഷിമാർഃ- 1, 4 ശ്രുതകക്ഷൻ, 2 വസിഷ്ഠൻ, 3 മേധാതിഥി, പ്രിയമേധസ്സ്, 5 ഇരിംബിഠി 6, 10 മധുഛന്ദസ്സ്, 7 ത്രിശോകൻ, 8 കുസീദി 9 ശുനശേഫ ൻ. ദേവത ഇന്ദ്രൻ. ആറാമത്തെ സൂക്തത്തിന് പ്രജാപതി ദേവത. ഛന്ദസ്സ് അനുഷ്ഠുപ്പും ഗായത്രിയും സ്വരങ്ങൾ ഗാന്ധാരവും ഷഡ്ജവും ശതക്രതു -ശതകർണ്ണി , ശതായുസ്സ്. 100 യാഗം ചെയ്ത വ്യക്തിയാണ് ശതക്രതു. ഇതിന് മിനിമെ 100 വർഷമെങ്കിലും ജീവിക്കണം. ശതക്രതു വാണ് ഇന്ദ്രനെന്ന നാമത്തോടെ നേത്രനാരായണപദ വിയിലേക്ക് ഉയർത്തപ്പെടുന്ന വൈദികഗുരു . ഇവരുടെ പരമ്പരകൾ ബ്രഹ്മക്ഷത്രരായി ഹിരണ്യ ഗർഭം കഴിച്ച് രാജാധിരാജന്മാരും ഈശ്വരദാ സരുമായി(പത്മനാഭദാസ) തീരുന്ന ദേവാനാം പ്രിയന്മാരാണ്. അത്തരം ഇന്ദ്രനുവേണ്ടി ശ്രുതകക്ഷന്റെ ശിഷ്യരും മക്കളും സ്തോഭങ്ങളോടെ ഗീരുകൾ പാടുന്നു. കാരുക്കളെന്ന തക്ഷകർ (ദക്ഷ) എന്ന നാഗവംശം ലോഹം,ദാരു, കല്ല് മുതലായ വസ്തു ക്കളാല് പലവിധം വിചിത്രനിർമ്മി തികളുണ്ടാക്കുന്നവരും സംഗീതനൃത്താദികളില് കുശലരുമാണ്.അവരവരുടെ അർക്കം(ശില്പാദികളും നൃത്തഗാനങ്ങളും) സാമ്രാട്ടായ ഇന്ദ്രന്റെ ആനന്ദാ നുഭവത്തിനായി സമർപ്പിക്കുന്നു.മധുഛന്ദസ്സിന്റെ സൂക്തത്തിൽ പ്രജകള്

രാജാവായ ഇന്ദ്രനെ കറവപ്പശു അകിടുനിറയുമ്പോൾ കറവുകാരനെ വിളിക്കുന്നതുപോലെ വിളിക്കുന്നതായി പറയുന്നു. തങ്ങളുടെ വിദ്യാഫലം (പാലുപോലെ)സ്വീകരിച്ച് ആനന്ദിച്ച്,ആ കർമ്മത്തിനുള്ള പ്രതിഫലം ലഭിക്കാനാണ് വിളി. (അന്നപാനാദികളും സ്നേഹവും സംരക്ഷണവും)ഈ ആനന്ദാനുഭവം (സൃഷ്ടിയുടേയും അതിന്റെ ആനന്ദാനുഭവത്തിന്റേയും ആസ്വാദനത്തിന്റേയുമായ കാരയത്രി,ഭാവയത്രിപ്രതിഭ)കപാലചക്രത്തിലെ സോമനീരായി യജ്ഞത്തിൽ സങ്കല്പിച്ച് സമർപ്പിക്കുന്നു. യോഗേ യോഗേ , വാജേ വാജേ എന്ന പ്രയോഗം യോഗങ്ങളും(യോഗികളും) വാജങ്ങളും (വാജപേയികളും)നിരന്തരം ആവർത്തിച്ചുകൊണ്ടിരുന്ന ഒരു പൂർവ്വസംസ്കാരം ശുനശ്ശേഫ(വിശ്വാമിത്ര)കാലത്തിനു മുമ്പേ ഇവിടെ ഉണ്ടായിരുന്നു എന്നാണല്ലോ കാണിക്കുന്നത്.വിശ്വാമിത്രകാലം മെഹ്ർഗാർഹ് സംസ്കാരത്തിനു മുമ്പുള്ള രാമായണകാലമാണ്. ശ്രീരാമന്റെ ഗുരുവും വൃദ്ധനുമായ വസിഷ്ഠന്റെ സമകാലീനനാണ് വിശ്വാമിത്രൻ. രണ്ടാം സൂക്തത്തിൽ വസിഷ്ഠൻ ഈ സൂക്തം ഹര്യശ്വനെന്ന ഇന്ദ്രനുവേണ്ടിയാണെന്ന് പറയുന്നു. ഹര്യശ്വന്മാർ കപിലമുനിയുടെ കാലത്ത് കപിലന്റെ യോഗാഗ്നിയില് ദഹിച്ചുപോയ രാജാക്കന്മാരാണ്. (ശ്രീരാമന്റെ പൂർവ്വീകർ). ഹര്യശ്വം എന്നത് ഹരി(ഹ്രീം) അശ്വം എന്ന് രണ്ടുപദമായി വിഗ്രഹിച്ചാൽ വൈഷ്ണവം,ശക്തി, അശ്വിനി എന്ന് അർത്ഥമാവും. ഹരി സിംഹവുമാണ്, വിഷ്ണുവുമാണ്. ഹരിയെ (സിംഹത്തെ)വാഹനമാക്കിയവളാണ് ശക്തി (ഹ്രീം) ഭുവനേശ്വരി. ഇത്തരം അക്ഷരക്രിയകളും, ,സിംബലുകളും വളരെ പൌരാണികമാണെന്ന് വേദത്തിൽനിന്ന് കാണാം. ഇത് ആദ്യം നിർദ്ധാരണം ചെയ്യാതെ സൈന്ധവഹരപ്പൻ ലിപികളെ അർത്ഥത്തോടെ ഗ്രഹിക്കാനാവില്ല. ആസ്കോ പർപ്പോള ഇത് മനസ്സിലാക്കിയിട്ടുണ്ട്.

സ്തോമം(സ്തോഭം) സംഗീതാത്മകമായി സൃഷ്ടിക്കപ്പെടുന്ന ഭാവങ്ങളാണ്. സാമവേദകാലം മുതലാണ് ഇത് ആരംഭിച്ചത്. താണ്ഡ്യബ്രാഹ്മണത്തിൽ 9 വിധം സ്തോമങ്ങളുണ്ട്. ത്രിവൃത്, പഞ്ചദശ,സപ്തദശ,ഏകവിംശ, ത്രിനവ, ത്രയത്രിംശ, ചതുർവ്വിംശ, ചത്വാരിംശ, അഷ്ടചത്വാരിംശ എന്ന് സംഖ്യാനാമങ്ങളാണ് ഈ നവസ്തോമങ്ങൾക്ക് താണ്ഡ്യബ്രാഹ്മണം കൊടുത്തിരിക്കുന്നത്. ഗണിത,ജ്യോതിശ്ശാസ്ത്ര,സംഗീതശാസ്ത്രപരമായി ഈ സംഖ്യകൾ വേദകാലം മുതലേ ഭാരതം ഉപയോഗിക്കുന്നുണ്ട്. 3, 15, 17, 20, 27, 33 മുതലായ ഈ സംഖ്യകളുടെ പ്രാധാന്യം നേരത്തെ പല ഗ്രന്ഥങ്ങളിലായി വിവരിച്ചതിനാൽ ആവർത്തനദോഷം ഒഴിവാക്കാന് ഇവിടെ വിട്ടുകളയുന്നു.

ദശകം 6

1. ഇദ് ഹ്യന്വോജസാ സുതം രാധാനാംപതേ
   പിബാ ത്വാ3സ്യ ഗിർവ്വണഃ
   ഓജസ്സുകൊണ്ട് ഇവിടെ സുതന്മാര് (മക്കൾ, പ്രജകൾ,ശിഷ്യർ) നേടിയ ജ്ഞാനത്തിൽ നിന്നുണ്ടായ ഗീർവ്വാണികള് , ഹേ, രാധമാരുടെ പതിയായവനേ,(രാധസ്സുകളുടെ പതി) കുടിച്ചാലും.
2. മഹാം ഇന്ദ്രഃ പുരശ്ച നോ മഹിത്വമസ്തു വജ്രിണേ
   ധ്യൌർന പ്രഥിനാ ശവഃ
   ഇന്ദ്രാ, ഞങ്ങൾ മഹാത്മാക്കളാണ്. ഈ മഹിത്വം(മഹത്വം) സദാ കാത്തു സൂക്ഷിക്കാൻ ഞങ്ങൾക്കു കഴിയട്ടെ. വജ്രത്താൽ സർവ്വഭയം നീക്കി, ദ്യോവുപോലെ വിസ്തരമായ (രാജ)പാതകാട്ടിത്തരുന്നവനേ.
3. ആ തൂ ന ഇന്ദ്രഃക്ഷുമന്തം ചിത്രം ഗ്രാഭംസംഗൃഭായ
   മഹാഹസ്തിദക്ഷിണേന

ചിത്രമായ(വിചിത്രമായ, അത്ഭുതജനകമായ)ഈ ജ്ഞാനം യത്നിച്ച് ഗ്രഹിക്കുക. ദക്ഷിണയാൽ മഹാഹസ്തിപോലെ അത് വിശപ്പ് മാറ്റും

4. അഭിപ്ര ഗോപതിം ഗിരേന്ദ്രമർചം യഥാവിദേ
   സൂനൂം സത്യസ്യ സത്പതിം
   ഗോക്കളുടെ പതിയും സത്യത്തിന്റെ സത്പതിയും സത്യപുത്രനുമായ പ്രകാസരൂപനെ വിദ്വത്ത്വത്താലും ഗീരുകളാലും പാടുക.
5. കയാ അശ്ചിത്ര ആ ഭുവദൂതി സദാവൃധഃസഖാ
   കയാ ശചിഷ്ഠയാ വൃതാ
   ഏതൊരു വിചിത്രമായ സംരക്ഷണത്താൽ ,ശക്തിയാൽ ഏതൊരു വിധത്തിലാണ് സത്യത്തെ ഭുജിച്ച് ജ്ഞാനമാർജ്ജിക്കുന്ന ആ ഭുവനത്തിന്റെ ദൂതി (messenger)നമ്മുടെ സഖാവാകുന്നത്.
6. ത്യമുവഃസത്രാസാഹം വിശ്വാസു ഗീഷ്വാനൃതം
   ആ ച്യാവയ സ്വൂതയേ
   ലോകത്തിലെ സർവ്വ അനൃതങ്ങളും നശിപ്പിക്കുന്ന, സർവ്വസ്തുതിക്കും സത്രത്തിനും ഏകലക്ഷ്യമായ(ആത്മനെ)തിനെ ഗീരുകളാൽ പ്രകാശിപ്പിക്കുക. അങ്ങനെ സ്വയം ഉയർച്ച നേടുക.
7. സദസസ്പതിമദ്ഭൂതം പ്രിയമിന്ദ്രസ്യ കാമ്യം
   സനിം മേധാമയാസിഷം
   കാമ്യനും പ്രിയനും സത്തുക്കളുടെ സത്പതിയുമായ ഇന്ദ്രനിൽ ഞാന് ഒന്നാകട്ടെ. അപ്രകാരം എന്റെ മേധ ഉജ്ജ്വലമാകട്ടെ.
8. യേ തേ പന്ഥാ അധോ ദിവോ യേഭിർവ്യശ്വമൈരയഃ
   ഉത ശ്രോഷന്തു നോ ഭുവഃ
   ദിവത്തിനു താഴെയുള്ള അനേകം പന്ഥാവുകളാൽ അനേകങ്ങളാൽ, (ഇന്ദ്രിയ)അശ്വങ്ങളെ നീ പ്രവർത്തിപ്പിച്ച് നിയന്ത്രിക്കുന്നുവോ , അവയെല്ലാം നിന്റെ നാദം ഭുവർല്ലോകത്തിലും മുഴങ്ങിക്കേൾക്കട്ടെ.
9. ഭദ്രം ഭദ്രം ന ആ ഭരേഷമൂർജ്ജം ശതക്രതോ
   യദിന്ദ്ര മൃഡ്യാസി നഃ
   ശതക്രതോ, ദയാലുവായ ഇന്ദ്രാ., നീ ഞങ്ങൾക്ക് ഭദ്രം ഭദ്രമായി സർവ്വൈശ്വര്യം നിറച്ച് ഊർജ്ജം തരുന്നു.
10. അസ്തിസോമോ അയംസുതഃപിബന്ത്യസ്യ മരുതഃ
    ഉത സ്വരാജോ അശ്വിനാഃ
    ഈ പുത്രന്മാരുടെ സോമം (ജ്ഞാനാനന്ദരസം) തയ്യാറായിക്കഴിഞ്ഞു. മരുത്തുക്കളെ, കുടിച്ചാലും. അശ്വിനികളായ (പതിപത്നിമിഥുനം) സ്വാരാജ്യം നേടിയ പ്രതിഭാശാലികൾ എല്ലാവരും കുടിക്കട്ടെ.

ഭാഷ്യം

ഋഷിമാര്ഃ-1. വിശ്വാമിത്രൻ. 2 മധുഛന്ദസ്സ്. 3 കുസീദികാണ്വൻ. 4 പ്രിയമേധൻ. 5, 8 വാമദേവൻ. 6 , 9 ശ്രുതകക്ഷന്. 7 മേധാതിഥി 10 ബിന്ദുവും പുരുദക്ഷനും

ആദ്യസൂക്തത്തിൽ ശ്രീകൃഷ്ണകാലത്തിന് എത്രയോ മുമ്പ് ജീവിച്ചിരുന്ന വിശ്വാമിത്രൻ, ഓജസ്സ് , രാധാനാം പതി എന്ന് രണ്ടു പദങ്ങൾ ഉപയോഗിക്കുന്നത് കാണുന്നു. ഓജസ്സ് ശ്രീകൃഷ്ണന്റെ ഒരു പൂർവ്വജന്മവും ശില്പികളായ കാരുക്കളുടെയും ചാലൂക്യന്മാരുടേയും (വരാഹം അഥവാ കോലം ചിഹ്നം)പൂർവ്വപ്രപിതാമഹനുമാണ്. പൃശ്നി എന്ന വൈദികഋഷികക്കും സുതപസ്സിനും മകനായി പിറന്നു. ഈ അതിപ്രാചീനമായ രാധാനാം പതി

യെയാണ് വിശ്വാമിത്രമുനി ഓജസ്സിനായി ആവാഹിക്കുന്നത്. വജ്രപാതം (മിന്നൽ)കൊണ്ട് ദ്യോവിൽ വിശാലമായ രാജപാത വെട്ടുന്ന ഊർജ്ജത്തെ ത്തന്നെ ,വിശ്വാമിത്രപുത്രനായ മധുഛന്ദസ്സ് അഭയം പ്രാപിക്കുന്നു. ആ സൌദാമിനീസന്നിഭയായ ശക്തിയാണ് രാധ(സ്സ്) അഥവാ ഐശ്വര്യത്തിലേ ക്കുള്ള ,പുരുഷാർത്ഥത്തിലേക്കുള്ള രാജപാത.നാഡീവ്യൂഹത്തിൽ കുണ്ഡ ലിനീപരദേവതയായി ഈ പരമജ്ഞാനശക്തി ഉണർന്നാല് (പ്രയത്നം കൊണ്ട് ഉണർത്തിയാൽ)സർവ്വജ്ഞത്വം സർവ്വഗ്രഹണശക്തി കൊണ്ട് ലഭിക്കുന്നു. എല്ലാതരം ഇഹപരങ്ങളായ വിശപ്പുകളും ആ ജ്ഞാനശക്തി ശമിപ്പിക്കും.ദക്ഷിണയാൽ തൃപ്തമായ മഹാഹസ്തി (വലിയ ആന- പെരി യാന)പോലെ എന്ന് ഉപമ. ഇത് ഗണപതിസങ്കല്പത്തിന്റെ ആരംഭവുമാ കാം. മഹാലക്ഷ്മി,മഹാസരസ്വതി,മഹാകാളിമാര്ക്ക് സന്തതസഹചാരി യാണ് ഗണനായകരൂപത്തിൽ ആന.

ഒന്നാം സൂക്തത്തിലെ രാധാനാം പതി ,നാലാം സൂക്തത്തിലെ ഗോപതി ഇവ ചേർത്തുവെച്ച് വായിക്കുമ്പോള് ശ്രീകൃഷ്ണജനനത്തിന് എത്രയോ മുമ്പേ ഗോലോക(ഗോകുല)പതിയും ഗോപതിയും രാധാപതിയുമായ ഈശ്വരസങ്കല്പമുണ്ട് ഇന്ത്യയിലെന്ന് മനസ്സിലാവും. വിഷ്ണുവിന്റെ ചതുർധ്ധാമശക്തിയാണ് ഗർഗ്ഗഭാഗവതത്തിലെ ഗോലോകേശ്വരി രാധ. ദ്യോവിൽ പ്രകാശമാർഗ്ഗം തെളിച്ച് ഭുവർലോകത്തില് മരുത്തുക്കളാകുന്ന ദൂതന്മാരോടൊപ്പം സഞ്ചരിച്ച്(പ്രാണങ്ങൾ) ഓജസ്സരുളുന്ന പ്രപഞ്ചശക്തിയാ ണ് ഇന്ദ്രിയങ്ങളിൽ നാഡീവ്യൂഹത്തില് സഞ്ചരിക്കുന്നതും ഓജസ്സു തരു ന്നതും. ഇന്ദ്രിയനിയന്ത്രണെ ചെയ്ത് ഇന്ദ്രിയാധീശനായിരിക്കുന്ന ബുദ്ധി യാണ് ഇന്ദ്രൻ. അത് നമ്മെ ലക്ഷ്യത്തിലേക്ക് നയിക്കുന്നു.ഉള്ളിലെ ജ്ഞാന ത്തെ പുറത്ത് പ്രകാശിപ്പിച്ച് പുറംലോകത്തിന്റെ ഇരുട്ടകറ്റുന്നതാണ് ഗുരുവിന്റെ കടമ. ആ ഗീരുകളാലാണ് ഗുരുവിന്റെ മഹത്വം ലോകം അറിയുന്നത്. അപ്രകാരമുള്ള പ്രിയനും സജ്ജനങ്ങളുടെയെല്ലാം സദ്പതി യും കാമ്യനുമായ ശ്രീഗുരുവായ ഇന്ദ്രിയാധീശ്വരനിലാണ് വ്യക്തിയുടെ മേധ ഏകീഭവിച്ച് തന്മയീഭവിക്കുന്നത്.ഇവിടെ ഇന്ദ്രിയാധീശത്വം നാഡീവ്യൂഹ ങ്ങളുടെ ഗണപതിയായ മസ്തിഷ്കത്തിനാണ്. ഏഴാം സൂക്തം അങ്ങനെ തന്മയീഭവിച്ച് ഉജ്വലമായ മേധയെയാണ് (സരസ്വതി) ആഗ്രഹിക്കുന്നത്. ഋഷിനാമവും മേധാതിഥി തന്നെ.

സദസസ്പതി , സരസസ്പതി- ദ, ര എന്നീ അക്ഷരങ്ങളുടെ ഉച്ചാരണഭേദ ത്താൽ സരസ്സുകളുടെ പതി സരസ്പതിയും ജലദേവതയും രസദേവതയും സ്വരദേവതയുമായ സരസ്വതി തന്നെ. ആ ഗീർവ്വാണിയാണ് ഋഷി ആവാ ഹിക്കുന്നത്. ദ്യോവിൽ(മസ്തിഷ്കം) ജനിച്ച് ആകാശത്തിലെ രാജമാർഗ്ഗം വജ്രം പോലെ വെട്ടിത്തുറന്ന് ,ഭുവർല്ലോകത്തിൽ(അന്തരിക്ഷം) ഇടിവെട്ടു ന്ന മഹാനാദമായി മുഴങ്ങുന്നു ആ ഊർജ്ജത്തിന്റെ ഓജസ്വരം. ഋതുഭേദ മായി ഋഷഭദേവൻ കാലം തെറ്റാതെ വന്നാല്,സർവ്വതോഭദ്രമായി പ്രപഞ്ച ത്തിൽ അവന്റെ ഊർജ്ജം കൊണ്ട് സർവ്വൈശ്വര്യവും നിറയുന്നു എന്ന് ,പാത തെറ്റാതെ തന്റെ കക്ഷയിൽ (മാർഗ്ഗം)സഞ്ചരിക്കുന്ന ശ്രുതകക്ഷൻ നാദത്തിന്റെ ഊർജ്ജമഹിമ പാടുന്നു. സർവ്വതോഭദ്രമെന്നത് വാസ്തുവില് അതിപ്രധാനമായ ശൈലിയാണ്. ഭദ്രന്, ബലഭദ്രൻ, സുഭദ്ര എന്ന് മൂന്നു മക്കളിൽ കൃഷ്ണനാണ് ഭദ്രനാമാവ്. ദേവാലയ,മനുഷ്യാലയങ്ങൾ വായു കടക്കുന്നവിധം പണിയുന്ന സർവ്വതോഭദ്രശൈലി സർവ്വൈശ്വര്യം തരുന്നു. സർവ്വരാജമാർഗ്ഗങ്ങളിലൂടെയും നാഡീവ്യൂഹങ്ങളിലൂടെയും കാലാനുസൃ

തമായി പ്രാണനും ജലവും അന്നരസവും എത്തിച്ചുകൊണ്ട് ഒഴുകുന്ന 49 സഖാക്കളായ മരുത്തുക്കളെ ബിന്ദുവും പുരുദക്ഷനും ചേർന്ന അശ്വിനീമിഥുനം വിളിക്കുന്നു. ശ്രീചക്രത്തിലെ ബിന്ദുവിൽ ചേർന്നിരിക്കുന്ന മിഥുനങ്ങൾക്ക് ചുറ്റും സർവ്വതോഭദ്രമായി ചക്രം വരക്കുന്നു,അശ്വിന്യാദി രാശിചക്രവും സർവ്വതോഭദ്രമാണ്.

ദശകം 7

1. ഈങ് ഖയന്തീരപസ്യുവ ഇന്ദ്രം ജാതമുപാസതേ
   വന്വാനാൻഃസുവീര്യം
   ഉപാസിക്കുന്നവരുടെ(മേധയുള്ളവരുടെ) ഹൃദയത്തിൽ സുവീര്യമായി ഇന്ദ്രൻ ഇവിടെ അഭിവ്യക്തമാകുന്നു. (ജനിക്കുന്നു)
2. ന കി ദേവാ ഇനീമസീ ന ക്യാ യോപയാമസി
   മന്ത്രശ്രുത്യം ചരാമസി
   ദേവോപാസകരായ ഞങ്ങൾ,മായ (ഭേദഭാവന)കൂടാതെ ,അഹിംസയോടെ ജീവിക്കട്ടെ. ശ്രുതിമന്ത്രങ്ങളിൽ (വേദമാർഗ്ഗങ്ങളിൽ) സഞ്ചരിക്കട്ടെ.
3. ദോഷോ ആഗാദ് ബൃഹദ്ഗായ ധ്യമദ് ഗാമന്നാഥർവ്വണ
   സ്തൂഹി ദേവം സവിതാരം
   ബൃഹത്സാമം പാടുന്നവരേ, നിങ്ങളിൽ ജീവനെ നശിപ്പിക്കാത്ത ,സർവ്വദോഷഹാരിയായ അഥർവ്വണന് അവതരിച്ചിരിക്കുന്നു.സവിതാവായ ആ ദേവനെ സ്തുതിക്കുക.
4. ഏഷോ ഉഷാ അപൂർവ്വ്യാ വ്യുഛതി പ്രിയാദിവഃ
   സ്തുഷേ വാമശ്വിനാ ബൃഹത്
   ഈ അപൂർവ്വമായ, പ്രകാശവത്തായ ദിവം , പ്രിയങ്കരമായ പുതിയ ഉഷസ്സായി അഭിവ്യക്തമാകുന്നു. ഞാൻ, ബൃഹത്സാമത്തോടെ ,വാമഭാഗത്തെ അശ്വീസമേതം സ്തുതിക്കുന്നു.(അശ്വിനാ -അശ്വിനങ്ങളെ. വാമം ഇടത്തുഭാഗം. എന്നും സുന്ദരമെന്നും)
5. ഇന്ദ്രോ ദധീചോ അസ്ഥഭിർവ്യത്രാണ്യപ്രതിഷ്കൃതഃ
   ജഘാന നവതിർനവഃ
   ഇന്ദ്രൻ ദധീചിയുടെ അസ്ഥിയാല് വ്യത്രനെ അപ്രതിഷ്ഠനാക്കിച്ചെയ്തു. (ജ്ഞാനത്തെ മറച്ച) 810 വിഘ്നങ്ങളെ നീക്കി.
6. ഇന്ദ്രേഹി മത്സ്യന്ധസോ വിശ്വേഭിഃ സോമപർവ്വഭിഃ
   മഹാം അഭിഷ്ടിരോജസാ
   സർവ്വസന്ധികളിലും ഈ വിശ്വമാകെയും സോമപർവ്വങ്ങളിലും ഇന്ദ്രൻതന്നെ അഭിവ്യക്തമാകുന്നു. അവന്റെ ഓജസ്സാൽ മാത്രം മഹത്തായ അഭീഷ്ടങ്ങൾ ജനിക്കുന്നു, സാധിക്കുന്നു.
7. ആ തൂന ഇന്ദ്ര വ്യത്രഹന്നസ്മാകമർദ്ധമാ ഗഹി
   മഹാൻ മഹീഭിരൂതിഭിഃ
   വൃത്രഹന്താവായ ഇന്ദ്രാ , ഞങ്ങൾക്കുവേണ്ടി ഇവിടെ വരിക. നീ നിന്റെ ബലവാന്മാരായ സഹായികളോടൊപ്പം ബലവാനാണ് ,മഹാനാണ്.
8. ഓജസ്തദസ്യ തിത്വിഷ ഉഭേ യത് സമവർത്തയത്
   ഇന്ദ്രശ്ചർമ്മേവ രോദസി
   അവന്റെ ഓജസ്സ് രണ്ടിനേയും (ഭൂമിയും ആകാശവും) സമവർത്തനം (ഭ്രമണം, പ്രവർത്തനം) ചെയ്യിപ്പിക്കാൻ സമർത്ഥമാണ്. ഇന്ദ്രന് ചർമ്മം

(കവചം,തോൽ) പോലെ അത് ധരിക്കുന്നു (കറക്കുന്നു),രോദനം ചെയ്യിക്കുന്നു.

9. അയമു തേ സമതസി കപോത ഇവ ഗർഭധിം
വചസ്തച്ചിന്ന ഓഹസേ
ഒരു കപോതം ഗർഭിണിയായ ഇണയുടെ അരികിലേക്കെന്നപോലെ (ഉപാസകനായ) ഞാനിതാ നിന്നെ സമീപിക്കുന്നു. എന്റെ ഈ വചസ്സുകൾ ശ്രദ്ധിക്കണേ.

10. വാത ആ വാതു ഭേഷജം ശംഭു മയോഭു നോ ഹൃദേ
പ്ര ന ആയൂംഷി താരിഷത്
ഈശ്വരനായ ശംഭു ഞങ്ങളുടെ ഹൃദയത്തില് ദോഷസംഹാരിയായ ഭേഷജം (മരുന്ന്,ഔഷധം) നിറക്കട്ടെ. ആയുർബ്ബലം വർദ്ധിപ്പിക്കട്ടെ.

ഭാഷ്യം
ഋഷിഃ 1 ഇന്ദ്രമാതരോ ദേവജാമയഃ

2 ഗോധാ, 3 ദധ്യങ് അഥർവ്വണ 4 പ്രസ്കണ്വ 5. ഗോതമ 6 മധുഛന്ദസ്സ്, 7 വാമദദേവൻ 8 വത്സൻ. 9 ശുനശേഫ ആജിഗർത്തി 10 വാതായന ഉലാ

ഈന്റെടുക്കുക ,പുറത്തേക്ക് (പ്ര)സവിപ്പിക്കുക ,പ്രസവിക്കുക. ഈങ്ഖയന്തി എന്ന ആദ്യപദത്തിൽ ഖം അഥവാ രാശിമണ്ഡലമായ കോസ്മിക്ക് അണ്ഡകടാഹത്തിൽനിന്ന് ഈ(ശക്തി)രൂപമായി ജനിച്ച ആദിശക്തിയുടെ അവതാരം പറയുന്നു. ഇവിടെ ദ്രാവിഡസംസ്കൃതസമന്വയം കാണാം. ഈങയൂർ ഈഹാപുരേശ്വരി എന്ന കേരളീയക്ഷേത്രത്തിലെ ആദിശക്തിയെ ഇവിടെ ഓർക്കുന്നു..ഇന്ദ്രമാതരോ എന്നത് ഇന്ദ്രന്റെ അമ്മയായ (അമ്മൻ ദ്രാവിഡം) ആദിപരാശക്തി, അദിതി. അതിന്റെ വിഭിന്നാവതാരം. അവതാരപുരുഷന്മാരെ (ദേവജം)പ്രസവിച്ച എല്ലാ അമ്മമാരുമെന്ന് ഋഷിമാർ. ആമയങ്ങൾ 9ദോഷങ്ങൾ)തീർക്കാനുള്ള ആരുയിർമരുന്ത് ഇവരിലാണിരിക്കുന്നത്.അവരുടെ മനസ്സിൽ സുവീര്യമായ പ്രജാഭിലാഷത്താല് പുതിയ ഒരു ജനനം സംഭവിക്കുന്നു. അഭിലാഷപൂർത്തീകരണമാണ് ഓരോ പുതുഅവതാ രജനനവും. അവതാരങ്ങളുടെ ജന്മം ഭൂമാതാവിന്റെ ഗർഭത്തിലാണ് നടക്കുന്നത്.അവളാണ് സർവ്വത്തിനും അമ്മയായ അദിതി. (കശ്യപനെന്ന സുതപസ്സിന്റെ ഇണ). അദിതിയുടെ ദേവപന്ഥാവിൽ ദിത്വം(ദിതി) ഇല്ല. സർവ്വം ഏകം അദ്വൈതം. അതിനാൽ ശത്രുവില്ല. ഹിംസയുമില്ല. ഈ വേദമാർഗ്ഗത്തില് മാനവവംശം സഞ്ചരിക്കട്ടെ എന്ന് പ്രാർത്ഥന.

ബൃഹദ്സാമം എന്ന സാമവേദം വിഷ്ണു തന്നെയാണ്. പാതിരാത്രിയിൽ പാടുന്ന സാമഗാനമന്ത്രങ്ങളാണവ.സ്ഥിതിദേവനാണ് വിഷ്ണു. ജീവന്റെ സൃഷ്ടിക്കും സ്ഥിതിക്കുമായി , പാതിരാത്രിയിൽ ബൃഹത്സാമം പാടി, വൈഷ്ണവശക്തിയെ ഉണർത്തുന്ന മിഥുനങ്ങളില് , പരസ്പരം ലയിച്ച് തന്മയീഭവിച്ച ശാന്തിമുഹൂർത്തങ്ങളിൽ, സർവ്വദോഷഹാരിയായി, സർവ്വാമയങ്ങളും തീർക്കുന്നവനായി, അഥർവ്വണനെന്ന സൂര്യദേവന് പുനർജനിക്കുന്നു.പുവരവതരിക്കുന്നു. (സൌരോർജ്ജത്തിൽനിന്ന് അന്നവും ജലവും രസവും രേതസ്സും അണ്ഡവും.അതിൽനിന്ന് പുതുപ്രജ) ഈ മൂന്നാം സൂക്തത്തിന്റെ ഋഷി ദധീചി അഥർവ്വണൻ. പുതിയ അവതാരത്തെ പുതിയ ഉഷസ്സിനെയെന്നപോലെ സ്തുതിച്ച് ,ആരാധിക്കുന്നു. വാംഭാഗത്തോട്(പത്നി) മൈ

ഥുനത്തിൽ സമീഭവിച്ച് അർദ്ധനാരീശ്വരപുരുഷനെയാണ് നാലാം സൂക്തത്തി ൽ പ്രാസ്കണ്വനും സ്തുതിക്കുന്നത്.

അശ്വിജാ അഥവാ അശ്വികളെന്നത് ബഹുവചനമാണ്. ആകാശവും ഭൂമി യും, അശ്വതിരേവത്യാദികളോടുകൂടിയ രാശിചക്രം, സൂര്യചന്ദ്രമിഥുനം, ശിവശക്തി, ബ്രഹ്മപ്രകൃതി, സ്ത്രീയും പുരുഷനും-അപ്രകാരമുള്ള അശ്വിനീ കുമാരന്മാരെന്ന ഇരട്ടവൈദ്യന്മാർക്കാണ് പ്രാസ്കണ്വന്റെ സ്തുതി.അഞ്ചാം സൂക്തത്തിൽ ഗൌതമന് ദധ്യാചി എന്ന അഥർവ്വണന് (പുതിയ അവതാരം) തന്റെ അസ്ഥികൾ ഇന്ദ്രന് അജ്ഞാനത്തെ സംഹരിക്കാനായി വജ്രായുധ മായി ദാനം ചെയ്ത കഥ പറയുന്നു.

നവതിർനവ. അനേകം, 99, 810 എന്ന് ഈ സംഖ്യയെ പലരും പലവിധം വ്യാഖ്യാനിച്ചിട്ടുണ്ട്.99 യാഗം കഴിഞ്ഞ് നൂറാം യാഗം (ശതക്രതു) കഴിക്കാ നായി സഹായിച്ചു എന്ന് ഒരർത്ഥം. നവതി 90 അതിനെ നവം (9) കൊണ്ട് ഗുണിച്ചത് 810 .ഇത് ദോഷസംഖ്. സത്വരജസ്തമസ്സുകളാകുന്ന മൂന്നു പ്രകൃ തിശക്തി, ത്രികാലം, (ഭൂതം,വർത്തമാനം,ഭാവി) ഇവകളാൽ ഗുണിക്കപ്പെട്ട് 9. ഈ ഒമ്പതിനെ പ്രഭാവം,ഉത്സാഹം ,മന്ത്രം ഇവകളാകുന്ന മൂന്നിനാൽ ഗുണിച്ച് 27. (നക്ഷത്രസംഖ്യ) ഇതിനെ ഉത്തമ,മദ്ധ്യമ,അധമ കാലങ്ങളാൽ ഗുണിച്ച് 81. 10 ദിശകളാല് ഗുണിച്ച് 810. പ്രകൃതിഗുണങ്ങൾ, ത്രികാലങ്ങ ൾ, അവയുടെ പ്രഭാവ,ഉത്സാഹ,മന്ത്രങ്ങളിൽ വരാവുന്ന ദോഷങ്ങൾ, അവ യുടെ പ്രയോഗകാലത്തിലെ ഗുണങ്ങളുടെ ഏറ്റക്കുറച്ചിൽ, ഇവകളാൽ 10 ദിക്കിൽനിന്നും ജനിക്കാവുന്ന സർവ്വദോഷങ്ങളും (ചുഴന്നുനിൽക്കുന്ന- വൃ ത്രം) ആവരണങ്ങളാണ്. ഈ ദോഷാവരണങ്ങളെ ഭേദിച്ച്,അവിദ്യയി ൽനിന്ന് വിദ്യയിലേക്ക് ഇന്ദ്രനെ നയിക്കാന് ദധീചി അഥർവ്വണനെന്ന ഗുരു തന്റെ അസ്ഥി കൊടുത്തു. അതിന്റെ ഖരത്വം വിഷ്ണു തന്റെ ആർദ്ര മായ ജലരസം കൊണ്ട് ശമിപ്പിച്ചു. ഇപ്രകാരം അജ്ഞാനം നശിപ്പിച്ച ,ഇ ന്ദ്രിയജേതാവായ ആത്മാവാണ് ശതക്രതുവായി ശതായുവായി ശോഭിക്കുന്ന ഇന്ദ്രൻ.99 യജ്ഞം(വർഷം)കണ്ടവനാണ് ആ ധാർമ്മികശ്രേഷ്ഠൻ. സർവ്വസ ന്ധി കളിലും -അത് പ്രപഞ്ചശരീരമായാലും ജൈവശരീരമായാലും)ആ സൌരോർജ്ജമാണ് പ്രവഹിക്കുന്നത്.ചന്ദ്രപർവ്വത്തിലും സൌരോർജ്ജം തന്നെയാണുള്ളത്. സൂര്യന്റെ ഓജസ്സുകൊണ്ടാണ് ഇഹപരങ്ങളായ സർവ്വാഭീഷ്ടവും മനുഷ്യനിലുണ്ടാവുന്നതും, അവ സാക്ഷാത്ക്കരിക്ക പ്പെടുന്നതും.മരുത്തുക്കൾ,വജ്രം, മേഘങ്ങൾ, മഴ, സമുദ്രം,ജലം ഇവയാണ് ബലവാനായ ഈ സൂര്യനാരായണന്റെ ബലവാന്മാരായ സഹായികള്. മനുഷ്യനിൽ ഇവ പ്രാണോർജ്ജമായി നാഡികളിലെല്ലാം വ്യാപിച്ചിരിക്കു ന്നു.

അന്തർഗ്ഗതമായി, സൂക്ഷ്മമായ ഓജരൂപത്തിലിരിക്കുന്ന അഗ്നി, അനേകം ആവരണങ്ങളോടുകൂടിയ, ബ്രഹ്മാണ്ഡപിണ്ഡാണ്ഡാദി ശരീരങ്ങളെ ചക്രരൂപ ത്തിൽ സമവർത്തനം (balanced function)ചെയ്യിച്ച് നിലനിർത്തുന്നു. ഊർജ്ജത്തി ന്റെ ചർമ്മമായി ,ശരീരത്തിന്റെ തോല് അകത്തെ വായുചലനത്തിനെ പൊതിഞ്ഞുനിൽക്കുന്നു. അത് ആത്മാവിന്റെ ആവരണമാണ്. ഈ തോലി ൽ തൊടുമ്പോള് കമ്പനതരംഗങ്ങള് സൂക്ഷ്മനാദങ്ങളുണ്ടാക്കുന്നു (vibrations). ഒരു വീരപുരുഷൻ തന്റെ കവചം കറക്കി, സുരക്ഷക്കായി ശബ്ദമുണ്ടാക്കു ന്ന പോലെ , അന്തർഗ്ഗതമായ ബ്രഹ്മമെന്ന പരാശക്തി , ബഹിർമുഖമായ സൃഷ്ടിയുടെ ആവർത്തനചലനത്താല് നാദകമ്പനമുണ്ടാക്കുന്നു, സ്വയം അഭി

വ്യക്തമാകുന്നു. അതുപോലെയാണ് മനുഷ്യനടക്കം സർവ്വജീവികളുടേയും സമവർത്തനം അഥവാ സമാവർത്തനം. സമകൾ അഥവാ സാമങ്ങള് പാടുന്ന സാമഗായകർ ത്രിദോഷങ്ങളും 10 വിധം ആമയങ്ങളും അകറ്റുന്നു. സർവ്വദോഷഹാരികളാണ് സാമങ്ങൾ. വത്സനെന്ന ഋഷി (വത്സപ്രീ) ഒരു ബ്രഹ്മക്ഷത്രനാണെന്ന് വംശപരമ്പര നോക്കി മനസ്സിലാക്കുക.

ഒമ്പതാം ഋഷിനാമം തന്നിട്ടില്ല. എന്നാൽ ഉത്തരാർച്ചികയില് ഈ സാമം ശുനശേഫന്റേതാണ്. ഗർഭിണിയായി , തന്റെ കുഞ്ഞിനെ ഉള്ളിൽ ധരിച്ചു നിൽക്കുന്ന,ഇണപ്രാവിന്റെ അടുത്തേക്ക് , അവളെ സ്നേഹപൂർവ്വം സംരക്ഷിക്കുന്ന ആൺപ്രാവ് ചെന്ന് - പ്രിയേ, എന്റെ വേദവാക്കുകൾ ശ്രദ്ധാപൂർവ്വം അനുസരിക്കണേ എന്ന് പറയുന്നത് ശിശുവിന്റെ സംരക്ഷണാർത്ഥമാണ്. ഇന്ദ്രമാതാവായ അദിതിയോട് കശ്യപപ്രജാപതിയുടെ വാക്കുകളായി ഇതിനെ എടുക്കാം.

പത്താം സൂക്തത്തിന്രെ ഋഷി വാതായന ഉലാ . (വാതം വായു. വായുവിൽ അയനം ചെയ്യുന്നവൻ വാതായനൻ. വാതായനം വാതിലാണ്. വാതിലിലൂടെ, വാതിൽപ്പഴുതിലൂടെ സഞ്ചരിക്കുന്നവൻ. ഉലാ - ഉലാത്തുന്നവൻ. അങ്ങോട്ടും ഇങ്ങോട്ടും സഞ്ചരിക്കുന്നവൻ . മരുത്തും മരുത്തിന്റെ പുത്രനായ രാമായണകാലത്തെ ഹനുമാനും സൂചിതം.പൂർണ്ണമായും ആയുർവ്വേദപരവുമാണ് ശംഭു(ശമിപ്പിക്കുന്നവൻ)പരമായ ഈ സൂക്തമെന്നത് ശ്രദ്ധേയമാണ്. അഥർവ്വണമെന്ന ഭേഷജ,ജ്യോതിശ്ശാസ്തര,സാമസംഗീതങ്ങളുടെ സമന്വയം ഈ ദശകത്തിലുണ്ട്.

ദശകം 8.

1. യം രക്ഷന്തി പ്രചേതസോ വരുണോ മിത്രോ അര്യമാ
   ന കിഃസ ദഭ്യതേ ജനഃ
   വരുണൻ ,മിത്രൻ,അര്യമാവ്, (വിവേകം,പരിശുദ്ധി,ധർമ്മം) ഇവകളാൽ സംരക്ഷിക്കപ്പെട്ടവരായ പ്രചേതസ്സുകൾ ഒരിക്കലും പീഢിതരാവുന്നില്ല.
2. ഗവ്യോ ഷുണോ യഥാ പുരാശ്വയോത രഥയാ
   വരിവസ്യാ മഹോനാം
   മഹത്തായ ജ്ഞാവൈശ്വര്യാദികൾ നേടാന് ,ആദ്യം ഇന്ദ്രിയാശ്വങ്ങളെ നിയന്ത്രിച്ച രഥം കൊണ്ട് (ശരീരമനോബുദ്ധിസംഘാതമായ രഥം) വരിവസ്യയെ (കന്യാ- പരമേശ്വരി) വരിക്കുന്നു.
3. ഇകസ്ത ഇന്ദ്ര പൃശ്നയോ ഘൃതം ദുഹത ആശിരം
   ഏനാമൃതസ്യ പിപ്യുഷി
   ജലം കുടിച്ച പൃശ്നികൾ (ഗോമാതാക്കള്)പാലുചുരത്തിത്തന്ന്,നെയ്യ് തന്ന് അനുഗ്രഹിക്കുന്നു.അതുപോലെ, നിയന്ത്രിതമായ ഇന്ദ്രിയങ്ങൾ ജ്ഞാനം സ്വീകരിച്ച്, അമരത്വത്തിന്റെ വീര്യത്താല്, ജ്വലിക്കുന്നു.
4. അയാ ധിയാ ച ഗവ്യയാ പുരുണാമൽപുരുഷ്ടുത
   യത് സോമേ സോമ ആഭുവ
   അനേകം ഗവ്യങ്ങളാൽ പൂരിതമായി, അനേകനാമത്താൽ സ്തുതിക്കപ്പെട്ട്, ധീയില് അഭിവ്യക്തമാകുന്ന സോമനാല് ഞങ്ങൾ ധീയെ പ്രചോദിപ്പിക്കുന്ന സോമെ ജനിപ്പിച്ചു (നേടി)
5. പാവകാ നഃ സരസ്വതീ വാജേഭിർ വാജിനീവതി
   യജ്ഞം വഷ്ടു ധിയാവസു

വൈദികാഗ്നിയായ വേദവാണി, സരസ്വതീ, ജ്ഞാനകർമ്മങ്ങളാകുന്ന യജ്ഞങ്ങളാൽ (വാജീകരണം) അതീവശുദ്ധയായ നീ ഞങ്ങളുടെ ധീയിൽ (ബുദ്ധിയിൽ)ധ്യാനമായിരുന്ന് രത്നം പോലെ ഈ ജീവിതയജ്ഞത്തെ സുന്ദരമാക്കുക.

6. ക ഇമം നാഹുഷീഷ്വാ ഇന്ദ്രം സോമസ്യ തർപ്പയാത്
   സ നോ വസുന്യാ ഭരാത്
   ആർക്ക് ഇവിടെ, നാഹുഷികൾക്കിടയില് (നഹുഷന്റെ വംശപരമ്പര) ഇന്ദ്രനായി സോമത്താൽ(ജ്ഞാനം)തർപ്പണം ചെയ്യാന് കഴിയും .അവനൊഴികെ ആർക്കും നമ്മെ ജ്ഞാനരത്നങ്ങളാല് നിറക്കാനാവില്ല.
7. ആ യാഹി സുഷുമാ ഹിത ഇന്ദ്രസോമെ പിബാ ഇമം
   ഏദം ബർഹിഃ സദോ മമ
   ഇന്ദ്രാ, വരിക, ശോഭയുള്ള സുഷുമാ (സുഷുമ്നാനാഡി), ഹിതാനാഡികളിലെ ഈ സോമം കുടിച്ചാലും . ആനന്ദിച്ച് സദാ എന്നെ ഉജ്വലിപ്പിച്ചാലും.
8. മഹി ത്രീണാമവരസ്തു ധ്യുക്ഷം മിത്രസ്യാര്യമ്ണഃ
   ദുരാധർഷവരുണസ്യ
   മൂന്ന് ദൈവീകഗുണങ്ങളോടെ (മിത്ര,അര്യമാ,ഇവരോടുകൂടിയ വരുണ) ഒരിക്കലും ജയിക്കാനാവാത്ത വരുണന് ഞങ്ങളില് സർവ്വമഹദ് വരങ്ങളും പൊഴിയട്ടെ.
9. ത്വാവതഃപുരീവസോ വയമിന്ദ്രഃപ്രണേതഃ
   സ്മസി സ്ഥാതർഹരീണാം
   സർവ്വമർത്യർക്കും പ്രഭുവായ ഇന്ദ്രാ, സർവ്വരേയും പ്രകർഷേണ നയിക്കുന്നവനേ, സർവ്വർക്കും സ്ഥിതിസ്ഥാനമായ നിന്നെമാത്രം ഞങ്ങള് വണങ്ങുന്നു.

ഭാഷ്യം

ഋഷിഃ 1 കണ്വൻ. 2,3, 9 വത്സൻ. 4 ശ്രുതകക്ഷന് 5 മധുഛന്ദസ്സ് 6 വാമദേവൻ 7 ഇരിംബിഠി. 8.വാരുണി സത്യധൃതി. ദേവത ഇന്ദ്രൻ. ഛന്ദസ്സ് ഗായത്രി സ്വരം ഷഡ്ജം

ഭാഗവതപ്രകാരം പ്രചേതസ്സുകൾ ജലത്തില് മുങ്ങിക്കിടന്ന് മഹാവിഷ്ണുവിനെ തപസ്സു ചെയ്തവരാണ്. പ്രകർഷേണ ചൈതന്യം ഉൾക്കൊണ്ട മഹാമതികൾ എന്ന അർത്ഥത്തില് വേദം ഈ പദം ഉപയോഗിക്കുന്നു.ഇവരെ സംരക്ഷിക്കുന്ന ജലദേവത വരുണൻ, വിവേകം ,വാക്ക്,രസം എന്നിവക്കും മിത്രൻ സൌഹൃദം,ശുദ്ധി അഗ്നിദേവത എന്നിവക്കും, അര്യമാവ് ധർമ്മദേവതക്കുമാണ് ഈ ചൈതന്യത്തിന്റെ സൂത്രധാരകത്വം. വിവേകം,മൈത്രി ,ധർമ്മമെന്നിവ കൊണ്ട് ചൈതന്യമാർജ്ജിച്ച ഒരു ജനതക്ക് യാതൊരു വിധ കായിക,മാനസിക,ബൌദ്ധികപീഢയും ഉണ്ടാവുന്നില്ല. ഈ മഹത്തായ ജ്ഞാനധനം നേടാൻ അവര് ആദ്യം ശരീരം ,മനസ്സ്,ബുദ്ധി എന്നിവയെ നിയന്ത്രിച്ച് യോഗം പരിശീലിക്കുന്നു. ശ്രീവിദ്യ എന്ന കന്യാപരമേശ്വരിയെ (വരിവസ്യ) വരിക്കുന്നു. വരിവസ്യ എന്ന പദം ശ്രീഭാസ്കരരായൻ തന്റെ താന്ത്രികഗ്രന്ഥത്തിന്റെ ശീർഷകമായി ഉപയോഗിച്ചത് രണ്ടാം സൂക്തത്തിൽനിന്നുള്ളതാണ്.പൃശ്നിയെന്ന മാതൃഗർഭത്തില് സുതപസ്സായ പിതാവിന് ഓജസ്സ് എന്ന നാമത്തിൽ വിഷ്ണു അവതരിച്ചു എന്ന് ഭാഗവതം. ഇവിടെ വത്സനെന്ന ഋഷി പൃശ്നിയെ ഗോമാതാ എന്ന് കരുതുന്നു. കാമധേനുവായ

ഭൂദേവിയും വാഗ്ദേവിയും ഗോമാതാവാണ്. ഈ പൃശ്നിഗർഭത്തിലെ പുത്രരായ അഗ്നികൾ(ജീവന്മാർ) അവൾ ചുരത്തിയ ക്ഷീരവും നെയ്യും കൊമ്ട് പോഷിതരായി വർദ്ധിക്കുന്നു. (ഭൂമിയുടെ അന്നം ,ജലം, വാക്ക്) നിയന്ത്രിച്ച ഇന്ദ്രിയങ്ങളെ ഇപ്രകാരം അമൃത് ചുരത്തുന്ന ഗോമാതാക്കളായി വിവക്ഷിക്കുന്നു. അനിയന്ത്രിയമായ ഇന്ദ്രിയം വിഷമാണ് വമിപ്പിക്കുക. അമൃത് വേണ്ടവർ ഇന്ദ്രിയനിഗ്രഹം ചെയ്യുന്നു. വീര്യത്താൽ പ്രചേതസ്സുകളായി ജ്വലിക്കുന്നു. സർവ്വർക്കും സ്ഥിതിസ്ഥാനമായ (സ്ഥിതി-വിഷ്ണു) സർവ്വത്തേയും നയിക്കുന്ന (പ്രണേതാ) ആ ഇന്ദ്രനെ (ഇന്ദ്രിയാധീശ്വരനായ ഗുരു)വത്സനെന്ന ഋഷി (2, 3, 9)ഹരിയായി ഉപാസിക്കുന്നു. ഹരിം എന്നത് ഹ്രീം തന്നെ. ഹരീണാം എന്നതിന് ഗ്രിഫിത്ത് ബലമേറിയ കുതിരകൾ(ഇന്ദ്രിയങ്ങള്) എന്ന് അർത്ഥം കൊടുത്തിട്ടുണ്ട്. ബലമേറിയ ഇന്ദ്രിയജയം നേടിയ (ഇന്ദ്രിയങ്ങളാകുന്ന അശ്വങ്ങളെ ജയിച്ച) നരഹരിദേവന്മാരായ മനുഷ്യസിംഹങ്ങളെന്ന് അർത്ഥത്തിലെടുക്കണം,ബ്രഹ്മചാരികളും വീരരും ധീരരുമായ യോഗിവര്യരാണ് കന്യാപരമേശ്വരിയുടെ (ഹ്രീം) വാഹനങ്ങൾ. ഹര എന്ന പദത്തിലാണ് ഹ്രീം എന്ന പരമേശ്വരീശക്തി സഞ്ചരിക്കുന്നത്. ഹരി അഥവാ സിംഹവാഹിനിയാണവൾ. വാകാടക, വത്സ, മൂഷകരാജ്യങ്ങൾ ഒരേ വംശമാകയാല് വത്സനെന്ന ഋഷി ഈ ദേശത്തെ ഗുരുകുലത്തിലെ ബ്രഹ്മചാരിയാണ്.

അഞ്ചാം സൂക്തത്തിൽ വിശ്വാമിത്രപുത്രന് മധുഛന്ദസ്സ് വൈദികാഗ്നിയെ സരസ്വതി എന്നുതന്നെ അഭിസംബോധന ചെയ്യുന്നുണ്ട്. യജ്ഞത്തിലെ വഷട്കാരം വിഷ്ണുവാണ്. ആ വഷട്കാരം(വഷ്ടു) ഈ സൂക്തത്തിൽ മധുഛന്ദസ്സ് ഉപയോഗിക്കുന്നു.ഹരിപ്രിയ എന്നത് ഭരതമുനി (നാട്യശാസ്ത്രം) സരസ്വതീപര്യായമായിട്ടാണ് ഉപയോഗിക്കുന്നത്. നാഹുഷികളെന്നത് ചന്ദ്രവംശത്തിലെ (ഹരിവംശം) പ്രധാനശാഖയാകയാല് അവരുടെ ധീയില് ജനിച്ച് ധീയെ വളർത്തിയ സോമം (അമൃതം) ഈ വേദവാണി തന്നെയാണ്.

ഏഴാം സൂക്തം (ഇരിംബിഠി ഋഷി) സുഷുമ്ന,ഹിത എന്നീ നാഡീകളിലൂടെ ഒഴുകുന്ന ആനന്ദാനുഭൂതിരസം ഇന്ദ്രസോമമാണെന്ന് കരുതുന്നു. ആനന്ദാനുഭവം തന്ന ഈശ്വരനിലേക്കുതന്നെ അതിന്റെ ഫലമായ കാവ്യങ്ങളെ (ഗീരുകളെ) സമർപ്പിക്കുന്നു.(ഹ്ലാദം,ഹ്ലാദിനീശക്തി) ഋഷി കണ്വൻ ,വാരുണി, സത്യധൃതി (1, 8) എന്നിവർ മിത്രന് വരുണന് അര്യമാവ്(സൂര്യൻ,ജലം, ധർമ്മം) ഇവരെ ആരാധിക്കുന്നവരാണ്. അവരിൽനിന്ന് പരമോന്നതമായ വീര്യവും ദൈവീവാക്കും ജനിക്കുന്നു.

പ്രപാഠകം 3 അർഥം 1

ദശകം 9.

1. ഉത്വാ മന്ദന്തു സോമാഃ കൃണുഷ്വ രാധോ അദ്രിവഃ
   അവ ബ്രഹ്മദ്വിഷോ ജഹി
   ആരാധകർ നിന്നെ മന്ദമായി, (സാമഗാനത്താൽ) സോമാ, ആനന്ദിപ്പിക്കട്ടെ. അദ്രി (പർവ്വതം)പോലെ രാധ (ഐശ്വര്യം) നിർമ്മിക്കുക (കൃണുഷ്വ- ഉണ്ടാക്കുക, ചെയ്യുക). ഞങ്ങളിൽ ബ്രഹ്മദ്വേഷം ജനിക്കാതിരിക്കട്ടെ.

2. ഗിർവ്വണഃപാഹിനഃ സുതം മധോർധ്ധാരാഭിരജ്യസേ
അവ ബ്രഹ്മദ്വിഷോ ജഹി
ഗീർവ്വാണങ്ങളാല് സ്തുതിക്കപ്പെട്ട്, സംരക്ഷിക്കുക .മക്കളുടെ ഈ മധുധാരയാൽ അഭിഷേകം ചെയ്യപ്പെടുക. ഞങ്ങളിൽ ബ്രഹ്മദ്വേഷം ജനിക്കാതിരിക്കട്ടെ.
3. സദാ വ ഇന്ദ്രശ്ചക്രൃം ഷദാ ഉപോനുസാസപര്യന്
ന ദേവോ ധൃതഃശൂരഇന്ദ്രഃ (ഛർകൃഷദാ എന്ന് പാഠഭേദം)
ഇന്ദ്രൻ സദാ തന്നിലേക്ക് ആകർഷിക്കുക. നമ്മെ സദാ സ്നേഹിക്കുന്ന ശൂരനും പ്രകാസവാനുമായ അവനെ അറിയാൻ പ്രയത്നിക്കുക.
4. ആ ത്വാ വിശന്ത്വിന്ദവഃ സമുദ്രമിവ സിന്ധവഃ
ന ത്വാ മിത്രാത്രിച്യതേ
വരിക. സിന്ധുക്കൾ സമുദ്രത്തിലേക്കെന്നപോലെ , എല്ലാ ഇന്ദവരും (ഇന്ദുവംശജന്മാർ, ചന്ദ്രവംശജർ, സോമയാജികൾ) അവനിലെത്തട്ടെ. ഇന്ദ്രനെ അതിശയിക്കുന്നവർ മറ്റാരുമില്ല.
5. ഇന്ദ്രമിദ് ഗാഥിനോ ബൃഹദിന്ദ്രമർക്കഭിരർക്കിണഃ
ഇന്ദ്രം വാണീരനൂഷത
ഗാഥികൾ (ഉദ്ഗാഥാക്കൾ, ഗാഥിവംശജരായ വിശ്വാമിത്രപുത്രർ) ബൃഹദിന്ദ്രത്താൽ (ബൃഹത്സാമം) ഇന്ദ്രനെ പ്രകീർത്തിക്കുന്നു. അർക്കര് (ഋഗ്വേദികളായ ഹോതാക്കൾ, സൂര്യവംശജർ) അർക്കത്താല് (ഋക്ക്) പ്രകീർത്തിക്കുന്നു. യജുർവേദികള് ഇന്ദ്രനെ വാണിയാല് അറിയുന്നു.
6. ഇന്ദ്ര ഇഷേ ദദാതു ന ഋഭുക്ഷണമൃഭും രയിം
വാജീ ദദാതു വാജിനം
ഇന്ദ്രൻ ഋഭുക്കൾക്ക് ക്ഷണത്തില് രയി (ഐശ്വര്യം) കൊടുത്തു. വാജികൾക്ക് വാജി നൽകി
7. ഇന്ദ്രോ അംഗ മഹദ്ഭയമഭി ഷദപ ചുച്യവത്
സഹി സ്ഥിരോ വിചർഷണി
ഇന്ദ്രൻ സർവ്വദിശകളിലും (അംഗം)ഉള്ള ഭയം നീക്കുന്നു. അവൻ സ്ഥിരവും (അചഞ്ചലം)സർവ്വദൃക്കുമാകയാൽ.
8. ഇമാ ഉത്വാ സുതേസുതേ നക്ഷന്തേ ഗിർവ്വണോ ശിരഃ
ഗാവോ വത്സം ന ധേനവഃ
ഓരോരോ കുട്ടിയിലും (കുഞ്ഞ്, മക്കൾ) ജ്ഞാനത്താൽ ഗീർവ്വാണവും ഗീരുകളും ഉണരുമ്പോൾ (വിദ്യാരംഭം ഉണ്ടാവുമ്പോൾ) ഞങ്ങൾ ആ ധേനുക്കളേയും (അമ്മമാരാകുന്ന ശക്തികൾ) അവരുടെ വത്സങ്ങളേയും (കുട്ടികൾ) ആവാഹിക്കുന്നു. (ധേനു വത്സത്തെ പിന്തുടരും പോലെ)
9. ഇന്ദ്രാ ആ പൂഷണാ വയം സഖ്യായ സ്വസ്തയേ
ഹുവേമാംവാജസാതയേ
പൂഷാവും സഖാവുമായ ഇന്ദ്രനെ, ഇവിടേക്ക് ജ്ഞാനധനാർത്ഥം സ്വസ്തി പാട് ക്ഷണിക്കുന്നു.
10. ന കി ഇന്ദ്ര ത്വദുത്തരം ന ജ്യായോ അസ്തി വൃത്രഹന്
ന ക്യേവം യഥാത്വം
വൃത്രനെ അജ്ഞാനം നശിപ്പിച്ച ഇന്ദ്രാ, നിന്നേക്കാൾ, പരമായി ,ശക്തമായി, മറ്റാരും തന്നെ ഇല്ല.

ഭാഷ്യം

ഋഷിമാർഃ- 1 പ്രഗാഥൻ. 2 വിശ്വാമിത്രൻ. 3, 10 വാമദേവൻ. 4, 6 ശ്രുതകക്ഷൻ. 5 മധുഛന്ദസ്സ് 7 ഗൃത്സമദൻ. 8, 9 ഭരദ്വാജൻ.

ദേവത ഇന്ദ്രൻ. ഛന്ദസ്സ് ഗായത്രി. സ്വരം ഷഡ്ജം.

ആദ്യസൂക്തത്തിൽ മന്ദമായി (മന്ദ്രം, വിളംബകാലം) സാമം പാടുന്നത് ശ്രദ്ധേയം. ഗിരിസാനുക്കളിലും ശൃംഗങ്ങളിലുമുള്ള വിഭവസമ്പത്ത് അഥവാ ഐസ്വര്യം(രാധ) സ്ഥിരമായി അചലമായി ഋതുതോറും നൽകുന്ന പ്രകൃതി ദേവതയെയാണ് ആരാധിക്കുന്നത്. ഈ പ്രകൃതിശക്തിയുടെ ഐശ്വര്യം ,ആനന്ദം എന്നിവ അനുഭവിക്കുന്ന പ്രജകളായ ഞങ്ങൾ പ്രകൃതിയുടെ മിഥുനമായ ബ്രഹ്മത്തെ(അവ്യക്തമായ ഊർജ്ജത്തെ) ദ്വേഷിക്കുന്നവരായി ത്തീരരുത്. ദൃശ്യശക്തിക്ക് അതീതമായ ഈശ്വരനെ(ചൈതന്യത്തെ) മറക്കരുത്. നിഷേധിക്കരുത്. രണ്ടാം സൂക്തത്തിലെ കൃണുഷ്വ എന്നതിലെ പ്രകൃതിശക്തിയുടെ സർഗ്ഗ(നിർമ്മാണ)ശക്തിയാണ് കൃഷിയായി, വനസമ്പ ത്തായി, മനുഷ്യനു ലഭിച്ച രാധസ്സ്(ഐശ്വര്യം). ആദ്യസൂക്തത്തിൽ രാധ എന്നും രണ്ടാം സൂക്തത്തിൽ ധാര എന്നും ഉപയോഗിക്കുന്നത് ഈ ഐശ്വര്യസമ്പത്തിന്റെയും ആനന്ദത്തിന്റേയും അമൃതധാരയെ ബ്രാഹ്മി ,ഖരോഷ്ടിലിപികളിൽ ഒന്നെന്ന് എടുത്തുപറയാനാണ്. പാടുന്നവരുടെ പാട്ടും പറയുന്നവരുടെ വാക്കും രാധാശക്തിയുടെ മധുധാരയായി സദാ ആകർഷ ണീയമാണ്. അവകളാൽ ഈശ്വരനെ അഭിഷേകം ചെയ്യുന്നു, മഹത്തുക്കൾ. ഇന്ദ്രഛക്രുംഷദാ എന്ന മൂന്നാം സൂക്തത്തിലെ പ്രയോഗത്തിന്റെ പാഠഭേദം ഇന്ദ്രശ്ചർകൃഷദാ (ആചാര്യ നരേന്ദ്രപ്രസാദ്) എന്നാണ്. കൃഷി,കൃഷദാ. കൃ ണുഷ്വ ഇവയിലെ കൃഷ് ശബ്ദം ഭൂവാചകമാണ്. കൃഷ്ണശബ്ദത്തില് കൃഷ് ധാതുവോട് ണ (നിർവൃതിവാചകം) ചേർന്ന് ഭൂമിയുടെ എല്ലാ വിധ ആന ന്ദാനുഭവവും സമന്വയാർത്ഥമാക്കുന്നു. ഋഷി വിസ്വാമിത്രൻ തന്റെ ഉപാസ കഹൃദയത്തിലെ ആനന്ദാനുഭവത്തിന്റെ മധുധാര അർപ്പിക്കുന്നു. പുത്രൻ മധുഛന്ദസ്സ് (അഞ്ചാം സൂക്തം) ഗാഥിവംശത്തിന്റെ ഈ വേദഗീർവാണി പാരമ്പര്യം തുടരുന്നു.

സമുദ്രത്തിലേക്ക് സിന്ധുക്കൾ(നദികൾ)എന്നപോലെ സർവ്വ ഇന്ദു(ഹിന്ദു) വംശവും (ചന്ദ്രവംശം) ഇന്തിരനിൽ, (ഇന്ദ്രൻ) ചെന്നുചേരുന്നു എന്ന് ശ്രുതക ക്ഷന്റെ വാക്കുകൾ. ഹിന്ദു എന്ന നാമം വേദകാലം മുതൽ ഇന്ത്യാചരിത്ര ത്തിലില്ല. സംസ്കൃതഭാഷയിലുമില്ല. മദ്ധ്യകാലപേഴ്സ്യ ൻഭാഷയും പിന്നീട് ഇംഗ്ലീഷുഭാഷയുമാണ് ഇന്ത്യയിലെ ഭാഷകളിലേക്ക് ഇങ്ങനെ ഒരു വാക്കും അതിന്റെ പിന്നാലെ ഒരു മതവും സൃഷ്ടിച്ചത്.

തമിഴിലെ ഇന്ദ്രൻ ഇന്തിരനാണ്. ഇന്ദിരയുടെ (ലക്ഷ്മി) ഭർത്താവായ വിഷ്ണുവാണ്.ഇന്ദവരെന്ന ചന്ദ്രവംശക്കാരെല്ലാം വിഷ്ണുവിന്റെ സന്ത തികളാണ്. ചന്ദ്രവംശീയരെന്നതിനാണ് ശ്രുതകക്ഷൻ ഇന്ദവരെന്ന പദം ഉപ യോഗിക്കുന്നതും.ചന്ദ്രനും ചന്ദ്രരശ്മികളും സൂര്യരശ്മിയുടെ പ്രതിഫലന മാണ്.സിന്ധുക്കൾ, സാരസ്വതർ,മുതലായ നദീതീരസംസ്കാരസ്രഷ്ടാക്കളായ സർവ്വരും ഐന്ദവര് (തമിഴിൽ ഐന്തവർ- അഞ്ചുപേർ) എന്ന പഞ്ചജ നങ്ങളാണ്.ഈ പഞ്ചജനങ്ങൾക്കും ഉത്ഭവസ്ഥാനവും ലയനസ്ഥാനവും വിഷ്ണുവാണ്. വിശ് എന്ന ധാതു വിശ്വം, വിഷ്ണു,വ്യാപനശീലം എന്നിവക്കുള്ളതാണ്. വിശന്തി ഇന്ദവഃ എന്ന പദത്തിന് പഞ്ചജനങ്ങളായ ഭാരതീയരുടെ വിശ്വവ്യാപനശീലം, നാദബ്രഹ്മമായ വിഷ്ണുവിൽ ലയ

നം,എന്നിവ പറയുന്നു. തമിഴും തമിഴിൽനിന്ന് ഉച്ചാരണശുദ്ധി, ഉന്നതവി ദ്യാഭ്യാസാവശ്യത്തിനായി ദേശീയഭാഷയായി മറ്റെല്ലാ ഇന്ത്യന്ഭാഷക ളിൽനിന്നും സംസ്കരിച്ചെടുത്ത വേദ(ദേവ)ഭാഷയായ സംസ്കൃതവും (വേദവാണി,ഗീർവ്വാണി)) തമ്മിലും ഉള്ള ഈ ബന്ധം അറിയാത്തതു കൊണ്ടാണ് ചരിത്രകാരന്മാർ ,നരവംശശാസ്ത്രജ്ഞ് മുതലായവര് പലപ്പോഴും ഇരുട്ടത്ത് തപ്പുന്നത്.

ഋഭസ്സ് എന്നത് ഒരു ലിപിശൈലിയാണ് .സിന്ധുലിപിയിൽ ഋഭസ്സ് രീതി ഉണ്ട്. ഋഗ്വേദത്തിൽ ഋഭുക്കളെന്നത് സഹോദരന്മാരാണ്. മൂത്തയാളാണ് ഋഭുക്ഷണന്. അവസാനത്തെ സഹോദരനാണ് വാജി. ആറാം സൂക്തം ഇവരെ പറയുന്നു.

ഗൃത്സമദൻ സർവ്വാംഗങ്ങളിലും സർവ്വദിശകളിലും ദോഷഹാരിയായ സർവ്വ ദൃക്കായ ജ്ഞാനിയുടെ യോഗശക്തി (ഭൈഷജശക്തി) അറിയുന്നു.8 , 9 സൂ ക്തങ്ങൾ ഭരദ്വാജന്റേതാണ്. വടക്ക് ഗംഗാതീരത്ത് ചിത്രകൂടം മുതൽ, തെക്ക് കാളഹസ്തി വരെ ഭരദ്വാജമുനിയുടെ തപസ്സുമായി ബന്ധപ്പെട്ട ധാരാളം ചരിത്രസ്ഥലങ്ങളുണ്ട്. ഭരദ്വാജി (ഭരത്, വാജി എന്ന 2 പദം) ഉച്ചാരണവിശേഷം കൊണ്ട് ഭാരതവാസി (ഭാരതത്തിലെ വാസികൾ) അഥവാ ഇന്ത്യയിലെ പൂർവ്വജനത ആണ്. ഭാരതത്തിൽ ജനിക്കുന്ന ഓരോ ശിശുവും അഗ്നി, അവരുടെ വാക്ക് അഗ്നി .ഓരോ ശിശുവിനും അതിനാൽ രഹസ്യനാമം വേദമെന്നാണ് (ബൃഹദാരണ്യകം) . അതിനാൽ ഭരദ്വാജസൂ ക്തം വളരം പ്രധാനമെന്ന് കരുണം. ഓരോ കുഞ്ഞിനും വിദ്യാരംഭത്തി ലൂടെ ഗീർവ്വാണി പകരുന്ന ഗുരുക്കന്മാര് ഗീരുകളാകുന്ന കുഞ്ഞുങ്ങളുടെ അമ്മയായ ശക്തിയെ (സരസ്വതിയെ) സ്തുതിക്കുന്നു. കറവപ്പശു(കാമധേനു) കുട്ടിയെ പിന്തുടരുന്നപോലെ ജ്ഞാനിയായ ഓരോ ദ്രാവിഡശിശുവിനേയും ശക്തി(ശങ്കരാചാര്യരെ മൂകാംബിക) അനുഗമിക്കുന്നു. ഇന്നും എന്നും ഈ ഉപമ ഇന്ത്യയിൽ പ്രസക്തമാണ്. അജ്ഞാനാന്ധകാരം നീക്കി ജ്ഞാനക്കണ്ണു തുറപ്പിച്ച ഈ ഗുരുവേക്കാളും പരമായി മറ്റാരുമില്ല എന്ന് അമ്മയുടെ ഗർഭത്തിലിരിക്കെത്തന്നെ ഗീർവാണി കേട്ട് ജ്ഞാനിയായിപ്പിറന്ന വാമദേവൻ പാടുന്നു. ഗുരുരൂപിണിയായ വാഗ്ദേവത (സരസ്വതി) ലക്ഷ്മി, പരാശക്തി, വിഷ്ണു എന്നിവർക്കെല്ലാം അഭേദം ഈ സൂക്തങ്ങളില് ഐ ന്ദ്രവ്യാകരണം എന്ന നിരുക്തത്താൽ (ഇത് ഐന്ദ്രകാണ്ഡമെന്ന പേരിലറിയ പ്പെടുന്നു) നമുക്ക് സാധിക്കുന്നു.

ദശകം 10

1. തരണിം വോ ജ്ഞാനാം ത്രദം വാജസ്യ ഗോമതഃ
   സമാനമു പ്രശംസിഷം
   ജനങ്ങൾക്കെല്ലാം ത്രാതാവും (രക്ഷകൻ) പശുലോകത്തിനെല്ലാം (രശ്മിസ മൂഹമെന്നും) പ്രഭുവും വാജസമാനമായി ധർമ്മം എല്ലാവർക്കും വർഷിക്കുകയാൽ(സമാനദൃഷ്ടി എല്ലാവരിലും) പ്രശംസിക്കപ്പെടുന്നവനു മായ , താരകമായ (തരണം ചെയ്യിക്കുന്ന) ഈശ്വരന് നന്ദി.
2. അസ്യഗ്രമിന്ദ്ര തേ ഗിരഃപ്രതി ത്വാമുദഹാസത
   സജോഷാ വൃഷഭം പതിം
   ഇന്ദ്രാ,നിന്നെ ഞാൻ ഗീരുകളാല് വാഴ്ത്തുന്നു. സ്ത്രീ വൃഷഭനായ

പതിയിലേക്ക് മന്ദഹാസപൂർവ്വം എത്തിച്ചേരുന്നതുപോലെ, എന്റെ സ്തോത്രങ്ങൾ നിന്നിലേക്ക് എത്തുന്നു.

3. സുനീഥീ ധാ സ മർത്ത്യോ യം മരുതോ യമര്യമാ
മിത്രാസ്പാൻ ത്യദ്രുഹഃ
മർത്ത്യർക്ക് നല്ല പാത കാണിക്കുന്ന മരുത്ത് യമധർമ്മനായ അര്യമാവ്, മിത്രനെന്നിവർക്ക് സ്തുതി.
4. യദ്വിഡാവിന്ദ്ര യത് സ്ഥിരേ യത് പർശാനേ പരാബൃതം
വസു സ്പാർഹ തദാ ഭര
ശത്രുക്കളെ ദർശിച്ചാല് പതറാത്തവനും സ്ഥിരചിത്തനും മനനശീലനുമായ അവനിൽ ഇരിക്ക്ുനന ധനം ഹേ, ഇന്ദ്രാ,, എന്നിൽ നിറച്ചാലും.
5. ശ്രുതം വോ വൃത്രഹന്തമം പ്രശർദ്ധ ചർഷണീനാം
ആശീഷേ രാധസേ മഹേ
ശ്രുതികളില് കേൾവി കേട്ട വൃത്രഹന്താവായ ഇന്ദ്രനെ ഭൂമിയില് മുഴുവനും അനുഗ്രഹവർഷവും രാധസ്സും ദർശനക്ഷമതയുള്ള ജനങ്ങളും അരുളാനായി സ്തുതിക്കുക.
6. അരം ന ഇന്ദ്ര ശ്രവസേ ഗമേമ ശൂരത്വാവതഃ
അരം ശക്ര പരേ മണിം (പാഠഭേദം പ്രേമണി)
ഇന്ദ്രാ, ഞങ്ങൾ നിന്റെ പ്രശസ്തി തുടർന്നും പാടിക്കൊണ്ടിരിക്കട്ടെ. ശ്രുതികളിലൂടെ മാത്രം ഗമിക്കാവുന്ന ശൂരാ, നിന്റെ പരമപദം മനസ്സിൽ (ധ്യാനത്തിൽ)ഞങ്ങൾ ഗമിക്കട്ടെ (പ്രേമം കൊണ്ട്)
7. ധാനാവന്തം കരംഭിന്നമപൂപവന്തമുക്ഥിനാം
ഇന്ദ്ര പ്രാതര് ജുഷസ്വ നഃ
ധ്യാനത്തിൽ കുതിർന്ന് അപൂപം പോലെ (തേനീച്ചക്കൂടിലെ തേൻ ധാന്യത്തെ കുതിർത്തിയ പോലെ) ഉക്ഥത്താൽ (ആനന്ദമധു വഴിയുന്ന സ്തോത്രം) നിറഞ്ഞുകുതിർന്ന ഇവയെ (ജീവാത്മാക്കളെ) ഈ പ്രഭാതത്തില് അകലെയും അടുത്തും സർവ്വത്ര സ്വീകരിച്ചാലും.
8. അപാം ഫേനേന മനുചേ ശിര ഇന്ദ്രോദവർത്തയഃ
വിശ്വാ യദജയ സ്പൃധാഃ
മനസ്സേ, സർവ്വ സ്പർദ്ധകളേയും നീക്കിയ നിന്നാല് വിശ്വത്തെ ജയിച്ച്, ജലത്തിലെ നുരകൊണ്ട് നമുചിയുടെ ശിരസ്സ് ഇന്ദ്രനെന്നപോലെ, മരണത്തെ നശിപ്പിക്കുക (അമൃതത്വം നേടുക)
9. ഇമേ ത ഇന്ദ്രസോമാഃ സുതാസോ യേചാ സോത്വാഃ
തേഷാം മത്സ്വ പ്രഭുവസോ
ഈ ഇന്ദ്രസോമങ്ങൾ (ഇന്ദ്രിയനിഗ്രഹത്താൽ ജനിച്ച ആനന്ദാനുഭവങ്ങൾ) നിന്റേതാണ്. അവ ഇനിയും സുരരിൽനിന്ന് ഏറെ ലഭിക്കാനിരിക്കുന്നു. പ്രഭുക്കളുടെ വസുവായ ദേവാ, (ഇതു നുകർന്ന്) ആനന്ദിക്കുക. (അനുഭൂതിസുഖം)
10. തുഭ്യം സുതാസഃ സോമാഃസ്തീർണ്ണ ബർഹിർവിഭാവസോ
സ്തോതൃഭ്യ ഇന്ദ്ര മൃഡ്യ
ഇന്ദ്രാ, നിനക്കായി ഞങ്ങൾ മനസ്സുകള് ശുദ്ധവും ദയാർദ്രവുമാക്കുന്നു. അവകളെ (മനസ്സുകളെ) നിനക്കുവേണ്ടി വിരിച്ചിടുന്നു. വിഭാവസോ, ഈ സ്തോത്രങ്ങൾ കേട്ട് ആർദ്രനാവുക.

ഭാഷ്യം

ഋഷിഃ-1, 4 ത്രിശോകൻ. 2 മധുഛന്ദസ്സ്. 3 വത്സൻ. 5 സുകക്ഷൻ. 6,9 വാമദേവൻ, 7 വിശ്വാമിത്രന് 8 ഗോസൂക്തൌശ്വഷൂക്തിനൌ സുകക്ഷോ വാ 10 ശ്രുതകക്ഷൻ. ദേവത ഇന്ദ്രൻ ഛന്ദസ്സ് ഗായത്രി സ്വരം ഷഢ്ജം.

രണ്ടാം സൂക്തത്തിലെ മധുഛന്ദസ്സിന്റെ ഉപമ കാളിദാസനു പ്രചോദകമായി വർത്തിച്ച വൈദികമായ ഉപമാലങ്കാരങ്ങളിലൊന്നാണ്. സംഗീതത്തേയും കവിതയേയും ആനന്ദവതിയായി,മന്ദഹാസമുഖിയായി, ഭർത്താവായ സ്രഷ്ടാവിലേക്ക് (ഈശ്വര)ഗമിക്കുന്ന പ്രണയിനിയായി അഭേദം കല്പിച്ച് രൂപകാലങ്കാരവുമാണ്. ആ ഭർത്താവായ ഈശ്വരനാകട്ടെ, ഋഷഭനാണ്. ഋഷഭൻ,കാള,നന്ദി,യുവാവായ വർഷമേഘം, ഈശ്വരൻ, ആദ്യത്തെ ഭാഗവതധർമ്മപ്രവാചകന് , വൈഷ്ണവാവതാരം, ആദ്യജൈനതീർത്ഥങ്കരൻ. സൈന്ധവസംസ്കാരമുദ്രകളിൽ കാണുന്ന സിംബൽ.
കവിതാകന്യ,സംഗീതകന്യ,- മതംഗകന്യയായ വാഗ്ദേവി. ഈ മന്ദഗാമിനിയും ആ വർഷകനും തമ്മിലുള്ള ആനന്ദസംഗമമാണ് ഓരോ വേദമന്ത്രവും. 6, 9 സൂക്തങ്ങളിൽ വിശ്വാമിത്രൻ, 10ൽ ശ്രുതകക്ഷന് എന്നിവര് യോഗസമ്പ്രദായം ,മനസ്സും ഇന്ദ്രിയങ്ങളും നിയന്ത്രിക്കല്, ധ്യാനം,ധാരണ, എന്നിവയുടെ മാർഗ്ഗത്തില് നേടുന്ന പരിശുദ്ധി, ജ്ഞാനം, വിവേകം, കവിത്വം, ഋഷിത്വം ഇവയെ പ്രതിപാദിക്കുന്നു. വിശ്വാമിത്രന്റെ സൂക്തത്തിൽ അതിമനോഹരമായ മറ്റൊരു ഉപമയുണ്ട്. ധ്യാനത്തിൽ,ആനന്ദാനുഭവത്തിൽ ലീനമായ മനസ്സ് തേനിൽ കുതിർന്ന തേനീച്ചക്കൂടുപോലെയോ ധാന്യം പോലെയോ മധുരമാണ്. ആ മധു നുകർന്നവരും ശേഖരിച്ചവരുമായ ഭ്രമരവൃന്ദങ്ങളുടെ പത്താം നാദം (ദശവിധനാദങ്ങളിലെ) മന്ത്രമധുരമായ ഋക്സാമഗീതങ്ങളിൽ രീങ്കാരമായി മന്ത്രധ്വനിയില് അതിസൂക്ഷ്മരസകമ്പനങ്ങളായി യോഗിമനം അനുഭവിക്കുന്നു. ആ ഭ്രമരഗീതമാണ് (മധുഛന്ദസ്സ് പറയുന്നപോലെ) ഈശ്വരനിലെത്തുന്നത്. ഇത് ഭാഗവതത്തിൽ ഉദ്ധവന് ഗോപികമാരെ കാണുന്ന സന്ദർഭത്തില് ഗോപികമാരുടെ വാക്കുകളിലൂടെ (വേദം പകുത്ത) വ്യാസമുനി മറ്റൊരു രീതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. (കൃഷ്ണാ കാരുണ്യസിന്ധോ) പ്രഭാതത്തിൽ വണ്ടുകളുടെ ആ രീങ്കാരധ്വനിപോലെ ,യോഗിയുടെ പത്മസ്ഥാനങ്ങളിൽ കുണ്ഡലിനീശക്തിയുടെ ഭ്രമരഗീതി അനുഭവിക്കുന്നു. കാമകലയുടെ (ത്രിപുരസുന്ദരി) ഏറ്റവും സൂക്ഷ്മതമമായ അനുഭവധ്യാനരൂപമാണത്. അതുകൊണ്ടുതന്നെ വിശ്വാമിത്രപുത്രനായ മധുഛന്ദസ്സ് അതിനെ മന്ദഗാമിനിയായി പ്രിയതമനിലെത്തുന്ന പ്രണയിനിയായ കാവ്യസംഗീതയോഗിനിയായി ഉപമിച്ചു. പ്രേമം കൊണ്ടേ ഈസ്വരപ്രാപ്തിയുള്ളു. എന്ന ഭക്തിയോഗമാണിത്.

ദശകം 11

1. ആ വ ഇന്ദ്രം കുർവ്വീം യഥാ വാജയന്തഃ ശതക്രതും
   മാഹിഷ്ഠം സിഞ്ച ഇന്ദുഭിഃ
   ശതക്രതുവായ ഇന്ദ്രനെ അനേകം സ്തോത്രങ്ങളാൽ ആനന്ദിപ്പിച്ച് അവന്റെ ബലം നേടുക. ഭൂമിയെ ജലസേചനം ചെയ്യുന്നവരെ പോലെ.
2. അതശ്ചിദിന്ദ്ര ന ഉപായാഹി ശതവാജയാ
   ഇഷാ സഹസ്രവാജയാ
   ഇന്ദ്രാ,ഞങ്ങളിലേക്ക് നൂറും ആയിരവുമായി വർദ്ധിച്ച ബലം തരാനായി വന്നാലും

3. ആ ബുന്ദം വൃത്രഹാ ദദേജാതഃ പൃഛാദ്വി മാതരം
ക ഉഗ്രാഃ കേ ഹുശ്രുണ്വിരേ
ആയുധധാരിയായി വൃത്രഹന്താവായി ജനിച്ചവന് തന്റെ
ഗുരുമാതാക്കളോട് (ദ്വാപൃഥി) ചോദിച്ചു:- ഏത് ഉഗ്രനാണ് ഏതു
ഹിംസയാണ് നിങ്ങളിൽ ചെയ്തത്.
4. ബൃബദുക്ഥം ഹവാമഹേ സുപ്രകരസ്നമൂതയേ
സാധഃ കൃണ്വന്തമവസേ
നീണ്ട് ബലമേറിയ കൈകളിൽ ആയുധം ധരിച്ച ബലവാനേ, നിന്നെയും ഞങ്ങളേയും സംരക്ഷിക്കാൻ ഞങ്ങള് ഉക്ഥം നൽകി സ്തുതിച്ച് ക്ഷണിക്കുന്നു.
5. ഋജുനീതി നോ വരുണോ മിത്രോ നയതി വിദ്വാൻ
അര്യമാ ദേബൈഃയജോഷാഃ
ഋജുനീതിയുടെ മാർഗ്ഗത്തില് വരുണനും മിത്രനും അര്യമാവും വിദ്വാന്മാരെയും ദേവന്മാരെയും പ്രിയപ്പെട്ടവരേയും നയിക്കുന്നു.
6. ദൂരാദിഹേവ യത്സതോരുണപ്സുരശിശ്വി തത്
വിഭാനും വിശ്വയാതനം
ദൂരെ ഇരുന്നുകൊണ്ടും ഏതൊരു സത്തായ അരുണൻ (സൂര്യൻ)
അടുത്തെന്നപോലെ ഏവർക്കും ഒരുപോലെ പ്രകാശം തരുന്നുവോ
അതുപോലെ ആ ഭാനു (പ്രകാശവാൻ) ധർമ്മപ്രകാശവും ലോകത്തിനു
മുഴുവനും സമമായി ഒരുപോലെ നൽകുന്നു.
7. ആ നോ മിത്രാവരുണാ ധൃതൈർഗവ്യൂതിമുക്ഷതം
മധ്വാ രജാംസി സുക്രതു

മിത്രാവരുണന്മാരേ, നിങ്ങളുടെ പ്രകാശത്താൽ ക്ഷണത്തില് ഗവ്യൂതികള് നിറക്കുക. സുക്രതുക്കളായ ജ്ഞാനികളേ, ആ പ്രകാശധൂളികളാൽ (രജസ്സ്, പൊടി) മധു (ബോധം, ജ്ഞാനം)നിറക്കുക.

8. ഉദുത്യേ സൂനവോ ഗിരഃ കാഷ്ഠായജ്ഞേ ഷ്വതാത
വാശ്ചാ അഭിജ്ജുഞ്ജു യാതവേ
പ്രാണങ്ങലേ, പുത്രന്മാരായ ഗീരുകളോടുംകൂടി യജ്ഞത്തിന്റെ
കാഷ്ഠയെ, യത്നിച്ച് (മാർഗ്ഗങ്ങലിലൂടെ) പ്രാപിക്കുക. പശുക്കൾ
കിടാങ്ങളെ വിളിച്ച് തേടി നടക്കുമ്പോൾ മുട്ടുകള് കടക്കുന്നതുപോലെ.
9. ഇദം വിഷ്ണുർവ്വി ചക്രമേ ത്രേധാ നി ദധേ പദം
സമൂഢമസ്യ പാംസുലേ
ഈ വിഷ്ണുചക്രം മൂന്നുവിധം സഞ്ചരിച്ച് തന്റെ പദത്തില് ഉറപ്പിക്കപ്പെട്ടിരിക്കുന്നു. അതിന്റെ പൊടികൾ(സൂക്ഷ്മമാത്ര) ശക്തിയുടെ അഭിവ്യക്തിയാണ്.

ഭാഷ്യം

ഋഷിഃ- 1 ശുനശേഫൻ, 2 ശ്രുതകക്ഷൻ, 3 ത്രിശോകൻ, 4-9 മേധാതിഥി. 5 ഗൌതമൻ, 7 വിശ്വാമിത്രനും ജമദഗ്നിയും 8 പ്രാസ്കണ്വൻ. ദേവത ഇന്ദ്രൻ. ഛന്ദസ്സ് ഗായത്രി സ്വരം ഷഡ്ജം
ഭൂമിയിൽ സേചനം ചെയ്താല് ഭൂമി പതിന്മടങ്ങ് അന്നം തരും. അതുപോലെയാണ് സ്തോത്രങ്ങളാല് ബലവാനായ ഇന്ദ്രനെ സേചനം ചെയ്ത് ഋഷി നൂറും ആയിരവും മടങ്ങായി ബലം നേടുന്നത്. ഇന്ദൻ രാജാവാണ്,

ചക്രവർത്തിയാണ്.ക്ഷത്രിയധർമ്മം രക്ഷയാകയാലാണ് ആയുധം ധരിച്ചിരിക്കുന്നത്. ഭൂമി,സ്വർഗ്ഗം എന്ന രണ്ട് അമ്മമാർക്കിടയില് (അന്തരിക്ഷം) മരുത്തുക്കൾ(പ്രാണം) എന്ന സഖാക്കളോടൊത്താണ് ഇന്ദ്രൻ സഞ്ചരിക്കുന്നത്.ഈ രണ്ട് അമ്മമാരെ ഉഗ്രവാദികളായ ഹിംസകരിൽനിന്ന് സംരക്ഷിക്കാനാണ് ആയുധധാരണം. ചെങ്കോൽ അവന്റെ ഋജുനീതിയുടെ ചിഹ്നമാണ്. വളഞ്ഞ ചെങ്കോൽ ധർമ്മച്യുതിയുടെ ലക്ഷണമാണ്. ഋജുവായ ധർമ്മത്തിന്റെ രാജപാതയിൽ ഭരണാധികാരികളെ നടത്താനാണ് മിത്രനും വരുണനും അര്യമാവും ജാഗരൂകരായിരിക്കുന്നത്. ഈ ദേവതകളെ ആഹ്വാനം ചെയ്യുന്ന വേദമന്ത്രങ്ങളുടെ ഉദ്ദേശവും മറ്റൊന്നല്ല. ഇന്നത്തെ ഭരണാധികാരിവർഗ്ഗങ്ങളും അവരെ തെരഞ്ഞെടുത്ത പൌരന്മാരും ഇന്ത്യയുടെ ഈ പഴയ ധാർമ്മികപൈതൃകത്തെ കുറിച്ച് ഈ വൈകിയ വേളയിലെങ്കിലും ചിന്തിക്കാത്ത പക്ഷം നമ്മുടെ അമ്മയായ ഭൂമിക്കും വാഗ്ദേവതയുടെ വരദാനമായ ഭാഷക്കും ജനതക്കും പ്രപഞ്ചമാതാവിനുതന്നെയും നാശം സംഭവിക്കും. ദൂരെയായലും അടുത്തായാലും എല്ലാവർക്കും തുല്യമായി,സമമായി ഊർജ്ജം തരുന്ന സൂര്യനെപ്പോലെയാവണം ഓരോ ഭരണാധികാരിയും എന്ന സന്ദേശമാണ് വേദം തരുന്നത്. അങ്ങനെയല്ലാത്തവരെ തെരഞ്ഞെടുക്കാതിരിക്കാനുള്ള അറിവും വിവേകവും ഓരോ പൌരനും ഉണ്ടാവുമ്പോഴാണ് രാജ്യം സ്വതന്ത്രമാവുന്നത്.

ഊർജ്ജപ്രകാശം സൂക്ഷ്മതരംഗകണരൂപത്തില് ക്ഷണത്തില് പ്രപഞ്ചമാകെ വ്യാപിക്കുന്നതായും അതിന്റെ പൊടി (രജസ്സ്) നമ്മുടെ നാഡീവ്യൂഹത്തിലും ബോധപ്രകാശമായി നിറയുന്നതെന്നുമുള്ള ശാസ്ത്രജ്ഞാനം ഇന്നു നമുക്കുള്ളപോലെ പൂർവ്വികർക്കും ഉണ്ടായിരുന്നു. ഏഴാം സൂക്തത്തിൽ വിശ്വാമിത്രനും ജമദഗ്നിയും ഇത് പറയുന്നു. പ്രാണനിൽ നിന്നാണ് നാദവും വാക്കും മനുഷ്യൻ പുറപ്പെടുവിക്കുന്നതെന്നും അനേകം പ്രാണനാഡികളിലൂടെ സഞ്ചരിക്കു്നന പ്രാണൻ(വായു) തന്റെ പരമോച്ചകാഷ്ഠയെ പ്രാപിക്കുന്നു (താരസ്വരം)എന്നും പ്രാസ്കണ്വനറിയാം. പശു കുട്ടികളെ തേടി നടക്കുമ്പോൾ നാലുകാലുകള് ക്രമത്തില് മുട്ടുമടക്കി നിവർത്തി മുന്നേറും. ഇതുപോലെയാണ് പ്രാണസഞ്ചാരവേളയിൽ നാലു കാലത്തില് (ചൌക്കകാലം) ക്രമേണ മുന്നേറി സംഗീതനാദസ്വരമുണ്ടാക്കുന്ന വാഗ്ദേവിയുടെ മന്ദ്ര, താരസഞ്ചാരക്രമവും . ആ ക്രമം ഉപയോഗിച്ചാണ് ഋഷിമാര് സാമഗാനം പാടുന്നത്. വാഗ്ദേവി കന്നുകുട്ടികളെയെന്നപോലെ ഋഷിയുടെ സൂക്തം ശിഷ്യരേയും ഈശ്വരനേയും ഒപ്പം തന്നിലേക്ക് ക്ഷണിക്കുന്നു. അവരിലേക്ക് ഇറങ്ങിയും ഉയർന്നും (ഈശ്വരനും ശിഷ്യനും) യതിമദ്ധ്യത്തോടെ മുട്ടുമടക്കി വാണി സഞ്ചരിക്കുന്നു.

ഒമ്പതാം സൂക്തത്തിൽ മേധാതിഥി ഇപ്രകാരമുള്ള വിഷ്ണുചക്രത്തിന്റെ മൂന്നുവിധസഞ്ചാരം പറയുന്നു. അന്നത്തിൽനിന്ന് രസവും ഇന്ദ്രിയങ്ങളിൽനിന്ന് വിഷയജ്ഞാനവും , അംഗോപാംഗപ്രാണസഞ്ചാരവുമാണ് സ്ഥൂലശരീരത്തിൽ വിഷ്ണുചക്രസഞ്ചാരം. ജ്യോതിശ്ശാസ്ത്രപരമായി അത് കാലഘട്ടത്തിന്റെ ആവർത്തനഭ്രമണാത്മകമായ സഞ്ചാരമാണ്. ഇതുരണ്ടും സമന്വയിച്ച നാദബ്രഹ്മത്തിന്റെ ചലനചക്രമാണ് കുണ്ഡലിനീരൂപത്തിൽ നാദോർജ്ജമായി പര,പശ്യന്തി,മദ്ധ്യമ,വൈഖരിയെന്ന് നാലു കാലുകളിൽ ക്രമേണ ഉയർന്ന് സഞ്ചരിക്കുന്ന നാദരൂപിണിയുടെ ഗമകകമ്പനസ്വരധാര. ഇത് വൈഖരിയിലുള്ള സംഗീതം മാത്രമല്ല, ധ്യാനത്തിലുള്ള ദശവിധനാദം

കൂടിയാണ്. (ഇവിടെ പ്രേമത്തിന് വാത്സല്യഭാവമാണ് പറഞ്ഞിരിക്കുന്നത്. അമ്മ കുട്ടിയെ തേടി നടക്കുന്ന ഭാവം)

ദശകം 12..

1. അനീഹി മന്യുഷാവിണം സുഷുവാം സമുപേരയ
   അസ്യ രാതൌ സുതം പിബം
   മന്യുക്കളെ (ശത്രു) ഉപേക്ഷിച്ച് പരിശുദ്ധരായ ഉപാസകരിൽ വരിക. ആ പുത്രന്മാരിൽ, ആത്മസമർപ്പണത്താല് ഉണ്ടായ ആനന്ദാമൃതം നുകരുക.
2. കദു പ്രചേതസേ മഹേ വചോ ദേവായ ശസ്യതേ
   തദിദ്ധ്യസ്യ വർദ്ധനം
   ഈശ്വരനുവേണ്ടി പറയപ്പെട്ട ഏറ്റവും ചെറിയ സ്തുതിവചസ്സു പോലും, പറഞ്ഞവനെ പ്രചേതസ്സും മഹാനുമാക്കി ശുദ്ധി(സിദ്ധി)കളെ വർദ്ധിപ്പിക്കുന്നു.
3. ഉക്ഥം ച ന ശസ്യമാനം നാഗോ രയിരാ ചികേത
   ന ഗായത്രം ഗീയമാനം
   ശരിയായി അഭ്യസിച്ചിട്ടില്ലാത്ത നാഗങ്ങൾ അർപ്പിക്കുന്നന ഉക്ഥം അവൻ അറിയുന്നുണ്ട്. പാടപ്പെട്ട ഗായത്രങ്ങൾ അറിയുന്നുണ്ട്. അവന് അറിയാ ത്തതായി എന്താണുള്ളത്.
4. ഇന്ദ്ര ഉക്ത്തേഭിർ മന്ദിഷ്ഠോ വാജാനാം ച വാജപതി
   ഹരി വാംത് സുതാനാം സഖാ
   ഇന്ദ്രാ, ഉക്ത്ഥങ്ങളാൽ നീ സന്തോഷിക്കുന്നു. നീ ജ്ഞാനികളുടെ (വാജാനാം) എല്ലാം പരമഗുരുവായ വാജപതിയാണ്. സർവ്വപ്രപഞ്ചത്തിലും മക്കൾക്ക് സഖാവായിരിക്കുന്ന ഹരിയാണ്.
5. ആയാഹ്യുപനഃ സുതം വാജേഭിർ മാഹ്വണീ യഥാഃ
   മഹാം ഇവ യുവജാനി
   വരിക. ഞങ്ങൾക്ക് അന്നപാനങ്ങളും ജ്ഞാനവും ബലവും നിഷേധിക്കരുത്.നീ യുവാക്കളായ മക്കൾക്ക് പിതാമഹസദൃശം ആദരണീയനാണ്.
6. കദാ വസോ സ്തോത്രം ഹര്യത ആ അവ രമശാ രുധ്യദ്വാ
   ദീർഘം സുതം വാതാപ്യായഃ
   സർവ്വവ്യാപിൻ, വേദസ്തോത്രം പാടുന്നവന്റെ പ്രാണരശ്മികളെ നീ എപ്പോളാണ് നിരോധിക്കുക. ഏറ്റവും ദീർഘമായി പ്രാണനെ (വാതം) നിയന്ത്രിക്കുന്ന കുട്ടിക്ക് (മക്കൾക്ക്) നീ ദീർഘായുസ്സ് കൊടുക്കുന്നു.
7. ബ്രാഹ്മണാദിന്ദ്ര രാധസഃ പിബാ സോമമൃതൂംസ്നു
   തവേദം സഖ്യമസ്തുതം
   ബ്രഹ്മജ്ഞാനിയിൽനിന്ന് ഋതുക്കൾതോറും സോമം കുടിച്ച് , ഹേ, ഇന്ദ്രാ, രാധസ്സ്(ഐശ്വര്യം) നേടുക. ആ സഖ്യം (സൌഹൃദം) സ്തുതികൾക്കും അതീതമെന്ന് അറിയുക.
8. വയം ധാ തേ അപി സ്മസി സ്തോതാര ഇന്ദ്രഗീർവ്വണഃ
   ത്വം നോ ജിന്വ സോമപാഃ
   ഇന്ദ്രാ, ഗീർവ്വാണങ്ങളേയും അവ പാടുന്ന സ്തോതാക്കളേയും സ്നേഹിക്കുന്നവനേ, സോമം കുടിച്ച് ഞങ്ങൾക്ക് (ബ്രഹ്മ)ജ്ഞാനം തരിക.
9. ഐന്ദ്ര പൃക്ഷു കാസു ചിന്നൃമ്ണം തനൂഷു ധേഹി നഃ
   സത്രാജിദുഗ്ര പൌംസ്യം
   ഇന്ദ്രാ, നീ ചിലർക്ക് ചിന്മയമായ ആനന്ദം (ആത്മ)ബലം അഥവാ ജ്ഞാ

നമാണ് കൊടുക്കുന്നത് . മറ്റു ചിലർക്ക് ഉഗ്രമായ പുരുഷത്വത്താല് സത്രാജിത്ത് (സത്രം ജയിക്കൽ - യാഗത്തില് വിജയം) അരുളുന്നു.

10. ഏവാ ഹ്യസി വിരയുരേവാ ശൂരഉതസ്ഥിരഃ
ഏവാ തേ രാദ്ധ്യം മനഃ
നീ ശൂരന്മാർക്കെല്ലാം സ്ഥിരമായി സുഹൃത്തും ശൂരനുമാണ്. സ്ഥിരമായ,അചഞ്ചലമായ, നിന്റെ ശാന്തി മനസ്സിൽ മനനത്താല് ധ്യാനിച്ച് ആരാദ്ധ്യമാണ്.

ഭാഷ്യം

ഋഷിമാർ:- 1, 7, 8 മേധാതിഥി. 2 വാമദേവൻ. 3, 5 മേധാതിഥിയും പ്രിയമേധസ്സും. 4 വിശ്വാമിത്രൻ, 6 കൌത്സൻ, ദുർമിത്രൻ, സുമിത്രൻ. 9 വിശ്വാമിത്രൻ,ഗാധി, ഉഭീപാദ, ഉദലൻ. 10 ശ്രുതകക്ഷൻ.
ദേവത ഇന്ദ്രൻ. ഛന്ദസ്സ് ഗായത്രി. സ്വരം ഷഡ്ജം.

1,7,8 - ദുർജ്ജനസംസർഗ്ഗത്തില് ഉദാസീനത, സജ്ജനസംസർഗ്ഗത്തില് പ്രിയം, സജ്ജനങ്ങലായ ബ്രഹ്മജ്ഞാനികളോട് സഖ്യം(മിത്രത)ലഭിക്കുന്നതിന്റെ പ്രാധാന്യം,ബ്രഹ്മജ്ഞത്വം(സർവ്വജ്ഞത്വം) നേടുന്നതിന്റെ സുഖം, പരസ്പരസ്നേഹത്തിന്റെ ആവശ്യകത എന്നിവയിലാണ് മേധാതിഥി ഈ സൂക്തങ്ങളില് ഊന്നൽ കൊടുത്തിരിക്കുന്നത്.

3, 5 സൂക്തങ്ങള് മേധാതിഥി പ്രിയമേധസ്സിനോടൊത്ത് പാടുന്നു. പാമരരും പണ്ഡിതരുമായ നാഗവംശീയർ (പഞ്ചജന)സമർപ്പിക്കുന്നവയാണ് ഇവ. സർവ്വ സ്തുതികളും ഒരേ ഈശ്വരനാല് ഒരേപോലെ സ്വീകരിക്കപ്പെടുന്നു. ഓരോരോ ഉപാസകർക്കും അതാത് അഭീഷ്ടങ്ങള് ആ സമദൃക്കായ ഈശ്വരൻ കർമ്മാനുസൃതമായി നൽകുന്നു.അന്നപാനവും ശക്തിയും ജ്ഞാനവും തരുന്ന ആ ബ്രഹ്മത്തെ ഓരോ തലമുറയും പിതാമഹസദൃശം (ബ്രഹ്മാവ്) ആദരിക്കുന്നു.

ഭഗവദ്ഗീതയിൽ കൃഷ്ണന് സ്വല്പമായി ചെയ്യപ്പെട്ട സ്വധർമ്മം പോലും മഹത്തായ ഭയങ്ങളെ നീക്കി ഫലം തരുന്നു എന്ന് പറയുന്നു. വാമദേവൻ(സൂക്തം 2) ഏറ്റവും ചെറിയതും പാമരനാൽ പാടപ്പെട്ടതുമായ ഒരു സ്തുതിവചനം പോലും ഈശ്വരനിൽ അർപ്പിതമാകുമ്പോള് മഹത്തായ ഫലം തരുന്നു എന്ന് പറയുന്നു.വിശ്വാമിത്രന്റെ സൂക്തത്തിൽ പ്രപഞ്ചത്തിൽ സർവ്വജീവനും സഖി(മിത്രം)ആയ, യജ്ഞങ്ങൾക്കെല്ലാം പരമഗുരുവും യജ്ഞസ്വരൂപവുമായ ഹരിയെയാണ് ഇന്ദ്രനെന്ന് വിളിക്കുന്നത്. സർവ്വപ്രപഞ്ചജീവനും ഒരേ ഒരു ഹരിവംശമാണ് എന്ന സങ്കല്പം ഇവിടെയുണ്ട്. ഒമ്പതാം സൂക്തത്തിൽ വിശ്വാമിത്രനും മറ്റു സുഹൃത്തുക്കളായ ഗാധിവംശക്കാരും ഇന്ദ്രൻ ചിലർക്ക് ബ്രഹ്മജ്ഞാനവും മറ്റു ചിലർക്ക് ചക്രവർത്തിസ്ഥാനത്തിരുന്ന് കർമ്മം ചെയ്യാനുള്ള ക്ഷത്രജ്ഞാനവും അരുളുന്നത് കർമ്മഫലം, ധർമ്മസംരക്ഷമം എന്ന രണ്ടു കാര്യസാദ്ധ്യത്തിനാണെന്ന് പ്രസ്താവിക്കുന്നു. ആറാം സൂക്തം പൂർണ്ണമായും പ്രാണായാമം, അതുകൊണ്ടുള്ള ആയുർബ്ബലം,ഇവയെക്കുറിച്ചാണ്. (ഇതും കർമ്മഫലമായി ഈശ്വരദത്തമായ വരപ്രസാദം തന്നെ) സർവ്വർക്കും സദാ മിത്രമായ ഈശ്വരന്റെ പരമസ്വരൂപം അചഞ്ചലവും സ്ഥിരവുമായ ശാന്തിയാണെന്നും ആ ശാന്തസ്വരൂപ

ത്തിലാണ് മാനസധ്യാനം ചെയ്യേണ്ടതെന്നുമുള്ള ശ്രുതകക്ഷന്റെ സൂക്തം അതീവ ശ്രദ്ധേയമാണ്. (10)

അദ്ധ്യായം 3

ദശകം 1.

1. അഭി ത്വാ ശൂര നോനുമോദുഗ്ദ്ധാ ഇവ ധേനവഃ
   ഈശാനമസ്യ ജഗതഃ സ്വദുർശമീശാനമിന്ദ്ര തസ്ഥുഷഃ
   ജഗത്തിനു മുഴുവനും ഈശനും ശൂരനും ചരിക്കുന്നതിനും ചരിക്കാത്തതിനും നാഥനും പ്രകാശവാനും ആയ ഇന്ദ്രാ, ഞങ്ങൾ നിന്റെ മുന്നിൽ കുമ്പിടുന്നു. കറന്നിട്ടില്ലാത്ത, പാൽനിറഞ്ഞ അകിടുള്ള പശുക്കളെപ്പോലെ.
2. ത്വാമിദ്ധി ഹവാമഹേ സാ തൌ വാജസ്യ കാരവഃ
   ത്വാം വൃത്രേഷ്വിന്ദ്ര സത്പതിം നരസ്ത്വാം കാഷ്ഠാം സ്വർവ്വതഃ
   നിന്റെ ഉപാസകരായ ഞങ്ങൾ നിന്നെ സിദ്ധികൾക്കായി വിളിക്കുന്നു. നിന്റെ ബലത്തിലും സുരക്ഷയിലും ഞങ്ങൾ (കാരുക്കൾ) വിശ്വാസമ ർപ്പിക്കു്ന്നു. വൃത്രനെ ജയിച്ച സത്പതിയായ ഇന്ദ്രാ, ഞങ്ങൾ നരന്മാര് ഞങ്ങളുടെ സ്വബലത്തിന്റെ കാഷ്ഠം പ്രയോഗിച്ച് നിന്നെ വിജയപ്രാ പ്തിക്ക് സ്മരിക്കുന്നു. (കാരവ കാരുക്കള്)
3. അഭിപ്രവഃ സുരാധസ മിന്ദ്രമർച്ച യഥാവിദേ
   യോ ജരിതൃഭ്യോ മഘവാ, പുരൂവസൂസഹസ്രേണൈവ ശിക്ഷതി
   ജനങ്ങളേ, സുരാധസ്സിനും വിദ്യക്കുമായി ഇന്ദ്രനെ അർച്ചിക്കുവിൻ. അവൻ, ആ മഘവാൻ, തന്റെ ഗായകർക്കായി ആയിരം വിധം ശിക്ഷണം നൽകുന്നു.
4. തം വോ ദസ്മമൃതീഷ ഹം വസോർമന്ദാനമന്ധസഃ
   അഭിവത്സം ന സ്വസ്രേഷു ധേനവ ഇന്ദ്രം ഗോഭിർ നവാമഹേ
   ധേനുക്കൾ ഗോശാലയില് കെട്ടിയ വത്സങ്ങളിലേക്ക് കുനിയുന്നതുപോലെ , ഞങ്ങൾ ശത്രുക്കളെ (വികാരങ്ങളെ)നശിപ്പിക്കുന്നവനും ശരീരത്തിൽ ആത്മാവിനെ നിലനിർത്തുന്നവനും , ജ്ഞാനത്തിൽ ആനന്ദിക്കുന്നവനു മായ ഇന്ദ്രനെ അവനിലേക്ക് കുനിഞ്ഞുകൊണ്ട്) പുകഴ്ത്തുന്നു.
5. തരോഭിർവ്വോ വിദദ്വസുമിന്ദ്രം സബാധ ഊതയേ
   ബൃഹദ് ഗായന്തഃ സുതസോമേ അദ്ധ്വരേ ഹുവേ ഭരം ന കാരിണം
   ആനന്ദലബ്ധിക്കായുള്ള യജ്ഞത്തിൽ, വിഘ്നങ്ങൾ പാതയിൽ വരുമ്പോൾ, ജ്ഞാനദാതാവായ ഈശ്വരാ, പൂർണ്ണബലത്തോടെ രക്ഷക്കായി ഞങ്ങൾ ബൃഹത്സാമം പാടുന്നു. സർവ്വം പൂരിപ്പിക്കുന്ന അവനെ സ്തുതിക്കുന്നു.
6. തരണിരിത് സഷാസതി വാജം പുരന്ധ്യായുജാ
   ആ വ ഇന്ദ്രം പുരുഹൂതം നമേ ഗിരാ നേർമിതഷ്ടേവ സുദ്രുവം
   ദർശനക്ഷമമായ മനസ്സ് പൂർണ്ണജ്ഞാനവും ബലവും ക്ഷണം കൊണ്ട് നേടുന്നു. ചക്രനേമിയെ സമർത്ഥനായ ദക്ഷന് വേഗഗതിക്കായി വളച്ച് നിർമ്മിക്കുന്നതുപോലെ , വളഞ്ഞ് (തരംഗരൂപമായി) ഒഴുകുന്ന ഗീരു കളാൽ ചിരകാലം ആരാധിക്കപ്പെട്ട ആ ഇന്ദ്രനുമുമ്പില് കുനിയുന്നു (.അവയാൽ സംസാരത്തെ തരണം ചെയ്യുന്നു.)
7. പിബാ സുതസ്യ രസിനോ മത്സ്ഥാന ഇന്ദ്രഗോമതഃ
   ആപിർനോ ബോധി സധമാദ്ധ്യേ വൃധേ സ്മാം അവതു തേ ധിയഃ

സുതന്മാരുടെ ബലവത്തും ക്രിയാത്മകവുമായ ഇന്ദ്രിയങ്ങളിൽനിന്ന് ജനിച്ച രസം പാനം ചെയ്യുക. ഞങ്ങളുടെ ഉള്ളിൽ സദാ മിത്രായിരുന്ന് ധീയും ബോധിയും അരുളുന്നവനേ, ജ്ഞാനത്തോടുകൂടിയ ഞങ്ങളുടെ ക്രിയകൾ ഞങ്ങൾക്ക് ഐശ്വര്യം തരട്ടെ.

8. ത്വം ഹ്യേഹി ചേരവേ വിദാഭഗം വസുത്തയേ
ഉദ്വാവൃഷസ്വ മഘവൻ ഗവിഷ്ടയ ഉദിന്ദ്രാശ്വമിഷ്ടയേ
മഘവാൻ, ഉപാസകർക്ക് ജ്ഞാനമെന്ന വസു(രത്നം)തരിക.
അനന്തവിജ്ഞാനത്തിന് ഉടമയായ നീ ഇന്ദ്രിയനിഗ്രഹത്തിന് വരം തരിക.
പ്രാണനെ ഉയർത്താന് (ആരോഹണം) വരം തരിക.

9. ന ഹി വശ്ചരം ച ന വസിഷ്ഠഃ പരിമം സത
അസ്മാകമദ്യ മരുതഃ സുതേ സ ചാ വിശ്വേ പിബന്തു കാമിനഃ
ഈശ്വരൻ ഒരു മനുഷ്യനേയും ഉപേക്ഷിക്കുന്നില്ല. നമുക്കിടയിൽ ഈശ്വരാനുഭവം ലഭിച്ച എല്ലാ വസിഷ്ഠരും ധ്യാനപൂർവ്വം ആ അനുഭവം പാനം ചെയ്യട്ടെ.

10. മാ ചിദന്യദ്വി ശംസത സഖായോ മാ രിഷ്ണ്യത
ഇന്ദ്രമിത് സ്തോതാ വൃഷണം സ ചാ സുതേ മുഹുരുക്ഥാ ച ശംസത
സഖാക്കളേ, ഈശ്വരചൈതന്യത്തെ ഒഴികെ, മറ്റൊന്നിനേയും പഠിപ്പിക്കരുത്, സ്ചുതിക്കരുത്. ഒരിക്കലും ഒന്നിനേയും ഹിംസിക്കരുത്.
ശുദ്ധഹൃദയങ്ങളാൽ ഓരോ മുഹൂർത്തവും അവന്റെ ഉക്ഥം പാടുക.
അവൻ ധർമ്മാർത്ഥകാമമോക്ഷങ്ങള് ചൊരിയുന്നു. ഉക്ഥം പാടുക.

ഭാഷ്യം

ഋഷിഃ- 1,6,9 വസിഷ്ഠൻ. 2 ഭരദ്വാജൻ. 3 ബാലഖില്വർ. 4 നോധാ 5 കലി. പ്രാഗാഥ 7 മേധാതിഥി 8 ഭർഗ്ഗന് 10 പ്രാഗാഥാ കണ്വൻ.

ദേവത 1-8 , 10 ഇന്ദ്രന് 9 മരുത്തുകൾ.

ഛന്ദസ്സ് ബൃഹതി. സ്വരം മദ്ധ്യമം

ആറാം സൂക്തത്തിൽ പുരന്ധ്രി എന്ന പദം കാണാം. ശരീരമെന്ന കോട്ടയെ അതിന്റെ സർവ്വഭാരവും ഏറ്റ് സംരക്ഷിക്കുന്ന ബുദ്ധി. ഈ ബുദ്ധിയാണ് ചക്രനേമി. ഇന്ദ്രിയങ്ങൾ അരങ്ങൾ,ഈ നാഭിയിൽ ഉറപ്പിച്ചിരിക്കുന്നു. ചുറ്റും വലയാകൃതിയിലാണ് ചക്രനിർമ്മാണം. (വലയം,വളഞ്ഞത്) ഈ വളവ് വേഗതിക്കുവേണ്ടിയാണ് ശില്പി രൂപകല്പന ചെയ്തത്. പ്രപഞ്ചചക്രം രൂപകല്പന ചെയ്ത വിശ്വശില്പിയും അങ്ങനെത്തന്നെ. സംഗീതാത്മകമായി സ്തോത്രങ്ങൾ രചിക്കുന്ന കവി,ഋഷി,ഗായകർ ഇതുപോലെ ആവർത്തനഭ്രമണരൂപമായി വളഞ്ഞ് തരംഗമായി നദിപോലെ സമുദ്രത്തില് ചേരുന്ന വലയി(കിടങ്ങ്)പോലെ ആഴമുള്ള (ഗഹന)അർത്ഥങ്ങളോടെരചന ചെയ്യുന്നു.സംസാരചക്രത്തെ സാമസംഗീതചക്രത്താൽ തരണം ചെയ്യുന്നു വൈദികഋഷിമാർ. ആദ്യസൂക്തത്തിൽ കാമധേനു, ആറാം സൂക്തത്തിൽ സംഗീതശില്പി ഇവരെ പരാമർശിച്ച വസിഷ്ഠന് കവിഋഷിമുദ്രയോടെ ഒമ്പതാം സൂക്തം പാടുന്നു.അവിടെ സംഗാതാത്മകമായ ഗീരുകളാല് ഈശ്വരനെ സ്തുതിച്ച് ലഭിക്കുന്ന ആനന്ദാനുഭവം പാനം ചെയ്യലാണ് പറഞ്ഞിരിക്കുന്നത്. ആനന്ദാനുഭവം എല്ലാവർക്കും ലഭിക്കാവുന്ന ഒന്നാണെന്ന് വസിഷ്ഠൻ എടുത്തുപറയുന്നു.ഭരദ്വാജൻ ഞങ്ങൾ,കാരുക്കൾ, (നിർമ്മാതാക്കൾ,

ശില്പികൾ)കഴിവിന്റെ പരമാവധി പ്രയോഗിച്ച് പരമവിജയപ്രാപ്തിക്ക് (സിദ്ധിക്ക്) ഈശ്വരപ്രസാദം പ്രാർത്ഥിക്കുന്നവരാണെന്ന് പറയുന്നു. (രണ്ടാം സൂക്തം).ബാലഖില്വർ (സൂക്തം 3) അഗസ്ത്യമുനിയുടെ പൂർവ്വികരാണ്.

പ്രപാഠകം 3 അർദ്ധം 2

ദശകം 2

1. നകിഷ്ടം കർമ്മണാ നശധ്യശ്ചകാര സദാവൃധം
   ഇന്ദ്രം ന യജ്ഞൈർ വിശ്വഗൂർത്തമൃദ് വസമദൃഷ്ടം ധൃഷ്ണമോജസാ
   സദ്കർമ്മങ്ങളാലും യജ്ഞങ്ങളാലും സദാ ഉത്തമമായ പാതയില് രാജാവിനെപ്പോലെ സഞ്ചരിച്ച് ജനങ്ങളാൽ കീർത്തിക്കപ്പെട്ട് ബലം, ജ്ഞാനം ,ഓജസ്സ് ഇവകളാലും ക്ഷമയാലും ശോഭിക്കുന്നവനെ ആരാലും ഉപദ്രവിക്കാൻ കഴിയുകയില്ല.
2. യ ഋതേ ചിദഭിശ്രിഷഃ പുരാ ജത്രുഭ്യ ആതൃദഃ
   സന്ധാതാ സന്ധിം മഘവാ പുരുവസുർ നിഷ്കർത്താ വിഹ്രുതം
   ബന്ധനങ്ങളൊന്നുമില്ലാതെ സർവ്വത്തിലും ചൈതന്യരൂപമായി ആദ്യം മുതലേ ഇരുന്ന് സർവ്വസന്ധികളേയും സന്ധിപ്പിക്കുന്നവനും അവയെ വേർപെടുത്തുന്നവനും ആയ നിഷ്കർത്താവായ ഇന്ദ്രനെ സ്തുതി ക്കുന്നു.
3. ആ ത്വാ സഹസ്രമാ ശതം യുക്താ രഥേ ഹിരണ്യയേ
   ബ്രഹ്മയുജോ ഹരയ ഇന്ദ്ര കേശിനോ വഹന്തു സോമപീതയേ
   നൂറും ആയിരവും ജ്ഞാനികൾ ആനന്ദാനുഭവത്തിനായി ധ്യാനിച്ച് ഓർമ്മിച്ച്,ശരീരമാകുന്ന സ്വർണ്ണരഥങ്ങളില് ബ്രഹ്മയോഗത്തോടെ നിന്നെ അറിയട്ടെ.
4. ആ മന്ദ്രൈരിന്ദ്ര ഹരിബിര്യാഹി മയൂരരോമഭിഃ
   മാത്വാ കേ ചിന്നിയേമുരിന്ന പാശിനോതിധന്വേവതാം ഗുഹി
   ഇന്ദ്രാ,മന്ദ്രമായി വരിക. മയിൽപീലി പോലെ വർണ്ണാഭമായി, ജ്ഞാനേ ന്ദ്രിയങ്ങളാകുന്നഉപകരണങ്ങളോടെ വരിക.
5. ത്വമംഗപ്രശംസിഷോ ദേവഃ ശവിഷ്ഠ മർത്ത്യം
   ന ത്വദന്യോ മഘവന്നസ്തി മഡിതേന്ദ്ര ബ്രവീമിതേ വചഃ
   മർത്ത്യമായ ശരീരങ്ങളില് ചൈതന്യം (ജീവൻ) നിറച്ച ബലവാനേ, നീയല്ലാതെ ഒരു സാന്ത്വനമില്ല. വലവിരിച്ച വേടൻ പക്ഷിയെ പിടിക്കു മ്പോലെ, ബലവാനായ നീ പ്രലോഭനത്തിൽ വീഴുന്നില്ല.നീ വേട്ടക്കാരനെ പ്പോലെ മൃഗത്തെ കീഴടക്കുന്നവനാണ്.എന്റെ വാക്കുകൾ നിനക്കുള്ള വയാണ്.
6. ത്വമിന്ദ്ര യശാ അസ്യൃജീവി ശവസസ്പതിഃ
   ത്വം വൃത്രാണി ഹംസ്യപ്രതീന്യേക ഇത് പൂർവ്വനുത്തശ്ചർഷണീധൃതിഃ
   യശസ്വിയും സർവ്വജഡങ്ങൾക്കും ജീവനേകുന്നവനുമായ ഇന്ദ്രാ, ധർമ്മമാർഗ്ഗത്തില് ചരിക്കുന്ന ബലശാലിയായ നീ ഒറ്റക്ക് വൃത്രനെ തോല്പിച്ചു. അനേകർക്ക് നിന്നെ തോല്പിക്കാനാവുന്നില്ല മനുഷ്യരുടെ പതിയായ നീ പ്രതിബന്ധങ്ങളെ നശിപ്പിക്കുന്നു
7. ഇന്ദ്രമിദ്ദേവതാതയ ഇന്ദ്രം പ്രത്യദ്ധ്വരേ
   ഇന്ദ്രം സമീകേ വനിനോ ഹവാമഹ ഇന്ദ്രം ധനസ്യ സാതയേ
   ഓരോ യജ്ഞത്തിലും ഉപാസകര് ഇന്ദ്രനെ ആവാഹിക്കുന്നു, ജ്ഞാനിക

ളുടെ ഐശ്വര്യത്തിനായി. ഓരോ കർമ്മത്തിലും ഇന്ദ്രനെ സമീപത്തേക്ക് ക്ഷണിക്കുന്നു, വിജയത്തിനായി.

8. ഇമാ ഉത്വാ പുരൂവസോ ഗിരോ വർദ്ധന്തു യാ മമഃ
പാവകവർണ്ണാഃ ശുചയോ വിപശ്ചിതോഭിസ്തോമൈരനൂഷംത
എന്റെ ഗീരുകൾ നിന്നെ വർദ്ധിപ്പിക്കട്ടെ. അഗ്നിയുടെ വർണ്ണമുള്ള ശുചികളായ ജ്ഞാനികൾ സ്തോത്രത്താല് നിന്നെ ക്ഷണിക്കുന്നു.
9. ഉദു ത്യേ മധുമത്തമാ ഗിരാ സ്തോമാസ ഈരതേ
സത്രാജിതോ ധനസാ അക്ഷിതോതയോ വാജയന്തോ രഥാ ഇവ
മധുമത്തമകളും സ്തോമങ്ങളോടുകൂടിയവരുമായി , ഹൃദയത്തിൽനിന്ന് ഒഴുക്കുന്ന ഈ ഗീരുകൾ നിന്നിലേക്ക് എത്തുന്നു. സദാ വിജയികളായി, ബലം (ശക്തി) വ്യഞ്ജിപ്പിക്കുന്ന രഥങ്ങളെ പോലെ ഇവകളാല് ബലവാന്മാരായി, അക്ഷയധനത്താൽ സത്രാജിത്തായി തീരട്ടെ.
10. യഥാ ഗൌരോ അപാകൃതം തൃഷ്യന്നേത്യവേരിണം
ആപിത്വേനഃ പ്രപിത്വേ തൂയമാ ഗഹി കണ്വേഷു സു സചാ പിബ
ദാഹിച്ച ഗൌരങ്ങൾ (ഗൌർ എന്നറിയപ്പെടുന്ന മാനുകള്) വരണ്ട ഭൂമിയിലെ ജലാശയത്തിലേക്ക് കൂട്ടമായി അണയുന്നപോലെ, ഉപാസകരായ കണ്വന്മാരുടെ സഖിത്വം സ്വീകരിച്ച് വേഗം ഉണർന്ന് ഇവ പാനം ചെയ്യുക.

ഋഷിമാർഃ-

1 ആംഗിരസൻ,പുരുഹന്മാവ് 2,3 മേധാതിഥി,മേധ്യാതിഥി

4 വിശ്വാമിത്രൻ. 5 ഗൌതമൻ.6. നൃമേധ,പുരുമേധന്മാര്. 10 ദേവാതിഥി കണ്വന്

ദേവത ഇന്ദ്രന്. ഛന്ദസ്സ് ബൃഹതി. സ്വരം മദ്ധ്യമം.

ദശകം 3

1. ശശ്ദ്ധ്യൂ ഉഷൂ ശചീപത ഇന്ദ്ര വിശ്വാഭിരൂതിഭിഃ
ഭഗം ന ഹിത്വാ യശസം വസുവിദമനു ശൂരചരാമസി
ഇന്ദ്രാ, ശചീപതേ, ഐശ്വര്യദായകാ, യശസ്കരമായ ആനന്ദത്തോടുകൂടിയ നിന്നെ ഞങ്ങൾ പിൻതുടരുന്നു. ജ്ഞാനകർമ്മങ്ങളുടെ പ്രഭുവായ നീ നിന്റെ സംരക്ഷണത്താല് ഞങ്ങളുടെ ലക്ഷ്യം സാധിപ്പിച്ചുതരിക.
2. യാ ഇന്ദ്രാ ഭുജ ആഭം സ്വർവ്വാം അസുരേഭ്യഃ
സ്തോതാരമിൻ മഘവന്നസ്യ വർദ്ധയ യേ ചത്വേ വൃക്തഹർഹിഷഃ
ഇന്ദ്രാ, എന്തെല്ലാം ആനന്ദമയമായ വസ്തുക്കൾ നീ എടുക്കുന്നുവോ, അവയെല്ലാം സ്തോതാക്കള്ായ ഞങ്ങൾക്ക് ചൊരിഞ്ഞ് ഞങ്ങളുടെ സദ്കർമ്മങ്ങളെ വർദ്ധിപ്പിക്കുക
3. പ്ര മിത്രായ പ്രാര്യമ്ണേ സ ച ധ്യമൃതാവസോ
വരൂധ്യോവരുണേ ഛന്ദ്യം വചഃസ്തോത്രം രാജ സു ഗായത
മിത്രാ,ആര്യമാ, വരുണാ, നിത്യം അമൃതമായി(ഹൃദയത്തിൽ)വസിക്കുന്നവനേ, രാജാക്കന്മാർക്കും രാജാവായി ഇരിക്കുന്നവനേ, ഛന്ദസ്സോടും വചസ്സോടും ചേർന്ന (വൃത്തതാളസാഹിത്യനിബദ്ധമായ) സ്തോത്രം ഞങ്ങൾ അവിടേക്ക് സമർപ്പിക്കുന്നു.
4. അഭിത്വാ പൂർവ്വപാതയ(പാ.ഭേ. പീതയ)ഇന്ദ്രസ്തോമേഭിരായവഃ
സമീചീനാസ ഋഭവ സമസ്വരൻ രുദ്രം നൃണന്ത പൂർവ്വ്യം

പ്രാചീനമായ പൂർവ്വമാർഗ്ഗത്തിലൂടെ ഇന്ദ്രാ, സോമം (സ്തോമം)കുടിക്കാനായി മുന്നോട്ടു വരിക. ഋഭുക്കൾ സമസ്വരത്തില് മുമ്പത്തെപ്പോലെ , സമീചീനത്തിനായി, രുദ്രാ, നിന്നെ കുറിച്ച് പാടുന്നു.

5. പ്ര വ ഇന്ദ്രായ ബൃഹതേ മരുതോ ബ്രഹ്മാർച്ചത
വൃത്രം ഹനതി വൃത്രഹാ ശതക്രതുർവജ്രേണ ശതപർവ്വണാ
ഇന്ദ്രന്നുവേണ്ടി ബൃഹത്സാമം പാടുക. മരുത്തുക്കളെ, ബ്രഹ്മാർച്ചന ചെയ്യുക. വൃത്രഹന്താവായ ശതക്രതു 100 പർവ്വം കൊണ്ട് വജ്രത്താല് വൃത്രനെ ഹനിക്കുന്നു.
6. ബൃഹദിന്ദ്രായ ഗായത മരുതോ വൃത്രഹന്തമം
യേന ജ്യോതിരജയന്നൃതാവൃധോ ദേവം ദേവായ ജാഗൃവി
ഇന്ദ്രന്നായി ബൃഹത്സാമം പാടുക. മരുത്തുക്കളേ, വൃത്രഹന്താവിന്നായി പാടുക. ആ അജയ്യമായ ജ്യോതിസ്സ് സദാ ജാഗ്രത്തായി ദേവന്മാരെ സംരക്ഷിക്കുന്നു.
7. ഇന്ദ്ര ക്രതും ന ആഭര പിതാ പുത്രേഭ്യോ യഥാ
ശിക്ഷാ ണോ അസ്മിൻ പുരുഹൂത യാമനി ജീവാഃജ്യോതിരധീമഹി
പിതാവ് പുത്രനെന്നപോലെ ഇന്ദ്രാ, ജ്ഞാനധനം ഞങ്ങൾക്ക് തരിക. ജീവന്റെ ജ്യോതിസ്സിനെ ഞങ്ങൾക്ക് ,പുരുഹൂതാ, വേണ്ടവിധം ശിക്ഷണം ചെയ്യുക (പഠിപ്പിക്കുക)
8. മാ ന ഇന്ദ്ര പരാ വൃണഗ്ഭവാ നഃ സധനാര്യേ
ത്വം ന ഊതി ത്വമിന്നആപ്യം മാ ന ഇന്ദ്ര പരാ വൃണക്
ഇന്ദ്രാ, ഞങ്ങളെ പിൻതിരിച്ച് അയക്കരുതേ. ഞങ്ങളുടെ കർമ്മങ്ങളില് തുണയായിരിക്കണം. നീ മാത്രമാണ് ഞങ്ങൾക്ക് ആശ്രയം. നീ മാത്രമാണ് ലക്ഷ്യം. ഞങ്ങളെ തിരിച്ചയക്കരുതേ.
9. വയം ധത്വാ സുതാവന്ത ആപോ ന വൃക്തബർഹിഷഃ
പവിത്രസ്യ പ്രസ്രവണേഷു വൃത്രഹൻപരിസ്തോതാര ആസതേ
കരകവിഞ്ഞ് ഒഴുകിയ ജലത്തെ ശരീരബന്ധങ്ങളെന്നപോലെ മുറിച്ചെറിഞ്ഞ്, ജ്ഞാനം നേടിയ ഞങ്ങൾ പവിത്രമായ പ്രസ്രവണങ്ങളിൽ (നദീതീരം, പ്രസ്രവണഗിരി) അജ്ഞാനമാകുന്ന വൃത്രനെ നീക്കുന്ന നിന്റെ സ്തോതാക്കളായി വസിക്കുന്നു (ഇരിക്കുന്നു)
10. യദിന്ദ്ര നാഹുഷീഷ്വാ ഓജോ നൃമ്ണം ച കൃഷ്ടിഷു
യദ്വാ പഞ്ചക്ഷിതീനാം ദ്യുമ്നമാ ഭാ സത്രാ വിശ്വാനി പൌംസ്യാ
നാഹുഷികളിലെ ഓജസ്സ്, രാജത്വം, കർമ്മശേഷി ഇവയെല്ലാം നൽകിയ ഇന്ദ്രാ, അതുപോലെ പഞ്ചക്ഷിതികളിലേയും സർവ്വൈശ്വര്യവും സൌന്ദര്യശോഭകളും പൌരുഷവും ഞങ്ങൾക്കും തരിക. ഈ വിശ്വത്തിലെ പുരുഷയജ്ഞം വിജയിക്കട്ടെ.

ഭാഷ്യം

ഋഷിഃ- 1.ഭർഗ്ഗൻ. 2 രേഭഃകശ്യപൻ. 3 ജമദഗ്നി 4, 9 മേധാതിഥി 5,6 സുമേധ, പുരുമേധർ. 7 വസിഷ്ഠൻ. 8 രേഭൻ. 10 ഭരദ്വാജൻ.
ദേവത 1,2, 4-10 ഇന്ദ്രൻ. 3 ആദിത്യൻ. ഛന്ദസ്സ് ബൃഹതി സ്വരം മദ്ധ്യമം
മൂന്നാം സൂക്തത്തിൽ ജമദഗ്നി ഉപയോഗിച്ച വരൂഥ്യേ എന്ന പദം ശ്രദ്ധേയമാണ്.വരൂഥഗ്രാമങ്ങൾ സഞ്ചാരികളുടെ സംഘങ്ങള് (വണികസംഘം caravans) തമ്പടിക്കുന്ന ഗ്രാമങ്ങളാണ്, വാത്മീകിരാമായണപ്രകാരം. അവയിൽ സത്രങ്ങളുണ്ട്. ഇത്തരം സ്ഥാനങ്ങളിൽ ഇരുന്ന് ഛന്ദസ്സ് (വൃത്തം) വചസ്സ് (സാഹിത്യം) ഇവയോടുചേർന്ന വായ്പ്പാട്ട് (സ്തോത്രം) ഇന്ദ്രന് (രാജാവിന്) സമർപ്പിക്കുന്ന രീതി പരശുരാമന്റെ അഛന് ജമദഗ്നിക്ക് അറിയാം. ഇന്ത്യയിലെ

വായ്പ്പാട്ടിന് രാമായണകാലത്തേക്കാളും (വാത്മീകിയേക്കാളും) പഴക്കമു ണ്ടെന്നാണ് ഇത് കാണിക്കുന്നത്. തൊട്ടടുത്ത സൂക്തത്തിൽ മേധാതിഥി സംഗീ തപരമായിത്തന്നെ പറയുന്നുഃ- സമസ്വരത്തില് ബൃഹത്സാമം പാടുക എന്ന്. . ഒമ്പതാം സൂക്തത്തിൽ മേധാതിഥി എല്ലാ നദീതീരങ്ങളിലും പവിത്രമായ വേദസൂക്തം പാടിക്കൊണ്ട് സംസാരബന്ധം വിച്ഛേദിച്ച് ,ജ്ഞാനമാർഗ്ഗത്തില് സഞ്ചരിക്കുന്ന ഋഷിമാർ വസിക്കുന്നതായി പറയുന്നു. രാമായണത്തിൽ പരാമർശിക്കുന്ന പ്രസ്രവണാചലം ദക്ഷിണേന്ത്യയിലാണ് സ്ഥിതി ചെയ്യുന്നത്. വിശ്വാമിത്രപുത്രനായ മേധാതിഥി ഈ പവിത്രസ്ഥാനത്തെ പരാമർശിക്കുന്നു. നാഹുഷികൾഃ- യദു,തുർവ്വശു, അനു, ദ്രുഹ്യു,പൂരു.
ഇവർക്ക് ഭാരതം അഞ്ചായി പകുത്ത് പഞ്ചക്ഷിതീശന്മാരാക്കി ,പൂരുവിനെ കേന്ദ്രത്തിലെ ചക്രവർത്തിക്ഷേത്രത്തില് ചക്രവർത്തിയാക്കി.


N
INDIA
OUTLINE MAP WITH STATES
തുർവ്വശു
ദ്രുഹ്യു
പൂരു
ചക്രവർത്തിക്ഷേത്രം
അനു
യദുവംശം
യദുവംശം
Arabian Sea
Bay of Bengal
International Boundary
State Boundary
Map not to Scale
INDIAN OCEAN
Copyright © 2016 www.mapsofindia.com

പഞ്ചക്ഷിതീശന്മാർ ശരീരത്തെ സംബന്ധിച്ചിടത്തോളം അഞ്ച് ജ്ഞാനേന്ദ്രിയങ്ങളാണ്. അവയുടെ ഇന്ദ്രിയാധീശ്വരന്മാരാണ് നാഹുഷികൾ. അന്ന,പ്രാണ,മന, വിജ്ഞാന, ആനന്ദമയകോശങ്ങളാണ് സൂക്ഷ്മാർത്ഥത്തിൽ പഞ്ചക്ഷിതികൾ.ഇപ്രകാരം മൂന്ന് അർത്ഥത്തിലാണ് ഭരദ്വാജസൂക്തം (10) വ്യാഖ്യാനിക്കേണ്ടത്.

ദശകം 4

1. സത്യമിത്ഥ്യാ വൃഷേദസി വൃഷ ജൂതിർനോവിതാ
   വൃഷാഹ്യുഗ്രശൃണ്വിഷേ പരാവതി വൃഷോ അർവ്വാവതി ശ്രുതഃ
   സത്യമായും നീ ആനന്ദം വർഷിക്കുന്ന വൃഷാവാണ്. വൃഷാവേ, നീ ഉഗ്രനായ രക്ഷിതാവാണ്. വേദത്തിൽ(ശ്രുതിയാൽ) വൃഷാവെന്ന് കീർത്തിക്കപ്പെട്ട നീ അടുത്തും അകലേയുമിരുന്ന് സർവ്വവും തരുന്നു.
2. യച്ഛക്രാശി പരാവതി യദർവ്വാവതി വൃത്രഹന്
   അതസ്ത്വാ ഗീർഭിർദ്യുഗദിന്ദ്ര കേശിഭ്ഇഃ സുതാവാം ആ വിവാസതി
   വൃത്രനെ,അടുത്തും അകലേയുമിരുന്ന് ഹനിക്കുന്ന രക്ഷകനാണ് നീ. അതിനാൽ നിന്റെ മക്കളായ ഉപാസകർ ജ്ഞാനപൂർണ്ണമായ ഗീരുകളാല് (സർവ്വാഭീഷ്ടപൂർത്തിക്ക്) നിന്നെ സ്തുതിക്കുന്നു.
3. അഭി വോ വീരമന്ധസോ മദേഷു ഗായഗിരാ മഹാ ചേതന്ധായ
   ഇന്ദ്രം നാമ ശ്രുത്യം ശാകിനം വചോയഥാ
   വീരന്മാരേ, ആനന്ദവേളകളിലെല്ലാം ശ്രുതിയാൽ പ്രകീർത്തിതമായ ശാകിയെ ഗീരുകളാൽ പാടുക. മഹാചേതസ്സായ ഇന്ദ്രന്റെ നാമം വഴിപോലെ പാടുക. (ശാകി,കാശി- 51 , 15 എന്ന് അക്ഷരസംഖ്യ)
4. ഇന്ദ്ര ത്രിധാതുശരണം ത്രിവരൂഥം സ്വസ്തയേ
   ഛന്ദിര്യച്ഛ മഘവദ്ഭ്യച്ഛ മഹ്യം ച യാവയാ ദിദ്യുമേഭ്യഃ
   ത്രിധാതുക്കളോടുകൂടി,മൂന്നു വരൂഥങ്ങളോടുകൂടിയ ക്ഷേത്രത്തെ സ്വന്ധമാക്കാൻ ഇന്ദ്രന് ശരണം പാടുന്നു. സ്വസ്തി. ഛന്ദസ്സുകളിലേയും മഘവാന്മാരിലേയും മഹത്വം കാത്ത് ത്രിദോഷ(ശോകം)ങ്ങളെ നീക്കുക.മൂന്നു ധാതുക്കൾക്കു ശരണം, മൂന്നു വരൂഥങ്ങൾക്കും സ്വസ്തി.
5. ശ്രായന്ത ഇവ സൂര്യ വിശ്വേദിന്ദ്രസ്യ ഭക്ഷതഃ
   വസൂനി ജാനോ ജനിമാന്യോജസാ പ്രതിഭാഗം ന ദീധിമഃ
   സൂര്യനിലേക്ക് രശ്മികളെന്നപോലെ, നിന്നിലേക്ക് ഇതുവരെ ജനിച്ചവരും ഇനി

ജനിക്കാനിരിക്കുന്നവരുമായ സർവ്വരും വന്ന്, നിന്റെ പ്രകാശം അനുഭവിക്കുന്നു. ആ ഓജസ്സ് തന്നെയാണ് ഞങ്ങളുടെ പ്രതിഭാഗം (ഓരോ ഭാഗവും) എന്ന് അറിയുന്നു.

6. ന സോമദോവ ആപ തദിഷം ദീർഘായോ മർത്ത്യഃ
   ഏതഗ്വാ ചിദ്യ ഏതശോ യുയോജത ഇന്ദ്രോ ഹരി യുയോജതേ
   സോമദേവാ, ജലമില്ലാതെ മർത്ത്യന് ദീർഘായുസ്സ് ലഭിക്കയില്ല. സമർത്ഥനായ സാരഥിക്കേ, ഉത്തമാശ്വങ്ങളെ പൂട്ടാന് സാധിക്കയുള്ളൂ. (രഥത്തിൽ) അതുപോലെ, ഇന്ദ്രിയങ്ങളെ പൂട്ടി, നിയന്ത്രിക്കാൻ ഹരിക്ക് മാത്രമേ (യോഗിയായ ഭഗവാന്) കഴിയൂ.
7. ആ നോ വിശ്വാസു ഹവ്യമിന്ദ്രം സമത്സു ഭൂഷത
   ഉപബ്രഹ്മാണി സവനാനി വൃത്രഹൻ പരമജ്യാ ഋചീഷമഃ
   എല്ലായ്പോഴും വിശ്വാസപൂർവ്വം ഇന്ദ്രന് ഹവ്യമർപ്പിച്ച് അവനെ അലങ്കരിക്കുക. ബ്രഹ്മസാമീപ്യത്തിന്റെ ആനന്ദം സവനങ്ങളിൽ ,പരമജ്യാവും ഋചീഷമനുമായ വൃത്രഹന്താവ് അരുളട്ടെ.
8. തവേദിന്ദ്രാവമം വസുത്വം പുഷ്യസി മദ്ധ്യമം
   സത്രാ വിശ്വസ്യ പരമസ്യ രാജസി ന കിഷ്ട്വാ ഗോഷ്ഠവ്യണ്വതേ
   താഴെയും മദ്ധ്യത്തിലും ഉപരിയുമുള്ള സർവ്വലോകങ്ങൾക്കും പ്രഭുവായ നീ സർവ്വത്തിനും പരമമായ രാജാവാണ്. ഒരു ഗോഷ്ഠത്തിലും (കൂട്ടം) നിന്നെ ജയിക്കാനായി ആരുമില്ല.
9. ക്വേ യഥ ക്വേദസി പുരുത്രാ ചിദ്ധി തേ മനഃ
   അലർഷി യുധ്മ വജകൃത് പുരന്ദര പ്രഗായത്രാ അഗാസിഷ്ഠഃ
   നീ എവിടെ. നീ എങ്ങോട്ടുപോയി. എങ്ങും വ്യാപിച്ച ചൈതന്യമേ, നീ മനസ്സിലും ഇരിക്കുന്നു. നിന്റെ സർവ്വജ്ഞസ്വഭാവം സർവ്വവസ്തുക്കളിലും ഇരിക്കുന്നു. എല്ലായിടത്തുമിരിക്കുന്നു. ഗായത്രങ്ങളാൽ , പുരന്ദരാ, ഞങ്ങൾ നിന്നെ പാടുന്നു(പ്രഹർഷേണ)
10. വയമേന മിദാ ഹ്യോപീപേമേഹ വജ്രിണം
    തസ്മാ ഉ അദ്യസവനേ സുതം നൂനം ഭൂഷതശ്രുതേ
    ഈ ആനന്ദദാതാവായ വജ്രിയെ ഞങ്ങള് മുമ്പ് (പൂർവ്വജന്മങ്ങളിൽ) അറിഞ്ഞ് പാടിസ്തുതിച്ചു. ഈ സത്രത്തിലും ഈ ജന്മത്തിലും ഞങ്ങൾ അവനെത്തന്നെ ശ്രുതിഗീതങ്ങൾ പാടി അലങ്കരിച്ച് ആനന്ദവും ജ്ഞാനവും നേടുന്നു.

ഭാഷ്യം

ഋഷിഃ-1 മേധാതിഥി. 2 രേഭൻ. 3 വത്സൻ. 4 ഭരദ്വാജൻ. 5 സുമേധൻ. 6 പുരുഹന്മാവ് 7സുമേധപുരുമേധന്മാർ. 8 വസിഷ്ഠന് 9. മേധാതിഥിയും മേധ്യാതിഥിയും 10 കലി.

ദേവത ഇന്ദ്രൻ. ഛന്ദസ്സ് ബൃഹതി. സ്വരം മദ്ധ്യമം.

മൂന്നാം സൂക്തത്തിൽ വത്സനെന്ന(വാകാടക)ഋഷി ഇന്ദ്രനെ ശാകി എന്ന് (ശാകിനം) വിളിക്കുന്നു. അതിപ്രധാനമായ ഒരു പദമാണിത്. ശാകന്മാരെന്ന് ചരിത്രത്തില് പറയുന്ന രാജവർഗ്ഗം ഇന്ത്യക്കാര് തന്നെയാണ്. വിദേശികളല്ല എന്ന് അറിയേണ്ടതുണ്ട്. ഒരു രാജവംശത്തില്റെ ശാഖ,പല്ലവങ്ങളെന്ന (ശാക, പഹ്ലവ) അർത്ഥത്തിലാണ് ഇന്ത്യൻഭാഷകളിലെ ഈ രാജവംശങ്ങളറിയുന്നത്. ആധുനികചരിത്രകാരന്മാർ (യൂറോപ്യന്മാർ) കരുതിയ പോലെ മറ്റ് രാജ്യക്കാരായിട്ടല്ല. ഭാഷാപരിജ്ഞാനക്കുറവു കൊണ്ടാണ് യൂറോപ്യന്മാർ തെറ്റി വ്യാഖ്യാനിച്ചത്. അത് ഒരു

കുറ്റമല്ല, പക്ഷേ തിരുത്തപ്പെടേണ്ട ഒരു വസ്തുതയാണ്. എന്നാൽ, ഇന്ത്യക്കാരായ ചരിത്രകാരന്മാരും ഇതേ തെറ്റ് ആവർത്തിക്കയല്ലാതെ ഇന്ത്യന് ഭാഷകളിലെ സമീപനം കാണുന്നില്ല. നിരുത്തരവാദപരമായ അശാസ്ത്രീയസമീപനം ഭാഷാചരിത്രത്തിനും ഇന്ത്യൻ ചരിത്രത്തിനും അപമാനമാണ്.

മൂന്ന് ധാതുക്കളും മൂന്ന് വരൂഥങ്ങളും ചേർന്ന ഭരദ്വാജഗൃഹം (ക്ഷേത്രം)ശരീരവും കൂടിയാണ്. ത്രിഗുണത്രിദോഷങ്ങൾ , ഇഡ,പിംഗല,സുഷുമ്ണാനാഡികൾ എന്ന 3 ഊർജ്ജസഞ്ചാരപഥങ്ങള്, അദ്ധ്യാത്മിക,ആധിഭൌതിക,ആധിദൈവികങ്ങളായ താപത്രയം ചേർന്നതാണ് മനുഷ്യജീവിതം. ഇപ്രകാരമുള്ള ജീവിതത്തിൽ ശരീരം മനസ്സ് ബുദ്ധി വാക്ക് ഇവകളെ സ്വസ്ഥമാക്കാൻ ശാന്തമാക്കാൻ സാമഗീതം പാടുകയാണ് ഭരദ്വാജൻ. ഇത് വൈദികകാലത്തെ സംഗീതചികിത്സ (മ്യൂസിക് തെറാപ്പി) . ഇന്നും ഈ രീതിയില് ത്രിശോകത്രിദോഷശമനത്തിന് സംഗീതം ഉപയോഗപ്പെടുത്താനാവുമെന്ന് എന്റെ സന്ദേശം. അത് സമൂഹത്തിലെ ശാന്തിയും സ്വാസ്ഥ്യവും ഉറപ്പു വരുത്തും.

അഞ്ചാമത്തെ സൂക്തത്തിൽ സുമേധന് പ്രധാനമായ ഒരു ഊർജ്ജനിയമം പറയുന്നുണ്ട്. എല്ലാ രശ്മികളും സൂര്യനിൽനിന്ന് പ്രവഹിക്കുന്നു. സൂര്യനിൽത്തന്നെ ലയിക്കുന്നു. സൂര്യോർജ്ജം തന്നെയാണ് ഭൂമിയുടെ ഊർജ്ജം. ഓരോ രശ്മിയിലും ഇരിക്കുന്ന സൂര്യോർജ്ജത്തിന്റെ യൂണിറ്റുകളാണ് നാമെല്ലാം . ഇന്നുവരെ ജനിച്ചവരും ഇന് ജനിക്കാനിരിക്കുന്നവരും അനുഭവിക്കുന്നത് ആ ഊർജ്ജമാണ്. ത്രികാലത്തിലുമുള്ള സർവ്വ ചരാചരവും സൂര്യന്റെ രശ്മിയിൽനിന്ന് ജനിച്ച ഊർജ്ജകണികകളാണ്, അവ അവനിലേക്കു തന്നെ ലയിക്കുന്നു. സൂര്യതേജസ്സു തന്നെയാണ് ഞങ്ങളുടെ ഓരോ ഭാഗവുമെന്ന് (പ്രതിഭാഗം) ജ്ഞാനികളറിയുന്നു.

ജാതോ ജനിമാന്യോഃ-സായണാചാര്യനും പണ്ഡിതസത്യവ്രതസമാശ്രമിയും ജാതേ എന്നാണ് ജാതോ എന്നല്ല പറഞ്ഞിട്ടുള്ളത്. ലുഡ്വിഗ് സാമവേദത്തിന്റെ അർത്ഥം വ്യാഖ്യാനിക്കാനാവില്ലെന്ന് പറയുന്നു. ഋഗ്വേദത്തിനുള്ള വിത്സന്റെ തർജ്ജമയില് കോവെൽ (Cowell) എഴുതിഃ-As I cannot make nothing of Jatho Janimani of their text ,I borrow the Jathe Janemane ,meaning when he who will be born is born!. There is no need of changing the text .The word Jatha means born, and Janimani means will be born.

യൂറോപ്യൻ പണ്ഡിതര് സത്യവ്രതസമാശ്രമിയെ പിൻതുടർന്ന് ജാതേ എന്ന് മാറ്റി എഴുതി, അർത്ഥം മാറ്റിയിട്ടുണ്ടെന്ന് ദേവീചന്ദ് പറയുന്നു. സായണാചാര്യൻ ജാതേ എന്ന് ഉപയോഗിച്ചിരിക്കയാൽ ജാതേ എന്നും ജാതോ എന്നും പാഠഭേദമായിക്കരുതി വ്യാഖ്യാനിക്കാമെന്ന് കരുതണം.ജനിമാനി അഥവാ ജനമാനി എന്നത് വരാനിരിക്കുന്ന എല്ലാ ജന്മങ്ങളേയും പറയുന്നു. അതോടൊപ്പം ജനതയാൽ ബഹുമാനിക്കപ്പെട്ട ജന്മങ്ങളെന്നും അർത്ഥം. ജനിച്ചവരിലും ജനിക്കാനിരിക്കുന്നവരിലും ,ജനങ്ങളാൽ ബഹുമാനിക്കപ്പെട്ട സർവ്വജ്ഞാനികളും സൂര്യതേജസ്വികളായി സൂര്യധാമത്തിൽ ലയിക്കുന്നു അഥവാ അർച്ചിരാദിമാർഗ്ഗം ഗമിക്കുന്നു . അങ്ങനെ സ്വയം അറിയാത്തവരിലും സൂര്യതേജസ്സു തന്നെയാണിരിക്കുന്നതെങ്കിലും അവർക്ക് ധൂമമാർഗ്ഗത്തിലൂടെ കടന്നുപോകേണ്ടിവരുന്നു.അതുമല്ലെങ്കിൽ, വീണ്ടും വീണ്ടും സ്ഥാവരജന്മങ്ങളിലൂടെ കടന്നുപോകുന്നു. ജ്ഞാനികളാകട്ടെ, സൂര്യതേജസ്സു തന്നെ ഞങ്ങളുമെന്ന് അറിഞ്ഞവരാണ്. അത് ജൈവാജൈവവർഗ്ഗങ്ങളുടെ മുഴുവനും അവകാശമായ(Heritage) പ്രതിഭാഗം ആണെന്നറിഞ്ഞവരാണ്.ആർക്കും വിശേഷിച്ച് സ്വന്തമല്ലാത്ത , എല്ലാവർക്കും സ്വന്തമായ ഊർജ്ജത്തെയാണ് ഋഷി ഹവിസ്സർപ്പിച്ച് സ്തുതിക്കുന്നത്.

ആറാം സൂക്തം ചന്ദ്രനേയും ചന്ദ്രനിലിരിക്കുന്ന ജലത്തേയും പരാമർശിക്കുന്നു. ഭൂമിയിൽ ജലമില്ലെങ്കില് ജീവികളെല്ലാം ചത്തുപോകും,അവക്ക് ദീർഘായുസ്സില്ലാതാവും.ജലം ജീവന്റെ ആധാരമാണ്. ചന്ദ്രൻ ജലമയവും രസമയവുമാണ്. ആ സോമദേവന്റെ കൃപയാൽ ഭൂമിയും രസമയി, ജലമയിയായി ജീവനും ഔഷധികൾക്കും ഇരിപ്പിടമായി. 2010ൽ മാത്രമാണ് ആധുനികശാസ്ത്രം ചന്ദ്രനിൽ ജലമു ണ്ടെന്ന് കണ്ടുപിടിച്ചത് എന്ന് ഓർക്കുമ്പോൾ, നമ്മുടെ ജ്ഞാനസംസ്കാരസമ്പത്തിന്റെ പഴക്കവും ശാസ്ത്രീയതയും ബോദ്ധ്യപ്പെടും. ഇന്ദ്രിയങ്ങളെ അശ്വങ്ങളെപ്പോലെ നിയന്ത്രിച്ച് നിർത്തുന്ന സാരഥിയായ ഹരി എന്ന് ഈ സൂക്തത്തിലുണ്ട്. ഭഗവദ്ഗീതാസന്ദർഭത്തിലും ഇങ്ങനെ കാണാം. ഏഴാം സൂക്തത്തിലെ പരമജ്യാ പരംജ്യോതിസ്സ് എന്നർത്ഥത്തിലും പരമോച്ചജ്യാവ് എന്ന് ജ്യോതിശ്ശാസ്ത്ര പരമായ അർത്ഥത്തിലുമാണ് ഉപയോഗിച്ചിരിക്കുന്നത്. ഒമ്പതാം സൂക്തത്തിൽ രണ്ടു ചോദ്യവും അവക്കുള്ള ഉത്തരവും കാണാം. ഈശ്വരൻ എവിടെയാണ്. ഈശ്വരാംശമായ ജീവാത്മാക്കൾ എങ്ങോട്ട് പോകുന്നു ഇവയാണ് ചോദ്യങ്ങൾ. സർവ്വവ്യാപിയായ ചൈതന്യം സർവ്വത്തിലും നമ്മുടെ ഉള്ളിലുമിരിക്കുന്നു,അതെങ്ങോട്ടും വരുന്നുമില്ല,പോകുന്നുമില്ല ഇതാണ് ജ്ഞാനിയുടെ ഉത്തരം.

പത്താം സൂക്തത്തിന്റെ ഋഷി കലിയാണ്. പൂർവ്വയുഗങ്ങളില് പല ജന്മങ്ങളിൽ വജ്രം ധരിച്ച ഇന്ദ്രനെ സ്തുതിച്ചവര് തന്നെയാണ് കലിയുഗത്തിലും അനേകജന്മങ്ങളായി പാടി സ്തുതിക്കുന്നത്. ഊർജ്ജത്തിന്റെ ആവർത്തന ഭ്രമണചക്രത്തിൽ പുതിയ ഊർജ്ജം സൃഷ്ടിക്കപ്പെടുന്നില്ല, പഴയതുതന്നെ പലരൂപത്തിൽ വിവർത്തമായി, അഭിവ്യക്തമാവുക മാത്രമാണ്.

ദശകം 5

1. യോ രാജാ ചർഷണീനാം യാതാ രഥേഭിരധ്രിഗുഃ
   വിശ്വാസാം തരുതാ പൃതനാനാം ജ്യേഷ്ഠം യോ വൃത്രഹാ ഗുണേ
   ഏതൊരു രാജാവ് ജ്ഞാനികളുടെ പ്രഭുവും യജ്ഞങ്ങളാൽ പ്രാപിക്കേണ്ടവനും വൃത്രഹന്താവും ലോകരക്ഷകനുമാണോ, അവനെ സ്തുതിക്കുന്നു.
2. യത ഇന്ദ്ര ഭയാമഹേ തതോ നോ അഭയം കുധി
   മഘവഛഗ്ധി തവ തന്ന ഊതയേ വിദ്വിഷോ വിമൃധോ ജഹിഃ
   ഇന്ദ്രാ,ഭയംനീക്കി അഭയം തരിക. മഘവാനേ നിന്റെ ശക്തി അപാരമാണ്. ഞങ്ങളെ പരസ്പരവിദ്വേഷം, ഹിംസ എന്നിവ ഇല്ലാത്തവരാക്കിത്തീർക്കുക.

3. വാസ്തോഷ്പതേ ധ്രുവാ സ്ഥൂണാം സത്രം സോമ്യാനാം
ദ്രപ്സഃപുരാം ഭേതാ ശശ്വതീനാമിന്ദ്രോ മുനീനാം സഖാ
വാസ്തുപതേ, നീ ധ്രുവമായി (അചലം) തൂണുകളാൽ ഇന്ദ്രസോമ്യ ന്മാരുടെ സത്രത്തെ താങ്ങുന്നു. ശാശ്വതമായ ഇന്ദ്രാ, മുനിമാരുടെ സഖാവേ, നീ മുമ്പെന്നപോലെ സദാ ഉന്നതനാണ്.

4. ബണ്മഹാം അസിസൂര്യം ബഡാദിത്യമഹാംഘ്വസി
മഹസ്തേ സതോ മഹിമാ പനിഷ്ടമ മഹ്നാദേവ മഹാംഘ്വസി
നീ മഹത്താണ്. സൂര്യാ, നീ മഹത്തായ ആദിത്യനായി സർവ്വം ലയിപ്പിക്കുന്നു. സത്യമായ നിന്റെ മഹിമ മഹത്തരമെന്ന് മഹാന്മാ രായ ജ്ഞാനികൾ പാടുന്നു.

5. അശ്വീ രഥീ സുരൂപ ഇദ്ഗോമാം യദിന്ദ്ര തേ സഖാ
ശ്വാത്രഭാജാ വയസാ സചതേ സദേ ചന്ദ്രൈര്യാതിസഭാമുപ
നിന്റെ സഖാവായ (ഞാൻ) അശ്വിയും രഥിയും സുരൂപനും ജ്ഞാനി യുമാകുമ്പോൾ, ശോഭായമാനമായ ജീവിതഗുണങ്ങളാൽ ജ്ഞാനികളുടെ സഭകളിൽ ചന്ദ്രസദൃശം പ്രവേശിക്കാന് അർഹത നേടുന്നു.

6. യദ്ധ്വാവ ഇന്ദ്ര തേ ശതംശതം ഭൂമീരുത സ്യുഃ
ന ത്വാ വജ്രിൻത് സഹസ്രം സൂര്യ അനു ന ജാതമഷ്ടരോദസി
ഇന്ദ്രാ, നൂരുഭൂമിയും,നൂറുസ്വർഗ്ഗവും നിനക്ക് സദൃശമല്ല. വജ്രധാരീ, ആയിരം സൂര്യനും എട്ടുദിശകളോടുകൂടി രോദനം ചെയ്യുന്ന(നിന്നാൽ സൃഷ്ടിക്കപ്പെട്ട)ഈ പ്രപഞ്ചവും പോലും നിനക്ക് സമമാവുന്നില്ല.

7. യദിന്ദ്ര പ്രാഗപാഗുദങ്ഗ് ന്യശ്വാ ഹൂയസേ നൃഭിഃ
സിമാ പുത്ര നൃഷൂതോ അസ്യാനവേസീ പ്രശർദ്ദ തുർവ്വശേ
കിഴക്കും പടിഞ്ഞാറും വടക്കും തെക്കുമുള്ള മനുഷ്യർ നിന്നെ. വിളി ക്കുന്നു. നീ എല്ലായിടത്തും എല്ലാവരുടെ അരികിലുമുണ്ട് അനേകം പേരാല് ആഹ്വാനം ചെയ്യപ്പെട്ട നീ സർവ്വരിലും ഇരിക്കുന്നവനാണ്.

8. കസ്തമിന്ദ്ര ത്വാവസുമാ മർത്ത്യോ ദധർഷതി
ശ്രദ്ധാഹി തേ മഘവൻ പാര്യേ ദിവി വാജി വാജം സിഷാസതി
വസുമാനായ ഇന്ദ്രാ, നിന്നെ അനാദരിക്കാൻ മർത്ത്യരില് ആർക്കുകഴി യും. മഘവാൻ, നിന്നിൽ ശ്രദ്ധാപൂർവ്വം സ്വന്തം ജ്ഞാനവൈരാഗ്യത്തെ ആശ്രയിച്ച് ജ്ഞാനികൾ ജീവിതയാത്ര നടത്തുന്നു. ജ്ഞാനത്തെ നിനക്കു തന്നെ സമർപ്പിക്കുന്നു

9. ഇന്ദ്രാഗ്നി അപാദിയം പൂർവ്വാഗാത് പദ്ധതീഭ്യഃ
ഹിത്വാ ശിരോ ജിഹ്വയാ താരപഞ്ജരത്രിംശദ് പദാ ന്യക്രമീത്
പാദങ്ങളില്ലാത്ത ഇന്ദ്രാഗ്നി, പാദങ്ങളുള്ളവയേക്കാൾ വേഗത്തില് ചരിക്കുന്നു. മുമ്പെന്നപോലെ വേദപദ്ധതി (വഴി)കളിൽ സഞ്ചരിക്കുന്നു.

ഹിത,ശിരസ്സ്, ജിഹ്വ ഇവകളാൽ 30 പദമുള്ള സ്വരപഞ്ജരമണ്ഡലത്തിൽ പ്രവേശിച്ച് ആ പദങ്ങളെ അതിക്രമിക്കുന്നു.

10. ഇന്ദ്രനേദീയ ഏദിഹി മിതമേധാഭിരൂതിഭിഃ
ആ ശന്തമ ശന്തമാഭീരഭിഷ്ടിഭിരാ സ്വാപേ സ്വാപിഭിഃ
ഇന്ദ്രാ ,ഞങ്ങളിലേക്ക് അടുത്തുവരിക. മേധയോടും ധനത്തോടും അഭീഷ്ടദായകനായി വരിക. ശാന്തമായി, ശാന്തശക്തികളോടെ ഞങ്ങളിലേക്ക് പ്രവേശിക്കുക.

ഭാഷ്യം

ഋഷിമാർഃ- 1, 6 പുരുഹന്മാ 2 ഭർഗ്ഗൻ. 3 ഇരിംബിഠി 4 ജമദഗ്നി 5, 7 ദേവാതിഥി 8 വസിഷ്ഠന് 9 ഭരദ്വാജന് 10 ബാലഖില്വർ.

ദേവത 1-3 , 5-8, 10 ഇന്ദ്രൻ. 4 സൂര്യൻ. 9 ഇന്ദ്രാഗ്നി

ഛന്ദസ്സ് ബൃഹതി സ്വരം മദ്ധ്യമം.
ഇരിംബിഠി (സൂക്തം 3) ഇന്ദ്രനെ വാസ്തുപതി അഥവാ വാസ്തുപുരുഷനെന്നാണ് അഭിസംബോധന ചെയ്യുന്നത്. ശരീരമെന്ന വാസ്തു, പ്രപഞ്ചമെന്ന വാസ്തു, വാസഗൃഹം, ദേവാലയം ഇത്യാദിവാസ്തുക്കൾ -ഇവക്കെല്ലാം ആധാരമായി, താങ്ങായി, തൂണായി, അചലധ്രുവമായി, അക്ഷമായി നിൽക്കുന്നതിനെയാണ് ഇവിടെ പരാമർശിക്കുന്നത്. ഈ വാസ്തുപുരുഷൻ പ്രാണനെ ധ്രുവമായി അചഞ്ചലമായി പ്രാണായാമത്താൽ ഉയർത്തിനിർത്തുന്ന മുനിമാരുടെ സഖാവ് എന്ന് പ്രത്യേകം പറയുന്നുമുണ്ട്. പ്രാണ (ജീവ)ധാരണമാണ് എല്ലാവിധ വാസ്തുക്കൾക്കും പ്രധാനം. ഭൂമിയെന്ന വാസ്തുഗൃഹത്തിന്റെ പ്രാണനായ സൂര്യനെ തൊട്ടടുത്ത നാലാം സൂക്തം സ്മരിക്കുന്നു. പ്രാണോർജ്ജത്തിന്റെ പ്രാധാന്യം ജീവജാലങ്ങൾക്ക് അറിയാവുന്നതാണല്ലോ.

ഏഴാം സൂക്തത്തിലെ അനവേസിപ്രശർദ്ധ തുർവ്വശേ എന്ന പ്രയോഗത്തിന്റെ നാനാർത്ഥം-

അന എന്നാൽ പ്രാണൻ. അന്വ ഇതി മനുഷ്യാനാം എന്ന് സർവ്വമനുഷ്യരിലും ഇരിക്കുന്ന പ്രാണന്. തുർവ്വശ ഇതി അന്തികനാം എന്ന് ഏറ്റവും അവസാനത്തെ (ദൂരത്തെ)സീമകളില് വരെ വ്യാപിച്ചത് എന്ന് അർത്ഥം. ഏറ്റവും അടുത്ത് ഉള്ളിന്റെ ഉള്ളിലും പ്രപഞ്ചസീമകൾക്കപ്പുറത്തും വ്യാപിച്ച ചൈതന്യമായ ഈശ്വരൻ. വടക്കുപടിഞ്ഞാറ് ഇന്ത്യയുടെ അതിർത്തികളെ സംരക്ഷിക്കുന്ന കാവൽക്കാരായ യയാതിപരമ്പരയുടെ പേരും തുർവ്വശുക്കളെന്നാണ്. അനുക്കളാണ് വടക്കെ അതിർത്തിയായ

മിഥില,നേപ്പാൾ, മുതലായ സ്ഥലങ്ങളിൽ വസിച്ച് ആ ഭാഗത്തെ അതിർത്തി സംരക്ഷിക്കുന്നത്. അവരിലെല്ലാം ഇരിക്കുന്നത് ഒരേ ജനിതകവും ഒരേ ഈശ്വരചൈതന്യവുമാണ്. ജ്ഞാനവും സദാചാരജീവിതവുമുണ്ടേങ്കില് ആർക്കും ഭാരതത്തിന്റെ വിദ്വത്സഭകളില് പ്രവേശിക്കാം ,ഇന്ദ്രതുല്യം ശോഭിക്കാം. (ഇന്ദ്രപദവി നേടാം)ദേവാതിഥി ഈ തുല്യസ്ഥാനം 5, 7 സൂക്തങ്ങളിലൂടെ പറയുന്നു. 9ആം സൂക്തം ഭരദ്വാജന്റേതാണ്. 30 പദം രാശിഭാഗത്തെ 30 അഹോരാത്രകാലം എന്ന് സായണഭാഷ്യം.

ഒരു മുഹൂർത്തം 48 മിനുട്ട്.
30 മുഹൂർത്തം 1440 മിനുട്ട് അഥവാ 24 മണിക്കൂർ(ഹോര) ഒരു അഹോരാത്രം. ഇവകളെയെല്ലാം വ്യാപിച്ച് ,അതിവർത്തിച്ച് കടന്നുപോകുന്നത്. 8 വസുക്കളും 12 ആദിത്യന്മാരും ദശേന്ദ്രിയങ്ങളും കൂടി 30. ഇവക്ക് അതീതം. മനസ്സ് നിരതിശയശക്തിയുള്ളതാണ്. ആദ്യം ഉള്ളിൽ ഹിതമായ ഒന്ന് ഇഛിക്കുന്നു. ചിന്തിക്കുന്നു. അതിനെ സംവദിക്കുന്നു. പ്രയോഗത്തിൽ വരുത്തുന്നു. ഇപ്രകാരം ഹിത(നാഡി) ശിര(മസ്തിഷ്കം) ജിഹ്വ (നാവ്) ഇവകളുടെ സമൂഹമായ, ഒന്നിച്ചുള്ള, പ്രവർത്തനഫലമായി മനസ്സ് ശരീരത്തേക്കാൾ വേഗം സഞ്ചരിക്കുന്നു. കാലുള്ള ശരീരമല്ല, കാലില്ലാത്ത മനസ്സാണ് വേഗം കൂടുതലുള്ള സഞ്ചാരി. അത് അപാദമാണ്. സർവ്വപാദത്തിലും പാദാതീതമായി അപാദമായും നിറയുന്ന ചൈതന്യത്തിന്റെ ഒരു ലക്ഷണമാണ് മനസ്സിന്റെ പ്രവർത്തനം. അത് മുമ്പുള്ള തലമുറകളിലും ഇന്നുള്ളവരിലും ഇനി വരാനിരിക്കുന്ന തലമുറകളിലും അങ്ങനെത്തന്നെയാണ്. ഇപ്രകാരമുള്ള അതിശക്തമായ മനസ്സിനെ നിയന്ത്രിച്ച് മേധാശക്തിയും നിരുപമസാന്തിയും നേടുന്നപക്ഷം 4 പുരുഷാർത്ഥങ്ങളും നേടാൻ അത് നമ്മെ പ്രാപ്തരാക്കുന്നു എന്ന് അതീവശാസ്ത്രീയമായിത്തന്നെയാണ് ഈ സാമവേദികള് പാടുന്നത്. സംഗീതം,പ്രാമനിയന്ത്രണം, യോഗം മുതലായവക്ക് ഇതിലുള്ള പങ്ക് നിസ്തുലമാണ്.

ദശകം 6

1. ഇത ഊതി വോ അജരം പ്രഹേതാരമപ്രഹിതം
   ആശും ജേതാരം ഹോതാരം രഥീതമമതൂർത്തതുഗ്രിയാവൃധം
   അജരവും രക്ഷകനും അപ്രതിഹതനും ജേതാവും ഹോതാവും സർവ്വാനന്ദവും ജ്ഞാനവും തരുന്നവനും ഗുരുക്കന്മാരിൽവെച്ച് മുമ്പനും ആയവനെ വിളിച്ചാലും.
2. മോ ഷുത്വാ ബാധതശ്ച നാരേ അസ്മന്നി നീരമൻ
   ആരാത്താദ്ധ്വാ സധമാദം ന ആ ഗഹീഹ വാസന്നുപ്ത്രുധീ
   പണ്ഡിതരായാലും നിന്നിൽനിന്ന് അകലം പാലിക്കുന്നവരേയും

മനസ്സാക്ഷിക്ക് വിരുദ്ധമായ വഴികളിൽ നടക്കുന്നവരേയും ഞങ്ങളിൽനിന്ന് അകറ്റണേ ഞങ്ങളുടെ ഉള്ളിൽത്തന്നെ വസിച്ച് ഈ പ്രാർത്ഥന ശ്രവിക്കുക.

3. സുനോത സോമ പാവ്നേ സോമമിന്ദ്രായ വജ്രിണേ
   പചതാ പംക്തീരവസേ കൃണുധ്വമിത് പൃണാന്നിത് പ്രണതേ മയഃ
   സോമത്താൽ പാവനനും വജ്രിയും പക്വതവന്നവനും (പചിക്കുന്നവൻ) പംക്തിയെ (സ്വാനുഭവത്താൽ)പഠിപ്പിക്കുന്നവനും ആനന്ദദാതാവുമായ ഇന്ദ്രന് സോമം നൽകി അവന്റെ വാക്കുകള് കേൾക്കുക.
4. യഃസത്രാ ഹാ വിചർഷിണീരിന്ദ്രം തംഹമഹേ വയം
   സഹസ്രമന്യോ തു വിനൃമ്ണ സത്പതേ ഭവാ സമത്സുനോ വൃധേ
   ദൂരദൃക്കും ശത്രുനാശനനുമായ ഇന്ദ്രനെ ഞങ്ങൾ വിളിക്കുന്നു. അനന്ത ജ്ഞാനനിലയവും സത്പതിയും ആയ അവന്റെ സഹായത്താല് ജീവിതയുദ്ധങ്ങളിൽ വിജയിക്കട്ടെ..
5. ശചീഭിർനഃ ശചീവസൂദിവാനക്തം വിശസ്യതം
   മാ വാം രാതിരൂപദസത്കദാചനാസ്മദ്രാതിഃകദാചന
   ജ്ഞാനത്തിനും ധനത്തിനും കീർത്തികേട്ട പതിയായ അവന് രാപ്പകല് അനുഗ്രഹം ചൊരിയുന്നു. അവന്റെ അനുഗ്രഹങ്ങൾ ഒരിക്കലും ഇല്ലാതാവുന്നില്ല. ഒരിക്കലും ഇല്ലാതാവുന്നില്ല.
6. യദാ കദാ ച മീഢുഷേ സ്തോതാ ജരേതമർത്ത്യാഃ
   ആദിദ്വന്ദേത വരുണം വിപാഗിരാ ധർത്താരം വിപ്രതാനാം
   എപ്പോഴെപ്പോൾ ഒരു മനുഷ്യന് അമൃതമായ ഈശ്വരനെ പാടി സ്തുതിക്കുന്നുവോ, അപ്പോഴപ്പോൾ അവനിൽ(മുമ്പെന്നപോലെ) വരുണൻ ജ്ഞാനവും ആനന്ദവും വർഷിച്ച് ഗീരുകളാല് സമ്പൂർണ്ണമാക്കുന്നു. (പൂർണ്ണ കാമനാക്കുന്നു)
7. പാഹി ഗാ യാന്ധസോം മദ ഇന്ദ്രായ മേധ്യാതിഥേ
   യഃസമ്മിശ്ലോ ഹര്യാര്യോ ഹിരണ്യയ ഇന്ദ്രോ വജ്രീ ഹിരണ്യയഃ
   ഇന്ദ്രന്റെ ആനന്ദത്തിനായി സംരക്ഷിക്കപ്പെട്ട് (ഇന്ദ്രിയങ്ങളോടെ) മേധ്യാതിഥേ, പാടുക. അവയോടു ചേർന്ന ആര്യങ്ങളായ ഹരികൾ,വജ്രിയായ ഇന്ദ്രന്റെ സ്വർണ്ണ(ഹിരണ്യ)മയമായ ചൈതന്യത്താൽ ജ്വലിക്കുന്നു.
8. ഉഭയം ശ്രുണവച്ച ന ഇന്ദ്രോ അർവ്വാഗിദം വചഃ
   സത്രാച്യാ മഗവാൻത് സോമപീതയേ ധിയാ ശവിഷ്ഠആഗമത്
   മനസ്സാലും വാക്കാലുമുള്ള ഞങ്ങളുടെ ഈ വചസ്സുകൾ ശ്രവിക്കുക, ഇന്ദ്രാ, മഘവാനേ, ഈ സത്രത്തിൽ സോമപാനത്തിനായിവന്ന് ധീയാല് വിശിഷ്ഠമായ സത്യദർശനം തരിക.

9. മഹേചന ത്വാദ്രിവഃപരാ ശുൽക്കായ ദീയസേ
न സഹസ്രായ നായുതായ വജ്രിവോ ന ശതായ ശതാമഘ
ഇന്ദ്രാ, അജ്ഞാനം നീക്കി മഹത്തായ ജ്ഞാനം നൽകുന്ന അദ്രിപോലു ള്ള അചലനായ ഭഗവാനേ, നിരവധി ജ്ഞാനധനശുൽക്കത്തിന് പ്രഭുവേ, ആയിരം ,പതിനായിരം, നൂറുനൂറുമഖങ്ങൾ (യജ്ഞം) ഇവയാലൊന്നും ശതമഖനായ നിന്നെ വിൽക്കാനോ വാങ്ങാനോ കഴിയില്ല.

10. വസ്യാം ഇന്ദ്രാസി മേ പിതുരുത ഭ്രാതുരഭൃഞ്ജതഃ
മാതാ ച മേ ഛദയശഃ സമാവസോ വസുത്വനായ രാധസേ
സർവ്വവ്യാപിയായ ഇന്ദ്രാ, പിതാവിനേക്കാൾ, സഹോദരനേക്കാൾ, ഉപ രിയാണ് നീ എനിക്ക്. എന്നെ പ്രസവിച്ച് വളർത്തി പോഷിപ്പിച്ച് ഐ ശ്വര്യവാനും വിജയിയുമാക്കിയ അമ്മയാണ് നീ എനിക്ക്.

ഭാഷ്യം

ഋഷിഃ- 1 സുമേധ, 2,3 വസിഷ്ഠൻ, 4 ഭരദ്വാജൻ, 5 പരുഛേപൻ. 6 വാമദേവൻ. 7 മേധ്യാതിഥി 8 ഭർഗ്ഗന് 9, 10 മേധ്യാതിഥി.
ദേവതഃ- 1-4 ,7-10 ഇന്ദ്രൻ, 5 അശ്വികള് 6 വരുണൻ. ഛന്ദസ്സ് ബൃഹതി സ്വരം മദ്ധ്യമം.

ഏഴാം സൂക്തത്തിൽ ഇന്ദ്രിയനിഗ്രഹം ചെയ്ത് പൂർണ്ണയോഗനിയന്ത്രണ ത്താൽ ശാന്തവും അരോഗവുമായ ശരീരമനോമേധകളോടെ, അവകളോടു ചേർന്ന ആര്യങ്ങളായ ഹരികള് (ഹ, ര, ഇ. ഹരി ആ, ര,ഇ,യ ആര്യ,ആ രിയ) എന്ന് ഓരോന്നും വർണ്ണ ങ്ങള് വേറെയാക്കിയാല് ശ്രീവിദ്യ. വജ്രം പോലെയും ഹിരണ്യം(ഹ, ഇ,ര,ണ,ഇ,യ,മ്) പോലെയും ജ്വലിക്കുന്ന മേധ യുള്ള ഋഷിയാണ് അവകള് അർപ്പിച്ച് ആത്മാനന്ദത്തെ ഇന്ദ്രാർപ്പണമാ ക്കുന്ന മേധ്യാതിഥി. ഈ വിശിഷ്ട കർമ്മത്താല് മഹത്വമാർജ്ജിച്ച വ്യക്തി യിൽ ഈശ്വരചൈതന്യം പൂർണ്ണമായി അഭിവ്യക്തമാവുന്നു. ഇപ്രകാരമു ള്ള ജ്ഞാനാനന്ദചൈതന്യത്തെ എത്രയെത്ര ധനം കോരിത്തന്നാലും വി ൽക്കാനോ വാങ്ങാനോ ആവില്ല. (സൂ 9) വിൽക്കാനോ വാങ്ങാനോ ആവാത്ത വിദ്യാസ്വരൂപമായ ഈശ്വരൻ ഋഷിക്ക് പിതാവിനേക്കാളും സഹോദരനേക്കാളും ഉപരിയും മാതൃതുല്യവുമെന്ന് 10ആം സൂക്തം. മേധ,വിദ്യ എന്നത് ശ്രീവിദ്യയാണ്. അമ്മ പരാശക്തിയാണ്. ഈ പത്താം സൂക്തത്തിൽ സർവ്വൈശ്വര്യപ്രദാനം ചെയ്യുന്ന അമ്മയുടെ ഐശ്വര്യമാണ് രാധസ്സ്. രാധസ്സ് ,ഹരി, ശ്രീവിദ്യാപരമായ അർത്ഥങ്ങള് ചേർത്തുവെച്ച് വായിക്കുക.

പ്രപാഠകം 4 അർദ്ധം 1

ദശകം 7

1. ഇമ ഇന്ദ്രായ സുന്വിരേ സോമാസോ ദധ്യാശിരഃ
താം ആ മദായ വജ്രഹസ്ത ഹരിഭ്യാം യാഹ്യോക ആ
ഈ ഇന്ദ്രന്നുവേണ്ടി (ജ്ഞാന)സോമം ദധ്യങ്(അഥർവ്വണ)ന്മാരുടെ ശിരസ്സിൽ സംഭരിക്കപ്പെട്ടു. വജ്രഹസ്തരായ ഹരികൾക്ക് ആനന്ദലഹരി തരാന് ജ്ഞാനരൂപിയായി വന്ന് ഇത് പാനം ചെയ്താലും.
2. ഇമ ഇന്ദ്ര മദായ തേ സോമാഞ്ചികിത്ര ഉക്ഥിനഃ
മഘോഃ പപാന ഉപ നോ കിരഃശ്യൃണു സ്തോത്രായ ഗീർവ്വണഃ
ആ ഇന്ദ്രന്റെ ആനന്ദലഹരിക്കായി സോമം ഉണ്ടാക്കി. ഉക്ഥങ്ങളിലെ ആനന്ദം നുകരുക. അവയിലെ ഗീർവ്വാണവും സ്തോത്രവും (സാഹിത്യവും സംഗീതവും) ശ്രവിക്കുക. മഘവാനേ, ഗീരുകളാൽ ആരാധിക്കപ്പെടേണ്ടവനേ, അടുത്തിരുന്ന് അനുഗ്രഹിക്കുക.
3. ആത്വാദ്ധ്യ സബർദുഘാം ഹുവേ ഗായത്രവേപസം
ഇന്ദ്രം ധേനും സുദുഘാമന്യാമിഷമുരുധാരാമരംകൃതം
ഞാൻ നിന്നെ സർവ്വകാമവും സാധിച്ചുതരുന്ന കറവപ്പശുവിനെ എന്നപോലെ പാടിസ്തുതിക്കുന്നു. പാലുനിറഞ്ഞ അകിടുള്ള സുന്ദരവും പ്രിയവും ധാരധാരയായി വർഷിക്കുന്നതുമായ കാമധേനുവാണ് ഇന്ദ്രൻ.
4. ന ത്വാ ബൃഹന്തോ അദ്രയോ വരന്ത ഇന്ദ്രവീഡവഃ
യഛിക്ഷസി സ്തുവതേ മാവതേ വസു ന കിഷ്ടദാ മിനാതി തേ
ബൃഹത്തായ അദ്രികൾക്കുപോലും ഇന്ദ്രാ നിന്റെ വഴി മുടക്കാനുള്ള ശക്തിയില്ല. സ്തുതിക്കുന്ന ഉപാസകനായ എന്നിൽ വസു(രത്നം) പൊഴിയുന്ന നിന്റെ വരദാനം ആർക്കും തടുക്കാനാവില്ല.
5. ക ഈ വേദ സുതേ സചാ പിബന്തം കദ്യയോ ദധേ
അയം യഃ പുരോ വിഭിനാത്യോജസാ മന്ദാനഃകിപ്രയന്ധസഃ
ഇന്ദ്രിയങ്ങളോടു ചേർന്ന് ആനന്ദം കുടിക്കുന്നവനെ (ആത്മാവ്), ജീവിതയജ്ഞത്തിൽ ആരാണറിയുന്നത്. അത് ഈ ശരീരത്തിലെത്ര നാളിരിക്കും (എന്ന് ആരറിയുന്നു). ഒന്നിൽനിന്ന് ഒന്നിലേക്ക് സഞ്ചരിച്ച് എല്ലാ വിഭിന്നങ്ങലായ പുരങ്ങളിലെയും ഓജസ്സ് അനുഭവിച്ച് ,കോട്ടകളെ പിളർന്ന് സ്വതന്ത്രമായതിനെ ആരറിയുന്നു.(ആത്മാവിനെ)
6. യദിന്ദ്ര ശാസോ അവ്രതം ച്യാവയാ സദസസ്പതി
അസ്മാകമംശും മഘവൻപുരുസ്പൃഹം വസവ്യേ അധിബർഹയ
ഈ ഇന്ദ്രൻ ശാസന കൊണ്ട് വ്രതങ്ങള് പാലിക്കാത്തവനെ സ്ഥാനത്തുനിന്ന് താഴ്ച(ച്യവനം) വരുത്തുന്ന സദസദ്പതിയാണ്. ഞങ്ങളുടെ

അംശമായ ഈ ഗൃഹത്തിൽ (ശരീരം) എല്ലാവരാലും മോഹിക്കപ്പെടുന്ന ജ്ഞാനധനം നിറച്ചാലും

7. ത്വഷ്ടാനോ ദൈവ്യം വചഃ പർജ്ജന്യോ ബ്രഹ്മണസ്പതിഃ
പുത്രൈർ ഭ്രാതൃർഭിരദിതിർനു പാതു നോ ദുഷ്ടരം ത്രാമണം വചഃ
ത്വഷ്ടാവും പർജ്ജന്യനും ബ്രാഹ്മണസ്പതിയും ഞങ്ങളുടെ ദൈവീവാക്കിനെ രക്ഷിക്കട്ടെ. പുത്രന്മാർ,ഭ്രാതൃക്കൾ, ദുഷ്കരങ്ങളായ പ്രതങ്ങൾ, സർവ്വത്തെയും ത്രാണനം ചെയ്യുന്ന വാക്കുകള് എന്നിവയെ സംരക്ഷിക്കട്ടെ.

8. കദാചന സ്തരീരസി നേന്ദ്ര സശ്ചസിദാശുഷേ
ഉപോപേന്നുമഘവൻഭൂയ ഇന്നുനേദാനം ദേവസ്യ പൃച്യതേ
നീ ഒരിക്കലും ഹിംസിക്കുന്നില്ല. ഇന്ദ്രാ, കൊടുത്തവന് നീ കൂടുതൽ കൊടുക്കുന്നു. മഘവാനേ, നിന്റെ സമൃദ്ധമായ ഐശ്വര്യം ദാനം ചെയ്യുന്തോറും വർദ്ധിക്കുന്നതാണ് (ജ്ഞാനം)

9. യുങ് ക്ഷ്വാ ഹി വൃത്രഹന്താ ഹരി ഇന്ദ്ര പരാവതഃ
അർവ്വാചീനോ മഘവൻത്സോമപീതയ ഉഗ്രഋഷ്വേഭിരാഗഹി
വൃത്രഹന്താവേ ,ഇന്ദ്രിയങ്ങളെ ഹരിയോട് യോഗം ചെയ്യിക്കുക. പുരാണനായ മഘവാനേ, ഞങ്ങളുടെ ഉയർന്ന സമതകൊണ്ട് ഞങ്ങളില് വന്ന് ജ്ഞാനം തരിക. അജ്ഞാനികൾ മാത്രമാണ് നിന്നിൽനിന്ന് അകലെ.

10. ത്വാമിദാ ഹ്യോ നരോപീഷ്വന്യജിൻഭൂർണ്ണയഃ
സ ഇന്ദ്ര സ്തോമവാഹസ ഇഹശ്രുദ്ധ്യുപ സ്വസരമാമഹി
നീ ഇവിടെ വരിക. മുജ്ജന്മത്തിലും ഇപ്പോഴും വജ്രിന് ,നിന്നെ ഉപാസകർ തൃപ്തരാക്കി.ഇന്ദ്രാ,ഇവിടെ ഞങ്ങൾ സുസ്വരത്തില് പാടുന്ന സ്തോമവാഹനമേറി ഞങ്ങളിലേക്ക് വരിക.

ഭാഷ്യം

ഋഷിമാർഃ-1 ഹവിഷ്യൻ. 2,6,7 വാമദേവൻ. 3 മേധാതിഥി മേധ്യാതിഥി വിശ്വാമിത്രൻ. 4 നോധാ, 5 മേധാതിഥി 8 ബാലഖില്വർ. 9 മേധ്യാതിഥി 10 നൃമേധ.

ദേവത 1-6, 8-10 ഇന്ദ്രന്, 7 പവമാനൻ,ബ്രഹ്മണസ്പതി, അദിതി വിശ്വേ ദേവകൾ എന്ന് അനേകം പേർ(ബഹവഃ) ഛന്ദസ്സ് ബൃഹതി. സ്വരം മദ്ധ്യമം.

വജ്രംപോലെ ശക്തമായ ഇന്ദ്രിയങ്ങൾ യോഗാനന്ദം തരുന്നു. അത്തരം അശ്വങ്ങൾ (ഇന്ദ്രിയങ്ങൾ) സിംഹങ്ങൾ(ഹരി). ഹരിഹരഹ്രീങ്കാരങ്ങൾ. ഇപ്രകാരമുള്ള വിദ്യ എന്ന സോമമാണ് ദധ്യങ് അഥർവ്വണന് തങ്ങളുടെ

മസ്തിഷ്കത്തിൽ സംഭരിച്ചത് എന്ന് ആദ്യസൂക്തത്തില് വസിഷ്ഠന് പറ
യുന്നു.വ്രതനിഷ്ഠയുടെ പ്രാധാന്യം വാമദേവന്റെ സൂക്തങ്ങൾ(6,7) എടു
ത്തുപറയുന്നു. ജ്ഞാനം മാത്രം പോരാ. അത് കാത്തുസൂക്ഷിക്കാനായി
കഠിനമായ വ്രതചര്യകളും വേണം. എന്നാലെ ഇന്ദ്രിയബലം സ്ഥിരമായിരി
ക്കയുള്ളു.ഈശ്വരാംശമാകയാലാണ് ഈശ്വരന്റെ ജ്ഞാനധനത്തിനു ജീവി
കൾ അവകാശമുള്ളവരാകുന്നതെന്നും വാമദേവനറിയാം. (6) മൂന്നാം
സൂക്തം മേധാതിഥി,മേധ്യാതിതി,വിശ്വാമിത്രനെന്നിവർ ഒന്നിച്ച് പാടുന്നു.
ഇന്ദ്രനെ ധേനുസരസ്വതീരൂപത്തിലാണ് ഇവർ ധ്യാനിക്കുന്നത്. ആത്മാവിന്ന്
വിവിധജൈവശരീരങ്ങളിലെ കൂടുവിട്ട് കൂടുമാറ്റം സാധിക്കുമെന്ന് മേധാതി
ഥി(5)പറയുന്നു. ഓരോന്നിലും ഓജസ്സായിരുന്ന് ഓജോഫലം അനുഭവിച്ച്
അവയെ കാക്കുന്നതും സമയം വരുമ്പോൾ ആ കൂട്(കോട്ട)പിളർന്ന് പുറ
ത്തുപോകുന്നതുമായ അന്തരാത്മാവിനെ അറിയാതെ പുറംശരീരത്തെ
മാത്രം അറിഞ്ഞിട്ടെന്തുഫലം. ബാലഖില്വർക്ക് കൊടുത്താലും തീരാത്ത
അളവറ്റ ഐശ്വര്യം വാരിക്കോരി ദാനം ചെയ്യുന്ന ദാനശീലനെയാണ്(8)
പ്രശംസിക്കാനുള്ളത്.

9ആം ശ്ലോകത്തിൽ ഹരിയോട് യോഗം ചെയ്യിക്കുന്ന (യുങ് ക്ഷ്വാ)
ഇന്ദ്രിയാധീശ്വരനാണ് ഇന്ദ്രൻ. ആ യോഗത്താൽ സമതയും ജ്ഞാനവും
ലഭിക്കുന്നു. യ മുതൽ ക്ഷ വരെയുള്ള (യരലവശഷസഹക്ഷ) 9 വർണ്ണ
ങ്ങളിൽ രണ്ടും എട്ടും (ര,ഹ)ഖരോഷ്ഠിയിൽ ഹര. അവകളെ ഇ എന്ന
ശക്തിബീജസ്വരം ചേർത്തത് ഹരി. വിഷ്ണുനാമം ഇപ്രകാരം ശക്തിബീജം
ചേർത്തതാണ്. ഹരിയും ഹരനും (ശിവമോഹിനി) ചേർന്ന ഹ്രീം എന്ന
ശക്തിസ്വരൂപിണിയായ ശ്രീവിദ്യക്ക് മാത്രമേ ഇന്ദ്രിയജയം, സമത,ജ്ഞാനം
ഇവകളാൽ നമ്മെ ചൈതന്യവാന്മാരാക്കാനാവു. അതില്ലാത്തവർ അവിദ്യ,
അജ്ഞാനം ഇവകളാൽ മൂടപ്പെട്ട് അസമത്വം (ഭേദഭാവന,ദ്വൈതം)ചിന്തിച്ച്
ഈശ്വരനിൽനിന്നും സത്യത്തില് നിന്നും അകലുന്നു.

ദശകം 8

1. പ്രത്യു അദർശ്യായത്യൂഛന്തി ദുഹിതാദിവഃ
   അപോ മഹീ വ്യുണുതേ ചക്ഷുഷാ തമോ ജ്യോതിഷ്കൃണോതി സൂനരീ
   പകലിന്റെ പുത്രി ഉഷസ്സിനെപ്പോലെ ഞങ്ങളുടെ ബുദ്ധി,ഇരുട്ടിനെ (അ
   ജ്ഞാനം) അകറ്റിക്കൊണ്ട് ഉണരുന്നു. ഈ മഹത്തായ ബുദ്ധി നേരായ
   മാർഗ്ഗം കാണിച്ച് തമസ്സ് മാറ്റി കണ്ണുകൾക്ക് ജ്യോതിസ്സ് നൽകിക്കൊണ്ട്
   ദിനെപ്രതി നിന്റെ കൃപയാൽ ഉണരുന്നു.
2. ഇമാ ഉവാം ദിവിഷ്ടയ ഉസ്രാ ഹവന്തേ അശ്വിനാ
   അയംവാമഹ്വേവസേ ശചീവസു വിശം വിശംഹി ഗഛഥഃ

ഇവിടെ പ്രജകൾ (ഞങ്ങൾ)പ്രകാശത്തെ ആഗ്രഹിച്ച് അശ്വികളേ, നിങ്ങളെ കാക്കുന്നു. ഞാൻ സ്വരക്ഷക്കായി നിങ്ങളെ വിളിക്കുന്നു. ധനവും ബുദ്ധിയും അരുളുന്നവരായ നിങ്ങൾ ഓരോരോ ദിക്കിലും ഓരോരോ മനുഷ്യനിലും എത്തുക.

3. കുഷ്ഠഃ കോ വാമശ്വിനാ തപാനോ ദേവാ മർത്ത്യഃ
ഘ്നതാ വാ മശ്മയാ ക്ഷപമാണോംശുനേത്ഥമു ആദ്വന്യഥാ
പ്രാണാപാനന്മാരേ, ഏതൊരു മനുഷ്യന് നിങ്ങളെ തൃപ്തരാക്കാം. ഭക്ഷണപാനീയങ്ങൾ കുറച്ചുകുറച്ച് കൊണ്ടുവരുമ്പോള് (തുടർച്ചയായി) നിങ്ങൾ വിശപ്പിനാലും ദാഹത്താലും പീഢിതരാവുന്നു.ശരിയായ ഭക്ഷണം നിങ്ങളെ പൂർവ്വസ്ഥിതിയിലാക്കുന്നു

4. അയം വാം മധുമത്തമഃ സുതഃ സോമോ ദിവിഷ്ടിഷു
തമശ്വിനാ പിബതം തിരോ അഹ്ന്യം ധത്തം രത്നാനിദാശുഷേ
ജീവികളിലെ മധുമത്തമമായ ആനന്ദം അശ്വികളേ (പ്രാണാപാനർ)നിങ്ങളുടേതാണ്.നിങ്ങൾക്കുള്ളതാണ്,. ഏറെക്കാലമായി സഞ്ചയിച്ചുവെച്ച ഈ ആനന്ദമധു കുടിച്ചാലും.ബലവും ആനന്ദവും തന്നാലും

5. ആ ത്വാ സോമസ്യ ഗൽദയാ സദാ യാചന്നഹം ജ്യാ
ഭൂർണ്ണിം മൃഗം ന സവനേഷു ചുക്രുധം ക ഈശാനം ന യാചിഷത്
ഞാൻ സദാ ജ്ഞാനം നിറഞ്ഞ വാക്കുകളോടെ നിന്നോട് യാചിക്കുന്നു. സവനങ്ങളിൽ പാപികളോട് ഒരു പുലിയെപ്പോലെ നീ ധാർമ്മികരോഷം കൊള്ളുന്നു. പ്രപഞ്ചത്തെ പോഷിപ്പിക്കുന്ന ഈശ്വരനോട് ആരാണ് യാചിക്കാത്തത്.

6. അധ്വര്യോ ദ്രാവയാ ത്വം സോമമിന്ദ്രം പിപാസതി
ഉപോ നൂനം യുയുജേ വൃഷണാഹരി ആച ജഗാമ വൃത്രഹാ
അധ്യുര്യു,പിപാസ തീരാനായി നീ ഈ ആർദ്രദ്രാവകമായ സോമം നുകരുക. ആനന്ദിക്കുക. അജ്ഞാനതമസ്സിനെ (വൃത്രനെ) ഹനിക്കുന്നവൻ(പ്രാണാപാനങ്ങളായ) വൃഷണാഹരികളെ പൂട്ടി ക്കൊണ്ട് ഇതാ എത്തിക്കഴിഞ്ഞു.

7. അഭീഷതസ്തദാ ഭരേന്ദ്ര ജ്യായഃ കനീയസഃ
പുരൂവസുർഹി മഘവൻബഭൂവിഥ ഭരേ ഭരേ ച ഹവ്യഃ
ഈ ജീവന്റെ സർവ്വാഭീഷ്ടങ്ങളും ശക്തനായ നീ പൂരിപ്പിക്കുക. മഘവാനേ, നീ അനേകവസു(രത്നം)ക്കൾക്ക് അധിപനാണ്. ഹവ്യത്താൽ വീണ്ടും വീണ്ടും പൂരിപ്പിക്കേണ്ടവനാമ്.

8. യദിന്ദ്ര യാവതസ്ത്വമേതാവദഹമീശീയ
സ്തോതാരമിദ്ദധിഷേരദാവസോന പാപത്വായ രം സിഷം
ഇന്ദ്രാ, ഞാൻ നിന്നെപ്പോലെ (നിന്നോളം)ധനത്തിന് ഈശനായിരുന്നുവെങ്കിൽ, (വാരിവാരിക്കൊടുക്കുന്ന നിന്നെപ്പോലെ) പുണ്യവാന്മാരായ

സ്തോതാക്കൾക്ക് നൽകുമായിരുന്നു. പാപകർമ്മം ചെയ്യുന്നവർക്ക് കൊടുക്കയില്ല.

9. ത്വമിന്ദ്ര പ്രതൂർത്തിഷ്വഭി വിശ്വാ അസിസ്പൃധഃ
അശസ്തിഹാ ജനിതാ വൃത്രതൂരസി ത്വം തൂര്യ തരുഷ്യതഃ
ഇന്ദ്രാ, സ്പർദ്ധകളില് നീ വിശ്വത്തിലെ അദാർമ്മികരെ അമർച്ച ചെയ്യുന്നു. പാപങ്ങളെ ജയിച്ച നീ ഞങ്ങൾക്ക് ജനിതാവും ,ശത്രുക്കളെ അകറ്റുന്ന രക്ഷിതാവുമാണ്. തുരീയമായ നീ ദുഷ്ടന്മാർക്കും മേല് വിജ യം പ്രാപിക്കുന്ന വൃത്രഹന്താവാണ്.

10. പ്രയോ രിരിക്ഷ ഓജസാ ദിവഃ സദോഭ്യസ്പരി
ന ത്വാ വിവ്യാച രജ ഇന്ദ്ര പാർത്ഥിവമതി വിശ്വം വവക്ഷിഥ
നിന്റെ ഓജസ്സുകൊണ്ട് നീ ആകാശത്തിന്റെ അതിർത്തികള്ക്കപ്പുറം വ്യാപിച്ചിരിക്കുന്നു. ഇന്ദ്രാ, ഭൂലോകത്തിന്റെ രജസ്സ് (പൊടി) മൂടിയ ലോകം നിന്നെ അറിയുന്നില്ല. എല്ലായിടവും വ്യാപിച്ച് സർവ്വവും നീ തന്നെയാണ് നിലനിർത്തുന്നത്.

ഭാഷ്യം

ഋഷിഃ- 1,2,7,8 വസിഷ്ഠൻ. 3 പൌരആത്രേയൻ. 4 പ്രസ്കണ്വൻ. 5 മേധാതിഥിയും മേധ്യാതിഥിയും 6 ദേവാതിഥി 9 നൃമേധ 10 നോധാ

ദേവത 1.ഉഷ 2, 3 അശ്വിനികൾ. 4-10 ഇന്ദ്രൻ. ഛന്ദസ്സ് ബൃഹതി. സ്വരം മദ്ധ്യമം.വസിഷ്ഠന്റേയും പൌരആത്രേയന്റേയും (2,3)സൂക്തങ്ങൾക്ക് ദേവത അശ്വികളാണ്. 4,6 സൂക്തദേവത ഇന്ദ്രനെങ്കിലും (പ്രാസ്കണ്വ,ദേവാ തിഥിമാരുടെ) അവയിലും പ്രാമുഖ്യം അശ്വിനികൾക്കാണ്.

അശ്വികളെന്ന ദസ്രർ ഇരട്ടക്കുതിരകള് ആയും ജ്യോതിശ്ശാസ്ത്ര,വൈദ്യശാ സ്ത്രപ്രവീണരായും സഞ്ചാരശീലരായും ഇന്ദ്രരഥത്തെ ത്രിലോകത്തിലും സഞ്ചരിപ്പിക്കുന്ന പ്രാണമരുത്തുക്കളുടെ സംഘത്തിൽ പ്രമുഖരായ പ്രാണാ പാനരായും വർണ്ണിക്കപ്പെടുന്നു. ജ്യോതിശ്ശാസ്ത്രത്തിൽ ഇരുവശത്തേക്കും തിരിഞ്ഞിരിക്കുന്ന അശ്വമുഖമുള്ള അശ്വതീരേവതിമാരും ഋതുക്കളിൽ ഇരു ദിക്കിലേക്കും ചുഴലുന്ന കാലവർഷക്കാറ്റുകളും ശരീരത്തില് മുകളിലേ ക്കും താഴേക്കും സഞ്ചരിക്കുന്ന പ്രാണാപാനങ്ങളും സൂക്ഷ്മനാഡീവ്യൂഹ ത്തിലെ വാമദക്ഷിണമാർഗ്ഗങ്ങളായ ഇഡ,പിംഗളകളുമാണ്..
കാലവർഷക്കാറ്റുകള് ഇന്ത്യാഉപഭൂഖണ്ഡത്തിന്റെ ഏറ്റവും താഴത്തെ ബിന്ദുവായ ശ്രീലങ്കാസ്ഥാനത്തു വെച്ച് പരസ്പരം സന്ധിക്കുന്നു. ഈ സ്ഥാനവും ഇവിടെ മുതൽ അനുഭവപ്പെടുന്ന കാലവർഷഗതിയും സമുദ്ര ത്തിലെ കാറ്റിന്റെ ഗതിയും അനേകലക്ഷവർഷം നിരീക്ഷിച്ച പൂർവ്വി

കരാണ് ഭൂമദ്ധ്യരേഖാസ്ഥാനം ലങ്കക്ക് കൊടുത്തത്. ഇവരാണ് കാറ്റുക ളേയും നക്ഷത്രങ്ങളേയും സഞ്ചാരികളേയും വൈദ്യരേയും ജ്യോതിഷിക ളേയും ആദ്യമായി അശ്വമെന്നും ഹരി എന്നും പേരു കൊടുത്ത് വിളി ച്ചത്. അശ്വമെന്നത് ഗ്രീക്കുഭാഷയിൽ ഹിപ്പോസ് ആകയാലാണ് ബിസി ഒന്നാം നൂറ്റാണ്ടിൽ ഗ്രീക്കുകാര് ഇന്ത്യയിലെ കാലവർഷക്കാറ്റുകളെ അശ്വി കളെന്നർത്ഥമുള്ള ഹിപ്പാലസ് എന്ന് നാമകരണം ചെയ്തതും ഇത് കണ്ടു പിടിച്ചത് ഹിപ്പാലസ് ആണെന്ന് രേഖപ്പെടുത്തിയതും. അല്ലാതെ ഹിപ്പാല സ് ഒരു ചരിത്രപുരുഷനുമല്ല, കാലവർഷക്കാറ്റ് ആദ്യം കണ്ടുപിടിച്ചത് ഗ്രീക്കുകാരുമല്ല (ഗ്രീസ് ഭൂമദ്ധ്യരേഖയിൽനിന്ന് എത്രയോ മേലെ കിടക്കുന്ന രാജ്യമാണ്. അവർക്ക് സമുദ്രസഞ്ചാരത്തില് വൈദഗ്ദ്ധ്യവുമില്ല.)

ഋഷഭരാശി(വൃഷം)യിലാണ് ഇന്ത്യാഉപഭൂഖണ്ഡത്തിൽ ശക്തമായ തെക്കുപ ടിഞ്ഞാറൻ കാലവർഷക്കാറ്റിന്റെ തുടക്കം. പ്രപഞ്ചത്തെ പോഷിപ്പിക്കുന്ന ഋഷഭനെന്ന വർഷദേവന്റെ പുലിയെപ്പോലെ ക്രോധിച്ച(ധാർമ്മികരോഷം) ഇടിയും മിന്നലുമായി ആ രാശിഭാഗത്ത് സൂര്യൻ പ്രവേശിക്കുമ്പോള് ആരംഭിക്കുന്ന മൃഗവും മൃഗവ്യാധനും(വേട്ടക്കൊരുമകൻ) രൂപങ്ങൾ ഈ രാശിയുടെ പ്രത്യേകതയാണ്. മൃഗം(സൂക്തം 5) വൃഷണാഹരി(സൂക്തം6) എന്നീ പ്രയോഗങ്ങൾ കാണുക. പ്രാണനും അന്നവും ജലവും (രേതസ്സായി) വർഷിക്കുന്ന അശ്വിനികളേയും അവയെ പൂട്ടിയ രഥത്തില് വർഷം തോ റും സവനത്തിലെത്തുന്ന ഹരിയേയും ഇന്ദ്രിയനിഗ്രഹം ചെയ്ത് ഇന്ദ്രിയാ ധീശത്വം നേടിയ ഭാരതീയഋഷിമാർ ലോകത്തിന്റെ സകലഭാഗത്തുമുള്ള സർവ്വജീവനും വേണ്ടിയാണ് സ്തുതിക്കുന്നതെന്നത് പ്രധാനമാണ്. (സൂ 2 വസിഷ്ഠൻ) ഇപ്രകാരമുള്ളതാണ് വസിഷ്ഠനെന്ന ഗുരുവിന്റെ രാമരാജ്യം .അതൊരു മഹത്തായ ആദർശത്തിന്റെ മുദ്രയാണ്.

ശക്തി അഥവാ ഊർജ്ജം ഭൂമി,അന്തരിക്ഷം ,സ്വർല്ലോകം ഇവയിലും ഉപരിലോകങ്ങളിലും വ്യാപിച്ച് അനന്തമായ തേജോരാശിമണ്ഡലമാണ്. രജസ്സ്(പൊടി)ഇല്ലാത്ത ശുദ്ധസാത്വികചിന്മയമായ ആ വിരജാലോകത്തെ ഊർജ്ജനാദപ്രസരണത്തെയോ അതിന്റെ പ്രവർത്തനത്തേയോ പൂർണ്ണ മായി അറിയാന് ഭൂമിയുടെ ധൂളീമാർഗ്ഗത്തില് മാത്രം ഭ്രമണം ചെയ്യുന്ന മനുഷ്യർക്ക് സാധിക്കയില്ല എന്ന് നോധാ(സൂക്തം 10) പറയുന്നത് ശ്രദ്ധേ യമാണ്. ഗാർഗ്ഗ്യന് ,വസിഷ്ഠൻ മുതലായവരുടെ ജ്യോതിശ്ശാസ്ത്രത്തില് ഇതി വിസ്തരിച്ച് പ്രതിപാദിക്കുന്നു.ഇന്നത്തെ ജ്യോതിശ്ശാസ്ത്രവും ഇതെ ല്ലാം ഒന്നുകൂടി കണ്ടെത്തിക്കൊണ്ടിരിക്കയാണ്.

ദശകം 9

1. അസാവി ദേവം ഗോഋജീകമന്ധോന്യസ്മിന്നിന്ദ്രോ ജനുഷേമുവോച
ബോധാമസി ത്വാ ഹര്യശ്വയജ്ഞൈർബോധാ ന സ്തോമമന്ധസോ മദേഷ്മ
ജ്ഞാനപ്രകാശത്താല് ഞങ്ങൾക്ക് അപരിമിതമായ ആനന്ദം ലഭിച്ചു. ബോധം ഞങ്ങളുടേതായി. ഹര്യശ്വാ, നീ യജ്ഞത്തിലെ ബോധത്തോടും ആനന്ദലഹരിയോടും ചേർന്ന ഈ സ്തോമങ്ങള് സ്വീകരിക്കാന് മറക്കരുത്.
2. യോനിഷ്ട ഇന്ദ്ര സദനേ അകാരിതമാനൃഭിഃപുരുഹൂതപ്രയാഹി
അസോ യഥാ നോവിതാ വൃധശ്ചിദ്ദദോ വസൂനിമമദശ്ചസോമൈഃ
ഇന്ദ്രാ, നിന്റെ സദനമാണ് ഈ യോനി(ശരീരം). പുരുഹൂതാ, ഇതിലേക്ക് അകാരിയായി, ധ്യാനലീനമായി , പ്രവേശിച്ചാലും. നീ ഞങ്ങളെ പാലിക്കുന്ന,ഐശ്വര്യം തരികയും വർദ്ധിപ്പിക്കയും ചെയ്യുന്ന ജ്ഞാനത്തിൽ ആനന്ദം അനുഭവിപ്പിക്കുന്നു.
3. അദർദ്ദരുത് സമസൃജോ വിഖാനി ത്വമർണ്ണവാൻബദ്ധധാനാംഅരമ്ണോഃ
മഹാന്തമിന്ദ്ര പർവ്വതം വിയദ്വഃസൃജദ്വാരാഅവയദ്ദാനവാൻഹന്
നീ കപാലം ഭേദിച്ച് ഇന്ദ്രിയകവാടങ്ങൾ തുറന്നു. ചലിക്കുക, സംഘർഷം കൊള്ളുന്ന പ്രാണങ്ങളെ നിയന്ത്രിച്ച്,അനേകം ഗുഹാദ്വാരങ്ങളുള്ള മഹാപർവ്വതം പോലെയുള്ള ശരീരക്ഷേത്രങ്ങളില് ആകാശദ്വാരങ്ങളിലൂടെ ജ്ഞാനദൂതന്മാരായ മരുത്തുക്കളെ കടത്തിവിട്ടു(സഞ്ചരിപ്പിച്ചു). അപ്രകാരം ജ്ഞാനദാനം തന്നു.
4. സുഷ്വാണാസ ഇന്ദ്ര സ്തുമസി ത്വാ സനിഷ്യന്തശ്ചിത്തുവിനൃമ്ണവാജം
ആനോഭരസുനിതം യസ്യകോനാ തനാത്മനാ സഹ്യാമത്വോരാഃ
ഇന്ദ്രാ, ജ്ഞാനാന്നം രുചിച്ച് ആനന്ദിച്ച് ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ലക്ഷ്യത്തിലേക്ക് നയിക്കുക. നീയുമായി ചേർന്ന് ഞങ്ങള് അനന്താനന്ദം നേടട്ടെ.
5. ജഗൃഹ്മാതേ ദക്ഷിണമിന്ദ്ര ഹസ്തം വസൂയവോ വസുപതേ വസൂനാം
വിദ്മാ ഹിത്വാ ഗോപതിം ശൂരഗോനാമസ്മഭ്യം ചിത്രം വൃഷണം രയിം ദാഃ
ഇന്ദ്രാ,നീ സർവ്വസത്യവും അറിയുന്നു. (സത്യാന്വേഷികളായ) ഞങ്ങൾ അവക്കായി നിന്റെ വലത്തെ (ദക്ഷിണ)ഹസ്തം പിടിക്കുന്നു. വസുക്കൾക്കെല്ലാം വസുവായ വസുപതേ, ഗോപതിയും ശൂരനുമായ നീ ഗോക്കളായ ഞങ്ങൾക്കെല്ലാം വിസ്മയജനക(ചിത്രം)മായ വൃഷണത്തിലെ രയിയായ(ധനമായ) വിദ്യ ദാനം ചെയ്യുക.

6. ഇന്ദ്രം നരോ നേമധിതാ ഹവന്തേ യത്ഹര്യായുനജതേധിയസ്താഃ
ശൂരോ നൃഷാതാ ശ്രവസശ്ച കാമആഗോമതിവ്രജേഭജാ
ഇന്ദ്രനെ നരന്മാർ ജീവിതായോധനത്തില് വിളിക്കുന്നു. അവന്റെ ജ്ഞാനകർമ്മശക്തികള് ബുദ്ധികൊണ്ട് ഉപയോഗപ്പെടുത്തുന്നു. ശൂരനായ നൃപനായ ഇന്ദ്രൻ കാമങ്ങളെയെല്ലാം നിരോധിച്ച് പ്രകാശം നിറഞ്ഞ മനസ്സ് (ഗോമതി) തരുന്നു. വ്രജത്തിൽ ഭജിക്കുന്ന ഞങ്ങൾക്ക് സ്തവം കേട്ട് സദാ സുഹൃത്തായി(സഹചര)ഇരുന്നാലും
7. വയഃസുപർണ്ണാ ഉപസേദുരിന്ദ്രം പ്രിയമേധാഋഷയോനാധമാ
അപധ്വാന്തമൂർണ്ണഹി പൂർദ്ധി ചക്,ുമുമുഗ്ദ്ധ്യാസ്മാന്നിധയേബദ്ധ്വാൻ.
സുപർണ്ണങ്ങള് (പക്ഷികൾ)വലയിൽ(സംസാരം)പെട്ടപോലെ ദൂരദൃക്കുകളും യജ്ഞകാമികളും പ്രിയമേധസ്സുള്ളവരുമായ ഋഷിമാർ നിന്നെ വിളിക്കുന്നു. അജ്ഞാനം നീക്കി ജ്ഞാനപ്രകാശം തന്ന് കണ്ണുകൾ തെളിയിക്കാനും സംസാരബന്ധനം വേർപെടുത്തുവാനും .
8. നാകേ സുപർണ്ണമുപയത് പതന്തം ഹൃദാവേനന്തോ അഭ്യചക്ഷതത്വാ
ഹിരണ്യപക്ഷം വരുണസ്യദൂതം യമസ്യയോനൌശകുനം ഭുരണ്യും
ഹൃദയപൂർവ്വം നിന്നെ ആഗ്രഹിക്കുന്ന ഞങ്ങൾ, വേദനയറ്റ ആകാശ (മുക്തി)മാർഗ്ഗത്തില് പറക്കുന്ന സുപർണ്ണത്തെയെന്നപോലെ നിന്നെത്തന്നെ ഉറ്റുനോക്കുന്നു.സ്വർണ്ണച്ചിരകുകളോടെ വരുണദേവന്റെ ദൂതനായി, യമന്റെ യോനികളിൽ (ധർമ്മയോനികളായ ദക്ഷിണമാർഗ്ഗങ്ങളിൽ) ബലവാനായ പക്ഷിയായി മനുഷ്യരുടെയെല്ലാം പൂഷാവും പിതാവുമാണ് നീ.
9. ബ്രഹ്മ യജ്ഞാനം പ്രഥമം പുരസ്താദ്വിസീമതഃ സുരുചോ വേന ആവഃ
സ ബുദ്ധ്യാ ഉപമാ അസ്യ വിഷ്ഠാഃസതശ്ച യോനിമസതശ്ചവിവഃ
സീമിതമായ ഈ അണ്ഡകടാഹം സൃഷ്ടിക്കുന്നതിനും മുമ്പ് ആദ്യമായി ബ്രഹ്മം ജ്ഞാനം (വേദവ്ക്ക്) പ്രകാശിപ്പിച്ചു. മനോഹരങ്ങളായ അനേകം പ്രപഞ്ചങ്ങൾ സൃഷ്ടിച്ചു. സത്തും അസത്തും അദൃഷ്ടവും ദൃഷ്ടവും ആയ സൃഷ്ടികൾക്കെല്ലാം ആധാരവും ,യോനി(കാരണം, ഉത്ഭവസ്ഥാനം) യുമായി ബുദ്ധിയിൽനിന്ന് (ഈശ്വരന്റെ ബോധത്തിൽനിന്ന്) വേനൻ(സൂര്യൻ)ഉണ്ടായി.(ഭൂമിയുടെ യോനിയിലുള്ള സകല സൃഷ്ടിക്കും കാരണം സൂര്നാണ്)
10. അപൂർവ്വ്യാ പുരുതമാന് യസ്മൈ മഹേവീരായ തവസേ തുരായ
വിരപ്ശിണ വജ്രിണേ ശന്തനി വചാം സ്യസ്മൈസ്ഥവിരായ തക്ഷുഃ
അപൂർവ്വങ്ങളും മഹത്തുക്കളുമായ അനേകവചസ്സുകൾ, ഈ മഹാവീരനും ജ്ഞാനിയും തപസ്വിയും വജ്രിയും സ്ഥവിരനുമായ ഈശ്വരനുവേണ്ടി ശാന്തചിത്തരായ ജ്ഞാനികൾ അർപ്പിക്കുന്നു.

ഭാഷ്യം

ഋഷിമാർഃ- 1,2,6,വസിഷ്ഠൻ. 3 ഗാതു 4 വേനപുത്രന് പൃഥു 5 സപ്തഗു 7 ഗൌരിവീതി 8 ഭാർഗ്ഗവനായ വേനൻ. 9 ബൃഹസ്പതിയും നകുലനും 10 സുഹോത്രൻ. ദേവത ഇന്ദ്രൻ ഛന്ദസ്സ് ത്രിഷ്ഠുപ്പ് സ്വരം ധൈവതം

ഒന്നാം സൂക്തത്തിൽ വസിഷ്ഠന് ഹര്യശ്വനാമം രണ്ടർത്ഥത്തിലാണ് ഉപ യോഗിക്കുന്നത്. മനുഷ്യനിൽ ബോധം (consciousness)അഥവാപ്രജ്ഞ ഉദിച്ച തിനെക്കുറിച്ച് അതിപ്രാചീനനും സൂര്യവംശകുലഗുരുവും സപ്തർഷിയില് ഒരാളുമായ വസിഷ്ഠന്റെ ആദ്യസൂക്തം കഴിഞ്ഞ് രണ്ടാം സൂക്തത്തിൽ ഇന്ദ്രിയാദീശ്വരനായ ഇന്ദ്രനെന്ന നിയന്ത്രിതമനസ്സിന്റേയും ബുദ്ധിയുടേയും ക്ഷേത്രം അഥവാ സദനമായി പ്രപഞ്ചത്തെയാകെയും ജൈവശരീരത്തേയും വീക്ഷിക്കുന്നു. അതിലേക്ക് ആദ്യവർണ്ണമായ അകാരമായി (അ,ഉ,മ -ഓം) ധ്യാനലീനമായ യോഗനിദ്രാവസ്ഥയിൽ ബ്രഹ്മം(വിഷ്ണു)പ്രവേശിക്കുന്നു. അകാരം വിഷ്ണുവാമ്. പ്രപഞ്ചയോനിയിൽ ഈശ്വരബോധം, അതിൽനി ന്ന് ആദ്യവർണ്ണം, ആദ്യവേദവാണി.ഇതിന്റെ ചെറിയ ഒരു യൂണിറ്റ് ആയിട്ട് ഭൂമിയുടെ യോനിയും ബോധവും വർണ്ണവും വാണിയുമായ ഊർജ്ജദാതാവ് സൂര്യനുണ്ടായി.വേനനെന്നാണ് ഇവിടെ സൂര്യനെ വിളി ച്ചത്. ഭൂമിയിലെ രജസ്സുകൾക്ക്(കാമങ്ങൾ)യോനിയും കൂടിയാകയാലാണത്. (പുരാണപ്രസിദ്ധനായ രാജാവ് വേനന്റെ കഥ ഓർക്കുക)ആറാം സൂത്ര ത്തിൽ കാമങ്ങളെ അടക്കിയാണ് തന്റെ ശിഷ്യന്മാരായ സൂര്യവംശരാജാ ക്കന്മാർ പ്രകാശമതികളായ കാമധേനുക്കളെപ്പോലെ ദാനവീരായതെന്ന് സൂചിപ്പിക്കുന്നു. നാലാംസൂക്തത്തിന്റെ ഋഷി വേനപുത്രനും ധർമ്മിഷ്ഠ നും ഭൂമിയെ കാമധേനുവെപ്പോലെ കറന്നെടുത്തവനും ആയ പൃഥുചക്രവ ർത്തിയാണ്. അഞ്ചാം സൂക്തത്തിലെ ഋഷിമാർ സപ്തഗോക്കള്(രശ്മി, സ്വ രം,വർണ്ണം,മാതൃ,ഋഷി)ആയ ജലദേവതമാരാണ്,വർണ്ണരസദേവതമാരാണ്. ഇവർ സത്യാന്വേഷികളാണ്.സത്യസ്വരൂപനും സർവ്വജ്ഞനുമായ ഇന്ദ്രന്റെ വലത്തുകൈ(ദക്ഷിണഹസ്തം)പിടിച്ച ജ്ഞാനികളാണ്.(ദക്ഷിണഹസ്തം ധാ രാളം ദക്ഷിണ നൽകുന്നു).വിവാഹത്തിൽ പത്നിയും പതിയുടെ വലത്തു കൈ പിടിച്ച് പ്രദക്ഷിണം വെക്കുന്നു. ഗോപതി എന്ന വാക്ക് ഇവിടെ പ്രയോഗിക്കുന്നത് നാനാർത്ഥത്തിലാണ്. പശുക്കളുടെ പതിയായ കാള, ഋഷഭം. പ്രകാശരശ്മികളുടെ പതി സൂര്യൻ. വാക്കുകളുടെ (വാഗ്ദേ വി)പതി ബ്രഹ്മം. ഗോക്കളായ ഞങ്ങൾക്ക് ഗോപതിയായ നീ ചിത്രമായ വൃഷണത്തിലെ രയി തരിക എന്നത് അപ്പോള് സന്തതിയുടെ സൃഷ്ടിയാ വും. ജീവജാലങ്ങളുടെ വംശസൃഷ്ടി ,ജ്ഞാനപ്രകാശസമൃദ്ധി, വാക്സമൃദ്ധി, ജലസമൃദ്ധി, വിദ്യ ഇവയെല്ലാം വിചിത്രങ്ങളായ ഋഷഭരാശിയിലെ ജീവ

നമഴയിൽനിന്നാണ് സംഭവിക്കുന്നത്. സപ്തമാതൃക്കളെയും (കാർത്തികാന ക്ഷത്രസമൂഹത്തിലെ) ഋഷഭരാശിയിലേക്ക് പ്രവേശിച്ച സൂര്യനേയും ഒന്നി ച്ച് സ്തുതിക്കുന്നു.എട്ടാം സൂക്തത്തിൽ ഭാർഗ്ഗവനായ വേനൻ(ഭൃഗുക്കളുടെ ക്ഷേത്രത്തിലെ ഭാർഗ്ഗവക്ഷേത്രത്തിലെ കാമദേവത)വരുണനെന്ന ജലദേവതാ പതിയുടെ (ഈശ്വരന്റെ) ദൂതനായി ധർമ്മയോനിയായ ദക്ഷിണാപഥമാ ർഗ്ഗത്തില് പറക്കുന്ന (സ്വഛന്ദം ആകാശഗമനം ചെയ്യുന്ന) സ്വർണ്ണച്ചിറകു ള്ള ഗരുഡവാഹനത്തെയാണ് ഹൃദയപൂർവ്വം ധ്യാനിച്ച് ഉറ്റുനോക്കുന്നത്. ഒമ്പതാംസൂക്തം ബൃഹസ്പതിയും നകുലനും കൂടിയാണ് .നകുലന് പാണ്ഡ വരാജകുമാരനാകയാല് ഇതുവരെ പറഞ്ഞ ഋഷിമാരിൽനിന്നെല്ലാം കാലം കൊണ്ട് വളരെ കഴിഞ്ഞാണ് ജനിച്ചത്. ബൃഹസ്പതിശിഷ്യനായ ഭീഷ്മരും ദ്രോണരും അവരുടെ ശിഷ്യനായ നകുലനും യുധിഷ്ഠിരന്റെ രാജസൂയ കാലത്ത് ഉച്ചരിച്ച ഈ മന്ത്രം ബിസി 3100ൽ ഭാരതീയര് സൃഷ്ടിയെ എങ്ങ നെ കണ്ടിരുന്നു എന്നതിന് തെളിവാണ്.

ബ്രഹ്മം–ജ്ഞാനം–വാക്ക്–അണ്ഡകടാഹം–അതിലെ അനേകം പ്രപഞ്ചങ്ങൾ- സൂര്യവ്യൂഹത്തിന്റെ യോനിയായി കാമയോനിയായ സൂര്യനെന്ന വേനന്- -ഭൂമിയും ദൃശ്യവും അദൃശ്യവുമായ സൂര്യവ്യൂഹത്തിലെ പ്രതിഭാസങ്ങ ളും.ഭൂമി സൃഷ്ടിക്കപ്പെട്ട് ഏറെക്കാലെ കഴിഞ്ഞാണ് അതിൽ മനുഷ്യസൃ ഷ്ടിയും മനുഷ്യനിൽ ബോധവും ഉണർന്നത്. അവനിൽ വാക്കും അർത്ഥ വും ഭാഷയുമായി അത് അഭിവൃദ്ധമായി. ആ വാക്കുകള് അപൂർവ്വങ്ങ ളും മഹത്തുക്കളുമായി വികസ്വരമാവുന്നത് പിന്നീടാണ്. അവയെ ശാന്ത ചിത്തരായ ഋഷിമാർ പ്രപഞ്ചക്ഷേമത്തിനായി ബ്രഹ്മാർപ്പണമാക്കുന്നത്.(സൂ 10 സുഹോത്രൻ). നൈരന്തര്യമുള്ളതും കാലത്തെ കടന്നുനിൽക്കുന്നതുമായ ഇത്തരം വിചാരങ്ങൾ അനേകം തലമുറകളിലൂടെയാണ്. മനുഷ്യവംശത്തി ലെ ആദിമഋഷിമാർ സൃഷ്ടിച്ച് ,ക്രോഡീകരിച്ച്, പിൻതലമുറകൾക്കായി സം രക്ഷിച്ചത് . അവരുടെ ശ്രമങ്ങൾ 21ആം നൂറ്റാണ്ടിനു ശേഷമുള്ള തലമുറക ൾക്ക് കൈമോശം വന്നുപോകരുതേ എന്ന പ്രാർത്ഥനയോടെയാണ് അണ്ണാറ ക്കണ്ണനും തന്നാലായത് എന്ന ന്യായം ഓർത്തുകൊണ്ട് ഈ മഹദ്കർമ്മം അനുഷ്ഠിക്കുന്നത്.

ദശകം 10

1. .അവദ്രപ്സോ അംശുംതീമതിഷ്ഠദീയാനഃ കൃഷ്ണോ ദശഭിഃസഹസ്രൈഃ
   ആവത്തമിന്ദ്രഃശച്യാ ധമന്തമപസ്നീഹിതിം നൃമണാഅധദ്രാഃ
   പത്തും ആയിരവുമായി വളർന്ന കൃഷ്ണം അംശുമതിയുടെ മതിയെ ആകർഷിച്ച് ദ്രവിപ്പിക്കുന്നു.ഇന്ദ്രാവരുക. ശചിയാലും ശക്തിയാലും ആ

ഒഴുക്ക് തടയുക. നരന്മാരിലിരിക്കുന്ന (സ്നേഹ)ശക്തിക്കു മാത്രം അത് കീഴടങ്ങുന്നു.

2. വൃത്രസ്യ ത്വാ ശ്സഥാദിഷമാണാ വിശ്വേദേവാ അജഹുര്യസഖായഃ
മരുദ്ഭിരിന്ദ്ര സഖ്യംതേ അസ്ത്വഥേമാ വിശ്വാഃപൃതനാ ജയാസി
വൃത്രനെ ഭയന്ന് വിശ്വേദേവന്മാരായ നിന്റെ ആര്യസഖാക്കളെല്ലാം നിന്നെ വിട്ട് ഓടിപ്പോയി. അതിനാൽ ഇന്ദ്രാ, നീ മരുത്തുക്കളുമായി സഖ്യം ചെയ്യുക. നീ അതിനാൽ, വിശ്വത്തെ ജയിക്കുമാറാകട്ടെ.
3. വിധും ദധ്രാണം സമനേ ബഹൂനാം യുവാനാം സന്തം പലിതോ ജഗാര
ദേവസ്യ പശ്യ കാര്യം മഹിത്വാദ്ധ്യാ മമാരസഹ്യഃസമാനഃ
അനേകം യുവാക്കളായ ഹിംസകരെ വൃദ്ധനായ അവൻ ഹനിച്ചു. വിഴുങ്ങിക്കളഞ്ു. ആ ദേവന്റെ മഹത്തായ കാര്യങ്ങള് കാണുക. ഇന്നലെ ഉണ്ടായിരുന്നത് ഇന്നില്ല. (വിധു ചന്ദ്രൻ) ചന്ദ്രവംശജർ എന്നും സർവ്വം സമാനമായി നിലനിൽക്കുന്നുമുണ്ട്.
4. ത്വംഹ ത്യത്സപ്തഭ്യോ ജായമാനോശത്രുഭ്യോ അഭവഃശത്രുരിന്ദ്രഃ
ഗൂഢേ ദ്യാവാപൃഥിവീ അന്വവിന്ദോവിഭുമദ്ഭ്യോ ഭുവനേഭ്യോരണംധാഃ
നീയാണ് ജനിച്ച ആ ഏഴുശത്രുക്കളേയും ഇല്ലാതാക്കിയത്. ഗൂഢമായി (മറഞ്ഞിരുന്നുകൊണ്ട്) ദ്യാവാപ്രൃഥ്വികളെ നീ വ്യാപിക്കുന്നു. ശക്തമായ പ്രാണങ്ങളാൽ സർവ്വഭുവനവും അറിഞ്ഞ്,ആസ്വദിച്ച് വിഭുവായിരിക്കുന്നു.
5. മേഢിം നത്വാവജ്രിണംഭുഷ്ടിമന്തം പുരുധസ്മാനംവൃഷഭം സ്ഥിരപ്സ്തമ്
കരോഷ്യര്യസ്തരുഷീർദുവസ്യുരിന്ദ്ര ധ്യുക്ഷം വൃത്രഹന്തം ഗുര്ണീവേ
വജ്രീ, കർമ്മത്തെ ഇഛരിച്ച് നീ വജ്രംപോലെ അംഗങ്ങള് ബലവത്താക്കി. നീ വേദവാക്കുപോലെ ശക്തവും ധീമത്തും ഇന്ദ്രിയനിയന്താവും ശോഭയേറിയതും അമൃതവും മഹത്തും പ്രതിബന്ധത്തെ(വൃത്രനെ) ഹനിക്കുന്നതുമായ വൃഷഭമാണ്.
6. പ്രയോമഹേ ബുധേഭരധ്വം പ്രചേതസേ പ്രസുമതിം കൃണുദ്ധ്വം
വിശഃപൂർവ്വിം പ്ര ചര ചർഷണിപ്രാഃ
മഹത്തായ ഭാരങ്ങൾ(ചുമതല)പ്രകർഷേണ ചേതസ്സാലും നല്ല മനസ്സോടെയും ബുധന്മാരേ, ഏറ്റെടുത്താലും. ജ്ഞാനദായകനായ ഈശ്വരൻ മുമ്പെന്നപോലെ നല്ലവരിലേക്ക് ഇപ്പോഴും എത്തുന്നു.
7. ശുനംഹുവേമ മഘവാനമിന്ദ്രമസ്മിൻ ഭരേനൃതം വാജസാതൌ
ശൃണ്വന്തമുഗ്രമൂതയേ സമത്സു ഘ്നന്തം വൃത്രാണി സഞ്ചിതം ധനാനി
ജ്ഞാനസംരക്ഷണത്തിനുള്ള യജ്ഞത്തിൽ ഞങ്ങള് മഘവാനായ ഇന്ദ്രനെ ക്ഷണിക്കുന്നു. ഉഗ്രനായ അവൻ സർവ്വം ശ്രവിക്കുന്നു. വൃത്രന്മാരെ നശിപ്പിക്കുന്നു. ധനം സഞ്ചയിച്ച് സമമായി എല്ലാവർക്കും തരുന്നു.

8. ഉദുബ്രഹ്മാണ്യൈരത ശ്രവസ്യേന്ദ്രം സമയേ മഹയാവസിഷ്ഠ
ആ യോ വിശ്വാനി ശ്രവസാ തതാനോപശ്രോതാ മഈവതോവചാംസി
ബ്രഹ്മാനന്ദത്തിൽ രതിയുള്ളവരേ, എല്ലാവരും ഉറക്കെ മഹത്തായ വേദ വാക്ക് ഉച്ചരിക്കുക. സർവ്വവിസ്വവും സൃഷ്ടിച്ച ഇന്ദ്രന് അതു ശ്രവിക്കുന്നു. വിശ്വസ്തനായ സേവകന് ഉച്ചരിച്ച ഓരോ വാക്കും അവനിലെത്തുന്നു. അവൻ കേൾക്കുന്നു.
9. ചക്രം യദസ്യാപ്‌സ്വാ നിഷത്തമുതോ തദസ്മൈ മദ്വിച്ഛദ്ധ്യാത്
പഥിവ്യാമതിഷിതം യദൂധഃപയോഗോഷ്വദയാ ഓഷധീഷു
കാണപ്പെടുന്ന ഈ കർമ്മസംസാരചക്രത്തില് രഹസ്യമായ ഒരു മധു ഉണ്ട് . ഭൂമിയുടേയും ഉപരിസ്ഥാപിതമായ ആ ചക്രത്തിൽ പശുക്കളില് പാലും സസ്യങ്ങളിൽ ഔഷധഗുണവും ഈശ്വരന് നിറച്ചിരിക്കുന്നു.

ഭാഷ്യം

ഋഷിഃ- 1,2,4 ദ്യുതാനൻ. 3 ബൃഹദുക്ഥൻ. 5 വാമദേവൻ. 6,8 വസിഷ്ഠൻ. 7 വിശ്വാമിത്രൻ. 9 ഗൌരിവീതി ദേവത ഇന്ദ്രൻ. ഛന്ദസ്സ്- 1-5, 7-9 ത്രിഷ്ഠുപ്പ്, 6 ത്രിപദാ വിരാട് അനുഷ്ഠുപ്പ്. സ്വരം 1-5,7-9 ധൈവതം, 6 ഗാന്ധാരം

ആദ്യസൂക്തത്തിലെ കൃഷ്ണശബ്ദം ഭാഗവതമഹാഭാരതകാലത്തെ കൃഷ്ണനാണെന്ന് സായണാചാര്യർ.ദ്യുതാനനെന്ന ഋഷിയാണ് സൂക്തദ്രഷ്ടാവ്. ഗ്രിഫിത്ത് അംശുമതി ആകാശത്തിലെ ഒരു നദിയാണെന്ന് (ആകാശഗംഗ, വിരജ) കരുതുന്നു. വിഷ്ണുവിന്റെ യോഗനിദ്രയിലെ തമസ്സ് കൃഷ്ണമാണ്. ആ മഹാപ്രലയകാലത്തെ കൃഷ്ണതമോദ്വാരത്തിൽ സൃഷ്ടിചലനമില്ല. അതിന്റെ അപരിമിതശക്തിയില് സർവ്വ ഊർജ്ജവും വിഴുങ്ങപ്പെട്ട് നഷ്ടമാകുന്നു. അംശു രശ്മിയാണ്. പ്രകാശരശ്മികലെ തന്നിലേക്ക് ആകർഷിച്ച് ലയിപ്പിക്കുന്ന യോഗനിദ്രയുടെ പരകൃഷ്ണാവസ്ഥ. പിന്നിലേക്കുള്ള ആ ഒഴുക്ക് ജീവനേയും സംസാരത്തേയും ഇല്ലാതാക്കുന്നു. അതിനെ തടയാനാണിവിടെ പറയുന്നത്. ജനനമരണാത്മകമായ സംസാരചക്രം അനാദിയും അനന്തവുമായി തുടർന്നേ തീരൂ. ജീവന്റെ നിലനില്പിന്.

മൂന്നാം സൂക്തത്തിൽ വിധു ചന്ദ്രനാണ്. ചന്ദ്രൻ വൃദ്ധിക്ഷയങ്ങളോടെ പൂർണ്ണചന്ദ്രനും അമാവാസിച്ചന്ദ്രനുമായി മാറുന്നു. അതുപോലെയാണ് ജീവനും. ഇന്നുണ്ട്.നാളെയില്ല. മറ്റേന്നാൾ വീണ്ടും ഉണ്ടാവും. ആവർത്തിക്കുന്ന ചക്രമാണ് സംസാരം. കാലം പടുവൃദ്ധനാണ്. അവന് മരണമില്ല. അതാതുകാലത്തെ മനുഷ്യർ യുവാക്കളായ ഹിംസകരാണ്. ആ ചെറുപ്പക്കാരെ ഈ പടുവൃദ്ധനായ കാലം കൊല്ലുന്നു,വൃദ്ധൻ ജീവിക്കുന്നു. അത്

കാലമഹത്വം. മറ്റെല്ലാം നശിച്ചാലും കാലവർഷക്കാറ്റുകളെന്ന (മരുത്തുക്കള്) സഖാക്കളുള്ള കാലത്തോളം ജലവും അന്നവും ജീവനും ഇന്ദ്രിയങ്ങളും,ഇന്ദ്രിയാധീശ്വരനായ ഇന്ദ്രനും നാശമില്ല. മരുത്തുക്കളാണ് ഇന്ദ്രിയാധീശ്വരന്റെ ശക്തി. ജീവന്റെ ആധാരം. ഇന്ദ്രൻ ആദ്യം അവരെ ശത്രുക്കളെന്നു കരുതി .ദിതിഗർഭത്തിലെ 7 മരുത്തുക്കളെ ഏഴേഴായി 49 കഷ്ണമാക്കി. പക്ഷേ അവരാണ് ഇന്ദ്രന്റെ യഥാർത്ഥസഖാക്കൾ. അവരാൽ സർവ്വലോകവും വ്യാപിച്ച് ഇന്ദ്രൻ വിജിഗീഷുവായി. വായു ബലവാനാണ്. വജ്രാംഗബലിയാണ്. വേദവാക്കുപോലെ സർവ്വവ്യാപിയാണ്. പ്രാണനിയന്ത്രണത്താലാണ് പ്രാണോർജ്ജത്താലാണ് ഇവിടെ സർവ്വ മഹദ്കർമ്മവും സാധിക്കുന്നത്. വാക്കിനെ സംരക്ഷിക്കുക അഥവാ വിദ്യയെ സംരക്ഷിക്കുക എന്നത് ഭാരമേറിയചുമതലയാണ്. ഏതുഭാരവും പുഷ്പം പോലെ വഹിക്കുന്ന പ്രാണവായുവാൽ മാത്രമേ അത് സാധിക്കൂ. ബലവാനായ ഇന്ദ്രിയാധീശ്വരനും ബലവാന്മാരായ പ്രാണങ്ങളും സർവ്വ തടസ്സവും നീക്കി സർവ്വജ്ഞനും സർവ്വൈശ്വര്യവാനുമാക്കുന്നു. അതിനാൽ ബ്രഹ്മജ്ഞാനികള് വേദവാക്ക്, പ്രാണനിയന്ത്രണത്തോടെ ,ഉച്ചാരണശുദ്ധിയോടെ ഉച്ചരിച്ച് സർവ്വ ലോകത്തേയും കേൾപ്പിക്കുന്നു.

വാക്കിൽ മധുവുണ്ട്,രസമുണ്ട്. പ്രാണനാണ് വാക്ക്. ആ മധു ഈ സംസാരചക്രത്തിലാണ് മറഞ്ഞിരിക്കുന്നത്. സംസാരചക്രം ഭൂമിയിലാണ്. സത്യേനോത്തംഭിതം ചക്രമെന്ന ശ്രീചക്രം,സുദർശനകാലചക്രം ഭൂമിക്കുപരിയും ചുറ്റുമായി സർവ്വത്ര വ്യാപ്തമാണ്.. ഭൂമിയിലെ പശുക്കളിലേക്ക് പാലും സസ്യങ്ങളിലേക്ക് അന്നവും ഔഷധവും ജീവനും പ്രാണനും എല്ലാം മഹത്തായ ആ ശ്രീചക്രത്തിലെ മധുവിന്റെ ഒറ്റ യൂണിററ് അഥവാ കണതരംഗം മാത്രമാണ്.

ദശകം 11

1. ത്വമൂഷു വാജിനം ദേവജൂതം സഹോവാനം തരുതാരം രഥാനാം അരിഷ്ടനേമിം പൃതനാജമാശും സ്വസ്തയേ താർക്ഷ്യമിഹാഹുവേമ അരിഷ്ടനേമിയായി, സർവ്വത്തേയും വളഞ്ഞ് ഭ്രമണം ചെയ്യിക്കുന്നവനായി, ബലവാനും ആകാശചാരിയും രഥങ്ങളുടെ പാത നിർണ്ണിയിക്കുന്നവനും സർവ്വ ഹൃദയത്തിലും ഇരിക്കുന്നവനുമായ താർക്ഷ്യന് സ്വസ്തി. ഞങ്ങൾ നിന്നെ ആവാഹിക്കുന്നു.
2. ത്രാതാരമിന്ദ്രമവിതാരമിന്ദ്രം ഹവേഹവേ സൂഹവം ശൂരമിന്ദ്രം ഹുവേനു ശക്രം പുരുഹൂതമിന്ദ്രമിദം ഹവിർമഘവാവേത്വിന്ദ്രഃ സംരക്ഷകനും സഹായിയും ഓരോരോ ഹവനത്തിലും വിളിക്കപ്പെ

ടുന്നവനും വിളിച്ചാൽ വരുന്നവനും ശൂരനുമാണ് ഇന്ദ്രൻ. ശക്രനും പുരുഹൂതനും മഘവാനുമായ ആ ഇന്ദ്രന് ഹവിസ്സ് അർപ്പിക്കുന്നു.

3. യജാമഹ ഇന്ദ്രം വജ്രദക്ഷിണം ഹരിണാം രഥ്യാം വിപ്രതാനാം പ്രരമശ്രുഭിർദ്ധോധുവദൂർദ്ധ്വധാഭുവദ്വിസേനാഭിർഭയമാനോവിരാധസാ
   വജ്രബലമുള്ളതും ദക്ഷിണ(സവ്യ)മായ രാജപാതകളിൽ സഞ്ചരിക്കുന്നവ യുമായ ഹരി(ഇന്ദ്രിയം)കളെക്കൊണ്ട് സംരക്ഷിക്കുന്നവനുമായ ഇന്ദ്രനം യജിക്കുന്നു. ദിവ്യങ്ങളായ സഖാക്കളോടെ ദുഷ്ടവാസനകളെ സദ്വാസനക ളാക്കുന്ന സേനകളാൽ ഭയപ്പെടുത്തി ഓടിക്കുന്ന രാധസ്സ് തരുന്ന ഇന്ദ്രനെ സ്തുതിക്കുന്നു.
4. സത്രാഹണം ദാധുഷിം തുഭ്രമിന്ദ്രം മഹാമപാരം വൃഷഭം സുവജ്രം ഹന്താ‌യോവൃത്രം സനിതോനവാജം ദാതാമഘാനി മഘവാ സുരാധാഃ
   മഹത്തും അപാരവും സുവജ്രവും വൃഷഭവുമായ ഇന്ദ്രനെ സ്തുതിക്കു ന്നു. സത്രത്തിലേക്ക് വിളിക്കുന്നു.വൃത്രഹന്താവായ അവൻ അന്നവും ബലവും ജ്ഞാനവും തരുന്നു. സുരാധാവായ മഘവാൻ മഘങ്ങളില് സർവ്വവും തരുന്നു.
5. യോനോ വനുഷ്യന്നഭിദാതി മർത്തഉഗണാവാമന്യമാനസ്തുരോ വാ ക്ഷിധീയുധാ ശവസാവാ തമിന്ദ്രാഭിഷ്യാമവൃഷമണസ്തോതാഃ
   ഞങ്ങളെ കൊല്ലണമെന്ന് നിശ്ചയിച്ച് താൻ വലിയ യോദ്ധാവാണെന്ന അഹങ്കാരത്തോടെ, അനേകം യോദ്ധാക്കളോടെ യുദ്ധത്തിനു വരുന്നവരെ തോല്പിക്കാന്, സംരക്ഷകനായ ബലവാനായ ഇന്ദ്രന്റെ സഹായത്തോടെ സാധിക്കട്ടെ.
6. യം വൃത്രേഷു ക്ഷിതയഃസ്പർദ്ധമാനാ യംയുക്തേഷു തുരയന്തോ ഹവന്തേ യംശൂരസാതൌ യമപാമുപജ്മന്യം വിപ്രാസോ വാജയന്തേ സ ഇന്ദ്രഃ
   സ്പർദ്ധിക്കുന്ന ലൌകികമനുഷ്യര് വിഷമം വരുമ്പോള് അവനെ വിചാരി ക്കുന്നു.യോഗയുക്തർ സദാ തുരീയാവസ്ഥയില് അവനെ ഹവിസ്സ് അർപ്പി ച്ച് ദർശിക്കുന്നു. യുദ്ധം ചെയ്യുന്ന ശൂരന്മാർ യുദ്ധഭൂമിയില് യമധർമ്മമാ യി അവനെ ഉപാസിക്കുന്നു. വിപ്രന്മാർ വാജത്തിനായി അവനെ പ്രാ ർത്ഥിക്കുന്നു. (ധാരാളം അന്നപാനങ്ങളാൽ സംസാരവൃക്ഷം പ്രവർത്തിപ്പി ക്കാൻ) ജ്ഞാനികൾ അവനെ കീർത്തിക്കുന്നു.
7. ഇന്ദ്രാ പര്്വതാ ബൃഹദാ രഥേന വാമീരിഷആവഹതം സുവീരാഃ വീതം ഹവ്യാന്യദ്ധ്വരേഷു ദേവാ വദ്ധേഥാം ഗീർഭിരിഡയാ മഹന്താ
   ഇന്ദ്രനും പർവ്വതങ്ങളും ബൃഹത്തായ തങ്ങളുടെ രഥങ്ങളാല് ഞങ്ങൾക്ക് ജലവും അന്നവും ആവാഹിച്ചുതന്ന് സുവീരരായ പ്രജകളെ ജനിപ്പിക്കു ന്നു. ഞങ്ങളുടെ വീതം (ഹോമഭാഗം,നികുതി) ആയ ഹവ്യം അദ്ധ്വരങ്ങ ളിൽ ദേവാ, സ്വീകരിക്കുക. മഹത്തായ ഇഡയാൽ (ഇള,ഭൂമി എന്നും) പാടപ്പെടുന്ന ഈ ഗീരുകളാൽ ആർദ്രമാവുക.

8. ഇന്ദ്രായ ഗിരോ അനിശിതസർഗ്ഗാ അപഃപ്രൈര യത് സഗരസ്യബുധ്നാത്
യോ അക്ഷേണേവ ചക്രിയൌ ശചീഭിർവിഷ്വക്തസ്തംഭപൃഥിമിമൃതധ്യാം
ആപസ്സിനെ (ജലം)നമുക്കായി സൃഷ്ടിച്ച് ഗിരികളിൽ വീഴ്ത്തുന്ന ഇന്ദ്രന്നു വേണ്ടി സ്തോത്രം പാടുക. സാഗരത്തെ പ്രേരിപ്പിച്ചുകൊണ്ട് നീ മുകളിലാകെ അദൃശ്യമായി വ്യാപിച്ചിരിക്കുന്നു. ഈ ഭൂമിയിൽ അമൃതധാമത്തോടെ പ്രകാശിക്കുന്ന മക്കളെ പിതൃക്കൾക്ക് നൽകുന്നു. അവന്നായി അക്ഷയമായ സ്തുതി പറയുക. ചക്രം പോലെ വാനവും ഭൂമിയും അവന്റെ നാഭിയിലിണങ്ങുന്നു.
9. ആ ത്വാ സഖായഃസഖ്യാ വവൃത്യുസ്തിരഃപുരൂചിദർണ്ണവാം ജഗമ്യാഃ
പിതുർന്നപാതമാ ദധീതവേധാ അസ്മിന് കമലേപ്രതരാംദീധ്യാനഃ
നിന്റെ സുഹൃത്തുക്കളായ ഞങ്ങൾ നിന്നെ സഖാവായി ഉപാസിക്കുന്നു. ചിദർണ്ണവത്തിൽ(ചൈതന്യസമുദ്രം) നീ സർവ്വത്ര വ്യാപിച്ചിരിക്കുന്നു. പിതൃക്കൾക്ക് പിൻതലമുറയെ തരുന്നു. ഞങ്ങൾ ക്ഷയിച്ചാലും ഞങ്ങളുടെ വംശം ക്ഷയിക്കാതെ നിലനിർത്തുന്നു.
10. കോഅധ്യയുങ് ക്തേധുരിഗാ ഋതസ്യശിമീവതോഭാമിനോദുഹൃണായൂ ൻ
ശാസന്നേഷാമപ്സുവാഹോ മയോഭൂന്യഏഷാം ഭൃത്യാമൃണധത്സജീവാത്
സത്യേന്വേഷണത്തിനായി ഋതത്തിന്റെ പാതയിൽ തീർത്ഥാടനം ചെയ്യുമ്പോളാണ് ,യോഗയുക്തമായി,ഇന്ദ്രിയങ്ങളെ യഥാർത്ഥപാതയില് തിരിച്ചുവിട്ട് ജീവനെ പരമാനന്ദം അനുഭവിപ്പിക്കുന്നത്.

ഭാഷ്യം

ഋഷിഃ- 1 അരിഷ്ടനേമി താർക്ഷ്യൻ. 2 ഭരദ്വാജൻ. 3 വസുകൃത്തും വിമദനും 4-6 , 9 വാമദേവൻ. 7 വിശ്വാമിത്രൻ, 8 രേണുവും വാമദേവനും 10 ഗൌതമൻ. ദേവത 1.താർക്ഷ്യൻ. 2-6, 8-10 ഇന്ദ്രൻ, 7 ഇന്ദ്രനും പർവ്വതങ്ങളും .ഛന്ദസ്സ് ത്രിഷ്റുപ്പ് സ്വരം ധൈവതം.

പ്രപാഠകം 4 അർധം 2

ദശകം 12

1. ഗായന്തി ത്വാ ഗായത്രിണോർച്ചന്ത്യർക്കാർക്കിണഃ
ബ്രഹ്മാണസ്തവാ ശതക്രത ഉദ്വംശമിവ യേമിരേ
ഞങ്ങൾ ഗായത്രിയാല് പാടുന്നു. അർക്കം കൊണ്ട് അര്ക്കനെ അർച്ചിക്കുന്നു. ശതക്രതുക്കളായി വംശത്തെ ഉയർത്തുന്നതോടൊപ്പം ബ്രഹ്മജ്ഞർ നിന്നെ പുകഴ്ത്തുന്നു.(ബ്രാഹ്മണർ)
2. ഇന്ദ്രം വിശ്വാഅവീവൃധൻത സമുദ്രവ്യചസം ഗിരഃ
രഥീതമം രഥീനാം വാജാനാം സത്പതിം പതിം

വിശ്വത്തിന് ആധാരമായിരിക്കുന്ന ഇന്ദ്രനെ സമുദ്രം പോലെ വ്യാപിച്ച ഗീരുകളാൽ പാടുന്നു. രഥികൾക്ക് അവന് രഥീതമമാണ്. വാജന്മാരായ സത്പതികൾക്കും പതിയാണ്.

3. ഇമമിന്ദ്രസുതം പിബ ജ്യേഷ്ഠമമർത്ത്യം മദം
ശുക്രസ്യ ത്വാഭ്യക്ഷരൻ ധാരാ ഋതസ്യ സാദനേ
ഇന്ദ്രാ, അമൃതത്തിന്റെ ആദ്യം പിന്നെ ജ്യേഷ്ഠം-ഈ ലഹരി നുകരുക. സത്യത്തിനുള്ള അന്വേഷണത്തിൽ സാത്വികത്തെ നേടിയ ഈ അക്ഷരധാരകൾ ഋതത്തിനായി,നിനക്കായി, സൃഷ്ടിക്കപ്പെട്ട ഗീരുകളാണ്.
4. യദിന്ദ്രചിത്ര മ ഇഹ നാസ്തി ത്വാദാതമദ്രിവഃ
രാധസ്തന്നോ വിദദ്വസ ഉഭയാഹസ്ത്യാഭര
ഇവിടെ ഏതൊരു വിചിത്രജ്ഞാനമാണ് നീ തരാത്തതായിട്ടുള്ളത്. ഏതെങ്കിലും തരാത്തതായിട്ടുണ്ടെങ്കിൽ അത്- ആ രാധസ്സ്- നിന്റെ രണ്ടുകയ്യും നിറച്ച് വാരിക്കോരിത്തരിക.
5. ശ്രുതിഹവം തിരശ്ച്യാ ഇന്ദ്ര യസ്ത്വാ സപര്യതി
സുവീര്യസ്യ ഗോമതോ രായസ്ഫൂർദ്ധി മഹാംശ്വസി
യോഗിയായ എന്റെ വിളി കേൾക്കുക. ഇന്ദ്രാ എന്നിലേക്ക് വരിക. സുവീര്യവും പ്രകാശം നിറഞ്ഞതുമായ ജ്ഞാനവും ധനവും കൊണ്ട് എന്നെ നിറക്കുക. നീ മഹാനാണ്.
6. അസാസി സോമ ഇന്ദ്രതേ അവിഷ്ഠ(ശവിഷ്ഠ) ധൃഷ്ണ്വാവാഗഹി
ആ ത്വാ വൃണക് ത്വിന്ദ്രിയം രജഃസൂര്യോ ന രശ്മിഭിഃ
ഈ സോമം,ഇന്ദ്രാ, ധിഷ്ണകളിൽ നിനക്കായി ഉണ്ടാക്കപ്പെട്ടു. വരിക. രക്ഷിക്കുക, ഇന്ദ്രിയങ്ങളെ മനസ്സിൽ ഏകോപിപ്പിച്ച് ഞങ്ങള് ധ്യാനിക്കട്ടെ. സൂര്യൻ രജസ്സുകളേയും രശ്മിയേയും ഉൾവലിച്ചതുപോലെ.
7. ഐന്ദ്ര യാഹി ഹരിഭിരുപകണ്വസ്യ സൃഷ്ടുതിം
ദിവോ അമുഷ്യ ശാസതോ ദിവം യയ ദിവാവസോ
ഇന്ദ്രാ,വരിക. ജ്ഞാനമരുളുന്ന ഹരികളോടെ അടുത്തുവന്ന് കണ്വന്റെ ഈ സൃഷ്ടി സ്വീകരിക്കുക. പകലിന്റെ ദേവാ, വെളിച്ചത്തിന്റെ വെളിച്ചത്തിലേക്ക് , ആ പ്രകാശലോകത്തെ ശാസിക്കുന്ന (ഭരിക്കുന്ന) നീ നയിച്ചാലും.
8. ആ ത്വാ ഗിരോ രഥീരിവാസ്ഥുഃ സുതേഷുഗീർവാണഃ
അഭിത്വാ സമനൂഷത ഗാവോ വത്സം ന ധേനവഃ
ഗീർവാണത്താലും വേദവാക്കാലും അറിയപ്പെടുന്നവനേ, ഈ ഗീരുകൾ രഥത്തോടുചേർന്ന രഥി(സാരഥി)യെപ്പോലെ നിന്നിലേക്ക് അതിവേഗം എത്തുന്നു. പശുക്കള് കിടാങ്ങളിലേക്ക് എന്നപോലെ സോമം നിറച്ച ഈ ഗാനങ്ങൾ നിന്നിലേക്ക് എത്തുന്നു.

9. ഏതോനിന്ദ്രം സ്തവാമ ശുദ്ധം ശുദ്ധേന സാമ്നാ
ശുദ്ധൈരുക്ഥൈർ വിവൃദ്ധ്വാം സംശുദ്ധൈരാശീർവ്വൻമിമതു
വരിക,ശുദ്ദമായ ഇന്ദ്രനെ സ്തവത്താൽ സ്തുതിക്കുക .ശുദ്ധമായ
സാമത്താലും ശുദ്ധമായ ഉക്ഥത്താലും വീണ്ടും സംശുദ്ധമാക്കപ്പെട്ട്
വർദ്ധിച്ച് അവന് ആശീർവ്വാദം തരുന്നു.

10. യോ രയിം യോ രയിന്തമോ യോധ്യുമ്നൈർധ്യുമ്നവത്തമഃ
സോമഃസുതഃസ ഇന്ദ്രതേസ്തി സ്വധാപതേ മദഃ
ആരാണോ രയികളിൽവെച്ച് രയിന്തമന് ആരാണോ ദ്യുമ്നനിൽവെച്ച്
ദ്യുമനവത്തൻ, ആ ഇന്ദ്രൻ സോമം പോലെ ശാന്തരായ, സുതരെപ്പോലെ
പ്രിയങ്കരരായ ഉപാസകരുടെ ലഹരി (ആനന്ദലഹരി)യിൽനിന്ന് ആനന്ദം
കൊള്ളുന്നു. സ്വധാപതേ, നിനക്ക് സ്വസ്തി.

ഭാഷ്യം

ഋഷിഃ- 1 മധുഛന്ദസ്സ് 2 ജേതാ, മധുഛന്ദസ്സുകൾ, 3,6 ഗൌതമന് 4 അത്രി 5,8,9 തിരശ്ചീ . 7 കാണ്വോ നീപാതിഥി 10 ശംയുർബാർഹസ്പത്യം
ദേവത ഇന്ദ്രൻ. ഛന്ദസ്സ് അനുഷ്ഠുപ്പ് സ്വരം ഗാന്ധാരം

അദ്ധ്യായം 4

ദശകം 1.

1. പ്രത്യസ്മൈ പിപീഷതേ വിശ്വാനി വിദുഷേ ഭര
അരങ്കമായ ജഗ്മയേപശ്ചാദദ്ധ്വനേ നരഃ
ലോകത്തിലെ എല്ലാ വിദ്വാന്മാരും ജ്ഞാനത്തിനും അതിൽനിന്നു കിട്ടുന്ന ആനന്ദത്തിനുമാണ് ദാഹിക്കുന്നത്. ഞങ്ങൾ ഈ ലോകത്തിന്റെ അരങ്കത്തുനിന്ന്(അരംഗം,അരങ്ങ്,രംഗവേദി) ഒറ്റ അടിപോലും പിന്നിലേക്ക് പോകയില്ല. മാത്രമല്ല, മറ്റു മനുഷ്യരേയും ഈ അദ്ധ്വര(യജ്ഞ) മാർഗ്ഗത്തിലേക്ക് സഞ്ചരിപ്പിക്കയും ചെയ്യുന്നു. ദാഹിക്കുന്നവരായ ഞങ്ങൾ ഓരോരുത്തർക്കും ജ്ഞാനം(ആനന്ദം) തരിക.

2. ആനോ വയോവയഃ ശയംമഹാന്തം ഗഹ്വരേഷ്ഠാം മഹാന്തംപൂർവ്വിണേഷ്ഠാം
ഉഗ്രം വയോ അപാവധീഃ
ഏതൊരാൾ സൃഷ്ടിക്കുമുമ്പേ മഹാന്തമായ ഈ ഗഹ്വരത്തില് ശയിച്ചിരുന്നുവോ, ആ മഹാന്തമായ,പൂർവ്വീകമായ പ്രിയതമമായ യജ്ഞത്തെ സദാ മനസ്സിൽ (ഹൃദയഗുഹ)ധരിച്ച് ,ഞങ്ങൾ ഒരിക്കലും ഉഗ്രവചസ്സുകൾ (പരുഷവാക്ക്,ശാപം)ഉച്ചരിക്കുന്നില്ല.

3. ആ ത്വാ രഥം യഥോതയേ സുമ്നായ വർത്തയാമസി
തുവികൂർമ്മിമൃതീഷഹമിന്ദ്രം ഗവിഷ്ഠ സത്പതിം
ഈ രഥങ്ങൾ(ശരീരങ്ങൾ)ഞങ്ങൾ എപ്രകാരം ആനന്ദത്തിനും പുരോഗതിക്കുമായി സ്വീകരിച്ച് അവയിൽ വീണ്ടും വീണ്ടും വർത്തിക്കുന്നുവോ , അതുപോലെ മഹത്കർമ്മകർത്താവും സത്പതിയുമായ ഇന്ദ്രനെ ഞങ്ങൾ വീണ്ടും സമീപിക്കുന്നു.

4. സ പൂർവ്വ്യോ മഹോനാം വേനഃക്രതുഭിരാഹജേ
യസ്യദ്വാരാ മനഃപിതാ ദേവേഷു ധിയ ആനജേ
പൂർവ്വികരായ മഹാന്മാര് ജ്ഞാനയജ്ത്തിന് പ്രചോദിപ്പിച്ചു. അവർ ആദരണീയരാണ്. അവരിലൂടെ പിതാവായ മനു ദേവന്മാർക്ക് സദ്ബുദ്ധിയെ(സാത്വികബുദ്ധി) പ്രചോദിപ്പിച്ചു.

5. യദിവഹന്ത്യാ ഗവോ ഭ്രാജമാനാരഥേഷ്വാ
പിബന്തോ മദിരം മധു തത്ര അവാംസികൃണ്വതേ
ഭ്രാജമാനമായ (പ്രകാശപൂർവ്വം ഭ്രമണം ചെയ്യുന്ന)രഥങ്ങളാൽ വഹിക്കപ്പെടുന്നവരായ(ആത്മാക്കൾ)ജീവന്റെ ജ്ഞാനപ്രാപ്തിയുടെ ആത്യന്തിക ലക്ഷ്യമായ ആനന്ദലഹരി സദാ പാനം ചെയ്യുന്നു.

6. ത്യമുവോ അപ്രഹണം ഗൃണീഷേശവസത്പതീം
ഇന്ദ്രം വിശ്വാസാഹം നരം ശചിഷ്ഠം വിശ്വവേദസം
ശാശ്വതവും സർവ്വത്തിനും സത്പതിയും വിസ്വവേദസവും ആരാലും ജയിക്കാനാവാത്ത സർവ്വവ്യാപിയും ആയ ഇന്ദ്രനെ ഞാനിതാ നിനക്ക് ഉപദേശിക്കുന്നു.

7. ദധിക്രാവ്ണോ അകാരിഷം ജിഷ്ണോരശ്വസ്യ വാജിനഃ
സുരഭിനോ മുഖാകരത്പ്രണ ആയൂംഷി താരിഷത്
ദധിക്രാവ് അകാരമായ ജിഷ്ണു എന്ന അശ്വത്തിന് ഉപദേശിച്ചതാണ് വാജീകരണം. സുരഭിയായ ആ മുഖത്തിൽനിന്ന് ഉള്ള പ്രാണന് നേർവഴി കാട്ടി ആയുസ്സിനെ വർദ്ധിപ്പിക്കുന്നു.

8. പുരാം ബിന്ദുർയുവാ കവിരമിതൌജാ അജായത
ഇന്ദ്രോ വിശ്വസ്യ കർമ്മണോ ധർത്താ വജ്രി പുരുഷ്ടുതഃ
മുമ്പ് കവിയും യുവാവും അമിതൌജസ്സുമായി ബിന്ദു ഉണ്ടായി. വിശ്വകർമ്മാവും വിശ്വത്തെ ധരിക്കുന്നവനും വജ്രഹസ്തനുമായ ആ പ്രശസ്തനാണ് ഇന്ദ്രൻ.

ഭാഷ്യം

ഋഷിഃ-1 ഭരദ്വാജൻ. 2 വാമദേവന് ശാകപൂതന് 3 പ്രിയമേധസ്സ് 4 പ്രഗാഥൻ 5 ശ്വാവാശ്വആത്രേയന് 6 ശംയു 7 വാമദേവന് 8 ജേതാ മധുഛന്ദസഃ

ദേവത-2-4, 6, 8 ഇന്ദ്രൻ.   5 മരുത്ത് 7 ദധിക്രാവാ അഗ്നി ഛന്ദസ്സ് അനുഷ്ടുപ്പ്   സ്വരം ഗാന്ധാരം.
ഒന്നാം സൂക്തം രണ്ടുവിധത്തിൽ ശ്രദ്ധേയമാണ്. ഒന്നാമതായി ഋഷി ഭരദ്വാജൻ പ്രപഞ്ചത്തിലെ എല്ലാ സത്യാന്വേഷകർക്കും ജ്ഞാനദാഹികൾക്കും വേണ്ടിയാണ് പ്രാർത്ഥിക്കുന്നത്. പുരോഗതിയുടെ മാർഗ്ഗത്തിൽനിന്ന് പിന്തിരിയാതെ ,മറ്റുള്ളവരേയും പഠിപ്പിച്ചുകൊണ്ടുള്ള ലോകഗുരുവിന്റെ ജ്ഞാനയജ്ഞമാണത്. രണ്ടാമതായി അരങ്കമെന്ന പദം ഉപയോഗിക്കുന്നു. കാളിദാസനും ഷേക്സ്പിയറും ജീവാതായോധനത്തെ രംഗവേദി (സ്റ്റേജ്) എന്ന് ഉപമിച്ചിട്ടുണ്ട്. അതിനും എത്രയോ കാലം മുമ്പാണ് ഭരദ്വാജന്റെ ഈ പ്രയോഗം. സംസ്കൃതത്തിൽ രംഗവേദി തമിഴിൽ അരങ്കം. ശ്രീരങ്കനാഥൻ തമിഴില് അരങ്കനാഥനാണ്. ഈ തമിഴുപദമാണ് വേദത്തിൽ ഭരദ്വാജന് ഉപയോഗിച്ചത്. ഭാഷാപരമായി തമിഴിന്റെ ഉല്പത്തിയുമായി ഈ സൂക്തം ബന്ധപ്പെട്ടിരിക്കുന്നു. രണ്ടാം സൂക്തത്തിൽ ഋഷി വാമദേവന് സൃഷ്ടിക്കുമുമ്പ് മഹാന്തമായ ഗുഹയിൽ അനന്തശായിയായി ,അതിപ്രാചീനവും മഹാന്തവും പ്രിയതമവുമായ പ്രപഞ്ചയജ്ഞരൂപിയായി ഇരുന്ന ആ അരങ്കദേവനെ ഹൃദയാകാശത്തിൽ ധരിച്ചവരാകയാൽ മനസ്സിലോ വാക്കിലോ പ്രവൃത്തിയിലോ പാരുഷ്യമില്ലാത്ത അഹിംസാവ്രതികളായ വൈഷ്ണവജനതയാണ് വേദവിത്തുകളായ ഞങ്ങളെന്ന് പ്രഖ്യാപിക്കുന്നു. മൂന്നാം സൂക്തം പുനർജന്മപരമാണ്. ശരീരത്തെ രഥത്തോട് തുലനം ചെയ്യുന്നു. രഥം മനോഹരമായി അലങ്കരിക്കുന്നു, മുന്നോട്ട് നീങ്ങുന്നു(ക്ഷേത്രോത്സവത്തിലെന്നപോലെ) ഈ ഭ്രമണം പ്രദക്ഷിണം. ഇത് ശരീരമെടുത്ത ആത്മാക്കൾ പലജന്മമായി ബ്രഹ്മാത്മൈക്യത്തിനായി നടത്തുന്ന യജ്ഞമാണ്. ഹരിക്കും ദേവിക്കും രഥോത്സവം ,തെപ്പോത്സവം പ്രസിദ്ധമാണ്. പാശ്ചാത്യപണ്ഡിതർ പലരും നാലാം സൂക്തം മനസ്സിലാക്കാന് വിഷമമെന്ന് എഴുതിയിട്ടുണ്ട്. ഗ്രിഫിത്ത് ചിലഭാഗങ്ങൾ ഓഫ്രെഡിന്റെ ഭാഷ്യം (ഡോ. മുയർ കൊടുത്തപ്രകാരം), ചിലഭാഗങ്ങൾ പ്രൊ. ലുഡ്വിഗ്ഗിന്റെ ഭാഷ്യം സ്വീകാര്യമെന്ന് വിചാരിക്കുന്നു. വിൽസണ് വേനനെന്നതിന് സുഹൃത്ത് എന്നും പൂർവ്വോ എന്നതിന് പ്രാചീനരായ പൂർവ്വീകരെന്നും മഹോനാം എന്നതിന് സോമന് മുതലായ ബലവാന്മാരായ ദേവന്മാരെ ന്നും (ഇന്ദ്രനല്ല) അർത്ഥം പറയുന്നു. സൂക്തത്തിന്രെ ദേവത ഇന്ദ്രനാണ്. എന്നാൽ,സോമവംശജരും സൂര്യവംശജരും ആയ സർവ്വ പിതൃക്കളെയു മാണ് സാത്വികബുദ്ധി പ്രചോദിപ്പിച്ച പൂർവ്വഗുരുപരമ്പരയായി പ്രഗാഥ ന് പറഞ്ഞിരിക്കുന്നത്. ആത്മജ്ാനമുദിച്ചവരുടെ രഥം (ശരീരം) ഭ്രാജമാനമായ കാന്തിയോടെ ഇരിക്കും.സദാ പ്രസാദചിത്തമായിരിക്കും. അപ്ര

കാരമുള്ള ഒരു വ്യക്തി(ഗുരു)യെയാണ് പ്രപഞ്ചമെന്ന അരങ്കത്തില് (രംഗവേദി)ഈശ്വരാവതാരമായി, ഇന്ദ്രിയാധീശ്വരനായി, ശതക്രതുവായി ഇന്ദ്രനായി മൂന്നാം സൂക്തം ഉപദേശിക്കുന്നത്. അതായത്, ഓരോ ജ്ഞാനിയും ഈശ്വരാംശമായ ഗുരുവാണ്.
ഏഴാം സൂക്തത്തിൽ വാമദേവന് ദധിക്രാവിനെ അവതരിപ്പിക്കുന്നു. എന്നാലും ബലവാനായ അശ്വരൂപത്തിൽ സർവ്വപ്രപഞ്ചത്തേയും ചലിപ്പിക്കുന്ന അകാരരൂപമായ വിഷ്ണുവാണ് ദധിക്രാവ്. ജയിഷ്ണു (ജയിക്കാൻ പുറപ്പെട്ടവൻ) ആയ ജിഷ്ണു എന്ന ഭൂമിയിലെ ഇന്ദ്രന് ദധിക്രാവ് എന്ന പുരാതനാശ്വം (മഹാന്തത്തിൽ ചിദ്ഗഹ്വരത്തില് ശയന വിഷ്ണുവായിരുന്ന അശ്വം) ഉപദേശിച്ച വാജീകല്പമാണിത്. സുരഭി (കാമധേനു)യും സർവ്വജ്ഞാനത്തിനും യോനിയുമായ ആ വിഷ്ണുമുഖ (ധന്വന്തരീമുഖം)ത്തിലെ പ്രാണൻ ആയുർബ്ബലവും ഓജസ്സും ഇന്ദ്രിയനിഗ്രഹവും പ്രസാദവും സർവ്വപുരുഷാർത്ഥവും തരുന്നു. (പ്രാണാപാനന്മാരും നരനാരായണന്മാരും അശ്വികൾ) വിഷ്ണു അകാരമാണ്. നാദരൂപിയാണ്. നാദബ്രഹ്മമാണ്. ഈ നാദത്തിന്റെ സാന്ദ്രീകൃതമായ (പിണ്ഡീകൃതം)രൂപമായി ആദിമസർഗ്ഗബിന്ദു ഉണ്ടായി. ആ ആദ്യബിന്ദു നിത്യയൌവനയുക്തവും കവിയും അമിതൌജസ്സുമായ ആദിമഗുരുരൂപിണി. ആ പ്രഥമബിന്ദുവിന്റെ നാദമായി ,വാക്യമായി, ഓജസ്സായി അനേകം ശതക്രതുക്കളായ ഇന്ദ്രന്മാരുടെ ഗുരുപരമ്പര. അവരെയെല്ലാം ഋഷിമാർ സ്മരിക്കുന്നു,ആദരിക്കുന്നു
ദശകം 2

1. പ്രപ്ര വസ്ത്രിഷ്ഠുഭമിഷം വന്ദദ്വീരായേന്ദവേ
   ധിയാ വോ മേധസാ തയേ പുരസ്യാ വിവാസതി
   പരമാനന്ദലബ്ധിക്കായി ത്രിഷ്ഠുഭത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ധീയാലും മേധയാലും ആ ധനം നേടുക.
2. കശ്യപസ്യ സ്വർവിദോയാവാഹുഃ സയുജാവിതി
   യയോർവിശ്വമപി വ്രതം ധീരാ നിചായ്യ
   കശ്വപന് സ്വർല്ലോകവിത്തുക്കളായി , ഒന്നിച്ച് സഞ്ചരിക്കുന്നവരായി (സയുജാ- ഒപ്പം യോഗം ചെയ്തവർ, ഒരേ നുകത്തിൽ പൂട്ടിയവർ) ആ അശ്വങ്ങളെയും അവരുടെ പ്രപഞ്ചസഞ്ചാരത്തേയും വ്രതവും യജ്ഞവുമായി ധീരന്മാർ നിർവ്വചിച്ചിരിക്കുന്നു.
3. അർച്ചതപ്രാർച്ചതാ നരഃ പ്രിയമേധാസോ അർച്ചത
   അർച്ചന്തു പുത്രകാ ഉത പുരമിന്ദ് ധൃഷ്ണരർച്ചത
   അർച്ചിക്കുക. നരന്മാരേ, (ഗാനങ്ങളാൽ) പ്രകീർത്തിക്കുക. പ്രിയമേധസ്സുകളേ അർച്ചിക്കുക, ഈ പുരം (ശരീരം,ക്ഷേത്രം,പ്രപഞ്ചം) മുഴുവനും വ്യാപിച്ച് നിലനിർത്തി സംരക്ഷിക്കുന്നവനെ അർച്ചിക്കുക.

4. ഉക്ത്ഥമിന്ദ്രായ ശംസ്യം വർദ്ധനം പുരുനിഷ്ഷിധേ
ശക്രോയഥാ സുതേഷുണോ നരണത് സഖ്യേഷു ച
ഇന്ദ്രന് ഉക്ഥം കൊടുക്കുക. ശംസിക്കുന്നവനും വർദ്ധിപ്പിക്കുന്നവനും സദാ സത്യാന്വേഷണപാതയിൽ മാത്രം പ്രവ ർത്തിക്കുന്നവനും ആയ ശക്രൻ ഞങ്ങൾക്ക് സർവ്വ കർമ്മത്തിലും സഖ്യം (സുഹൃദ്ബന്ധം) തരുന്നു.
5. വിശ്വാനരസ്യ വനസ്പതിമനാനതസ്യ ഗവസഃ
ഏന്ദ്വ്യശ്ച ചർഷണീനാമൂതിഹുവേ രഥാനാം
ഈ ശരീരരഥങ്ങളെ സംരക്ഷിക്കാനും സർവ്വവ്യവഹാരങ്ങളും നി ർവ്വഹിക്കാനും വേണ്ടി, മനുഷ്യരേ, നിങ്ങൾക്ക് വൈശ്വാനരനും അതീവബലവാനും മനനശീലനും സർവ്വത്തിനും പതിയുമായ ഞാ ന് ഉപദേശം തരുന്നു.
6. സധാം യസ്തേ ദിവോ നരോ ധിയാ മർത്തസ്യ ശമതഃ
ഊരിതി സ ബൃഹതോ ദിവോ ദ്വിഷോ അംഹോ ന തരതി
ധീ കൊണ്ട് സൂര്യനെപ്പോലെ പ്രകാശവാനായ മനുഷ്യൻ ശമത്താല് ശാന്തചിത്തനാവുന്നു. അവൻ ബൃഹത്തായ ദ്വേഷാദിശത്രുക്കളെയെല്ലാം (ഈശ്വരസഹായത്തോടെ) തരണം ചെയ്യുന്നു.
7. വിഭോഷ്ട ഇന്ദ്രാ രാധസോ വിദ്വിരാതിഃ ശതക്രതോ
അഥാനോ വിശ്വ ചർഷണേ ദ്യുമ്നം സുദത്രമംഹയ
ഇന്ദ്രാ, നിന്റെ വരദാനം എങ്ങും വ്യാപിപ്പിക്കുക. രാധസ്സുകളെ (ഐശ്വര്യം) സർവ്വർക്കും ദാനം ചെയ്യുന്ന ശതക്രതോ, സർവ്വ പ്രപഞ്ചത്തേയും കാണുന്ന വിശ്വസാക്ഷിൻ, മഹത്തായ പ്രകാശം സുമനസ്സുകളായ ഞങ്ങൾക്ക് തരിക.
8. വയശ്ചിത്തേ പതത്രിണോ ദ്വിപാച്ചതുഷ്പാദർജ്ജുനി
ഉഷഃപ്രാരന്നൃതൂം രനുദിവോ അന്തേഭ്യസ്പരി
ഉഷസ്സേ,നിന്റെ ഓരോ ഉണർച്ചയിലും പതത്രികളും ദ്വിപദങ്ങളും ചതുഷ്പദങ്ങളും അർജ്ജുനികളും പ്രേരിതരായി ചലിച്ച് എല്ലാ സീമകളിൽനിന്നും പ്രകീർത്തിക്കുന്നു.
9. അമീയേ ദേവാ സ്ഥനമദ്ധ്യ ആ രോചനേ ദിവഃ
കദ്വ ഋതം മദമൃതം കാ പ്രത്നാ വ ആഹൂതിഃ
ആ പ്രപഞ്ചങ്ങളെല്ലാം ഈ പ്രകാശസ്ഥാനമദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്നു. അവിടെ ഋതമുണ്ടോ. അമൃതമുണ്ടോ. യജ്ഞങ്ങളുണ്ടോ , ആഹൂതികളുണ്ടോ.
10. ഋചം സാമ യജാമഹേ യാഭ്യാം കർമ്മാണി കൃണ്വതേ
വി തേ സദസി രാജതോ യജ്ഞം ദേവേഷു വക്ഷതഃ

ഋക്കും സാമവും യജുസ്സും കൊണ്ട് സർവ്വകർമ്മവും ചെയ്യപ്പെടുന്നു. സർവ്വസദസ്സിലും, രാജസഭകളിലും, യജ്ഞത്തിലും ചൈതന്യദേവന്മാരിലും ഇരിക്കുന്ന അതിനെ(ആ ശക്തിയെ) ആണ് ഞങ്ങൾ പഠിക്കുന്നത്.

ഭാഷ്യം

ഋഷി 1,3,5 പ്രിയമേധസ്സ്. 2,10 വാമദേവൻ. 4 മധുഛന്ദസ്സ് 6 ഭരദ്വാജൻ. 7 അത്രി 8 പ്രസ്കണ്വന് 9ആപ്ത്യസ്ത്രിതൻ

ദേവത 1–7 ഇന്ദ്രന് 8 ഉഷസ്സ് 9 വിശേദേവ 10 ഋക്കും സാമവും
ഛന്ദസ്സ് അനുഷ്ഠുപ്പ് സ്വരം ഗാന്ധാരം

ത്രിഷ്ഠുഭമെന്നാൽ ത്രിഷ്ടുപ്പ് വൃത്തമെന്ന അർത്ഥത്തിലല്ല ഇവിടെ പ്രയോഗം. ജാഗ്രത്,സ്വപ്ന,സുഷുപ്തികള്, മനസ്സ് ,വാക്ക്,കർമ്മം - 3 അവസ്ഥകളിലും 3 പ്രവൃത്തികളിലും ശ്രദ്ധാപൂർവ്വം ഇരുന്നാലേ പരമാനന്ദം ലഭിക്കയുള്ളു എന്നർത്ഥത്തിലാണ് പ്രയോഗം. പരമാനന്ദമെന്നത് സമാധിയിൽ മനുഷ്യര് അനുഭവിക്കുന്ന പരമോന്നതമായ അവസ്ഥയാണ്. ആ പരമധനം ധീകൊണ്ടും മേധകൊണ്ടും നേടണം. അതിന് ശ്രദ്ധ (ധ്യാനം,ധാരണ)വേണം. ഇതാണ് ആദ്യസൂക്താർത്ഥം.

ഒപ്പം പൂട്ടിയ സയുജാക്കളായ അശ്വങ്ങൾ(രണ്ടാം സൂക്തം) പ്രാണാപാനർ, നരനാരായണർ,അശ്വിനീകുമാരന്മാർ, ധീയും മേധയും ,പുരുഷനും സ്ത്രീയും -എന്നിങ്ങനെയെല്ലാം ധരിക്കണം. ശരീരത്തിലും പ്രപഞ്ചത്തിലും അവരുടെ സഞ്ചാരക്രമം ,വ്രതയജ്ഞാദികൾ, എന്നിവയെ ദീരരായ മുനിമാർ അറിഞ്ഞ് നിർവ്വചിച്ചു. കശ്യപപ്രജാപതിക്ക് (എങ്ങും വ്യാപിച്ചവനാണ് കശ്യപൻ) സസ്യസമൃദ്ധമായ ഈ ഭൂമിയെ പോലെയാണ് (അദിതി) ഈ മിഥുനങ്ങൽ. മൂന്നാം സൂക്തത്തിൽ പ്രിയമേധസ്സ് സ്ഥിതിയുടെ ദേവനായാണ് പാടുന്നതും അർച്ചിക്കുന്നതും (സ്ഥിതിദേവനാണ് വിഷ്ണു)ബുദ്ധി, മേധ ഇവകളാൽ പ്രകാശചിത്തവും കാന്തിയും ശാന്തിയും മധു(ര)ഛന്ദസ്സുകളെ പൊഴിക്കുന്ന വാക്കും നേടിയ വ്യക്തിയാണ് ഗുരു.അപ്രകാരമുള്ള പ്രകാശമാണ് അത്രി ആഗ്രഹിക്കുന്നത്. പക്ഷി എന്ന വാക്കിന് എട്ടാം സൂക്തത്തിൽ പ്രാസ്കണ്വന് അർജ്ജുനി എന്ന പര്യായമാണ് ഉപയോഗിക്കുന്നത്. നരനാരായണമിഥുനത്തിലെ നരനാണ് അർജ്ജുനൻ. സയുജാ സഖായാ എന്ന 2 സുപർണമിഥുനങ്ങളില് ഒന്നായ ജീവാത്മാവിന് സ്ത്രൈണനാമം കൊടുക്കുന്നു. കാണപ്പെടുന്നതും അല്ലാത്തതുമായ ഈ അണ്ഡകടാഹങ്ങളും പ്രപഞ്ചങ്ങളും നക്ഷത്രഗ്രഹാദിയൂഥങ്ങളും എല്ലാം അപരിമിതമായ പ്രകാശരാശീമദ്ധ്യത്തില് ബിന്ദു

പോലെ സ്ഥിതിചെയ്യുന്നു. കർമ്മങ്ങളെല്ലാം ഈ ബിന്ദുസ്ഥാനത്താണ് നടക്കുന്നത്. പ്രകാശസ്ഥാനം സർവ്വാതീതമായ ബ്രഹ്മമാണ്. ഏകപുരുഷമാണ്. എല്ലാ സൃഷ്ടിയും സ്ത്രൈണം. വേദവിത്തുകളായ മനുഷ്യർ സാഹിത്യ(ഋക്ക്)സംഗീത(സാമ)ങ്ങളാൽ സർവ്വകർമ്മ(യജുസ്സ്)യജ്ഞവും ചെയ്യുന്നു. ഋക്സാമ(സാഹിത്യസംഗീത)രൂപമായ കർമ്മ(യജ്)ശക്തി സർവ്വവ്യാപിയായിരിക്കുന്നു. സർവ്വഗ്രഹനക്ഷത്രവ്യൂഹത്തിലും ഇരിക്കുന്നതും സദസ്സുകളിലും യജ്ഞങ്ങളിലും രാജസഭകളിലും വാഗ്മേധാശക്തിയായി ,പ്രതിഭയായി, ജ്ഞാനമായി പ്രത്യക്ഷീഭവിക്കുന്നതും അതേ ഇഛാജ്ഞാനക്രിയാശക്തിതന്നെയാണ്. ഇപ്രകാരം ബ്രഹ്മപ്രകൃതികളുടെ ഏകത്വം പറയുന്നു. പ്രകൃതിയിലെ കോസ്മിക് ഊർജ്ജമാണ് ജീവികളിലെ ജൈവോർജ്ജവും .ഇരുകാലി,നാൽക്കാലി, പതംഗ,പക്ഷികളിലെല്ലാം അതേ ഊർജ്ജം പ്രവർത്തിക്കുന്നതായി പറയുന്നു.

ദശകം 3

1. വിശ്വാഃപ്രതനാ അഭിഭൂതരം നരഃ സജുസ്തതക്ഷുരിന്ദ്രം ജജതശ്ചരാജസേ
   ക്രത്വേ വരേ സ്ഥേമന്യാ മുരീമ്യതോഗ്രമോജിഷ്ഠം തേരസം തരസ്വിനം
   ശക്തിക്കും ക്രതുക്കളിൽ മഹദ്കർമ്മങ്ങൾക്കുമായി മനുഷ്യര് അനേകം സേനകളെ ജയിച്ച് നശിപ്പിക്കുന്ന വരേണ്യനും ഓജസ്സുള്ളവനും ഉഗ്രനും ജേതാവും അലസത ഇല്ലാത്തവനുമായ വിശ്വജേതാവായ അവനെ ജനത വരിക്കുന്നു,സ്തുതിക്കുന്നു
2. അതേദധാമി പ്രഥമായ മന്യവേഹന്യദ്യസ്യും നയം വിവേരപഃ
   ഉഭേ യത്വാ രോദസീ ധാവതാമനുഭ്യസാതേ ശുഷ്മാത് പൃഥിവീചിദദ്രിവഃ
   ഏറ്റവും മേധാവിയും ശക്തനും മനസ്സിലെ ദുഷ്ചിന്തകളാകുന്ന ശത്രുക്കളെ നശിപ്പിക്കുന്നവനും മനുഷ്ർക്ക് മുഴുവനും ക്ഷേമം തരുന്ന കർമ്മങ്ങള് ചെയ്യുന്നവനുമായ ആ പ്രഥമനെ (ആദ്യത്തെ)ഞാൻ വിശ്വാസമർപ്പിച്ച് വിളിക്കുന്നു. ഭൂമിയും ചിദാകാശവും അവനിലേക്ക് ഗമിക്കുന്നു. ഭൂമി അവന്റെ ശക്തിയാൽ ചൈതന്യമയമായ ഒരു പർവ്വതം പോലെ വിറകൊള്ളുന്നു.
3. സമേത വിശ്വാ ഓജസാപതിം ദിയോയ ഏകഇദ്ഭൂരതിഥിർ ജനാനാം സപൂർവ്വ്യോനൂരുമാമാജിഗീഷം തം വർത്തനീരനുവാവൃത ഏകഇത് ജനങ്ങളേ, സർവ്വവിശ്വത്തിനും ഓജസ്സുകൾക്കും പ്രഭുവായ അവനെ അഭയം പ്രാപിക്കുക. അവൻ സർവ്വത്തിലും വ്യാപിച്ചിരിക്കുന്നു.

പഴയതും പുതിയതുമായ സർവ്വമനോവ്യാപാരവും അവന്
ജയിച്ചവയാണ്. ആ ഏകനെമാത്രം സർവ്വപാതകളും അനുഗമിച്ച്
വർത്തിക്കു്നനു.

4. ഇമേത ഇന്ദ്ര തേ വയംപുരുഷ്ഠുതയേ ത്വാരഭ്യ ചരാമസിപ്രഭുവസൊ നഹി ത്വദന്യോ ഗിർവ്വണോ ഗിരഃ സധ്യത്ക്ഷീണീരിവപ്രതിശൈ്വനോ വചഃ
ഇന്ദ്രാ, സർവ്വരാലും പ്രശംസിക്കപ്പെട്ടവനേ, ഞങ്ങൾ നിന്റെയാണ്. നിന്നില് വിശ്വസിച്ച് നിന്നിലേക്ക് വരുന്നവരാണ്. ഗീരുകളെ ഇഷ്ടപ്പെടുന്ന ഗീർവ്വാണരൂപമായ നീ ഞങ്ങളുടെ ഗാനങ്ങള് സ്വീകരിക്കുക. ഭൂമി തന്നിലെ സർവ്വജീവികളേയും സ്നേഹിക്കുന്നു. അതുപോലെ, ഞങ്ങളുടെ (എല്ലാവരുടേയും) സ്തോത്രങ്ങളെ സ്വാഗതം ചെയ്താലും
5. ചർഷണി ഘൃതംമഘവാനമുക്തഥാമിന്ദ്രം ഗിരോ ബൃഹതീരഭ്യനൂഷത വാവൃധാനം പുരുഹൂതം സുവൃക്തിഭിരമർത്ത്യം ജരമാണം ദിവേ ദിവേ
ഞങ്ങളുടെ ബൃഹതികളായ ഗീരുകൾ മഘവാനുള്ള ഉക്ഥമായി നെയ്യുപോലെ ധാരയായി ഇന്ദ്രനെ പ്രാപിക്കട്ടെ. ദിനംദിനം ക്ഷയിച്ചു വരുന്ന ശക്തികൾ ഉറക്കെ സുവ്യക്തമായി ഉച്ചരിക്കപ്പെട്ട അവയാല് അമൃതമായി ശക്തി വീണ്ടെടുക്കട്ടെ.
6. അഛാ സ ഇന്ദ്രം മതയഃസ്വര്യുവസേശരീചിൽവിശ്വാളഗതീരനൂമത പരിഷ്വജന്ത ജനയോയഥാപതിംമര്യ്യം ന ശുൽന്ധുംമഘവാനമൂതയേ
സ്ത്രീകൾ രക്ഷക്കായി ശുദ്ധരും ഐശ്വര്യവാന്മാരും ബലവാന്മാരുമായ ഭർത്താക്കന്മാരെ ,ആനന്ദയാത്രയിൽ ആശ്ലേഷിക്കുന്നതുപോലെ ,ഞങ്ങൾ, ഈ സ്തവങ്ങൾ പൂർണ്ണയോഗത്തോടെ ഭഗവാനിൽ(ഇന്ദ്രനിൽ) അർപ്പിക്കുന്നു.
7. അഭിത്യം മേഷം പുരുഹൂതമൃഗമിയമിന്ദ്രം
ഗീർഭിർമദതാവസ്വോഅർണ്ണവം
യസ്യ ധ്യാവോ ന വിചരന്തി മാനുഷം
ഭുജേമംഹിഷ്ഠമദി വിപ്രചര്യത
മേഷവും പുരുഹൂതവും മൃഗ്മയവുമായ ഇന്ദ്രന് ആനന്ദസമുദ്രം തന്നെയായ (ലഹരിയുള്ള) ഗീരുകളെ അർപ്പിക്കുന്നു. അവയെ ധ്യാനിച്ച് സഞ്ചരിക്കുന്ന മാനുഷർക്ക് മഹത്തായ വിപ്രചര്യം (വിപ്രന്മാരുടെ ചര്യ, ജ്ഞാനം) ഭുജബലം (കൈക്കരുത്ത്) ഇവ ലഭിക്കുന്നു.
8. ത്യാസുമേഷം മഹയാ സ്വർവിദംശതം യസ്യ സുഭുവഃ സാകമീരതേ അന്യം ന വാജം ഹവനസ്യദം രഥമിന്ദ്രം

വവൃത്യാമവസേസുവൃത്തിഭിഃ
ഈ സുമേഷവും, മഹത്തും നൂറുനൂറ് സ്വർഗ്ഗസുഖവും തരുന്നവനും അനേകം നല്ല ലോകങ്ങളെ ഒന്നിച്ച് ഭ്രമണം ചെയ്തുകൊണ്ട് സൃഷ്ടി ച്ചവനുമായ ദേവനെ പാടുക. ഞാനൊരു ശക്തമായ കുതിരയെപ്പോ ലെ ബലവത്തായ ഈ രഥത്താൽ ഇന്ദ്രനെ വരിച്ച് ഹവനത്താലും സുവൃത്തികളാലും അവനെ ആനന്ദിപ്പിക്കുന്നു.

9. ഘൃതവതി ഭുവനാന്നമഭിശ്രിയോർവ്വി പൃഥ്വീമധുദുഘേസുപേശയാ
ദ്യാവാപൃഥ്വീ വരുണസ്യ ധമിണംവിഷകഭിജേ അജരേ ഭൂരിരേതസാ
നെയ്യുനിറഞ്ഞ ഭുവനങ്ങളാൽ സദാ ശ്രീമയിയായി ഭൂമി എന്ന പൃഥ്വി മധു കറന്നെടുക്കാവുന്നവളാണ് (സുപേശികളായ മനുഷ്യ ർക്ക്)വരുണന്റെ ധർമ്മത്താല് വർദ്ധിച്ച രേതസ്സിനാല് അമൃതമായ ദ്യാവാപൃഥ്വികൾ എങ്ങും വിഷ്കംഭിച്ച് വിജൃംഭിച്ച് ഊർജ്ജരൂപി ണിയായി ഇരിക്കുന്നു.

10. ഉരഭയദിന്ദ്ര രോദസീ ആപപ്രാഥോഷാ ഇവ
മഹാന്തം ത്വാ മഹീനാം സാമ്രാജ്യം ചർഷണീനാം
ദേവീ ജനിത്ര്യജീജനദ്ഭദ്രാ ജനിത്ര്യജീജനം
രണ്ടിനേയും ഉഷസ്സിനെപ്പോലെ ഇന്ദ്രൻ പ്രകാശത്താലും നാദത്താലും നിറക്കുന്നു. സമ്രാട്ടായ മഹാന്തമായി, വേദം നിന്നെ പ്രകീർത്തിക്കു ന്നു. ജനങ്ങളുടെ ദേവിയും ഭദ്രയും ജനയിത്രിയുമായി, ദർശകർക്കെ ല്ലാവർക്കും വഴികാട്ടിയായ വേദം(വാക്ക്) നിന്നെ സ്തുതിച്ച് വർദ്ധി ക്കുന്നു.

11. പ്ര മന്ദിനേ പിതൃമദർച്ചതാ വചോയാഃ
കൃഷ്ണഗർഭാനിരഹനൂജിശ്വനാ
അവസ്യവോ വൃഷണം വജ്രദക്ഷിണം മരുത്വന്തം
സഖായ ഹുവേമഹി
ആനന്ദരൂപവും അജ്ഞാനത്തെ തുരത്തുന്നതും (പ്രകാശരൂപം) കൃ ഷ്ണഗർഭയുമായ ഈശ്വരനെ വാക്കുകളാല് സ്തുതിക്കുക. സർവ്വ പ്രതിബന്ധവും നീക്കുന്ന ആ വൃഷാവാനെ ,വജ്രദക്ഷിണനെ, മരുത്തു ക്കളുടെ സഖാവാകാൻ ക്ഷണിക്കുക. സർവ്വ പിതൃക്കൾക്കും ഈ എന്റെ വാക്കുകൾ അർച്ചനയാകട്ടെ.

ഭാഷ്യം

ഋഷിഃ- 1 രേഭൻ, 2 സുവേദാ,ശൈലൂഷി. 3 വാമദേവന് 4,7,8 സവ്യആംഗിരസൻ. 5 വിശ്വാമിത്രൻ. 6 കൃഷ്ണആംഗിരസന്. 9 ഭരദ്വാജൻ 10 മേധാതിഥി 11 കുത്സന്

ദേവത 1-8, 10,11 ഇന്ദ്രൻ. 9 ദ്യാവാപൃഥ്വി ഛന്ദസ്സ് 1-9 വരെ ,11 ജഗതി. 10 മഹാപംക്തി സ്വരം 1-9 വരെ, 11 നിഷാദം 10 പഞ്ചമം

രണ്ടാംസൂക്തത്തിലെ പ്രഥമൻ (ആദിമുതൽവൻ തമിഴിൽ) അകാരമായ വിഷ്ണുവാണ്. ഇന്ദ്രിയങ്ങളുടെ നാഥനായി ജീവശരീരത്തിലിരിക്കുന്ന ഇന്ദ്രനല്ല. ഭൂമിയും ചിദാകാശവുമെല്ലാം ആ പരമാത്മപുരുഷനിലടങ്ങുന്നു. തുടങ്ങുന്നു, സ്ഥിതി ചെയ്യുന്നനു, അവനിലേക്ക് ഗമിക്കുന്നു. ഇത് ശബ്ദശാസ്ത്രപരവും ജ്യോതിസ്ശാസ്ത്രപരവുമായ നാദബ്രഹ്മരഹസ്യമാണ്. ഇതാണ് ഗോവർദ്ധനോദ്ധാരണവേളയില് കൃഷ്ണനെന്ന അവതാര, ചരിത്രപുരുഷൻ ഗോപാലകർക്ക് കൊടുത്ത പാഠം. അതായത്, സാമവേദത്തിൽ പാടപ്പെട്ട ഒതു സത്യത്തെ വീണ്ടും പുനരുദ്ധരിച്ച് ജീവാത്മ (ഇന്ദ്ര)പരമാത്മ(വിഷ്ണു)ഭേദാഭേദവും പഠിപ്പിക്കയാണ് ചെയ്തത്. പർവ്വതങ്ങൾക്കും (ഉള്ളിൽ അഗ്നിനിറഞ്ഞ അഗ്നിപർവ്വതം പോലെ) ഭൂമിക്കും (ഉള്ളിലെ ചൈതന്യാഗ്നി) സാമ്യം പറയുന്നു. പർവതങ്ങളേയും ഭൂമിയേയുംപ്രകമ്പനം കൊള്ളിക്കുന്ന ചൈതന്യം ജീവാത്മാവായ രാജരാജനായ (ചക്രവർത്തി) ഇന്ദ്രനല്ല. പരമാത്മാവായ വിഷ്ണുവാണ്. പരമാത്മാവാണ് ഇന്ദ്രനെ ഇന്ദ്രിയാധീശ്വരനാക്കിയത്. സർവ്വവ്യാപി (സൂക്തം 3) വിഷ്ണുവാണ്. ചക്രവർത്തിയല്ല. ഏതുപാതയും അവസാനം സർവ്വഓജസ്സിനും പ്രഭുവായ ആ ഏകപുരുഷനിലാണ് അവസാനിക്കുന്നത്.

ഗീർവ്വാണരൂപമാണ് നാദബ്രഹ്മമായ ഭഗവാൻ.ഗീരുകളെ സ്നേഹിക്കുന്നവനാണ്. ഭൂമി അമ്മയെപ്പോലെയാണ്. തന്റെ എല്ലാ മക്കളേയും വലിപ്പചെറുപ്പം നോക്കാതെ സ്നേഹിക്കുന്ന ,സർവ്വാപരാധം ക്ഷമിക്കുന്ന അമ്മയാണ്.ഈശ്വരനും അതുപോലെയാണ്. എല്ലാ കുഞ്ഞുങ്ങളുടെ പാട്ടും കീർത്തനവും സ്നേഹപൂർവ്വം സ്വീകരിക്കുന്നവനാണ്. (സൂ. 4) ധാരധാരയായി നെയ്യുപോലെ തലമുറതലമുറകളായി മക്കൾ ഭഗവാന് സ്തോത്രമായി ഗീരുകൾ അർപ്പിക്കുന്നു. ബൃഹത്തായ ഈ ഗീരുകൾ എന്തിനാണ് നെയ്യിനോട് ഉപമിച്ചത്. യജ്ഞത്തിൽ നെയ്യ് ഹോമിച്ചാല് ഊർജ്ജസ്വരൂപമായി അഗ്നി വർദ്ധിക്കുന്നു. അതുപോലെ സ്തോത്രങ്ങളാൽ ഭഗവാന്റെ ശക്തി വർദ്ധിക്കുന്നു. നെയ്യ് ഊർജ്ജമാണ്. ഭുവനങ്ങളെല്ലാം ഭൂർജ്ജം നിറഞ്ഞവയാണ്. അവയെല്ലാം ഹോമിക്കപ്പെട്ടാലും ഊർജ്ജം മാത്രം സദാ നിലനിൽക്കുന്നു. നെയ്യ് കഴിച്ചാൽ ശരീരത്തില് കൊഴുപ്പ് സംഭരിച്ച് ശരീരം നിലനിർത്തുന്നതിനോടും വർദ്ധിക്കുന്നതിനോടും സദൃശമായി ഉപമിക്കുന്നു(സൂ 5, 9)

ആറാം സൂക്തത്തിൽ വേദദ്രഷ്ടാക്കളായ ഋഷിമാരെ സ്ത്രീകളായും ഭക്തിസാന്ദ്രമായ ഗീരുകളെ പ്രേമപൂർവ്വം പതിയെ (പ്രജാലാഭത്തിനായി) ആശ്ലേഷിക്കലായും ,ഈശ്വരനെ ശുദ്ധനും ഐശ്വര്യവാനും ബലവാനുമായ പതിയായും മാലോപമയാണ്. സ്ത്രീ സുരക്ഷക്കും പ്രജാലാഭത്തിനും പതിയെ സ്വീകരിക്കുന്നു. പതിക്ക് ബലം പ്രജാസൃഷ്ടിക്കും സുരക്,ക്കുമാണ്. ശുദ്ധി പ്രജാസൃഷ്ടിക്കും രോഗപ്രതിരോധത്തിനുമാവശ്യമാണ്. ഐശ്വര്യം ഇഹപരകർമ്മങ്ങളുടെ നടത്തിപ്പിനും വേണം. സർവ്വ ജീവാത്മാക്കളും സ്ത്രീ. ഈശ്വരൻ ഏകനായ പുരുഷൻ. പരമപുരുഷൻ. സാമവേദത്തിലെ ഈ ആശയം , ഗാർഗ്ഗഭാഗവതത്തിലെ പ്രസിദ്ധമായ ഗോലോകവർണ്ണന, ഗോപികാകഥകൾ, ഇവയുടെയെല്ലാം ആദിമൂലമാണ്. സ്ത്രീ പുരുഷനിലേക്ക് ആനന്ദത്തോടും പ്രേമത്തോടും വചസ്സുകളർപ്പിച്ച് , ആശ്ലേഷിച്ച് ,പൂർണ്ണയോഗം (സംയോഗം)ചെയ്യുന്നതിനെ ജീവാത്മപരമാത്മലയനത്തോട് അഭേദം കല്പിക്കുന്നു. ആറാം സൂക്തം ആംഗിരസശിഷ്യനായ കൃഷ്ണന്റേതാണ് എന്നത് പ്രത്യേകം ശ്രദ്ധിക്കണം.

7.8 സൂക്തങ്ങളില് മേഷം,സുമേഷം എന്ന പദങ്ങളുണ്ട്. മേഷം അഥവാ മേടരാശി മുതൽ രാശിചക്രാരംഭം. മേടത്തിലെ ആദ്യനക്ഷത്രം അശ്വനി (അശ്വതി)എന്ന കുതിര. ആ അശ്വതി എന്ന കുതിരയെ പോലെ ബലവത്തായ രഥത്താൽ പരമാത്മാവ് ബ്രഹ്മാണ്ഡശരീരത്തെ, ജീവാത്മാവ് പിണ്ഡാണ്ഡശരീരത്തെ , വരിച്ച് (അവക്ക് സർവ്വാധിപതിയായ പുരുഷനെ,അശ്വത്തെ) ആനന്ദിപ്പിച്ച് ഋതുക്കൾതോറും ആനന്ദം ഭൂമിയില് വർഷിക്കുന്നു. കാലചക്രത്തെ ഭ്രമണം ചെയ്യിച്ച് പ്രവർത്തിപ്പിക്കുന്നു. ഋതുചക്രപ്രവർത്തനമാണ് ധർമ്മചക്രപ്രവർത്തനം. ഈശ്വരാർപ്പിതമായ ഗീരുകളിലെ ഭക്തിലഹരിയാണ് ആനന്ദലഹരി. അവയെ ധ്യാനിച്ച് ഭക്തിയും ജ്ഞാനവും കർമ്മബലവും നേടിയ സ്ത്രീപുരുഷന്മാരുടെ ചര്യയാണ്. ജീവിതരീതിയാണ് വാച്യം. ധർമ്മചക്രപ്രവർത്തനത്താല് ഘൃതവതിയായ വിഷ്ണുപത്നിയായ,ഭൂമിയെ കാമധേനുവിനെപ്പോലെ കറന്നെടുത്തു ഭരദ്വാജഋഷിപരമ്പര(സൂ 9). കടലിലെ ജലം വർദ്ധിച്ച തേജസ്സിനാൽ ഊർജ്ജമായി, കാലാകാലങ്ങലിൽ പർവ്വതപ്രാന്തങ്ങളില് മഴയായി , നദീയായി, അന്നവും ബീജവും പുതുജീവനുമായി വർദ്ധിക്കുന്ന ഊർജ്ജചക്രം വളരെ ഭംഗിയായി കവിതാത്മകമായി ഋഷിമാർ പാടുകയാണ്.

മഹാപംക്തിഛന്ദസ്സിൽ പഞ്ചമസ്വരത്തില് ഋഷി മേധാതിഥി പാടുന്ന ഇന്ദ്രദേവതാപരമായ പത്താം സൂക്തം വായിച്ചാലറിയാം അത് ഇന്ദ്രനെ

യല്ല, ഇന്ദ അഥവാ ഇന്ദിരയായ വൈഷ്ണവീശക്തിയെയാണെന്ന്. (ഉത്തരാർച്ചികയില് ഇത് മാന്ധാതാവിന്റെ സൂക്തമാണ്) ആറാം സൂക്തം അംഗരസകൃഷ്ണന്റേതാണ്. ഛാന്ദോഗ്യത്തിൽ ഈ ഋഷിയെ ദേവകീപുത്രനും ഘോരഅംഗിരസശിഷ്യനുമെന്ന് പറുന്നു. 11ആം സൂക്തം ആ ഗുരുവിനെ ഗർഭം ധരിച്ച കൃഷ്ണഗർഭ എന്ന അമ്മയെ കുത്സഋഷി സ്മരിക്കുന്നു. ആ വാക്കുകൾ സർവ്വ പിതൃക്കൾക്കും അംഗിരസഗുരുപരമ്പരയിലെ എല്ലാ പൂർവ്വികർക്കും ഉള്ള അർച്ചന യാണ്.

ദശകം 4

1. ഇന്ദ്ര സുതേഷു സോമേഷു ക്രതും പുനീഷഉക്ത്ഥം
   വിദേ വൃധസ്യ ദക്ഷസ്യ മഹൈം ഹി ഷഃ
   ഇന്ദ്രാ, പുത്രന്മാർക്കും സോമത്തിനുമായി ക്രതുക്കള് ആചരിച്ച് ഉക്ത്ഥങ്ങൾ അർപ്പിക്കുന്നു. ജ്ഞാനിയായ മഹാത്മാവിന് സ്തുതി.
2. തമു അഭിപ്ര ഗായത പുരുഹൂതം പുരുഷ്ടുതം
   ഇന്ദ്രം ഗീർഭിസ്തവിഷമാ വിവാസത
   അനേകം പേർ ആരെ പാടിപ്പുകഴ്ത്തുന്നുവോ, ആരാധിക്കുന്നുവോ അവനായി പാടുക. ഇന്ദ്രനെ ഗീരുകളാലും സ്തവങ്ങളാലും അലങ്ക രിക്കുക. വസ്ത്രം ധരിപ്പിക്കുക.
3. തംതേ മദം ഗുണീമസി വൃഷണം പൃഷ്ഠസാസഹിം
   ഉ ലോകകൃത്നുമദ്രിവോ ഹരിശ്രിയം
   നിന്റെ ലഹരി (ആനന്ദം) തരുന്ന ഗുണങ്ങളേയും ജീവനെ പോഷി പ്പിച്ച് വ്യാപിപ്പിക്കുന്ന വൃഷ്ണ(ഷ്ണി)ബലത്തേയും സ്തുതിക്കുന്നു. നീ ലോകത്തെ സൃഷ്ടിച്ചു. ഹരിശ്രിയങ്ങൾക്ക് (ജ്ഞാനികൾക്ക്) നീ മാത്രമാണ് പർവ്വതം പോലെ അചലമായ ആധാരം.
4. വത്സോമമിന്ദ്ര വിഷ്ണവി യദ്വാ ധത്രിത ആപ്ത്യേ
   യദ്വാ മരുത് സു മന്ദസേ സമിന്ദുഭിഃ
   ഇന്ദ്രാ,ഏതൊരു സോമം നിന്നിലും (ഇന്ദ്രിയങ്ങൾ) സർവ്വവ്യാപിയി ലും (വിഷ്ണു) ത്രിതആപ്തൃനിലും (ഋഷിനാമം, ഇഢപിംഗലസുഷു മ്ന എന്നീ പ്രസിദ്ധശക്തികൾ) മരുത്തുക്കളിലും (കാലവർഷക്കാറ്റ്, പ്രാണശക്തി) എവിടെയെവിടെ ആനന്ദമുണ്ടോ അവിടെയെല്ലാം ഇരിക്കുന്നുവോ അതെല്ലാം നീ തന്നെയാണ്.
5. എദ്യൂ മധോർമ്മദിന്തരം സിഞ്ചാധ്വര്യോ അന്ധസഃ
   ഏവാ ഹി വീരസ്തവതേ സദാവൃധഃ
   അധ്വര്യു , എപ്പോഴും ലഹരി അന്തരംഗത്തിൽ പൊഴിക്കുന്ന

മധുവായ ഭക്തിയെ സമ്പാദിക്കുക. സദാ മുന്നോട്ടു സഞ്ചരിക്കുന്ന വീരപുരുഷനല്ലാതെ മറ്റാർക്കും ആ ധനം ലഭിക്കുന്നില്ല.

6. എന്ദ്രൂമിത്രായ സിഞ്ചത പിബാതിസോമ്യം മധു
പ്രരാധാംസി ചോദയതേ മഹിത്വനാ
ഇന്ദ്രനെ സാക്ഷാത്ക്രിക്കാനായി സോമ്യമായ മധു (ജ്ഞാനമധു) വർഷിക്കപ്പെട്ടത് കുടിക്കുവിന്. അവൻ അതില് ആനന്ദിക്കുന്നു. പ്രചോദിപ്പിക്കപ്പെട്ട് അവൻ അവസാനമില്ലാത്ത മഹത്വമേറിയ രാധസ്സുകൾ അരുളുന്നു.

7. ഏതോനവിന്ദ്രം സ്തവാമ സഖായഃ സ്തോമ്യം നരം
കൃഷ്ടീര്യോ വിശ്വാ അഭ്യസ്തേക ഇത്
സഖാക്കളെ, വരുവിൻ. ഈശ്വരനെ സ്തുതിക്കുവിൻ. നരശ്രേഷ്ഠനായ ഇന്ദ്രനുവേണ്ടി സാമം പാടുക. ഇന്ദ്രൻ സ്തുത്യർഹനാണ്. ഏകനായി മറ്റൊരാളുടെ സഹായം കൂടാതെ ഒറ്റ തള്ളവിരലിനാൽ (കൃഷ്ടം) അവൻ സർവ്വത്തേയും ജയിക്കുന്നു. (അംഗുഷ്ഠമാത്രം)

8. ഇന്ദ്രായ സാമഗായത വിപ്രായ ബൃഹതേ ബൃഹത്
ബ്രഹ്മകൃതേ വിപശ്ചിതേ പനസ്യവേ
ഇന്ദ്രനുവേണ്ടി സാമം പാടുക. ബൃഹത്തുക്കളിൽ ബൃഹത്തായ ബൃഹത്സാമം വിപ്രനുവേണ്ടി പാടുക. ബ്രഹ്മജ്ഞാനം സൃഷ്ടിച്ചതിനാൽ ബ്രഹ്മകൃത്തായ ,വേദകൃത്തായ ആ ഏകപുരുഷന്നായി പാടുക.

9. യ ഏക ഇദ്വിദയതേ വസു മർത്തായ ദാശുഷേ
ഈശാനോ അപ്രതിഷ്കൃത ഇന്ദ്രോ അംഗ
മനുഷ്യർക്ക് വേഗത്തില് വസു (ധനം)കൊണ്ടുവരുന്ന ആ ഏകനും ഈശാനനും അപ്രതിഷ്കൃതനുമായ ഇന്ദ്രനുവേണ്ടി പാടുക.

10. സഖായ ആമിഷാമഹേ ബ്രഹ്മേന്ദ്രായ വജ്രിണേ
സ്തുഷ ഊ ഷൂ വോ നൃതമായ ധൃഷ്ണവേ
സഖാക്കളേ, വജ്രിയായ ബ്രഹ്മേന്ദ്രനുവേണ്ടി നമുക്ക് സത്യമായ വേദവാക്ക് പഠിപ്പിക്കുക. ആ ഏകൻ സ്തുത്യനും അജയ്യനുമാണ്.

ഭാഷ്യം

ഋഷിഃ- 1 നാരദൻ. 2,3 ഗോഷൂക്തിയും അശ്വസൂക്തിയും 4 പർവ്വതന് 5-7, 10 വിശ്വമനാ വൈയശ്വഃ 8 നൃമേധ. 9 ഗോതമൻ.
ദേവത ഇന്ദ്രൻ. ഛന്ദസ്സ് ഉഷ്ണിക്ക് സ്വരം ഋഷഭം
നാം ഹരിശ്രീ ഗണപതയേ എന്നാണ് വിദ്യ ആരംഭിക്കുന്നത്. ശ്രീവിദ്യാഉപാസനയിലേക്കുള്ള തുടക്കം ഹ്രീം ശ്രീം (ഹരിശ്രീ) എന്നാണ്. ഹരിശ്രിയങ്ങൾക്ക് അചലമായ ആധാരമെന്ന മൂന്നാം സൂക്തം (ഗോ,അശ്വങ്ങൾ എന്നിവയുടെ ഗണങ്ങൾക്ക് അധിപന്മാരായ

ഗണപതിമാരുടെ സൂക്തങ്ങൾ). അതിനാൽ ശ്രദ്ധേയം. സാമവേദപ്രോക്തമാണ് ഇന്നും നാം നവരാത്രിക്ക് ആചരിക്കുന്ന വിദ്യാരംഭം. വിപ്രൻ,ബ്രാഹ്മണൻ മുതലായ പദങ്ങള് വേദകാലത്തേ ഉണ്ട്. അദ്വൈ തചിന്ത, പ്രത്യഭിജ്ഞാപദ്ധതി, ശ്രീവിദ്യാ ഉപാസന, ബ്രഹ്മവിദ്യ ഇവയെല്ലാം വേദത്തിൽത്തന്നെ പറയപ്പെട്ടിട്ടുണ്ട്.

പ്രപാഠകം 5 അർദ്ധം 1

ദശകം 5.

1. ഗൃണേ തദിന്ദ്ര തേ ശവഉപമാം ദേവതാതയേ
   യദ്ധംസി വൃത്രമോജസാ ശചീപതേ
   ഇന്ദ്രാ, നീ നിന്റെ ബലത്താൽ അജ്ഞാനം നീക്കുന്നു. പ്രകാശമയമായ അനുപമമായ ദേവത്വം ലഭിക്കാൻ ഞാൻ, വൃത്രഹന്താവായ നിന്റെ ഓജസ്സിനെ (ശക്തിയെ)പ്രകീർത്തിക്കുന്നു.
2. യസ്യത്യച്ഛംബരം മദേ ദിവോദാസായ രന്ധയന്
   അയംസ സോമ ഇന്ദ്ര തേ സുതഃ പിബ
   ദിവോദാസന്റെ പാതയിൽ വന്ന പ്രതിബന്ധങ്ങള് നീ നീക്കി. സോമഇന്ദ്രാ, ഞാൻനിന്നെ ശരണം പ്രാപിക്കുന്നു. (എന്റെ സാമമാകുന്ന സോമം കുടിക്കുക)
3. എന്ദ്ര നോഗധി പ്രിയസത്രാജിദഗോഹ്യ
   ഗിരിർന്നാ വിശ്വതഃപൃഥുഃപതിർദ്ദിവഃ
   ഊഹിക്കാനാവാത്തവനും, സത്രാജിത്തും ,പ്രിയനുമായ ഇന്ദ്രാ വരിക. വിശ്വം മുഴുവനും പൃഥുവായി(വലുതായി) ഗിരിപോലെ സർവ്വത്ര വ്യാപിച്ച ദിവസത്തിന്റെ പതേ(സൂര്യാ) വരിക.
4. യ ഇന്ദ്ര സോമപാതമോ മദഃ ശവിഷ്ഠ ചേതതി
   യേനാഹംസിന്യാത്ീണാ തമീമഹേ
   ഇന്ദ്രാ, നീ ലഹരി കൊണ്ട് തൃപ്തനായി ആനന്ദിച്ച് ത്രിശോകങ്ങളാൽ ഇരുട്ടുമൂടിയ മനസ്സുകളിലേക്ക് ഹംസമായി എഴുന്നള്ളുന്നു. ആ സോമവൃഷ്ടി ഞങ്ങൾ മോഹിക്കുന്നു.
5. തുചേ തുനായ തത്സു നോ ദ്രാധീയ ആയുർജീവസേ
   ആദിത്യാസഃസമഹസഃകൃണോതന
   ഞങ്ങൾക്ക് പുത്രരും പ്രപുത്രരും അവർക്ക് ആയുസ്സും ആരോഗ്യവും ആദിത്യസമമായ സമജ്ഃാനവും കൊടുക്കുക.
6. വേത്ഥ്യാ ഹി നിരൃതീനാം വജ്രഹസ്ത പരിവൃജം
   അഹരഹഃശുന്ധ്യുഃ പരിപദാമിവ ,
   അറിവുള്ളവരേ, വജ്രഹസ്തരാല് ചുറ്റപ്പെട്ട വീരനെപ്പോലെ

ദിനരാത്രങ്ങൾതോറും പലദിശകളില് ചുറ്റിത്തിരിയുന്ന ശത്രുക്കളെ (കാമക്രോധാദി)കരുതിയിരിക്കുക.

7. അപാമിവാമപ സ്രിധമപസേധത ദുർമ്മതിം
   ആദിത്യാസോ യുയോതനാ നോ അംഹസഃ
   അറിവുള്ളവരേ, രോഗങ്ങളേയും ദുർമ്മതികളേയും അകറ്റുക. സർവ്വകളങ്കങ്ങളിൽനിന്നും അകന്ന് ആദിത്യസദൃശം വിളങ്ങുക.
8. പിബാ സോമമിന്ദ്രം മന്ദതു ത്വായം തേസുഷാവഹര്യശ്വാദ്രിഃ
   സോതുര്ബഹുഭ്യാം സുഖതോ നാർവ്വാ
   ഇന്ദ്രാ, സോമം കുടിച്ചാലും അത് നിന്നെ ആനന്ദിപ്പിക്കട്ടെ. തിളങ്ങുന്ന ഹര്യശ്വങ്ങളോടും (പ്രാണങ്ങള്) ധ്യാനത്തോടും കൂടി ഞങ്ങൾ അത് നിനക്കായി ഉണ്ടാക്കിയതാണ്. അനേകവിധം അഭ്യസിച്ച സുയതിയായ സീരഥിയാൽ നയിക്കപ്പെട്ട കുതിരകളെപ്പോലെ അവ നിന്നെ ആനന്ദിപ്പിക്കട്ടെ.

ഭാഷ്യം

ഋഷിഃ- 1 പ്രഗാഥൻ. 2 ഭരജ്വാജൻ. 3 നൃമേധന് 4 പർവ്വതന് 5,7 ഇരിംബിഠി, വിശ്വമനാ 8 വസിഷ്ഠൻ. ദേവത 1-4, 6, 8 ഇന്ദ്രൻ. 5,7 ആദിത്യൻ. ഛന്ദസ്സ് 1-7 ഉഷ്ണിക്ക് 8 ത്രിപദാ വിരാട് അനുഷ്ഠുപ്പ് സ്വരം 1-7 ഋഷഭം 8 ഗാന്ധാരം

രണ്ടാം സൂക്തത്തിൽ ഭരദ്വാജന് ദിവോദാസനെന്ന രാജാവിനെ പറയുന്നു. ദിവോദാസൻ ആദിത്യദാസനാണ്. സൂര്യസിദ്ധാന്തം അനുസരിച്ച കാലഗണന ചെയ്യുന്നവനും , കാശിയിലെ ആയുർവ്വേദപരമ്പരയിലെ ദിവോദാസനെന്നും രണ്ട് അർത്ഥം പറയാം.ഇതുപോലെ സത്രാജിത്ത്,പൃഥു എന്ന (മൂന്നാം സൂക്തം) പദങ്ങളും വ്യാഖ്യാനിക്കണം.നാലാം സൂക്തത്തിലെ ആധിഭൌതിക,ആധിദൈവത, അദ്ധ്യാത്മികങ്ങളായ താപത്രയങ്ങളെഹംസ(സോഹ)രൂപത്തിൽ മുനിമാനസങ്ങളിൽ സമാധിയില് തെളിയുന്ന ബ്രഹ്മാനന്ദം ഹരിക്കുന്നതായി മനസ്സിലാക്കണം.

ദശകം 7

1. സ്വാദോരിത്ഥാ വിഷൂവതോമർദ്ധോഃപിബന്തി ഗൌര്യഃ
   സാ ഇന്ദ്രേണ സയാവരീവൃഷ്ണാ മദന്തി ശോഭഥാ വസ്വീരനു സ്വരാജ്യം
   ഗൌരികൾ(പശുക്കൾ, വെളുത്ത സ്തരീകൾ,വാക്കുകൾ, കിരണങ്ങള്) സ്വാദോടുകൂടി ചുരത്തിയ (വീഴ്ത്തിയ) മധുപാനം ചെയ്ത്

ആനന്ദിക്കുക. അവർ ബലവത്തായ വൃഷ്ണരായ ഇന്ദ്രനോടൊപ്പം ശോഭയോടും വസുക്കളോടും സ്വരാജ്യത്തോടുംകൂടി ലഹരി ആസ്വദിച്ച് ആനന്ദിക്കുന്നു.

2. ഇത്ഥാഹി സോമ ഇന്മദോ ബ്രഹ്മ ചകാരവർദ്ധനം
ശവിഷ്ഠ വജ്രിണോജസാ പൃഥിവ്യാ നിഃശശാ അഹിമർച്ചന്നനു സ്വരാജ്യം
ഇപ്രകാരമാണ് സോമൻ മദത്താല്(ലഹരിയാൽ) ബ്രഹ്മചക്രരൂപത്തിൽ വർദ്ധിച്ചു വർദ്ധിച്ചു വന്നത്. ജ്ഞാനിയായ വജ്രിയുടെ ഓജസ്സിനാൽ ജ്ഞാനം വർദ്ധിക്കുന്നു.സൂര്യൻ മേഘത്തെ പിളർന്ന് പ്രകാശിക്കുന്നപോലെ ഭൂമിയുടെ ആവരണം തകർത്ത് അഭൌമമായ അഹി (സർപ്പം. കുണ്ഡലിനി) പ്രകാശിക്കുന്നു.

3. ഇന്ദ്രോ മദായ വാവൃധേ ശവസേ വൃത്രഹാ നൃഭിഃ
തമിൻ മഹത് സ്വാജിപൂതിമർഭേ ഹവാമഹേ സ വാജേഷു പ്രനോവിഷത്
ഇന്ദ്രൻ ലഹരിയാല് വർദ്ധിക്കുന്നു. ആ വൃത്രഹന്താവ് നരന്മാരുടെ രാജാവാണ്. സഖാക്കളുമൊത്ത് അവൻ നമ്മുടെ മഹദ്കർമ്മങ്ങളില് സഹായിക്കുന്നു. ചെറുതും വലുതുമായ സര്വ്വജീവിതയജ്ഞത്തിലും നമ്മുടെ സംരക്ഷണത്തിന് നാം അവനെ സ്മരിക്കുന്നു.

4. ഇന്ദ്ര തുഭ്യമിദദ്രിവോനൃതം വജ്രിൻ വീര്യം
യദ്വത്യം മായിനം മൃഗം നവത്യന്മായയാ വധീരർച്ചന്നനുസ്വരാജ്യം
ഇന്ദ്രാ, അദ്രിപോലെ അചലമാണ് വജ്രിയായ നിന്റെ സത്യത്തിന്റെ വീര്യം. അതിനാൽ നീ മായയാൽ ദാഹിച്ച മൃഗങ്ങൾക്ക് മായിൻ(മായോൻ) ആയി രക്ഷണം നൽകുന്നു. ഇതെല്ലാം നിന്റെ സ്വരാജ്യത്തിന്റെ പ്രഭാവമത്രെ.

5. പ്രേഹ്യഭിഹി ധൃഷ്ണുഹി ന തേ വജ്രോ നി യംസതേ
ഇന്ദ്ര നൃമ്ണം ഹി തേ ശവോ ഹനോ വൃത്രം ജയാഅപോര്ച്ചന്നനു സ്വരാജ്യം
മുമുക്ഷുക്കളേ, മുന്നിലേക്ക് നീങ്ങുക. പ്രതിബന്ധങ്ങളെ അഭിമുഖീകരിക്കുക. അവയെ തരണം ചെയ്യുക. നിങ്ങളുടെ ശക്തി അജയ്യമാണ്. നിങ്ങൾക്ക് ശ്രേയസ്സ് സുനിശ്ചിതമാണ്. ബലം കൊണ്ട് അവിദ്യയെ (വൃത്രനെ)ഖണ്ഡിക്കുക. സർവ്വകർമ്മങ്ങളേയും നിയന്ത്രിച്ച് സ്വരാജ്യം നേടുക.

6. യദുദീരത ആജയോ ധൃഷ്ണയേ ധീയതേ ധനം
യുങ് ക്ഷ്വാ മദച്യുതാ ഹരി കംഹനഃ കം വസൌ ദധോസ്താം ഇന്ദ്രവസൌ ദധഃ

യുദ്ധത്തിൽ നേടിയ ധനം വിജയിയുടെ യജ്ഞത്തില് ധിഷ്ണയി ലെത്തുന്നു. മദിച്ച് (ആനന്ദലഹരിയടഞ്ഞ്) അച്യുതമായ (അവസാ നമില്ലാത്ത) ഹരികളെ സംയോഗം (യോഗം)ചെയ്യിക്കുക. (പൂട്ടുക. രഥത്തിൽ,നുകത്തിൽ കെട്ടുക) ഏതിനെയാണ് നിങ്ങൾ അതുകൊ ണ്ട് ഹനിക്കുക. ഏതൊരു വസുവാണ് അതുകൊണ്ട് നേടുക. ഇന്ദ്രാ,ആ വസുക്കളെ നേടാന് ഞങ്ങളെ നിയന്ത്രിതരാക്കുക.

7. അക്ഷണമീമദന്ത ഹ്യവ പ്രിയാ അധൂഷത
അസ്തോഷത സ്വഭാനവോ വിപ്രാ നവിഷ്ഠയാ മതിയോജാന്വിന്ദ്ര തേ ഹരി
നിരന്തരം തപസ്സും യോഗവും അനുഷ്ഠിച്ച ഋഷിമാര് സർവ്വപ്രി യവും അനുഭവിക്കുന്നു. അവർ സദാ സന്തുഷ്ടരാണ്. ഒരാശയും ഇല്ലാത്തവരാണ്. സ്വന്തം ഭാനത്താൽ (പ്രകാശം,ജ്ഞാനം ദീപ്തി) ശോഭിക്കുന്ന ആ വിപ്രന്മാർ നിന്നെ വിശിഷ്ടസൂക്തങ്ങളാല് സ്തു തിക്കുന്നു. ഇന്ദ്രാ,നിന്റെ ശ്രേഷ്ഠരായ രണ്ടു ഹരികളെ അവ ർക്കായി സംയോഗം ചെയ്യുക.

8. ഉപോഷു ശ്രുണുഹി ശിരോ മഘവൻമാ തഥാ ഇവ
മദാ നഃ സൂനൃതാവതഃകര ഇദർത്ഥയാസ ഇദ്യോജാന്വിന്ദ്രതേ ഹരി
ഞങ്ങളുടെ ഗീരുകൾ ശ്രദ്ധാപൂർവ്വം കേൾക്കുക. മഘവാനേ, ഞങ്ങളെ എപ്പോഴാണ് മഘവാനായ നീ സത്യവചസ്സുകളും മധുരവചസ്സുകളും ആക്കുക എന്നു മാത്രമാണ് ഞങ്ങളുടെ പ്രാർത്ഥന. ഇന്ദ്രാ, അതിന്നായി നിന്റെ ശ്രേഷ്ഠരായ ഹരികളെ സംയോഗം ചെയ്യിക്കുക.

9. ചന്ദ്രമാ അപ്സ്വാന്തരാ സുപർണ്ണോ ധാവതേ ദിധി
നവോഹിരണ്യനേമയഃപദം വിന്ദന്തി വിദ്യുതോവിത്തം മേ അസ്യ രോദസി
ആപസ്സിന്റെ അന്തർഭാഗത്തുള്ള ചന്ദ്രനിലേക്ക് സുപർണ്ണങ്ങള് ആനന്ദപൂർവ്വം സഞ്ചരിക്കുന്നു. ആരും ആ ഹിരണ്യനേമിയുടെ പരമപദം അറിയുന്നില്ല. വൈദ്യുതമായ ആ ധനം(രഹസ്യപദം) അതിന്നായി കേഴുന്ന (രോദനം ചെയ്യുന്ന) എനിക്കായി അരുളുക.

10. പ്രതി പ്രിയതമം രഥം വൃഷണം വസുവാഹനം
സ്തോതാ വാമശ്വിനാവൃഷി സ്തോമേഭിർഭൂഷതി പ്രതിമാദ്ധ്വി മമശ്രുതം ഹവം
ഓരോരോ പ്രിയതമവും , വസു(രത്ന)വാഹനവും വൃഷ്ണവു മായ രഥത്തിലും (ശരീരം) ഇരിക്കുന്നവനേ, വാമമായ (സുന്ദരം, ഇടത്തുഭാഗം) അശ്വികളാകുന്ന സ്തോതാക്കൾ (ജീവാത്മാക്കൾ)

വർഷിക്കുന്ന സ്തോമങ്ങളാല് അലങ്കാരങ്ങളണിഞ്ഞ് ഓരോരോ മാദ്ധ്വി (മാധവി)യിലും വന്ന് എന്റെ ഹവം ശ്രവിക്കുക.

ഭാഷ്യം

ഋഷിഃ- 1-8 ഗൌതമൻ. 9 ത്രിതന് 10 അവസ്യു.
ദേവത 1-8 ഇന്ദ്രൻ. 9 വിശ്വേദേവകൾ. 10 അശ്വികൾ.
ഛന്ദസ്സ് പംക്തി സ്വരം പഞ്ചമം.

1-8 വരെ ഗൌതമസൂക്തങ്ങളാണ്. എട്ടിനും ദേവത ഇന്ദ്രനാണ്. ഇന്ദ്രനും ഗൌതമപത്നിയായ അഹല്യയും തമ്മിലുള്ള രഹസ്യ ബാന്ധവകഥയും അതിനാൽ ഇന്ദ്രനു ലഭിച്ച സഹസ്രവൃഷണനെന്ന ശാപവും അഹല്യക്ക് ശിലാരൂപവും പുരേണേതിഹാസങ്ങളിലുണ്ട്. ശാപമോക്ഷത്തിനായി ഹരികളെ (രാമലക്ഷ്മണരെ) അനന്തനും അച്യുതനുമായി വിശ്വാമിത്രനെന്ന ശതക്രതുവാണ് അഹല്യയുടെ സമീപത്ത് എത്തിയത്.

ഇവിടെ ഗൌതമസൂക്തങ്ങളിലെ ഇന്ദ്രൻ ശത്രുവല്ല എന്ന് ശ്രദ്ധിക്കണം. പക്ഷേ സുന്ദരികളായസ്ത്രീകളുമായി ആനന്ദിക്കുന്നതിൽ തൃഷ്ണയുള്ള വൃഷ്ണനാണ്. ഗൌരിയൊത്ത് രസിക്കുന്നതിനാൽ ശിവനാണ്. ഗൌരി വെളുത്ത പശുവാകയാൽ കാള എന്ന ഋഷഭമാണ്. വാക്കായതുകൊണ്ട് ബ്രഹ്മാവാണ്. വൃഷ്ണിവംശമാകയാൽ ഹരിയാണ്. രണ്ടാം സൂക്തത്തിൽ കല്ലുപോലെ ഉറച്ച പൃഥ്വിയാണ് അഹല്യ. ആ ഭൌതികരൂപത്തിനകത്ത് സമാധിയിൽ കുണ്ഡലിനീശക്തിയായിരിക്കുന്ന ജീവോർജ്ജം ഇന്ദ്രനാണ്. മേഘത്തെ പിളരുന്ന വൈദ്യുതോർജ്ജവും (മിന്നലും ഇടിയും) മഴയും ഇന്ദ്രന്റെ ഓജസ്സിന്റെ വർഷമാണ്. ഭൂമിയെ പിളർന്ന് രേതസ്സു വിതക്കുന്ന സസ്യമൃഗജീവസമൃദ്ധമാക്കുന്ന പ്രക്രിയയാണ് ഭൂമിയുടെ ഭർത്താവായ വിഷ്ണുവിന്റേത്. അതായത് വേദത്തിലെ ഇന്ദ്രനാണ് പിന്നീട് ത്രിമൂർത്തിരൂപമായി ആരാധിക്കപ്പെട്ടത്.

നാലാം സൂക്തം മായ,മായിനം,മൃഗം എന്ന് മൂന്നു വാക്കുകളുപയോഗിക്കുന്നു.മായോനെന്നത് വിഷ്ണുപര്യായമാണ്. മായ വൈഷ്ണവീശക്തിയും. മൃഗം അഥവാ മായാമൃഗമെന്നത് രാമായണകഥയിലെ മായാമൃഗമായ മാരീചനാമമാണ്. മായാമൃഗമായ മാരീചനെന്ന ഭൌതികതയെ മോഹിച്ച സീതയും അഹല്യയും തമ്മിലുള്ള സാദൃശ്യമാണ് പറയുന്നത്. ശൈവാഗമത്തിൽ പശു അഥവാ മൃഗം ജീവാത്മാവാണ്. ജീവാത്മാവിന് മായാബന്ധനവും അതിൽനിന്ന് സംരക്ഷണവും

(മുക്തി) തരുന്ന മായോനായ (മായാവി) വിഷ്ണുവിന്റെ സ്വരാജ്യ പ്രഭാവമാണ് ഗൌതമൻ പറയുന്നത്.രാമായണകഥയും ഏറെക്കുറെ ഇതുതന്നെയാണല്ലോ.

6,7,8 സൂക്തങ്ങളിൽ ഹരികൾ, അവയുടെ യോഗം ,അങ്ങനെ യോഗം ചെയ്ത രഥം നയിക്കുന്ന സാരഥി എന്ന് മൂന്ന് ആശയങ്ങള് കാണാം. സ്ത്രീപുരുഷമിഥുനം, ഹ, രി എന്ന രണ്ട് അക്ഷരം, ഹരനും ഹരി യും ,അശ്വിനികൾ, പ്രാണാപാനന്മാര് എന്നിങ്ങനെ നാനാർത്ഥം പറഞ്ഞ് ഇത് വ്യാഖ്യാനിക്കാം. സർവ്വപുരുഷാർത്ഥ ങ്ങളും അതിലടങ്ങിയിരിക്കുന്നു. വംശവൃദ്ധി, ജ്ഞാനവൃദ്ധി, കർമ്മ വൃദ്ധി, മോക്ഷസിദ്ധി എല്ലാം ആ യോഗത്തിലിരിക്കുന്നു. എട്ടാം സൂക്തത്തിൽ ശ്രേഷ്ഠരായ ഹരികളെ സത്യവും മധുരവുമായ വാണി ഉച്ചരിക്കാൻ സംയോജിപ്പിക്കുക എന്നു പറയുമ്പോൾ സംഗീതസാഹിത്യാദികൾക്ക് മൂലമായ വാഗ്ദേവത ഇരിക്കുന്ന പ്രാണദേവതയായ കുണ്ഡലിനീശക്തിയുടെ ഉണർച്ചയാണ് പറയുന്നത്. നാദം പുറപ്പെടുവിക്കാൻ ആ ഇഡപിംഗളകളുടെ മൈഥുനം വേണം. (ശരീരാന്തർഗ്ഗതം) പ്രപഞ്ചാന്തർഗ്ഗതമായി ഇതേ പ്രാണോർജ്ജമാണ് രണ്ട് കാലവർഷക്കാറ്റുകളായി സമുദ്രത്തിലും അന്തരിക്ഷത്തിലും ചുറ്റുന്നന അസ്വിശ്വിനികള്. അതിന്റെ രഹസ്യധനമായ പരമപദം ശുദ്ധമായ വൈദ്യുതോർജ്ജമാണ്. അകത്ത് ഹൃദാകാശത്തിലും നാഡീവ്യൂഹത്തിലും പുറത്ത് ചിദാകാശത്തിലെ നാദവൈദ്യുതരാശി മണ്ഡലത്തിലും - അതിന്റെ പരമരഹസ്യജ്ഞാനത്തിനാണ് ഋഷി വേദസൂക്തം പാടുന്നത്.

പത്താം സൂക്തത്തിന്റെ ദേവത അശ്വനികളാണ്. ഇതിൽ പുരുഷന് ഏകം പ്രകൃതി അനേകം. അവയുടെ അദ്വൈതം മനോഹരമായി പറയുന്നു. ഓരോ ജീവശരീരവും ജീവാത്മാവും പ്രിയതമവും വസുവാഹനവുമായ സ്തോതാക്കളായ വാമശക്തികളാണ്. ദക്ഷിണ പുരുഷനായി വർത്തിക്കുന്ന അർദ്ധഭാഗത്തിന് . ഓരോ ജീവാത്മാ വും പാലു ചുരത്തുന്ന മാദ്ധ്വിയായ മാധവി. മാധവൻ അവയിലെ ല്ലാം പ്രാണമിഥുനമായി ,അശ്വിനികളായി അർദ്ധനാരീശ്വരമായി ഇരുന്ന് തന്മയീഭാവമെന്ന ആനന്ദാനുഭവം പ്രതിപ്രിയതമം , പ്രതിമാ ദ്ധ്വി , പ്രതിദിനം പ്രതിമുഹൂർത്തം അനുഭവിക്കുകയാണ്. പരിപാ വനമായ ആ ഗുരുപവനപുരേശ്വരന്റെ മായയും മായാമോക്ഷവും മാത്രമാണ് വേദങ്ങൾ അനേകസ്തോത്രങ്ങളില് സൂക്തങ്ങളില് മധു രമായ ഇന്ദിരാസോമ(ഇന്ദ്രസോമം)മാക്കി പാടുന്നത്.

ദശകം 6

1. അഭ്രാതൃവ്യോ അനാ ത്വമനാപിരിന്ദ്ര ജനുഷാ സനാദസി
യുധേ ദാഹിത്വമിഛസേ
അനാദികാലമായി, ഏകനായി, മറ്റൊരാളും ശത്രുവായില്ലാതെ, സർവ്വനിയന്താവായി, തനിക്കു തുല്യമായി ആരുമില്ലാതെ, ഇന്ദ്രാ, നീ വർത്തിക്കുന്നു. നീ ഇഛിക്കുന്നത് യുജ് അഥവാ യോഗം മാത്രമാണ്.
2. യോ ന ഇദമിദം പുരാപ്രവസ്യ ആനിനായതമുവസ്തുഷേ
സഖായ ഇന്ദ്രമൂതയേ
സുഹൃത്തുക്കളേ, ഈ ഇന്ദ്രന് പണ്ട് (പൂർവ്വജന്മങ്ങളിൽ) നമുക്ക് വ്യത്യസ്തശരീരരൂപങ്ങളും അവയിലെല്ലാം സംരക്ഷണവും തന്ന വനാണ്.
3. ആ ഗന്താ മാ രിഷത്ത്യത പ്രസ്ഥാവാനോ മാപസ്ഥാതസമന്യവഃ
ദൃഢാ ചിദ്യമയിഷ്ണവഃ
അറിവുള്ളവരേ, വരിക. വിഷമിക്കേണ്ടതില്ല. സദാ ജാഗരൂക രായി ഇരിക്കുക. ധർമ്മമാർഗ്ഗം ഒരിക്കലും വിടാതെ ദൃഢമായി പിന്തുടരുക. നിങ്ങൾക്ക് അചഞ്ചലമായ ചിദ്(ശക്തി)പോലും ദൃഢാഭ്യാസത്താൽ അറിയാനാവും.
4. ആ യാഹ്യയമിന്ദവേശ്വപതേ ഗോപതഉർവ്വരാപതേ
സോമം സോമപതേ പിബ
ഇന്ദു,അശ്വപതി, ഗോപതി, ഉർവ്വരാപതി, സോമപതി- നിങ്ങള് എല്ലാവരും വരിക. സോമം കുടിക്കുക.
5. ത്വയാ ഹ സിധ്വിജാ വയംപ്രതി ശ്വസന്തം വൃഷഭ സ്രുവീമഹി
സംസ്ഥേ ജനസ്യ ഗോമതഃ
ജ്ഞാനം തരുന്നവനേ, നിന്റെ സൌഹൃദം കൊണ്ട് ഓരോരോ ശ്വാസത്തിലും ,ഓരോരോ ജീവനിലും പ്രകാശമതികളായ ജ്ഞാനി കളുടെ മദ്ധ്യത്തിൽ സംസ്ഥരായ ഞങ്ങൾ, ഹേ, വൃഷഭാ, നിന്നെ കീർത്തിച്ച് പാടുന്നു.
6. ഗാവഛിദ് ധാ സമന്യവഃ സജാത്യേന മരുതഃസബന്ധവഃ
രിഹതേ കുകുഭോ മിഥഃ
ജ്ഞാനികളേ, മരുത്തുക്കളുടെ സബന്ധുക്കളാകയാൽ, സജാതികളാ യ നിങ്ങൾ ജ്ഞാനശക്തിയാല് പരസ്പരം എത്ര ദൂരത്തിരുന്നാ ലും സംവദിക്കുന്നു. (പരസ്പരം അറിയുന്നു)
7. ത്വം ന ഇന്ദ്രാ ഭരദ്വാജോ നൃമ്ണം ശതക്രതോ വിചർഷണേ
ആ വീരം പൃതനാസഹം

ഇന്ദ്രാ, ഓജസ്സു നിറഞ്ഞവനേ, ശതക്രതോ, സർവ്വലോകവും കാണുന്നവനേ, പൃതനയോടുകൂടിയ (വളഞ്ഞ വളഭിയെന്ന കോട്ടയോടുകൂടി) വീരന്മാരോടുകൂടി നീ സർവ്വവും ജയിച്ചു.

8. അഥാഹീന്ദ്ര ഗിർവ്വണഉപത്വാ കാമ ഈമഹേ സസൃഗ്മഹേ ഉദേവ രമന്ത ഉദഭിഃ
ഉദകം ഉദകത്തോടു ചേർന്ന് രമിച്ച് വർദ്ധിക്കുന്നതുപോലെ ഞങ്ങളുടെ ഗിർവ്വാണാദികള് കാമത്തോടെ നിന്നിലെത്തി നിന്നില് ലയിച്ചുചേർന്ന് പുതുസൃഷ്ടികള് ഉണ്ടാവുന്നു.
9. സീദന്തസ്തേ വയോയഥാ ഗോശ്രീ തേ മഘോ മദിരേ വിവക്ഷണേ അഭിത്വാമിന്ദ്ര നോനുമഃ
നിന്റെ ഗോശ്രീ എപ്രകാരമോ അതുപോലുള്ള നിന്റെ മഘങ്ങളേയും മദിരയേയും അറിഞ്ഞ് അവസാനത്തെ ആനന്ദം (മുക്തി) തരുന്ന നിന്നെ ഞങ്ങൾ പ്രകീർത്തിക്കുന്നു.
10. വയമു ത്വാമപൂർവ്വ്യ സ്ഥൂരം ന കശ്ചിത് ഭരന്തോവസ്യവഃ വജ്രിം ചിത്രഹവാമഹേ
ഏറ്റവും പൂർവ്വവും അപൂർവ്വവുമായ ആദിദേവാ, നിന്റെ സംരക്ഷണം മോഹിച്ച് നിന്നെ സേവിച്ച് കീർത്തിച്ച് ഞങ്ങള് നിന്നെ വർദ്ധിപ്പിക്കുന്നു. വജ്രിയായ നിനക്ക് ചിത്രം (ചൈത്രം എന്നും പറയാം) ആയ (വിചിത്രമായ)ഹവിസ്സുകളർപ്പിക്കുന്നു.

ഭാഷ്യം

ഋഷിഃ- 1-6, 9,10 സൌഭരി 7,8 നൃമേധ,
ദേവത 1,2,4,5,7-10 ഇന്ദ്രൻ. 3, 6 മരുത്ത്
ഛന്ദസ്സ് കുകുഭുഷ്ണിക്ക്   സ്വരം ഋഷഭം

നാലാംസൂക്തത്തിൽ ഇന്ദു ഇന്ദ്രിയങ്ങളുടെ പ്രഭുവായ മനസ്സും സോമപതി ഔഷധിവനസ്പതികൾക്ക് പ്രഭുവായ ചന്ദ്രനുമാണ്. (ഒന്ന് ജൈവശരീരത്തിലും, മറ്റൊന്ന് അന്തരിക്ഷശരീരത്തിലും) ഉർവ്വരാപതിയെന്ന് ഭൂമിയുടെ ഉർവ്വരതക്ക് അധീശത്വമുള്ളവനെന്ന അർത്ഥത്തിൽ ജൈവവൈവിദ്ധ്യത്തിനു കാരണക്കാരനാണ്. അശ്വങ്ങൾ, ഗോക്കൾ മുതലായി വേദകാലത്തെ സമ്പദ്ചിഹ്നങ്ങൾ കാർഷികവും , വ്യാപാര, സഞ്ചാര,ഗതാഗത,യുദ്ധാദികർമ്മങ്ങൾക്ക് വേണ്ട സമ്പത്തുക്കളായ ജൈവവർഗ്ഗവും എടുത്തുപറയുന്നുണ്ട്. അവർക്കെല്ലാം വംശവൃദ്ധി ,അന്നം,ജലം എന്നിവക്കുവേണ്ടിയാണ് ജ്ഞാനിയായ ബ്രഹ്മജ്ഞൻ സോമം പിഴിയുന്നതും യജ്ഞം ചെയ്യുന്നതും പ്രാർത്ഥിക്കുന്നതുമെല്ലാം. സർവ്വജീവനിലും ഇരിക്കുന്നത് ഒരേ ഒരു ഊർജ്ജമാണ്. ഒരേ

ഒരു ദേവനാണ് എന്ന സർവ്വേശ്വരമതം വേദകാലത്തുണ്ടായിരുന്നതു തന്നെയാണ്.ശങ്കരാചാര്യർ പുതുതായി ഉണ്ടാക്കിയതായിരുന്നില്ല. ഇതിന് സാക്ഷ്യം വഹിക്കുന്നതാണ് വേദസൂക്തങ്ങളെല്ലാം. ഗ്രാമങ്ങൾ വിദൂരത്തിലാവാം, പക്ഷേ സർവ്വജീവജാലങ്ങളും ഒരേ ഒരു ഏകബീജമായ ഈശ്വരചൈതന്യാംശങ്ങളാകയാൽ പ്രാണമാരുതകമ്പനങ്ങളാല് (നാദപ്രകാശങ്ങൾ)സംവദിക്കുന്നുണ്ട് എന്ന ആറാം സൂക്തം ശാസ്ത്രസത്യമാണ്. കാലവർഷക്കാറ്റിന്റേയും ഭൂമിയുടെ ഏതുഭാഗത്തുണ്ടായ കമ്പനത്തിന്റേയും അഗ്നിപർവ്വതസ്ഫോടനത്തിന്റേയും ചലനം സമുദ്രജലത്തിലും കാറ്റിലും കൂടി ഭൂമിയാകെ അനുഭവപ്പെടുന്നു. ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് കർണ്ണാകർണ്ണികയാ വാർത്ത പരക്കുന്നു. വ്യക്തികളും ഗണങ്ങളുമായ സഞ്ചാരികൾ അവരുടെ സംബന്ധങ്ങൾ ഹേതുവായി പരസ്പരം വാർത്ത കൈമാറി സർവ്വഭാഷയും ജ്ഞാനവും ലോകമാകെ വ്യാപിപ്പിക്കുന്നു. ഈ വ്യാപനം അശ്വം,കപ്പൽ, മറ്റു വാഹനങ്ങളെന്നിവയിൽ ലോകം ചുറ്റുന്ന വ്യാപാരികളും അവരുടെ ബന്ധങ്ങളും കൊണ്ട് നിലനിർത്തപ്പെടുന്നു.

ജ്ഞാനവർദ്ധനവിന് വിദ്വത്സഭകളില് സംവദിക്കുന്ന ജ്ഞാനികള് പരസ്പരം ജ്ഞാനം പങ്കുവെച്ച് വ്യാപിപ്പിക്കുന്നു. മരുത്സംബന്ധത്താൽ സർവ്വവും ഇപ്രകാരം സജാതി(ഒരേ ജാതി) എന്ന അദ്വൈതം ഗുരുമാരുതപുരത്തിലിരിക്കുന്ന നാദബ്രഹ്മസന്ദേശമാണ്. സാമവേദം ഈ അദ്വൈതമാണ്.

ഏഴാം സൂക്തത്തിലെ പൃതനയും ഒമ്പതാം സൂക്തത്തിലെ ഗോശ്രീയും

ദശകം മൂന്നിലും പൃതന എന്ന പദമുണ്ട്. ഇവിടെ പൃതനയും ഗോശ്രീയും വരികയാൽ കേരളചരിത്രത്തിന് പ്രാധാന്യമുണ്ട്. പൃതന അഥവാ പൃഥന വളഞ്ഞത് എന്നാണ് അർത്ഥം. വളഞ്ഞ് ഒഴുകുന്ന പുഴ, വളഞ്ഞ കോട്ട, വളഞ്ഞ (geodesic) ഭ്രമണപഥമുള്ള സൌരയൂഥാദികളിലെ ഗ്രഹനക്ഷത്രാദി. ഇവയെല്ലാം ഉള്ളവനും സർവ്വസാക്ഷിയും സഞ്ചാരിയും 100 യാഗം ചെയ്തവനും (ശതക്രതു) ആയ വലഭിയിലെ വല്ലഭചക്രവർത്തിമാരുടെ വംശം കേരള,മാഹിഷ്മതികളിലെ മൂഷക,യദുവംശമാണ്. ഗോശ്രീ എന്നത് ഈ വംശത്തിന് വന്ദേരി പെരുമ്പടപ്പ് കൊച്ചിരാജാക്കന്മാർക്ക് പ്രത്യേകമായി കൊടുത്തിരുന്ന ബിരുദനാമവും. കാർഷികസമ്പത്തും വിദ്യാസമ്പത്തും (ഗോശ്രീ) ഉള്ള പെരുമ്പടപ്പിന്റെ തമിഴിലെ കോച്രീ അഥവാ കൊച്രീ തന്നെയാണ് ഗോശ്രീ എന്ന സംസ്കൃതനാമം. മലബാറിലെ വളഭിയും ഗോശ്രീയും

ഈ സൂക്തങ്ങളിലുണ്ടെന്നത് ശ്രദ്ധേയമാണ്. കേരളചരിത്രപഠനത്തിന് ഇത് സഹായകമാണ്.

ഛന്ദസ്സ് കുകുഭുഷ്ണിക്കാണ്. ഛന്ദസ്സിന്റെ നാമം കുകുഭം ആറാം സൂക്തത്തിൽകൊടുത്തിരിക്കുന്നു. രാഗനാമം രാഗസാഹിത്യത്തിൽ പെടുത്തുന്ന രീതിയുടെ ഉത്ഭവം ഈ സാമസൂക്തത്തില് നമുക്ക് കാണാം.

ദശകം 8

1. ആതേ അഗ്ന ഇധീമഹി ദ്യുമന്തം ദേവാജരം
   യദ്ധ സ്യാ തേ പനീയസി സമിദ്ദിദയതി
   ധ്യവിഷാസ്തോതൃഭ്യആഭര
   വാർദ്ധക്യം ബാധിക്കാത്ത നിത്യപ്രകാശമായ അഗ്നിയെ ഞങ്ങള് കൊളുത്തുന്നു. സ്വർഗ്ഗത്തിലെ ആ സമിത്ത് (സൂര്യൻ)നമുക്ക് സ്തോതാക്കൾക്ക് വിദ്യയും ജ്ഞാനവും അന്നവും സർവ്വവും കൊണ്ടുവരുന്നു.
2. അഗ്നിം ന സ്വവൃത്തിഭിര്ഹോതാരം ത്വാവൃണീമഹേ
   ശീരം പാവകശോചിഷം വിവോമദേ
   യജ്ഞേഷുസ്തീർണ്ണബർഹിഷംവിവക്ഷസേ
   സ്വന്തം പ്രവൃത്തിയിൽ വിചക്ഷണരായ ഹോതാക്കള് സർവ്വദിക്കിലും പവിത്രീകരിക്കുന്ന ശോഭയോടെ പരിലസിക്കുന്ന അഗ്നിയെ വരിക്കുന്നു. അതുപോലെ ജ്ഞാനോപാസകരായ ഞങ്ങളും നിന്നെ വരിക്കുന്നു.സർവ്വവും തരുന്ന അഗ്നിയെ പുകഴ്ത്തുന്നു.
3. മഹേ നോ അധ്യബോധയോഷോ രായേ ദിവിത്മതി
   യഥാ ചിന്നോ അബോധയഃസത്യശ്രവസി വായ്യേ സുജാതേ
   അശ്വസൂനുതേ

ആരുടെ മഹാമൌനത്തിൽ വാക്കുകള് വ്യക്തമായി ശ്രവിക്കപ്പെടുന്നുവോ, ആരുടെ ഉദയം (ജനനം) മധുരവചസ്സുകൾ പോലെ വേഗത്തിൽ എങ്ങും വ്യാപിക്കുന്ന അശ്വസൂനുവും സുജാതവുമായ വായു(വായ വ്യം)വിൽ സത്യബോധമാകുന്നുവോ , ആ ഉദയം മുമ്പെന്നപോലെ ഇന്നും ഞങ്ങളെ അബോധത്തിൽനിന്ന് ബോധത്തിലേക്ക് നയിക്കട്ടെ.

4. ഭദ്രം നോ അപി വാതയ മനോദക്ഷമുത ക്രതും
   അഥാ തേ സഖ്യ അന്ധസോ വിവോ മദേരണാ ഗാവോ
   നയവസേ വിവക്ഷസേ
   ഞങ്ങൾക്ക് മംഗലകരമായ ആനന്ദവും ദക്ഷമായ മനസ്സുകൊണ്ട് ധാരാളം ക്രതു അനുഷ്ഠിക്കാനുള്ള ശേഷിയും നിന്റെ അപരിമിതമായ പ്രേമത്തിന്റെ സൌഹൃദ(സഖ്യ)വും തരിക.

അജ്ഞാനം നീക്കുന്ന സർവ്വവിചക്ഷണനായവന്റെ ആനന്ദലഹരി പശുക്കളെ പോലെ (കോഷ്ഠത്തിലെ) ഞങ്ങൾ ആസ്വദിക്കട്ടെ.

5. ദ്രത്വാ മഹാം അനുപ്ബദ്ധം ഭീമ ആ വാവൃതേശവഃ
   ശ്രിയ ഋണ്വ ഉപാകയോർനി ശിപ്രീ ഹരിവാം ദധേ ഹസ്തയോര് വജ്രമായസം
   മഹത്തായ ക്രതുക്കൾ നടത്തിക്കാനായി ശക്തവും ഭീമവുമായ ജ്ഞാനബലത്തെ അവൻ സുബദ്ധമായി സജ്ജീകരിക്കുന്നു. സർവ്വർക്കും ശ്രീയും രക്,യും തരാനായി അവൻ കൈകളില് പ്രേമത്തിന്റെ ഹരികളും വജ്രവും ധരിച്ചിരിക്കുന്നു.
6. സധാതം വൃഷണം രഥമധി തിഷ്ഠാതി ഗോവിദം
   യഃപാത്രം ഹാരിയോജനം പൂർണ്ണമിന്ദ്രാചികേതതി
   യോജാന്വിന്ദ്രതേ ഹരി
   ഗോക്കളെ അറിയുന്നവൻ(ഗോവിദം) രഥ(ശരീര)ത്തിലിരുന്ന് വൃഷണങ്ങളെ (ഇന്ദ്രിയസുഖങ്ങളെ)നന്നായി നിയന്ത്രിക്കുന്നു. സർവ്വാനന്ദപാത്രമായ അതില് ഹരികളെ (പ്രാണങ്ങൾ) യോജിപ്പിച്ച് നിർത്തുന്നു. നചികേതമായി പൂർണ്ണമായി, ഇന്ദ്രിയജയം നേടിയ യോഗി , ഹരികളാൽ നയിക്കപ്പെട്ട് ഇന്ദ്രപദം നേടുന്നു.
7. അഗ്നിം തം മന്യേ യോവസുരസ്തം യം യന്തി ധേനവഃ
   അസ്തമർവ്വന്ത ആശവോസ്തം നിത്യാസോ വാജിന ഇഷം
   സ്തോതൃഭ്യഃ ആ ഭരഃ
   ആ അഗ്നി സർവ്വർക്കും വസു (രത്നം)തരുന്നു. ധേനുക്കളെ തരുന്നു. ആരെ പഞ്ചഭൂതങ്ങളും തങ്ങളുടെ അധിഷ്ഠാനമാക്കുന്നുവോ . ആരാണോ അമൃതമായ ജ്ഞാനാത്മാക്കൾക്ക് ആധാരം, ആ അഗ്നി നിത്യവും സ്തോത്രം പാടുന്നവർക്ക് ജ്ഞാനമെന്ന ആശിസ്സ് തരട്ടെ.
8. ന തമം ഹോ ന ദുരിതം ദേവാസോ അഷ്ടമർത്ത്യം
   സജോഷസോ യമര്യമാ മിത്രോ നയതി വരുണോ അതിദ്വിഷഃ
   തമസ്സോ ദുരിതമോ ഓജസ്സും അര്യമാവും മിത്രവുമായ വരുണൻ സംരക്ഷിക്കുന്ന 8 ദിശകളിലെ മനുഷ്യരേയും സമീപിക്കുകയില്ല.

ഭാഷ്യം

ഋഷിഃ- 1-7 വസുശ്രുതൻ. 2-4 വിമദന്. 3 സത്യശ്രവസ്സ് 5,6 ഗൌതമൻ, 8 അംഭോഹോമൃഗ്യാമദേവ്യ
ദേവതഃ 1,2,7 അഗ്നി. 3 ഉഷസ്സ് 4 സോമൻ5,6 ഇന്ദ്രന് 8 വിശ്വേദേവന്മാർ. ഛന്ദസ്സ് - 1- 7 പംക്തി 8 ഉപരിഷ്ടാദ് ബൃഹതി
സ്വരം 1-7 പഞ്ചമം 8 മദ്ധ്യമം

സൂര്യോർജ്ജത്തിൽനിന്നാണ് ഭൂമിയിലെ എല്ലാ ഊർജ്ജവും കർമ്മവും ജീവനും ദ്രവ്യവും ഉണ്ടാവുന്നതെന്ന് ഋഷിമാർ പാടിപ്പുകഴ്ത്തുന്നു. യജ്ഞാഗ്നി ആ സൌരോർജ്ജത്തിന്റെ പ്രതീകം മാത്രമാണവർക്ക്. മൂന്നാം സൂക്തം ആ സൂര്യന്റെ ഓരോ ഉദയത്തിലും ഉഷസ്സിനെ സൂര്യഗായത്രിയാല് സ്തുതിക്കുന്നവരുടേതാണ്. അവർ സത്യശ്രവസ്സുകളാണ്. ഋഷിനാമം ദേധാ സൂക്തത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വായുകോണിലെ (വായവ്യം) വായു നാദവും പ്രാണനും വഹിക്കുന്നു. ഉഷസ്സിൽ സൂര്യരശ്മികൾ(പ്രകാശം) വേഗത്തിൽ എല്ലായിടത്തും എത്തുന്നു. എങ്ങും ഒപ്പം പ്രകാശം പരക്കുന്നതോടൊപ്പം നാദതരംഗങ്ങളും വ്യാപിക്കുന്നുണ്ട്.അതിനെ സത്യശ്രവസ്സായ ഋഷിമാരുടെ കർണ്ണങ്ങളില് പെട്ടെന്ന് എത്തിക്കുന്ന പ്രഭാതത്തിലെ വായുവിനെ (അന്തരിക്ഷത്തിലെ) പ്രകീർത്തിക്കുന്നു. രാത്രി എന്ന അബോധാവസ്ഥ അഥവാ പ്രലയത്തിന്റെ മൌനതമോദ്വാരത്തിൽ നിന്ന് ഉഷസ്സ് ,ബോധാവസ്ഥ, സർഗ്ഗപ്രഭവം, എന്ന നാദപ്രകാശജനനം സംഭവിക്കുന്നു. അനുദിനം പ്രഭാതം ഉദിക്കുമ്പോൾ, ഋഷിയുടെ ബോധമണ്ഡലത്തിൽ കല്പാന്തകാലമായി സംഭവിക്കുന്ന ഈ പ്രക്രിയയുടെ ജ്ഞാനബോധം പ്രജ്ഞയായി, നവോന്മേഷശാലിനിയായ പ്രതിഭയായി ഉണരുന്നു. ഈ സത്യദർശനവും സത്യശ്രുതിയുമാണ് മൂന്നാം സൂക്തം പാടുന്നത്. നാലാംസൂക്തത്തിൽ ഈശ്വരൻ ഭദ്രമായ ഗീത കേട്ട് ആനന്ദലഹരിയിലാണ്ട പശുക്കളെപ്പോലെ ഞങ്ങൾ ജ്ഞാന,ഭക്തി,പ്രേമ, കർമ്മശേഷികള് തരുന്ന പരമശക്തിയുടെ സഖ്യം ആസ്വദിക്കട്ടെ എന്നതിൽ പശുപതി എന്ന ശൈവ,വൈഷ്ണവാശയം ഒന്നിച്ച് പ്രയോഗിക്കുന്നു. ആറാം സൂക്തത്തിലെ ഗോവിദമെന്ന പദം ഗോവിന്ദപദത്തെ അനുസ്മരിപ്പിക്കുന്നതാണ്.

അഞ്ചാം സൂക്തത്തിൽ ഇന്ദ്രനും വിഷ്ണുവും അഭേദമാണ്. വിഷ്ണു എന്ന സർവ്വവ്യാപിയുടെ ഭൂമിയിലെ പ്രതിനിധിയാണ് ഇന്ദ്രിയാധീശ്വരനായി ഇന്ദ്രിയബലത്താൽ സർവ്വം ജയിച്ച് സ്വർഗ്ഗസുഖം അനുഭവിക്കുന്ന ഇന്ദ്രൻ എന്ന് മനസ്സിലാക്കിയാല് ഇതില് വൈരുദ്ധ്യമൊന്നും കാണില്ല. മനുഷ്യൻ പ്രാണായാമത്താല് പ്രാണങ്ങളെ അടക്കി, ഇന്ദ്രി യജയം നേടി യോഗസിദ്ധി നേടുന്നത് സർവ്വപ്രപഞ്ചത്തിനും യോഗ ക്ഷേമം വഹിക്കാനാണെന്ന് അഞ്ചാം സൂക്തം പറയുന്നു. സൂര്യോർജ്ജത്തെപ്പോലെ യോഗാത്മാവായ ശതക്രതുവും എല്ലാവർക്കും തുല്യമായി സർവ്വസ്വദാനം ചെയ്യുന്നു. ധനവും കന്നുകാലികളും അന്നവും ജ്ഞാനവും സർവ്വർക്കും നൽകാനാണ് ജ്ഞാനി യോഗസി ദ്ധി നേടുന്നത്. ഒരു welfare state ന് ഇത്തരം അനേകം

ജ്ഞാനികളുടെ ആവശ്യകതയുണ്ട് എന്ന അറിവാണ് ഗുരുകുലങ്ങളും പരിഷത്തു കളും സഭകളുമായി ഇന്ത്യയിലെങ്ങും വ്യാപിച്ചത്. ശ്രവിക്കുക അഥവാ ശ്രുതിക്ക് വായു, പ്രാണൻ വേണം. അത് സഞ്ച രിക്കുന്ന 8 ദിശകൾ, 8 സ്ഥാനങ്ങള് വേണം. ഇവയുടെ ദേവതകളായ വിശ്വേദേ വതമാരെ എട്ടാം സൂക്തത്തിൽ സ്തുതിക്കുന്നു. മൃഗങ്ങളും ദേവന്മാരും അംഭസ്സുകളും സൂര്യന്, വരുണൻ, അര്യമാവ്, ഓജസ്സ് (ശക്തി എന്നും ആദ്യശില്പിയായി അവതരിച്ച വിഷ്ണു എന്നും) മുതലായവരും ഉൾപ്പെട്ട 8 ദിശകളിലെ മനുഷ്യരേയും സ്മരിക്കുന്ന എട്ടാം സൂക്തത്തിൽ അഷ്ടമെന്ന വാക്കും ഉൾക്കൊള്ളിക്കുന്നു.

ദശകം 9

1. പരിപ്രസന്വേന്ദ്രായ സോമ സ്വാദുർ മിത്രായ പൂഷ്ണോ ഭഗായ
   മിത്രനും പൂഷാവിനും ഭഗനും സര്വ്വപ്രചോദനവും തരുന്ന ഇന്ദ്രനുമായി സ്വാദുള്ള സോമം വർഷിക്കുക.
2. പര്യൂഷു പ്രധന്യ വാജസാതയേ പരിവൃത്രാണി സക്ഷണി ദ്വിഷസ്മരദ്ധ്യാ ഋണയാ ന ഈരസേ
   ഓജസ്സിനും ഐശ്വര്യത്തിനും ജ്ഞാനത്തിനും അന്നത്തിനുമായി ചുറ്റും ചൂഴ്ന്നുനിൽക്കുന്ന (വൃത്രന്മാരെ) പ്രതിബന്ധങ്ങളെ ക്ഷണ ത്തിൽ നശിപ്പിക്കുക. ഞങ്ങളെ വിദ്വേഷിക്കുന്ന കാമക്രോധാദി ഋണങ്ങളെ തരണം ചെയ്യിക്കുക.
3. പവസ്വ സോമ മഹാന്ത്സമുദ്രഃ പിതാദേവാനാം വിശ്വാഭിധാമ
   പാവനമായ സോമാ ,നീ ആനന്ദമഹാസമുദ്രമാണ്. ദേവന്മാർക്കെ ല്ലാം പിതാവാണ്. വിശ്വത്തിന്റെ അഭിധാമമാണ്.
4. പവസ്വ സോമ മഹേ ദക്ഷായാശ്വോ ന നിക്തോ വാജീധനായ
   പാവനമായ സോമാ , മഹാനും ദക്ഷനുമായ ഒരശ്വന്,, (കുതിര, പ്രാണൻ, ജീവാത്മാവ്, അശ്വമെന്ന ജാതിയിൽ പെട്ട പുരുഷൻ) ധനാർജ്ജനത്തിനായി പുറപ്പെടുമ്പോള് അതിന് ദയാപൂർവ്വം വാജി (ഓജസ്സ്) എന്ന ധനം കൊടുത്ത് അനുഗ്രഹിക്കുക.
5. ഇന്ജു പവിഷ്ട ചാരുർമദായാപാമുപസ്ഥേ കവിർഭഗായ
   മനോഹരവും പാവനവുമായ ഇന്ദു, കവിത്വത്തിനും ഭഗത്തിനു മായി ആപസ്സിന്റെ മടിയിലിരിക്കുന്ന ഞങ്ങൾക്ക് ആനന്ദലഹ രി തരട്ടെ
6. അനുഹിത്വാ സുതാ സോമ മദാമസി മഹേസമര്യരാജ്യേ
   വാജാം അഭിപവമാന പ്രഗാഹസേ

സോമാ, നിന്റെ സുതന്മാർക്കെല്ലാം സമസ്ഥാനമുള്ള സാമ്രാജ്യത്തി ൽ നിന്നെ ഉള്ളില് ധരിച്ച് ഞങ്ങള് ആനന്ദിക്കുന്നു. നിന്റെ വാജീ കരണത്താൽ പവമാനാ, നീ ഞങ്ങളെ പവിത്രീകരിച്ച് മഹത്കാ ര്യങ്ങൾക്ക് പ്രചോദിപ്പിക്കുന്നു.

7. ക ഈ വ്യക്താ നരഃ സനീഢാ രുദ്രസ്യ മര്യാ അയാ സ്വശ്വാഃ
   ആരാണ് ഈ ഒരേ നീഢത്തിൽ (കൂട്,വീട്) വസിച്ച് ,പ്രാണനെ നിയന്ത്രിച്ച് പാടുന്നവരായ ,കരുണാമയരായ, അഭിവ്യക്തരായ ഈ നരന്മാർ.
8. അഗ്നേ തമദ്ധ്യാശ്വം ന സ്തോമൈഃ ക്രതും നഭദ്രം ഹൃദിസ്പൃശം ഋദ്ധ്യാമാ ത ഓഹൈഃ
   അഗ്നേ, നിന്നെ അതിശയിക്കുന്ന സ്തോമങ്ങളാൽ ഞങ്ങള് നിന്നെ പാടുന്നു.അശ്വത്തെപ്പോലെ ലക്ഷ്യത്തിലേക്കു ഞങ്ങളെ നയിക്കുന്ന വനും ഭദ്രമായ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചവനും (ക്രതു) ഹൃദയാ ന്തര്ഭാഗത്തെ സ്പർശിച്ച് ഇരിക്കുന്നവനുമായ സത്യ(ഋതം)ധാമ ത്തെ ആരാധിക്കുന്നു.
9. ആവിർമര്യാ ആവാജം വാജിനോ അശ്മം ദേവസ്യ സവിതുഃ സവം സ്വർഗ്ഗാം അർവ്വന്തോ ജയതഃ
   ജ്ഞാനികളായ മർത്ത്യര് അവന്റെ വിവേകമാർഗ്ഗം പിന്തുടരു ന്നു. ജ്ഞാനികളേ, ആ വാജിയുടെ വാജത്താൽ സവിതാവായ ദേവന്റെ സവനത്താൽ സ്വര്ഗ്ഗത്തിനപ്പുറമുള്ളത് (മോക്ഷം) ജയിക്കുക.
10. പവസ്വ സോമ ദ്യുമ്നീ സുധാരോ മഹാം അവീനാമനുപൂർവ്വ്യഃ
    പാവനനായ സോമാ, മുമ്പത്തെ പോലെ പ്രകാശത്തിന്റെ സുധാര ചൊരിഞ്ഞ് മഹത്തായ പാതയിൽത്തന്നെ ഞങ്ങളെ നയിച്ചാലും

ഭാഷ്യം

ഋഷിഃ- 1, 3-5 ,10 ധിഷ്ണ്യാ,ഐശ്വര്യം, അഗ്നികൾ. 2,6 ത്ര്യയ്യാരുണ ൻ. ത്രസദസ്യു .7 വസിഷ്ഠന് 8,9 വാമദേവൻ.

ദേവത 1-6, 10 പവമാനൻ. 7 മരുത്ത്, 8 അഗ്നി ,വാജിനാം സ്തുതി. ഛന്ദസ്സ് 1,3,4,5,7,10 ദ്വിപദാ പംക്തി . 2, 6 ത്രിപദാ അനുഷ്ഠുപ്പ് പിപീലികാമദ്ദ്യ. 8 പദപംക്തി. 9 പുരഉഷ്ണിക്ക് സ്വരം- 1,3,5,7,8,10 പഞ്ചമം. 2,6 ഗാന്ധാരം. 9 ഋഷഭം

ഐന്ദ്രകാണ്ഡം കഴിഞ്ഞാൽ പവമാനകാണ്ഡമാണ്. ഐന്ദ്രകാണ്ഡത്തി ൽത്തന്നെ 1-6 സൂക്തങ്ങളും 10ആം സൂക്തവും പവമാനസൂക്ത

ങ്ങളാണ്. അതിൽ 1,3,4,5 ഇവയുടെ ഋഷിമാര് ധിഷ്ണ ,ഐശ്വര്യം, അഗ്നികളെന്നിവയാണ്. ഇപ്രകാരം ഊർജ്ജശക്തികളുടെ നൈരന്തര്യ വും ഏകത്വവും മനസ്സിലാക്കുന്നു. ഏഴാം സൂക്തം വസിഷ്ഠന്റെ ചോദ്യമാണ്. അതിന്റെ ദേവത മരുത്തുക്കളും.(വായു, പ്രാണങ്ങ ൾ). അതിനുത്തരമാണ് എട്ടാം സൂക്തം (വാമദേവൻ) അതാകട്ടെ അഗ്നികൾക്കും വാജികൾക്കും ഉള്ള സ്തുതിയുമാണ്.

പ്രപാഠകം 5 അർദ്ധം 2

ദശകം 10

1. വിശ്വതോ ദാവൻവിശ്വതോ നആഭര യം ത്വാ ശവിഷ്ഠമീമഹേ
   സർവ്വദിശകളിൽനിന്നും സർവ്വവിശ്വങ്ങള്ക്കും സർവ്വം നൽകുന്ന വനേ, ഏറ്റവും ബലവാനായ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.
2. ഏഷ ബ്രഹ്മാ യഋത്വിയ ഇന്ദ്രോ നാമശ്രുതോ ഗുണേ
   ഇപ്രകാരമുള്ള ബ്രഹ്മവും ഋത്വിക്കും (ഋതുക്കളെന്നും)ഇന്ദ്രനെന്ന നാമത്താലും ഗുണങ്ങളാലും വിശ്രുതനും (ശ്രുതിയാൽ കീർത്തിക്കപ്പെട്ടവൻ) ആണ് അവൻ.
3. ബ്രഹ്മാണ ഇന്ദ്രം മഹയന്തോ ശർക്കരവർദ്ധയന്നഹയേ ഹന്തവേ
   ബ്രഹ്മമായ ഇന്ദ്രന്നായി അഹിയെ നശിപ്പിക്കാനായി മധുരം വർദ്ധിപ്പിക്കാനായി മഹത്തായ കീർത്തി പാടുന്നു.
4. അനവസ്തേ രഥമശ്വായം തക്ഷുസ്ത്വഷ്ടാ വജ്രം പുരുഹൂത ദ്യുമന്തം
   അനേകം പേരാൽ സ്തുതിക്കപ്പെട്ട ആ പ്രകാശവാനായ ദേവനെ ഉജ്വലിക്കുന്ന വസ്ത്രം പോലെയും മോക്ഷത്തിലേക്ക് നയിക്കുന്ന രഥമായും (വാഹനം)അശ്വമായും അറിയുക. ഉപയോഗിക്കുക
5. ശം പദം മഘം രയീഷിണോ ന കാമമപ്രതോ ഹിനോതി ന സ്പൃശദ്രയിം
   ശമത്തിന്റേയും ജ്ഞാനത്തിന്റേയും രഥത്തിന്റെയും പദമാണ് മഘം. കാമങ്ങളുള്ളവനും വ്രതശുദ്ധിയില്ലാത്തവനും ഹീനനും ആ രയി(ധനം)സ്പർശിക്കാനും കൂടി സാദ്ധ്യമല്ല.
6. സമാ ഗാവഃശുചയോ വിശ്വധാമസഃസദാദേവാ അരേപസാ
   ഈ ഗാനങ്ങൾ സദാ ശുദ്ധവും വിശ്വത്തെ ധാരണം ചെയ്യുന്നവയു മാണ്.സദാ പ്രകാശിക്കുന്നവയും പൊടി കലരാത്തവയുമാണ്.
7. ആ യാഹി വനസാ സഹഗാവഃസചന്തവർത്തനിയദൂധഭിഃ
   അതിസുന്ദരമായ ഉഷസ്സുകള്,മധുരമായ ഞങ്ങളുടെ ഗാനങ്ങ

ളോടൊത്ത് കറവപ്പശുവിനെപ്പോലെ ഒരേ പാതയില് തുടർന്നു വരുന്നു.

8. ഉപ പക്ഷേ മധുമതി ക്ഷിയന്തഃ പുഷ്യേമ രയിം ധീമഹേ ത ഇന്ദ്ര
ഇന്ദ്രാ, മധുമയവും ഒരിക്കലും ക്ഷയിക്കാത്തതുമായ മതിയോടെ (മനസ്സ്) പോഷിതമായി,രയിയായ (ധനം)ധീയോടെ, ഞങ്ങള് നിന്നെ ഉപാസിക്കട്ടെ.
9. അർച്ചന്ത്യർക്കം മരുതഃ സ്വർക്കാ ആ സ്തോഭതി ശ്രുതോ യുവാ സ ഇന്ദ്രഃ
ഇന്ദ്രനോടുകൂടി വരുന്ന യുവാക്കളായ മരുത്തുക്കൾക്ക് അർക്കം അർച്ചിക്കുന്നു. സ്വന്തം അർക്കത്തെ ശ്രുതികളായും സ്തോഭങ്ങളായും മനോഹരമാക്കുന്നു.
10. പ്ര വ ഇന്ദ്രായ വൃത്രമാന്തമായ വിപ്രായ ഗാഥ ഗായതി യം ജുജോഷതേ.
വൃത്രഹന്താവും മായാവിയുമായ വിപ്രന്നായി, ഇന്ദ്രന്നായി, അവൻ സ്വീകരിച്ച് ആനന്ദിക്കുന്ന ഗാഥകള് പാടുക.

ഭാഷ്യം. ഋഷിമാർഃ-1,2,5,6,8-10 വാമദേവൻ. 3, 4 അവസ്യു. 7 സംവർത്തൻ. ദേവത 1,5,8-10 ഇന്ദ്രൻ, 6 വിശ്വേദേവകൾ, 7 ഉഷസ്സ് . ഛന്ദസ്സ് ദ്വിപദാവിരാഡ് പംക്തി. സ്വരം പഞ്ചമം.

6,7 സൂക്തങ്ങളില് ഉള്ള ഗാവപദം പശുക്കൾ,നദീസ്രോതസ്സുകൾ, സൂര്യരശ്മികൾ,വേദസൂക്തങ്ങൾ,ജ്ഞാനികള് വസിക്കുന്ന ഗ്രാമങ്ങൾ, സപ്തസ്വരഗ്രാമങ്ങൾ എന്നിങ്ങനെ നാനാർത്ഥത്തില് അറിഞ്ഞ് വ്യാഖ്യാനിക്കേണ്ടതാണ്. മധുരമായ സംഗീതസാഹിത്യങ്ങളുടെ മധു തരുന്ന സാരസ്വതമാണ് ഉഷസ്സായും ഇന്ദ്രനായും വിശ്വേദേവകളായും ഇവിടെ പഞ്ചമസ്വരത്തിൽ ഉപാസിക്കപ്പെടുന്നത്. ഓരോ പുതിയ ഉഷസ്സിന്റെ സൃഷ്ടിയും അതിനു മുമ്പുള്ള പലതിന്റെ ആവർത്തലനമെന്നപോലെ , ഓരോ പുതിയ തലമുറയിലെ ജ്ഞാനിയുടെ വാക്കും അതിനുമുമ്പത്തെ ഗുരുവിന്റെ വാക്കാണ്. ഈ ആവർത്തന രൂപമായ കാലമാണ് സംവർത്താഗ്നി അഥവാ പ്രലയാഗ്നി.(7ആം സൂക്തഋഷിനാമം) പ്രലയപ്രഭവങ്ങൾ ഇപ്രകാരം ഏകമാകുന്നു. Big bang , Big crunch പോലെ. ബൃഹദാരണ്യകത്തിലും (4.5, 13-16) ഛാന്ദോഗ്യത്തിലും യോഗശാസ്ത്രത്തിലും മധുമതിയായ മധുരചിന്തകളും മധുരവാക്കും ചേർന്ന സാരസ്വതമെന്ന പ്രതിഭ പ്രാജ്ഞനുമാത്രം ലഭിക്കുന്നതാണ്. അഞ്ചാം സൂക്തത്തിൽ ഋഷി വാമദേവന് സരസ്വതീദേവിയുടെ ഈ അസ്പർശ്യത എടുത്തുപറയുന്നു.ശുദ്ധയും

വിരജയുമാണ് അവൾ. ശുദ്ധസാത്വികസ്വരൂപമാണ്. ഉറക്കെ പാടുന്ന മധുരഗാതകൾ, സർവ്വത്ര വ്യാപിച്ച് സർവ്വരേയും പാവനരാക്കി സർവ്വരേയും ശ്രുതിസ്വരശുദ്ധമാക്കി ശുചിയായ അഗ്നിയെ(ധീ) അവരിൽ ഉജ്വലിപ്പിക്കുന്നു.സൂര്യന് അർച്ചിക്കുന്ന അർക്കം മരുത്തുകൾക്കും വിശ്വേദേവകൾക്കും സർവ്വപ്രപഞ്ചത്തിനും കൂടിയാണ്.

ദശകം 11.

1. ഋചേത്യഗ്നിശ്ചികിതിർഹവ്യവാഡ്ന സുമദ്രഥഃ
   ചികിതാനനും ഹവ്യവാഹനനും ഋതത്തിൽ (ഋക്കിൽ)ഇരിക്കുന്നവനും ആയ അഗ്നിയെ ഉപാസകർ പുഷ്പം പോലെ തങ്ങളുടെ രഥങ്ങളിൽ (ശരീരങ്ങളിൽ)ധരിക്കുന്നു.
2. അഗ്നേ ത്വം നോ അന്തമ ഉത ത്രാതാ ശിവോ ഭുവോ വരൂഥ്യഃ
   അഗ്നേ, നീ ഞങ്ങൾക്ക് ഏറ്റവും അടുത്തുള്ള ബന്ധുവാണ്. സംരക്ഷകനാണ്. ശിവ(മംഗള)മാണ്. ഭൂമിയിൽ വരൂഥ്യമാണ്.
3. ഭഗോ ന ചിത്രോ അഗ്നിർമഹോന്നാ ദധാതി രത്നം
   വിചിത്രമായ അനേകം ഐശ്വര്യങ്ങളിൽ വെച്ച് ഏറ്റവും മഹത്തായ രത്നം (സൂര്യൻ) തന്നത് അഗ്നിയാണ്.
4. വിശ്വസ്യ പ്ര സ്തോഭ പുരോ വാ സന്യദി വേഹ നൂനം
   വിശ്വത്തിൽ സ്തോഭമായി മുമ്പും (പൂർവ്വജന്മത്തിൽ) നീ എന്നിലുണ്ടായിരുന്നു .ഇന്നും ഉണ്ട്.
5. ഉഷാ അപ സ്വസൃഷ്ടമഃസംവർത്തയതി വർത്തനിം സൂജാതരാ
   ഉഷസ്സ് സ്വസോദരിയായ രാത്രിയെ ഓടിച്ച് സംവർത്തിച്ച് പാതയിൽ പ്രവർത്തിക്കുന്ന പോലെ, സുജാതയായ(പാത കാട്ടുന്ന)ബുദ്ധി, വഴികാട്ടുന്നു.
6. ഇമാ ന്യ കം ഭുവനാ സീധേമേരൂശ്ച വിശ്വേ ച ദേവാഃ
   ഞങ്ങളുടെ ആത്മാവ് ഭുവനത്തിലെ എല്ലാ ആനന്ദവും ഇന്ദ്രിയാധീശ്വരനായ ഇന്ദ്രനാൽ, വിശ്വേദേവകളാൽ ഭുജിക്കട്ടെ.
7. വി സ്രുതയോ യഥാ പഥാ ഇന്ദ്ര ത്വദ്യന്തു നയതഃ (രാതയ)
   എപ്രകാരം താന്താങ്ങളുടെ പഥങ്ങളില് നദികൾ, ഒഴുകുന്നുവോ അതുപോലെ ഇന്ദ്രാ നിന്നിൽനിന്ന് ധനം ഒഴുകട്ടെ.
8. അയാ വാജം ദേവഹിതം സനേമ മദേമ ശതഹിമാഃസുവീരാഃ
   ഈ വാജത്താൽ ദേവഹിതപ്രകാരം ഞങ്ങള് നൂറുനൂറു സുവീരരായ ശതായുസ്സുകളായ പുത്രരോടൊപ്പം ആനന്ദം അനുഭവിക്കട്ടെ.

9. ഊസ്താ മിത്രോ വരുണഃപിന്വതേസാഃ പീവരീമീഷം കൃണുന്തി ന ഇന്ദ്രഃ
മിത്രാവരുണന്മാരുടെ ഊർജ്ജചക്രത്താല് വയലുകള് ജലസമൃദ്ധ മാകുന്നതുപോലെ ഞങ്ങൾക്ക് ജ്ഞാനവർഷം തരിക.

10. ഇന്ദ്രോ വിശ്വസ്യ രാജസി
വിശ്വത്തിന്റെ ചക്രവർത്തിയാണ് ഇന്ദ്രന്
ഭാഷ്യം ഋഷിമാർഃ-1,3,4,7,9,10 വാമദേവൻ.
2. ബന്ധു. 5 സംവർത്തൻ. 6 ഭുവനആപ്തന് 8 ഭരദ്വാജൻ.
ദേവത 1,2,3 അഗ്നി. 4,8,10 ഇന്ദ്രൻ. 5 ഉഷ 6,7 വിശ്വേദേവകൾ.
ഛന്ദസ്സ് 1,3,4,7 ദ്വിപദാ ഗായത്രി. 2,5,6 ദ്വിപദാ പംക്തി. 2, 9 ദ്വിപദാ ത്രിഷ്ഠുപ്പ്. 10 ഏകപദാ ഗായത്രി.
സ്വരം 1,3,4,7 ഷഡ്ജം. 2,5,8 പഞ്ചമം. 8, 9 ധൈവതം.
രണ്ടാം സൂക്തത്തിൽ അന്മ എന്നത് അടുത്ത് എന്നും അതിർത്തി എന്നും അർത്ഥത്തില് ഉപയോഗിക്കുന്നു. അതിർത്തി കാക്കുന്ന രാജാക്കന്മാർ (ഇന്ദ്രന്മാര്) ഉറ്റ ബന്ധുക്കളാണ്. അവർ ഭൂമിയില് വരണീയരാണ്. വരൂത്ഥ്യമെന്നാൽ വരണീയമെന്നും കച്ചവടക്കാ രായ വണികസംഘങ്ങളെന്നും അർത്ഥമുണ്ട്.വരൂത്ഥഗ്രാമം (വണി കഗ്രാമം)ആണ്. ബന്ധു എന്ന ഋഷി ഇപ്രകാരം കച്ചവടവും അതി ർത്തിസംരക്ഷണവും നടത്തുന്ന ഒരു ഭൂമിയിലെ രാജാവിനെ ഇന്ദ്ര നെന്ന് വിളിക്കുന്നത് ശ്രദ്ധിക്കണം. ആ രാജാവ് അഗ്നിയും ശിവ നുമാണ് എന്നത് സംഹാരശീലവും മംഗല(കല്യാണ)ശീലവും ചേർന്ന സ്വഭാവം കാണിക്കുന്നു. 9ആം സൂക്തത്തിൽ സൂര്യൻ , വരുണൻ(സമുദ്രം) എന്നിവരുടെ ഊർജ്ജം മഴയായും ജലസമൃ ദ്ധിയായും അന്നമായും വീര്യമായും ബുദ്ധിയായും ജ്ഞാനമായും പരിണമിക്കുന്നു. ഊർജ്ജസംവർത്തചക്രവും 5ആം സൂക്തത്തിൽ അഹോരാത്രരൂപമായ കാലചക്രവും 4, 8 സൂക്തങ്ങളില് ജനിമൃ തിപുനർജന്മരൂപമായ ജൈവചക്രവും സൂചിതമാണ്. ഈ ധർമ്മ ചക്രപ്രവർത്തനസൂത്രധാരിയായ ഈശ്വരന്റെ ഭൂമിയിലെ പ്രതി നിധിയാണ് ചക്രവർത്തിയാണ് ഇന്ദ്രനെന്ന് 10ആം സൂക്തം പറ യുന്നു.

ദശകം 12

1. ത്രികദ്രുകേഷു മഹിഷോ യവാശിവം തൃവിശുഷ്മസ്തൃം
പശ്യോമമസി ബദ്ധ്വിഷ്ണുനാ സുതം യഥാവശം
സ ഈ മമാദ മഹികർമ്മകർത്തവേ മഹാമുരും സൈനം
സശ്ചദ്ദേവോ ദേവം സത്യ ഇന്ദുഃസത്യമിന്ദ്രം
മൂന്ന് അവസ്ഥകളിലും മഹത്തായ ആത്മന് (മഹിഷം) യവശി

രത്താൽ തൃപ്തമാകുന്നു. ഊര്ജ്ജത്താൽ തൃപ്തമാകുന്നു. അപ്രകാരം വ്യാപിച്ച (വമ്പിച്ച)കർമ്മങ്ങള്ക്ക് സോമം വിഷ്ണുവാൽ മക്കളെ സന്നദ്ധമാക്കുന്നു. ഇപ്രകാരം ഭൂമിയിലെ കർമ്മങ്ങള് ചെയ്യാനായി, മഹത്തായ ശരീരവും സേനകളുമുള്ള സത്യരൂപമായ ദേവദേവൻ ഇന്ദുവായി ഇന്ദ്രിയസത്യപ്രവർത്തകനായി, അവനിൽത്തന്നെ നമ്മെ എത്തിക്കുന്നു.

2. അയം സഹസ്രകനവോ ദൃശഃകവീനാം മതിർജ്യോതിർവിധർമ്മഃ
   ബ്രദ്ധ്നഃസമീചിരുഷസഃസമൈരയദരേപസഃസചേതനഃ
   സ്വസരേ മന്യുമന്തശ്ചിതാ ഗോഃ
   ആയിരം മനുക്കളാൽ (മനുഷ്യ)ഉപാസിക്കപ്പെട്ട് ദർശിക്കപ്പെട്ടവനാണ് ഈ ദേവൻ. കവികളുടെ മനസ്സിലെ ജ്യോതിസ്സാണ് അവന്റെ വിധർമ്മം.സൂര്യരശ്മിപോലെ പ്രകാശിക്കുന്നവൻ ഉഷസ്സിൽ സര്വ്വത്തിലും സമമായി ജീവനെ പ്രചോദിപ്പിക്കുന്നു. ജ്ഞാനികളുടെ സചേതസ്സുകളിൽ അജ്ഞാനമകറ്റി സദാ വസിക്കുന്നു.
3. എന്ദ്ര യാഹ്യുപനഃപരാവതോ നായമഛാ വിദശാനീവ സത്പതിരസ്താ രാജേവ സത്പതിഃ
   ഹവാമഹേത്വാ പ്രയസ്വന്തഃ സുതേഷ്വാ പുത്രാസോ ന പിതരം വാജസാതയേ മംഹിഷ്ഠം വാജസാതയേ
   ഇന്ദ്രാ, പാതയിൽനിന്ന് അകന്ന ഞങ്ങളിലേക്ക് വരിക. സത്പതിയായ രാജാവ് തന്റെ സത്പതിപീഠത്തിലേക്കെന്നപോലെ , പിതാവ് പുത്രരിലേക്കെന്നപോലെ. ഭൂമിയുടെ രക്ഷിതാവായ സൂര്യൻ രശ്മികളാൽ, ആകർഷിക്കപ്പെട്ട് യജ്ഞവേദി(ഭൂമി)യിലേക്കെന്ന പോലെ . (പിതാവിനെ മക്കളും രാജാവിനെ പ്രജകളും സൂര്യരശ്മിയെ ഭൂമിയും എന്നപോലെ)ഞങ്ങൾ, നിന്നെ സ്തുതിച്ച് വിളിക്കുന്നു.
4. തമിന്ദ്രം ജോഹവീമി മഘവാനമുഗ്രം
   സത്രാദധാനമപ്രതിഷ്കൃതം ശ്രവാംസി ഭൂമി
   മംഹിഷ്ഠോ ഗീർഭിരാ ച യജ്ഞിയോ വവർത്തരായേ നോ
   വിശ്വം സുപഥാ കൃണോതു വജ്രി
   മഘവാനും ഉഗ്രനും സത്രങ്ങൾ നൽകുന്നവനും ആരാലും തോല്പിക്കപ്പെടാത്തവനും സർവ്വവും ശ്രവിക്കുന്നവനും സ്മരിക്കേണ്ടവനുമായ ആ ഇന്ദ്രനെ ഗീരുകളാലും യജ്ഞങ്ങളാലും ഞാൻ ആവാഹിക്കുന്നു(വിളിക്കുന്നു). വജ്രിയായ

അവന്പ്രതിബന്ധങ്ങൾ നീക്കി വിശ്വത്തില് സുപഥങ്ങള് സൃഷ്ടിച്ച് ചക്രത്തെ പ്രവർത്തിപ്പിക്കട്ടെ.

5. അസ്തു ശ്രൌഷട് പുരോ അഗ്നിം ധിയാ ദധ ആന്യത്യച്ഛ ർദ്ധോ
ദിവ്യം വൃണീമഹ ഇന്ദ്രവായൂവൃണീമഹേ
യദ്വക്രാണാ വിവസ്വതേ രാഭാസന്ദായ നവ്യസേ
അഥ പ്ര നൂനമുപയന്തി ധീതയോ ദേവാം അച്ഛാ ന ധീതയഃ
ഞങ്ങളുടെ വഷട് ശ്രുതമാകട്ടെ. (കേൾക്കപ്പെടട്ടെ). ഞാൻ ധീയാൽ (ബുദ്ധിയാൽ)അഗ്നിയെ മനസ്സിൽ ഉപാസിക്കുന്നു. അവന്റെ പ്രകാസരൂപം സ്വച്ഛമായി മുമ്പിൽ (ഉൾക്കണ്ണിൽ) കാണുന്നു. അർദ്ധഭാഗം ഇന്ദ്രവും അർദ്ധഭാഗം വായുവുമായി (ഇന്ദ്രവായു) ദിവ്യരൂപത്തെ അറിയുന്നു. അവയുടെ (സവ്യാപസവ്യ) വക്രഗതികളാൽ സർവ്വരൂപവും പ്രകാശിതമായി ,സ്പന്ദിച്ച്, പുതിയ പുതിയ ശക്തികളായി കാണപ്പെടുന്നു.ധീമാന്മാരായ ഗുരുക്കളിലേക്ക് ശിഷ്യരെന്നപോലെ ഞങ്ങൾ ധീയാല് അവനിലേക്ക് എത്തുന്നു.

6. പ്രവോമഹേ മതയോ യന്തു വിഷ്ണവേ മരുത്വതേ ഗിരിജാ ഏവയാമരുത്
പ്രശർദ്ധായ പ്ര യജ്യവേ സുഖാദയേ തവസേ ഭരുദിഷ്ടയേ ധ്യുതി വ്രതായ ശവസേ
ഗിരിജങ്ങളായ (കുന്നുകളിൽനിന്ന് ഉത്ഭവിച്ച) ഏവയാമരുത്തിൽനിന്ന് ഉത്ഭവിച്ച മരുത്തുക്കൾ, കാർമേഘത്തിൽനിന്ന് പ്രസവിച്ച് എങ്ങും പരക്കുന്ന വൈദ്യുതാഗ്നിമയമായ ജലം പോലെ സർവ്വത്ര വിഷ്ണുവായി (വ്യാപിച്ചവനായി) ഇരിക്കുന്നു. ജ്ഞാനികളായ യജ്ഞവിത്തുക്കളെ സർവ്വസുഖങ്ങളും പ്രാപിക്കാൻ ഏറ്റവും പ്രിയമായ അവനെ ധ്വനിവ്രതത്താല് ഉപാസിക്കുക. അവൻ സർവ്വബലശാലിയാണ്.

7. അയാ രുച ഹരിണ്യാ പുനാനോ വിശ്വാ ദ്വേഷാംസി തരതി സയുഗ്വഭിഃ സൂരോ ന സയുഗ്വഭിഃ
ധാരാ പൃഷ്ഠസ്യ രോചതേ പുനാനോ അരുഷോ ഹരിഃ
വിശ്വാ യദ്രൂപാ സരിയാസ്യൃക്തഭിഃ സപ്താസ്യേഭിർഋക്വഭിഃ
മനോഹരങ്ങളായ ഹരിണികളാൽ വിശ്വത്തില് ദ്വേഷാദികളെ (ശത്രു) യോഗയുക്തന്മാർ തരണം ചെയ്യുന്നു. യോഗയുക്തനായ സൂര്യസദൃശം. ആർഷമായ ഹരി , അവന്റെ പാദപൃഷ്ഠത്തിൽനിന്ന് ഒഴുക്കുന്ന ധാരയാല് ലോകത്തെ പവിത്രമാക്കി പ്രകാശിപ്പിക്കുന്നു. വിശ്വം അവന്റെ രൂപമാണ്. ഏഴുമുഖങ്ങളോടു

കൂടിയ , ഏഴു പ്രാണങ്ങളോടുകൂടിയ, ഉക്ത്ഥത്തോടുകൂടിയ ഋക്കുകളാലും പവിത്രീകരിക്കുന്നു.

8. അഭിത്വാ ദേവം സവിതാരമണ്യോഃ കവിക്രതുമർച്ചാമി
സത്യസവം രത്നധാമഭിപ്രിയം മതിം
ഊർദ്ധ്വാ യസ്യാ മതിർഭാ അദിദ്യുതത്സവിമനി
ഹിരണ്യപാണിരമിമീത സുക്രതുഃ കൃപാസ്വഃ
ഈ പ്രകാശിക്കുന്ന രമണീയമായ സവിതാവിനെ സത്യവചസ്സുകളാലും പ്രിയം നിറഞ്ഞ മനസ്സാലും കവിയായ ഞാൻ ക്രതുതോറും രത്നധാമമായി അർച്ചിക്കുന്നു. ഉച്ചത്തിൽ, ഉയരത്തിൽ പ്രകാശിക്കുന്ന ഏതൊരുവന്റെ മനസ്സിന്റെ ഭാസ്സ് (പ്രകാശം) സർവ്വമനസ്സിനേയും പ്രകാശിപ്പിക്കുന്നുവോ, ഹിരണ്യപാണിയും സുക്രതുവും കൃപാലുവുമായ അവനെ (സൂര്യനെ) അർച്ചിക്കുന്നു.

9. അഗ്നിം ഹോതാരം മന്യേ ദാസ്വന്തം വസോഃസൂനും സഹസോ
ജാതവേദസം വിപ്രം ന ജാതവേദസം
യ ഊർദ്ധ്വയാ സ്വദ്ധ്വരോ ദേവോ ദേവാച്യാ കൃപാ
ഘൃതസ്യ വിഭ്രാഷ്ടിനേ ശുക്രശോചിഷഭ്രാജ്യഹ്വാനസ്യസർപ്പിഷഃ
ഹോതാവായ അഗ്നിയെ ദാസനായ ഞാൻ ജാതവേദസ്സായി ഒന്നിച്ച് ജനിച്ചവനായും , വിപ്രരിലെ ജാതവേദസ്സായും അറിയുന്നു. ഏതൊരു ഊർദ്ധ്വമായ സ്വന്തം അദ്ധ്വരത്തില് (യജ്ഞം) ദേവദേവന്റെ കൃപ നെയ്യുപോലെ വർഷിക്കുന്നുവോ, ആ വിഭ്രാജമാനവും ശുക്രവുമായ അഗ്നിയെ ,നെയ്യ് വർഷിച്ച് (യജ്ഞകുണ്ഡത്തിൽ)വിഭ്രാജമാനമാകുന്ന അഗ്നിയിലും ഞാൻ ദർശിക്കുന്നു, പ്രകീർത്തിക്കുന്നു.

10. തവത്യന്നയം നൃതോപ ഇന്ദ്ര പ്രഥമം പൂർവ്വ്യാ ദിവി
പ്രവാച്ചം കൃതം
യോ ദേവസ്യ ശവസാപ്രാരിണാ അസുരിണന്നപഃ
ഭുവോ വിശ്വമഭ്യദേവ മോചസാ വിദേദൂർജ്ജം
ശതക്രതുർവിദേദിഷം.
ഏറ്റവും ആദ്യം, സൂര്യനും മുമ്പ്, നിന്റെ പ്രവാച്ചത്താൽ (പ്രവചനം,വാക്ക്) കൃതമായി (നിർമ്മിക്കപ്പെട്ട) പ്രപഞ്ചത്തിന്റെ ഋതം കൊണ്ട് ഇക്കാണുന്ന പ്രകാശിക്കുന്ന (ഗ്രഹനക്ഷത്രാദി) പ്രവർത്തിക്കുന്നു. അവയുടെയെല്ലാം ഊർജ്ജം ശതക്രതുക്കളാൽ അറിയപ്പെടുന്നു.

ഭാഷ്യം. ഋഷിമാർ:-   1-10 ഗൃത്സമദൻ. 2 ഗൌരാംഗിരസഃ 3,5,9 പരുച്ഛേപൻ, 4 രേഭൻ. 6 എവയാമരുത്ത് 7 അനാനതഃപാരുച്ഛേപി. 8 നകുലൻ. ദേവതഃ- 1,3,4,10 ഇന്ദ്രൻ. 2 സൂര്യൻ. 5 വിശേ്വദേവൻ. 6 മരുത്ത്. 7 പവമാനൻ. 8 സവിതാവ് 9 അഗ്നി ഛന്ദസ്സ് 1,10 അഷ്ടി. 2,4,6 ജഗതി. 3,5,7,9 അത്യഷ്ടി. 4,10 അതിശക്വരി. സ്വരം 1,10 മദ്ധ്യമം. 2,4,6 നിഷാദം. 3,5,7,9 ഗാന്ധാരം 8, 10 പഞ്ചമം.

3 അവസ്ഥകൾ. ജാഗ്രദ്,സ്വപ്ന,സുഷുപ്തികൾ. അവയോട് ചേർന്ന ത്രികാലങ്ങളിലും ഒറ്റ യവശിലസ്സ(നെന്മണി)കൊണ്ട് തൃപ്തമാക്കുന്ന ശ്രീകൃഷ്ണപരമാത്മാവ് എന്ന ധർമ്മമഹിഷമായ വിഷ്ണു (കാലചക്രപ്രണേതാവുമ്പോളാണ് ധർമ്മദേവന് മഹിഷവാഹനം) തന്നെയാണ് സർവ്വകർമ്മങ്ങൾക്കും ധർമ്മങ്ങള്ക്കും ജൈവശരീരികളെ സന്നദ്ധമാക്കുന്നത്.   ധാന്യപിണ്ഡത്താൽ പിതൃക്കള് (ധർമ്മദേവന്മാർ)തൃപ്തരാകുന്നു. ഒറ്റ കതിർമണി പ്രേമപൂർവ്വം കൊടുത്താൽ വിഷ്ണു തൃപ്തനാവുന്നു. സത്യസ്വരൂപമായ ആ ദേവൻ ചന്ദ്രവംശ,സൂര്യവംശരാജാക്കന്മാരുടെയും അഗ്നികുലത്തിന്റേയും പ്രഥമനായ ആദിദേവനാണ്. 1,10 ശ്ലോകങ്ങള് ഗൃത്സമദന്റേതാണ്. സൂര്യാദിഗ്രഹനക്ഷത്രസൃഷ്ടിക്കു മുമ്പ് പ്രവചനത്താൽ(വാക്)സ്ഫോടമായി സൃഷ്ടിച്ച സർവ്വപ്രപഞ്ചങ്ങളുടേയും ഊർജ്ജം ഏകസ്രോതസ്സായി ശതക്രതുക്കളായ ജ്ഞാനികള് അറിയുന്നു. ഇന്ന് ആധുനികശാസ്ത്രം ഈ അറിവിലേക്ക് തിരിച്ചു വരികയാണ്. രണ്ടാം സൂക്തം ഗൌരആംഗിരസൻ അഥവാ ഘോരആംഗിരസനെന്ന ഗുരുവിന്റേതാണ്. ശ്രീകൃഷ്ണനെന്ന ദേവകീപുത്രന്റെ ഗുരുവാണ് ഇദ്ദേഹമെന്ന് ഛാന്ദോഗ്യഉപനിഷത്തിലുണ്ട്.   അഞ്ചാം സൂക്തത്തിലെ ഇന്ദ്രവായു അർദ്ധനാരീശ്വരരൂപമാണ്. ആറാം സൂക്തത്തിൽ വിഷ്ണു ,മരുത്ത്, ഗിരിജാ എന്ന പദങ്ങളുണ്ട്. വിഷ്ണുസഹോദരിയായ ഗിരിജ വിഷ്ണുവിന്റെ ഇരട്ടയാണ്. അവരെ രണ്ടു ദിശകളി ലേക്ക് സഞ്ചരിക്കുന്ന പ്രാണമരുത്തുക്കളായും ഇഡപിംഗളകളെന്ന ഊർജ്ജനാഡികളായും പരസ്പരം പിണഞ്ഞ കുണ്ഡലിനീരൂപത്തിലുള്ള മരുത്തുക്കളുടെ (പ്രാണോപാസന) ഉപാസന നാദോപാസനയാണ്. വിഷ്ണുവെ ധ്വനിവ്രതത്താൽ ഉപാസിക്കുന്ന പ്രാണായാമ,നാദഉപാസനയാണ് പറയുന്നത്. പ്രാണബലം (മരുത്തുക്കളുടെ ബലം) പ്രത്യേകം എടുത്തുപറയുന്നു. ഈ തത്വം

ആയുർവ്വേദത്തിനും യോഗശാസ്ത്രത്തിനും സംഗീതത്തിനും പൊതുവാണ്.

ഏഴാം സൂക്തത്തിൽ 7 ഹരിണി(അശ്വം) പൂട്ടിയ സൂര്യരഥം ,സപ്തസ്വരം, സപ്തപ്രാമം, സപ്തധാതു ഇവയാൽ ധരിക്കപ്പെടുന്ന സംഗീതധ്വനി ,ആയുർവ്വേദതത്വങ്ങള് 7 ജിഹ്വയുള്ള അഗ്നിയുടെ സപ്തവർണ്ണരൂപം, സപ്തമാതൃകക്ള്ളും അവയുടെ സമന്വയമായ സരസ്വതിയും എല്ലാം പറയുന്നു.ഈ ആരാധനയുടെ പ്രാചീനരൂപമായി മൊഹാഞ്ജദാരോവിലെ മുദ്ര കാണുന്നുണ്ട്. അർച്ചകനും അർച്ചിക്കപ്പെടുന്നവനും സവിതാവാണ് എട്ടാം സൂക്തത്തിൽ. ഉപാസകന്റെ തന്മയീഭാവം കാണിക്കുന്നു. 9ആം സൂക്തത്തിൽ, ബാഹ്യവും ആന്തരവും ആധിദൈവികവും ആധിഭൌതികവും അദ്ധ്യാത്മികവുമായ അഗ്നി (ഊർജ്ജം) ഏകീഭവിച്ച് തന്മയീഭവിക്കുന്നു.

പവമാനകാണ്ഡം.

അദ്ധ്യായം 5.

ദശകം 1.

1. ഉച്ചാ തേ ജാതമന്ധസോ ദിവി സദ്ഭൂമ്യാ ദദേ ഉഗ്രംശർമ്മ മഹി ശ്രവഃ
   ഭൂമിയിലുള്ളവർ അത്യുച്ചമായി വ്യാപിച്ച നിന്റെ ജ്ഞാനവും സത്യവും നേടുന്നു. ഉഗ്രമായ ശർമ്മത്താല് അത് മഹിയിൽ ശ്രവിക്കപ്പെടുന്നു.
2. സ്വാദിഷ്ഠയാ മദിഷ്ഠയാ പവസ്വസോമ ധാരയാ ഇന്ദ്രായ പാതവേ സുതഃ
   സ്വാദിഷ്ഠവും(രസമയം) ലഹരി തരുന്നതും പാവനവുമായ സോമധാരയാല് നീ സർവ്വർക്കും ആനന്ദമയമായ ജ്ഞാനമരുളി സർവ്വത്തിലും വ്യാപിച്ചിരിക്കുന്നു (സർവ്വേന്ദ്രിയത്തിലും)
3. വൃഷാ പവസ്വ ധാരയാ മരുത്വതേ ച മത്സരഃ വിശ്വാ ദധാന ഓജസാ
   പാവനമായ ധാരയാൽ വൃഷാവായ നീ മരുത്തുക്കളോടെ, വിശ്വത്തിന് ഓജസ്സരുളിക്കൊണ്ട് നിർമത്സരരായി വരുന്നു. (മറ്റൊരാൾ മത്സരിക്കാനില്ല)

4. യസ്ത മദോ വരണ്യസ്തേനാ പവസ്വാന്ധസാ ദേവാ വീരധ്യശംസഹാ
നിന്റെ ആ ലഹരി വരേണ്യമാണ് . അതിനാൽ പാവനമായി വിളങ്ങുക,. നീ വീരനും യശസ്വിയുമായ ദേവനായി ഒപ്പം ഉണ്ടാവുക.
5. തിസ്രോ വാച ഉദീരതേ ഗാവോ മിമന്തി ധേനവഃ ഹരിരേതി കനിക്രദത്
പശുക്കൾ, കുഞ്ഞുങ്ങളെ വിളിക്കുന്നതുപോലെ , മൂന്ന് വാക്ക് ഉച്ചരിക്കപ്പെട്ടു. അതില് ഞങ്ങള് ഹരി എന്ന ആദ്യക്രതു കേട്ടു.
6. ഇന്ദ്രായേന്ദോ മരുത്വതേ പവസ്വ മധുമത്തമഃ അർക്കസ്യ യോനിമാസദം
പാവനമായി,മധുമത്തമമായി, മരുത്തുക്കളും ഇന്ദുവും ഇന്ദ്രന്നായി സഞ്ചരിക്കുന്നു. അർക്കന്റെ യോനിയില് നീ ഇരിക്കുന്നു. (അർക്കത്തിന്റെ യോനി. യജ്ഞവേദി. ജലത്തിന്റെ ഉത്ഭവസ്ഥാനം, സൂര്യന്റെ ഉത്ഭവസ്ഥാനം)
7. അസാവ്യംശുർമദായാപ്സു ദക്ഷോ ഗിരിഷ്ഠാഃ ശ്യേനോ ന യോനിമാസദത്
രശ്മികളാൽ ലഹരിയോടുകൂടിയ ജലത്തിലും ദക്ഷരായ ഗിരിജനങ്ങളിലും നീ ഇരിക്കുന്നു. സർവ്വയോനികളിലും നീ ശ്യേന(സുപർണ്ണ)മായി പ്രവേശിച്ചിരിക്കുന്നു.
8. പവസ്വ ദക്,സാധനോ ദേവേഭ്യഃപീതയേ ഹരേ മരുദ്ഭ്യോ വായവേ മദഃ
സർവ്വം പവിത്രീകരിക്കുന്ന,സർവ്വദേവന്മാരുടേയും ദക്ഷസാധന മായ (ദക്ഷത അഥവാ അറിവിന് സാധനമായ) ഹരേ, മരുത്തു ക്കളോടും വായുവോടും ആനന്ദമദത്തോടെ വന്ന് (സോമം) നുകരുക.
9. പരിസ്വാനോ ഗിരിഷ്ഠഃപവിത്രേ സോമോ അക്ഷരം മദേഷു സർവ്വധാ അസിഃ
വിവേകിയായ ആ സ്വരം പവിത്രമായ സോമമായി അക്ഷരമായി ജ്ഞാനികളിലിരിക്കുന്നു. സർവ്വവിധമായ ആനന്ദലഹരികളിലും ഇരിക്കുന്നു (ഗിരിഷ്ഠ എന്നാല് ഗിരിമുകളിലെ തപസ്വികളിലെനനും)
10. പരിപ്രിയാ ദിയഃ കവിർവയാംസി നപ്ത്യോർഹിതഃ സ്വാനൈര്യാതി കവിക്രതുഃ
പ്രകാശത്തെ പ്രേമിക്കുന്ന കവികൾ, പ്രാണങ്ങൾക്കിടയില്

വ്യക്തമാകുന്ന വാക്കിനാല്, സർവ്വഹിതാർത്ഥം എല്ലാ കവി ക്രതുക്കളിലും (കവികളുടെ യജ്ഞം) അതിനെ പാടിപ്പുകഴ്ത്തി പരത്തുന്നു,വികസ്വരമാക്കുന്നു.

ഭാഷ്യം ഋഷിമാർഃ-1,4 അമഹീയു. 2 മധുഛന്ദസ്സ് 3 ഭൃഗുവാരുണി 9, 5 ത്രിതൻ, 6 കശ്യപൻ, 7 ജമദഗ്നി 8 ദൃഢച്യുത അഗസ്ത്യ 9,10 കശ്യപന്, അസിതൻ. ദേവത,പവമാനൻ,സോമൻ. ഛന്ദസ്സ് ഗായത്രി. സ്വരം ഷഡ്ജം.

വർമ്മ,ശർമ്മ (വര്മ്മം ധരിച്ചവരും ശർമ്മഗുണമുള്ളവരും)എന്ന നാമങ്ങൾ വലഭി സർവ്വകലാശാലയിലെ മൂഷകവംശക്കാരായ യാദവരുടെ നാമങ്ങളാണെന്ന് നേർത്തേ പരാമർശിച്ചു. ആദ്യ സൂക്തത്തിൽ ഉഗ്രശർമ്മം കൊണ്ട് ഭൂമിയിലാകെ സത്യധർമ്മ ങ്ങളുടെ ശ്രുതി (വേദവാണി)പരത്തിയവരെ പറയുന്നു. രണ്ടാം സൂക്തത്തിൽ ആ ഊർജ്ജം സർവ്വേന്ദ്രിയത്തിലും സർവ്വപ്രപഞ്ച ത്തിലും വ്യാപിച്ച ബ്രഹ്മരസാനന്ദലഹരിയാണെന്ന് പറഞ്ഞു. വർഷകനായ ഈശ്വരതേജസ്സ് മുറതെറ്റാതെ മരുത്തുക്കളോടുകൂടി ഓജസ്സോടുകൂടി ഋതുതോറും ജ്ഞാനികൾക്ക് അഭിവ്യക്തമാകുന്നു. മഴയും അന്നവും സമൃദ്ധിയും ജ്ഞാനവും തരുന്നു. ആ വൃഷഭ നോട് (ഇടവം) മത്സരിക്കാൻ ഭൂമിയിലാർക്കും സാധിക്കയില്ല.

മൂന്നു വാക്ക്ഃ-അ,ഉ,മ (ഓങ്കാരം) അനുദാത്തം,ഉദാത്തം,സ്വരിത മെന്ന് ഉച്ചരിക്കപ്പെട്ടു. അതിൽനിന്ന് 3 വേദവും ത്രിമൂർത്തികളും ത്രിശക്തികളോടെ ഉണ്ടായി. അതിൽനിന്ന് ആദ്യമായി ജ്ഞാനി മനസ്സിൽ ധരിച്ച 3 അക്ഷരങ്ങള് ഹ്,ര്,ഈം (ഹ്രീം, ഹരി,ഹര) ജനിച്ചു. ഹരിയാണ് ആദ്യക്രതു. ആദ്യയജ്ഞം,യജ്ഞസ്വരൂപം. സൂര്യയോനിയിലും യജ്ഞവേദിയിലും സർവ്വപ്രപഞ്ചത്തിലും അതിപാവനനായ പവമാനനായി, മധുമത്തമമായ പ്രാണനും അന്നവും (മരുത്തുക്കൾ, ഔഷധിവനസ്പതിനാഥനായ ചന്ദ്രൻ) സർവ്വേന്ദ്രിയങ്ങൾക്കും ഇന്ദ്രിയാധീശ്വരന്മാർക്കുമായി അരുളി ക്കൊണ്ട് ആ ഊർജ്ജശക്തി സദാഗതിയായി സർവ്വത്തിലും ഇരിക്കുന്നു. ജലത്തിലും പ്രകാശരശ്മിയിലും ആനന്ദാനുഭവത്തി ലും വാക്കിലും പ്രഗത്ഭരായ ഗിരിജനങ്ങളിലും സർവ്വജീവയോനി യിലും ആ ശ്യേനസുപർണ്ണമായ ഗരുഡവാഹനത്തെത്തന്നെ ജമദ ഗ്നിമഹർഷി (പരശുരാമന്റെ പിതാവ്) ദർശിക്കുന്നു. എട്ടാം സൂക്തത്തിൽ ദൃഢച്യുതഅഗസ്ത്യഋഷി സോമം നുകരാന് ക്ഷണി ക്കുന്നത് ഹരേ എന്ന് അഭിസംഭോധന ചെയ്തുകൊണ്ടാണ്.

മദേഷു സർവ്വധാ അസി എന്ന് സപ്തർഷികൾക്ക് പിതാവായ കശ്യപൻ(സൂക്തം 9) പറയുന്നു. കൃഷ്ണശബ്ദത്തിനർത്ഥം ഭൂമിയിലെ സർവ്വനിർവൃതിയുമെന്നാണ്. ഹരി ആ കൃഷ്ണനാണ്. കശ്യപപുത്രിയായ ഭൂമിയുടെ ഭർത്താവാണ്. പ്രണവം(വാഗ്) സർവ്വതോഭദ്രമായി വികസ്വരമായതാണ് സ്ഫോടരൂപമായ സർവ്വപ്രപഞ്ചവും എന്ന നാദബ്രഹ്മപ്രപഞ്ചോത്ഭവതത്വം ശാസ്ത്രീയമായി പത്താം സൂക്തത്തിൽ കശ്യപഋഷി അവതരിപ്പിക്കുന്നു.

ജ്ഞാനം,ഉപാസന,(ഭക്തി),കർമ്മം, എന്നീ മൂന്നും ഉള്ളവരാണ് കവികൾ. അവരുടെ കവിഋതു(സഭ)ക്കളിൽ വാഗ്ദേവിയുടെ വികാസം ആവർത്തിക്കപ്പെടുന്നു. രണ്ടു പ്രാണങ്ങൾക്കിടയില് , 2 നാഡികൾക്ക് മദ്ധ്യത്തില് പ്രകാസനാദരൂപമായി സഞ്ചരിക്കുന്ന, സ്വശരീരത്തിലും സർവ്വശരീരത്തിലുമിരിക്കുന്ന കുണ്ഡലിനീശക്തിയേയും അതിന്റെ ഉറവിടമായ പ്രപഞ്ചാന്തർഗ്ഗതമായ കുണ്ഡലിയേയും കവികള്ഒപ്പം പാടിപ്പുകഴ്ത്തുന്നു. വൈദ്യം, ജ്യോതിശ്ശാസ്ത്രം, സംഗീതം, അവയുടെ തന്ത്രപദ്ധതികൾ, എല്ലാം ഇത്തരം കവിക്രതുക്കളിൽ (സഭകളിൽ) വികസ്വരമായി വരുന്നു. ഇതിനെ ബ്രഹ്മത്തിൽനിന്ന് പ്രപഞ്ചസർഗ്ഗം ഉണ്ടായതിനോട് താരതമ്യപ്പെടുത്തുന്നു.

ദശകം 2

1. പ്ര സോമസോ മദച്യുതഃശ്രവസേ നോ മഘോനാം സുതാം വിദഥേ അക്രമുഃ
   അച്യുതമായ (അവസാനിക്കാത്ത) ആനന്ദലഹരിയാകുന്ന സോമം ഒഴുക്കുന്നതിനായി മഘങ്ങളിലെത്തുന്ന ജ്ഞാനികളുടെ വാക്കുകൾ ശ്രവിക്കുക. അത് നമ്മുടെ ജ്ഞാനധനം വർദ്ധിപ്പിക്കുന്നു.
2. പ്ര സോമാസോ വിപശ്ചിതോപോ നയന്ത ഊർമ്മയഃ വനാനി മഹിഷാ ഇവ
   ഊർമ്മികള് (തിരകൾ) അനേകം വിദൂരസ്ഥലങ്ങളിലേക്ക് (സഞ്ചാരികളെ) നയിക്കുന്നതുപോലെ ഈ മഹത്തുക്കളുടെ ജ്ഞാനസോമം (വാക്ക്) അനേകം ആനന്ദങ്ങളെ നമ്മിലെത്തിക്കുന്നു.
3. പവസ്വനോ വൃഷാസുതഃ കൃധീനോ യശസോ ജനേ വിശ്വാ അപ ദ്വിഷോ ജഹി

പാവനമായ(പവമാനം) ഇന്ദോ, നിന്റെ വർഷത്താല്
ഞങ്ങളുടെ ധീയെ സൃഷ്ടിച്ച് ഞങ്ങളിൽ (നിന്റെ ജനങ്ങളിൽ) യശസ്സ് വർദ്ധിപ്പിക്കുക. വിശ്വത്തിൽ ഞങ്ങൾക്ക് സർവ്വ പ്രതിബന്ധങ്ങളും മാറ്റിത്തരിക.

4. വൃഷാസ്യഹി ഭാനുനാ ദ്യുമന്തം ത്വാ ഹവാമഹേ
പവമാന സ്വർദൃശം
നീ വൃഷാവാണ്. (വർഷകൻ, ഋഷഭം). നിന്നിൽ പ്രകാശിക്കുന്ന ഭാനുവെ (സൂര്യനെ) ഞങ്ങൾ ആവാഹിക്കുന്നു. നീ സ്വർഗ്ഗസദൃശമായ (സ്വർഗ്ഗത്തില് മാത്രം ദർശിക്കാവുന്ന) ആനന്ദം കൊണ്ടു വരുന്ന പവമാനനാണ്.
5. ഇന്ദുഃപവിഷ്ഠംചേതനഃപ്രിയഃകവീനാം മതിഃ
സൃജദശ്വം രഥീരിവ
ഇന്ദു, പവിത്രചേതനരായ ജ്ഞാനികളായ കവികളുടെ (ജനങ്ങളുടെ) മനസ്സുകളില് പ്രിയമായി വാഴുന്നവനേ, അശ്വങ്ങളെ രഥിയെപ്പോലെ (സാരഥി) വഴി കാട്ടുക.
6. അസൃക്ഷതപ്രവാത്മിനോ ഗവ്യാ സോമാസോ അശ്വയാ
ശക്രാസോ വീരയാശവഃ
അശ്വങ്ങളെ ഗവ്യം,സോമം എന്നിവകളാൽ വാജീകരണം (ബലം) ചെയ്ത് വീര്യവത്തരമാക്കിയവര്(യോഗികള്) പ്രകാശിക്കുന്നു.
7. പവസ്വ ദേവ ആയുഷഗിന്ദ്രം ഗഛതു തേ മദഃ
വായുമാരോഹധർമ്മണാ
പവിത്രമായി പ്രകാശിക്കുന്നവനേ, നിന്റെ ആനന്ദലഹരി ചേർന്ന ഇന്ദ്രിയങ്ങൾ,പൂർണ്ണായുസ്സിലേക്ക് ഗമിക്കട്ടെ. ധർമ്മത്തിന്റെ പ്രാണവായുവിൽ ആരോഹണം ചെയ്യട്ടെ.
8. പവമാനോ അജീജനദ്ദിവശ്ചിത്രം ന തന്യതും
ജ്യോതിർ വൈശ്വാനരം ബൃഹത്
ആകാശത്തിൽ പ്രകാശിക്കുന്ന ഇടിമിന്നൽപോലെ ,പവിത്രമായ മനസ്സിൽ, യോഗി വൈശ്വാനരവും ബൃഹത്തുമായ ജ്യോതിയെ സാക്ഷാത്ക്കരിക്കുന്നു.
9. പരി സ്വാനാസ ഇന്ദവോ മദായ ബ്രഹ്മണാ ഗിരാ
മഘോ അർഷന്തി ധാരയാ
ബ്രഹ്മനിർവ്വാണം അരുളുന്ന ഗീരുകള് ആനന്ദലഹരി തരുവാനായി ധാരധാരയായി മധുപോലെ ജ്ഞാനികളായ ഇന്ദുക്കൾ (ചന്ദ്രവംശക്കാർ) സ്വന്തം സ്വരങ്ങളിലൂടെ വർഷിക്കുന്നു.

10. പരിപ്രാസിഷ്യദത് കവിഃ സിന്ധോരൂർമ്മാവധി ശ്രിതഃ
കാരും ബിഭ്രത് പുരുസ്പൃഹം
ദൂരദൃക്കായ കവി, സിന്ധുവിലെ തരംഗങ്ങളുടെ അവധി (സീമ)യെ ആശ്രയിച്ച് തന്റെ കാരുവെ (നിർമ്മിച്ച വാഹനം) അതിവേഗം കറക്കി,(ഭ്രമണം ചെയ്യിച്ച്) പ്രസാദലോകങ്ങളെ പ്രാപിക്കുന്നു.

ഭാഷ്യം ഋഷിമാർഃ- 1 ശ്വാവാശ്വൻ. 2 ത്രിതന് 3, 8 അമഹീയു 4 ഭൃഗു 5, 6 കശ്യപൻ. 7 നിധ്രുവികശ്യപന് 9,10 കശ്യപനും അസിതനും ദേവതഃ- പവമാനനും സോമനും ഛന്ദസ്സ് ഗായത്രി സ്വരം ഷഡ്ജം.

രണ്ടാം സൂക്തത്തിൽ,ഊർമ്മികളിലൂടെ സമുദ്രം കടത്തുന്നവയെ Powerful conveyances means aeroplanes or buses എന്ന് ദേവീചന്ദ് പരിഭാഷപ്പെടുത്തുന്നു.സമുദ്രം കടത്തുന്നവയും, കാറ്റ് അഥവാ വായു നയിക്കുന്ന തിരയിലൂടെ വേഗം സഞ്ചരിക്കുന്നവയുമായി വേദകാലത്ത് ഉള്ള വാഹനം വിമാനമോ ബസ്സോ അല്ല കപ്പലാണ്. ഇന്ദുവംശജരായ മൂഷകവംശക്കാർ (കേരളരാജാക്കന്മാർ) ഇപ്രകാരം സമുദ്രസഞ്ചാരം ചെയ്തിരുന്നതായി ചരിത്രം.

നാലാം സൂക്തത്തിലെ രണ്ടു പദങ്ങൾഃ- വൃഷാ ,ഭാനു. ഇവ ചേർത്തതാണ് രാധയുടെ പിതാവായ വൃഷഭാനുനാമം. വൃഷഭാനു സൂര്യനും, സൂര്യോപാസകനും പവമാനനും (തെക്കൻകാലവർഷക്കാറ്റ്) ആണ്. കൃഷ്ണാ കാരുണ്യസിന്ധോ എന്ന ഗ്രന്ഥത്തില് വൃഷഭാനുപുത്രി രാധയും (വേദത്തിലെ രാധസ്സ്) സത്രാജിത്തിന്റെ പുത്രി സത്യഭാമയും ഒരാളാണെന്ന് ഞാൻ സൂചിപ്പിച്ചിരുന്നു. 100 സത്രം (യജ്ഞം) പൂർതച്തിയാക്കിയതിനാലാണ് സത്രാജിത്തെന്ന നാമം. ശതക്രതുവാണ് സത്രാജിത്ത്. ഒരുനാൾ 8 പ്രഹരത്തിൽ 8 പവന് കൊടുക്കുന്ന സൂര്യസ്യമന്തകം അദ്ദേഹത്തിന് സൂര്യോപാസനാഫലമായി കിട്ടിയ ശക്തിയാണ്. സാധാരണ മാതാമഹന്റെ നാമം ചേർത്ത് മക്കള്ക്ക് പേരിടുന്നത് ദാക്ഷിണാത്യസമ്പ്രദായമാണ്. സത്യഭാമയുടെ മക്കളുടെ പേരിലെല്ലാം ഭാനു എന്ന് കാണാം. വൃഷഭാനുപുത്രിയായ രാധയുടെ വംശനാമം.

പത്താം സൂക്തത്തില് സമുദ്രത്തില് തിരകളുടെ സീമയെ ആഗ്രഹിച്ച് കാരുക്കൾ നിർമ്മിച്ച കാരുക്കളെന്ന വാഹനത്തേയും അതേ നാമത്തിലറിയുന്നു. ആ കാരു അതിവേഗം ഭ്രമണം ചെയ്യിച്ച് ജ്യോതിർല്ലോകപ്രാപ്തിയും. കാരു എന്നത് ഒരു ദക്ഷിണേന്ത്യൻ പദമാണ്. ശില്പിയും വാഹനവും ആ പേരിൽത്തന്നെ അറിയപ്പെടുന്നു വേദത്തില്. കടലിലെ കാരു

കപ്പലാണ്. ജ്യോതിർല്ലോകത്തിലെത്താന് അതിവേഗം ഭ്രമണം ചെയ്യുന്ന കാരു ജ്യോതിശ്ചക്രവും. സുദർശനകാലചക്രം മുതലായ ആസ്ട്രോണമിക്കൽ യ.ന്ത്രങ്ങളുമാണ്. ബിഭ്രത് എന്ന വാക്ക് ഭ്രമണം ചെയ്യുന്ന സമ്പൂർണ്ണപ്രപഞ്ചചക്രത്തെ സൃഷ്ടിച്ച കാരു അഥവാ ശില്പിയായ ഈശ്വരനേയും ആ മാതൃകയിൽ യന്ത്രങ്ങൾ ,വാഹനങ്ങൾ സൃഷ്ടിച്ച മനുഷ്യശില്പിയയേയും കുറിച്ചാണ്. കശ്യപഗുരുകുലത്തിന്റെയാണ് ഈ വരികളെന്നത് ഇത്തരം സഞ്ചാരം ,ജ്ഞാനം ഇവയുടെ പഴക്കം കാണിക്കുന്നു. സംഗീതത്തിലെ ഭ്രമണം ചെയ്യുന്ന സ്വര,താള,ചക്രങ്ങൾ കൊണ്ടും പ്രസാദലോകപ്രാപ്തി സാധിക്കുന്നു.

പ്രപാഠകം 6 അർത്ഥം 1

ദശകം 3

1. ഉപോ ഷു ജാതമപ്തുരം ഗോഭിർഭാംഗ പരിഷ്കൃതം
   ഇന്ദും ദേവാ അയാസിഷുഃ
   ഗോക്കളിൽ(രശ്മി) പ്രകാശാവയവമായി,പരിഷ്കൃതമായി, (പ്രകാശവാനായി) അവതരിച്ച(ജനിച്ച) ഇന്ദു(വംശം)ക്കളുടെ ദേവനെ അറിയുക.
2. പുനാനോ അദ്രമീദഭി വിശ്വാ മൃധോ വിചർഷണിഃ
   ശുംഭന്തി വിപ്രം ധീതിഭിഃ
   സർവ്വ അക്രമങ്ങളേയും അവന് അകറ്റുന്നു. അപ്രകാരം വിശ്വത്തിൽ പരിലസിക്കുന്ന ജ്ഞാനിയായ വിപ്രന്റെ ധീയെ ജ്ഞാനികൾ പുകഴ്ത്തിപ്പാടുന്നു.
3. ആവിസൻകലശം സുതോ വിശ്വാ അർഷന്നഭി ശ്രിയഃ
   ഇന്ദുരിന്ദ്രായ ധീയതേ
   ആർഷജ്ഞാനി (യോഗി) സർവ്വശ്രീകളും(സിദ്ധി)നേടി കലശത്തിലാവേശിപ്പിച്ച് സ്വയം ഇന്ദുവായി,ഇന്ദ്രനായി, (ഇന്ദ്രിയാധീശ്വരനായി) ധീയിൽ ധ്യാനിക്കുന്നു. (തന്മയീഭവിക്കുന്നു)
4. അസർജ്ജി രഥ്യോ യഥാ പവിത്രേ ചരവോഃസുതഃ
   കാഷ്മർമ്പാജി ന്യക്രമീത്
   രഥത്തിൽ പൂട്ടിയ കുതിര എപ്രകാരം രണ്ട് സേനാമദ്ധ്യത്തില് തന്റെ സാമർത്ഥ്യം പ്രദർശിപ്പിക്കുമോ, അപ്രകാരം രണ്ട് പ്രാണമദ്ധ്യത്തിലിരുന്ന് അവൻ സമർത്ഥമായി (ജീവിത)യുദ്ധം നടത്തുന്നു.
5. പ്ര യദ്ഗാവോ ന ദൂർണ്ണയസ്തേഷ്വാ ആയാസോ അക്രമുഃ
   ഘ്നന്തഃകൃഷ്ണാമപത്വചം
   എപ്രകാരം പ്രകാശവത്തായ രശ്മികൾ ആക്രമിക്കുന്ന കൃ

ഷ്ണനിറത്തെ ഹനിച്ച് പരന്ന് അഭിവ്യക്തമാകുമോ അപ്രകാരം (ശരീരത്തെ) അധിക്രമിച്ച് ആത്മപ്രകാശം പരക്കുന്നു.

6. അപഘ്നൻ പവസേ മൃധഃ ക്രതുവിത് സോമ മത്സരഃ
   നുദസ്വാദേവയും ജനം
   നീ ആനന്ദവും ബുദ്ധിയും തരുന്നു. പാവനമായ നദികളെ തുറന്നുവിടുന്നു. പ്രകാശമതികളല്ലാത്ത (അദേവം) ജനങ്ങളെ (ദുർജ്ജന) അകറ്റിയാലും
7. അയാ പവസ്വ ധാരയാ യയാ സൂര്യമരോചയഃ
   ഹിന്വാനോ മാനുഷീരപഃ
   സൂര്യനെ പ്രകാശിപ്പിച്ച നിന്റെ ശക്തിയുടെ പവിത്രമായ ധാരയെ ഒഴുക്കുക. മനുഷ്യരിലും ശുദ്ധമായ ആ ജലധാര ഒഴുകട്ടെ.
8. സ പവസ്വ യ ആവിഥേന്ദ്രം വൃത്രായ ഹന്തവേ
   വവ്രിവാംസം മഹീരപഃ
   പവമാനനായ നിന്നെ ഞങ്ങൾ അറിയട്ടെ. വൃത്രഹന്താവായ ഇന്ദ്രാ, മഹത്കർമ്മങ്ങള്്കുള്ള പ്രതിബന്ധങ്ങള് നീക്കിത്തരിക.
9. അയാ വീതി പരിസ്രവ യസ്ത ഇന്ദോമദേഷ്വാ
   അവാഹന്നവതീർന്നവഃ
   നിന്റെ ആനന്ദലഹരിയാൽ പാടിക്കൊണ്ട് 99 വർഷം ഈ ശരീരവാഹനത്തിൽ (ഞാൻ) ഇരിക്കാൻ അനുഗ്രഹിച്ചാലും. (പാപം കൂടാതെ. 9 നെ 9 കൊണ്ട് ഗുണിച്ച 81 വർഷമെന്നും ചിലരുടെ അഭിപ്രായം.)
10. പരിധ്യുക്ഷം സനദ്രയിം ഭരദ്വാജം നോ അന്ധസാ
    സ്വാനോ അർഷ പവിത്ര ആ
    ഭരദ്വാജന്റെ ഹൃദയത്തിൽ വസിച്ചുകൊണ്ട് അളവറ്റ ധനവും അന്നവും ജ്ഞാനവും ആർവും പവിത്രവുമായ നീ സർവ്വർക്കും നൽകുക.

ഭാഷ്യം ഋഷിമാർഃ- 1.8.9 അമഹീയു. 2 ബൃഹന്മതി അംഗിരസ 3 ജമദഗ്നി 4 പ്രഭുവസു 5 മേധ്യാതിഥി 6,7 നിധ്യുവിഃകാശ്യപൻ. 10 ഉചഥ്യഃ
ദേവത പവമാന,സോമന്മാർ. ഛന്ദസ്സ് ഗായത്രി. സ്വരം ഷഡ്ജം

ഗോക്കൾ വാക്കുകൾ,രശ്മികൾ എന്ന് നാനാർത്ഥം. സൂര്യനെ വിഭജിച്ചത് സൂര്യരശ്മി. അപ്രകാരം സ്വരം,ധ്വനി, അക്ഷരം, പദം, വാക്യമെന്ന് സന്ധിസമാസാദികളാല് വിഭജിതമായി നാദബ്രഹ്മം ഭാഷയായിത്തീരുന്നു. അപ്രകാരം സംസ്കൃതമായി, പരിഷ്കൃതമായ ഭാഷ ആദ്യം സൃഷ്ടിച്ച ചന്ദ്രവംശസ്ഥാപകനായ ഇന്ദു എന്ന പൂർവ്വികനെ ആദ്യസൂക്തം സ്മരിക്കുന്നു. ഭാഷയെ അറിയാൻ ആ ആദ്യഗുരുവെ അറിയുക. അവനെ പാടിപ്പുകഴ്ത്തി ,ഗുരുകടാക്ഷത്താല് വിഘ്നം അകറ്റുക.(സൂ 2)ജമദഗ്നി

യുടെ സൂക്തം ഗുരുവും ശിഷ്യനും പരമഗുരുവും ഒന്നായി തന്മയീഭവിക്കുന്ന സവിശേഷധ്യാനമാതൃക അവതരിപ്പിക്കുന്നു. ഈ സൂക്തത്തിൽ കലശം എന്ന പദപ്രയോഗമുണ്ട്. ശ്രീ അഥവാ ഐശ്വര്യത്തെ കലശരൂപത്തിൽ ഇന്നും ഇന്ത്യയൊട്ടാകെ ആരാധിക്കുന്നുണ്ട്. ജമദഗ്നി പരശുരാമപിതാവാണ്. കേരളം പരശുരാമക്ഷേത്രമാകയാൽ ഈ രീതിയുടെ ജനയിതാവായ ജമദഗ്നിയുടെ നാമം ശ്രദ്ധേയമാണ്. പരശുരാമക്ഷേത്രത്തിന്റെ നടുനാടായ തലപ്പള്ളി താലൂക്കിൽ അതിപ്രാചീനമായ കലശമലയുടെ അവശിഷ്ടവും അതിന്റെ താഴെ പ്രകൃതിജന്യമായ ഗുഹയും (നരിമട)അതിലേക്ക് പിൽക്കാലത്ത് മനുഷ്യരുണ്ടാക്കിയ സോപാനപ്പടികളും ഗുഹാവാതിലും ഉള്ളറകളും , പുറത്ത് കലശമലഭിത്തിയോടു ചേർന്ന കോട്ടമതിലും ജലാശയവും യജ്ഞശാലയുടെ അവശിഷ്ടവും ,വാനനിരീക്ഷണശാലാവശിഷ്ടവും കാണാം. മൂഷകവംശ ചരിത്രത്തിൽ ഇവയെല്ലാം എത്ര പഴക്കമുള്ള കേരളീയപാരമ്പര്യമാണ് എന്ന് ഓർക്കണം. ബിസി 3500 വർഷം പഴക്കമുള്ള മോഹഞ്ജോദാരോ ബിസി 7000 വർഷം പഴക്കമുള്ള മെഹ്ർഗാർഹ് മുതലായ സ്തലങ്ങളിൽനിന്നും നിരവധി കലശങ്ങള് കിട്ടിയിട്ടുണ്ട്.

9ആം സൂക്തം അന്നത്തെ മനുഷ്യായുസ്സ് മിനിമം 99 വർഷമെന്ന് കാണിക്കുന്നു. 6ആം സൂക്തം സജ്ജനസംസർഗ്ഗവും ദുർജ്ജനപരിത്യാഗവും അന്നേ വേരൂന്നിയിരുന്നു എന്ന് കാണിക്കുന്നു.ജ്ഞാനി സജ്ജനസംസർഗ്ഗം ചെയ്യുന്നത് സദാ ഹൃദയത്തെ ശുദ്ധമാക്കി നിലനിർത്താനാണ്. ദുർജ്ജനങ്ങളില് നിന്ന് ഒഴിഞ്ഞുമാറുന്നതും അതിനുതന്നെ. 10ആം സൂക്തം ഈശ്വരൻ ജ്ഞാനരൂപിയായി കരുണാമയനായി സജ്ജനങ്ങളായ മഹർഷിമാരുടെ ഹൃദയത്തില് അവതരിച്ച് വസിക്കുന്നത് ലോകത്തിനു മുഴുവനും അവ ദാനം ചെയ്യാനാണെന്ന തത്വം പ്രകാശിപ്പിക്കുന്നു.

ദശകം 4

1. അചിക്രദദ് വൃഷാ ഹരിർ മഹാന് മിത്രോ ന ദർശതഃ
   സംസൂര്യേണരിധ്യുതേ
   ആനന്ദം വർഷിക്കുന്ന മഹാനായ ഹരി മിത്രനെ (സൂര്യൻ) പോലെ ചൈതന്യവാനായി പ്രശോഭിക്കുകയാൽ കണ്ടാലും ദർശിക്കാന് (നോക്കാൻ) പ്രയാസമാണ്.
2. ആ തേ ദക്ഷം മയോഭുവം വഹ്നിമദ്യാ വൃണീമഹേ
   പാൻതമാം പുരുസ്പൃഹം
   ആ വഹ്നിമദ്ധ്യസ്ഥവും ദക്ഷനും ഭൂമിയിൽ സ്വർഗ്ഗം സൃഷ്ടിച്ചു തരുന്നവനുമായ ,സർവ്വരാലും ഇച്ഛിക്കപ്പെടുന്നവനായ രക്ഷിതാവിനെ ഞങ്ങളുടെ ചൈതന്യത്തിനായി വരിക്കുന്നു.

3. അധ്വര്യോ അദ്രിഭിഃ സുതം സോമം പവിത്ര ആ നയ
പുനാഹീന്ദ്രായ പാതവേ
അധ്വര്യോ, പവിത്രമായ ഹൃദയത്തിലേക്ക് പവിത്രമായ ജ്ഞാനം സ്വീകരിച്ചാലും. അദ്രിപോലെ സ്ഥിരമായ ഈശ്വരന്റെ പാതയിൽ സ്വയം ശുദ്ധനായി ആനന്ദിച്ചാലും.
4. തരത്സ മന്ദിധാവതി ധാരം സുതസ്യാണ്ഡസഃ
തരത്സ മന്ദിധാവതി
ആ ജ്ഞാനധാരയുടെ ശക്തിയാൽ അന്ധത നീക്കി (ശരീരത്തിന്റെ) മന്ദീഭവിപ്പിക്കുന്ന ബന്ധങ്ങൾ തരണം ചെയ്യുന്നു.
5. ആ പവസ്വ സഹസ്രിണം രയിം സോമ സുവീര്യം
അസ്മേ ശ്രവാംസി ധാരയ
ആയിരമായിരം രയി(ഐശ്വര്യം) പാവനനായ,സുവീര്യനായ, സോമാ, കൊണ്ടുവരിക. ഞങ്ങളുടെ ധാരധാരയായി ഒഴുകുന്ന ശ്രുതികൾ, വീര്യത്തോടെ സംരക്ഷിക്കപ്പെടട്ടെ.
6. അനു പ്രത്നാസ ആയവഃപദം നവീയോ അക്രമുഃ
രുചേജ്ജനന്ത സൂര്യം.
ശ്രുതികൾ കേൾക്കാന് അനുദിനം പ്രയത്നിക്കുന്നവരേ, അറിയപ്പെടേണ്ട ആ നവപദത്തെ അന്വേഷിക്കുക. ആ രുചിയിൽ (സൌന്ദര്യലഹരിയുടെ രസാനുഭവം) സ്വയം സൂര്യനായി ജനിക്കുക.
7. അർഷാ സോമ ദ്യുമത്തമോഭി ദ്രോണാനി രോരുവത്
സീദന്യോനോ വനേഷ്വാ
ദ്യുമത്തമനായി (ഏറ്റവും പ്രകാശിക്കുന്ന)സോമാ, ഞങ്ങളുടെ ഹൃദയങ്ങളില് നാദം മുഴക്കിക്കൊണ്ട് ഇരിക്കുക. ധർമ്മം വർഷിക്കുക. അപ്രകാരം ഹൃദയങ്ങളെ ജ്ഞാനനിർഭരമാക്കുക.
8. വൃഷാ സോമദ്യുമാം അസിവൃഷാദേവ വൃഷവ്രതഃ
വൃഷാധർമ്മണി ദധ്രിഷേ
സോമാ, നീ ചൈതന്യം വർഷിക്കുന്നവനാണ്. വൃഷാവായ ദേവാ, നീ വൃഷവ്രതനാണ്(വർഷിക്കുക എന്ന വ്രതം എടുത്തവൻ). ഞങ്ങളിൽ ധർമ്മവർഷം ചെയ്യുക.
9. ഇഷേ പവസ്വ ധാരയാമൃജ്യമാനോ മനീഷിഭിഃ
ഇന്ദ്രോ രുചാഭിഗാ ഇഹി
പാവനാ, നിന്റെ ധാരയാലും മനീഷയാലും ഞങ്ങള് നിന്നെ സാക്ഷാത്ക്കരിക്കട്ടെ. ഗാനം ചെയ്യുന്നവനും രുചികളും(രസാനുഭവം,സ്വാദ്, സൌന്ദര്യാനുഭവം) ആ രുചി നുകരുന്നവരും എല്ലാം ഇന്ദ്രൻ തന്നെയാണ്.
10. മന്ദ്രയോ സോമ ധാരയാവൃഷാ പവസ്വ ദേവയു
അവ്യാ വാരേഭിരസ്മയുഃ
സോമാ, മന്ദ്രമായി സോമരസം ധാരയായി വർഷിക്കുക. പാവനരായ പ്രകാശവാന്മാരുടെ (ദേവന്മാർ,ജ്ഞാനികൾ)

വാരംതോറുമുള്ള സ്തുതി കേട്ട് , അവരിൽ സോമരസം വർഷിക്കുക.

11. അയാസോമ സുകൃത്യയാ മഹാന്ത്സന്നഭ്യവർദ്ധഥാഃ
മന്ദാന ഇന്ധ്യൃഷായസേ
സുകൃതങ്ങളായ ഈ മഹദ്കർമ്മങ്ങലാല് സോമാ, നീ വർദ്ധിക്കുക. ആനന്ദിക്കുന്ന നീ ഇത് (ജ്ഞാനവും സുകൃതവും) മന്ദമന്ദം എങ്ങും വ്യാപിപ്പിക്കുക.

12. അയം വിചക്ഷണർഹിതഃപവമാനഃ സ ചേതതിഃ
ഹിന്യാന ആപ്യം നൃപാത്
പവമാനാ, വിചക്ഷണരായവരുടെ ഹിതമായ ചൈതന്യം കൊണ്ടുവരിക. ബൃഹത്തായ ധനം(ജലം)കൊണ്ടുവരിക.

13. പ്ര ന ഇന്ദോ മഹേ തു ന ഊർമ്മിന ബിഭ്രദർഷസി
അഭി ദേവാം അയാസ്യ
ഭൂമിയിൽ ഞങ്ങളുടെ ആനന്ദത്തിനായി നീ ഭ്രമണം ചെയ്യുന്ന ആവർത്തിക്കുന്ന ഊർമ്മി(സമുദ്രത്തിലെ തിര, ജലധാരാതരംഗം) രൂപത്തിൽ അഭിവ്യക്തമാകുന്നു. ഞങ്ങളെ പ്രകാശവാന്മാരാക്കുന്നു (ദേവന്മാർ, ജ്ഞാനപ്രകാശമുള്ളവർ)

14. അപഘ്നൻ പവതേ മൃധോപസോമോ അരണ്യഃ
ഗഛന്തിന്ദ്രസ്യ നിഷ്കൃതം
ആപത്തുക്കളെ (കാമക്രോധാദി) ഹനിച്ച് പാവനമായ മേധ സോമമെന്ന അരണ്യം പ്രാപിക്കുന്നു. നിഷ്കർമ്മമായി (കർമ്മരഹിതം) ഇന്ദ്രനിൽ ചെന്നുചേരുന്നു.

ഭാഷ്യം ഋഷിമാർഃ-1 മേധാതിഥി. 2,7 ഭൃഗു, 3 ഉചഥ്യൻ. 4 അവത്സാരൻ. 5 നിധ്യവികശ്യപ 6,10 അസിതൻ. 8,9 കശ്യപനും മരീചിയും 11 കവി 12 ജമദഗ്നി 13 ആയാസ്യഅംഗിരസ. 14 അമഹീയു. ദേവത പവമാനസോമന്മാർ. ഛന്ദസ്സ് ഗായത്രി സ്വരം ഷഡ്ജം

സൂര്യതേജസ്വിയായി,സൂര്യമണ്ഡലമദ്ധ്യസ്ഥമായി,നേരെ നോക്കാനാവാത്തത്ര ഊർജ്ജസ്വരൂപിയായി ഭൂമിയില് സർവ്വർക്കും വരേണ്യനായി, ഹരി എന്ന സവിതാവിനെ അഥവാ ഊർജ്ജമായ സൂര്യനാരായണനെ പവമാനനായും സോമനായും സ്തുതിക്കുന്നു. സൂര്യോർജ്ജമാണ് പവമാനമായും സോമമായും ജ്ഞാനിയുടെ ഹൃദയത്തിലെ ജ്ഞാനാനന്ദമായും അഭിവ്യക്തമാകുന്നത്. സംസാരബന്ധങ്ങൾ ജ്ഞാനത്തിനും മോക്ഷത്തിനുമുള്ള യാത്രയില് തടസ്സങ്ങളാണ്.മന്ദീഭവിപ്പിക്കുന്ന ,യാത്രയുടെ വേഗത കുറക്കുന്ന ബന്ധാദികളേയും അതിൽനിന്നുളവാകുന്ന കാമക്രോധലോഭാദിശത്രുക്കളേയും നീക്കം ചെയ്ത് അജ്ഞാനതിമിരം നീക്കുന്ന ജ്ഞാനാഞ്ജനശലാകകളായി വർത്തിക്കുന്ന ജ്ഞാനധാരാശക്തിയും സവിതാവിലിരിക്കുന്ന ഗായത്രി തന്നെ. സൂര്യരശ്മികളാൽ സഹസ്രം ധാരയായി സോമം (വർഷം)പെയ്യുന്നു. ഭൂമി സസ്യശ്യാമളയും രയി

(ഐശ്വര്യ)സമൃദ്ധവും ജൈവസമൃദ്ധവുമാകുന്നു. അന്നത്താൽ പോഷിതമായ ബുദ്ധിയും മനസ്സും സുവീര്യമായ ഇന്ദ്രിയങ്ങളും കൊണ്ട് മനുഷ്യൻ തലമുറകളായി നേടിയ ജ്ഞാനധാരാസമ്പത്തുകളെ ശ്രുതിയായി വീര്യത്തോടെ സംരക്ഷിക്കുന്നു. അപ്രകാരം സംരക്ഷിക്കപ്പെട്ട ശ്രുതി പഠിക്കാൻ സ്വാദ്ധ്യായം ചെയ്യുന്നവര് സത്യാന്വേഷികളാണ്. അവരന്വേഷിക്കുന്നത് അവർ കണ്ടെത്തുന്നു. സ്വാനുഭൂതിയിൽ അവര് സൌരതേജസ്വികളായി പുനർജനിക്കുന്ന തന്മയീഭാവം നേടുന്നു. ഇതാണ് ദ്വിജത്വം അഥവാ ബ്രാഹ്മണത്വം. സൂക്തം 6 അസിതന് അഥവാ കറുത്തവനായ കൃഷ്ണന്റേതാണ്. ദ്രോണമെന്നാൽ ഘടം അഥവാ കുടം. കുടങ്ങളിൽ നാദം മുഴക്കുക. ഇത് വെള്ളം നിറക്കുമ്പോളുള്ള നാദവുമാണ്, ഘടത്തിൽ താളത്തോടെ ഉണ്ടാക്കുന്ന നാദവുമാണ് . ഹൃദയം രക്തം(ജലം) നിറയുകയും ഒഴിയുകയും ചെയ്യുന്ന കുടംപോലെയാണ്. ഈ പ്രക്രിയയിൽ ഹൃദയം താളാത്മകമായി നാദം സൃഷ്ടിക്കുന്നു. ആ നാദവും ചലനവും ശരീരത്തെയാകെ ഊർജ്ജസ്വലമാക്കുന്നു. ധർമ്മം വർഷിച്ച് ജ്ഞാനനിർഭരമാക്കുന്ന സൂര്യദേവന് ഭൂമിയുടെ ശരീരത്തെ മുഴുവനാണ് ഊർജ്ജസ്വലമാക്കുന്നത്. സർവ്വാംഗങ്ങളിലും ആ 72 താളമേളരാഗധാരയുടെ ഭർജ്ജവും ആനന്ദവും നിറയുമ്പോൾ, അരോഗദൃഢഗാത്രയായി സുവീര്യയായി ഭൂമി സർവ്വൈശ്വര്യവും തരുന്നു. (ഏഴാം സൂക്തം ഭൃഗുവിന്റേതാണെന്ന് ശ്രദ്ധിക്കുക). സൈന്ധവ,ഹരപ്പൻ മുദ്രകളിലെ വൃഷഭചിഹ്നം വർഷകനായ ഋഷഭദേവചിഹ്നമാണ്. എട്ടാംസൂക്തത്തിലെ കശ്യപനും (സർവ്വത്ര വ്യാപിച്ചതെന്ന് കശ്യപപദത്തിന് അർത്ഥം. വിഷ്ണു) മരീചിയും (രശ്മീസമൂഹം). വൃഷാവെന്ന പദം നാലുവട്ടം ഉപയോഗിക്കുന്നു. വൃഷവ്രതം, വൃഷധർമ്മം മുതലായവയിൽനിന്ന് വർഷിക്കുന്നത് ഒരു വ്രതനിഷ്ഠയും (കാലാകാലങ്ങളിൽ കൃത്യമായി വരുന്ന മഴ)സ്വാഭാവിക പ്രകൃതിധർമ്മവുമാണ് എന്ന് സൂചിപ്പിക്കുന്നു. കേരളത്തിന്റെ പടിഞ്ഞാറന് തീരത്തെ ജനതക്ക് ഈ ജ്ഞാനം ഇല്ലാതിരുന്നാലല്ലേ അത്ഭുതം. ഭൃഗു,മരീചൻ, കശ്യപൻ മുതലായവരുടെ പരമ്പരകള് ഇന്ത്യ മുഴുവനും , ഏഷ്യാഭൂഖണ്ഡം മുഴുവനും വ്യാപിച്ചു. ആ വ്യാപനം നിയാൻഡർതാല് മനുഷ്യന്റെ കാലം മുതലുണ്ട്.മഴയില്ലാത്ത വരണ്ട ഭൂമികളിൽ താമസമാക്കിയ കാലത്തും ആ വംശപരമ്പരകള്തങ്ങളുടെ വർഷദേവനും ധർമ്മദേവതയുമായ വൃഷാവിനെ സിസ്മരിച്ചില്ല. അതിനുള്ള നരവംശശാസ്ത്രപരമായ തെളിവുകൾ ഇന്ന് നമുക്ക് ഒട്ടേറെ ലഭ്യമാണ്. തന്മയീഭവിച്ച് പാടുന്ന സ്തോതാവും രസ(ബ്രഹ്മാ)നുഭൂതിയും സർവ്വരുചിഭേദങ്ങളും സൌന്ദര്യബോധവും മനീഷയുമെല്ലാം പരമപാവനമായ സൌരോർജ്ജത്തിന്റെ വകഭേദങ്ങളാകയാല് ഏകമാണെന്ന അദ്വൈതം മരീചകശ്യപന്മാരുടെ ഒമ്പതാം സൂക്തത്തിലുണ്ട്. പവമാനൻ (കാലവർഷക്കാറ്റ്) മഹത്തായ ധനം (ജലം, അന്നം ,ജൈവസമ്പത്ത്. സഞ്ചാരികൾ കാലവർഷക്കാറ്റോടൊത്ത് സഞ്ചരിച്ച് കൊണ്ടുവരുന്ന ധനം) കൊണ്ടുവരുന്നു എന്ന് പരശുരാമ(കേരളപിതാവായ ജമദഗ്നിക്കല്ലാതെ ആർക്കാണ് കൃത്യമായി അറിയുക. (സൂക്തം 12))

തിര ഒന്നൊന്നായി ആവർത്തിച്ച് വരുന്നു. മഴയും കാലം തെറ്റാതെ ആവർത്തിക്കുന്നു. ജൈവസമ്പത്തും തലമുറകളും ആ തിരകളെപ്പോലെ ആവർത്തനശീലമുള്ളതാണ്.ഭ്രമണം ചെയ്യുന്ന ഊർമ്മി എന്ന ആയാസ്യഅംഗിരസനെന്ന പ്രാചീനഋഷിയുടെ പ്രയോഗം നോക്കുക.ഒരർത്ഥത്തിൽ അതൊരു ചുഴലിയാണ്. മറ്റൊരർത്ഥത്തില് ഭൂമിയുടെ ഏതുഭാഗത്തു നിന്ന് പുറപ്പെട്ടാലും മന്ദമായി വ്യാപിച്ച് മറുഭാഗം വരെയെത്തുന്ന തിരയാണ്. ഇന്തോനേഷ്യയിൽ അഗ്നിപർവ്വ തം പൊട്ടി സൂനാമിത്തിര ഉയർന്നാല് അതിന്റെ അല ഇന്ത്യയിലും ചിലിയിലും എത്തും. മറിച്ചും സംഭവിക്കും. ഈ ആഗോളപ്രതിഭാസം ചിരകാലം വീക്ഷിച്ച ഒരു ജനതക്കേ കാലവർഷക്കാറ്റിനൊത്ത് തിരകളും സഞ്ചരിക്കുമ്പോള് അവക്കൊത്ത് ലോകം ചുറ്റാനുമാവുമെന്ന ശാസ്ത്രസത്യം ഗ്രഹിക്കാനാവൂ. പരശുരാമൻ കേരളം വാഴാന് ആദ്യം നിയോഗിച്ച ഇരാമര് കുടമൂഷകനെന്ന രാജാവിന്റെ പരമ്പര ഇതില് വിദഗ്ദ്ധരായിരുന്നു എന്ന് മൂഷകവംശകാവ്യം. കുടക്കോന്മാരായി പടിഞ്ഞാറൻതീരത്തു വാണ ഭൃഗുരാമപരമ്പരയുടെ ജ്ഞാനത്തിന്റെ പഴക്കം നിയാൻഡർതാല് മനുഷ്യന്റെ അനുഭവസമ്പത്തിന്റെ പഴക്കമാണ്.

14ആം സൂക്തത്തിലെ അരണ്യം എന്ന പദത്തിന്റെ അർത്ഥം സുധാസിന്ധു(ഡിസിബുക്സ്) പറഞ്ഞുകഴിഞ്ഞതാണ്. രണ്ട് സമുദ്രങ്ങൾക്കിടയില് (അര, ണിയം)മഹാമത്സ്യം പോലെ രണ്ടും സ്പർശിച്ചും തരണം ചെയ്തുമുള്ള ആനന്ദാനുഭൂതിയാണ് അവിടെ വർണ്ണിച്ചത്. അവ രണ്ട് ഭൌതികസമുദ്രവുമാണ്, സംസാരനിർവ്വാണങ്ങളുമാണ്. ആധിദൈവികമായ സൌരയൂഥവും അതിനപ്പുറത്തെ അതീതലോകങ്ങളുമാണ്. അവയിലെല്ലാം ഒരേ ഒരു ഏകമായ അനാദിമദ്ധ്യാന്തമായ ചിദ്പ്രകാശം,ആനന്ദം അഥവാ ബ്രഹ്മത്തെയാണ് വൈദികഋഷി സാക്ഷാത്കരിച്ച് പാടുന്നത്.

ദശകം 5

1. പുനാനഃസോമ ധാരയാപോ വസാനോ അർഷസി
   ആ രത്നധാ യോനിമൃതസ്യ സീദസ്യുത്സോ ദേവോഹിരണ്മയഃ
   നിന്റെ സോമധാരയാൽ സർവ്വത്തിലും വ്യാപിച്ച് പവിത്രീകരിച്ചാലും. ഹിരണ്മയങ്ങളായ സർവ്വ ചൈതന്യ(ദേവ) രൂപങ്ങളും നിന്നാൽ നിലനിൽക്കുന്നു. അമൃതത്തിന്റെ യോനിയും രത്നധാമവുമായി ആഴമേറിയ ശാന്തമായ സ്ഥിരമായ മൂലാധാരമായി (കിണറുപോലെ) നീ ഞങ്ങളില് പ്രവേശിച്ചിരിക്കുന്നു.
2. പരീതോ ഷിഞ്ചതാസുതം സോമോയ ഉത്തമം ഹവിഃ
   ദധന്വാം യോ നര്യോ അപ്സ്വാന്തരാ സുഷാവ സോമമദ്രിഭിഃ
   ഈശ്വരൻ ഉത്തമമായ സമ്മാനങ്ങള് തരുന്നു, ആര്യനായി, സ്വന്തം അന്തരാത്മാവിൽ അവനെ സാക്ഷാത്കരിച്ച ഉപാസകന് . അതിനാൽ അപ്രകാരം സാക്ഷാത്കരിച്ച് ആ ജ്ഞാനത്തെ ലോകമെങ്ങും പരത്തുക. സോമം അദ്രികൾ (സപ്തകുലശൈലങ്ങള്)തോറും വർഷിക്കുക.

3. ആ സോമസ്വാനോ അദ്രിഭിസ്തിരോംവാ രാണ്യവ്യയാ
ജനോ ന പുരി ചംവോർവിശദ്വരിഃ സദോവനേഷു ദധ്രിഷേ
നീ സർവ്വത്തേയും അദ്രിപോലെ സ്ഥിരമായി അചലമായി
നില നിർത്തുന്നു.അവ്യയമായ സൂര്യരശ്മികളെപ്പോലും തോ
ല്പിച്ചുകൊണ്ട് ആകാശവും ഭൂമിയും വ്യാപിക്കുന്നു. ജനങ്ങ
ൾ പുരികളില് വസിക്കുന്നതുപോലെ. ഏകാന്തമായ വനസ്ഥ
ലികളിൽ, ധ്യാനത്തിൽ ഹൃദയാന്തർഭാഗത്ത് സദാ ഗുഹകളില്
വസിക്കുന്നു..
4. പ്രസോമ ദേവവീതയേ സിന്ധുർന പിപ്യേ അർണ്ണസാ
അംശോഃ പയസാ മദിരോ ന ജാഗൃവിഛാകോശംമധുശ്ചൂതം
സിന്ധുക്കൾ (സമുദ്രങ്ങൾ)ജലത്താൽ നിറയുന്നു. അപ്രകാരം
അമൃതവും അച്യുതവുമായ മധുകൊണ്ട് നിറഞ്ഞ നീ , അതി
ന്റെ ഒരംശം മാത്രം പയസ്സു കൊണ്ട് ഹൃദയങ്ങളെ ലഹരി
പിടിപ്പിക്കാനായി ഓരോ കോശത്തിലും സ്വഛമായ ജാഗൃവി
യായി പോഷിപ്പിച്ചുകൊണ്ടിരിക്കുന്നു.
5. സോമ ഉഷ്വാണഃസോതൃഭിരധി ഷ്ഠാണുഭിരവീനാം
അശ്വയേവ ഹരിതാ യാതിധാരയാ മന്ദ്രയാ യാതിധാരയാ
നിന്റെ സോമം യോഗികൾ തങ്ങളുടെ ഇന്ദ്രിയാധിഷ്ഠാനങ്ങ
ളായ സൂര്യചന്ദ്രനാഡികളാൽ അനുഭവിക്കുന്നു. അതിവേഗം
പായുന്ന ഒരു അശ്വത്തെപ്പോലെ നിന്റെ ഹരിതങ്ങളായ
ആനന്ദധാരകൾ മന്ദ്രമായി, ആ നാഡികളിലൂടെ ഒഴുകുന്നു
6. തവാഹം സോമ തരണസഖ്യഇന്ദോ ദിവേദിവേ
പുരൂണി ബഭ്രോ നിചരന്തി മാമവപരിധിം രതി താം ഇഹി
സോമാ, നിന്റെ നാദവും സഖ്യവും ദിനംദിനം എന്നെ
ആനന്ദതുന്ദിലനാക്കുന്നു. അനേകം സംസാരദുഃഖങ്ങളില്
സഞ്ചരിക്കുന്ന എന്നെ അവയുടെ പരിധികളിൽനിന്ന്
സംരക്ഷിച്ച് (മോക്ഷ)രതി തരുക.
7. മൃജ്യമാനഃസുഹസ്ത്യാ സമുദ്രേ വാചമിന്വസി
രയിം പിശങ്കം ബഹുലം പുരുസ്പൃഹം പവമാനാഭ്യർഷസി
സമുദ്രത്തില്നിന്ന് വേദം(വാക്ക്)നല്ല ഹസ്തികളോടുകൂടി(ആന)
സ്തുതിക്കപ്പെട്ട നീ അരുളുന്നു. ബഹുലവും സർവ്വരും
മോഹിക്കുന്നതും പവമാനവും ആയ ധനം ഞങ്ങൾക്ക് വർഷി
ച്ചു തരുന്നു.
8. അഭിസോമാസ ആയവഃപവന്തേ മധ്യം മദം
സമുദ്രസ്യാധിവിഷ്ടപേ മനീഷിണോ മത്സരാസോ മദച്യുതഃ
അച്യുതമായ ആനന്ദലഹരിയിൽ , നിർമത്സരരായ മനീഷികള്
സമുദ്രങ്ങളിലും പ്രപഞ്ചങ്ങളിലും ആ ലഹരി പരത്തി പവി
ത്രമാക്കുന്നു. അവർ സോമവുമായി തന്മയീഭവിച്ച വൃദ്ധജ്ഞാ
നികളാണ്.
9. പുനാനഃസോമ ജാഗൃവിരവ്യാ വാരൈഃപരിപ്രിയഃ
ത്വം വിപ്രോ അഭവോംഗിരസ്തമ മധ്വാ യജ്ഞം മിമിക്ഷണഃ

സർവ്വർക്കും പരിപ്രിയനും പവിത്രനുമായ , ആനന്ദവാനും സർവ്വവ്യാപിയുമായ നീ നിന്റെ അനേകഗുണങ്ങളാല് ഈ വിപ്രരെ സംരക്ഷിച്ച് ഞങ്ങളുടെ ആനന്ദമയമായ യജ്ഞം പൂർത്തിയാക്കുക.

10. ഇന്ദ്രായ പവതേ മദഃസോമോ മരുത്വതേ സുതഃ
സഹസ്രധാരോ അത്യവ്യമർഷതി തമീ മൃജന്ത്യായവഃ
ഇന്ദ്രന്നായി ലഹരി പവിത്രീകരിക്കുന്നു. സോമനിം മരുത്തുക്കളും പവിത്രീകരിക്കുന്നു. സഹസ്രധാരകളായി അതീവ ശക്തമായി മനസ്സിനെ അതിക്രമിച്ച് ആർഷജ്ഞാനം അഭിവ്യക്തമാവുന്നു. അതിനെ വീണ്ടും വീണ്ടും വൃദ്ധയോഗികൾ മിനുക്കി മിനുക്കി തെളിയിക്കുന്നു.

11. പവസ്വ വാജസാ തമോഭി വിശ്വോനി വാര്യാ
ത്വം സമുദ്രഃപ്രഥമേ വിധർമ്മ ദേവേഭ്യഃസോമ മത്സരഃ
സർവ്വതമസ്സിനേയും ഓജസ്സിനാൽ,(വാജീകരണംകൊണ്ട്) നീക്കി പവിത്രമായി ബലവാനായി അഭിവ്യക്തമാകുക. നീ പ്രപഞ്ചത്തിന്റെ ജ്ഞാനം ,ബലം എന്നിവയുടെ ആനന്ദസമുദ്രമാണ്. എല്ലാറ്റിലും വെച്ച് ആദിമമാണ്. ചൈതന്യവാന്മാരായ ദേവന്മാർക്ക് ധർമ്മം നൽകിയവനാണ്. അവർ (ആന്ദത്തിനായി) മത്സരിക്കുന്ന സോമമാണ്. (കൂടുതൽ ജ്ഞാനത്തിനും ആനന്ദത്തിനുമാണ് മത്സരം. ഭൌതികവസ്തുക്കൾക്കല്ല)

12. പവമാനാ അസൃക്ഷതാ പവിത്രമതിധാരയാ
മരുത്വന്തോ മത്സരാ ഇന്ദ്രിയാഹയാ മേധാമഭിപ്രയാംസി ച
പവിത്രമതികൾ ധാരയായി ഒഴുകുന്ന ആനന്ദദർശനത്താല് പവമാനനെ സാക്ഷാത്കരിക്കുന്നു. മത്സരിക്കുന്ന ഇന്ദ്രിയങ്ങളാകുന്ന ഹയങ്ങളെ നിയന്ത്രിച്ച് , മേധയാൽ മുന്നോട്ട് സഞ്ചരിച്ച് ആ മരുത്തുക്കൾ (പ്രാണങ്ങള്) അവനിൽ ചേരുന്നു

.ഭാഷ്യം ഋഷിമാർഃ- ഈ 12 സൂക്തം ഭരദ്വാജൻ, കശ്യപൻ, ഗൌതമൻ,അത്രി, വിശ്വാമിത്രൻ, ജമദഗ്നി, വസിഷ്ഠൻ എന്നീ സപ്തർഷിമാര് ഒന്നിച്ചാണ് പാടുന്നത്. ദേവത പവമാനനും സോമനും. ഛന്ദസ്സ് ബൃഹതി. സ്വരം മദ്ധ്യമം.

സപ്തർഷികളുടെ ഈ 12 സൂക്തത്തില് 2 തവണ ജാഗൃവി എന്ന പദം വരുന്നുണ്ട്. (4,9)പഞ്ചമുഖഗായത്രിയായി ധേനുസരസ്വതീരൂപത്തിലുള്ള വൈദികഗായത്രിയുടെ പേരാണ് ജാഗൃവി. അവൾ ആയുസ്സ്,ആരോഗ്യം, ജ്യോതിശ്ശാസ്ത്രം, സംഗീതം, ഭാഷ ഇവക്കെല്ലാം അധിദേവതയായ പരമപാവനിയാണ്.

ദശകം 6

1. പ്ര തു ദ്രവ പരികോശം നിഷീദനൃഭിഃപുനാനോ അഭിവാജമർഷഃ

അശ്വം നത്വാ വാജിനംമർജ്ജയന്തോ ഇഛാരാബർഹിംശനാഭി ർനയന്തി
ഓരോരോ കോശത്തേയും ആർദ്രമാക്കി, ദ്രവീകരിച്ച് സർവ്വ ത്തേയും പവിത്രമാക്കി വാജീകരിച്ച് ഓജസ്സുനൽകി മുന്നോട്ട് ഒഴുകുക. അശ്വത്തെ സാരഥി, ശക്തമാക്കി,പരിരക്ഷിച്ച് യുദ്ധ ക്കളത്തിലേക്ക് ഇഛാപൂർവ്വം (വിജയേഛ) നയിക്കുന്നപോലെ ജ്ഞാനി രസനകളെ(ഇന്ദ്രിയങ്ങളെ) ഈശ്വരനിലെത്താനുള്ള ഇഛയോടെ നയിക്കുന്നു.

2. പ്ര കാമ്യമുശനേവ ബ്രുയാണോ ദേവോ ദേവാനാം ജനിമാവി വക്തി
   മഹിവ്രതഃശുചിബന്ധുഃപാവകഃപദാവരാഹോ അഭ്യേതിരേഭന്. ഉശനനാൽ കാവ്യം പറയപ്പെട്ടു. അത് ദേവന്മാർക്കും ദേവനാ യവന്റെ ഉത്ഭവത്തെ അഭിവ്യക്തമാക്കുന്നു. മഹീവ്രതരും ശുചിബന്ധുക്കളുമായ അഗ്നികൾ(പാവകർ) അവരുടെ ഹൃദയ ങ്ങളിൽ പദംപദമായി (പദങ്ങളാൽ) ആരോഹം ചെയ്തു (വ്യക്തമാക്കി).
3. തിസ്രോ വാച ഈരയതി പ്രവഹ്നി ഋതസ്യ ധീർത്തിം ബ്രഹ്മണോ മനീഷാം
   ഗോവോയന്തിഗോപതിം പൃഛമാനാഃസോമം യന്തി മതയോവാവശാനാഃ
   മനീഷയാൽ ധീയില് ബ്രഹ്മനെ സാക്ഷാത്കരിച്ച് അഗ്നിയുടെ ഋതം ധരിച്ച ജ്ഞാനി തിസ്രമായ വാക്ക് ഉച്ചരിക്കുന്നു. ഗോക്ക ൾ ഗോപതിയിലേക്ക് പോകുന്നപോലെ ,പവിത്രമാകാൻ വെമ്പുന്ന മനസ്സ് സോമം അന്വേഷിച്ച് ഗുരുവിലേക്ക് എത്തു ന്നു.
4. അസ്യ പ്രേഷാ ഹേമനാ പൂയമാനോ ദേവോ ദേവേഭിഃസമപൃ ക്തരസം
   സുതഃപവിത്രം പര്യതിരേഭൻ മിതേവ സദ്മപശുമസി ഹോതാ അതിനെ(തിസ്രമായ വാക്കിനെ) തിരഞ്ഞ്,അറിഞ്ഞ്,പവിത്രമായ മനസ്സ് ദേവന്മാരിൽവെച്ച് ദേവനായി (പ്രകാശിക്കുന്നവരിൽവെ ച്ച് പ്രകാശമതി) സമത്യമെന്ന(അദ്വൈതതന്മയത) രസം ആസ്വദി ക്കുന്നു. ഒരു പശുമാൻ(പശുക്കളുടെ ഉടമസ്ഥനായ ഗ്രാമീണൻ) പശുക്കളെ വാഹനത്തോടെ തൊഴുത്തിൽ കെട്ടുന്നു. അതു പോലെ ഹോതാവ് (ജ്ഞാനി) ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച് പവി ത്രമാക്കി സത്യമാർഗ്ഗത്തില് സഞ്ചരിക്കുന്നു.
5. സോമ പവതേ ജനിതാ മുനീനാം ജനിതാ ദിവോ ജനിതാ പൃഥിവ്യാഃ
   ജനിതാഗ്നിർജനിതാ സൂര്യസ്യ ജനിതേന്ദ്രസ്യ ജനിതോത വിഷ്ണോഃ
   മനസ്സിന്റെ ജനയിതാവും ദിക്കുകളുടെ ജനയിതാവും പൃഥിവി യുടെ ജനയിതാവും അഗ്നിയുടെ ജനയിതാവും സൂര്യന്റെ ജന

യിതാവും ഇന്ദ്രന്റെ ജനയിതാവും വിഷ്ണുവിന്റെ ജന യിതാവുമായ സോമൻ പവിത്രീകരിച്ച് സഞ്ചരിക്കുന്നു.

6. അഭി ത്രിപൃഷ്ഠം വൃഷണം വയോധാ മംഗോഷിണമവാവ
ശന്തവാണീഃ
വനാവസാനോവരുണോ ന സിന്ധൂർവ്വി രത്നധാ
ദയതേവാര്യാണി
ത്രിപൃഷ്ഠം (ഭൂമി, അന്തരീക്ഷം,സ്വർഗ്ഗം) മുഴുവനും നിറഞ്ഞ് വസിക്കുന്നവനും വൃഷാവും (വൃഷ്ണി, വൃഷണൻ) സർവ്വകാമദാതാവുമായ അവൻ വാണി(ശബ്ദം,വാക്ക്) അഥവാ നാദരൂപിയായി സർവ്വത്തിലും ആവേശിച്ചിരിക്കുന്നു. അവൻ വനത്തിലും വാസസ്ഥാനത്തും സമുദ്രത്തിലും ഭൂമിയിലും സർവ്വരത്നധാമങ്ങളിലുമിരുന്ന്, അനുഗ്രഹം വർഷിക്കുന്ന വരുണനാണ്. സമുദ്രം രത്നം തരുന്നു. അതുപോലെ വിദ്യ (വാണി) ഉത്തമരത്നങ്ങൾ വർഷിച്ചുതരുന്നു.

7. അക്രാന്ത് സമുദ്രഃപ്രഥമേ വിധർമ്മം ജനയന് പ്രജാ ഭുവനസ്യ
ഗോപാഃ
വൃഷാ പവിത്രേ അധിസാനോ അവ്യേ ബൃഹത്സോമോ
വാവൃധേ സ്വാനോ അദ്രിഃ
ഏതൊരു ശക്തി ആദ്യമായി ധർമ്മത്തെ ജനിപ്പിച്ചുവോ, പ്രജകളെ ജനിപ്പിച്ചുവോ, ഭുവനങ്ങളുടെ മുഴുവനും ഗോപൻ(സംരക്ഷകൻ)ആയി അവയെ തന്നിൽത്തന്നെ ഗോപനം ചെയ്തുവോ അവൻ സമുദ്രങ്ങളെ അതിക്രമിച്ച അമൃതസ്വരൂപമാണ്. വൃഷാവായ അവൻ ഏറ്റവും പവിത്രസ്ഥാനങ്ങളില് അവ്യയങ്ങളായ ബൃഹദ്സോമങ്ങൾ പാടുന്നവരെ അധിവസിപ്പിച്ച് , അദ്രിപോലെ അചലമായ സ്ഥാനം കല്പിച്ചുനൽകി. അവയിൽനിന്നെല്ലാം അതീതനുമാണ്.

8. കനിക്രന്തി ഹരിരാസൃജ്യമാനഃസീദന്വനസ്യ ജഠരേ പുനാനഃ
നൃഭിര്യതഃകൃണുതേ നിർണ്ണിജം ഗാമതോ മതീം ജനയത
സ്വധാഭിഃ
ജഠരത്തിലിരുന്നുകൊണ്ട്, ആ സർവ്വവ്യാപിയും പവിത്രനും സ്തുതിക്കപ്പെട്ടവനുമായ ഹരി, വാക്കിനെ ശുദ്ധമാക്കി ഉച്ചരിപ്പിച്ച് പാടിക്കുന്നു.മനസ്സിനേയും സ്ധയേയും അവനെ ഉപാസിക്കാൻ സന്നദ്ധമാക്കുക.

9. ഏവ സ്യതേ മധുമാം ഇന്ദ്രസോമോ
വൃഷാവൃഷ്കഃപരിപവിത്രേഅക്ഷാഃ
സഹസ്രദാ ശതദാ ഭൂരിദാവാ ശശ്വത്തമം ബർഹിരാ
വാജ്യസ്ഥാത്
മധുമാനായ ഇന്ദ്രാ, സോമോ, വൃഷാവായ വൃഷ്ണാ, പരമപവിത്രമാണ് നിന്റെ അക്ഷം. അതിലേക്ക് ഞങ്ങൾ ഒഴുകിയെത്തുന്നു. നൂറുനൂറ് ,ആയിരമായിരം ശാശ്വതതമങ്ങളായ ജ്ഞാ

നാനന്ദങ്ങൾ നിന്നിലിരിക്കുന്നു, നീ അവ ഞങ്ങൾക്കും നൽകുന്നു.

10. പവസ്വസോമ മധുമാം ഋതാവാപോ വസാനോ അധിസാനോ അവ്യേ
അവദ്രോണാനി ധൃതവന്തി രോഹമദിന്തമോ മത്സരഃഇന്ദ്രപാനഃ
പവിത്രീകരിക്കുന്ന, മധുമാനും ഋതവും ജലവും സർവ്വത്തിലും വ്യാപിച്ച അവ്യയവും സർവ്വാധിഷ്ഠാനവുമായ സോമാ, ഓരോരോ ദ്രോണത്തിലേക്കും (ഹൃദയം) പൂരിപ്പിച്ചുകൊണ്ട് വന്നു നിറയുക. ഞങ്ങൾ ആ ചുവന്ന(രക്ത)ലഹരിയാൽ , ഇന്ദ്രപാനം(ജ്ഞാനമാകുന്ന ഇന്ദ്രസോമം കുടിക്കൽ) ചെയ്യുന്ന തിൽ മത്സരിച്ച് കൂടുതല് കൂടുതല് ജ്ഞാനികളാവട്ടെ.

ഭാഷ്യം ഋഷിമാർഃ- 1,9 ഉശനാഃകാവ്യഃ 2 വൃഷഗണോ വാസിഷ്ഠഃ 3.7 പരാശരശാക്ത്യൻ. 4,6 വസിഷ്ഠോ മൈത്രാവരുണഃ 5,10 പ്രതർദ്ദനോ ദൈവോദാസി 8 പ്രസ്കണ്വകാണ്വൻ. ദേവത പവമാനസോമൻ. ഛന്ദസ്സ് ത്രിഷ്ഠുപ്പ്. സ്വരം ധൈവതം.

ഗീതയിൽ കൃഷ്ണന് കവികളില് വെച്ച് ഞാന് ഉശനസ്സാണ് എന്ന് പറയുന്നു. 1,9 സൂക്തങ്ങള് ഈ കവിയുടേതാണ്. പ്രതുദ്രവ എന്നതിലെ തുശബ്ദം സായണൻ നു എന്നാണ് എടുത്തിട്ടുള്ളത്. മറ്റെല്ലാവരും തു എന്നും. ഈ പാഠഭേദത്തിനു കാരണം വ്യക്ത മല്ല. വസിഷ്ഠപുത്രനായ വൃഷഗണന്റെ രണ്ടാം സൂക്തത്തിലെ പദാവരാഹോ എന്ന ശബ്ദം. പദാവരാഹോ എന്ന് കൂട്ടി വായി ച്ചാൽ പദംപദമായി ഹൃദയത്തില് ആരോഹണം ചെയ്ത് അഭി വ്യക്തമാവുക അഥവാ അവതരിക്കുക എന്ന് അർത്ഥം. കവിഹൃ ത്തിൽ വേദമായി ഈശ്വരന് അവതരിക്കുന്നു. ആദികവി ഉശന സ്സിന്റെ ഹൃത്തിൽ ഈശ്വരന് വേദവാണിയായി അവതരിച്ചു. പദാ വരാഹോ എന്ന് വായിച്ചാൽ വരാഹാവതാരം എന്ന് എടുക്കാം. അഗ്നി,വായു,ആദിത്യനെന്നിവയിലും ഋഷികവികളിലും ഈ കല്പയുഗാദിയിൽ വേദ(യജ്ഞ)വരാഹമൂർത്തിയായി മനു ഷ്യനന്മക്കായി ഈശ്വരൻ അവതരിച്ചു. സോമ(ചന്ദ്ര)വംശത്തിൽ പവമാനനായി പവിത്രമായി ജനിച്ചവരാണ് ഭൂമിയിലെ ഓരോ ഔഷധിവനസ്പതിയും ഓരോ ജീവജാലവും.(പവൻ, പവതേ മുതലായ വാക്കുകൾക്ക് സുവർണ്ണമെന്നും അർത്ഥമുണ്ട്. വരമായ,അനുഗ്രഹമായ ഓരോ അഹവും- പകലും, ഓരോ ഞാനും- ഓരോ വരാഹമാണ്, സുവർണ്ണമാണ്, പവിത്രമായ വേദവാക്കാണ്, ജീവിതയജ്മാണ് എന്ന് ഗൂഢാർത്ഥം)

മൂന്നാം സൂക്തത്തിൽ തിസ്രോ വാച എന്നത് അ,ഉ,മ എന്ന ഓങ്കാരപ്രണവത്തെ സൂചിപ്പിക്കുന്നു. സർവ്വവേദശാസ്ത്രവും അതില്നിന്നാണ് ഉണ്ടായത്. ശക്തിപുത്രന് പരാശരന്റെ ഈ സൂക്തം ഗോപതിയായ ഗോപാലമൂർത്തിയുടെ അവതാരത്തെ

പ്രവചിക്കുന്നു. പരാശരപുത്രനായ കൃഷ്ണദ്വൈപായനന്റെ (വ്യാസ)കാലത്ത് ആ പ്രവചനം സത്യമായി സംഭവിച്ചു. 7ആം സൂക്തത്തിലും ശക്തിപുത്രൻ ഗോപപദം ഉപയോഗിക്കുന്നുണ്ട്. സർവ്വത്തിനും ഉത്ഭവസ്താനവും അധിഷ്ഠാനവും വിലയന സ്ഥാനവുമായി അവക്കെല്ലാം അതീതമായിരുന്നിട്ടും അവയിലെല്ലാം വസിക്കുന്ന അദ്വയനാദബ്രഹ്മമൂർത്തിയെയാണ് പരാശരന് പ്രതിപാദിക്കുന്നത്. ആ വാണി ഹരി(ഹ്രീം)രൂപമായി നാഭിയിലിരുന്ന് ശുദ്ധമായ ചിന്തയും മനനശേഷിയും ധാരണയും ധീയും ശുദ്ധമായ ഉച്ചാരണവും മനുഷ്യന് നൽകുന്നു. അതിന്റെ പര്യായങ്ങളാണ് 9ആം സൂക്തത്തിൽ പറയപ്പെട്ട സർവ്വവിശേഷണവും. നൂറും ആയിരവും രൂപങ്ങളിൽ,നാമങ്ങളിൽ, വർണ്ണങ്ങളില് അവതരിച്ച് ആനന്ദപ്രപഞ്ചത്തിന്റെ ധാരകൾ സർവ്വജീവജാലങ്ങളിലും ഒഴുക്കുന്ന ഹരിരൂപമായ പരാശക്തിയാണ് നാദബ്രഹ്മരൂപമായ വാണി. അത് ജഠരത്തില് പചനാഗ്നിയായി ഇരിക്കുന്നു. 4 വിധത്തിൽ (പര മുതൽ വൈഖരി വരെ) അഭിവ്യക്തമാകുന്നു. ഹൃദയത്തിൽ ചുവന്ന രക്തമായി നിറഞ്ഞൊഴുകി സർവ്വാംഗം സേചനം ചെയ്യുന്നു. ഭൂമിയിൽ വെളുത്ത ജലസ്രോതസ്സുകളായി ഒഴുകി, സര്വ്വാംഗം ജൈവസമൃദ്ധമാക്കുന്നു. അന്തരീക്ഷത്തിൽ രശ്മീസമൂഹമായി ഒഴുകുന്നു. ചന്ദ്രനിലെ അമൃതകിരണവും സൂര്യനിലെ ഊർജ്ജകിരണവും ജൈവശരീരത്തിലെ ഇഡപിംഗളകളിൽ ഒഴുകി പുഷ്ടമാക്കുന്നു. ഈ ഊർജ്ജലഹരിയാല് പ്രജ്ഞയും പ്രതിഭയും ഉണര്ന്ന് ഋഷികവികള് അജ്ഞാനവിമുക്തരായി, അദ്ധ്യയനം, അദ്ധ്യാപനം എന്ന് ജ്ഞാനമീമാംസയിൽ മാത്രം മത്സരിക്കുന്നു. മറ്റൊന്നിലും ബ്രഹ്മജ്ഞാനിക്ക് താല്പര്യമില്ല. 5, 10 സൂക്തങ്ങളുടെ ഋഷി ദിവോദാസപുത്രനാകയാൽ ദൈവോദാസി എന്ന് വിളിക്കുന്ന കാശിരാജാവായ ദിവോദാസനാണെന്നതും ഇദ്ദേഹം ധന്വന്തരി(വിഷ്ണുഅവതാരം) പരമ്പരയിൽ , ചന്ദ്രവംശത്തിലെ യയാതിപുത്രി മാധവിയുടെ മകനായി പിറന്ന വ്യക്തിയാണെന്നതും പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു.

ദശകം 7

1. പ്ര സേനാനിഃശൂരോ അഗ്നേ(ഗ്രേ)രഥാനാം ഗവ്യന്നേതി ഹർഷതേ അസ്യ സേനാ
   ഭദ്രാൻ കൃഷ്ണന്നിന്ദ്ര ഹവാൻത് സഖിഭ്യ ആ സോമോ വസ്ത്രാരസോനി ദത്തേ
   ശൂരനായ സേനാനി രഥങ്ങൾക്കെല്ലാം മുമ്പിലായി (അഗ്രേ) തന്റെ രഥത്തെ നയിക്കുമ്പോൾ, അവന്റെ സേനകൾ ആനന്ദിക്കുന്നു. ഇന്ദ്ര(ഇന്ദ്രിയ)യജ്ഞത്തിൽ (ഇന്ദ്രപുത്രനാണ് അർജ്ജുനൻ) സഖിയോടുകൂടിയ കൃഷ്ണൻ ഭദ്രങ്ങളെല്ലാം കൊണ്ടുവരുന്നു. (ഉത്തമാശ്വങ്ങൾ, സർവ്വതോഭദ്രമായ മെഗളം, കൃഷ്ണനും വിജയലക്ഷ്മീരൂപമായ ദുർഗ്ഗക്കും ഭദ്രനാമം)

സർവ്വ ആവരണങ്ങളും (വസ്ത്രം, അവിദ്യാചിഹ്നം)നീക്കിയ ആ സോമം (ആനന്ദലഹരി) അഗ്നിയായി സ്വയം വ്യക്തമാക്കുന്നു.

2. പ്രതേ ധാരാ മധുമതീരസ്യഗ്രൻവാരം യത്പൂതോ അത്യേഷ്യവ്യം
   പവമാനപവസേധാമ ഗോനഥം ജനയൻ ത് സൂര്യാമപിന്യോ അർക്കഃ
   ധാരധാരയായി മധുമതിയായി പ്രവഹിക്കുന്ന പ്രജ്ഞ സർവ്വത്തേയും പവിത്രമാക്കുന്നു. പവമാനാ, നിന്റെ ധാമം (പവൻപോലെ) തിളങ്ങുന്നു. നീ അനേകരശ്മികളോടെ സൂര്യനെ ജനിപ്പിച്ച് അർക്കത്താല് സർവ്വവും നിറക്കുന്നു.
3. പ്രഗായതാഭ്യർച്ചാമ ദേവാന് ത് സോമം ഹിനോത മഹതേ ധനായ
   സ്വാദുഃപവതാമതി വാരമവ്യമാ സീദതു കലശം ദേവ ഇന്ദുഃ
   ഗാനം ചെയ്താലും. അർച്ചിച്ചാലും. മഹത്തായ ജ്ഞാനധനം ആർജ്ജിക്കാന് ദേവന്മാരേ, സോമം അർപ്പിക്കുക. രസമയവും (സ്വാദ്)പവിത്രമായ സ്വർണ്ണംപോലെ തിളങ്ങുന്നതുമായ മനസ്സിനാൽ സർവ്വകോശവും തരണം ചെയ്താലും. കലശത്തിന്റെ അന്തർഭാഗത്ത് പ്രകാശിക്കുന്ന ഇന്ദു(സോമൻ) എന്ന അമൃതം ദർശിച്ചാലും.
4. പ്രഹിന്വാനോ ജനിതാരോദസ്യോ രഥോ നവാജം സനിഷന്നയാസീത്
   ഇന്ദ്രം ഗഛന്നായുധാ സംശിശാനോവിശ്വാ വസു ഹസ്തയോരാദധാനഃ
   സർവ്വം തരണം ചെയ്ത് സർവ്വനാദങ്ങളേയും ജനിപ്പിച്ച് പുതുതായി ജനിച്ച ഈ രഥം (പുതിയശരീരം, യോഗി)വരുന്നു. സൂര്യസദൃശമായി ആയുധം (യോഗത്തിനുള്ള മനോവാക്കായങ്ങൾ) ധരിച്ച ആ ഇന്ദ്രനെ , ഹേ, വിശ്വാവസു (അമ്മയെ വിലിക്കുന്നു) ഹസ്തങ്ങളിൽ സ്വീകരിക്കുക (കൈകളിലെടുക്കുക)
5. തക്ഷധ്യദി മനസോ വേനതോ വാഗ് ജ്യേഷ്ഠസ്യധർമ്മധ്യുക്ഷോരനേകേ
   ആദിമായൻവരമാ വാവശാനാ ജുഷ്ടം പതിം കലശേ ഗാവഇന്ദും
   പ്രകാശിക്കുന്ന ഒരു മനസ്സ് (യോഗി,ഋഷി) ദക്ഷതയോടെ (തക്ഷത)വാക്ക് ഉച്ചരിക്കുമ്പോൾ, ആ ജ്യേഷ്ഠ(ശ്രേഷ്ഠ)വാക്ക് എന്ന ധർമ്മവാണി കേൾക്കാന് ,ആനന്ദിക്കാൻ, അനേകം പേരെത്തുന്നു. ആദ്യമായി ഉച്ചത്തിൽ വിളിച്ച പതിയിലേക്ക് ഗോക്കൾ(പശുക്കൾ,രശ്മി)എത്തുന്നതുപോലെ ഇന്ദുവിന്റെ കലശത്തിൽ വാക്ക് നിറയുന്നു.

6. സാകമൃക്ഷോ മർജ്ജയന്ത സ്വസാരോ ദശധീരസ്യധീതയോ ധനുത്രിഃ
ഹരിഃപര്യദ്രവജ്ജാഃസൂര്യസ്യ ദ്രോണം ന നക്ഷേ അത്യോന വാജിഃ
പത്ത് സഹോദരിമാരെപ്പോലെ ദശേന്ദ്രിയങ്ങള് ഒന്നിച്ച് , ധീര നായ യോഗിയുടെ ധീയെ ജ്ഞാനാനന്ദത്തിലേക്ക് നയിക്കുന്നു. അനേകം വാജികൾ രശ്മീവ്യൂഹങ്ങളെക്കൊണ്ട് സൂര്യന്റെ ദ്രോണം നിറക്കുന്നു.അതുപോലെ (ജ്ഞാനാനന്ദരൂപമായി) ഹരി ആത്മാവിൽ സർവ്വം ദ്രവീകരിച്ച്(ആർദ്രമാക്കി) നിറഞ്ഞിരിക്കുന്നു.
7. അധിയദസ്മിൻ വാജിനീവശുഭഃസ്പർദ്ധന്തേ ധിയഃസൂരേ ന വിശഃ
അപോ വൃണാനഃപവതേ കവിയാൻ വ്രജം ന പശുവർദ്ധനായ മന്മ
രാജാവിന് സമ്മാനം നൽകാന് പ്രജകള് മത്സരിക്കുമ്പോലെയും, കുതിരകൾ മത്സരിക്കുന്നതുപോലെയും ഓരോരോ ഇന്ദ്രിയവും കൂടുതൽ പവിത്രമാകാൻ,ധീമത്താകാനാണ് മത്സരിക്കുന്നത്. ഇടയന് പശുക്കളെ വർദ്ധിപ്പിക്കാന് വ്രജത്തിലെത്തുന്നപോലെ, കവികൾ ദൃഢനിശ്ചയത്തോടെ, ഇന്ദ്രിയങ്ങളെ പാവനമാക്കി, ധീയെ വർദ്ധിപ്പിച്ച് (കവിത്വം ഈശ്വരന് സമർപ്പിക്കുന്നതിൽ) മത്സരിക്കുന്നു.
8. ഇന്ദുർവാജി പവതേ ഗോന്യോധാ ഇന്ദ്രേ സോമഃസഹഇന്വന്മദായ
ഹന്തി രക്ഷോ ബാധതേ പര്യരാതിം വരിവസ്കൃണ്വൻ വൃജനസ്യ രാജാഃ
ഇന്ദുവിന്റെ വാജികൾ, ആനന്ദലഹരിക്കായി ഒരുമിച്ച് ശോഭയോടെ ഇന്ദ്രിയങ്ങളിൽ സോമമായി, ഗോക്കളായി, (പ്രകാശരശ്മി, വാക്ക്) ഒഴുകി പവിത്രീകരിക്കുന്നു. അവ ശത്രുക്കളെ (ത്രിദോഷം,കാമക്രോധാദി) ഹനിച്ച് സംരക്ഷിക്കുന്നു. ബലങ്ങൾക്കെല്ലാം രാജാവായി സർവ്വ അഭീഷ്ടവും സാധിപ്പിക്കുന്നു.
9. അയാപവാ പവസ്വൈനാവസൂനി മാംശ്ചത്വഇന്ദോ സരസി പ്രധന്വ
ബ്രധ്നശ്ചിധ്യസ്യ വാതോ ന ജൂതിം പുരുമേധാശ്ചിത്തകവേ നരംധാത്
നിന്റെ പ്രസിദ്ധമായ പവിത്രതയാൽസർവ്വവസുക്കളേയും നീ പവിത്രമാക്കുന്നു. ഇന്ദോ, എന്റെ ഹൃദയസരസ്സിനെ നിറച്ചാലും. അനേകം മഹത്കർമ്മങ്ങള് ചെയ്യുന്ന നീ, നിന്റെ വാതങ്ങളാൽ(വായു)ബലം തന്ന് ദൌർബല്യം നീക്കുന്നു. കവികളുടേയും മനുഷ്യരുടേയും ചിത്തത്തിലിരിക്കുന്ന നീ കവിചിത്തങ്ങൾക്ക് അനേകം മേധ നൽകുന്നു.

10. മഹത് തത് സോമോ മഹിഷശ്ചകാരാപാം യദ്ഗർഭോ വൃണീതദേവാൻ
അദയാദിന്ദ്രേ പവമാന ഓജോജനയത് സൂര്യജ്യോതിരിന്ദുഃ
മഹത്തായ ആ സോമം മഹത്തായ നമ്മുടെ കർമ്മങ്ങള് കാണുന്നു. കേൾക്കുന്നു. അവന്റെ ഗർഭത്തില് ചൈതന്യരൂപികളായ (ദേവ)സർവ്വത്തെയും ധരിക്കുന്നു. ആ ഇന്ദ്രനിൽ പവമാനമായിരിക്കുന്ന ഓജസ്സ് സൂര്യൻ, അഗ്നി(ജ്യോതി),ഇന്ദു ഇവയെയെല്ലാം ജനിപ്പിച്ചു.
11. അസർജ്ജിവക്വാ രഥ്യേ യഥാർജ്ജൌധിയാ മനോതാ പ്രഥമാ മനീഷാ
ദശ സ്വസാരോ അധി സാനോ അവ്യേമൃജന്തി വഹ്നിം സദനേഷ്വഛ
യുദ്ധത്തിൽ സമർത്ഥനായ സാരഥിയെയെന്നപോലെ ആർജ്ജവവും ധീയും നിറഞ്ഞ മനസ്സാകുന്ന ഒന്നാമത്തെ മനീഷയെ(ഋഷിയെ) സാരഥിയാക്കുന്നു. പത്ത് ഇന്ദ്രിയങ്ങൾ(സഹോദരിമാർ) അവരവരുടെ അധിഷ്ഠാനങ്ങളിലിരുന്ന്, സ്വധർമ്മം ഭംഗിയായി നിർവ്വഹിച്ച്, അലങ്കരിക്കണമെങ്കിൽ, അവയെയെല്ലാം നിയന്ത്രിക്കുന്ന അഗ്നിരൂപമായ ബുദ്ധി(സാരഥി) ഗൃഹത്തിൽ വഹ്നിയെന്നപോലെ, ഉള്ളിൽ ജ്വലിപ്പിക്കണം
12. അപാമിവേദൂർമ്മയസ്തർത്തുരാണാഃ പ്ര മനീഷാ ഈരതേ സോമമഛഃ
നമസ്യന്തീരുപ ചയന്തി സം ചാചവിശന്ത്യുശതീരുശന്തം
ജലത്തിലെ ഊർമ്മികള് പോലെ നമ്മുടെ ബുദ്ധിശക്തികള് സഞ്ചരിക്കുന്നു. ആ മനീഷ നിർമ്മലമായ സോമം ഒഴുക്കുന്നു. അവ അവനെ നമസ്കരിക്കുന്നു. അവന്റെ സവിധം എത്താൻ കൊതിക്കുന്നു. അവനാകട്ടെ, അവരിലെത്താൻ മോഹിച്ച് അവരിലേക്ക് പ്രവേശിക്കുന്നു.

ഭാഷ്യം ഋഷിമാർഃ-1.പ്രതർദ്ദനൻ. 2, 10 പരാശരശാക്ത്യൻ, 3 ഇന്ദ്രപ്രമതിർ വാസിഷ്ഠഃ 4 വസിഷ്ഠോ മൈത്രാവരുണഃ 8 മൃഡീകോ വാസിഷ്ഠഃ 6 നോധാ ഗോതമഃ 7 കണ്വോ ഘൌരഃ 8 മന്യുർവാസിഷ്ഠഃ 9 കുത്സആംഗിരസഃ 11 കശ്യപോ മാരീചഃ 12 പ്രസ്കണ്വഃകാണ്വഃ
ദേവത പവമാന, സോമ. ഛന്ദസ്സ് ത്രിഷ്ഠുപ്പ് .സ്വരം ധൈവതം.

കലശം ,ദ്രോണം എന്നീ പദങ്ങൾ (3, 6 സൂക്തം) . ദ്രോണം കോണാകൃതിയുള്ള കുടമാണ്. അത് ഹൃദയസൂചകമാണ്. കലശത്തിന്റെ അടിയിൽ കോണാകൃതിയല്ല, വൃത്താകാരമാണ്..കലശം ഐശ്വര്യചിഹ്നമാണ്. മഹാലക്ഷ്മി മുതലായ ദേവതകളുടെ ചിഹ്നം. ദ്രോണം അറ്റം കൂർത്ത ഹൃദയചിഹ്നമാണ്. ഹൃദ്രക്തം,അതിന്റെ ചംക്രമണം, ആർദ്രഭാവം, സർവ്വകോശത്തിനും ഓജസ്സും ശുദ്ധവായുവും എത്തിച്ച് ശുദ്ധിയും ബലവും

തരുന്ന സ്വഭാവം ഇവയാണ് ആറാം സൂക്തത്തിൽ.സോമകലശം (യജ്ഞത്തിലും ആധിദൈവതമായി ചന്ദ്രനെന്ന കലശത്തിലും) നിറയുന്ന അമൃതാൽ സസ്യശ്യാമളയാകുന്ന ഭൂമിയുടെ ഐശ്വര്യ കലശവും ആ സോമം(അന്നം) നുകർന്ന് മസ്തിഷ്കകപാലം നിറയുന്ന പ്രകാശമയമായ ധീയുമാണ് മൂന്നാംസൂക്തപ്രതിപാദ്യം. ബുദ്ധിയും, ദയാമസൃണവും രസനിർഭരവുമായ ഹൃദയവും ചേർന്നതാണ് യോഗിയുടച്ചെ അർഘ്യമായ വാക്കും ശരീരവും പ്രവൃത്തിയും. അപ്രകാരം അനുഷ്ഠിച്ച് ഈശ്വരനോട് തന്മയീ ഭാവം പ്രാപിക്കാൻ യത്നിക്കുന്നവരിലേക്ക്(ഭക്തഹൃദയത്തിലേക്ക്) ഈശ്വരൻ ആനന്ദപൂർവ്വം കടന്നുവന്ന് അവരെ ഈശ്വര തുല്യരാക്കി വിരാജിക്കുന്നു എന്ന് ഈ ദശകത്തിന്റെ സാരം.

പ്രപാഠകം 6   അർധം 2

ദശകം 8

1. പുരോജിതീ വോ അന്ധസഃസുതായ മാദയിത് നവേ
   അപസ്വാനംശ്നഥിഷ്ടന സഖായോ ദീർഘജിഹ്വം
   സഖാക്കളേ, നീണ്ട നാവുള്ള ഈ ശ്വാവിനെ നിയന്ത്രിക്കുക. അങ്ങനെ പുറംവസ്തുക്കളോടുള്ള ആസക്തിയെ ജയിച്ച് , ഈശ്വരനിൽ(ആത്മാവിൽ) ആനന്ദത്തെ സംരക്ഷിക്കുക.
2. അയംപൂഷാ രയിർഭഗഃ പുനാനോ അർഷതി
   പതിർവിംശസ്യഭൂമനോ വ്യഖ്യദ്രോദസി ഉഭേ
   പൂഷാവും രയിയും(ധനം)ഭഗനുമായ സോമൻ വീണ്ടും വീണ്ടും വർഷിക്കുന്നു. വിശ്വത്തിന്റെ പതിയായിരുന്ന് സർവ്വനാദവും വ്യാഖ്യാനിച്ച് (വ്യക്തമാക്കി) രണ്ടിനേയും (ദ്യാവാപൃഥ്വി) ഒപ്പം പ്രകാശിപ്പിക്കുന്നു.
3. സുതാസോ മധുമത്തമഃ സോമാ ഇന്ദ്രായ മന്ദിനഃ
   പവിത്രവന്തോ അക്ഷരന് ഗച്ഛന്തു വോ മദാഃ
   ഇന്ദ്രനായി സോമം ആർജ്ജിച്ച് (ജ്ഞാനം) ആ ആനന്ദലഹരിയിൽ മധുമത്തമമായ അക്ഷരം നേടി ഇവര് സർവ്വത്തെയും പവിത്രമാക്കുന്നു. ആ ആനന്ദവാന്മാരായ ജ്ഞാനികളിലേക്ക് (പവിത്രമായ അക്ഷരം നേടിയവരിലേക്ക്) ഗമിക്കുക.
4. സോമാഃപവന്ത ഇന്ദവോസ്മഭ്യം ഗാതുവിത്തമാഃ
   മിത്രാഃസ്വാനാ അരേപസഃസ്വാദ്ധ്യഃസ്വർവിദഃ
   ഈ ജ്ഞാനികളായ ഗായകർ, നമുക്കായിട്ട് സർവ്വം പാവന മാക്കി, സോമം പകർന്ന് എങ്ങും സഞ്ചരിക്കുന്നു. ഇവർ സർവ്വർക്കും മിത്രങ്ങളാണ്. സ്വയം പ്രതിഭയാൽ (സ്വപ്രകാശം) സ്വയംപര്യാപ്തരാണ്. സ്വാദ്ധ്യായനിരതരാണ്. സ്വർ(സ്വരം എന്നും സ്വർഗ്ഗം എന്നും അർത്ഥം) അറിയുന്നവരാണ്.

5. അഭീനോ വാജസാതമം രയിമർഷശതസ്പൃഹം
ഇന്ദോ സഹസ്രഭർണ്ണസം തു വിദ്യുമ്നം വിഭാസഹം

ജ്ഞാനീ(ഗുരോ), നൂറുനൂറുപേരാൽ ആഗ്രഹിക്കപ്പെടുന്ന അവിടുന്ന് ഞങ്ങളിൽ (ജ്ഞാന)ധനം ഒഴുക്കിത്തരിക. (ജ്ഞാന)ബലം തരിക (വാജസനേയത്തിൽവെച്ച് ഉത്തമമായ ജ്ഞാനത്താലുള്ള വാജീക രണം) വിദ്യുത്തിന്റെ പ്രഭയോടെ ,സർവ്വാതിശയമായ സൌന്ദര്യത്തോടെ, ആയിരമായിരം പ്രാണങ്ങളെ സംരക്ഷിക്കുന്ന ഇന്ദോ, ഞങ്ങളിൽ ഊർജ്ജം പകരുക.

6. അഭിനവന്തേ അദ്രുഹഃ പ്രിയമിന്ദ്രസ്യ കാമ്യം
വത്സം ന പൂർവ്വം ആയുനി ജാതം രിഹന്തി മാതരഃ
പ്രഭാതത്തിൽ പുതുതായി ജനിച്ച കുഞ്ഞിനെ (വത്സം,കന്നുകുട്ടി) അമ്മമാർ ആയുസ്സിനായി , കുനിഞ്ഞ് നക്കുന്നപോലെ, പുതുതായ ജനിച്ച ഈ ജ്ഞാനി , ഇന്ദ്രന്റെ പ്രിയപ്പെട്ടവനായി കാമ്യമായ അവന്റെ പാദത്തിൽ കുനിയുന്നു.
7. ആ ഹര്യതായ ധൃഷ്ണവേ ധനുഷ്ടന്വന്തി പൌംസ്യം
ശുക്രാ വി യന്ത്യസുരായ നിർണ്ണിജേ വിപാമഗ്രേ മഹീയുവഃ
പ്രിയപ്പെട്ട പുരുഷനുവേണ്ടി, (രാജാവിന്) ധനുസ്സേന്തുന്ന ധീരന്മാരെപ്പോലെ, ജ്ഞാനി പുരുഷനുവേണ്ടി സർവ്വവികാരവും അടക്കി ധിഷണയെ ധരിക്കുന്നു. ശക്തന്മാരായ ഇവർ മഹത്തും സത്യശോഭയാൽ വെളുത്തതുമായ ജ്ഞാനാർജ്ജനത്തിന് ജ്ഞാനിയെ സമീപിക്കുന്നു. സദാ മുമ്പിൽ നടക്കുന്ന (അഗ്രം) യൌവനശോഭയുള്ള അഗ്നി അവർക്ക് ഭൂമിയില് വഴി കാട്ടുന്നു.
8. പരിത്യം ഹര്യതം ഹരിം ബഭ്രും പുനന്തി വാരേണ
യോ ദേവാൻ വിശ്വാം ഇത്പരി മദേന സഹഗഛതി
എല്ലാവരും മോഹിക്കുന്ന ഹരിയെ അവർ(ഋഷിമാർ) ഹരിക്കുന്നു. ആ പ്രകാശവാന് വിശ്വത്തെ മുഴുവനും ആനന്ദലഹരിയാൽ പൂർണ്ണമാക്കിക്കൊണ്ടും നിലനിർത്തിക്കൊണ്ടും അവരുടെ കൂടെ സദാ അഗ്നിക്കൊടി പറപ്പിച്ചും കൊണ്ട് (ഭ്രമിപ്പിച്ചും കൊണ്ട്. ഭ്രമണം ചെയ്യിച്ചുകൊണ്ട്) സഞ്ചരിക്കുന്നു.
9. പ്രസുന്വാ നായാന്ധസോ മർത്തോ ന വഷ്ടതദ്വചഃ
അപശ്വാനമരാദസം ഹതാ മഖം ന ഭൃഗവഃ
അവന്റെ ദൈവവചസ്സ് ,മർത്ത്യന് ജീവിതത്തിന്റെ സത്യം നേടാൻ(സാക്ഷാത്ക്കരിക്കാൻ) ഉള്ളതാണ്. ഭൃഗുക്കളേ, ജ്ഞാനികളേ, മഖം (യജ്ഞം) എന്ന സത്യയജ്ഞത്തിൽ താല്പര്യമില്ലാതെ (സത്യം ഉൾക്കൊള്ളാതെ) ശ്വാനനെപ്പോലെയുള്ള (കണ്ടതെല്ലാം തിന്ന് നടക്കുന്ന) വികാരജീവികളെ (ദുർജ്ജനങ്ങളെ) ഒഴിച്ചുനിർത്തുക. സജ്ജനസംസർഗ്ഗം മാത്രം ചെയ്യുക.

ഭാഷ്യം

ഭാഷ്യം ഋഷിമാർഃ- 1.അന്ധിഗു ശ്യാവാശ്വി. 2, 3 നഹുഷോ മാനവഃ 4 മനുഃസാംവരണഃ 5 ഋജിഷ്യാംബരീഷൌ 6,7 രേഭസൂനുകാശ്യപൌ 9 പ്രജാപതിർവാച്യോ വാ. ദേവത പവമാനഃസോമഃ ഛന്ദസ്സ് 1-6 , 8,9 അനുഷ്ഠുപ്പ്. 7 ബൃഹതി. സ്വരം 1-6,8,9 ഗാന്ധാരം. 7 മദ്ധ്യമം.

അഞ്ചാമത്തെ സൂക്തം (ഋജിസ്വാനും അംബരീഷനും) വിഭാസഹ എന്ന് ഉപയോഗിക്കുന്നു. സത്യവ്രതസമാശ്രമിയുടെ അഭിപ്രായ ത്തിൽ ചതുർവേദത്തില് ഈ പദം ഇവിടെ മാത്രമാണ് ഉപയോ ഗിച്ചിട്ടുള്ളത്. സൌന്ദര്യ(ലാവണ്യ)ശാസ്ത്രപരമായ ഈ പദം അതിനാൽ ഏറെ ശ്രദ്ധേയമാണ്. നാദം.സ്വരം,അക്ഷരം,ഗീതം ,സൌന്ദര്യാനുഭവം ഇവയുടെ പരമമായ നാദലയയോഗത്തിൽ ഓങ്കാരമെന്ന ധനുസ്സ് (ഏഴാം സൂക്തം) മുറുക്കി ആയുസ്സും വാജീകരണവും സദാ യൌവനശോഭയും തരുന്നതാണ് സാമ വേദം. ആ പരമപദലബ്ധിക്കായി, ഇന്ദ്രിയങ്ങളെ ശമദമാദികളാൽ യോഗി അടക്കുന്ന ശ്രീവിദ്യാതന്ത്രമാണ് ഇവിടെ ഹര്യതം ഹരി (സൂക്തം 8) എന്ന് സർവ്വരേയും മോഹിപ്പിക്കുന്ന ഹരിയെ ഹരിക്കൽ. ഹരിയെ സാക്ഷാത്കരിച്ച ജ്ഞാനി ഹരിതന്നെയാ വുന്നു

ദശകം 9

1. അഭി പ്രിയാണി പവതേ ച നോഹിതോ നാമാനി യഹ്വോ അധിയേഷു വർദ്ധതേ
   ആ സൂര്യസ്യ ബൃഹതോ ബൃഹന്നധിരഥം വിഷ്വഞ്ചമരുഹദ് വിചക്ഷണഃ
   പ്രിയമുള്ളവയെയെല്ലാം ജ്ഞാനവിവേകങ്ങളാൽ പാവനമാക്കി സർവ്വനാമരൂപങ്ങളിലും, സർവ്വആനന്ദത്തിലും വ്യാപിച്ച് അവയെ വർദ്ധിപ്പിക്കുന്നു , സൂര്യൻ. അവന്റെ ബൃഹത്തു ക്കളിൽവെച്ച് ബൃഹത്തായ അധിരഥം വിശ്വത്തില് സർവ്വരും സ്വീകരിക്കുന്നു. സർവ്വവിചക്ഷണനായ അവന് സർവ്വത്തേയും വളർത്തി , അതിലെല്ലാം പ്രാണമായി മരുവുന്നു.
2. അചോദസോ നോ ധന്വണിന്ദവഃപ്രസ്വാനാസോ ബൃഹദ് ദേവേഷു ഹരയഃ
   വി ചിദശ്നാനാ ഇഷയോ അരാതയോര്യോ നഃ സന്തു സനിഷന്തു നോധിയഃ
   സ്വയം പ്രചോദിതരായി ഇന്ദുക്കൾ ബൃഹദ് ദേവന്മാരായ ജ്ഞാനികളുടെ മദ്ധ്യത്തിലേക്ക് അവരുടെ വാക്കു കേൾക്കാന് വരട്ടെ. തിന്നാനും കുടിക്കാനും മാത്രം ആഗ്രഹമുള്ള നമ്മുടെ

ശത്രുക്കൾ (ബാഹ്യേന്ദ്രിയങ്ങൾ) പരാജിതരാവട്ടെ. സത്തുക്കളായ നമ്മുടെ ധീ (അന്തരിന്ദ്രിയം) വിജയിക്കട്ടെ.

3. ഏഷ പ്ര കോശേ മധുമാം അചിക്രദദിന്ദ്രസ്യ വജ്രോ വപുഷോ വപുഷ്ടമഃ
അഭ്യുതസ്യ സുദുധാ ധൃതശ്ചുതോ വാശ്വാ അർഷന്തി പയസാ ച ധേനവഃ
ഓരോരോ കോശത്തിലും മധുമത്തായി ഇന്ദ്രന്റെ വജ്രം(മിന്നൽ) പോലെ ശരീരകാന്തിയിൽ സർവ്വശരീരത്തേക്കാള് പരമശ്രേഷ്ഠമായി , നല്ല പാലൊഴുക്കുന്നനവളായി, പാലു ചുരത്തുന്ന ധേനുക്കളെപ്പോലെ , സൌന്ദര്യവും ജ്ഞാനവും ഒഴുക്കിയാലും,
4. പ്രോ അയാസീദിന്ദുരിന്ദ്രസ്യ നിഷ്കൃതം സസ്വാ സഖ്യുർനപ്രമിനാതി സംഗിരം
മര്യ ഇവ യുവതിഭിഃ സമർഷതി സോമഃകലശേ ശതയാമനാപഥാ
ഇന്ദു ഇന്ദ്രന്റെ സഖിമാരായി, സഹോദരിമാരായി, സംഗം സംഭവിച്ച് പരമപദം പ്രാപിച്ചിട്ടും നിഷ്കൃതമാകാതെ, ശക്തമായ കുതിരയെപ്പോലെ യുവതികളോടുകൂടി, സോമകലശത്തിൽനിന്ന് നൂറുനൂറുനാഡീപഥങ്ങളിലൂടെ (നദികളെപ്പോലെ) സദാ സഞ്ചരിക്കുന്നു.
5. ധർത്താദിവഃപവതേ കൃത്വ്യോ രസോ ദക്ഷോ ദേവാനാമനുമാദ്ധ്യോ നൃഭിഃ
ഹരിഃസൃജാനോ അത്യോ ന സത്വഭിർവൃഥാ പാജാംസി കൃണുഷേ നദീഷ്വാ
ധരിക്കുന്നവനും സർവ്വദിവങ്ങളും പവിത്രമാക്കുന്നവനും നിർമ്മിക്കുന്നവനും പരമരസവും ദക്ഷനും ദേവന്മാർക്കും നരന്മാർക്കും ആദിയായി ജനിച്ചവനുമായ ഹരി, നദികൾ അനായാസം ഒഴുകുന്നതുപോലെ സത്വതേജസ്സാൽ സ്വശക്തികളോടൊപ്പം നാഡീവ്യൂഹങ്ങളിലെല്ലാം വ്യാപിക്കുന്നു.
6. വൃഷാ മതീനാം പവതേ വിചക്ഷണഃ സോമോ അഹ്ന്യാം പ്രതതീതോഷസാം ദിവഃ
പ്രാണാ സിന്ധുനാം കലശാം അചിക്രദദിന്ദ്രസ്യ ഹാർദ്ധ്യാവിശന് മനീഷിഭിഃ
വിചക്ഷണനായ വൃഷാവ് മനസ്സുകളെ പവിത്രമാക്കുന്നു. അഹസ്സുകളെയും ഉഷസ്സുകളെയും ദിവങ്ങളിൽ പ്രവർത്തിപ്പിച്ച സോമൻ പ്രാണങ്ങളായി സിന്ധുക്കളുടെ കലശങ്ങള് നിറച്ച് , മനീഷികളുടെ ഹൃദയങ്ങളേയും ആവേശിച്ച് സർവ്വത്തേയും പ്രവർത്തിപ്പിക്കുന്നു.
7. ത്രിരസ്മൈ സപ്തധേനവോ ദുദുഹ്ലിരേ സത്യാമാശിരം പരമേ വ്യോമനി
ചത്വാര്യന്യാ ഭുവനാനി നിർണ്ണിജേ ചാരൂണിചക്രേ

യദ്യതൈരവർദ്ധതം
മൂന്നു ഘട്ടങ്ങളായിട്ട് , ഏഴു ധേനുക്കൾ ശിരസ്സായ പരമ വ്യോമത്തിൽ സത്യം പ്രകാശിപ്പിച്ച് ആനന്ദം ഒഴുക്കുന്നു. അവ നാലുഭുവനങ്ങളെ നിർണ്ണയിക്കുന്നു. മനോഹരങ്ങളായ ചക്രങ്ങളിൽ ബലം, ചാരുത, ശുദ്ധി എന്നിവ വർദ്ധിപ്പിക്കുന്നു.

8. ഇന്ദ്രായ സോമ സുഷ്ഠതഃ പരിസ്രുവാ പാസീവാ ഭവതു രക്ഷസാസഹ
മാതേരസസ്യ മത്സത ദ്വയാവിനോ ദ്രവിണസ്വന്ത ഇഹ സന്ത്വിന്ദവഃ
ഇന്ദ്രനായി സോമം ഒഴുകുന്നു. ആ ഒഴുക്കിനാൽ സംരക്ഷിക്കപ്പെടുന്നു. ദ്വയമായി (രണ്ടുവിധത്തിൽ) വാക്ക് ഉച്ചരിക്കുന്നവർ (അസത്യം) അതിലെ രസം ആസ്വദിച്ചുകൊള്ളട്ടെ. സത്തായതിനെ സ്വന്തം ഹൃദയത്തിൽ ഇവിടെ ധ്യാനിച്ച് സാക്ഷാത്കരിച്ച ദ്രവിണർ (ജ്ഞാനധനർ) ആയ ഇന്ദുക്കൾ സംരക്ഷിക്കപ്പെടുന്നു.

9. അസാവി സോമോ അരുഷോ വൃഷാ ഹരിരാജേവദസ്മോ അഭിഗാ അചിക്രദത്
പുനാനോ വാരമത്യേഷ്വവ്യയം ശ്യേനോ ന യോനിം ധൃതവന്തമാസദത്
ആർഷമായ വൃഷാവായ ഹരി, രാജാവിനെപ്പോലെ , നമ്മുടെ പ്രാണങ്ങളെ മുന്നോട്ട് ഒഴുക്കുന്ന സോമമാണ്. പവിത്രീകരിക്കപ്പെട്ട് ഏറ്റവും വലിയ പ്രതിബന്ധംപോലും നീക്കി , അവ്യയമായ ഒരു ശ്യേനത്തെപ്പോലെ ആത്മാവ് അതിവേഗം സ്വയോനിയിൽ (ബ്രഹ്മം) പ്രവേശിക്കുന്നു.

10. പ്രദേവമഛാ മധുമന്ത ഇന്ദവോ അസിഷ്യദന്ത ഗാവ ആ ന ധേനവഃ
ബർഹിഷധോ വചനാവന്ത ഊ ധഭിഃ പരിസ്രുതമുസ്ത്രിയാ നിർണ്ണിജംധിരേ
ധേനുക്കൾ കന്നുകുട്ടിയിലേക്ക് ചെന്ന് പാലൊഴുക്കിക്കൊടുക്കുന്ന പോലെ ,പ്രകാശവാനെ (ദേവനെ)അറിഞ്ഞ ഇന്ദുക്കൾ (യോഗികളായ ചന്ദ്രവംശജര്) അവനിലേക്ക് ചെന്ന് മധുമത്തായ വാക്കുകൾ(സ്തോത്രം) ഒഴുക്കുന്നു. ബർഹിസ്സുകളിലെ വചനങ്ങളെ പിന്തുടരുന്ന ,സൂര്യരശ്മിപോലെ തിളങ്ങുന്ന അവർ (യോഗി) ധീ(ബുദ്ധി)യിൽനിന്ന് ഒഴുകിവരുന്ന ആനന്ദധാരയുടെ നൈർമ്മല്യം ആസ്വദിക്കുന്നു.

11. അഞ്ജതേ വ്യഞ്ജതേ സമഞ്ജതേ ക്രതും രിഹന്തി മദ്ധ്വാഭ്യഞ്ജതേ
സിന്ധോരുച്ഛ്രവാസേ പതയന്തമുക്ഷണം
ഹിരണ്യപാവാഃപശുമപ്സു ഗൃഭ്ണതേ
അറിഞ്ഞ്, അഭിവ്യക്തമായ അവനെ തന്നിൽനിന്ന് അഭിന്നമായി അവർ ഗ്രഹിക്കുന്നു. ക്രതുക്കളിലും സ്വന്തം ഉള്ളിലുമുള്ള മധു ഒന്നായി ആസ്വദിക്കുന്നു. സിന്ധുക്കളിൽനിന്ന് ഉയർന്നതെ

ല്ലാം ക്ഷണത്തിൽ ആ ഹിരണ്യപാവനാല് ആകർഷിക്കപ്പെട്ട് വീഴുന്നു. ആ ഉയർച്ചതാഴ്ചകള് ക്രതുക്കള് അവരുടെ ആത്മാവിനാൽ ഗ്രഹിക്കപ്പെടുന്നു.

12. പവിത്രം തേ വിതതം ബ്രഹ്മണസ്പതേ പ്രഭുർഗാത്രാണി പര്യേഷി വിശ്വതഃ
അതപ്തതനൂർന തദാമോ അശ്നുതേ ശ്രുതാസ ഇദ്വഹന്തഃസംതദാശതാ
ബ്രഹ്മണസ്പതേ, നിന്റെ ജ്ഞാനം പരമപവിത്രം. പ്രഭൂ, സർവ്വ ഗാത്രത്തിലും വിശ്വത്തിലും നീ വ്യാപിച്ചിരിക്കുന്നു. തപസ്സില്ലാത്ത ശരീരത്തിലിരിക്കുന്ന ആത്മാവ് അതിനെ ഗ്രഹിക്കുന്നില്ല. തപസ്സിന്റെ അഗ്നിയിൽ ചുട്ടെടുത്തതിന്ന് നിന്നെ കേൾക്കാനും അറിയാനുമാവുന്നു.

ഭാഷ്യം ഋഷിമാർഃ- 1-3, 5 കവിഭാർഗ്ഗവൻ. 4,6 ഋഷിഗണഃരേണു വൈശ്വാമിത്ര 8 വേനോ ഭാർഗ്ഗവഃ വസുർഭരദ്വാജഃ 10 വത്സപ്രീ 11 അത്രിർഭൌമഃ 12 പവിത്രആംഗിരസഃ (അതിപ്രധാനമായ ഏഴാം സൂക്തത്തിന്റെ ഋഷി പറഞ്ഞിട്ടില്ല) ദേവത പവമാനൻ. സോമൻ. ഛന്ദസ്സ് ജഗതി. സ്വരം നിഷാദം.
3-7 വരെയുള്ള സൂക്തങ്ങളില് കാമധേനുവായി പാല് ചുരത്തുന്ന വാഗ്ദേവി(ശ്രീവിദ്യ)യാണ് നാം കാണുന്ന ഊർജ്ജസ്രോതസ്സ്. അവളെ മിന്നലിനോടും നദികളോടും നാഡീവ്യൂഹങ്ങളിൽ ഒഴുകുന്ന അന്നരസത്തോടും ചക്രങ്ങളോടുമെല്ലാം താരതമ്യപ്പെടുത്തിയും ബന്ധപ്പെടുത്തിയും പരാമർശിക്കുന്നു. മൂന്നാം സൂക്തത്തിൽ സൌദാമിനീസന്നിഭയായി ഇന്ദ്രവജ്രം പോലെ ഇരിക്കുന്ന ശരീരാന്തർഗ്ഗതമായ കുണ്ഡലിനീപരദേവത പറയപ്പെടുന്നു. സപ്തമാതൃക്കളും സപ്തസ്വരങ്ങളുമായി ശിവയുവതികളൊത്ത് പ്രാണാശ്വങ്ങള് നാഡീപഥങ്ങളിലൂടെ ഒഴുകുന്നു. (ശരീരത്തിൽ). ഭൂശരീരത്തിൽ നദീപഥങ്ങളിലൂടെയും സൌരവ്യൂഹത്തില് മധുനാഡികളായ കിരണങ്ങളിലൂടെയും ആ ഊർജ്ജം ഒഴുകുന്നു. ഹരി, ഹ്രീം എന്നീ പദങ്ങൾ അഭേദമായാണ് അഞ്ചാം സൂക്തത്തിലും ഉപയഗിക്കുന്നത്. സമുദ്രജലവും സൂര്യാതപവും നീരാവിയും മഴയും നദിയും സസ്യസമ്പത്തും (അന്നം) പ്രാമനും അതിന്റെ ബഹുമുഖപ്രതിഭാപ്രവർത്തനവും എല്ലാം ഒരേ ഊർജ്ജം തന്നെയാണെന്ന അറിവും ആറാം സൂക്തത്തിലുണ്ട്.

3 ഘട്ടം . അതിനെ 7 ധേനുക്കളെക്കൊണ്ട് ഗുണിക്കുക. 21 ധേനു. അവ 4 ഭുവനങ്ങളിലായി (21 നെ 4 കൊണ്ട് ഗുണിച്ച് 84) ചാരു ചക്രരൂപമായി വേദം (84 വേദസംഖ്യ) പ്രകാശിതമാകുന്നു. (4 പര,പശ്യന്തി, മദ്ധ്യമ,വൈഖരി) 3 ഘട്ടം അനുദാത്തം, സ്വരിതം, ഉദാത്തം. 7 ധേനു സപ്തസ്വരം. ശ്രുതിസംഖ്യയായ 22 ൽനിന്ന് 1 കുറച്ചത് 21. ആ 21 കൊണ്ട് 84 ജൈവശരീരങ്ങളെ നാമരൂപാത്മകമായി അഭിവ്യഞ്ജനം.   ദേവീചന്ദിന്റെ വ്യാഖ്യാനം

ഇപ്രകാരമാണ്:- 7 ധേനു എന്നത് 2 കണ്ണ്, 2 ചെവി, 2 നാസാ, ഒരു വായ്. 3 ഘട്ടം ജാഗ്രദ്,സ്വപ്ന,സുഷുപ്തി. 4 കോശം പ്രാണ,മനോ,വിജ്ഞാന,ആനന്ദമയകോശം. അന്നമയകോശം ചേർന്നാല് പഞ്ചകോശമാകും. അതിനാൽ ഈ വ്യാഖ്യാനം ഉചിതമല്ല. ചത്വാരിംശമായ പരാവാക്കുകളാണ് ഉചിതം. ചാരുചക്രങ്ങൾ കുണ്ഡലിനിയുടെ ഉണർച്ചയിലുള്ള ചക്രങ്ങൾ, ശ്രീവിദ്യാഉപാസനയിലെ ചക്രങ്ങൾ, കാലചക്രം ഇവയാണ്. സാമസംഗീതത്താൽ ഇവക്ക് ബലം,സൌന്ദര്യം,നൈർമ്മല്യം എന്നിവ കൊടുക്കുന്നതായി ഏഴാം സൂക്തത്തിൽ പറയുന്നുണ്ട്. ഇത് സംഗീതചികിത്സയെ പ്രതിപാദിക്കുന്നു.എട്ടാം സൂക്തത്തിൽ ദ്വയാർത്ഥത്തില് പറയുന്ന കവികളുടെ വാക്ക് ആസ്വാദ്യമാണെന്ന് സമ്മതിക്കുന്നു. എന്നാൽ ദ്വൈതം,അസത്യം എന്നിവ ഉച്ചരിക്കുന്നവരുടെ വാക്ക് അവർക്കുമാത്രം ആനന്ദം കൊടുക്കുന്നതും യഥാർത്ഥത്തില് മറ്റുള്ളവർക്ക് ആനന്ദം കൊടുക്കാത്തതും (കലഹഹേതു) ആകയാൽ ഉപേക്ഷിക്കണമെന്ന് പറയുന്നു. സത്യവാക്കിനെ ധ്യാനിച്ച് ജ്ഞാനി പരമാനന്ദം ഇവിടെത്തന്നെ സാക്ഷാത്കരിക്കുന്നു.

ഒമ്പതാംസൂക്തം ഹരി എന്ന ഋഷഭന് , അവന്റെ വാഹനമായ ശ്യേന(ഗരുഡ)സുപർണ്ണനുമായുള്ള ലയനം പറയുന്നു. പരമാത്മാവിനെ വഹിക്കുന്ന ജീവാത്മാവ് പരമാത്മാവിൽ ലയിക്കുന്നു. ആകാശത്തിൽ നാദംപോലെ അവ പരസ്പരം ആനന്ദാനുഭവത്തിൽ ലയിക്കാന് അവർക്ക് സ്വാഭാവികമായ പ്രതിഭയുണ്ട്. രണ്ടും ഒന്നെന്ന് ഗ്രഹിക്കുന്ന അദ്വൈതതന്മയതയെ 11ആം സൂക്തം വ്യക്തമായി പ്രതിപാദിക്കുന്നു. ആകർഷണശക്തി ,ഋതുചക്രപ്രവർത്തനം എന്നിവയും പരാമർശിക്കുന്നു.

ദശകം 10.

1. ഇന്ദ്രമച്ഛ സുതാ ഇമേ വൃഷണം യന്തു ഹരയഃ
   ശ്രുഷ്ടേ ജാതാസ ഇന്ദവഃ സ്വർവിദഃ
   ഈ ഇന്ദ്രിയജേതാക്കൾ, ഹരന്മാരിൽ (ഹരികളിൽ) വർഷിക്കപ്പെട്ട ശ്രുതികളാൽ അവനെ അറിഞ്ഞ്, സ്വര(സ്വർഗ്ഗ)വിത്തുക്കളായ ഇന്ദുക്കൾ (ചന്ദ്രവംശജർ) എന്ന് പ്രസിദ്ധരായി.
2. പ്ര ധന്വാ സോമ ജാഗൃവിരിന്ദ്രായേന്ദോ പരിസ്രവഃ
   ദ്യുമന്തം ശുഷ്മമാ ഭരസ്വർവിദം
   ഈ ശ്രദ്ധാവാനായ ഇന്ദ്രന്നുവേണ്ടി ഇന്ദുക്കൾ ഒഴുക്കുന്ന സോമം ജാഗൃവിയായി അവനിൽ ചേരുന്നു. ശോഭിക്കുന്ന സുന്ദരമായ സ്വര(സ്വർഗ്ഗ)ജ്ഞാനത്താൽ നിറക്കുന്നു.
3. സഖായ ആ നി ഷീദതി പുനാനായ പ്ര ഗായത
   ശിശും ന യജ്ഞൈഃ പരിഭൂഷത ശ്രിയേ
   സഖാക്കളേ, വരിക,ഇരിക്കുക. പവിത്രതക്കായി ഗാനം

ചെയ്യുക. കുഞ്ഞുങ്ങളെ അമ്മ എന്നപോലെ , യജ്ഞങ്ങളെ ശ്രീക്കളാൽ (ശ്രീവിദ്യ)ഭൂഷണം ചാർത്തിക്കുക.

4. തം വഃ സഖായോ മദായ പുനാനമഭിഗായത
ശിശും ന ഹവ്യൈഃസ്വദയന്തഗൂർത്തിർഭിഃ
സഖാക്കളെ, ആനന്ദലഹരിക്കായി ഈ ശുദ്ധനെ ഗാനം ചെയ്യുക. , ശിശുക്കളെ അമ്മ സ്വാദുള്ള ഭക്,ണവും കളിപ്പാട്ടവും കൊടുത്ത് ആനന്ദിപ്പിക്കുന്നപോലെ ,സ്വാത്മാവിനെ ജ്ഞാനമധുവാൽ ആനന്ദിപ്പിക്കുക.
5. പ്രാണാ ശിശുർമഹീനാം ഹിന്വന്നൃതസ്യ ദീധിതം
വിശ്വാ പരിപ്രിയാ ഭുവദധദ്വിതാ
പ്രപഞ്ചത്തിൽ സർവ്വർക്കും പ്രിയവും ഭൂമിയുടെ ശിശുവുമായ പ്രാണൻ ശക്തികളിൽവെച്ച് ശക്തമാണ്. അത് ഭുവർലോകത്തിലിരുന്ന് താഴെ ഭൂമിയേയും മേലേ സ്വർഗ്ഗത്തേയും ഒരുപോലെ പ്രകാശിപ്പിക്കുന്ന ജ്ഞാനം തരുന്നു.
6. പവസ്വ ദേവവീതയ ഇന്ദോ ധാരാഭിരോജസാ
ആ കലശം മധുമാന്ത്സോമ നഃസദഃ
ദേവാ, നിന്റെ ഓജസ്സിന്റെ ധാരകളാൽ, പവിത്രമായ ദേവഭാഗത്താൽ ബലത്തെ അഭിവ്യക്തമാക്കുക.മധുമാനായ സോമാ, സത്തായി, (സത്യം, രസം,സദ്ചിന്ത) ഹൃദയകലശത്തിലും നിറയുക
7. സോമഃപുനാന ഊർമ്മിണാവ്യം വാരം വി ധാവതി
അഗ്രേ വാചഃപവമാനഃകനിക്രദത്
സോമാ, സ്വയം പവിത്രമായി സർവ്വരേയും പവിത്രമാക്കുന്ന പവമാനാ, ഊർമ്മി (തരംഗം)പോലെ വീണ്ടും വീണ്ടും വന്ന് സർവ്വവും കഴുകി ശുദ്ധമാക്കുക. അഗ്രിമമായ വാക്ക് (വേദം) കൊണ്ട് അജ്ഞാനം നീക്കുക.
8. പ്ര പുനാനായ വേധസേ സോമായ വച ഉച്യതേ
ഭൃതിം ന ഭരാ മതിഭിർ ജുജോഷതേ
വേധസ്സുകളായ സോമനായ(സോമന്മാരായ) ആത്മാവിനുവേണ്ടിയാണ് വേദവാക്കുകൾ ഉച്ചരിക്കപ്പെട്ടത്. അവരിലാണ് ഉച്ചരിക്കപ്പെട്ടത്. വീണ്ടും വീണ്ടും ആ പ്രകാശിക്കുന്ന മനസ്സുകളാൽ അവർ ആനന്ദിക്കുന്നു.(നിയമാനുസൃതമായ കൂലിയായ വരം ലഭിക്കുന്നതിനായി, ആ മനോബലം നേടി സ്വയം ഉയർത്തുന്നു)
9. ഗോമന്ന ഇന്ദോ അശ്വവത് സുതഃ സുദക്ഷ ധനിവ
ശുചിം ച വർണ്ണമധി ഗോഷു ധാരയ
ഗോക്കൾ,അന്നം,ബലമുള്ള ഇന്ദ്രിയങ്ങൾ, അശ്വങ്ങൾ,മക്കൾ, നല്ല ദക്ഷത (അറിവ്,കഴിവ്, പ്രതിഭ) ധനം, ശുചി(വൃത്തി, നൈർമ്മല്യം) വർണ്ണം എന്നിവ ധാരധാരയായി ഗോക്കളില് (നിന്റെ ഗോക്കളായ ഞങ്ങളിൽ) ചൊരിയുക.
10. അസ്മഭ്യം ത്വാ വസുവിദമഭി വാണീരനൂഷിത
ഗോഭിഷ്ടേ വർണ്ണമഭി വാസയാമസി

ഞങ്ങൾക്കായിട്ടാണ് നിന്റെ വസുക്കള് (രത്നങ്ങൾ, വിഭൂതിക ൾ) ഇപ്രകാരം വാണി (വേദവാണി,സരസ്വതി) പറയുന്നു. ഇഷ്ടപ്പെട്ട സർവ്വവും (സർവ്വകാമം) പ്രകാശവും വർണ്ണവും ആവരണവും നൽകുന്നവനേ ,ആ വാണിയിലൂടെ ഞങ്ങൾ നിന്നെ അറിയുന്നു.

11. പവതേ ഹര്യതോ ഹരിരതി ഹ്വരാംസിരംഹ്യാ
അഭ്യർഷ സ്തോതൃഭ്യോ വീരവധ്യശഃ
സർവ്വരാലും പ്രാപ്യമായ അത് സർവ്വ പ്രതിബന്ധവും നീക്കി ഹരിയായി പ്രകാശിച്ച് പവിത്രീകരിച്ച് സർവ്വം ഹരിക്കുന്നു. സ്തോതതാക്കൾക്കെല്ലാം വീര്യവും യശസ്സും വർഷിക്കുന്നു.

12. പരികോശം മധുശ്ചുതം സോമഃ പുനാനോ അർഷതി
അഭിവാണീ ഋഷീണാം സപ്താനൂഷത
പവിത്രമായ മനസ്സിൽനിന്ന് ഓരോരോ കോശത്തിലേക്കും ആന ന്ദമധു പരക്കുന്നു. ആ പവിത്രധാരയെ ഋഷിമാരുടെ സപ്ത വാണികൾ സദാ പുകഴ്ത്തുന്നു. (സപ്തസ്വരങ്ങളിൽ പാടുന്ന ഗായത്രി, ഉഷ്ണിക്ക് ,അനുഷ്ഠുപ്പ്, ബൃഹതി, പംക്തി, ത്രിഷ്ഠുപ്പ്, ജഗതി)

ഭാഷ്യം ഋഷിമാർഃ- 1,7,11 അഗ്നിശ്ചാക്ഷുഷഃ 2 ചക്ഷുർമാനവഃ 3,4,9,10 പർവ്വതനാരദന്മാർ. 5 ത്രിതആപ്തൻ. 6 മനുരപ്സവഃ 8,12 ദ്വിത ആപ്ത്യഃ
ദേവത ഇന്ദ്രൻ ഛന്ദസ്സ് ഉഷ്ണിക്ക് സ്വരം ഋഷഭം.
സ്വരജ്ഞാനം (സ്വർവിദ) ജാഗൃവി(ധേനുസരസ്വതി), കുഞ്ഞുങ്ങളെ അലങ്കാരം അണിയിക്കുന്ന ശ്രീ(വിദ്യ), മധുരരസവും ലീലാവസ്തു ക്കളും കൊണ്ട് ആനന്ദിപ്പിക്കുന്ന അമ്മ, ജ്ഞാനമധു നൽകി അന്ത രിക്ഷത്തിൽ മുകളിലേക്ക് അവരോഹണവും താഴേക്ക് അവരോ ഹണവുമായി ഗമിക്കുന്ന സർവ്വശക്തമായ പ്രാണശിശുവിന്റെ അമ്മ, ഓജസ്സും ബലവും സത്യധർമ്മങ്ങളും അരുളുന്ന പരമപ വിത്രമായ സോമം, ആവർത്തിച്ചാവർത്തിച്ച് ത്രികാലങ്ങളിലും എല്ലാ ജീവജാലങ്ങളിലും തലമുറകളായി അഭിവ്യക്തമാകുന്ന വാണി, ആ വേദവാണിയെ ധരിച്ച ശുദ്ധമനസ്കരായ ഋഷിമാ രുടെ ജ്യോതിർമ്മതി നേടാനുള്ള നിരന്തരമായ ശ്രീവിദ്യായജ്ഞം അഥവാ ജ്ഞാനതപസ്സ് (അദ്ധ്യയനം,അദ്ധ്യാപനം) , അതുകൊണ്ട് സമൂഹത്തിന് നേടാവുന്ന ഇഹപരസുഖസമൃദ്ധി- ഇത്രയും 1 തൊട്ട് 9 സൂക്തങ്ങള് ക്രമമായി പറയുന്നു. 10,12 സൂക്തങ്ങളില് വാണി (സരസ്വതി) എന്ന പദം ആവർത്തിച്ച് ഉപയോഗിക്കുന്നു. പാവനമായ ഋഷിമനസ്സിലുദിച്ച (ഉത്ഭവിച്ച)വാണി സർവ്വകോശ ങ്ങളിലും സർവ്വഭുവനത്തിലും വ്യാപിക്കുന്നു. ആനന്ദത്തിന്റെ ആ പവിത്രധാരയാണ് സപ്തസ്വരമാതൃകകളായി സപ്തർഷിക ളുടെ വാണിയായി വേദം പറയുന്ന സരസ്വതി. ഇത് സംഗീത ശാസ്ത്രപരമായി പ്രസിദ്ധവുമാണ്. 10,12 സൂക്തങ്ങൾക്കിടയില്

വരുന്ന സൂക്തത്തിൽ(11) ഈ വൈദികമായ സരസ്വതി അഥവാ വാണിയെ ഹരി എന്നാണ് വിളിച്ചിരിക്കുന്നത്. (ഹ്രീം, ഹരിം) ഈ അഭേദം കാണാതെ പോകരുത്. ഹരിപ്രിയയായ വാണി ഹരിതന്നെയാണ്.

പവമാനകാണ്ഡത്തിൽ മറ്റെല്ലാ ദശകങ്ങൾക്കും പവമാന,സോമ ന്മാരാണ് ദേവത.ഇവിടെ ഇന്ദ്രനാണ്.എന്നാൽ പാടപ്പെടുന്നത് വാണിയും ഹരിയുമാണ്. പർവ്വതനാരദന്മാരുടെ സൂക്തത്തില് പറയുന്ന വർണ്ണം നിറമല്ല, വർണ്ണാക്ഷരസമൃദ്ധമായ, സുവർണ്ണ സ്വരയുക്തമായ, സംഗീതസാഹിത്യവാണിയാണ്.

ദശകം 11

1. പവസ്വ മധുമത്തമ ഇന്ദ്രായസോമ ക്രതുവിത്തമോ മദഃ
   മഹി ദ്യുക്ഷതമോ മദഃ
   മധുമത്തമവും ക്രതുവിത്തമവുമായ സോമാ, ആനന്ദലഹരി യോടെ ഇന്ദ്രനുവേണ്ടി പ്രകാശിച്ച് (അഭിവ്യക്തമായി) പവി ത്രീകരിച്ചാലും. ഈ പരമാനന്ദം ഭൂമിയിൽവെച്ച് ഏറ്റവും മഹത്തരമാണ്.
2. അഭിദ്യുമ്നം ബൃഹദ്യശ ഇഷസ്പതേ ദിദീഹ ദേവ ദേവയും
   വി കോശം മദ്ധ്യമം യുവഃ
   പ്രകാശവാനും ബൃഹത്തായ യശസ്സുള്ളവനും സർവ്വപ്രകൃതി ക്കും നാഥനും ദേവന്മാർക്കെല്ലാം ദേവനുമായ ദേവാ മദ്ധ്യമഭാ ഗത്തെ കോശങ്ങൾ (ആവരണം)നീക്കി പരമപദത്തിലെത്തി ക്കുക.
3. ആ സോതാ പരിഷിഞ്ച താ സ്വം (ശ്വം)ന സ്തോമമത്പുരം
   രജസ്തുതം വനപ്രക്ഷമുദപ്രുതം
   ഈ ആനന്ദകരമായ സ്തോമം വീണ്ടും വീണ്ടും ഹൃദയത്തിൽ നിറക്കുക. രജസ്സില്ലാത്ത ആ പ്രകാശം സർവ്വവ്യാപിയായി സർവ്വത്തിലും അറിവായി വിളങ്ങുന്നനുണ്ട്. വേഗതയുള്ള അശ്വത്തെപ്പോലെ നാദത്തെ സ്തോമത്താൽ അലങ്കരിക്കുക.
4. ഏതമുത്യം മദച്യുതം സഹസ്രധാരം വൃഷഭം ദിവോദുഹം
   വിശ്വാം വസൂനി ബിഭ്രതം
   അച്യുതമായ ആനന്ദലഹരി സഹസ്രധാരയായി ഒഴുക്കുന്ന ഈ ഋഷഭത്തെ പ്രാപിക്കുക. ഇവൻ ദിവത്തെ കറക്കുന്നു. (പാലു ചുരത്തിക്കുന്നു). വിശ്വത്തെ അനേകവിധ വസുക്കളോടുകൂടി (രത്നം) സദാ ഭ്രമണം ചെയ്യിക്കുന്നു.
5. സ സുൻവേയോ വസൂനാം യോ രായാമാനേതായ ഇഢാനാം
   സോമോ യഃ സുക്ഷിതീനാം
   സർവ്വവസുക്കളും സർവ്വ രയികളും സർവ്വ അറിവും സൌന്ദ ര്യവും അളവുകളും തരുന്ന ഈ സോമനെ ഹൃദയത്തിൽ ദർശിക്കുന്നു. കേൾക്കുന്നു.

6. ത്വം ഹ്യാം ഗദൈവ്യം പവമാന ജനിമാനി ദ്യുമത്തമഃ അമൃതത്വായ ഘോഷയൻ.
അംഗപ്രത്യംഗം ദൈവ്യമായ(പ്രകാശിക്കുന്ന) പവമാനാ, ദ്യുമ ത്തമാ(പ്രകാശിക്കുന്നവരിൽ വെച്ച് പ്രകാശിക്കുന്നവനേ, ഏറ്റ വും പ്രകാശവാനേ) നീ മാത്രമാണ് ജന്മമൃത്യുകളുടെ പരമ്പര യിൽനിന്ന് അമൃതത്വത്തെ (ജ്ഞാനികൾക്ക്) ഘോഷിച്ചുകൊടു ക്കുന്നത്.
7. ഏഷ സ്യധാരയാ സുതോവ്യാ വാരേഭിഃ പവതേ മദിന്തമഃ ക്രീഡന്നൂർമ്മിരപാമിവ
അമൃതത്വഘോഷത്തിന്റെ ഈ ധാരയാൽ, സർവ്വാവരണവും നീങ്ങി മദിന്തമമായി (ഏറ്റവും വലിയ ആനന്ദലഹരി അനുഭ വിച്ച്) പ്രകാശിക്കുന്ന മനസ്സ് (ആ ജ്ഞാനക്രിയകളാൽ) സംസാ രസാഗരത്തിൽ (ജലത്തിൽ) തിരകളെപ്പോലെ ക്രീഡിക്കുക (കളി ക്കുക, ലീലയാടുക) മാത്രം ചെയ്യുന്നു.
8. യ ഉസ്ത്രിയാ അപി യാ അന്തരശ്മനി നിർഗ്ഗാ അകൃന്തദോജസാ
അഭിവ്രജം തത് നിഷേഗവ്യമശ്വ്യം വർമ്മീവ ധൃഷ്ണവാ രുജഓം വർമ്മീവ ധൃഷ്ണവാ രുജ
അന്തരാത്മാവ് തന്റെ ബലത്താൽ, ഓജസ്സും കർമ്മശേഷിയും ജ്ഞാനവും സൃഷ്ടിച്ചുനൽകുന്നു. ആ ജ്ഞാനകർമ്മേന്ദ്രിയങ്ങളെ എങ്ങും സമൂഹമായി വ്യാപിപ്പിക്കുന്നു (തന്റെ ചുറ്റും) അതിനാൽ വിജയിക്കുന്നു. വർമ്മം (പടച്ചട്ട) അണിഞ്ഞ യോദ്ധാവിനെപ്പോലെ ധിഷണ അണിഞ്ഞ് സർവ്വദുഃഖവും നീക്കുന്നു. ഓം വർമ്മം പോലെ ധിഷണയാല് ദുഃഖം നീക്കുക.

ഭാഷ്യം ഋഷിമാർഃ- 1 ഗൌരിവീതിഃശാക്ത്യ 2 ഊർദ്ധ്വസദ്മാ ആംഗിരസ 3 ഋജിശ്വാൻ ഭരദ്വാജൻ.4 കൃതയശാ ആംഗിരസ 5 ഋണഞ്ചയൻ.6 ശക്തി വാസിഷ്ഠൻ. 7, 8 ഉരുരാംഗിരസഃ ദേവത പവമാന,സോമ. ഛന്ദസ്സ് 1-4 , 6 കുകുഭുഷ്ണിക്ക്, 5 യവമദ്ധ്യാ ഗായത്രി 7,8 കാകുഭ പ്രഗാഥ(കുകുഭുഷ്ണിക്ക്) 8 സതോബൃ ഹതി. സ്വരം 1-4, 6 ഋഷഭം, 5 ഷഡ്ജം, 7,8 മദ്ധ്യമം.
നിർവ്വാണത്തിന്റെ ആനന്ദമയകോശത്തിലാണ് ഈ ദശകം .അതി നേക്കാൾ വലിയ ഒരാനന്ദം ലോകത്തിലില്ല. ആദ്യഭാഗങ്ങളിൽ അന്നമയകോശത്തിന്റെ ആർത്തികളെ തരണം ചെയ്ത യോഗി ഇവിടെ മദ്ധ്യമകോശങ്ങളെ (പ്രാണ,മനോ,വിജ്ഞാനമയകോശം) തരണം ചെയ്ത് ആനന്ദമയകോശത്തിൽ പരമാനന്ദമനുഭവിക്കുന്നു. നാലാംസൂക്തത്തില് ആംഗിരസഗോത്രക്കാരനായ ഋഷി അച്യുതമായ ആനന്ദലഹരിയെ സഹസ്രധാരയായി ഒഴുക്കുന്ന ഋഷഭത്തെ(കാള) പറയുന്നു. സപ്തമാതൃകകളും പൂഞ്ഞക്കാളയും സൈന്ധവസംസ്കൃതികാലത്തെ ഉണ്ട്.
ദ്രാവിഡസംസ്കാരമുദ്രകളാണവ. ഈ പുരാതനവേദത്തിൽ ഈ

ദ്രാവിഡസംസ്കാരമുദ്രകളും ആവർത്തിച്ചാവർത്തിച്ച് വരുന്നു. ഇടവം രാശിയിൽ സൂര്യന് നിൽക്കുമ്പോളുള്ള ദ്രാവിഡകാർഷിക കേരളത്തിലെ മഴക്കാലം ഓർക്കേണ്ടതാണ്.
വിശ്വം ഭ്രമണം ചെയ്യുന്നു എന്ന ജ്ഞാനവും ഈ സൂക്തങ്ങളിലുണ്ട്.ജ്ഞാനി ഉൾക്കണ്ണില് പരമസാത്വികപ്രകാശധാരയിലാണ് ദൈവികശബ്ദം അമൃതത്വത്തെ ഉദ്ഘോഷിച്ച് മുഴങ്ങുന്നത് കേൾക്കുന്നത്. ദർശിക്കുന്നതും. അപ്രകാരം സമാധിയിൽ ദർശനവും ശ്രുതിയും നേടിയ മനസ്സ് സംസാരജലോപരി ക്രീഡിക്കുകയല്ലാതെ , അതിൽ മുങ്ങിച്ചാവുകയില്ല. ഈ ലീലാവിലാസമാണ് അവതാരങ്ങളായ ഋഷിമാരുടെ കൃഷ്ണലീല. ശരീരത്തിനും മനസ്സിനും ബുദ്ധിക്കും ജ്ഞാനകർമ്മങ്ങൾക്കുള്ള ഓജസ്സ് തരുന്നത് ആത്മശക്തിയാണ്. ആത്മാവ് പ്രകാശിക്കുന്ന ധിഷണ, ബലമുള്ള നിയന്ത്രിതങ്ങളായ ഇന്ദ്രിയങ്ങളുടെ പടച്ചട്ടയണിഞ്ഞ് സർവ്വപ്രതിബന്ധവും സംസാരദുഃഖവും നീക്കുന്നു. ശർമ്മം, വർമ്മം ഇവകളാൽ ശോഭിക്കുന്ന ജീവാത്മാക്കളാണ് ശർമ്മ,വർമ്മ എന്ന് ചേർത്തുവിളിക്കുന്ന മൂഷകവംശത്തിലെ വല്ലഭന്മാർ. സകലകലാവല്ലഭരായ ഈ വല്ലഭവംശം അഥവാ വല്ലവീവംശ(വലഭി)ത്തിന്റെ വംശി(മുരളി)യാണ് കൃഷ്ണപരമാത്മാവും ഘോഷിച്ച് ക്രീഡിച്ചത്. അഭിവ്രജം എന്ന അവസാനവരിയിലെ വല്ലവീവ്രജനാമമുദ്ര കാണുക. ഓം എന്ന പ്രണവമന്ത്രം. വർമ്മമെന്ന നാമം. ധിഷ്ണ അഥവാ ധൃഷ്ണ (ധ, ഇ, ഷ്ണ) . ധ് , ഋ,ഷ്ണ . ധ് എന്നതിനു പകരം ക് എന്നായാൽ കൃഷ്ണമായി. കൃഭൂവാചകം. കാമകലാരൂപമായ ദേവി ശ്രീവിദ്യ. ഋ ഋതം ,ഋഷഭം,ഋഷി,ഋക്ക്. ഷ് വിഷ്ണുവിനെ രണ്ടാം വർണ്ണം .ശ്വാസവും നാദവുമുണ്ട്. ണ നിർവൃതിവാചകം.

വ്, ര, ജം വിരജം , വ്രജം. രുജമെന്ന അവസാനവാക്ക് ഇതിൽനിന്ന് ഉണ്ടായ രജസ്സാണ്.ഇങ്ങനെ വർണ്ണാക്ഷരസംയോഗത്തിന്റെ ഫലമായി , നിരുക്തം 2 പ്രാവശ്യം ആവർത്തിച്ചുപറഞ്ഞ അവസാനവരിയിൽ കാണുക.

ആരണ്യകം കാണ്ഡം

അദ്ധ്യായം 6 പ്രപാഠകം 6 അർഥം 3

ദശകം 1

1. ഇന്ദ്രജ്യേഷ്ഠം ന ആ ഭര ഓജിഷ്ഠം പുപുരിശ്രവഃ
   യദ്വി ധൃക്ഷേമ വജ്രഹസ്ത രോദസി ഉഭേ സുശിപ്രപപ്രാഃ
   ഏറ്റവും ജ്യേഷ്ഠമായ (ആദിമം,ഉത്തമം) ഇന്ദ്രിയാധീശ്വരത്വം ,ഓജസ്സ്, എങ്ങും ശ്രുതികേട്ട ജ്ഞാനസമ്പത്ത്, എന്നിവ ഞങ്ങ

ൾക്ക് തരിക. ഏതൊരു ബലിഷ്ഠഹസ്തങ്ങളിൽ ക്ഷേമവും വജ്രവും ധരിക്കുന്നുവോ, അതിനാൽ രണ്ടുലോകത്തിലും (ഇഹപര) ഞങ്ങൾ കാംക്ഷിക്കുന്ന സുശിക്ഷിതമായ ജ്ഞാനാനന്ദങ്ങൾ തരിക.

2. ഇന്ദ്രോ രാജാ ജഗതശ്ചർഷണീനാമധിക്ഷമാ വിശ്വരൂപം യദസ്യ തതോ ദദാതി ദാശുഷേ വസൂനി ചോദദ്രാധ ഉപസ്തുതം ചിദർവാക്
ജഗത്തിന്റെ മുഴുവനും രാജാവാണ് ഇന്ദ്രൻ. അവന്റെ വിശ്വരൂപം സർവ്വത്തേയും അറിഞ്ഞ് ആകർഷിക്കുന്നു. ക്ഷമാപൂർവ്വം നിലനിർത്തുന്നു. സർവ്വവസുക്കളും (രത്നം)സജ്ജനങ്ങൾക്ക് നൽകുന്നു. വാക്ക്,ഐശ്വര്യം, ചൈതന്യം മുതലായ (സർവ്വർക്കും പ്രിയമായ) ധനങ്ങൾ സ്തുതിക്കപ്പെട്ട് നൽകുന്നു.
3. യസ്യേദമാ രജോയുജസ്തുജേ ജനേ വനം സ്വഃ
ഇന്ദ്രസ്യ രന്തം ബൃഹത്
സ്തുതിക്കുന്നവർക്കെല്ലാം ആയുസ്സും ആനന്ദവും കർമ്മശേഷിയും തരുന്ന ഇന്ദ്രന്റെ വിഭൂതി ബൃഹത്താണ്,അളവറ്റതാണ്.
4. ഉദുത്തമം വരുണപാശമസ്മ ദവാധമം വി മദ്ധ്യമം ശ്രഥായ
അഥാദിത്യ വ്രതേ വയം തവാനാഗസോ അദിതയേ സ്യാമ
വരുണാ, ഞങ്ങളുടെ ഉത്തമവും മദ്ധ്യമവും അധമവുമായ പാശങ്ങൾ ഛേദിച്ചുതരിക. ആദിത്യവ്രതം അനുഷ്ഠിക്കുന്ന ഞങ്ങൾ നിന്റെ സഹായത്തോടെ പൂർണ്ണമായ പ്രകാശാവസ്ഥ (അദിതി എന്ന അവസ്ഥ. സർവ്വ പ്രകാശങ്ങൾക്കും യോനി അഥവാ അമ്മയായ അദ്വൈതാവസ്ഥ) പ്രാപിക്കട്ടെ.
5. ത്വയാ വയം പവമാനേന സോമഭരേ കൃതം വിചിനുയാമ ശശ്വത
തന്നോ മിത്രോ വരുണോ മാമഹന്താമദിതിഃസിന്ധുഃ പൃഥിവീ ഉതദ്യൌ
പവമാനനായ സോമാ, നിന്റെ സഹായത്താൽ ശശ്വതമായ കൃതം (കൃതയുഗാവസ്ഥ. ധർമ്മത്തിന് 4 പാദമുള്ള കർമ്മത്തിന്റെ ശാശ്വതമായ സിദ്ധി) പ്രാപിക്കട്ടെ. മിത്രാ, വരുണാ, സിന്ധുക്കളോടുചേർന്ന പൃഥിവിയെ ദ്യോവിനോട് ഒന്നാക്കുന്ന അദ്വൈതത്തിന്റെ (അദിതി) മഹത്തായ അമ്മ(യോനി)യെ അറിയട്ടെ. (ജ്ഞാനമാതാവ്, വിദ്യയെ)
6. ഇമം വൃഷണം കൃണുതൈകമിന്മാം
സർവ്വകാമങ്ങളും സാധിക്കുന്നവനായി ഞാനെന്ന വൃഷ്ണിയെ മാറ്റുക.
7. സ ന ഇന്ദ്രായ യജ്യവേ വരുണായ മരുദ്ഭ്യഃ വരിവോവിദ് പരിസ്രവ
ആ ഇന്ദ്രന്നായി യജിക്കുന്നു. വരുണനും മരുത്തുക്കൾക്കുമായി യജിക്കുന്നു. ഞങ്ങൾക്കായി സ്രവിച്ച് വിവൃതമാവുക. (അനാവൃതം. അഭിവ്യക്തം)

8. ഏനാ വിശ്വാന്യര്യ ആ ദ്യുമ്നാനി മാനുഷാണാം
സിഷാൻസതോ വനാമഹേ
സർവ്വവിശ്വത്തിനും പതി (അര്യ, ആര്യ)യായവനേ,
മനുഷ്യർക്കായി സർവ്വ പ്രകാശവും തരിക. ഞങ്ങൾ
എല്ലാവർക്കുമായിട്ടാണ് പ്രകാശം പ്രാർത്ഥിക്കുന്നത്.
9. അഹമസ്മിപ്രഥമജാ ഋതസ്യ പൂർവ്വദേവേഭ്യോ അമൃതസ്യനാമ
യോ മാദദാതി സ ഇദേവമാവദഹമന്നമന്നമദന്തമത്മി
ഈ ഞാൻ(അഹം)പ്രഥമജമാണ്. (ആദിപുരുഷൻ) ഋതങ്ങൾക്കും
(പ്രപഞ്ചശക്തിനിയമങ്ങൾക്കു മുമ്പ്) മുമ്പ് ജനിച്ച
പ്രകാശമാണ്. (ദേവ) എന്റെ നാമം അമൃതമെന്നാണ്.
ഏതൊരാൾ എന്റെ ഈ ജ്ഞാനം മറ്റുള്ളവർക്ക്
പകരുന്നുവോ അവൻ(ൾ) ലോക ബന്ധുവായ
പ്രകാസദേവനാണ് (ദേവിയാണ്). അഹം അന്നം അന്നം അദം
അന്തം അത്മി . ഞാൻ അന്നമാണ്, അന്നമാണ്, ആദ്യവും
അന്തവും ഞാനാണ്. ആത്മാവാണ്.

ഭാഷ്യം ഋഷിമാർഃ-1 ഭരദ്വാജന് 2 വസിഷ്ഠന് 3, 6 വാമദേവൻ.
4 ശുനഃശേഫന് 5 ഗൃത്സമദൻ. 7,8 അമഹീയു 9 ആത്മാ.
ദേവത 1-3 ഇന്ദ്രൻ. 4 വരുണൻ, 5,7,8 പവമാനഃസോമഃ 6
വിശ്വേദേവാ. 9 അന്നം . ഛന്ദസ്സ് 1 ബൃഹതി, 2,4,5,9 ത്രിഷ്ഠുപ്പ്
3,7,8 ഗായത്രി 6 ഏകപദാ ത്രിഷ്ഠുപ്പ് സ്വരം 1 മദ്ധ്യമം 2,4,6,9
ധൈവതം. 3,7,8 ഷഡ്ജം

ഒന്നാം സൂക്തത്തിൽ ബലിഷ്ഠഹസ്തങ്ങളില് ക്ഷേമ,വജ്രങ്ങൾ വഹിക്കുന്നതായി പറയുന്നു. ഇതിലെ വജ്രം യോഗമാണ്. യോഗക്ഷേമം വഹാമ്യഹം എന്ന് ഗീത പരാമർശിക്കുന്നത് ഈ വജ്രത്തെയാണ്. വജ്രംപോലെ,ഇടിമിന്നല്പോലെ സംസാരബന്ധങ്ങളിൽനിന്നും ഭൌതികതയിൽനിന്നും ഛേദിച്ച് ബന്ധനം വിടർത്തുന്നു യോഗം. ബുദ്ധമതക്കാര് വജ്രഛേദികാസൂത്രത്തില് പരാമർശിക്കുന്നതും വൈദികമായ ഈ യോഗചര്യ തന്നെയാണ്. രണ്ടാം സൂക്തത്തിൽ ഭഗവാന്റെ വിശ്വരൂപം ആകർഷണശക്തി കൊണ്ട് ക്ഷമാപൂർവ്വം അനാദികാലമായി സർവ്വ നന്മകളും ഐശ്വര്യവും സർവ്വർക്കുമായി നിലനിർത്തുന്നതായി പറയുന്നു. ഇത് ഭഗവദ്ഗീതയിലും പറയപ്പെടുന്നു. നാലാം സൂക്തത്തിലെ ആദിത്യവ്രതം സൂര്യാരാധനയാണ്. ഗായത്രി ജപിച്ച് സൂര്യനെ സന്ധ്യകളിൽ ആരാധിക്കുന്ന രീതി. സൂര്യപ്രകാശത്തിനും യോനിയായ പരമപ്രകാശത്തെ സൂര്യദ്വാരത്തിലൂടെ അറിയാനാണ് ഈ രീതി. ഇതുകൊണ്ട് പൂർണ്ണജ്ഞാനപ്രകാസമായ അദ്വൈതം എന്ന അവസ്ഥയാണ് ഇനി നേടുന്നതും നേടേണ്ടതും.(അതു നേടാതെ വെറുതെ അർത്ഥമറിയാതെ ആചരിച്ചിട്ട് കാര്യമില്ല) വിശ്വാമിത്രപുത്രനായ സുനഃശേഫനാണ് ഈ സൂക്തത്തിന്റെ ഋഷി. വിശ്വാമിത്രൻ ഗായത്രിയുടെ മന്ത്രദ്രഷ്ടാവാണ്. അതിനാൽത്തന്നെ

വിശ്വാമിത്രശിഷ്യന്റെ ഈ സൂര്യവ്രതവും ശ്രദ്ധേയമാണ്. അഞ്ചാം സൂക്തത്തിൽ ഗൃത്സമദനും അദ്വൈതാവസ്ഥ ആഗ്രഹിക്കുന്നു. എട്ടാം സൂക്തത്തിൽ അമഹീയു എന്ന ഋഷി തങ്ങളുടെ ഉപാസന സർവ്വർക്കും ജ്ഞാനപ്രകാശം ലഭിക്കാനാണെന്ന് പറയുന്നുണ്ട്. ഇപ്രകാരം ഇന്ത്യയുടെ തത്വശാസ്ത്രവും അതു പകർന്നു തന്ന ഋഷിമാരുടെ ഉദ്ദേശശുദ്ധിയും ഓരോ സൂക്തത്തിലും കാണാം. പുരാണപ്രസിദ്ധമായ കഥകൾ, അവയിലെ വംശവൃക്ഷങ്ങൾ എന്നിവയോടു ചേർത്തുവെച്ച് ഈ വേദസൂക്തങ്ങള് അർത്ഥമറിഞ്ഞു പഠിച്ചാല് ഇന്ത്യയിലെ മനുഷ്യവംശത്തിന്റെ മുഴുവനും ചരിത്രവും ചിന്തയും വാക്കും കർമ്മവും നമ്മുടെ ഉൾക്കണ്ണിനുമുമ്പില് ചുരുളഴിയും. ഒമ്പതാം സൂക്തത്തിന്റെ ഋഷി ഏതെങ്കിലും ഒരു വ്യക്തിയല്ല. ആത്മാ തന്നെയാണ്. അഹം ബ്രഹ്മാസ്മി എന്ന് ആദ്യം പറഞ്ഞ ബ്രഹ്മം(പരമാത്മാവ്) മുതൽ ആ പ്രകാശം ലഭിക്കുന്ന ഓരോ അഹവും (ജീവാത്മാവ്) ഈ പരമസത്യത്തിന്റെ നിർവൃതിയില് അഹമന്നമന്നമന്നമദം എന്ന് താനം പാടുന്നു. (സുധാസിന്ധു ഉപനിഷദ് വ്യാഖ്യാനം കാണുക) ഈ സൂക്തത്തിന്റെ ദേവത അന്നം തന്നെ. അന്നം ഭക്ഷണം. അന്നം ഹംസം. ഭക്ഷണമാണ് അന്നരൂപിയായ ,ഹംസരൂപിയായ പ്രാണനെ തരുന്നതും പ്രാണവായുസഞ്ചാരത്താല് വാക്ക് (ഭാഷ, സംഗീതം)തരുന്നതും. ആ പ്രാണമനോവിജ്ഞാനാനന്ദമയകോശത്തോടുകൂടിയ ആത്മാവിന്റെ അന്നമയകോശത്തെ (ആവരണം) അതിനാൽ ഋഷി ആദരിക്കുന്നു, നിന്ദിക്കുന്നില്ല. സോഹം എന്ന ഹംസപ്രാണമന്ത്രത്താൽ ഈ ദേവത ആനന്ദിക്കുന്നു. വാഗ്ദേവിയുടെ വാഹനം അന്നമാണ്. സപ്തർഷികള് അന്നങ്ങളായി മാനസസരസ്സിലാണ് , പുറത്തല്ല , ക്രീഡിക്കുന്നത്.

ദശകം 2.

1. ത്വമേതധാരയഃകൃഷ്ണാസു രോഹിണീഷു ച
   പരുഷ്ണീഷു രുശത് പയഃ
   നിന്റെ കൃഷ്ണ, പരുഷ്ണി, രോഹിണി മുതലായ ധാരകളാൽ നീ ഊർജ്ജത്തെ സംരക്ഷിക്കുന്നു. കൃഷ്ണ, രോഹിണി, പരുഷ്ണി (പൃശ്നി) എന്ന 3 ധാരകളാല് (ശരീരത്തലെ ഇഡ,സുഷുമ്ന,പിംഗള) നീ ഈ ഭൂഖണ്ഡത്തിലെ വീര്യവും അന്നവും നിലനിർത്തുന്നു.
2. ആരൂരുച ദുഷസഃ പൃശ്നിരഗ്രി യ ഉക്ഷാ മിമേതി ഭുവനേഷു വാജസു
   മായാവിനോ മമിരേ അസ്യ മായയാ നൃചക്ഷസഃ പിതരോ ഗർഭമാദധുഃ
   ആരൂഢന് (യോഗാരൂഢ)ഏറ്റവും അഗ്രിമമായ ആനന്ദവും ഭുവനത്തിന് വാജവും നൽകുന്ന ഉഷസ്സുകള് പിംഗളമായി (പൃശ്നി)സർവ്വ പ്രാണത്തിലും അഭിവ്യക്തമാകുന്നു. പഞ്ചഭൂ

താത്മകമായ ഈ മായയെ (ശരീരം, പ്രപഞ്ചം) ആ മായാവി (മായക്ക് അതീതം) നിയന്ത്രിച്ച് രക്ഷിച്ച് സദാ വീക്ഷിക്കുന്നു. (കൃഷ്ണ). ഒടുവിൽ ആ പിതൃഗർഭത്തിലേക്ക് അവ ലയിക്കുന്നു.

3. ഇന്ദ്ര ഇദ്ധ്വര്യോഃസച്വാ സമ്മിശ്ല ആ വചോ യുജാ
   ഇന്ദ്രോ വജ്രീ ഹിരണ്യയഃ
   ഈ അദ്ധ്വരത്തിൽ (പ്രപഞ്ചയജ്ഞം) തന്റെ വാക്കിനാൽ സർവ്വത്തേയും ഇന്ദ്രന് യോജിപ്പിച്ച് (യുജാ . യോഗം ചെയ്ത്) നിർത്തുന്നു. (സൂര്യചന്ദ്രന്മാരെ സദാ യോഗം ചെയ്യിക്കുന്നു) ഇന്ദ്രൻ ഹിരണ്മയവും വജ്രിയുമാണ്.
4. ഇന്ദ്ര വാജേഷു നോവ സഹസ്രപ്രധനേഷു ച
   ഉഗ്ര അഗ്രാഭിരൂതിഭിഃ
   ഇന്ദ്രാ ,നിന്റെ വാജത്താലും സംരക്ഷണത്താലും ആയിരമായിരം ദൈനന്ദിനായോധനങ്ങളിലും ഏറ്റവും അഗ്രിമമായ യുദ്ധത്തിലും (ധർമ്മാധർമ്മയുദ്ധം, വിദ്യകൊണ്ട് അവിദ്യയെ ജയിക്കൽ,)ഞങ്ങൾ വിജയിക്കട്ടെ.
5. പ്രഥഞ്ച യസ്യ സപ്രഥശ്ച നാമനുഷ്ഠുഭസ്യ ഹവിഷാ ഹവിര്യത്
   ധാതുർഘൃതാനാം സവിതുശ്ച വിഷ്ണോ
   രഥന്തരമാജഭാരാവസിഷ്ഠഃ
   പ്രഥം,പ്രഥമം എന്ന് രണ്ടു നാമത്തോടുകൂടി വ്യാപിക്കുന്ന അനുഷ്ഠുഭത്തിന്റെ ഹവിസ്സുകളിൽ വെച്ച് ഹവിസ്സായ വാക്ക് ,ഘൃതങ്ങളുടെയെല്ലാം ധാതുവായ സവിതാവ് (സൂര്യൻ) എന്ന വിഷ്ണു (സർവ്വവ്യാപി)വിൽനിന്ന് രഥന്തരമായി വസിഷ്ഠൻ (വാക്കിൽ വെച്ച് വിശിഷ്ടം, വസിഷ്ഠമുനി) ഗ്രഹിച്ചു.
6. നിയുത്വാൻ വായവാഗഹ്യം ശുക്രോ അയായി തേ
   ഗന്താസി സുൻവതോ ഗൃഹം
   വായൂ, നിന്നെ ഈ ശുക്രനിലേക്ക് (പവിത്രമായ സാത്വികമായ വെണ്മയുള്ള മനസ്സ്) പോകാൻ ഞാന് നിയോഗിച്ചിരിക്കുന്നു. ആ ഗുഹ(ഹൃദയഗുഹ)യിലിരുന്ന് ശ്രവിപ്പിച്ചാലും.
7. യജ്ജായഥാ അപൂർവ്വ്യ മഘവന് വൃത്രഹത്യായ
   തത് പൃഥിവീമപ്രഥയസ്തദസ്തഭ്നാ ഉതോദിവം
   മഘവാനേ, നീ വൃത്രഹത്യക്കായി (ഈ ഹൃദയത്തിൽ) അപൂർവ്വമായി (മുമ്പില്ലാത്ത വിധം) ജനിച്ചു (അവതരിച്ചു). നീ ഈ പൃഥിവിയെ സർവ്വവിധ പൃഥകളോടും നിറച്ചു. (ഐശ്വര്യം) സർവ്വപ്രപഞ്ചങ്ങളും അടങ്ങിയ ദിവം (കാലദേശാത്മകമായ ആകാശം) എന്നും അനാദിയായി സ്തംഭം (സ്തബ്ധം)പോലെ ഉയർത്തിനിർത്തി പരിപാലിക്കുന്നു.

ഭാഷ്യം ഋഷി 1 ശ്രുതകക്ഷൻ. 2 പവിത്രൻ. 3, 4 മധുഛന്ദാ വൈശ്വാമിത്ര. 5 പ്രഥ 6 ഗൃത്സമദൻ. 7 നൃമേധ,പുരുമേധന്മാർ. ദേവത 1,3,4,7 ഇന്ദ്ര, പവമാന 5 വിശ്വേദേവ 6 വായു ഛന്ദസ്സ് 1,3,4,6 ഗായത്രി. 2 ജഗതി 5 ത്രിഷ്ഠുപ്പ് 7 അനുഷ്ഠുപ്പ് സ്വരം 1,3,4,6 ഷഡ്ജം 2 നിഷാദം 5 ധൈവതം 7 ഗാന്ധാരം സാമവേദത്തിന്റെ പൂർവ്വാർച്ചിക സ ഉസ്ത്രിയാ എന്ന് അവസാനിപ്പിക്കുന്ന പവമാനകാണ്ഡത്തോടെ തീരുന്നു എന്നും . ആരണ്യകാണ്ഡത്തിലെ 55 സൂക്തം ആറാം പ്രപാഠകമാണ്, പൂർവ്വാർച്ചികയുടെ ഭാഗമല്ല എന്നും ചിന്താഗതി പല പണ്ഡിത രും പ്രകടിപ്പിച്ചിട്ടുണ്ട്. ചിലരിതിനെ പൂർവ്വാർച്ചികയുടെ ഭാഗമാ യിത്തന്നെ എടുക്കുന്നു. ദേവീചന്ദ് ആരണ്യകാണ്ഡത്തെ ആറാം പ്രപാഠകത്തിന്റെ മൂന്നാം അർഥപ്രപാഠകമായി എടുക്കുന്നു. ആചാര്യ നരേന്ദ്രപ്രസാദ് പൂർവ്വാർച്ചികയിൽത്തന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

സമത്വമാണ് യോഗം. അദ്വൈതാനുഭവമാണ് യോഗക്ഷേമങ്ങൾക്കു നിദാനം. സ്വാർത്ഥം ഉപേക്ഷിക്കാനും സർവ്വഭൂതഹിതത്തിനായി സമത്വസന്ദേശം സർവ്വരിലും എത്തിക്കുവാനുമാണ് യോഗനിഷ്ഠ, ജ്ഞാനാർജ്ജനം (അദ്ധ്യയനം) അദ്ധ്യാപനം എന്നീ കർമ്മങ്ങൾ. ഈ സന്ദേശമാണ് സാമവേദം തരുന്നത്. ഭൂമിയിലെ അന്നം നിലനിർത്തല് വീര്യം നിലനിർത്തലും (എനർജി സംരക്ഷണം) കൂടിയാണ്. പ്രകൃതിസംരക്ഷണമാണ്. അത് നന്നായി അറിഞ്ഞു കൊണ്ടുതന്നെയാണ് ഋഷിമാർ പ്രകൃതിശക്തികളെ ഉപാസിച്ചത്.

ആദ്യസൂക്തത്തിലെ കൃഷ്ണ,രോഹിണി,പരുഷ്ണിഃ- ഇന്ത്യയുടെ ദക്ഷിണ,പൂർവ്വ,ഉത്തരദിക്കുകളിലെ മൂന്നു പ്രധാന നദികളാണ്. കൃഷ്ണ എന്ന കറുത്തവൾ തെക്ക് ദക്ഷിണേന്ത്യയിൽ. രോഹിണി എന്ന ചുവന്നവൾ (ശോണ) പൂർവ്വോത്തരദിശയിൽ. പരുഷ്ണി (പൃശ്നി) എന്ന മഞ്ഞ(പിംഗള)നദി അഥവാ വെളുത്ത ജലധാര പശ്ചിമോത്തരദിശയിൽ. ഇവരെ ത്രികോണാകൃതിയിൽ വരക്കാം.



ജ്ഞാനി ഈ മൂന്നു ജലധാരകൾക്കിടയിലായി ജനിക്കുന്നു.

മറഞ്ഞിരിക്കുന്ന (അവ്യക്തം, മേരുദണ്ഡത്തിനകത്ത്) സുഷുമ്നയാണ് കൃഷ്ണ. പരുഷ്ണി,ശോണകളാണ് പിംഗളയും ഇഡയും. ഭൂഖണ്ഡശരീരത്തിലും ജൈവശരീരത്തിലും (ആധിഭൌതികം, അദ്ധ്യാത്മം) അന്നവും ജലവും വീര്യവുമായി പ്രവഹിക്കുന്നത് ആധിദൈവതമായ സൂര്യനാഡിയിലെ ഊർജ്ജമാണ്. സൌരയൂഥത്തിൽ പിംഗള,കൃഷ്ണ,ശോണസ്ഥാനം പകല്,രാത്രി, സന്ധ്യകൾക്കാണ്. അവരുടെ നാഥന്മാരായ സൂര്യ,ചന്ദ്ര,അരുണ(ഗായത്രി)ന്മാർക്കുമാണ്.സിരകൾ കൃഷ്ണനീലയും ധമനികള് ശോണയും മധു നാഡികൾ (NERVES)സ്വർണ്ണപിംഗളശ്വേതകളുമാണ്. മധു നാഡികൾ ഹിരണ്മയമായ സൂര്യോർജ്ജം , ധമനികൾ അരുണാഭമായ സന്ധ്യ, സിരകൾ അതിനും അപ്പുറമുള്ള കൃഷ്ണതാരോപലക്ഷിതമായതെന്ന് ഉപനിഷത്തുകള് വിളിച്ച് സർവ്വാതീതവും സർവ്വവും വിലയിക്കുന്നതുമായ സ്ഥാനം. ഈ മൂന്നു ധാരകളേയും നാനാർത്ഥത്തില് ശ്രുതകക്ഷന് ആദ്യസൂക്തത്തില് പാടുന്നു. ഇതിന്റെ ഒരു തുടർച്ചയാണ് രണ്ടാമത്തെ പവമാനസൂക്തം (പവിത്രന്റെ). മായക്ക് അതീതമായ മായാവി, പൃശ്നിയായി (പൃശ്നീപുത്രനായ ഓജസ്സ്) സർവ്വപ്രാണനിലും അവതരിക്കുന്നു. ക്രമം മുകളില് കാണുക.,

സർവ്വഓജസ്സും പിതൃഗർഭത്തില് (ഓജയോനിയായ കൃഷ്ണം) ലയിക്കുന്നു. വീണ്ടും പ്രഭവിക്കുന്നു. ഊർജ്ജത്തിന്റെ ആവർത്തനഭ്രമണാത്മകമായ സ്ഥിതിചക്രമാണ് ഇവിടെ വർണ്ണ്യം. ഹിരണ്മയമായി, വജ്രം പോലെ കാന്തശക്തിയോടെ മൂലാധാരം മുതൽ സഹസ്രാരം വരെയും, സുവർലോകം തൊട്ട് ഭൂലോകം വരെയും വ്യാപിച്ചിരിക്കുന്ന ഇന്ദ്രിയാധീശ്വരനാണ് മനുഷ്യരിലെ ഇന്ദ്രൻ. അപ്രകാരം 99 യാഗം (വർഷം) ഇന്ദ്രിയാധീശ്വരത്വത്തോടെ നടത്തിയ ദധ്യാചിയുടെ മേരുദണ്ഡത്തിനകത്താണ് സുഷുമ്നയുടെ ഏറ്റവും ശക്തമായ വജ്ര(യോഗ)സ്ഥാനം . ഹിരണ്മയവും

വജ്രവുമായ ആ യോഗിയുടെ ധിഷണയാണ് ഛിന്നഭിന്നമായി അനിയന്ത്രിതമായി കലഹിക്കുന്ന മനുഷ്യരാശിക്കും ജീവരാശിക്കും ഇന്ദ്രിയമോഹങ്ങൾക്കും സർവ്വത്തിനും ഒരേ ഒരു അദ്വൈത മൂലമന്ത്രം. ദ്വൈതങ്ങളെ ഹനിക്കുന്ന യോഗശക്തി. അതുകൊണ്ട് എന്തു നേടുന്നു .

ആയിരം പ്രശ്നങ്ങളെന്നാൽ ആയിരം ഭൌതികസുഖങ്ങളും ആഢംബരവസ്തുക്കളും നേടാനായി മനുഷ്യൻ നടത്തുന്ന ദൈനന്ദിനജീവിതായോധനത്തിലെ പ്രശ്നം. അവയെ വിജയിക്കാൻ യോഗബലം സഹായിക്കും. പക്,േ, അവക്കെല്ലാം അതീതവും അഗ്രിമവും അതിപ്രധാനവുമാണ് നന്മയും തിന്മയും ധർമ്മവും അധർമ്മവും തമ്മിലുള്ള ആന്തരയുദ്ധത്തിലെ വിജയം. അജ്ഞാന(അവിദ്യാ)തിമിരത്തെ ജ്ഞാനശലാകയാൽ ജയിക്കണം. അധർമ്മം തല പൊക്കുമ്പോളൊക്കെ അതിനെ അടിച്ചമർത്തി ധർമ്മ സംരക്ഷണത്തിന് ഒരു കൃഷ്ണാവതാരവാക്യം വരണം. നാലാം സൂക്തത്തില് വിശ്വാമിത്രപുത്രന് മധുഛന്ദസ്സ് അതിന്റെ ഊർജ്ജവും സംരക്ഷണവുമാണ് സർവ്വലോകത്തിനുമായി പ്രാർത്ഥിക്കുന്നത്. അഞ്ചാം സൂക്തം പ്രഥന്റേതാണ്. ദേവത പവമാനൻ. ഈ സൂക്തം വിഷ്ണു , രഥന്തരം എന്ന രണ്ടു പദങ്ങൾ ഉപയോഗിക്കുന്നു. വസിഷ്ഠമായ വാക്ക് (വാഗ്ദേവത) വസിഷ്ഠന് രഥന്തര രൂപത്തിൽ സവിതാവായ വിഷ്ണുവിൽനി ന്നാണ് ലഭിച്ചതെന്ന് പറയുന്നു. രഥന്തരസാമം സാമവേദത്തിന്റെ പ്രധാനഭാഗങ്ങളിലൊന്നാണ്, ദേവിതന്നെയാണ്. Without a stumble-A book on the spirituality of Music എന്ന എന്റെ ഗ്രന്ഥത്തിൽ Vedic Music എന്ന അദ്ധ്യായത്തിൽ ബൃഹത്സാമം ,രഥന്തരസാമം ഇവയെക്കുറിച്ച് വിശദമായി പരാമർശിച്ചിട്ടുണ്ട്. ഇഡപിംഗളകൾ ഉത്തരായന,ദക്ഷിണായനങ്ങളും (സൂര്യൻ ക്രമത്തില് ഉത്രാടം, പുണർതം നക്ഷത്രങ്ങളിൽ) സുഷുമ്ന വിഷുവവും (സൂര്യൻ അശ്വതി, സ്വാതി എന്നീ നക്ഷത്രങ്ങളിൽ) ആയി 5 ഡിഗ്രിവീതം 72 മേളകർത്താരാഗ വിന്യാസം അവിടെ പറഞ്ഞു. 36 വീതം ഇരുവശവും ആകെ 72 രാഗം. 12 എണ്ണം തെക്ക്, 12 വടക്ക്, 12 എണ്ണം പടിഞ്ഞാറ് വീതം 36 ഇഷ്ടക വെച്ച് അഗ്നിടയനത്തില് ബൃഹതിക്ക് 36 അക്ഷരത്തിന് 36 ഇഷ്ടക വെക്കും. (യജ്ഞം) നേരെ വിപരീത ഭാഗത്ത് 36 ഇഷ്ടക കൂടി വെച്ച് 72 ഇഷ്ടകയില് (24 നെ 3 കൊണ്ട് ഗുണിച്ച്) അഥവാ 3 ഗായത്രി അക്ഷരത്തില് (36 നെ 2 കൊണ്ട് ഗുണിച്ച്) 2 ബൃഹതിയെ ഉൾക്കൊള്ളിക്കയാണ് ചെയ്യുക. 36 പൂർവ്വമേളവും 36 ഉത്തരമേളവും ചേർന്ന 72 മേളകർത്താ ഈ യജ്ഞത്തെ പ്രതിനിധീകരിക്കുന്നു. 36 ശക്തിതത്വമാണ് 36 മേള. ദ്വാദശാഹയജ്ഞത്തെ 36 ദിനത്തെ യജ്ഞമെന്ന് പറയാറുണ്ട്. 12 ദിനം ദീക്ഷ. 12 രാത്രി ഉപസദ് വ്രതം, അടുത്ത 12 ദിനത്തിൽ ദ്വിജനായി പുനർജ്ജനി. ഇപ്രകാരമാണ് 12 അഹ

സ്സിലെ യജ്ഞം 36 അഹസ്സിലെ യജ്ഞതുല്യമായിത്തീരുന്നത്. ദ്വാദശാഹം ബൃഹതിയുടെ പദ്ധതിയാണ്. പ്രഭാതസന്ധ്യയിൽ 8 പ്രാവശ്യം ഗായത്രിക്ക് വേണ്ടി സോമം പിഴിയുന്നു. ഗായത്രിയെ അപ്പോൾ ഉപാസിക്കുന്നത് സുവർണ്ണവർണ്ണമായ ചിറകുള്ള ശ്യേന സുപർണ്ണമായിട്ടാണ്. സുപർണ്ണന് യജ്ഞത്തെ സുവർലോകത്തേക്ക് നയിക്കുന്നു. (വിഷ്ണുവാഹനം). 8 അക്ഷരമുള്ളള 3 പാദത്തില് അഷ്ടാക്ഷരി (ഒക്ടേവ്) , 8 വസുക്കൾ, 8 ലക്ഷ്മിമാർ, അഷ്ടവാഗ്ദേവി എല്ലാം അടങ്ങിയിരിക്കയാൽ ഇഹപരസുഖം തരുന്നു ഗായത്രി. ഛന്ദസ്സുകൾ അഗദ്നിയുടെ വസ്ത്രങ്ങള് അഥവാ ആവരണങ്ങളാണ്. (ഛന്ദാംസി വാ അഗ്നൈ വാസാ) അഗ്നിക്ക് പ്രിയങ്കരങ്ങളാണ് . ഗായത്രി അഗ്നിയാണ്, വാക്ക് ഗായത്രിയാണ് (ഗായത്രോ വാ അഗ്നി ഗായസ്ഛന്ദഃ വാഗ് വാണി ഗായത്രി) വിഷ്ണു ഛന്ദസ്സുകളിൽ ഞാന് ഗായത്രിയാണെന്നും വേദങ്ങളില് ഞാൻ സാമവേദമാണെന്നും പറഞ്ഞിട്ടുണ്ട് (ഗീത).രഥന്തരസാമം മഹാലക്ഷ്മിയാണ്, ശക്തിയാണ്.



ബൃഹത്(വിഷ്ണു)



പ്രഥം,പ്രഥമയോടു ചേർന്നത് എന്ന് അർദ്ധനാരീശ്വരമായ ഈ വാക്കിനെയാണ് സവിതാവായ സൂര്യനാരായണനിൽനിന്ന് (വിഷ്ണു)സൂര്യവംശകുലഗുരുവായ വസിഷ്ഠനി ലഭിച്ചതെന്ന് വസിഷ്ഠപുത്രനായ പ്രഥൻ എന്ന ശക്തി അഞ്ചാം സൂക്തത്തില് പറയുന്നു. ശിവശക്തിരൂപവും ബ്രാഹ്മിലിപിയിൽ കകാരവും കാമബീജവും (ത്രിപുരസുന്ദരി) ആയ താന്ത്രികശ്രീവിദ്യാരാധനയും

സരസ്വതിയും വിഷ്ണുവും അദ്വയമെന്ന സന്ദേശവും ഈ സൂക്തത്തിലുണ്ട്. വായു അഥവാ പ്രാണനാണ് ജീവികളുടെ ഹൃദയഗുഹയിലിരുന്നും (ഹൃദാകാശം) പ്രപഞ്ചത്തിന്റെ ചിദാകാശത്തിലിരുന്നും പ്രണവം ഉച്ചരിപ്പിക്കയും പ്രണവം ശ്രവിപ്പിക്കയും ചെയ്യുന്ന മൊഴിപ്പൊരുൾദൈവമായ ശക്തിപുത്രൻ ഗുഹൻ. (ഗുഹാവാസിയായ ആദിമവംശം. വിഷ്ണുവിന്റെ മരുമകന്). പ്രഥ ഐശ്വര്യം. സപ്രശം ലക്ഷ്മിയോടു ചേർന്ന വിഷ്ണു. ശക്തിയോടു ചേർന്ന ശിവം, വാക്കോടു ചേർന്ന ബ്രഹ്മാ. അപൂർവ്വമായ ഈ അവതാരത്തെ അദ്വയമായി അറിഞ്ഞ് കൃഷ്ണം, രൌഹിണം, സുവർണ്ണമെന്ന് 3 ബിന്ദുരൂപ ത്തിൽ ,നാദബിന്ദുരൂപത്തിൽ ശ്രീവിദ്യാതന്ത്രം ഉപാസിക്കുന്നു. അതീവസൂക്ഷ്മം ,സൂക്ഷ്മം, സൂക്ഷ്മസ്ഥൂലം, സ്തൂലം എന്ന് ക്രമത്തിൽ ഉള്ള സൃഷ്ടി,സ്ഥിതി,സംഹാരചക്രത്തെ ഗ്രഹിപ്പിക്കാൻ വേണ്ടി മാത്രമാണ് ഇപ്രകാരമുള്ള അദ്ധ്യയന.അദ്ധ്യാപനരീതികൾ അഥവാ ശ്രീവിദ്യാ(ഭ്യാസ)രീതി.

Filename: സാമവേദംമലയാളംഭാഷ്യം 1.docx
Directory: C:\Users\user\Documents
Template: C:\Users\user\AppData\Roaming\Microsoft\Templates\Normal.dotm
Title:
Subject:
Author: SRI
Keywords:
Comments:
Creation Date: 12/24/2018 9:56:00 AM
Change Number: 182
Last Saved On: 3/26/2019 6:27:00 AM
Last Saved By: user
Total Editing Time: 3,570 Minutes
Last Printed On: 3/26/2019 6:27:00 AM
As of Last Complete Printing
Number of Pages: 170
Number of Words: 54,831 (approx.)
Number of Characters: 312,538 (approx.)